ശിവപുരി ബാബ



ശിവപുരി ബാബ

ജെ.ജി. ബെന്നറ്റ്

ഠാക്കൂർലാൽ മനന്ധർ

വിവർത്തകൻ

നരസിംഹൻ ചെമ്മങ്ങാട്

കുരുക്ഷേത്ര പ്രകാശൻ

ശിവപുരി ബാബ

SIVAPURI BABA

by J.G. Bennet

Thakurlal Manandhar

Translation

Narasimhan Chemmangad

Published by

Kurukshethra Prakasan Pvt Ltd.,

Convent Road, Ernakulam - 682 035

Printed at

Vimala printers, Ernakulam

Typesetting

Kurukshethra Graphics

Published on

1175 Chingam 17 Sreekrishna Jayanthi (Yugabdom 5101)

Price: Rs. 55.00

Reg No. 09-06822/92 T.N. 133 P.130/1000



ഉള്ളടക്കം

ആമുഖം - ജെ.ജി. ബെന്നറ്റ് - 7

മുഖവുര - അക്കിത്തം - 15

വിവർത്തനത്തെപ്പറ്റി - നരസിംഹൻ ചെമ്മങ്ങാട് - 17

1. ആ അന്വേഷണം - 19
2. സിദ്ധാന്തങ്ങളും അവതരണരീതിയും - 42
3. പരിശുദ്ധ ജീവിതം - 65
4. മൂന്ന് അദ്ധ്യയനവിഷയങ്ങൾ - 89
5. പഴയ സിദ്ധാന്തങ്ങളിൽ പുതുവെളിച്ചം - 122
6. സംശയനിവാരണം - 148

ആമുഖം

മഹേന്ദ്രരാജാവിന്റെ പട്ടാഭിഷേകത്തിന്, യശസ്സാർന്ന തത്വജ്ഞാനിയും ഇന്ത്യയുടെ പ്രിയപ്പെട്ട പ്രസിഡണ്ടുമായ ഡോ. സർവപള്ളി രാധാകൃഷ്ണൻ 1956ലെ മധുമാസകാലത്തു നേപ്പാൾ സന്ദർശിച്ചപ്പോൾ പ്രത്യേകമായൊരുക്കിയ രാജകീയ അതിഥി മന്ദിരത്തിലേയ്ക്കായിരുന്നു നേരെ പോകേണ്ടിയിരുന്നത്. എന്നാൽ വിമാനമിറങ്ങിയ ഉടനെ തന്നെ അദ്ദേഹം, അക്കാലത്തു നൂറ്റിമുപ്പതു വയസ്സായ ശിവപുരിബാബയുടെ ആശ്രമത്തിലേയ്ക്കു നയിക്കാനാവശ്യപ്പെട്ടു. സാമാന്യ ഉപചാരങ്ങൾക്കുശേഷം താഴെ കൊടുക്കുന്ന സംഭാഷണം നടന്നു:

എസ്.ആർ. : താങ്കളുടെ അദ്ധ്യയന വിഷയമേതാണ്?

ശി.ബാ. : ഞാൻ മൂന്നു സംഹിതകൾ പഠിപ്പിക്കുന്നു- ആദ്ധ്യാത്മികം, സാത്വികം, ഭൗതികം.

എസ്.ആർ. : സമ്പൂർണ്ണ സത്യം ഇത്ര ചുരുങ്ങിയ വാക്കിലോ?

ശി.ബാ. : അതെ.

എസ്.ആർ : (സഹയാത്രികരെ നോക്കി) സമ്പൂർണ്ണ സത്യം ഇത്ര ചുരുങ്ങിയ വാക്കുകളിൽ!

പിന്നീട് ശിവപുരിബാബ ഈ കൂടികാഴ്ച വിവരിച്ചു: "അപ്പോൾ അദ്ദേഹം ഞാൻ പറഞ്ഞതിനെപറ്റി അത്യധികം അത്ഭുതകരമായ രീതിയിൽ പതിനഞ്ച് മിനിറ്റോളം മറ്റുള്ളവരോടു പറഞ്ഞു. എന്റെ ജീവിതത്തിൽ ഇത്രയും ഉജ്ജ്വലമായ സംഭാഷണം ഞാൻ കേട്ടിട്ടേ ഇല്ല. അദ്ദേഹത്തിന്റെ വാക്ചാതുര്യം എനിക്കുതന്നെ അസൂയാവഹമായിരുന്നു. അദ്ദേഹം ലോകത്തിൽ അപൂർവമായ വൈദികസാഹിത്യത്തിന്റെ പടയാളിയായിരുന്നു. ക്രിയാത്മകൻ മാത്രമായ അദ്ദേഹത്തിനു സംഹാരസ്വഭാവം ഇല്ലതന്നെ. മനുഷ്യസ്നേഹിയായ അദ്ദേഹം ആരേയും വെറുപ്പോടെയോ താഴ്ന്നവനായോ കാണാറില്ല. വന്നപ്പോൾ "നമസ്കാരം" പറയുക മാത്രം ചെയ്ത അദ്ദേഹം പോകുന്നതിനു മുമ്പ് എന്റെ കാൽക്കൽ നമസ്കരിച്ചു. അത് അദ്ദേഹത്തിന്റെ നിലയിലുള്ള ഒരാൾക്ക് വളരെ വിഷമമാണ്. മൂന്നു വിഷയമാണ് ഞാൻ പഠിപ്പിക്കുന്നതെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ലജ്ജയുടേയും ഭീതിയുടേയും ഭാവങ്ങൾ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ സർവവിജ്ഞാനസിദ്ധികൾകൊണ്ടും ജീവിതത്തിന്റെ അടിത്തട്ടിൽ എന്താ

ണൊന്നറിയാൻ കഴിയാത്തതിലുള്ള ലജ്ജ. മറ്റൊരു വിശ്വാസത്തിൽ ഇത്രയും കാലം ജീവിച്ചതിനാൽ ഇനി ആ വഴി മാറ്റാൻ കഴിയാത്ത പ്രായമായെന്ന ഭയം."

രണ്ടുകാരണങ്ങളില്ലെങ്കിൽ നൂറ്റിമുപ്പത്തഞ്ച് വയസ് കഴിഞ്ഞ സ്ഥിതിയിൽ ഞാനാദ്യമായി ദർശിച്ച ശിവപുരിബാബയെപോലുള്ള ഒരു മഹാമനുഷ്യന്റെ ജീവിതത്തേയും സിദ്ധാന്തങ്ങളേയുംപറ്റി പുസ്തകമെഴുതുകയെന്നത് അക്ഷന്തവ്യമായ പ്രവർത്തിയാകുമായിരുന്നു. ഒന്നാമതായി, 1963ജനുവരിയിൽ ശിവപുരിബാബ തന്നെ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെപ്പറ്റി എഴുതണമെന്നു പറഞ്ഞിട്ടുണ്ടെന്നതാണ്. രണ്ടാമതായി ഏകദേശം മുപ്പത്കൊല്ലത്തോളം അദ്ദേഹത്തിന്റെ ഭക്തനായിരുന്ന ഠാക്കൂർലാൽ മനന്ധർ തന്റെ ഗുരുവുമായി നടത്തിയ സംഭാഷണത്തിന്റെ കുറിപ്പുകൾ എനിക്കു തന്നിട്ടുണ്ടെന്നതുമാണ്. ശ്രീ. മനന്ധർ ഈ പുസ്തകത്തിന്റെ സഹലേഖകനാകാൻ ദയാപൂർവം സമ്മതിച്ചിട്ടുണ്ട്.

എങ്കിലും ഉള്ളടക്കത്തിനുത്തരവാദി ഞാനാണെന്ന് വ്യക്തമാകട്ടെ! ശിവപുരിബാബ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഇന്ത്യക്കാർക്കെന്നപോലെ യൂറോപ്യന്മാർക്കും എളുപ്പത്തിൽ മനസ്സിലാക്കത്തക്കവണ്ണമാക്കാൻ എന്നോടു പറഞ്ഞിരുന്നു. അതിനർത്ഥം ഭഗവദ്ഗീതയിലെന്നപോലെ ഹിന്ദുതത്വശാസ്ത്രത്തിന്റെ സാങ്കേതിക പദങ്ങൾ അതിയായി ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കണമെന്നാണ്. ഞാനെഴുതിയത് ശ്രീ.മനന്ധറിനെ കാണിക്കുകയും ശിവപുരിബാബയുടെ ഉദ്ദേശത്തിൽനിന്ന് ഞാൻ വ്യതിചലിക്കുന്ന ഭാഗങ്ങൾ അദ്ദേഹം തിരുത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും പലതും ഞാൻ കേട്ടതുപോലെയും എന്റെ ഉറച്ച പാശ്ചാത്യമനസ് അറിഞ്ഞതുപോലെയും ആകാം.

ശിവപുരിബാബയെപോലുള്ള ഒരാളുടെ സിദ്ധാന്തം മനുഷ്യന്റെ എല്ലാ സ്ഥിതിയിലും ഒരുപോലെയോ എന്നേയ്ക്കും മാറ്റമില്ലാതെ നിലനില്ക്കുന്നതോ ആയ രൂഢതത്വങ്ങളുടെ രൂപത്തിലല്ല. അദ്ദേഹം തന്നെ ഈ പുസ്തകത്തിൽ ഒരുഭാഗത്തു ചൂണ്ടിക്കാണിക്കുന്നതുപോലെ സത്യത്തിന്റെ ഇളകാത്ത അടിത്തറയും അതിൽ കെട്ടിപ്പടുത്ത സദാ മാറിമറിയുന്ന ആശയങ്ങളും രീതികളും തമ്മിലുള്ള ബന്ധമാണ് എല്ലാ സിദ്ധാന്തങ്ങളുടേയും ഊർജസ്വലതയ്ക്കാധാരമാകുന്നത്. ഇതിനടിസ്ഥാനമായ പരിശുദ്ധ ജീവിതം -സ്വധർമം-ഒരുവന്റെ ജീവിതത്തിലും അതിലപ്പുറവുമുള്ള നന്മകൾക്കാധാരവും മനുഷ്യനിൽനിന്ന് പ്രതീക്ഷിക്കുന്നതും അവനായതും ആകേണ്ടതും ആണ്. ശിവപുരിബാബ പരിശുദ്ധ ജീവിതത്തിന്റെ കല്പന പൊതുവിൽ എല്ലാ തത്വസംഹിതകൾക്കും-നിയമങ്ങൾക്കും-ബാധകമായ രീതിയിൽ

ഒതുക്കുന്നില്ല. അദ്ദേഹം അവയെ ശരീരവും മനസും ആത്മീയതയു മാകുന്ന മൂന്നു വിഷയങ്ങളിൽ വ്യക്തമായി ചേർക്കുന്നു. ഈ മൂന്നു വിഷയങ്ങളുടെ അടിസ്ഥാനാവശ്യം എല്ലാവർക്കും എല്ലാ സ്ഥിതിയിലും ഏതു കാലത്തും ഒന്നുതന്നെയാണ്. എന്നാൽ അതിൻെറ പ്രായോഗിക രീതി വയസിനും ദേശത്തിനും വ്യക്തിക്കും ഒരു വ്യക്തിക്കുതന്നെ ഭിന്നസ്ഥിതിയിലും ഭിന്നസമയത്തും മാറിക്കൊണ്ടിരിക്കും.

ഇതിൽനിന്ന് സിദ്ധിക്കുന്നത് ശിവപുരിബാബയെപോലെയുള്ള മഹായോഗികളിൽ നിന്ന് ഉപദേശം ലഭിക്കാൻ ഭാഗ്യമുണ്ടായവർക്കെല്ലാം വ്യത്യസ്ത കാര്യങ്ങളാവും പറയാനുണ്ടാവുക എന്നതാണ്. ഞാൻ രണ്ടുതവണ, ഒരു വർഷത്തെ ഇടവേളയിൽ, അദ്ദേഹത്തെ കണ്ടു. രണ്ടാംതവണ അദ്ദേഹം വ്യത്യസ്ത രീതിയിൽ സംസാരിക്കുകയും വ്യത്യസ്ത ഉപദേശങ്ങൾ തരുകയും ചെയ്തു. ഇതിനർഥം ആദ്യം എന്നോടു പറഞ്ഞത് ഞാൻ ഉൾക്കൊണ്ടു എന്നും അതിനാൽ കൂടുതൽ നല്കണമെന്നുമാണെന്ന് തോന്നുന്നു.

ഒരേ വ്യക്തി ഭിന്നസമയത്തു ഭിന്നമായി കേൾക്കുന്നുവെങ്കിൽ വ്യത്യസ്ത ജാതിയിലും മതത്തിലുംപെട്ട എന്നെയും മനന്ധറിനെയും പോലുള്ളവർക്ക് ഇതു എത്രയധികം ഭിന്നമായിരിക്കാം! ഞങ്ങൾക്ക് സാരാംശത്തിൽ യോജിക്കാൻ കഴിയുന്നു എന്നതാണ് അത്ഭുതമായി തോന്നുന്നത്. അദ്ദേഹത്തിൻെറയോ എൻെറതന്നെയോ തൃപ്തിക്കനു സരിച്ചു നിർവഹിക്കാൻ കഴിയുമെന്നുതോന്നാത്ത ഈ ശ്രമത്തിൽ മനന്ധറുടെ സഹാനുഭൂതിക്ക് ഞാനങ്ങേയറ്റം നന്ദിയുള്ളവനാണ്.

ഇരുപത്തെട്ട് വർഷം ഠാക്കൂർലാൽ മനന്ധർ ആഴ്ചയിലൊരിക്കലോ കഴിയുമെങ്കിൽ കൂടുതലോ ബാബയെ സന്ദർശിച്ചിരുന്നു. അദ്ദേഹം തൻെറ കുട്ടികളേയും കൊണ്ടുപോയി ബാബയുടെ ഉപദേശാനുസാരം പഠിപ്പിച്ചു. ഈ കാലമത്രയും അദ്ദേഹം തൻെറ ഗുരുവിന്, ഒരു ഹിന്ദുവിന്, മാത്രം നല്കാൻ കഴിയുന്ന സേവനമനുഷ്ഠിച്ചു. ആ വൃദ്ധ സന്യാസിയെ പത്തോ പന്ത്രണ്ടോ തവണ കണ്ട ഒരു വിദേശസഞ്ചാരിക്ക് അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ എന്തറിയാൻ കഴിയും? എനിക്കവകാശപ്പെടാവുന്ന ഒരു മെച്ചം മാത്രമുണ്ട്. ഏകദേശം അമ്പത് കൊല്ലത്തോളം ഞാൻ സത്യാന്വേഷണത്തിലായിരുന്നെന്നും സർവമഹാപാരമ്പര്യങ്ങളിലേയും ആദ്ധ്യാത്മികതത്വം നിർത്താതെ പഠിച്ചിട്ടുണ്ടെന്നതുമാണ്. അതിനാൽ അദ്ദേഹത്തിൻെറ അത്ഭുതകരമായ സരളതയും യാഥാർഥ്യബോധവുമൊഴികെ ഞാൻ കേട്ടതൊന്നും എനിക്കു അപരിചിതമോ ആശ്ചര്യകരമോ ആയിരുന്നില്ല. അരമണിക്കൂറിൻെറ ഒറ്റ സംഭാഷണത്തിൽ ദൈവജ്ഞാനസിദ്ധിക്കും ജീവിത

* *പിന്നീടു കാണുന്നപോലെ ശിവപുരിബാബ ഒരു ഗുരുവിൻെറ നില സ്വീകരിച്ചിരുന്നില്ല. അതുകൊണ്ടദ്ദേഹത്തിനു ശിഷ്യരില്ല.*

ത്തിലെ അച്ചടക്കത്തിനും ആവശ്യമായതെല്ലാം ഒരു ദർശകനോട് അദ്ദേഹത്തിന് പറയാൻ കഴിയും. ഇതിനർഥം എല്ലാം വ്യക്തമാകുമെന്നല്ല. അദ്ദേഹം എല്ലായ്പ്പോഴും സംശയനിവാരണത്തിനും, വിവരണത്തിനും തയ്യാറായിരുന്നു. എന്നാൽ സാമാന്യമായി സംശയവും വിഷമവും ശ്രോതാക്കളുടെ ശ്രദ്ധക്കുറവുകൊണ്ടായിരിക്കും. അദ്ദേഹം പറയുന്നത് നാം ശ്രദ്ധിച്ചു കേട്ടാൽ നമുക്കു രണ്ടാമതദ്ദേഹത്തെ വിഷമിപ്പിക്കേണ്ടിവരില്ല.

അദ്ദേഹത്തിൻെറ വാക്കുകൾ അദ്ദേഹത്തിലുള്ള മഹാസിദ്ധിയാൽ ഉത്തേജിതമാണ്. അദ്ദേഹം തൻെറ സാമീപ്യം നേടിയവർക്കെല്ലാം ഉദ്ധാരണബോധം നൽകുന്ന ഒരു യഥാർഥ സന്യാസിയാണ്. ഈ ബോധം പുസ്തകത്തിൽ പകർത്താനുള്ള ശ്രമം അജ്ഞതയാണ്. ഒരു മഹാ ഭാരതീയ സന്യാസിയുടെ സാമീപ്യാനുഭവം വിവരിക്കാൻ ശ്രമിക്കുന്നവരെല്ലാം അദ്ദേഹത്തിൻെറ സന്ദേശം മനസിലാക്കുന്നതിനേക്കാൾ വ്യക്തിയോടുള്ള ഭക്തി പുകഴ്ത്തി പറയുകയോ ബുദ്ധിശൂന്യത പ്രകടിപ്പിക്കുകയോ ആണെന്ന് എനിക്കെപ്പോഴും തോന്നാറുണ്ട്. ഇപ്പോൾ ഞാനത്തരത്തിലുള്ള ഒരു സന്യാസിയെ കണ്ടു. എഴുത്തുകാരോട് എനിക്ക് കൂടുതൽ അനുഭാവമുണ്ട്. ആഹ്ലാദത്തിൻേറയും ആശ്ചര്യത്തിൻേറയും അദ്ദേഹത്തെ കാണുകപോലും ചെയ്യുന്നതിനു മുമ്പ് അദ്ദേഹത്തിൻെറ വനത്തിലേയ്ക്കുള്ള പ്രവേശനമാത്രയിൽ അനുഭവിച്ച അനല്പമായ ശാന്തിയുടേയും ബോധം പകർത്താൻ ഒരു കവിയുടെ ഭാഷ എനിക്കുതന്നെ സ്വാധീനമാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുകയാണ്. എന്നാൽ അദ്ദേഹത്തിൻെറ ആഗ്രഹം അതല്ല. കാരണം താൻ ഒന്നുമല്ലെന്നും തൻെറ സന്ദേശങ്ങൾ മാത്രമേ പ്രചരിപ്പിക്കേണ്ടതുള്ളുവെന്നും അദ്ദേഹം എല്ലായ്പ്പോഴും സിദ്ധാന്തിക്കാറുണ്ട്.

അവസാനത്തെ കൊല്ലങ്ങളിൽ ടാക്സോ മറ്റുവിഷമങ്ങളോ കൂടാതെ സ്വതന്ത്രമായി താമസിക്കാൻ നേപ്പാളിൻെറ തലസ്ഥാനമായ കാഠ്മണ്ഡുവിനടുത്ത് സർക്കാർ കൊടുത്ത ഭൂമിയിലായിരുന്നു അദ്ദേഹത്തിൻെറ താമസം.

ഞങ്ങൾ 1961-ലെ ഈസ്റ്റർ സമയത്ത് നേപ്പാൾ എയർ ലൈനിൻെറ ഡക്കോട്ടയിൽ മലമുകളിൽകൂടി കാഠ്മണ്ഡുവിലേക്കു പറന്നു. ഇത് ഞങ്ങളുടെ അപരിചിതവും പകുതി മേഘാച്ഛാദിതവുമായ ഹിമാലയൻ കൊടുമുടികളുടെ പ്രഥമദർശനമായിരുന്നു. ഇന്ത്യയേയും നേപ്പാൾ താഴ്വരയേയും വേർതിരിക്കുന്ന മലയിടുക്കുകൾ ഏകദേശം അഗമ്യമായിരുന്നു. ഒരിടുങ്ങിയ റോഡ് അടിവാരങ്ങൾ നോക്കി മുന്നോട്ടും പിന്നോട്ടുമായി ഇഴഞ്ഞുപോകുന്നു. നിരവധി ആക്രമണങ്ങൾക്ക് കളമൊരുക്കിയ വടക്കുകിടക്കുന്ന വിസ്തൃതവിശാല

ദേശങ്ങളിൽ നിന്നുള്ള നിലയ്ക്കാത്ത ഭീഷണികരം കാണാത്ത സമതലക്കാരെ എനിക്കു നല്ലവണ്ണം അറിയാൻ കഴിയും. ഈ മലകരംക്കപ്പുറം എന്താണെന്നു മറന്ന് സ്വയംസമൃദ്ധമായ ഇന്ത്യയിലേയ്ക്കു നോക്കുന്നത് എളുപ്പമായിരിക്കും. താമസിയാതെ ഞങ്ങരം ഭാഗമതിയുടെ പച്ച താഴ്വാരങ്ങളിൽ ആ സന്യാസിയുമായി ബന്ധം പുലർത്താൻ സഹായിച്ച രണ്ടു സ്നേഹിതന്മാരെ കാണാനിറങ്ങി.

ശിവപുരിബാബയുടെ ധ്രുവസ്ഥലിയിലുള്ള ആശ്രമം അവിടെ നിന്ന് അഞ്ചുമിനിട്ടിൽ കൂടുതൽ ദൂരെയല്ലെന്നും അതിനാൽ ഹോട്ടലിൽ പോകുന്നതിന്നുമുമ്പ് ദർശനം നടത്താമെന്നും അവർ പറഞ്ഞു. ഇരുപത്തിനാല് മണിക്കൂർ യാത്രയുടെ കെടുതിയും ക്ഷീണവും ഉണ്ടായിരുന്നെങ്കിലും ഉദ്ദേശിച്ചതിലും ഒരു ദിവസം മുമ്പദ്ദേഹത്തെ ദർശിക്കാനുള്ള അവസരം കളയാൻ ഞങ്ങളാഗ്രഹിച്ചില്ല.

അഞ്ചുമിനിറ്റ് ജീപ്പുയാത്രയ്ക്കുശേഷം പച്ചപിടിച്ച വഴിയിൽകൂടി കുറച്ചു നടന്നപ്പോരം അദ്ദേഹത്തിൻെറ ആശ്രമത്തെ വലയം ചെയ്ത ഉയർന്ന കമ്പിവേലിക്ക് നടുവിലുള്ള ഗെയ്റ്റിലെത്തി.

ഗെയ്റ്റിൽ കൊട്ടിവിളിച്ചു. മറുപടി ഇല്ലാഞ്ഞപ്പോരം ഉറക്കെ വിളിച്ചു. കുറച്ചു കഴിഞ്ഞ് പന്ത്രണ്ട് വയസ്സുള്ള തലപ്പാവണിഞ്ഞ കുട്ടി പുഞ്ചിരിയോടെവന്നു പൂട്ടു തുറന്നു ഞങ്ങളെ ഉള്ളിലേയ്ക്കാനയിച്ചു. ആശ്രമത്തിൽ കടന്ന ഉടനെ ശക്തിമത്തും എന്നാൽ ശാന്തിപൂർവവുമായ ആ സാമീപ്യബോധം അനുഭവപ്പെട്ടു. കുയിലുകളും പൈങ്കിളികളും ഉച്ചത്തിൽ ഗാനമാലപിച്ചുകൊണ്ടിരുന്നു.

മരങ്ങരംക്കിടയിൽക്കൂടി ഉദ്ദേശം ഒരു ഫർലോങ്ങു നീണ്ട വഴി മരംകൊണ്ടുള്ള ഒരു ഒറ്റമുറിയിലേയ്ക്ക് ഞങ്ങളെ നയിച്ചു. ആ ശോഷിച്ച വൃദ്ധനെ കടുത്ത ഹിമാലയൻ ശീതത്തിൽ നിന്നും രക്ഷിക്കാൻ ആ മുറിക്കുചുറ്റും ഇഷ്ടികചുമരുകരം അടുത്തകാലത്ത് നിർമിച്ചിരുന്നു. നിലം വൃത്തിയും ഒരു മണിക്കൂർ മുമ്പ് തുത്തുവാരിയതുപോലെ വെടിപ്പുള്ളതുമായിരുന്നു. നിസ്സാരമെങ്കിലും ഭദ്രമായി വച്ച ചെറിയ പുഷ്പച്ചെണ്ടുകളുമുണ്ടായിരുന്നു. ഭാരതീയ ക്ഷേത്രങ്ങളിലും ആരാധനാസ്ഥലങ്ങളിലും കാണാറുള്ള പ്രത്യേക പരിശുദ്ധിയും, ഭക്തിയാർന്ന ശ്രദ്ധയും എവിടേയും കാണാമായിരുന്നു.

ഞങ്ങളടുത്തെത്തിയപ്പോരം ഇന്ത്യൻരീതിയിൽ കൈകൂപ്പി ഞങ്ങളെ ശ്രദ്ധാപൂർവം നോക്കി മുന്നോട്ടുവരുന്ന അദ്ദേഹത്തെ ദർശിച്ചു. അദ്ദേഹത്തിൻെറ പ്രഥമ മുഖദർശനം ഒരു ആശ്ചര്യലഹരിയുണർത്തി. ഒരു പ്രഭാചക്രംപോലെ ഒതുക്കി വൃത്തിയാക്കിയ മുടിയും താടിയും ഒരന്യലോകസൃഷ്ടിയുടെ മുമ്പിൽ ഒരുവൻെറ ഉള്ളിൽ തറയ്ക്കുന്ന ശക്തിയേറിയ കണ്ണുകളുമാർന്ന ഒരലൗകിക സൗന്ദര്യം അതിനുണ്ടായിരുന്നു.

എന്നാലും ശിവപുരിബാബയ്ക്ക് ഒരു പുണ്യാത്മാവിൽ കാണാറുള്ള വസ്ത്രവിശേഷങ്ങളൊന്നുമുണ്ടായിരുന്നില്ല. ഞങ്ങളുടെ സംഭാഷണങ്ങളിലൊരിക്കലും അദ്ദേഹത്തെ ഒരു സിദ്ധനായോ സാമാന്യക്കാരിൽനിന്നുപോലും വ്യത്യസ്തനായോ കരുതണമെന്നു സൂചിപ്പിച്ചിട്ടില്ല. അദ്ദേഹത്തിനു കാഴ്ചയിൽ പ്രായാധിക്യം തോന്നിയിരുന്നില്ല. എന്നാലും തൻെറ ജനനം 1826-ലാണെന്ന് അദ്ദേഹം പറയുമ്പോൾ അത് കൃത്യമാണോ, സത്യമാണോ എന്ന് സംശയിക്കാൻ കഴിയുകയില്ല. ഞാൻ പല പ്രതിഭാശാലികളേയും എൻെറ ജീവിതത്തിൽ കണ്ടിട്ടുണ്ടെങ്കിലും നമ്മളിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരു ദിവ്യാത്മാവിനെ ഒരിക്കലും കണ്ടിട്ടില്ല. അദ്ദേഹത്തിന് കാഴ്ചയിൽ ഇത്രയധികം പ്രായം സമ്മതിക്കാൻ വിഷമമാണെങ്കിലും നാട്ടുകാർ വിശ്വസിക്കുന്നതുപോലെ അതിലുമധികം പ്രായമായോ എന്നാണ് ഞാൻ സംശയിക്കുന്നത്.

ശിവപുരിബാബ - അഥവാ ലോകം ചുറ്റിയ തീർഥയാത്രയിൽ അറിയപ്പെട്ടിരുന്ന ഗോവിന്ദാനന്ദഭാരതി - കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലമായി ലോകത്തെ സ്വാധീനിച്ച ചില ഭാരതീയ തത്വചിന്തകരെപ്പോലെ പാശ്ചാത്യലോകത്തിലും ഇന്ത്യയിൽ തന്നെയും കൂടുതൽ അറിയപ്പെട്ടിരുന്നില്ല. എങ്കിലും അദ്ദേഹത്തെ അറിയുന്നവരെല്ലാം മഹാസന്യാസിയായി കരുതിയിട്ടുണ്ട്. അദ്ദേഹത്തെ ആദ്യം ദർശിച്ച ശേഷം ഞാൻ കൽക്കട്ടയിൽപോയി രാമകൃഷ്ണ മിഷൻെറ പുതിയ മനോഹരകെട്ടിടം കാണുകയും ഉപാദ്ധ്യക്ഷൻ ശ്രീ. മുഖർജിയുമായി സംസാരിക്കുകയും ചെയ്തു. അദ്ദേഹം ഭക്ത്യാദരങ്ങളോടെ ശിവപുരിബാബയെപറ്റി പറഞ്ഞത് നമ്മുടെ കാലത്തെ ഏറ്റവും മഹാനായൊരു സന്യാസിയെന്നാണ്. ഒരുപക്ഷേ എല്ലാവരേക്കാളും മഹാൻ.

പാശ്ചാത്യവായനക്കാർക്ക് സംസ്കൃത ശബ്ദവ്യാപ്തിയുടെ വ്യക്തമായ വ്യാഖ്യാനക്കുറവുകൊണ്ട്, വായനക്കാരെ ഉണർത്തുന്നതിനുപകരം യോഗ അവരിൽ കൂടുതൽ ഭ്രമങ്ങൾ സൃഷ്ടിച്ചേക്കും. ഇത് ലേഖകൻെറ തെറ്റായിരിക്കുകയില്ല. മറിച്ച് പൗരസ്ത്യവിചാരങ്ങളുടെ സ്വഭാവം വ്യക്താർഥത്തിൽ നിന്ന് വികസിച്ചുകൊണ്ടിരിക്കുന്ന ആദിഭാഷയാണ്. ആയിരക്കണക്കിനു വർഷം പഴക്കമുള്ള വാക്കുകൾക്ക് വീണ്ടും വീണ്ടും അർഥം മാറിമറിയുന്നു. ഇന്ന് തത്വശാസ്ത്രങ്ങളിലുപയോഗിക്കുന്ന പദങ്ങളുടെ അർഥം ക്രമേണ മാറിയിട്ടുണ്ട്. ആദ്യം പ്രകൃതി പ്രചോദനം നൽകിയ മതകർമങ്ങളും വാക്കുകളും അനുഷ്ഠാന സിദ്ധാന്തങ്ങളായി തിട്ടപ്പെടുത്തി ലോകം മനുഷ്യനിൽ പ്രതിബിംബിക്കുന്നു എന്നു ബോധ്യമാകാൻ മാനസികാപഗ്രഥനം വേണം. അതേ വാക്കുകൾക്ക് ലഭിച്ചിരുന്ന ദിവ്യസ്വഭാവം പ്രപഞ്ചസത്യം പ്രകടിപ്പിക്കാനുള്ള വഴിക്കതിനെ നയിച്ചു. ആ വാക്കുകൾ സാധാരണ വർത്തമാനത്തിൽ വരുകയും അതിനു വ്യക്തമായ സാമാന്യാർഥം

ലഭിക്കുകയും ചെയ്യുന്നു. ശങ്കരാചാര്യരെപ്പോലുള്ള ജ്ഞാനികൾ വ്യക്തബോധത്തോടെ നൽകിയ വ്യാഖ്യാനങ്ങൾ ഭഗവദ്ഗീതയുടെ മൂലത്തിലെ സരളതയിൽ നിന്ന് വളരെ മാറ്റി. ശിവപുരിബാബയുടെ ഒരു മാഹാത്മ്യം അദ്ദേഹം ഗീതയുടെ മൂലാർഥത്തെ രക്ഷിച്ച് ജീവിതം എന്തെല്ലാമെന്നതിൻെറ സരളരൂപത്തെ നിലനിർത്തി എന്നതാണ്.

ഞാൻ എല്ലാ സംസ്കൃത സാങ്കേതികപദങ്ങളും വിട്ടുകളയാനാഗ്രഹിച്ചിരുന്നു. എന്നാൽ അദ്ദേഹം അവയെ അത്രയധികം ഉപയോഗിച്ചതിനാൽ പ്രവചനങ്ങൾ വളച്ചൊടിക്കാതെ അങ്ങനെ ചെയ്യാമായിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ വിവരണമനുസരിച്ച് ജോലി ചെയ്തതിലുള്ള ലാഭം എൻെറ സംസ്കൃതജ്ഞാനം വീണ്ടെടുക്കപ്പെട്ടു എന്നതും ഭഗവദ്ഗീതയുടെ പുതിയ പഠനം നടത്തി എന്നതുമാണ്. ഇതൊരു അത്ഭുതകരമായ അനുഭവമായിരുന്നു. പ്രതീക്ഷിച്ചതിലുമെത്രയോ അധികം ഞാനതിൽ കാണുകയും എന്തുകൊണ്ട് ശിവപുരിബാബ ഗീതയ്ക്കുമാത്രമേ നമ്മുടെ എല്ലാ ജീവിതപ്രശ്നങ്ങൾക്കും വേണ്ടത്ര നിർദ്ദേശം നൽകാനാകൂ എന്നുപറഞ്ഞു എന്ന് മനസ്സിലാക്കുകയും ചെയ്തു. വായനക്കാരുടെ സഹായത്തിന് ഈ പുസ്തകത്തിലെ സംസ്കൃതപദങ്ങളുടെ ഒരു അർഥസാരിണികൂടി കൊടുത്തിട്ടുണ്ട്. ഞാനതിൽ പഴയ അർഥങ്ങളും, അതിൻെറകൂടെ സാമാന്യാർഥങ്ങളും ശിവപുരിബാബ ഉദ്ദേശിച്ച പ്രത്യേക സാങ്കേതിക ബോധവും കൊടുത്തിട്ടുണ്ട്. പാശ്ചാത്യ ലോകത്തെ സംബോധന ചെയ്ത സന്ദേശത്തിലധികം ആവശ്യമില്ലാത്ത വായനക്കാർ ഹിന്ദുക്കൾക്ക് പ്രത്യേക ശ്രദ്ധയുള്ള വിഷയങ്ങൾ കഴിയുന്നത്ര സംഗ്രഹിച്ചു ചേർത്ത അഞ്ചാമദ്ധ്യായം വിട്ടുകളയാം.

ദർശകൻെറ മനോവൃത്തിക്കനുസരിച്ച് ശിവപുരിബാബ വ്യത്യസ്ത
ജനവിഭാഗങ്ങളോട് സംസാരിക്കുന്നതിനാൽ ഞാനാഗ്രഹിച്ച വിവരണ
ത്തിൻെറ ഏകസ്വഭാവം സ്വീകരിക്കാൻ കഴിയുകയില്ല. ഗീതയുടെ
ശിഖരത്തിലെത്തിയ ഠാക്കൂർ ലാലിനോട് അദ്ദേഹം ഗീതയുടെ
ഭാഷയിൽ സംസാരിച്ചു. ഗുർദ്ജീഫിൻെറ (Gurdjief) അനുയായിക
ളോട് അദ്ദേഹം ഗുർദ്ജീഫിൻെറ ഗുരുവാണോ എന്ന് പലരും സംശയി
ക്കത്തക്കവിധത്തിൽ സംസാരിച്ചു. രാധാകൃഷ്ണനോട് അദ്ദേഹം ഒരു
വാചകമേ പറഞ്ഞുള്ളൂ. അതുമാത്രം മതിയായിരുന്നു. എന്നോട് ജീവിത
ത്തിലെ വിവിധ അനുഭവങ്ങളും നിരവധി വിഷയങ്ങളുടെ പ്രകാശവും
ഏകീകരിച്ചു പറഞ്ഞു. അത്തരമൊരു ജീവിതനിധിയെ യുക്തിയുടെ
നിലയിലേയ്ക്കു താഴ്ത്തുന്നത് നമ്മുടെ യുഗത്തിലെ മഹാത്മാവുമാ
യുള്ള വായനക്കാരുടെ ബന്ധത്തിനുള്ള ആശ തകർക്കുകയായിരിക്കും.

എല്ലാ വിശ്വാസികൾക്കും അവിശ്വാസികൾക്കും പ്രാപിക്കാ
വുന്നതും സരളവും പ്രായോഗികവുമായ അത്തരം സിദ്ധാന്തങ്ങളുടെ

ആവശ്യവുമുള്ള ലോകത്തിൽ ഇത്തരം അഗാധബുദ്ധിയും. ആദ്ധ്യാത്മിക ശക്തിയുമുള്ള ഒരാാം ഇത്ര കുറച്ചു മാത്രം അറിയപ്പെടുന്നത് ഒരാശ്ചര്യമാണ്. നമ്മുടെ മതവിശ്വാസവും സാമൂഹ്യകടമകളുമായി ഒത്തുതീർപ്പിനൊരുങ്ങാതെ തന്നെ അനുകരിക്കാവുന്ന ഒരു സിദ്ധാന്തം. പരിശുദ്ധ ജീവിത-സ്വധർമ-ത്തിനർഥം ക്രിസ്ത്യാനിക്കും ജൂതനും മുസ്ലിമിനും ബൗദ്ധനും ഹിന്ദുവിനുമെന്നപോലെ ഒന്നുതന്നെയാണെന്ന് ചിലരെയെങ്കിലും ബോദ്ധ്യപ്പെടുത്താൻ ഈ പുസ്തകത്തിന് കഴിഞ്ഞെങ്കിൽ മനുഷ്യരാശിയുടെ ആദ്ധ്യാത്മിക ഏകീകരണത്തിന്ന് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നത്തിന്ന് ഞാൻ ചെറിയ സംഭാവന ചെയ്തതായി കരുതാം.

അത്തരം ഒരാളെപറ്റി എഴുതുകയെന്നതും ഞാനർഹിക്കാത്ത ഒരു ബഹുമതിയാണ്. ഇതിൽ എന്നെ സഹായിച്ചവരോട് നന്ദി പറയാൻ മാത്രമേ എനിക്കു കഴിയുകയുള്ളു. ശ്രീ. ഠാക്കൂർ ലാൽ മനന്ധർ ഒരു സഹായിയേക്കാാം കൂടുതലാകയാൽ ഞാനദ്ദേഹത്തോടും ഫോട്ടോഗ്രാഫുകാം നൽകിയ അദ്ദേഹത്തിൻെറ മകൻ മനന്ധറോടും കടപ്പെട്ടിരിക്കുന്നു. 1962ൽ ശ്രീമതി മാർജോരി വോൺ ഹാർട്ടർ എടുത്ത ഒരു ഫോട്ടൊ ഉപയോഗിക്കാൻ സമ്മതിച്ചിട്ടുണ്ട്. എൻെറ രണ്ടു നേപ്പാാം യാത്ര സാദ്ധ്യമാക്കുകയും സാമ്പത്തിക പ്രശ്നത്തിൽ ഒരു ഭാഗം വഹിക്കുകയും ചെയ്ത ആ സ്നേഹിതന്മാർക്കു കൂടി നന്ദി പറയട്ടെ.

ജെ.ജി. ബെന്നറ്റ്

മുഖവുര

1826ൽ കുന്നംകുളത്തിന്നടുത്തു അകതിയൂർ ദേശത്തുള്ള കറുത്തേടത്തു മനക്കൽ ഭൂജാതനായ ജയന്തൻ എന്ന ഉണ്ണിനമ്പൂതിരി, ബ്രഹ്മചാര്യം, വേദാഭ്യാസം, സമാവർത്തനം എന്നിവക്കുശേഷം, ദാമ്പത്യജീവിതാരംഭത്തിലുണ്ടായ അവിചാരിതമായ ഒരു ദുഃഖാനുഭവത്തിൻെറ ഫലമായി നാടുവിട്ടുപോയ കഥ, ഇന്നും ആ ഇല്ലത്തുള്ളവരുടെ മനസ്സിലുണ്ട്. ഇന്നു "കൃഷ്ണാഡ്ധ്യൻ" എന്നു വിളിക്കപ്പെടുന്ന ആ കുടുംബത്തിലെ ഓ.പി.വി. നമ്പൂതിരിപ്പാടും, ഓ.പി.എസ്. നമ്പൂതിരിപ്പാടും, അവരുടെ ഒരു ചാർച്ചക്കാരനായ ചെമ്മങ്ങാട്ടു നരസിംഹൻ ഭട്ടതിരിപ്പാടിൻെറ കൂടെ നേപ്പാളിലെ കാഠ്മണ്ഡുവിലുള്ള ശിവപുരി ബാബയുടെ ആശ്രമം സന്ദർശിച്ചതിൻെറ ഫലമാണു ഈ പുസ്തകമെന്നു പറഞ്ഞാൽ അക്ഷരംപ്രതി അതു ശരിയാണ്.

ജയന്തൻ എന്ന ഉണ്ണി 'ഗോവിന്ദാനന്ദഭാരതി'യും 'ശിവപുരി ബാബ'യുമായി വളർന്നതിൻെറ കഥയാണ് ഈ പുസ്തകത്തിലുള്ളത്. 1963ൽ 137 വയസ്സിന്നുശേഷം സ്വന്തം ആശ്രമത്തിൽ വെച്ചു അനായാസമൃത്യു വരിച്ച അദ്ദേഹവുമായി, ഇംഗ്ലണ്ടിൽനിന്നും വന്നു പരിചയപ്പെട്ടിരുന്ന ജെ.ജി.ബന്നറ്റെന്ന ഇംഗ്ലീഷ് എഴുത്തുകാരനാണ് ഇതിൻെറ മൂലകൃതി ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളത്. 1965-ൽ ആണ് ഈ ഗ്രന്ഥം-Long pilgrimage--The Life and Teaching of Shri Govindanada Bharathi ഇംഗ്ലണ്ടിൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. ഭൂഗോളത്തിൻെറ മറുപുറത്തുള്ള അമേരിക്കയടക്കം, മിക്ക രാജ്യങ്ങളിലും കഴിയുന്നത്ര കാൽനടയായി സഞ്ചരിച്ച ഈ മഹാമനുഷ്യൻ 137 വർഷംകൊണ്ട് സമാഹരിച്ച പ്രപഞ്ച വിജ്ഞാനത്തിൻെറ ആകാവുന്നത്ര സത്യസന്ധമായ ചിത്രമാണ് ഇവിടെ ബന്നറ്റ് വാക്കുകളാൽ വരച്ചു വെച്ചിട്ടുള്ളത്. അതിനദ്ദേഹത്തെ സഹായിച്ചത് ഭാരതീയനും നേരത്തെ തന്നെ ശിവപുരിബാബയുടെ ആരാധകനുമായിരുന്ന ഠാക്കുർലാൽ മനന്ധർ എന്ന അന്വേഷകനാണത്രെ.

ശ്രീ. നരസിംഹൻ ഭട്ടതിരിപ്പാടും കൂട്ടുകാരും കാഠ്മണ്ഡു സന്ദർശിച്ചതും ഈ ഇംഗ്ലീഷ് ഗ്രന്ഥത്തിൻെറ ഒരു പ്രതി സമ്പാദിച്ചതും 1997ൽ ആയിരുന്നു.

ശിവപുരിബാബയെന്ന മഹാതപസ്വി തൻെറ സുദീർഘ ജീവിതത്തിലൂടെ മനസ്സിലാക്കിയിരിക്കുന്നതെന്തെന്നു സശ്രദ്ധം ചിത്രീകരിച്ചു കാണിച്ചു തരുന്ന ആ ഗ്രന്ഥത്തിൽ നിന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതിതാണ്. ലോകത്തിലെവിടെ ജനിച്ചവനായാലും മനുഷ്യനെന്ന ജീവിക്കു പ്രകൃതി നൽകുന്ന പാഠങ്ങളുടെ ആകത്തുക ഒന്നുതന്നെ

യാണ്. ആ ഒന്നിനെയാണ് "ഏകം സദ്വിപ്രബഹുധാവദന്തി" എന്നു വേദത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ആ ഏകമായ സത്യത്തിൻെറ പ്രവർത്തനം ഓരോ മനുഷ്യൻേറയും പ്രായോജിക ജീവിതത്തിൽ പ്രതിഫലിക്കുന്നതു എങ്ങിനെ എന്നു കാണിക്കുന്ന കൃതിയാണ് 'ഭഗവദ്ഗീത' ഭഗവദ്ഗീതയുടെ തന്നെ സത്ത എന്തെന്ന ചോദ്യത്തിന്നു മറുപടി ഏകശ്ലോകഗീത എന്നു പ്രസിദ്ധമായ അന്തിമശ്ലോകമാണ്.

യത്രയോഗേശ്വരഃ കൃഷ്ണ, യത്ര പാർത്ഥോ ധനുർദ്ധരഃ
തത്രശ്രീർ വിജയോ ഭൂതിർ ധ്രുവാ നീതിർമതിർമമ

ഈ ശ്ലോകത്തെ തന്നെ ഒറ്റ വാക്കിലേക്കു സംഗ്രഹിക്കാൻ ശ്രമിച്ചാൽ കിട്ടുന്ന ഉത്തരമാണ് 'ധർമ്മം' ഈ ധർമത്തിന്നു മൂന്നു മുഖങ്ങളുണ്ട്. 'സത്യം', 'ശിവം', 'സുന്ദരം'. ഈ മൂന്നു കാര്യങ്ങളെ ശിവപുരിബാബ വ്യാഖ്യാനിക്കുന്നത് 'ആദ്ധ്യാത്മികം', 'സാത്വികം', 'ഭൗതികം' എന്നിങ്ങനെ യാണ്. അതായതു Spiritual, Moral, Physical.

എന്നാൽ ഭാരതത്തിലൊഴികെ, മറ്റെവിടേയും മനുഷ്യസംസ്കാരത്തിന്ന്, അഭംഗവികാസം ഉണ്ടായിട്ടില്ല എന്നത് ഒരു ചരിത്ര സത്യമാണ്. അതുകൊണ്ടാണ് പാശ്ചാത്യരാജ്യങ്ങളിൽ ഈ കഴിഞ്ഞ മൂന്നു നാലു നൂറ്റാണ്ടുകളിൽ, കേവലം ഭൗതികമായ നിരവധി യന്ത്ര പരിഷ്കരണങ്ങൾ വികസിപ്പിച്ചെടുത്തിട്ടുപോലും, പിന്നെപ്പിന്നെ, ഭാരതീയരുടെ എന്ന പേരിലിവിടെ നിലനിൽക്കുന്ന മനുഷ്യസംസ്കാരത്തിൻെറ വേദാന്തകൈലാസത്തിലെത്തി മനഃശാന്തി തേടാൻ പാശ്ചാത്യരെ പ്രേരിപ്പിക്കുന്നത്. എന്തുകൊണ്ട് ഈ രാജ്യത്തിന്നു മാത്രം ഈ സൗഭാഗ്യമുണ്ടായി എന്നതു മറ്റൊരു ചോദ്യമാണ്. എന്തുകൊണ്ടു കോഴിമുട്ടയുടെ ഒരു മൂലയിൽ മാത്രം മഞ്ഞ കാണപ്പെടുന്ന എന്നപോലെ ഒരനന്ത വിസ്മയമാണത്.

ഇതിനെ പറ്റി ഈ പുസ്തകത്തിലുള്ള വാക്കുകൾ താഴെ ചേർക്കുന്നു:-

"ഉയർന്ന വിജ്ഞാനം എല്ലാ അനിഷ്ടങ്ങളിലും കോളിളക്കങ്ങളിലും, സാധാരണക്കാരാലും ബുദ്ധിജീവികളാലും തകരാതെ സൂക്ഷിക്കാൻ ദൈവം എല്ലായ്പോഴും ഒരു രാജ്യത്തെ തിരഞ്ഞെടുക്കാറുണ്ട്. നമ്മുടെ യുഗത്തിൽ, അല്ലെങ്കിൽ നിലവിലുള്ള ചതുർയുഗത്തിൽ, ആ രാജ്യം ഇന്ത്യയാണ്!"

മനുഷ്യമഹത്വത്തിൻെറ അഖണ്ഡാനന്ദം നമുക്കനുഭവിപ്പിച്ചു തരുന്ന ഈ സുവർണ്ണഖനി, മലയാളിക്കു പരിചയപ്പെടുത്തി തന്ന, ശ്രീ. നരസിംഹൻ ഭട്ടതിരിപ്പാടിൻെറ സേവനം വിലമതിക്കാനാവാത്തതാണ്. ഈ ഗ്രന്ഥത്തിൻെറ മുന്നിൽ നാലുവരി എഴുതുവാനിടവന്നത് ഒരു മഹാനുഗ്രഹമായി ഞാൻ കരുതുന്നു. നമസ്തെ.

ലോകാസ്സമസ്താ സുഖിനോഭവന്തു.

അക്കിത്തം



ശിവപുരി ബാബ നുറ്റിമുപ്പത്തിയഞ്ചാം വയസ്സിൽ



ബാബയുടെ പാദുകം

സമാധി മണ്ഡപം



ലേഖകൻ ബാബയോടൊപ്പം



മരണത്തിന്റെ തലേന്നാൾ (137 വയസ്സ്)

വിവർത്തനത്തെപ്പറ്റി

മഹാതപസ്വിയായ ശിവപുരി ബാബയെ പറ്റി ജെ.ജി. ബന്നറ്റെഴുതിയ പുസ്തകത്തിൻെറ വിവർത്തനത്തിന്നൊരു വിശദീകരണം ആവശ്യമില്ലെന്നു ഞങ്ങൾക്കു വ്യക്തമായറിയാം. എങ്കിലും ആരാണീ ബന്നറ്റെന്നും, എന്തിനാണീ പുസ്തകം മലയാളത്തിലേക്കു വിവർത്തനം ചെയ്തു കേരളീയർക്കു സമർപ്പിക്കുന്നതെന്നും വ്യക്തമാക്കേണ്ടതാവശ്യമാണെന്ന് ഞങ്ങൾക്ക് തോന്നുന്നു.

മി. ബന്നറ്റ് 20-ാം നൂറ്റാണ്ടിലെ ആദ്യദശകങ്ങളിൽ പാശ്ചാത്യ ലോകത്തു ഏറ്റവും അറിയപ്പെട്ടിരുന്ന, ഒരെഴുത്തുകാരനും പത്രപ്രവർത്തകനുമായിരുന്നു എന്നു മാത്രമല്ല, മഹാനായൊരു ആത്മീയ ചിന്തകനും മനോവിജ്ഞാനിയും കൂടിയായിരുന്നു. ഇതിനെല്ലാം പുറമെ അദ്ദേഹം ലോകത്തിലന്നറിയപ്പെട്ടിരുന്ന എല്ലാ ആത്മീയ ചിന്തകരുമായി സമ്പർക്കം പുലർത്തിയിരുന്ന ഒരാത്മീയ ഗുരു കൂടിയായിരുന്നു. അദ്ദേഹത്തിൻെറ പ്രത്യേകശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് മനുഷ്യരാശിയുടെ ആത്മീയ ഏകീകരണത്തിലായിരുന്നു. വ്യക്തിഗതമായി പറഞ്ഞാൽ, അദ്ദേഹം ഇന്ത്യൻ വൈസറോയി മിൻേറാ പ്രഭുവിൻെറ സഹോദര ജാമാതാവുമായിരുന്നു.

ഭാരതീയ തത്വചിന്തകളിൽ ബന്നറ്റിന്നു അതിയായ ജ്ഞാനമുണ്ടായിരുന്നു. സംസ്കൃതാദ്ധ്യായനം വഴി, മനുസ്മൃതി, വേദം, ബ്രാഹ്മണം, ബ്രഹ്മസൂത്രം, പതാഞ്ജലീയോഗം എന്നീ തത്വസംഹിതകൾ ഗ്രഹിച്ചിരുന്നു. ഭഗവദ്ഗീതയുടെ സരളതയും മഹാത്മ്യവും അദ്ദേഹത്തെ അത്യധികം ആകർഷിച്ചിട്ടുണ്ട്.

ഇത്രയും മഹാനായൊരു പാശ്ചാത്യചിന്തകൻ, ലോകം പലനൂറ്റാണ്ടുകൾക്കിടയിൽ കണ്ട ഏറ്റവും മഹാനും സമ്പൂർണ്ണ മനുഷ്യനുമായി വിവരിക്കുന്ന ശിവപുരിബാബയുടെ തത്വസംഹിത തികച്ചും അസാമാന്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. അതിനാൽതന്നെ ഈ പുസ്തകത്തിൻെറ വിവർത്തനോദ്ദേശം ദ്വിമുഖമാണെന്നു വ്യക്തമാണ്.

ഒന്നാമതായി. കേരളീയനായ ആ മഹാതപസ്വിയെ കേരളീയർക്കു പരിചയപ്പെടുത്തുക. ഈ പുസ്തകത്തിൽ ശിവപുരിബാബ ഒരു കേരളീയ നമ്പൂതിരി ഗൃഹത്തിൽ ജനിച്ചു എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. തുടർന്നുള്ള ഞങ്ങളുടെ അന്വേഷണം ആ നമ്പൂതിരി കുടുംബം, കുന്നംകുളത്തുനിന്നു ഒരഞ്ചുകിലോമീറ്റർ വടക്കോട്ടു നീങ്ങി

അകതിയൂർ ഗ്രാമത്തിലുള്ള ഒരുവന്നൂർ മനയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഒരു 150 കൊല്ലങ്ങൾക്ക് മുമ്പ്, ഒരുവന്നൂർ മനയ്ക്കൽ നിന്നു കാശിക്കെന്നു പറഞ്ഞുപോയ ജയന്തൻ നമ്പൂതിരിപ്പാടാണ് പിന്നീട്, ഗോവന്ദാനന്ദഭാരതിയും ശിവപുരിബാബയുമായി നാം കാണുന്ന ആ സമ്പൂർണ്ണ തപസ്വി.

രണ്ടാമതായി, മതങ്ങൾക്കും, ജാതിക്കും, വർഗത്തിന്നും രാജ്യത്തിന്നും ഉപരിയായ പ്രപഞ്ചസത്യങ്ങളിലധിഷ്ഠിതമായ ആ മഹാത്മാവിൻെറ "പരിശുദ്ധജീവിത" സിദ്ധാന്തം, ഇന്നത്തെ കലുഷിതലോകത്തിന്നു പകർന്നുകൊടുക്കുക.

സകലവിധ മൗലികമൂല്യങ്ങളേയും, സാത്വികതയേയും തകർത്തു തരിപ്പണമാക്കി, ഫാഷൻേറയും പുതുമയുടേയും പിന്നിലോടുന്ന ഇന്നത്തെ ഭൗതികലോകത്തിന്നു, ഉദ്ദേശാധിഷ്ഠിതമായ ഒരു സാർവ്വലൗകിക സിദ്ധാന്തമാണ് ആവശ്യമെന്നുതോന്നുന്നു. ഭാരതീയ തത്വചിന്തക്ക്, എല്ലാ വിചാരധാരകളുടേയും മൂലസിദ്ധാന്തങ്ങൾ സ്വീകരിക്കാൻ കഴിയുമെന്നും, എല്ലാ മതങ്ങൾക്കും തത്വചിന്തകൾക്കും ആദരണീയമായ ഒരു പുതിയ സിദ്ധാന്തം കെട്ടിപടുക്കാനാകുമെന്നുമാണ് ശിവപുരിബാബയുടെ ആദ്ധ്യാത്മിക ദർശനങ്ങൾ കാണിക്കുന്നത്. ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്-ഭാരതീയ ദർശനമെന്നാൽ ഹൈന്ദവാചാര്യന്മാർ ഇന്നു നിലനിർത്താനാഗ്രഹിക്കുന്ന പാരമ്പര്യ ചിന്താഗതിയെന്നു തെറ്റിദ്ധരിക്കുന്നത്.

ദൈവസാക്ഷാൽക്കാരം ലഭിച്ച ഒരു മഹാതപസ്വിയുടെ മഹൽ തത്വസംഹിതകളെ, അതർഹിക്കുന്ന ഗൗരവത്തോടുകൂടി ബന്നറ്റിനെ പോലെ ഒരാത്മീയജ്ഞാനിയും മഹാനുമായ ഒരു ലേഖകൻ പകർത്തുമ്പോൾ, അതിനെ പറ്റി ഞങ്ങളെന്തെങ്കിലും ഇവിടെ സംസാരിക്കുന്നത് അല്പത്വമാകും. ഒന്നു മാത്രമേ ആഗ്രഹിക്കുന്നുള്ളു-ശിവപുരിബാബയുടെ ജീവചരിത്രം വായിച്ചു സംതൃപ്തരാവുന്ന വായനക്കാർ, അതിനപ്പുറമായി മനുഷ്യജീവിതോദ്ദേശത്തേയും, അതിൻെറ സാഫല്യത്തിന്നായി ശിവപുരിബാബ നിർദ്ദേശിച്ച മാർഗ്ഗത്തേയും കൂടി ചിന്തിച്ചു നോക്കാനിടവരട്ടെ.

ഈ പുസ്തകം വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാനിടവരുത്തിയ സാഹചര്യത്തെ പറ്റി അക്കിത്തം അദ്ദേഹത്തിൻെറ മുഖവുരയിൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.ഓ.പി.വി. നമ്പൂതിരിപ്പാടിൻെറ സർവ്വതോമുഖമായ പ്രോത്സാഹനമാണ്, ഈ പ്രസിദ്ധീകരണത്തിന്നാധാരമെന്നു ഒരിക്കൽക്കൂടി വ്യക്തമാക്കുന്നതിനോടൊപ്പം, ശ്രീ. അക്കിത്തം നൽകിയ മാർഗ്ഗ ദർശനത്തിന്നും സഹകരണത്തിന്നും അത്യധികം കൃതജ്ഞതയും നന്ദിയും രേഖപ്പെടുത്തുകയും ചെയ്യുന്നു.

നരസിംഹൻ ചെമ്മങ്ങാട്

1

ആ അന്വേഷണം

1896ൽ ജോർജ് നാലാമൻ ഇംഗ്ലണ്ടിൽ രാജാവായിരുന്നു. അന്ന് കെൻസിങ്ങ്ടൻ പാലസിൽ ഏഴ് വയസായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. ആ കുട്ടിയാണ് പതിനൊന്ന് കൊല്ലത്തിനുശേഷം വിക്ടോറിയ രാജ്ഞിയായി മാറിയത്. അക്കാലത്ത് നാലുകൊല്ലം വിദേശസചിവനായി ജോലിനോക്കിയ ജോർജ് കാനിങ്ങ് സ്വന്തം രാജ്യത്തെ പുരാണബഹുമതികളിൽ ഉറച്ചുനിൽക്കുന്നതിനേക്കാൾ പുതിയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളുടെ വക്താവായി ഉയർത്താനാണ് ശ്രമിച്ചുകൊണ്ടിരുന്നത്.

ഔറംഗസീബിനുശേഷം ഇന്ത്യാ ഭൂഖണ്ഡം മുഴുവൻ മറാട്ടാ-ബർമാ യുദ്ധത്തിലെ ബ്രിട്ടീഷുകാരുടെ വിജയത്തിനുശേഷം ആദ്യമായി വിദേശശക്തിയുടെ കീഴിലായി. ഭാഗ്യത്തിനു ആ മുഗൾ സാമ്രാജ്യത്തിൻെറ നിർദയമർദനരീതി ബ്രിട്ടീഷുകാർ പിന്തുടർന്നില്ല. അതേ കൊല്ലം 1826ൽ, ഒരു പുതിയ ഭാരതം ഒരു നൂറ്റാണ്ടിനകം കെട്ടിപ്പടുക്കാനുള്ള പരിപാടികൾ മഹാനായ റാം മോഹൻ റായ് ബ്രിട്ടീഷ് സഹായത്തോടെ തുടങ്ങി. ഹിന്ദുക്കളേയും ക്രിസ്ത്യാനികളേയും ഏകോപിപ്പിക്കാനുള്ള ഒരാദ്ധ്യാത്മിക പ്രസ്ഥാനം ബ്രഹ്മസമാജം എന്ന പേരിൽ അദ്ദേഹം സ്ഥാപിച്ചു.

അന്ന് ലോകം ശാന്തിയുടേയും ആശ നിറഞ്ഞ ഭാവിയുടേയും പ്രതീകമായിട്ടാണ് പുറമേയ്ക്ക് കാണപ്പെട്ടിരുന്നത് എന്നാൽ ഭീതിയുടെ അടിയൊഴുക്ക് എവിടേയും അനുഭവമായിരുന്നു. യുഗാവസാനത്തിൻെറ പ്രവചനങ്ങൾ ശ്രദ്ധിക്കുന്നവരെ ലോകത്തിലെവിടേയും കാണാമായിരുന്നു. ഇന്ത്യയിൽ പാരമ്പര്യത്തിൽ കെട്ടിപ്പടുത്ത വിശ്വാസങ്ങൾ അടിയുറച്ചിരുന്നു. രാജാറാംമോഹൻറായിയെപ്പോലുള്ളവർക്കു പോലും പൊരുതാൻ വിഷമമായ തരത്തിൽ വർണാശ്രമങ്ങൾ - ജാതിയുടെ അടിസ്ഥാനത്തിലുള്ള നിയമങ്ങൾ - തെക്കെ ഇന്ത്യയിൽ പ്രത്യേകിച്ചും വേരൂന്നിയിരുന്നു.

ലോകത്തിൻേറയും ഇന്ത്യയുടേയും കഥ ഇതായിരുന്നപ്പോൾ 1826ൽ കേരളത്തിലെ ഒരു ബ്രാഹ്മണകുടുംബം ഒരിരട്ട പ്രസവത്തിൽ

(ആൺകുട്ടിയും പെൺകുട്ടിയും) ആനന്ദംകൊള്ളുകയായിരുന്നു. അത്യധികം പരിശുദ്ധതയും കുലീനത്വവുമുള്ള കുടുംബമായിരുന്നു അത്. ഈ കുട്ടികളുടെ മുത്തച്ഛൻ-അച്യുതൻ-ബ്രാഹ്മണരും രാജാക്കന്മാരും വിശ്വസിക്കുന്ന ജ്യോതിഷത്തിൽ -സൗരമണ്ഡലത്തിലെ ഗ്രഹനിലയെ ആധാരമാക്കിയുള്ള ശാസ്ത്രം- മഹാവിദ്വാനായിരുന്നു. ഇന്ത്യയുടെ മദ്ധ്യഭാഗങ്ങളിലും വടക്കും കണ്ടിരുന്ന ഉണർച്ചകളുമായി ബന്ധപ്പെടാതെതന്നെ പാരമ്പര്യത്തിൽ വിശ്വസിച്ച സാത്വികന്മാരുടെ ഗൃഹമായിരുന്നു അത്.

ആദ്യ ശ്വാസത്തോടെ കുട്ടി പുഞ്ചിരിക്കാൻ തുടങ്ങിയത്രെ! മുത്തച്ഛൻെറ അടുത്തുകൊണ്ടുപോയപ്പോൾ ജന്മരാശിയും പുഞ്ചിരിയും ലോകത്തിൽ മഹാനായൊരു സന്യാസി പിറന്നതിൻെറ സൂചനയാണെന്നും, കുട്ടിക്ക് ലൗകികജീവിതത്തിലുപരിയായി ഒരു കർത്തവ്യം നിർവഹിക്കാനുണ്ടെന്നും പ്രവചിച്ചു. അദ്ദേഹത്തിൻെറ കുടുംബജീവിതം പെട്ടെന്ന് അവസാനിക്കുമെന്നും പറഞ്ഞു.

കുട്ടിക്കാലം സാമാന്യരീതിയിലായിരുന്നു. അഞ്ച് വയസ്സിൽ ബ്രഹ്മചര്യാശ്രമം സ്വീകരിച്ചു. പന്ത്രണ്ട് വയസ്സായപ്പോഴേയ്ക്കും നാല് വേദങ്ങളിലും പ്രാവീണ്യം നേടി. മുത്തച്ഛനായിരുന്നു അദ്ദേഹത്തിൻെറ ഗുരു. ആയിരത്തി എണ്ണൂറ്റി നാല്പതോടെ ബ്രഹ്മചര്യം കഴിഞ്ഞു. അപ്പോഴേക്കും മുത്തച്ഛൻ-അച്യുതൻ-വാനപ്രസ്ഥാശ്രമത്തിലേയ്ക്കു പ്രവേശിച്ചിരുന്നതിനാൽ കാട്ടിലേയ്ക്കുപോകാൻ തീരുമാനിച്ചു.

പതിനെട്ടാം വയസ്സിൽ ഈ ബ്രാഹ്മണകുമാരനും ലൗകികം ത്യജിക്കാനുറച്ചു. പൈതൃകസ്വത്തുക്കൾ കൂടപ്പിറപ്പായ അനുജത്തിക്ക് കൊടുത്ത് മുത്തച്ഛനെ പിന്തുടർന്ന് വനത്തിലേയ്ക്കുപോയി. (അക്കാലത്ത് ബക്കിംഹാം പാലസിൽ എഡ്വേർഡ് ആറാമന് മൂന്നു വയസ്സായിരുന്നു.) ആ ബ്രാഹ്മണയുവാവ് വിഷകലിതമായ ലൗകികം ത്യജിക്കുകയായിരുന്നു. പത്തുകൊല്ലത്തിനകം സംഭവിക്കാവുന്ന കലക്കം മറിച്ചിലുകൾ അപ്പോൾ അധികമാരും പ്രവചിച്ചില്ല.

ഉപരിഡക്കാനിൽ നർമദാതീരത്തു കാട്ടിൽ മുത്തച്ഛനെ കണ്ടെത്തിയശേഷം അദ്ദേഹം സന്യാസിയാകാനുള്ള ഒരുക്കങ്ങൾ തുടങ്ങി. മനുസ്മൃതിയിൽ പറയുന്നപോലെ മനുഷ്യജീവിതം പൂർണതയിലെത്തിക്കാൻ വൈദിക സംസ്കൃതിയിൽ ഗൌതമം എന്നും വാസിഷ്ഠം' എന്നും രണ്ടു മാർഗമുണ്ട്. നാല് ആശ്രമങ്ങളുടെ-ജീവിതഘട്ടങ്ങളുടെ-മാർഗമാണ് അതിലൊന്ന്. ഗൃഹനാഥൻെറ കർത്തവ്യങ്ങൾ നിറവേറ്റുക, പിന്തുടർച്ചയ്ക്കുള്ള കുട്ടികളെ പഠിപ്പിച്ചുതയാറാക്കുക, വിസ്തൃത മതകർമങ്ങൾ അനുഷ്ഠിക്കുക, പുരോഹിത ബ്രാഹ്മണസമുദായത്തിൻെറ വിധികൾ പാലിക്കുക, എന്നിവയാണവ. ഈ കർത്തവ്യങ്ങൾ നിർവഹിക്കാൻ ഉദ്ദേശം നാല്പത്തിരണ്ട് കൊല്ലം

വേണ്ടിവരും. അറുപത്തിമൂന്നാം വയസ്സിൽ തൻെറ മക്കഠം വളർന്നു കഴിഞ്ഞാൽ, പെൺകുട്ടികഠക്ക് അവരുടെ കുടുംബമായാൽ, തൻെറ ബ്രാഹ്മണവൃത്തികളും അനുഷ്ഠാനങ്ങളും മൂത്തമകനുകൊടുത്തു കഴിഞ്ഞാൽ, ഒരു മാറ്റം വരും. അദ്ദേഹം സ്വതന്ത്രമനുഷ്യനാകും. പത്നിയുണ്ടെങ്കിൽ അവരുമൊത്ത് കാട്ടിലേയ്ക്കോ, മറ്റേകാന്തതയിലേയ്ക്കോ, സകല ലൌകികബന്ധങ്ങളിൽനിന്നും മുക്തനാകാൻ പോകാവുന്നതാണ്. തയാറാണെങ്കിൽ ഇനി സന്യാസിയെന്ന നാലാമത്തെ സ്ഥിതിയിലേയ്ക്ക് കടക്കാവുന്നതുമാണ്.

ഇതാണ് സാമാന്യജീവിതം. എന്നാൽ ചെറുപ്പത്തിലേ സർവവും ത്യജിക്കാൻ സന്നദ്ധതയുള്ള ദൃഢവിശ്വാസികഠക്ക് മറ്റൊരു മാർഗം തുറന്നുകിടപ്പുണ്ട്. അവർക്ക് ഗൃഹസ്ഥാശ്രമവും വാനപ്രസ്ഥവും കൂടാതെതന്നെ സകല ലൌകികവും ത്യജിക്കുകയെന്ന അവസാനഘട്ടത്തിലേയ്ക്കു നേരിട്ടുപ്രവേശിക്കാം.

ഭാരതത്തിൽ ഇതിനും പണ്ടുതന്നെ നിയമങ്ങളുണ്ട്. 780 മുതൽ 820 എ.ഡി. വരെ ജീവിച്ച് ഇന്ത്യയുടെ എല്ലാഭാഗത്തുമായി പന്ത്രണ്ട് ആശ്രമങ്ങഠം സ്ഥാപിച്ച ശ്രീ. ശങ്കരാചാര്യരാണ് അവ രൂപപ്പെടുത്തിയത്. ഇപ്പോഠം ഭാരതത്തിൽ നാലുവിഭാഗങ്ങളിലായി അത്തരം നാലു മഠങ്ങളുണ്ട്. ഓരോ മഠാധിപതിയും സ്ഥാപകൻെറ പേരായ ശങ്കരാചാര്യരെന്നപേരിൽ അറിയപ്പെടുന്നു. ഓരോ മഠാധിപനും ആ മഠം ആദ്യമായി തുടങ്ങിയ മഠാധിപതിയുടെ പേരും കൂടി ചേർക്കാറുണ്ട്. കിഴക്ക് തോത്താപുരി ആയതിനാൽ മഠാധിപന് 'പുരി' എന്ന പേരും ചേർക്കാറുണ്ട് - പുരി ശങ്കരാചാര്യർ. വടക്കൻ സന്യാസിമാർക്ക് 'സരസ്വതി' എന്നും പടിഞ്ഞാറൻ സന്യാസിമാർക്ക് 'ഗിരി' എന്നും ചേർക്കാറുണ്ട്.

ഭാവി ശിവപുരി ബാബ അദ്ദേഹത്തിൻെറ തീരുമാനങ്ങഠം മുത്തച്ഛൻെറ മരണത്തിനുശേഷമാകാമെന്നുവച്ചു. മരണമടുത്തപ്പോഠം മുത്തച്ഛൻ രത്നങ്ങളുടെ വലിയൊരു ശേഖരം കൊടുത്തു. അത് ജീവന്മുക്തിയോ ഭഗവൽ സാക്ഷാൽക്കാരമോവരെ സൂക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതിനുശേഷം ശ്രീശങ്കരാചാര്യർ സ്ഥാപിച്ച പാരമ്പര്യം പോലെ ലോകാടനം നടത്തണം. ലോകാടനമെന്നതിനർഥം കല്പിച്ചിരുന്നത് കാൽനടയായി ഭാരതത്തിൻെറ നാലുമൂലകളിലും തീർഥാടനം നടത്തി സ്വദേശത്തേയ്ക്ക് മടങ്ങുകയെന്നായിരുന്നു. എന്നാൽ ലോകം മുഴുവനുമുള്ള തീർഥാടനത്തിനു മുത്തച്ഛൻ കൽപിച്ച അർഥം വാക്യാർഥം തന്നെയായിരുന്നു. സന്യാസിമാർ കാൽനടയായി സഞ്ചരിക്കാത്ത രാജ്യങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കാൻ അദ്ദേഹം വലിയൊരു സംഖ്യ സ്വരുപിച്ചിരുന്നു.

മുത്തച്ഛൻെറ സംസ്കാരവും അതോടനുബന്ധിച്ച കർമങ്ങളും കഴിഞ്ഞശേഷം തെക്കുള്ള ശങ്കരമഠത്തിലെത്തി അദ്ദേഹം സന്യാസം

സ്വീകരിച്ചു. ഗോവിന്ദാനന്ദഭാരതി എന്നപേരും സ്വീകരിച്ചു. സന്യാസ സ്വീകരണം അദ്ദേഹത്തിനാവശ്യമില്ലെന്നറിയാമായിരുന്നെങ്കിലും ഭക്തി യുടെ ഒരംശമായി അതു സ്വീകരിച്ചുവെന്നാണ് ഇതിനെപ്പറ്റി അദ്ദേഹം പറഞ്ഞത്.

തുടർന്ന് അദ്ദേഹം നുറുകണക്കിന് നാഴിക നീണ്ടുകിടക്കുന്ന നർമദാ നദിയുടെ തീരത്തുള്ള കാടുകൾ ലക്ഷ്യമാക്കിപോയി. ഇതി ൻെറ അവസാനഘട്ടത്തിൽ പതിനാല് ദിവസത്തേയ്ക്ക് ഒരു മനു ഷ്യനെപ്പോലും കണ്ടിട്ടില്ല. അദ്ദേഹം അവസാനമായി തിരഞ്ഞെടുത്ത സ്ഥലം ആ ഘോരവനത്തിൽ മനുഷ്യപ്രവേശം അസാദ്ധ്യമായ ഒരിട ത്തായിരുന്നു. മനുഷ്യരാശിയിൽ നിന്നും തികച്ചും ഒറ്റപ്പെട്ട ആ കാലത്ത് ഒരു സന്യാസിക്കു വേണ്ട ജീവിതം നിലനിർത്തുക എന്ന ഒറ്റ ആവശ്യ ത്തിനാധാരമായ ഭക്ഷണം അദ്ദേഹം ഫലമൂലങ്ങളിൽ കണ്ടെത്തി.

ഗോവിന്ദാനന്ദൻ തുടരാനാഗ്രഹിച്ചിരുന്നത് ആദിമൂലജ്ഞാനമോ (Itambhara Pragna) എല്ലാ പ്രതിബിംബങ്ങൾക്കുമതീതമായ ആ മൂല്യജ്യോതിസിൻെറ സാക്ഷാൽക്കാരമോ ആയിരുന്നു. മഹാന്മാരായ യോഗികൾ പിന്തുടർന്നപോലെ അറിയപ്പെടുന്ന മാർഗങ്ങളിൽ കൂടി ഘട്ടംഘട്ടമായിട്ടാണ് ഈ സ്ഥിതിയിലെത്തുക. രൂപത്തിന്നതീതമായി ദിവ്യരൂപത്തിലുള്ള ദൈവികദർശനം തുടക്കത്തിൽ ആരാലും സാദ്ധ്യ മല്ല. ഇദംബരപ്രജ്ഞയിലെത്താൻ ദൈഹിക സുഖങ്ങളെല്ലാം ഒന്നൊ ന്നായി ത്യജിക്കണം. ആ ആവരണങ്ങളും പരിപൂർണമായും നീങ്ങണം. ആത്മാവു ആലോചനകൾക്കും ചിന്തകൾക്കും ഉപരിയായ മൂലരൂ പത്തിലെത്തണം. ഈ ഭക്തിയുടെ പരാകാഷ്ഠയിൽ ഭാവഭേദങ്ങൾ നശിക്കുന്നു. വ്യക്തിയും സർവവ്യാപിയും ഒന്നായിത്തീരുന്നു. ഈ പരിപൂർണതയിലേയ്ക്കുള്ള മാർഗ്ഗത്തിൽ പലേ ആപേക്ഷികഘട്ടങ്ങളും അതിൻെറ രീതിയിലുള്ള ദൈവികാനുഭൂതിയുമുണ്ട്. ഓരോ അവസ്ഥയി ലുമെത്തുമ്പോൾ ആ നിലയിൽ പിന്നേയും കുറവുകൾ കാണുമ്പോൾ അതിനേയും തിരസ്കരിക്കണം.

എത്ര തവണ ദൈവദർശനം കിട്ടി എന്നന്വേഷിക്കുന്നത് അറിയ പ്പെടാത്ത പാതാളത്തേക്കാൾ അധികം ആഴത്തിലേയ്ക്ക് പതിക്കുക യാവാം. കൊല്ലങ്ങൾ കടന്നുപോയി. ഗോവിന്ദാനന്ദൻ പറയുന്നത് അദ്ദേഹത്തിനു സമയബന്ധം വേഗത്തിൽ നഷ്ടപ്പെട്ടുവെന്നാണ്. ഭാരതീയ വനങ്ങളിൽ ചൂടും തണുപ്പുമൊഴികെ യാതൊരു പുറം സമ്പർക്കവുമില്ലാതെ കൊല്ലങ്ങളോളം കഴിക്കാം. പ്രകൃതിനിയമങ്ങളിൽ നിന്ന് പിന്മാറിയിട്ടുള്ള സന്യാസിമാർക്ക് കാലവർഷംപോലും അറി യാതെ കടന്നുപോകാം. സ്നേഹിതന്മാരും സഹവർത്തികളുമായി വന്യ മൃഗങ്ങളൊഴികെ ആരുമില്ലാത്ത കാട്ടിൽ ഇരുപത് കൊല്ലത്തിൽ കൂടുതൽ തികച്ചും ഏകാകിയായി കഴിച്ചുകൂട്ടുക എന്നു പറയാൻ

എളുപ്പമാണ്. യൂറോപ്യന്മാരായ നമ്മാം ചിലപ്പോഴേകാന്തതയിൽ കുറച്ചുകാലം കഴിയാനാഗ്രഹിക്കുമെങ്കിലും ഒരുമാസം പോലും ഒറ്റയ്ക്ക് താമസിക്കാൻ കഴിയാത്ത സ്ഥിതിയിൽ, യുവത്വം നിറഞ്ഞുനില്ക്കുന്ന ഇരുപത്തഞ്ചിനും നാല്പത്തഞ്ചിനും വയസ്സിനുമിടയിൽ, ഇരുപത് കൊല്ലത്തോളം ഏകാകിയായി ജീവിക്കാൻ തയ്യാറാകുന്ന ഒരു മനുഷ്യ ന്റെ ചിത്രം കിട്ടുവാൻ പോലും പ്രയാസമാണ്. ഫലമൂലാദികാം ഭക്ഷി ച്ചു ജീവിക്കാൻ കഴിഞ്ഞെന്നുവരും. എന്നാൽ ഇരുപത്തഞ്ച് കൊല്ലം മറ്റൊരു മനുഷ്യനുമായി ഒരു വാക്കുപോലും കൈമാറാതെ, മാനസിക പരിശുദ്ധിക്ക് കോട്ടംതട്ടാതെ കഴിക്കണമെങ്കിൽ ഒരിളകാത്ത പരിശുദ്ധ മനസ്സുതന്നെ വേണം. ഇതിലെ ഏറ്റവും വിഷമം പിടിച്ചഭാഗം ആ അന്തിമസാക്ഷാൽക്കാരം എന്ന് ലഭിക്കുമെന്നറിയാതെ അനിശ്ചി തത്വത്തിലാണ്ടുകഴിയുന്ന കൊല്ലങ്ങളാണെന്ന് എനിക്കുതോന്നുന്നു. പലർക്കും വിഷമതകാം കുറേക്കാലത്തേയ്ക്ക് സഹിക്കാൻ കഴി ഞ്ഞേക്കാം. ഫലസിദ്ധിക്കൊരു നിശ്ചയവുമില്ലാതെ കഴിവിനുപരിയായ ധൈര്യത്തെ വലയ്ക്കുമ്പോഴാണ് വിഷമം.

ലൌകികത ത്യജിക്കുകയെന്നതിനർഥം ലോകത്തെ ധിക്കരിക്കുക യെന്നോ നിരസിക്കുകയെന്നോ അല്ലെന്ന് ശിവപുരിബാബ പറയാറുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അതിനർഥം ജീവവൃത്തിക്കാവശ്യ മില്ലാത്ത എല്ലാ കർമങ്ങളേയും ത്യജിക്കുകയെന്നാണ്. പരബ്രഹ്മത്തിന് വിശ്വപ്രകൃതിയോടുള്ള ബന്ധമാണ് പ്രവർത്തിക്ക് പ്രകൃതിയോടും വിശു ദ്ധമനുഷ്യനു ദേഹത്തോടുമുള്ളത്. ഇത് പരസ്പരസ്നേഹത്തിന്റെ ബന്ധമാണ്. അന്ന് ഗോവിന്ദാനന്ദന് പ്രകൃതിയോടുണ്ടായിരുന്ന അതേ സ്നേഹം തന്നെയാണ് ഒരു നൂറ്റാണ്ടിനുശേഷവും ശിവപുരിബാബയ്ക്ക് കാനനപുരിയിലിരുന്ന് ഞങ്ങളെ സ്വീകരിച്ചപ്പോഴുമുണ്ടായിരുന്നത്.

കൊല്ലങ്ങാം കടന്നുപോയി. അന്തരാത്മശക്തിക്കും ആഴമേറി. അദ്ദേഹം തന്റെ ഏകാന്തധ്യാനത്തിന്റെ കാലത്തെപ്പറ്റി പുറത്തേ യ്ക്കൊന്നും പറഞ്ഞിട്ടില്ലെന്നാണ് എന്റെ അറിവ്. അതിനാൽ എന്തെല്ലാം ആദ്ധ്യാത്മികപരിവർത്തനങ്ങളാണ് ഉണ്ടായതെന്ന് നമുക്കറിയില്ല. അക്കാലത്ത് പുറം രാജ്യം അതിന്റെ വഴിക്കുപോവു കയായിരുന്നു. 1857ൽ ഭാരതത്തിന്റെ ഒന്നാം സ്വാതന്ത്ര്യസമരം നടന്നു. അതിനെക്കുറിച്ച് കൊല്ലങ്ങളോളം താൻ അറിഞ്ഞില്ലെന്നാണ് ഭാരതത്തിലെ ഒരു പത്രലേഖകനോട് അദ്ദേഹം 1961ൽ പറഞ്ഞത്.

അലക്സാണ്ടർക്കും അക്ബർക്കും പുറം രാജ്യത്തുനിന്ന് വന്ന വർക്കും തകർക്കാൻ കഴിയാത്തത്ര, ദൃഢമായി വാർത്തെടുത്ത ഭാരതീയ സംസ്ക്കാരം ചരിത്രപരമായ മാറ്റത്തിലൂടെ നീങ്ങുകയായിരുന്നു. 10,000 കൊല്ലങ്ങാംക്കുമുമ്പ് കഴിഞ്ഞകൃതയുഗത്തിന്റെ (Ice age) തികഞ്ഞ ലക്ഷണങ്ങളുള്ള വൈദികസംസ്കാരത്തിന്റെ പാരമ്പര്യം തുടരുകയാ

യിരുന്നു. ഭാരതം മൂന്നു ശതാബ്ദത്തിലാദ്യമായി പുതു ജീവിതത്തിനു രൂപം നൽകാൻ അതിൻെറ അതിർത്തിക്കുമപ്പുറത്തേയ്ക്ക് നോക്കുകയായിരുന്നു. സുരേന്ദ്രനാഥബാനർജിയേയും ഗോപാലകൃഷ്ണ ഗോഖലെയേയുംപോലുള്ള ഭാരതീയ മഹാന്മാർ ഇന്ത്യയുടെ കവാടം പശ്ചിമപഠനത്തിനും സംസ്കൃതിക്കും പശ്ചിമരീതിക്കുപോലും തുറന്നുകൊടുക്കുകയായിരന്നു. അധികകാലം കഴിയുന്നതിനുമുമ്പ് തേജസ്വിയായ ബാലഗംഗാധര തിലകനും അരവിന്ദഘോഷും പശ്ചിമസംസ്കാരത്തെ അപഗ്രഥിച്ച് ഇന്ത്യയുടെ ആത്മീയസ്വാതന്ത്ര്യത്തിനായി ഒത്തുതീർപ്പിനിടമില്ലാതെ വാദിച്ചു. ഇതിൽനിന്ന് ഒരു പടി മേലെയായ രാഷ്ട്രീയസ്വാതന്ത്ര്യത്തിനുള്ള ആഗ്രഹം വരികതന്നെ ചെയ്യുമല്ലോ.

ഈ സംഭവങ്ങളും ലോകത്തിലുണ്ടായ മറ്റുള്ളവയും പെരുംകാട്ടിലെ ആശ്രമത്തിൽ ദൈവത്തേയും കാത്തിരിക്കുന്ന ആ ഏകാകിക്ക് ഒന്നുമായിരുന്നില്ല.

അവസാനം അതിമഹത്തായ ആ നിമിഷമെത്തി. അത് ഒരു മിന്നൽപോലെ വന്നു എന്നദ്ദേഹം പറയാറുണ്ട്. ഭഗവൽദർശനമുണ്ടായി. എല്ലാ പ്രശ്നവും തീർന്നു. ഈ പുസ്തകമാകെത്തന്നെ, ആ നിമിഷത്തിൻെറ അനന്തരഫലത്തോട് ബന്ധപ്പെട്ടതാകയാൽ, ആ നിമിഷത്തെ സന്തോഷത്തോടുകൂടി വിസ്തരിച്ചുപറയുമായിരുന്നു. എന്നാൽ രൂപങ്ങൾക്കതീതമായ ജ്യോതിർമയമായ ദൈവികദർശനത്തെ ആർക്കാണ് എങ്ങനെയാണ് വിവരിക്കാനാവുക? നൂറുകണക്കിന് ദൈവേച്ഛുക്കൾ അതിനൊരുങ്ങിയിട്ടുണ്ട്. അതിൽ പലരും ആധികാരത്വമില്ലാത്തവരോ അന്തിമസാക്ഷാൽക്കാരം സിദ്ധിക്കാത്തവരോ ആണ്. സാക്ഷാൽക്കാരം ലഭിച്ചവരുടെ മുമ്പിൽ നമുക്ക് ഭയഭക്തിയോടെ കണ്ണടച്ചു നമസ്ക്കരിക്കുകമാത്രം ചെയ്യാം. അവരുടെ ദർശനമാത്രയിൽ അവർ ഇനിയൊന്നും നേടാനില്ലാത്ത സ്വർഗീയാനുഭൂതിയിലാണെന്നും ഗ്രഹിക്കാൻ കഴിയും. എൻെറ ജീവിതത്തിൽ ഞാൻ കണ്ടുമുട്ടിയവരിൽ മനുഷ്യസാദ്ധ്യമായ രൂപപരിപൂർണതയുടെ വിശ്വസനീയമായ ബോധം അദ്ദേഹത്തേക്കാൾ കൂടുതൽ എനിക്കു മറ്റാരും നൽകിയിട്ടില്ല.

ഇനി എന്തുചെയ്യണം? അന്ന് അദ്ദേഹത്തിന് അമ്പതുവയസ്സായിരുന്നു. കടമകൾ പിന്നെയും നിർവഹിക്കാനുണ്ട്. ലോകമാകെ ചുറ്റിക്കൊണ്ടുള്ള തീർഥയാത്രക്ക് മുത്തച്ഛനോട് ചെയ്ത വാഗ്ദാനമുണ്ട്. ദൈവദർശനം ലഭിച്ച ഒരു സന്യാസി ചെയ്യേണ്ട കടമകളുണ്ട്.

ലോകത്തിലേയ്ക്കുള്ള പുനഃപ്രവേശം അങ്ങേയറ്റം പ്രത്യേകതയുള്ള ഒരു നിമിഷമാകാം. മനുഷ്യൻ യഥാർഥമെന്നു വിശ്വസിക്കുന്ന ലോകം പർണശാലകളിൽ കഴിയുന്ന സന്യാസിമാരും സന്യാസിനിമാരും ഒരു മിഥ്യയായിട്ടാണ് കണക്കാക്കുന്നത്. പത്തോ മുപ്പതോ കൊല്ലം ഏകാന്തതയിൽ കഴിഞ്ഞ ഒരാൾക്ക്, ഫലമൂലഗണങ്ങൾ മാത്രം

ഭക്ഷിച്ചിരുന്ന ഒരാഠംക്ക്, പരമസത്യപ്രാപ്തി ധ്യാനത്താൽ ലഭിച്ച പരിശുദ്ധ ദൃഢമനസ്കന്, കർക്കശമായ മനഃസിദ്ധാന്തങ്ങളനുസരിക്കാത്ത ഏകാകിയായ മഹായോഗിക്ക്, ലോകബന്ധം എത്ര അധികം അലൌകികമാകാം? പൂർണ്ണ ഏകാഗ്രതയിലുള്ള ജീവിതവുമായി ഇണങ്ങിച്ചേർന്ന ഒരു സന്യാസിക്ക് ഈ ഭയം എപ്പോഴുമുണ്ടാകും. അദ്ദേഹത്തിനു ലോകത്തെ ത്യജിച്ചിട്ടില്ലെങ്കിലും ലോകത്തെ മറന്ന് വന്യമൃഗങ്ങളുടെ കൂട്ടുകെട്ടുമായി കിട്ടുന്ന ഭക്ഷണത്തിൽ തൃപ്തിപ്പെട്ട് ജീവിക്കാൻ കഴിയും. ഒരനുഗ്രഹീതനായ മൃഗത്തെപ്പോലെ അദ്ദേഹം ദിവ്യദർശനത്തിൽ ജീവിതമവസാനിപ്പിക്കും.

ഈ സ്ഥിതിവിശേഷങ്ങളെല്ലാം കഴിഞ്ഞ് ലോകത്തിലേയ്ക്കു മടങ്ങിമനുഷ്യവൃത്തികളിൽ സത്വരശ്രദ്ധ പരിപൂർണ്ണഉന്മേഷത്തോടെ ചെയ്യുന്ന ആ വൃദ്ധൻെറ മുമ്പിലിരുന്നു നോക്കിയപ്പോഠം എൻെറ ഉള്ളിൽക്കൂടി കടന്നുപോയ സാത്വികവിചാരങ്ങഠം അങ്ങിനെയൊക്കെയായിരുന്നു.

അദ്ദേഹത്തിൻെറ ഏകാന്തജീവിതത്തെപ്പറ്റി അദ്ദേഹമൊന്നും പറഞ്ഞിട്ടില്ല. അതിനുശേഷമുള്ള കാൽനടയായ തീർഥാടനത്തെപ്പറ്റിയും വളരെക്കുറച്ചേ പറഞ്ഞിട്ടുള്ളൂ. ഈ പറയുന്ന വിവരണങ്ങളെല്ലാം ഒറ്റപ്പെട്ട അറിവുകളുടെ സംഗ്രഹമാണ്. ഇതിനിടയിൽ അതിപ്രധാനമായ പലതും നഷ്ടപ്പെട്ടുപോയിരിക്കാം. അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ അദ്ദേഹത്തിനൊരു താൽപര്യവുമുണ്ടായിരുന്നില്ല. അദ്ദേഹം ആരെയൊക്കെ കണ്ടുവെന്നും എവിടെയൊക്കെ പോയി എന്നുമുള്ള എൻെറ ചോദ്യങ്ങഠംക്ക് പത്തിലൊന്നുപോലും അദ്ദേഹം മറുപടി പറഞ്ഞിരുന്നില്ല.

കാട്ടിൽ നിന്ന് അദ്ദേഹം നേരെ പശ്ചിമ ദിശയിൽ പോയി ബറോഡയിലെത്തി. അക്കാലത്ത് എൻെറ പത്നീപിതാവും മിൻേറാ പ്രഭുവിൻെറ സഹോദരനുമായ എച്ച്. എ. എല്ലിയറ്റിൻെറ ശിഷ്യൻ സയാജി റാവു III ൻെറ പട്ടാഭിഷേകം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളു. ബാലഗംഗാധരതിലകൻെറ വിപ്ലവാശയങ്ങഠംക്ക് കൂട്ടുനിന്നതിനാൽ പിന്നീട് എല്ലിയറ്റിനും വൈസ്രോയിയുമായി (മിൻേറാ പ്രഭു) ഇടയേണ്ടി വന്നു. ശിവപുരിബാബ ബറോഡയിൽ തിലകനെ ജ്യോതിഷഗണിതം പഠിപ്പിച്ചിരുന്നു. ഈ കാര്യം എനിക്ക് കൗതുകകരമായിരുന്നു. കാരണം തിലകൻെറ "വേദത്തിലെ ആർട്ടിക് ഹോം" എന്ന പുസ്തകം പഴയ ചരിത്രത്തിൻെറ അത്യാകർഷകമായ പുനർനിർമാണമെന്നനിലയ്ക്കു ഞാൻ അത്യധികം വിലമതിച്ചിരുന്നു. അസാമാന്യമായ ആദ്ധ്യാത്മിക ജ്ഞാനത്തിൻെറ ഉഠംക്കാഴ്ചയില്ലാതെ അത് സാദ്ധ്യമായിരുന്നില്ല.

ആദ്യത്തെ കാൽനടയാത്ര ഭാരതത്തിലെ എല്ലാ തീർഥാടന സ്ഥാനങ്ങളിലേയ്ക്കുമായിരുന്നു. ഭാരതത്തിലാകമാനം സ്നേഹ

ത്തോടെ അറിയപ്പെട്ടിരുന്ന തന്നേക്കാൾ എട്ടുവയസ് കുറഞ്ഞ ശ്രീരാമകൃഷ്ണപരമഹംസനെ അദ്ദേഹം കൽക്കത്തയിൽ കണ്ടു.

ബറോഡയിൽ ഭാരതീയ സംസ്കൃതിയുടെ വ്യാഖ്യാതാവായ മഹാനായ അരവിന്ദഘോഷിനെ കണ്ടു. അക്കാലത്ത് ഘോഷ് കേവലം സ്കൂൾ വിദ്യാർഥിയായിരുന്നു. എന്നാൽ ദൈവദർശനത്താൽ സർവജ്ഞാനിയായ ആ യോഗിയുമായുള്ള സംസർഗം ഘോഷിൻെറ പിന്നീടുള്ള ജീവിതത്തിൽ വിജയകരമായ രാഷ്ട്രീയജീവിതം ത്യജിച്ച് സന്യാസിയാകാനുള്ള ദൃഢനിശ്ചയത്തിനുള്ള കരുത്തുനൽകിയിരിക്കാം. അരവിന്ദൻ അദ്ദേഹത്തെ "ലാലു" എന്ന പേരിലാണറിഞ്ഞിരുന്നത്. അദ്ദേഹത്തിൻെറ അവസാനകാലങ്ങളിൽ ശിഷ്യന്മാരോട് ലാലുവിനെപ്പറ്റി പറയാറുണ്ടായിരുന്നു. ലാലുവുമായുള്ള കൂടിക്കാഴ്ചയുടെ ഓർമയാണ്, ജീവിതമദ്ധ്യത്തിൽ പുതിയ മാർഗം സ്വീകരിക്കാനുള്ള നിശ്ചിത കാരണം. അരവിന്ദഘോഷിൻെറ സിദ്ധാന്തങ്ങളുമായി പരിചയമുള്ള ഈ പുസ്തകത്തിൻെറ വായനക്കാർക്കു സമീപനരീതിയിൽ പ്രത്യേകിച്ച് ദൈവികാന്വേഷണത്തേയും ജീവിതത്തിലെ കർത്തവ്യനിർവഹണത്തേയും ഒന്നിച്ചു നിർവഹിക്കണമെന്നതിൽ സാമ്യം കാണാൻ കഴിയും.

ലോകപര്യടനത്തിനുള്ള സമയമായി. ഇതൊരു പൊതുകർത്തവ്യം മാത്രമല്ല. ചില നിശ്ചിതോദ്ദേശങ്ങൾ കൈവരുത്തുകകൂടിയാണ്. ദൈവത്തെ മുഖാമുഖം കണ്ട സന്യാസിക്ക് മനുഷ്യനെ അവൻെറ എല്ലാ നിലയിലും കണ്ടറിയുകകൂടി വേണം. ദൈവത്തെ ധ്യാനിച്ച് തപസ്സിരിക്കുന്നതിലും കൂടുതൽ കാലം മനുഷ്യരാശിയെ ഗ്രഹിക്കാനുള്ള മഹായജ്ഞത്തിന് വേണ്ടിവന്നേക്കാം.

ഇന്ത്യയ്ക്കു ശേഷം അഫ്ഗാനിസ്ഥാനെന്നു അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഒരു നിലയ്ക്ക് കാൽനടയായി പോകുന്ന ഒരു പശ്ചിമ തീർഥാടകന് അനിവാര്യവും സ്വാഭാവികമായുമായ മാർഗം കൈബർ ചുരത്തിൽക്കൂടി പുറത്തുകടക്കുന്നതാണ്. അദ്ദേഹം ആദ്യം ആഗാഖാനെ-ഹസൻ അലി ഷാ-കണ്ട് ഇസ്മഈൽ രീതിയുമായി പരിചിതനായി എന്നാണ് തോന്നുന്നത്. ഹിന്ദുക്കൾക്ക് സാമാന്യമായി നിഷിദ്ധമായ ഇസ്ലാമിക ലോകത്തേയ്ക്കുള്ള കവാടം തുറന്നുകിട്ടാൻ ആഗാഖാൻെറ മഹത്തായ സ്വാധീനം കാരണമായി എന്നുതോന്നുന്നു. ഇസ്ലാമിക ജീവിതത്തിൻെറ ആദ്ധ്യാത്മിക കേന്ദ്രമായിരുന്നു അഫ്ഘാനിസ്ഥാനിൽ കുറച്ചുകാലം കഴിഞ്ഞതായി അദ്ദേഹം ഞങ്ങളോട് പറഞ്ഞിട്ടുണ്ട്.

അഫ്ഗാനിസ്ഥാനിൽ നിന്ന് അദ്ദേഹം പേർഷ്യയിലേയ്ക്കു പോയി. ഈ ഭാരതീയയോഗിയെ ഷാ സ്വീകരിച്ചുവെന്നും അദ്ദേഹത്തിൻെറ പടിഞ്ഞാറൻ യാത്രയ്ക്കുള്ള സഹായം ചെയ്തുകൊടുത്തുവെന്നും മാത്രമേ നമുക്കറിയുകയുള്ളു.

അദ്ദേഹത്തിൻെറ അടുത്ത ലക്ഷ്യം മെക്കയായിരുന്നു. വിശുദ്ധ നഗരിയിലേയ്ക്കദ്ദേഹം പോയെന്നു പറയുന്നത് അത്ഭുതമായി തോന്നുന്നു. ഏറ്റവും ഉയർന്ന മുസ്ലിം മതാധിപന്മാർ അദ്ദേഹത്തിൻെറ പവിത്രതയംഗീകരിച്ച് അനുശാസിച്ചാൽ മാത്രമേ വിശുദ്ധനഗരിയിൽ കടക്കാനനുവദിക്കുകയുള്ളൂ. ആവശ്യമായ യുക്തി അദ്ദേഹത്തിന് നിരത്താൻ കഴിയുമെന്നതിൽ സംശയമില്ല- "ദൈവം ഒന്നാണ്. അദ്ദേഹത്തെ മാത്രമേ അനുസരിക്കേണ്ടു. മൊഹമ്മദ് അദ്ദേഹത്തിൻെറ സേവകനും പ്രവാചകനുമാണ്." എന്നാൽ വിശുദ്ധനഗരത്തിലേയ്ക്കുള്ള പ്രവേശനത്തിന് തുർക്കി ഭരണത്തിൻെറ ആ അശ്രദ്ധമായ നാളിൽപ്പോലും, യുക്തിമാത്രം മതിയായിരുന്നില്ല. ഒരുവൻെറ ആന്തരിക കർമത്താലാണ് അവൻ യഥാർഥ മുസ്ലിം ആകുന്നതെന്ന് ഇസ്ലാമിൻെറ യഥാർഥ തത്വജ്ഞാനികൾക്കറിയാൻ കഴിയും. പുറമേയ്ക്ക് ഏതു വർഗമാണെങ്കിലും അദ്ദേഹം പൂർണമായും ദൈവത്തിന്നർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ വാക്യാർഥത്തിൽ അയാളൊരു മുസ്ലിമാണ്. ഗോവിന്ദാനന്ദനെ സംബന്ധിച്ച് ഇത് കുട്ടിക്കാലം മുതൽക്കുതന്നെ സത്യമായിരുന്നു. അതിനുപുറമേ സുഫ്രി ബ്രദർഹുഡിൻെറ വിശ്വാസിയാണെന്ന മെക്കയിൽ സ്വീകാര്യമായ സാക്ഷ്യപത്രവും അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്നു.

ഇസ്ലാമികതത്വങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അറിവ് ഞാനദ്ദേഹത്തെ ആദ്യമായികണ്ടപ്പോൾ അദ്ദേഹമൊരു മുസ്ലിമാണെന്നു വിശ്വസിച്ച വിധത്തിൽ പരിപൂർണമായിരുന്നു. ഞാനക്കാലത്തെഴുതിയ ലേഖനത്തിൽ അങ്ങനെ പറയുകയും ചെയ്തു. യഥാർഥ മുസ്ലിമിൻെറ രീതിയിൽ ദൈവത്തെക്കുറിച്ച് സംസാരിക്കുന്ന പ്രത്യേക രീതിയുണ്ടായിരുന്നു. അത് ദൈവബോധം മനുഷ്യനിലേയ്ക്കിറങ്ങിവരുന്നതും മനുഷ്യാത്മാവിൽ ദൈവത്തിൻെറ ശക്തിയായ പ്രഭാവവും ഒന്നായികാണുന്നു. ഈ വിധത്തിലാണ് ശിവപുരിബാബ സംസാരിച്ചിരുന്നത്. പിന്നീട് അദ്ദേഹം സംസാരിക്കുന്നത് തികഞ്ഞ ദിവ്യത്വത്തിൻെറ അജ്ഞാതാനുഭൂതിയിൽ നിന്നാണെന്ന് ഞാൻ മനസ്സിലാക്കി. ഇതദ്ദേഹത്തിന് സർവമതസത്യം പരമാർത്ഥം ഹിന്ദുക്കൾക്കും ബുദ്ധമതക്കാർക്കും മുസ്ലിങ്ങൾക്കും കൃസ്ത്യാനികൾക്കുമെല്ലാം പരിപൂർണമായി സംശയമന്യേ വിശ്വസിക്കാവുന്ന സത്യം - വിവരിക്കാനുള്ള കഴിവുണ്ടാക്കി.

ഇതുകൊണ്ട് ഏതെങ്കിലും മതവിശ്വാസവുമായിചേർന്നു നിൽക്കാൻ അദ്ദേഹം തയ്യാറായിരുന്നു എന്നല്ല ഞാൻ പറയുന്നത്. ഓരോ പുരാതന വൈദികമതത്തിൻെറ മുഖ്യസിദ്ധാന്തത്തോടുമുള്ള അദ്ദേഹത്തിൻെറ എതിർപ്പ് ഈ പുസ്തകത്തിൽ പിന്നീട് കൊടുത്തിട്ടുണ്ട്. ഇസ്ലാമിനോടുള്ള അദ്ദേഹത്തിൻെറ നിലപാട് കുറച്ചുവാക്കു

കളിൽ സമാഹരിക്കാം: "മെക്കയിലേയ്ക്കുള്ള തീർത്ഥാടകർ യഥാർത്ഥമത ബോധത്താൽ ഉത്തേജിതരാണ്. എന്നാൽ നിലനിൽപുള്ള ഇസ്ലാമി ലേയ്ക്കു എനിക്കൊരു ആകർഷണവും തോന്നുന്നില്ല." ക്രിസ്ത്യാനികളുടെ പരിശുദ്ധനഗരമായ ജറുസ

മെക്കയിൽ നിന്നും ക്രിസ്ത്യാനികളുടെ പരിശുദ്ധനഗരമായ ജറുസ ലത്തിലേയ്ക്ക് അർധമരുഭൂമിയിൽകൂടി എണ്ണൂറ് മൈലോളം യാത്ര ചെയ്യണം. ലോകം മുഴുവൻ കാൽനടയായ തീർത്ഥാടനത്തിന്റെ മതി ക്കാനാവാത്ത നേട്ടം വിസ്തരിക്കാൻ കഴിയാത്ത ഞാൻ അത് വിട്ടു കളയുകയാണ്. എൺപത് ശതമാനം കരയിൽക്കൂടിയും ബാക്കി കാൽനടയായുമായിരുന്നുവെന്നദ്ദേഹം പറഞ്ഞത് വിശ്വസിക്കാ തിരിക്കാൻ ഞാനൊരു കാരണവും കാണുന്നില്ല. ഈ ഭൂഗോളമാകെ ചുറ്റിത്തിരിയാൻ അദ്ദേഹം നാല്പത് കൊല്ലത്തോള(1875-1915)മെടുത്തു. ഭൂമദ്ധ്യരേഖയിൽകൂടി തന്നെ ലോകംചുറ്റുവാൻ 25,000 നാഴികയോളം വരും. അദ്ദേഹം പോയതോ? ചിലപ്പോഴ് വടക്കേ ധ്രുവത്തിലും ചില പ്പോഴ് തെക്കേ ധ്രുവത്തിലുമെത്തത്തക്കവിധം വളഞ്ഞുപിരിഞ്ഞ വഴിയിൽക്കൂടിയാണുതാനും. ഞാൻ പലതവണ ഇന്ത്യയിൽ നിന്ന് യൂറോപ്പിലേയ്ക്കു പകൽ സമയത്തു പറന്നുപോയിട്ടുണ്ട്. പേർഷ്യ മാത്രം ആയിരം നാഴികദൂരമുണ്ട്. ഏറ്റവും പ്രായോഗികമായ വടക്കൻ വഴിയിൽക്കൂടി പോവുകയാണെങ്കിൽ മലകളും അടിവാരങ്ങളും ഒ ന്നൊന്നായി കടന്നു ലണ്ടനിൽനിന്ന് റോമിലേക്കുള്ളതിൽ കൂടുതൽ ദൂരം പോകണം.

തീർത്ഥാടകരായ സന്യാസിമാർക്ക് ആതിഥ്യമര്യാദ ലഭിക്കാവുന്ന താഴ്‌വരകളിലെ ഗ്രാമങ്ങളിൽക്കൂടിയുള്ള വഴിയായിരിക്കും അദ്ദേഹം അധികവും തിരഞ്ഞെടുത്തിരിക്കുക. എന്നാൽ മെക്കയിലേയ്ക്കുള്ള തീർത്ഥയാത്രയാണെങ്കിൽ അത് മറ്റൊരു കഥയാണ്. ഒരൊട്ടകത്തിനു പോലും എത്ര ഭയാനകമാണ് അറേബിയൻ മരുഭൂമിയെന്ന് എനിക്കൊ രുവിധമറിയാം. അലിപ്പോവിലെ ഫർഹാദ് ദേദെ എന്ന മറ്റൊരു സന്യാ സിയെ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹം എഴുപതു വയസ്സിൽ അലിപ്പോ വിൽ നിന്ന് മെക്കയിലേയ്ക്ക് കാൽനടയായിപ്പോയി. കാൽനടയായി തന്നെ മടങ്ങാനും ആഗ്രഹിച്ചു. എന്നാൽ ടർക്കിയിൽ നിന്നുള്ള ഭക്തജനങ്ങളുടെ ഉപദേശത്തിനു വഴങ്ങി കടൽവഴി മടങ്ങുകയാ ണുണ്ടായത്. ഫർഹാദ് ദേദെ എഴുപത് വയസ്സായ മനുഷ്യൻ നടത്തി യിട്ടുള്ള ഏറ്റവും മികച്ച കർമ്മമായിക്കരുതി അതിനെപ്പറ്റി സംസാരി ക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ശിവപുരിബാബയ്ക്കും ആ പ്രായമായി രിക്കാം. എന്നാൽ അദ്ദേഹം ആകെ ലോകം വലംവച്ചയാത്രയുടെ ഒരു ചെറുഭാഗംപോലും - മുപ്പതിൽ ഒന്നുപോലും - ഇതാകുന്നില്ല.

1890ലെപ്പോഴോ അദ്ദേഹം ജറുസലേമിലെത്തി. അവിടെ കുറച്ചു കാലം കഴിച്ച് ഈസ്റ്റാമ്പൂളിലേയ്ക്കുപോയി. ഈ വഴിയിൽക്കൂടി

ഞാൻ പോയിട്ടുണ്ട്. അവസാനിക്കാത്ത സ്റ്റെപ്പിമലകളും ഉദാരരും മതവിശ്വാസികളുമാണെങ്കിലും ഇണങ്ങാത്ത ഏഷ്യാമൈനറിലെ കൃഷിക്കാരേയും എനിക്കു മനസ്സിൽ കാണാൻ കഴിയും.

താൻ പോയ മിക്ക രാജ്യങ്ങളിലേയും ഭരണാധിപന്മാരെ അദ്ദേഹം കണ്ടിട്ടുണ്ട്. എന്നാൽ ടർക്കിയിലെ അവിശ്വാസിയായ സുൽത്താൻ അബ്ദുൾ ഹമീദു IIനെ അദ്ദേഹം കണ്ടിട്ടില്ല. അദ്ദേഹം ബാൾക്കൻ വഴി ഗ്രീസിലേയ്ക്ക് ധൃതിയിലാണ് പോയതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഏതൻസിൽ നിന്ന് ഒരു പക്ഷേ കടൽവഴിയാകാം റോമിലെത്തിയത്.

ക്രിസ്തുമതത്തെക്കുറിച്ച് കൂടുതലറിയാൻ അദ്ദേഹം കുറച്ചുകാലം റോമിലുണ്ടായിരുന്നുവെന്ന് എന്നോടുപറഞ്ഞിട്ടുണ്ട്. ഞാൻ അദ്ദേഹവുമായി സംസാരിച്ചതിൽ നിന്ന് അദ്ദേഹത്തിന് കാത്തോലിക്കാമതത്തെപ്പറ്റിയുള്ള അറിവ് താത്വികപരിധിയിലും അധികമാണെന്ന് എനിക്കു തോന്നി. കത്തോലിക്കരുടെ ഹൃദയത്തിലും മനസ്സിലും പുണ്യവതിയായ മേരിക്കുള്ള സ്ഥാനം അദ്ദേഹത്തിനു നല്ലവണ്ണമറിയാമെന്നു കണ്ടപ്പോൾ എനിക്കത്ഭുതം തോന്നി. എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ ജീവചരിത്രത്തേക്കാളും ലോകസഞ്ചാരത്തേക്കാളും പ്രാധാന്യമിതിനാകയാൽ ഞാൻ അദ്ദേഹവുമായി സംസാരിച്ചതിലേയ്ക്ക് പിന്നീട് കടക്കാം.

നിർഭാഗ്യവശാൽ വത്തിക്കാനിൽ അദ്ദേഹം ആരെ കണ്ടുവെന്നോ, ഏതു നിലയ്ക്കു കണ്ടുവെന്നോ, എന്തെല്ലാം കണ്ടുവെന്നോ, അദ്ദേഹത്തോട് ചോദിക്കാൻ വിട്ടുപോയി. ഏതു നിലയ്ക്കായാലും ദൈവത്തിൽ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന എല്ലാവർക്കും റോം അന്ന് തുറന്നുകൊടുത്തിരുന്നില്ല.

ഇറ്റലിയിൽ അദ്ദേഹം കൂടുതൽ കാലമുണ്ടായില്ല. യൂറോപ്പിലെ മിക്കവാറും എല്ലാ രാജ്യവും അദ്ദേഹം സന്ദർശിച്ചു. കൈസർ വില്യം രണ്ടാമനും നെതർലാൻറിലെ എമ്മ മഹാറാണിയുമായുള്ള കൂടിക്കാഴ്ചകൾ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഹോളൻറിലുള്ള സ്നേഹിതന്മാരിൽനിന്ന് ഇക്കാര്യം എനിക്ക് അടുത്തകാലത്തറിയാൻ കഴിഞ്ഞു. അദ്ദേഹം മറ്റുപലവ്യക്തിപ്രഭാവങ്ങളേയും കണ്ടിട്ടുണ്ടെങ്കിലും അവരേയോ അതിൻെറ കാരണങ്ങളേയോകുറിച്ചൊന്നും പറഞ്ഞിട്ടില്ല.

പിന്നീട് അദ്ദേഹം ഇംഗ്ലണ്ട് സന്ദർശിച്ചു. വിക്ടോറിയാ രാജ്ഞിയുടെ ഇന്ത്യൻ സെക്രട്ടേറിയറ്റിൽ നല്ല സ്വാധീനമുണ്ടായിരുന്ന അബ്ദുൽ കരീമിൻെറ ക്ഷണമനുസരിച്ചാണ് ഇംഗ്ലണ്ടിലെത്തിയതെന്ന് തോന്നുന്നു. ഗോവിന്ദ എന്ന പേരിൽ ഇംഗ്ലണ്ടിലറിയപ്പെട്ടിരുന്ന ഗോവിന്ദാനന്ദഭാരതി 1896 മുതൽ 1901 വരെ നാലുകൊല്ലം ഇംഗ്ലണ്ടിൽ കഴിഞ്ഞു. ഇതിനിടെ അദ്ദേഹം പതിനെട്ട് തവണ വിക്ടോറിയാ രാജ്ഞിയെ വിവിധ കൊട്ടാരങ്ങളിൽ കണ്ടു. അദ്ദേഹത്തിൻെറ സന്ദർശനങ്ങൾ

തികച്ചും വ്യക്തിഗതമായിരുന്നുവെന്ന് ഞങ്ങളോടു പറഞ്ഞിരുന്നു. ഇതു രാജ്ഞിയുടെ ഡയറിയിൽ എഴുതിയിട്ടുണ്ട്. അത് എഡിറ്റു ചെയ്തിപ്പോൾ ബിട്രീസ് രാജകുമാരി അത്ര തന്നെ ശ്രദ്ധിച്ചിട്ടുമുണ്ട്.

അദ്ദേഹത്തിൻെറ ഇംഗ്ലണ്ടിലുള്ള താമസം തുടർന്നുള്ള തീർഥയാത്രയ്ക്കു വിഘ്നം വരുത്തുകയായിരുന്നു. മഹൽവസതികളിൽ മാത്രമല്ല ഗ്രാമഗ്രാമാന്തരം കാൽനടയായി രാജ്യം മുഴുവൻ അദ്ദേഹം സന്ദർശിച്ചു. വെൽഷ് കുന്നുകളെക്കുറിച്ചുള്ള എൻെറ വർണനകൾ അദ്ദേഹത്തിന് ഓർമിക്കാനും തിരിച്ചറിയാനും കഴിഞ്ഞിരുന്നു. സ്നോഡോൺ സന്ദർശനവും അവിടെ കണ്ട ഒരാളെക്കുറിച്ചും അദ്ദേഹം പറഞ്ഞിരുന്നു. ഇരുപത്തിയഞ്ച് കൊല്ലത്തിനുശേഷം മനുഷ്യദ്വീപു സന്ദർശിച്ച അവസരത്തിൽ തൻെറ ജീവിതത്തിലൊരു പ്രധാന പങ്കുവഹിച്ച ഒരു കുട്ടിയുടെ വീട്ടിലും, വിൽക്കിൻസൺ വസതി, അദ്ദേഹം താമസിച്ചിട്ടുണ്ട്.

അദ്ദേഹത്തിൻെറ വിശിഷ്ടമായ ഇംഗ്ലീഷും മഹാഭാരതത്തിൽ നിന്നോ രാമായണത്തിൽ നിന്നോ എടുത്തതോ സ്വയംരചിതമോ ആകാവുന്ന സന്ദർഭോചിതമായ കഥകളുടെ ജീവസ്സും പെട്ടെന്നുള്ള തമാശകളുടെ ബുദ്ധികൂർമതയും എല്ലാറ്റിനുമുപരി അർധശ്രദ്ധയിലുള്ളവരെപ്പോലും ഉണർത്താനുള്ള വിശുദ്ധിയുടെ ശക്തി നൽകിയ തടുക്കാനാവാത്ത ആകർഷണവും ഒത്തുചേർന്ന് നൂറ്റാണ്ടിൻെറ അവസാനത്തിൽ അദ്ദേഹത്തെ ഒരു മഹാപുരുഷനാക്കിത്തീർത്തു. അദ്ദേഹം എല്ലാ ദിക്കിലും പോയി. എല്ലാവരേയും കണ്ടു. ഇന്ത്യയെപ്പറ്റി വളരെ അധികം ചോദിക്കാനുണ്ടായിരുന്ന റാഡോൾഫ് ചർച്ചിലിനേയും സാലിസ്ബറി പ്രഭുവിനേയും കുറിച്ചദ്ദേഹം പറഞ്ഞിരുന്നു. യോഗികളേയും അവരുടെ ഇച്ഛകളേയും വെറുക്കുന്ന ജോർജ് ബർനാഡ്ഷായുമായുള്ള സംഭാഷണത്തിൽ ചോദിച്ചെന്നദ്ദേഹം പറഞ്ഞു: “ഇന്ത്യയിലെ സന്യാസിമാരായ നിങ്ങൾ ഉപയോഗശൂന്യരാണ്. സമയത്തെ നിങ്ങൾ ആദരിക്കുന്നില്ല.” “നിങ്ങൾ സമയത്തിൻെറ അടിമകളാണ്. ഞാൻ അതിനതീതനായി നിത്യതയിൽ ജീവിക്കുന്നു.” എന്നായിരുന്നു അദ്ദേഹത്തിൻെറ ഉത്തരം.

വിക്ടോറിയാ രാജ്ഞിയെ പതിനെട്ടു തവണ അദ്ദേഹം സന്ദർശിച്ചതിനെക്കുറിച്ച് ചിലതുപറയാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിക്കുകയാണ്. രാജ്ഞിയുടെ ഇന്ത്യൻ സർവീസിൽപെട്ട. മിക്ക പ്രധാനപ്പെട്ടവരും അബ്ദുൽ കരീമിൻെറ തീവ്രനോട്ടത്തിലുള്ള മുസ്ലിമുകളായിരുന്നു. എനിക്കറിയാവുന്നിടത്തോളം രാജ്ഞിയെ സന്ദർശിക്കുന്ന ആദ്യത്തെ സന്യാസി ഗോവിന്ദാനന്ദനായിരുന്നു. എന്നാൽ ഇന്ത്യയുടെ മഹത്തായ ആദ്ധ്യാത്മിക സത്തയുമായി ആദ്യമായി ഇംഗ്ലണ്ടിലെത്തിയത് തീർച്ചയായും അദ്ദേഹമായിരുന്നില്ല. അതിനും

കുറച്ചുകൊല്ലം മുമ്പ് ശ്രീരാമകൃഷ്ണമിഷൻെറ സ്ഥാപകനും ശ്രീരാമകൃഷ്ണപരമഹംസൻെറ പ്രധാന ശിഷ്യനുമായ സ്വാമിവിവേകാനന്ദൻ 1893-ലെ ചിക്കാഗൊ മതസദസ്സിൽ പങ്കെടുക്കാൻ പോകുംവഴി ഇംഗ്ലണ്ടിലെത്തിയിരുന്നു. ഗോവിന്ദാനന്ദൻ അത്തരത്തിലൊരു ഉദ്ദേശമോ ലക്ഷ്യമോ ഇല്ലാതെയാണ് വന്നത്. എന്നാൽ ഏതോ അജ്ഞാത കാരണത്താൽ അദ്ദേഹത്തിൻെറ വരവ് രാജ്ഞി പ്രതീക്ഷിച്ചിരുന്നു. ഇംഗ്ലണ്ടിലെ അദ്ദേഹത്തിൻെറ താമസവും ബന്ധങ്ങളും ഭാരതീയതത്വസംഹിതക്ക് വിലമതിക്കാനാവാത്ത പലതും ലോകത്തിന് സംഭാവന ചെയ്യാൻ കഴിയുമെന്നബോധം ഉണർത്തി.

താൻ സ്നേഹിക്കുന്ന ഇന്ത്യൻ ജനതയുടെ ആത്മീയ ജീവിതത്തിൽ രാജ്ഞി അത്യധികം ശ്രദ്ധചെലുത്തിയിരുന്നു. അവരുടെ ഡയറിയിൽ കാണുന്നപോലെ, തൻെറ രാജ്യം ഭാരതത്തിലേറ്റെടുത്തിട്ടുള്ള കടമകളെക്കുറിച്ച് അവർ അത്യന്തം ബോധവതിയായിരുന്നു. സ്വന്തം ജനതയോടെന്നപോലെ സ്നേഹം നിറഞ്ഞ വികാരങ്ങളായിരുന്നു ഇന്ത്യാക്കാരോടും അവർക്കുണ്ടായിരുന്നത്. ഇംഗ്ലണ്ടും ഇന്ത്യയുമായി നിലനിൽക്കാവുന്ന ഏകബന്ധം പരസ്പര സ്നേഹവും ആദരവുമാണെന്ന് അവർ അറിഞ്ഞിരുന്നു. നിർഭാഗ്യവശാൽ അവരുടെ ഈ സ്ത്രീസഹജവികാരം മന്ത്രിമാർപോലും അറിഞ്ഞിരുന്നില്ല. മിക്ക ഇംഗ്ലിഷുകാരും സ്വാർത്ഥത്തിൻേറയും സാമ്രാജ്യതാൽപര്യത്തിൻേറയും അടിമകളായിരുന്നു.

ഇതിനെല്ലാം പുറമെ കൺസർട്ട് രാജകുമാരൻെറ മരണാനന്തരം അതിൻെറ രഹസ്യത്തെക്കുറിച്ച് രാജ്ഞി എപ്പോഴും ചിന്താവിഷ്ടയായിരുന്നു. തൻെറ പുറംവൃത്തികളിൽ എത്രതന്നെ മറയ്ക്കാൻ നോക്കിയാലും ആ രഹസ്യം അവരെ വലയം ചെയ്തിരുന്നു. മരണത്തിൻെറ തിരശ്ശീലക്കപ്പുറമുള്ള ഒരാളായി തന്നെക്കാണുന്ന ഒരു മനുഷ്യനായിട്ടാണ് രാജ്ഞി ഗോവിന്ദാനന്ദനെ കണ്ടത്. അവർക്ക് അവരെതന്നെ കണ്ടെത്താൻ അദ്ദേഹം സഹായമാകുമെന്ന ആശ അവർക്കുണ്ടായിരുന്നു എന്ന കാര്യത്തിൽ എനിക്കുസംശയമില്ല. തൻെറ ജീവിതകാലത്ത് അദ്ദേഹം ഇംഗ്ലണ്ട് വിടരുതെന്ന താല്പര്യം അദ്ദേഹത്തിൻെറ സഹായം രാജ്ഞിക്ക് ലഭിച്ചിരുന്നു എന്നതിനു തെളിവാണ്.

1901ൽ രാജ്ഞിയുടെ മരണശേഷം, അറ്റ്ലാൻറിക്കു കടന്ന് അദ്ദേഹം അമേരിക്കയിലെത്തി. മെക്കിൻലിയുടെ വധത്തിന് തൊട്ടുപിറകെയാണ് അദ്ദേഹമെത്തിയത്. പ്രസിഡൻറായി ഭരണകാലം ആരംഭിക്കുകയായിരുന്ന തിയോഡർ റൂസ്വെൽട്ടിൻ അദ്ദേഹം കണ്ടു. രണ്ടുമൂന്നുകൊല്ലം അദ്ദേഹം യു.എസ്.എ.യിൽ കഴിച്ചുകൂട്ടി. സ്വാമി വിവേകാനന്ദൻ വേദാന്ത പ്രസ്ഥാനം സ്ഥാപിച്ച് ഇന്ത്യയിലേയ്ക്കു മടങ്ങി മുപ്പത്തൊമ്പതാം വയസ്സിൽ സമാധിയായി. യു.എസ്.എ.യിൽ

താമസിക്കാനും ഇന്ത്യൻ ആത്മീയതത്വങ്ങൾ മനസ്സിലാക്കാനാഗ്രഹിക്കുന്നവരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും നിർബ്ബന്ധിക്കുന്ന കത്തുകൾ ഗോവിന്ദാനന്ദന് ഒരുപാട് കിട്ടിയിരുന്നു. ഞങ്ങൾ ഇതിനെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:- "സ്വാമിവിവേകാനന്ദനെ ലോകസഹായത്തിന് ദൈവം തിരഞ്ഞെടുത്തു. അത് അദ്ദേഹത്തിന് നിർവഹിക്കേണ്ട ധർമ്മമായിരുന്നു. ശ്രീശങ്കരനെപ്പോലെ അദ്ദേഹം ചെറുപ്പത്തിൽ സമാധിയാവുകയും ചെയ്തു. എന്നാൽ അതിനുമുമ്പേ അദ്ദേഹം തൻെറ ധർമം നിർവ്വഹിച്ചിരുന്നു. എനിക്കു ലോകത്തിൽ അത്തരമൊരു കർമവുമില്ല. അതിനാൽ ഞാൻ എവിടേയും പോകാൻ സ്വതന്ത്രനായിരുന്നു."

1904ൽ യു.എസ്.എ. വിട്ട് അദ്ദേഹം തെക്കോട്ട് യാത്ര തുടർന്ന് മെക്സിക്കോവിലെത്തി പ്രായമായ ഏകാധിപതി പൊർഫീരിയോ ഡയാസിനെ കണ്ടു. റൂസ്‌വെൽട്ടുമായി ഡയാസിനുണ്ടായിരുന്ന സ്നേഹബന്ധംമൂലം മദ്ധ്യഅമേരിക്കയിൽ ശാന്തി പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. എന്നാൽ ഗ്രാമഗ്രാമാന്തരം ചുറ്റിനടന്ന ആ തീർഥാടകൻ കണ്ട മെക്സിക്കോവിലെ സ്ഥിതി ശോചനീയമായിരുന്നു. ലക്ഷക്കണക്കിനാളുകൾ അടിമകളായിട്ടാണ് ജീവിച്ചിരുന്നത്.

വീണ്ടും അദ്ദേഹം തെക്കോട്ട് യാത്രചെയ്തു. അവസാന കാലത്ത് അദ്ദേഹം ഹിമാലയംപോലെ പശ്ചിമരാജ്യത്തെ കുറ്റൻ മലയായ ആൻഡേഴ്സും കടന്ന് കൊളമ്പിയയിൽക്കൂടിയും പെറുവിൽക്കൂടിയും നടന്ന് വമ്പൻ ചുരങ്ങളിലെത്തി. എനിക്ക് ആ പ്രദേശങ്ങൾ അറിയുകയില്ല. എന്നാൽ എൻെറ കൂടെയുണ്ടായിരുന്ന രണ്ടുവനിതകൾ അദ്ദേഹത്തിൻെറ ഓർമകളുടെ യാഥാർഥ്യം സ്ഥിരീകരിച്ചിരുന്നു. അദ്ദേഹം യാത്രചെയ്ത വഴികൾ വിവരിക്കുന്നതിനിടയിൽ വഴിതെറ്റിയതും ലോകത്തെ ഏറ്റവും ഉയർന്ന സ്ഥലത്തുള്ള റ്റിറ്റിക്കാക്ക തടാകതീരത്തെത്തിയതും പറഞ്ഞിരുന്നു. പന്തീരായിരത്തി അഞ്ചുറ് അടി ഉയരത്തിലുള്ള ആ തടാകത്തിന് നൂറ്റിപ്പത്ത് മൈൽ നീളമുണ്ട്. തീരത്ത് ഒരു മഹാസംസ്ക്കാരം നഷ്ടപ്പെട്ട ലക്ഷണങ്ങളുമുണ്ട്. അദ്ദേഹം റ്റിറ്റിക്കാക്ക സന്ദർശിക്കുന്ന സമയം അത് അറിയപ്പെടാത്ത സ്ഥലമായിരുന്നു. മനുഷ്യസംസ്ക്കാരത്തിൻെറ ഉറവിടമായിരുന്ന അതന്വേഷിച്ചു കണ്ടെത്താനുള്ള ഗോവിന്ദാനന്ദൻെറ അന്തർദൃഷ്ടിയിൽ എനിക്കത്ഭുതം തോന്നുകയാണ്.

കുറെകാലം തെക്കെ അമേരിക്കയിൽ താമസിച്ചശേഷം കപ്പൽ വഴി പെസഫിക് ദ്വീപുകളും ന്യൂസിലാൻറും ഓസ്ട്രേലിയയും കടന്ന് 1913ൽ അദ്ദേഹം ജപ്പാനിലെത്തി. ഒന്നാം ലോകമഹായുദ്ധം തുടങ്ങിയപ്പോൾ അദ്ദേഹം സിങ്കിയാങ്ങിലായിരുന്നു. പിന്നീടദ്ദേഹം പുരാണ തീർഥാടകരുടെ വഴി തുടർന്ന് നേപ്പാളിലെത്തി. ജോൺഹണ്ടും

സംഘവും 1952ൽ കയറിയ എവറസ്റ്റ് ശിഖരത്തിലെത്താനും അദ്ദേഹം ഉദ്ദേശിച്ചിരുന്നതാണത്രെ!

പിന്നീട് കാശിയിലെത്തി മദൻമോഹൻമാളവ്യയുടെ കൂടെ താമസിച്ചു. കാശി ഹിന്ദുവിശ്വവിദ്യാലയം സ്ഥാപിക്കാനുള്ള ഫണ്ടിലേയ്ക്കു അദ്ദേഹം അമ്പതിനായിരം രൂപ സംഭാവന ചെയ്തു. ചാൻസലറാകാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചെങ്കിലും സന്യാസി എന്ന നിലയ്ക്ക് അദ്ദേഹം അത് തിരസ്കരിച്ചു.

തീർത്ഥയാത്ര കഴിഞ്ഞതായി കരുതപ്പെടണമെങ്കിൽ ഒരലയുന്ന ഭിക്ഷുവിനെപ്പോലെ അദ്ദേഹത്തിന് തൻെറ ഗൃഹത്തിൽ ചെല്ലേണ്ട ഒരവസാനകർമം ബാക്കിയുണ്ടായിരുന്നു. ഏകദേശം എഴുപത് വർഷത്തിനുശേഷം അദ്ദേഹം കേരളത്തിലെത്തിയപ്പോൾ തൻെറ വീട് മനസ്സിലാക്കാൻ കഴിയാത്തത്രവിധം മാറിയിരുന്നു. സന്യാസിയായപ്പോൾ പൈതൃകസ്വത്ത് അദ്ദേഹം ഏക സഹോദരിക്ക് കൊടുത്തിരുന്നു. അവരും ലോകംവെടിയാറായപ്പോൾ എല്ലാം വിറ്റ് സാധുക്കൾക്ക് ദാനം ചെയ്തു. അദ്ദേഹത്തോടുകൂടി ആ കുടുംബം നശിക്കുമെന്ന മുത്തച്ഛൻെറ പ്രവചനം ശരിയായി. മുത്തച്ഛൻ നൽകിയ പണത്തിൽ കുറച്ചുകൂടി ബാക്കിയുണ്ടായിരുന്നത് അദ്ദേഹം നർമദാ തീരത്തെ കാടുകളിൽ മറ്റ് അമൂല്യവസ്തുക്കളോടൊപ്പം കുഴിച്ചിട്ടു.

ചെയ്യേണ്ടതെല്ലാം ചെയ്തു. നേപ്പാളിലെ വനങ്ങളിൽ ബാക്കിജീവിതം കഴിക്കാനാഗ്രഹിച്ചു. ഇതിന് അവിചാരിതമായ വിഷമം നേരിട്ടു. നേപ്പാളിലെ അന്നത്തെ നിയമപ്രകാരം ശിവരാത്രിക്ക് ഇന്ത്യയിൽ നിന്ന് എത്തുന്ന തീർത്ഥാടകർക്ക് ഒരാഴ്ചയിൽ കൂടുതൽ താമസിക്കാൻ അനുമതിയുണ്ടായിരുന്നില്ല. മാർച്ചിൽ നടക്കുന്ന ആ വിശേഷത്തിനെത്തുന്നവരിൽ കൂടുതലും വിശ്വാസികളുടെ ആതിഥ്യം സ്വീകരിച്ച് മലയിടുക്കുകളിൽ കൂടി പോകുന്ന 'സാധു'ക്കളായിരുന്നു.

വിവരമറിയിച്ചതിനെത്തുടർന്ന് നിയമത്തിനു വഴങ്ങി പൊലിസ് മുഖ്യാലയത്തിലേയ്ക്കു പോകുകയായിരുന്ന അദ്ദേഹത്തോട് വണ്ടിയിൽ പോവുകയായിരുന്ന ഒരു ഇംഗ്ലിഷുകാരൻ താഴെ ഇറങ്ങി "താങ്കൾ ഗോവിന്ദനല്ലേ?" എന്നുചോദിച്ചു. മനുഷ്യദ്വീപിൽ ഇരുപതുകൊല്ലം മുമ്പ് സ്കൂൾ വിദ്യാർത്ഥിയായിക്കണ്ട അതേ വിൽകിൻസനായിരുന്നു അദ്ദേഹം. ബാബയെ അറിയുന്നതിൽ അദ്ദേഹത്തിന് തെറ്റുകയില്ലെന്നറിയാം. നൂറു വയസ്സായ അദ്ദേഹത്തിന് അപ്പോഴും അതേ നിവർന്ന ശരീരവും അതേ കറുത്തിടതിങ്ങിയ മുടിയും, അതിനെല്ലാം പുറമെ അൻപത് കൊല്ലം മുമ്പ് ദൈവദർശനമുണ്ടായപ്പോൾ ഉണ്ടായിരുന്ന അതേ അത്ഭുതകരമായ കണ്ണും അപ്പോഴുമുണ്ടായിരുന്നു.

വിൽകിൻസൻ അക്കാലത്ത് നേപ്പാളിലെ റസിഡണ്ടും മഹാരാജാവിൻെറ അടുത്ത സുഹൃത്തുമായിരുന്നു. അദ്ദേഹം സുഹൃത്തിന്

-ബാബയ്ക്ക്-അതിവിശിഷ്ടമായ ആതിഥ്യം നേടിക്കൊടുത്തു. അങ്ങനെ ബാബ നേപ്പാളിന്റെ തലസ്ഥാനമായ കാഠ്മണ്ഡുവിൽ നിന്നും ദൂരെയല്ലാത്ത ശിവപുരി മലയുടെ കൊടുമുടിയിൽ താമസമാക്കി.

എൺപത് കൊല്ലംമുമ്പ് കുടുംബപ്പേരും പേരും മാറിയതുപോലെ ഗോവിന്ദാനന്ദഭാരതി എന്ന പേരും മാറി. നേപ്പാളിൽ അദ്ദേഹം ശിവപുരിവനത്തിൽ താമസിക്കുന്ന ഒരു വൃദ്ധസന്യാസിയായിരുന്നു. പിന്നേയും അദ്ദേഹത്തിനു പ്രാപിക്കേണ്ട മുപ്പത്തെട്ട് കൊല്ലം 'ശിവപുരി ബാബ' എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടത്.

വിൽകിൻസൺ എല്ലാ ഞായറാഴ്ചയും അവിടെപ്പോയി ഒരു ശിഷ്യനെപ്പോലെ നിലംതൂത്തുവാരുക, ഭക്ഷണം പാകംചെയ്യുക തുടങ്ങിയ കർത്തവ്യങ്ങൾ നിശബ്ദനായിചെയ്ത് അദ്ദേഹത്തിന്റെ സമയവും കാത്തുനിൽക്കാറുണ്ട്. സന്ധ്യയ്ക്കു അദ്ദേഹം തലസ്ഥാനത്ത് മടങ്ങിയെത്തി ബ്രിട്ടിഷ് ഭരണത്തിലെ ഉയർന്ന ഉദ്യോഗസ്ഥന്റെ കടമകൾ തുടരും.

ദൈവജ്ഞാനവും ജീവിതാർത്ഥവും നൽകുന്ന അന്തഃപ്രജ്ഞ തേടുന്ന പൂർണഭക്തിയും തിരക്കിട്ട പൊതുജീവിതവും ഏകോപിപ്പിക്കാൻ കഴിവുള്ള അപൂർവവ്യക്തികളിലൊരാളായിട്ടാണ് ബാബ വിൽകിൻസനെ കണ്ടിരുന്നത്.

അപ്പോഴേയ്ക്കും ശിവപുരിബാബയ്ക്കു നൂറിലേറെ വയസായിരുന്നു. അദ്ദേഹത്തിന്റെ കീർത്തി നേപ്പാളിനപ്പുറം ഇന്ത്യയിലും ബർമയിലും സിലോണിലുമെല്ലാം പരക്കുകയായിരുന്നു. എന്നാൽ അദ്ദേഹം തന്റെ വസതി, ഒരു തീർത്ഥാടനകേന്ദ്രമോ ആശ്രമമമോആക്കി, മുക്തിക്കുള്ള മാർഗത്തിൽ സഹായവുംതേടി എത്തുന്ന പാദസേവകരും, വിവാഹിതരായ ഭക്തജനങ്ങളും, മനശ്ശാന്തിക്കെത്തുന്ന ജനക്കൂട്ടവും, ദേശാടനക്കാരും ചേർന്ന ഒരു കേന്ദ്രമാക്കുന്നതിനെ ശക്തിയായി എതിർത്തു. അങ്ങനെ ഒരു പരിശ്രമം നടത്തുന്നപക്ഷം ആർക്കും കാണാൻ കഴിയാത്ത സ്ഥലത്തേയ്ക്ക് അപ്രത്യക്ഷനാകുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

ഒരു മഹാത്മാവിലോ പണ്ഡിതനിലോ കാണാറുള്ള സാമാന്യ ജിജ്ഞാസയുടെ തിരസ്ക്കാരമായിരുന്നു ശിവപുരിബാബയെ കാണുന്നതിനുമുമ്പുതന്നെ എന്നെ അദ്ദേഹത്തിലേക്കാകർഷിച്ചതെന്ന് ഞാൻ തുറന്നുപറയട്ടെ. ഞാൻ ഏറ്റവും ഒടുവിൽ അദ്ദേഹത്തെ കണ്ടപ്പോൾ സ്വതന്ത്രവ്യക്തി ആരെന്നതിൽ അദ്ദേഹം അക്ഷരാർത്ഥത്തിൽ ബോധവാനാണെന്ന് എനിക്കു കാണാൻ കഴിഞ്ഞു. സ്തുതിയിലും നിന്ദയിലും തികച്ചും നിഷ്ക്രിയൻ. താനാരെന്നും എന്തെന്നും അറിയുന്നവൻ. ശേഷിച്ച ജീവിതത്തിൽ എന്തുചെയ്യണമെന്നും എന്തുകൊണ്ടുചെയ്യണമെന്നും ബോധമുള്ളവൻ.

അദ്ദേഹത്തിൻെറ ജീവിതത്തിൻെറ ലൌകികോദ്ദേശം അദ്ദേഹം ഒരിക്കലും പറഞ്ഞിട്ടില്ലെങ്കിലും, വയോവൃദ്ധരുടെ കർത്തവ്യനിർവഹണത്തിൽ വഴികാട്ടി സഹായിക്കുക എന്നതായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം ലൌകികകർത്തവ്യനിർവഹണം കടമയായി കരുതിയിരുന്നു. അതിലൂടെ മുക്തികിട്ടുകയില്ലെങ്കിലും അതൊരു തിരസ്കരിക്കാനാകാത്ത കടമതന്നെയാണ്. പല മഹാത്മാക്കളേയും ബാധിക്കാറുള്ള യാതൊരു മഹത്വാകാംക്ഷയും-ലോകമാഹാത്മ്യത്തെപ്പറ്റി ഉജ്ജ്വലമായി സംസാരിച്ചതിലുള്ള ഉത്തേജനവും- അദ്ദേഹത്തിലുണ്ടായിരുന്നില്ല. ഈ പുസ്തകമെഴുതാൻ അദ്ദേഹമെന്നെ അനുവദിച്ചപ്പോഠം അദ്ദേഹം കണ്ടിരുന്ന ചിലരെക്കുറിച്ചു ഞാൻ ചോദിച്ചു - എന്നെ സഹായിക്കാൻ വിസമ്മതിച്ച് അദ്ദേഹം പറഞ്ഞു: “അതിനുപ്രാധാന്യമില്ല. നിങ്ങഠം എൻെറ സിദ്ധാന്തങ്ങളെക്കുറിച്ചെഴുതണം. എന്നെക്കുറിച്ചുവേണ്ട.”

മരിക്കുന്നതിനുമുപ്പതുകൊല്ലംമുമ്പ് തനിക്കു തൊണ്ടയിൽ അർബുദം ബാധിച്ചതായി ശിവപുരി ബാബ അറിഞ്ഞു. അതിനുള്ള ചികിത്സയ്ക്കുവേണ്ടി അദ്ദേഹം കാട്ടിൽ നിന്ന് കാഠ്മണ്ഡുവിനടുത്തുള്ള ഒരു സ്ഥലത്തേയ്ക്കു മാറി. ആദ്യം ഇപ്പോഴത്തെ സ്ഥലത്തിനടുത്തുള്ള കിരാതേശ്വരിൽ ചെറിയ കുടീരം കെട്ടി 1943വരെ താമസിച്ചു. തൻെറ ഭക്തന്മാരുടെ ഇഷ്ടാനുസരണം ഡോക്ടറെ കാണാൻ അദ്ദേഹം സമ്മതിച്ചുവെങ്കിലും അതുകൊണ്ടു ഗുണമുണ്ടാവുകയില്ലെന്നറിഞ്ഞപ്പോഠം യോഗിമാർക്കറിയാവുന്ന മാർഗം പിന്തുടർന്നു. അർബുദം ക്രമേണ കുറഞ്ഞ് മാറി. അന്നുമുതൽ അദ്ദേഹം സിഗററ്റ് വലിക്കാൻ തുടങ്ങി. മരിക്കുന്നതിന് രണ്ടുവർഷം മുമ്പ് രണ്ട് അമേരിക്കൻ ഡോക്ടർമാർ പരിശോധിച്ചതിൽ അദ്ദേഹത്തിന് അർബുദമുണ്ടായിരുന്നതിൻേറയും മാറിയതിൻേറയും ലക്ഷണങ്ങളുണ്ടെന്ന് പറഞ്ഞതായി മനന്ധർ എന്നെ അറിയിച്ചു. അർബുദം മാറിയപ്പോഠം ധ്രുവസ്ഥലി എന്ന ഇപ്പോഴത്തെ സ്ഥലത്തേയ്ക്ക് താമസം മാറ്റി. ഒന്നും കൊടുക്കാതെ ‘സാധു’ക്കഠംക്കു താമസിക്കാവുന്ന പശുപതിനാഥക്ഷേത്രത്തിൻെറ പിന്നിലുള്ള കാടാണത്. അദ്ദേഹം തന്നെ മരംകൊണ്ട് ചെറിയ കുടീരമുണ്ടാക്കി. ശീതകാലതണുപ്പിൽ നിന്ന് രക്ഷനേടാൻ അത് ഇഷ്ടികച്ചുമരുകൊണ്ട് മറച്ചു.

നേപ്പാളിലുണ്ടായിരുന്ന മുപ്പത്തെട്ടുകൊല്ലം അദ്ദേഹത്തെക്കുറിച്ചു കേഠംക്കാൻ ഭാഗ്യമുണ്ടായ ആയിരക്കണക്കിന് സന്യാസിമാരും, ഗൃഹസ്ഥരും, മറുനാട്ടുകാരും അദ്ദേഹത്തെ സന്ദർശിച്ചിരിക്കണം. അദ്ദേഹത്തെക്കുറിച്ച് ആദ്യമായി ഞാൻ അറിയുന്നത് സിലോണിലെ ബുദ്ധമതജ്ഞാനിയും സംസ്കൃതവിദ്വാനുമായിരുന്ന പ്ര.രത്നസൂര്യയിൽ നിന്ന് 1933 ലാണ്. തികഞ്ഞ ബുദ്ധമതാനുയായിയായ രത്നസൂര്യ

സിലോണിലെ ബുദ്ധസന്യാസി-ഭിക്കൂസ്-മാരനുവർത്തിച്ചിരുന്ന മതത്തിൽ തൽപരനായി. വിശിഷ്ട അഷ്ടപഥത്തിൻെറ ഉദ്ദേശമായ 'ഉത്തേജനം' ലഭിച്ച, കാട്ടിൽ വസിക്കുന്ന, വൃദ്ധനായ സന്യാസിയുടെ സഹായം അദ്ദേഹം തേടി. ആ ഭിക്കു തനിക്കൊരു ലൌകികപുരുഷനുപദേശം നൽകാനസാദ്ധ്യമെന്നു പറഞ്ഞ് രത്നസൂര്യയെ ഇന്ത്യയിലേയ്ക്കൊരു തീർത്ഥാടനം നടത്താനുപദേശിക്കുകയും നേപ്പാളിൽ ഹിമാലയത്തിൻെറ താഴ്വരയിൽ കഴിയുന്ന ഒരു വൃദ്ധസന്യാസിയെ കാണാൻ പറയുകയും ചെയ്തു. ഇത് ശിവപുരി ബാബയായിരുന്നു.

1930ൽ നടത്തിയ ആ യാത്രയെപ്പറ്റി രത്നസൂര്യ എന്നോടു പറഞ്ഞിട്ടുണ്ട്. അദ്ദേഹം വടക്കേ ഇന്ത്യയിലെ ഒരു മതസദസ്സിൻെറ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുകയും അതുവഴി കുറച്ചുദിവസത്തേയ്ക്ക് നേപ്പാൾ സന്ദർശിക്കാൻ അവസരം ഒരുങ്ങുകയും ചെയ്തു. ഒരു വൃദ്ധഭിക്കുവിൻെറ പരിചയപത്രത്താൽ ശിവപുരി ബാബയുടെ കുടീരത്തിലെത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. ശിവപുരി ബാബക്ക് നൂറിലധികം വയസ്സായെന്നും അദ്ദേഹത്തിൻെറ കുടീരത്തിനു സമീപം ആരേയും താമസിക്കാൻ അനുവദിക്കുകയില്ലെന്നും കേട്ടിരുന്നു. അദ്ദേഹത്തിൻെറ ശാന്തതയ്ക്ക് വിഘ്നം വന്നാൽ ടിബറ്റിനും ഭൂട്ടാനുമിടയ്ക്ക് മനുഷ്യപ്രവേശം അസാദ്ധ്യമായ കാട്ടിലേയ്ക്ക് അപ്രത്യക്ഷനാകും. തലമുടിയും ചെറിയ ആകാരവുമെങ്കിലും നല്ല ആരോഗ്യമുള്ള ഒരു മനുഷ്യനെ രത്നസൂര്യ കണ്ടു. അമ്പത് കൊല്ലംമുമ്പെങ്കിലും സിലോൺ കണ്ടിട്ടുള്ള അദ്ദേഹം രത്നസൂര്യ പറഞ്ഞ എല്ലാ കാര്യത്തിലും അതീവ താൽപര്യം കാണിച്ചു. അദ്ദേഹത്തിൻെറ പ്രകൃതിക്കാവശ്യമായ ആത്മീയ ശിക്ഷണത്തിന് ലണ്ടനിൽ പോവുകയായിരിക്കും നല്ലതെന്ന്, രത്നസൂര്യയുടെ ചോദ്യങ്ങൾക്കുത്തരമായി അദ്ദേഹം നിർദ്ദേശിച്ചു. യഥാർത്ഥ ആത്മീയ ജീവിതത്തിൽനിന്ന് വളരെ അകന്ന് ഭൌതികവാദത്തിൻെറ ഒരു കൂമ്പാരമായി മാത്രം ഇംഗ്ലണ്ടിനേയും യൂറോപ്പിനേയും കാണുന്ന അനേകം ഏഷ്യക്കാരിൽ ഒരാളായ രത്നസൂര്യ ഈ നിർദ്ദേശം കേട്ട് ആശ്ചര്യപ്പെട്ടുപോയി. രത്നസൂര്യയ്ക്കു തെറ്റുപറ്റിയെന്നും, സിലോണിൽ നശിച്ചുപോയ എന്തൊക്കെയോ ഇംഗ്ലണ്ടിൽ കാണാമെന്നും ശിവപുരി ബാബ തീർത്തുപറഞ്ഞു. അദ്ദേഹത്തിൻെറ നേപ്പാൾ യാത്രപോലെ ഇംഗ്ലണ്ടിലേയ്ക്കുള്ള യാത്രയും സുഗമമാകുമെന്ന് രത്നസൂര്യയോട് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

ഈ യാത്രയിലെ ഉള്ളിൽ തട്ടിയ ഒരനുഭവം, കാട്ടിലെവിടെനിന്നോ എത്തിയ പൂർണ്ണവളർച്ചയുള്ള ഒരു പുള്ളിപ്പുലി ശിവപുരി ബാബയുടെ മുമ്പിൽ വളർത്തുപൂച്ചയെപ്പോലെ ഇരുന്നതാണ്. ആ നിമിഷത്തിൻെറ ഭയമൊതുക്കാൻ രത്നസൂര്യയ്ക്ക് കഴിഞ്ഞില്ല. എന്നാൽ

കാട്ടിൽ ഏകാകിയായി, പണ്ടദ്ദേഹം ചെയ്തതുപോലെ, ജീവിച്ചവർ വന്യമൃഗങ്ങളുമായി അന്യോന്യഭയമില്ലാത്തത്ര സ്നേഹബന്ധത്തിലാകുമെന്ന് ശിവപുരിബാബ വിവരിച്ചുകൊടുത്തു.

രത്നസൂര്യ മടങ്ങിയപ്പോഠം, ലണ്ടനിലെ ഒരു സ്കൂളിൽ (School of Oriental Studies) സംസ്കൃതകാവ്യത്തിൽ ലക്ചററുടെ പദവിക്ക് അപേക്ഷിക്കാനുള്ള കത്തു കണ്ടു. ശിവപുരിബാബ പ്രവചിച്ചിരുന്നതായിരുന്നതുകൊണ്ട് പദവിയിൽ കുറച്ചുതാഴെയാണെങ്കിലും അദ്ദേഹം അത് സ്വീകരിച്ചു. ലണ്ടനിലെത്തിയ ഉടനെ അദ്ദേഹം ഓസ്പൻസ്കിയുമായി ബന്ധപ്പെടുകയും ഗുർദജീഫിൻെറ ശിക്ഷണം തൻെറ ആദ്ധ്യാത്മികതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നതാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുകയും ചെയ്തു. രത്നസൂര്യയുടെ ശേഷിച്ച ജീവിതം ഗുർദ ജീഫിൻെറ അനുയായിയായിട്ടായിരുന്നു. 1949ൽ ഞാനദ്ദേഹത്തെ ഗുർദ ജീഫിനെ കാണാൻ പാരിസിലേയ്ക്കുകൊണ്ടുപോയി. അവർ രണ്ടുമിനിറ്റോളമേ സംസാരിച്ചുള്ളുവെങ്കിലും ഈ കൂടിക്കാഴ്ചയെ തൻെറ സത്യാന്വേഷണത്തിൻെറ അന്തിമഫലമായി രണ്ടുകൊല്ലത്തിനുശേഷം മരണനാഠംവരെ അദ്ദേഹം പറയാറുണ്ടായിരുന്നു.

ശിവപുരിബാബയുടെ ശിക്ഷണം സനാതനഹിന്ദുധർമത്തേക്കാളധികം ഗുർദജീഫിൻെറ തത്വസംഹിതയുമായി അടുത്തതാണെന്ന് രത്നസൂര്യ പലപ്പോഴും പറയാറുണ്ട്. അദ്ദേഹം വീണ്ടും ശിവപുരിബാബയെ കാണാനാഗ്രഹിച്ചിരുന്നു. എന്നാൽ യുദ്ധവും അതിൻെറ അനന്തരഫലങ്ങളും അതസാദ്ധ്യമാക്കി.

രത്നസൂര്യ ഒരനുഭവസമ്പന്നനും വിമർശകനുമായതിനാൽ, ഇന്ത്യയിലും ബർമയിലും സിലോണിലും താൻ നടത്തിയ യാത്രകളിൽ കണ്ടെത്തിയ യഥാർഥ സന്യാസി ശിവപുരിബാബമാത്രമായിരുന്നു എന്ന വാദം എനിക്കു വാസ്തവമായി തോന്നിയിരുന്നു. പുള്ളിപ്പുലിയെ തൻെറ ഉത്തമസുഹൃത്തായി കരുതുന്ന അദ്ദേഹത്തിൻെറ ചിത്രം ആയിരക്കണക്കിനാളുകളും അനുയായികളുമുള്ള ഭാരതീയാദ്ധ്യാത്മിക നേതാക്കളേക്കാഠം ആകർഷകമാണെന്ന് എനിക്കുതോന്നുന്നു.

എന്നാൽ അന്ന് എനിക്ക് ആ വൃദ്ധനെ എന്നെങ്കിലും കാണാൻ കഴിയുമെന്ന് തോന്നിയിരുന്നില്ല. 1930ൽ അദ്ദേഹത്തിന് നൂറിലധികം വയസ്സായിരുന്നുവെങ്കിൽ 1950ൽ അദ്ദേഹം ജീവിച്ചിരിക്കാൻ വിഷമമാണ്.

യുദ്ധത്തിനുശേഷം സ്ഥാപിച്ച വലിയ ഒരു അന്തർദേശീയ സ്ഥാപനവുമായി ബന്ധപ്പെട്ട് ഓസ്പൻസ്കിയുടെ സഹപാഠി എച്. ആറിനെ 1955ൽ യാദൃശ്ചികമായി കാണാൻ കഴിഞ്ഞു. അദ്ദേഹം തൻെറ ജോലിയോടനുബന്ധിച്ച് ഇന്ത്യയിൽപോയ അവസരം നേപ്പാഠം കാണാനും ഉപയോഗിച്ചു. അവിടെ അദ്ദേഹം ശിവപുരിബാബയെ കണ്ടിരുന്നു. ബാബയുമായി ബന്ധപ്പെട്ട അദ്ദേഹത്തിൻെറ ഡയറി

ക്കുറിപ്പിൻെറ എനിക്കുതന്ന ഭാഗങ്ങളിൽ ചിലതാണ് താഴെ ചേർക്കുന്നത്:

"ഞാൻ അഘോറി ബാബ വസിക്കുന്ന പശുപതിനാഥ ക്ഷേത്രത്തിന് സമീപമുള്ള പുഴയുടെ മറുവശത്തെ കാട്ടിൽ ശിവപുരി ബാബയെ കാണാൻപോയി. ഞങ്ങളുടെ കൂടെ കുറച്ചുകുട്ടികളുമുണ്ടായിരുന്നു. ഞങ്ങൾ കാട്ടിലൂടെ ഏകദേശം ഒരു മൈൽ നടന്ന് ഒരു പട്ടാളക്യാമ്പിൻെറ അടുത്ത് എത്തി. അവിടെനിന്ന് വിമാനത്താവള ത്തിൻെറ അരികിലൂടെ കുറച്ചുപോയി ഇടത്തോട്ടു തിരിഞ്ഞ് പട്ടാള ക്യാമ്പിൻെറ മറുവശത്തുകൂടി വീണ്ടും ഇടത്തോട്ടു തിരിഞ്ഞ് കാട്ടി ലേക്കു നൂറ് മീറ്ററോളം നടന്നപ്പോൾ കമ്പിവേലികെട്ടി എത്ര വിസ്തീർണമെന്നോർമ്മയില്ലാത്ത വൃക്ഷനിബിഡമായ ഒരു പറമ്പു കണ്ടു. അതിൻെറ കവാടം ഉള്ളിൽ നിന്നും പൂട്ടിയിരുന്നു. എൻെറ ഗൈഡ് ആരേയോ വിളിക്കുകയും ഒരു ചെറുപ്പക്കാരൻ വന്ന് കുറച്ചു സംസാരിച്ചശേഷം വന്നവഴി മടങ്ങുകയും ചെയ്തു. മുളകൊണ്ടുണ്ടാക്കിയ ചെറിയ ചില വീടുകൾ എനിക്കവിടെ നിന്നും കാണാമായിരുന്നു.

കുറച്ചുസമയത്തിന്നുശേഷം അയാൾ വീണ്ടും വന്ന് കവാടം തുറന്നുതന്നു. ഞങ്ങൾ ഉള്ളിൽ കടന്ന് അയാളെ പിന്തുടർന്നു. പുറത്തുനിന്ന് കണ്ട കുടിലിന് മുപ്പതോ നാല്പതോ അടി ദൂരെ, മുളകൊണ്ടുണ്ടാക്കിയ, കുറച്ചുകൂടി വലിയ, ചതുരശ്രാകൃതിയിലുള്ള, നാലു വശവും വരാന്തയുമുണ്ടായിരുന്ന വളരെ ഒതുങ്ങിയ ഒരു കുടിൽ കണ്ടു. ഈ വീടിൻെറ മറുഭാഗത്തായി വെള്ളവസ്ത്രത്തിൽ ഒരാളെ കണ്ടു. ഈ വീട് ചുറ്റി ഞങ്ങൾ ചെന്നപ്പോൾ ബാബ അവിടെ നിൽക്കുകയായിരുന്നു. വെളുത്ത താടിയും മുടിയും, പ്രകാശിക്കുന്ന ഊതക്കണ്ണും, പുഞ്ചിരിക്കുന്ന ചുണ്ടും, സാമാന്യമായി വൃദ്ധരിൽ കാണാത്ത മിനുങ്ങിയ നെറ്റിയും, നിവർന്ന് അനായാസം നടക്കാനുള്ള കഴിവുമുള്ള അദ്ദേഹത്തിന് നൂറ്റിഇരുപത്തഞ്ച് വയസ്സായത്രെ! രത്നസൂര്യ പുള്ളിപുലിയോടുകൂടി കാട്ടിൽ വച്ചുകണ്ട അതേ മനുഷ്യനായിരുന്നു അദ്ദേഹം. പുള്ളിപ്പുലി ഇപ്പോൾ മരിച്ചത്രെ!

അദ്ദേഹം പുഞ്ചിരിച്ചു. അത്തോസിൽ ഫാദർ നിക്കനെ കണ്ട അതേ അനുഭൂതിയാണ് എനിക്കപ്പോഴുണ്ടായത്. നന്മയുടേയും സ്നേഹത്തിൻേറയും പ്രകാശവലയമുള്ള മഹാനായിരുന്നു അദ്ദേഹം. അദ്ദേഹം പോർച്ചിലൂടെ എൻെറ അടുത്തേയ്ക്കുവന്നു. ഒരു മരക്കസേരയും ബെഞ്ചും കപ്പിയിൽകൂടി കയററിട്ട് പിന്നിൽ നിന്നും ആട്ടാവുന്ന ഒരു മരത്തൊട്ടിലുണ്ടായിരുന്നു. നല്ല വൃത്തിയുള്ള സ്ഥലം. നിലം തവിട്ടുനിറത്തിലുള്ള ചെറിയ ഇഷ്ടിക വിരിച്ചതായിരുന്നു. എന്നോട് കസേരയിലിരിക്കാൻ പറഞ്ഞു. സാധാരണക്കാർക്കിരിക്കാൻ വിഷമമായ ആ ആട്ടുതൊട്ടിലിൽ അദ്ദേഹം സുഖമായിരുന്നു. രത്നസൂര്യ

വഴി അദ്ദേഹത്തെ കേട്ടിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. ബാബ അദ്ദേഹത്തെ ഓർമ്മിക്കുകയും നല്ല മനുഷ്യനാണെന്ന് പറയുകയും ചെയ്തു. അദ്ദേഹത്തിൻെറ സ്വരം മധുരമായിരുന്നു. ചോദ്യങ്ങളിലൂടെയാണ് അ അദ്ദേഹം സംസാരിച്ചത്. ഇംഗ്ലിഷ് ഒരു വിധം ഉത്തമമായിരുന്നു. അദ്ദേഹം മൂന്ന് കൊല്ലം ഇംഗ്ലണ്ടിലും ഏഴ് കൊല്ലം അമേരിക്കയിലും ഉണ്ടായി രുന്നു എന്ന് എന്നോടു പറഞ്ഞു.

ഞാൻ ഒരു മണിക്കൂറോളം അദ്ദേഹത്തിൻെറ കൂടെ ഉണ്ടായി രുന്നു. മടങ്ങിയത് വളരെ ജാഗ്രതാവസ്ഥയിലാണ്. പ്രകൃതി പഠിപ്പി ക്കുന്നതിനെ ജീവിതത്തിൽ പകർത്തിയ ഒരു മനുഷ്യനിതാ എന്ന് ഞാനോർത്തു. ഫോട്ടോ എടുക്കാൻ അദ്ദേഹം സ്നേഹപൂർവം സമ്മതി ച്ചു. വസ്ത്രങ്ങൾ മാറാതെ മെതിയടിയിട്ട് പുറത്തുവന്നു. നന്മയുടേയും സ്നേഹത്തിൻേറയും പ്രകാശവലയത്തോടെ അദ്ദേഹം മെല്ലെ പറഞ്ഞു: "ഒരു നിസാര കാര്യത്തിന് ചെറിയ പരിശീലനം മാത്രം." ഫോട്ടോയ്ക്ക് പ്രത്യേകം ഒരുങ്ങിയില്ലെങ്കിലും അദ്ദേഹം നേരിയ തുണികൊണ്ടുള്ള കയ്യില്ലാത്ത നീളൻ കുപ്പായമിട്ടത് അടിവയറിൽ അതിനെ ഒരു നാട കൊണ്ട് കെട്ടി ഒതുക്കിയ വേഷത്തിലായിരുന്നു."

1961ലെ ഈസ്റ്ററിനും അതിനടുത്ത കൊല്ലവും ഞാനദ്ദേഹത്തെ കാണാൻ പോയി. ഞാൻ ചെയ്ത യാത്രയിൽ എനിക്ക് അങ്ങേയറ്റം കൃതാർഥതതോന്നി. അദ്ദേഹത്തിൻെറ അത്ഭുതസ്വഭാവത്തിൻെറ ചെറി യൊരനുഭൂതി താഴെ കൊടുക്കുന്ന വരികൾ തരുമായിരിക്കാം.

"അദ്ദേഹം അത്യധികം വൃദ്ധനാണ്. അദ്ദേഹത്തിന് എന്നും ആസ്തമയും, തണുപ്പുകാലത്ത് നീരിളക്കവുമായിരുന്നു. ദിവസവും കുറ ച്ചേ അദ്ദേഹത്തിന് നടക്കാൻ കഴിയുമായിരുന്നുള്ളു. ദേഹം വളരെ ക്ഷീണി ച്ചിരുന്നെങ്കിലും മനസ് അത്ഭുതാവഹമായ ജാഗ്രതയിലായിരുന്നു. ത ന്നേക്കാൾ നൂറുവയസ് ഇളയവനെപ്പോലെ അദ്ദേഹത്തിന് കാണുകയും കേൾക്കുകയും ചെയ്യാം. പല്ലും തലനിറയെ മുടിയും താടിയും ഉണ്ടായി രുന്നു. അദ്ദേഹത്തിൻെറ ഓർമ്മ അത്ഭുതകരമാണ്. കണ്ട സ്ഥലങ്ങളെല്ലാം അദ്ദേഹത്തിനോർക്കാനും മാനസികദൃഷ്ടിയിൽ വീണ്ടും കാണാനും കഴി ഞ്ഞിരുന്നു. ചോദ്യം ചോദിക്കുമ്പോൾ ശ്രദ്ധാപൂർവം കേൾക്കുകയും ചോ ദ്യമവസാനിക്കുന്നതിന് മുമ്പുതന്നെ ഉറച്ച സ്വരത്തോടും ആംഗ്യത്തോടും മറുപടി പറയുകയും ചെയ്യും. ഒരു വൃദ്ധൻേറയും അവശൻേറയും മുമ്പി ലാണെന്ന ബോധം ആർക്കും തോന്നുകയില്ല. അദ്ദേഹം രണ്ടു മണിക്കൂർ തുടർച്ചയായി സംസാരിക്കുമ്പോൾ കേൾക്കുന്നവർ കൂടുതൽ ക്ഷീണിച്ചി രിക്കും. അദ്ദേഹത്തിൻെറ ത്വരിതഗതിയിലുള്ള നടത്തവും ആസ്വാദനച്ചി രികളും ഒരു യുവാവിൻെറ പ്രതീതിയാണ് തരുന്നത്. അതിനെല്ലാം പുറമെ ബോധാത്മാവിൻെറ മുഖംമൂടിക്കുമപ്പുറം അതിദൂരം അദ്ദേഹത്തിന് കാണാൻ കഴിയുമെന്ന യാഥാർഥ്യം ആർക്കും വിസ്മരിക്കാനാവുകയില്ല.

അദ്ദേഹത്തിൻെറ അപാരജീവിതാനുഭവങ്ങളും മനുഷ്യസ്വഭാവാപഗ്രഥനങ്ങളും അപ്പോഴുമുണ്ടായിരുന്നു. എന്നാൽ അവ വെറും ഉപകരണങ്ങൾ മാത്രമാണ്. എല്ലാം കാണാവുന്ന ആ തിളങ്ങുന്ന നേത്രങ്ങൾക്കും എല്ലാവരേയും ചുഴ്ന്നറിയാവുന്ന ആ മനസ്സിനും പിറകിൽ അദ്ദേഹം നിർവ്വികാരനായി പരിലസിക്കുന്നു. ഇത് അദ്ദേഹത്തെ കാട്ടിൽ ചെന്നുകണ്ട എല്ലാതരത്തിലുമുള്ളവരുടെ പൊതു അനുഭവമാണെന്ന് പലരും എന്നോട് പറഞ്ഞിട്ടുണ്ട്.

വനത്തിലെ തൻെറ ആശ്രമത്തിൽ നിന്ന് 1955ലാണ് അവസാനമായി അദ്ദേഹം കാശിക്കുപോയത്. 129ാം വയസ്സിലെ ഈ യാത്ര മാത്രമാണ് അദ്ദേഹം വിമാനത്തിലാക്കിയതെന്ന് ഞാൻ കരുതുന്നു. ഇന്ത്യയിലെ മഹാന്മാരായ തത്വചിന്തകന്മാരും സന്യാസിമാരും അദ്ദേഹത്തെ സന്ദർശിച്ചു. ശ്രീ ഠാക്കൂർലാൽ മനന്ധർ എടുത്തഫോട്ടോയിൽ, വിഷമകരമായ ആ യാത്രയിൽ പോലുമുള്ള അദ്ദേഹത്തിൻെറ ഉന്മേഷവും ഗാംഭീര്യവും കാണാൻ കഴിയും.

രണ്ടാമത് ഞാൻ കണ്ടപ്പോൾ അദ്ദേഹം വളരെ ശോഷിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ ശബ്ദത്തിൻെറ ആകർഷകമായ നാദത്തിന് അല്പം തകർച്ച സംഭവിച്ചിരുന്നു. എന്നാൽ ദൃഷ്ടി എന്നുമുണ്ടായിരുന്നത്രതന്നെ തീവ്രമായിരുന്നു. എനിക്കദ്ദേഹം വിലമതിക്കാനാവാത്ത ഉപദേശം തന്നു എന്നു മാത്രമല്ല, അവ ദൃഢതയോടുകൂടി പിന്തുടരാനുള്ള ആവേശവും പകർന്നുതന്നു. ബാബയുടെ ഭക്തനും ഈ പുസ്തകമെഴുതുന്നതിൽ എൻെറ സഹപ്രവർത്തകനുമായ ശ്രീ ഠാക്കൂർലാൽ മനന്ധറെ കാണാനുള്ള ഭാഗ്യവും ഈ അവസരത്തിലുണ്ടായി.

1962ൽ ഞാനടക്കം ഒരു ചെറിയ സംഘം ഇംഗ്ലിഷുകാരുൾപ്പെടുന്ന അദ്ദേഹത്തിൻെറ സ്നേഹിതന്മാരും ഭക്തന്മാരും ഹിമാലയത്തിലെ വരാൻപോകുന്ന തണുപ്പിൻെറ കാഠിന്യത്തിൽ നിന്നദ്ദേഹത്തെ അകറ്റാൻ വേണ്ടി കാശിയിൽ പോകാനുള്ള എല്ലാ ഒരുക്കവും ചെയ്തു. എന്നാൽ അതു നടന്നില്ല. അദ്ദേഹത്തിന് ന്യൂമോണിയ പിടിപെട്ടു. കുറച്ചുകാലം രോഗിയായി കിടന്നശേഷം മരിക്കുകയും ചെയ്തു.

1963 ജനുവരി 28ന് അദ്ദേഹത്തിൻെറ മരണവിവരം അറിയിച്ച് മനന്ധർ എഴുതിയ കത്ത് അങ്ങനെതന്നെ ചേർത്ത് ഞാനിതവസാനിപ്പിക്കുന്നു:

"പ്രിയ മി. ബെന്നറ്റ്,

ഒരു വലിയ ദുർഭാഗ്യം ഞങ്ങളിൽ പതിച്ചിരിക്കുന്നു. ഇന്നലെ അതിരാവിലെ നമ്മുടെ ആദരണീയ ശിവപുരിബാബ ഇഹലോകവാസം വെടിഞ്ഞു.

വ്യാഴാഴ്ച മുതൽ അദ്ദേഹത്തിനു ഫ്ലു ആയിരുന്നു. വെള്ളിയാഴ്ച ഡോക്ടർമാരുടെ ചികിത്സയ്ക്കുശേഷം അദ്ദേഹത്തിൻെറ സ്ഥിതി

കുറച്ചുമെച്ചപ്പെട്ടു. എന്നാൽ പിറ്റേദിവസം അതിലും വഷളായി. ഞായറാഴ്ച ഗ്ലൂക്കോസ് ഇഞ്ചക്ഷൻ കൊടുത്തിട്ടും സ്ഥിതി മോശമായ പ്പോഠം ഡോക്ടർമാരും ആശ കൈവെടിഞ്ഞു. അദ്ദേഹത്തിൻെറ മരണ ത്തെക്കുറിച്ച് വർണ്ണിക്കാൻ വാക്കുകളില്ല. അദ്ദേഹത്തിന് അവസാന നിമിഷം വരെ ബോധമുണ്ടായിരുന്നു. അന്ത്യശാസനം പോലെ അദ്ദേഹം സംസാരിച്ച വാക്കുകഠം ഇവയാണ്: "സാത്വികജീവിതം നയിക്കൂ; ദൈവത്തെ ആരാധിക്കൂ; ഇത്രമാത്രം. കൂടുതൽ ഒന്നുമില്ല. "ആറ് പതി നഞ്ചിന് കിടക്കയിൽ എഴുന്നേറ്റിരുന്ന് വെള്ളം ചോദിച്ചു. എന്നിട്ട് പറഞ്ഞു-"ഞാൻ പോകുകയാണ്." തന്നത്താൻ വലംതിരിഞ്ഞ് വലത് കൈപത്തിയിൽ തലചായ്ച് ജീവിതവലയത്തിൽ നിന്ന് മുക്തനായി. ആശ്ചര്യം!

മനുഷ്യരിൽ ഒരത്ഭുതം. യോഗികളിൽ ഒരു രാജാവ് ഒരാദർശ സന്യാസി- നമ്മളുടെ കൂടെ ഇനി മേലിലില്ല. അദ്ദേഹത്തിന് എല്ലാ ആദരാഞ്ജലികളും. ലോകത്തിലപൂർവസമ്പത്തായ അദ്ദേഹത്തിൻെറ ചിന്തകഠം നമുക്കാശയും വെളിച്ചവും പകരാൻ നമ്മുടെ കൂടെയുണ്ട്. അദ്ദേഹത്തെ നമസ്ക്കരിക്കാനെത്തിയ ഇവിടുത്തെ ആയിരക്കണക്കിന് സന്യാസിമാരും സന്ദർശകരും അദ്ദേഹത്തിൻെറ അന്തിമക്രിയകഠം നിർവഹിച്ചു.അദ്ദേഹത്തിൻെറ ആശ്രമം പഴയപോലെ ഭദ്രമായും വൃത്തി യായും വയ്ക്കുന്നതിന് നേപ്പാഠം ഗവണ്മെൻറുമായി ഞങ്ങഠംക്കു വ്യവസ്ഥകഠം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

ലോകം മുഴുവനുമുള്ള അദ്ദേഹത്തിൻെറ സ്നേഹിതന്മാർക്കും ആരാധകന്മാർക്കും ഇവിടെ വരികയും ആദരാഞ്ജലികളർപ്പിക്കുകയും ചെയ്യാം.

ഇപ്പോഠം ദുഃഖബാധിതനായ ഞാൻ ഇനി നിർത്തട്ടെ!

ആദരവോടും ശുഭാശംസകളോടും കൂടെ

ഠാക്കൂർ ലാൽ മനന്ധർ"

മഹത്തായ തീർഥയാത്ര അവസാനിച്ചു. ഈ ലോകത്തും ഈ ജീവിതത്തിലും അത് നൂറ്റിമുപ്പത്തേഴുകൊല്ലങ്ങഠം നിലനിന്നു. അദ്ദേഹ ത്തെപ്പോലെ ചുണ്ടിൽ പുഞ്ചിരിയും ദൈവദർശനത്താൽ കാലത്തെ അതിജീവിച്ച അത്ഭുതകരമായ കണ്ണുകളുമുള്ള ഒരാഠം ജനിക്കുന്ന തിൻെറ ആവശ്യമെന്തായിരുന്നുവെന്നും ആർക്ക് പറയാൻ കഴിയും? അത്തരം ദിവ്യാത്മാക്കളെ ദർശിക്കുന്നതൊരു മഹാഭാഗ്യമാണ്. അസാദ്ധ്യമായതും നേടാമെന്നതിന് നമുക്കുള്ള ഉറപ്പാണ് അവർ. എല്ലാം അറിയാൻ കഴിയുമെന്നും ആ അറിവ് എന്നെന്നേയ്ക്കും നിലനിർ ത്താൻ കഴിയുമെന്നുമുള്ളതിൻെറ സാക്ഷ്യവുമാണ്.

2

സിദ്ധാന്തങ്ങളും അവതരണരീതിയും

ശിവപുരിബാബയുടെ അവതരണരീതി മറ്റ് ആചാര്യന്മാരെ പോലെ നിശ്ചിതരൂപത്തിലല്ല. ഒരിക്കലും മാറാത്ത അടിസ്ഥാനതത്വ ങ്ങളൊഴിച്ചാൽ അദ്ദേഹം തൻെറ വിവരണരീതിയും ഭാഷയും കേൾക്കുന്നവരുടെ രുചിക്കൊത്തു മാറ്റും. അദ്ദേഹത്തെ സമീപിക്കുന്ന ഭൂരിപക്ഷം ഹിന്ദുക്കളോടും ഭഗവദ്ഗീതയുടെ ഭാഷയിൽ പറയും. ക്രി സ്ത്യാനികളോട് ബൈബിളിനെ അധികരിച്ച് ക്രിസ്തുവിൻെറ സിദ്ധാന്തങ്ങളും ജീവിതോദാഹരണങ്ങളും സംസാരിക്കും. സൂഫിസത്തി ൻെറ ദാർശനികതത്വവും അദ്ദേഹത്തിന് തികച്ചും ഹൃദിസ്ഥമാണ്. ഞാന ദ്ദേഹത്തോടാദ്യമായി സംസാരിച്ചപ്പോൾ അദ്ദേഹം ഒരു മുസ്ലിമാണെന്ന് വിശ്വസിച്ചു മടങ്ങി. ബുദ്ധശിക്ഷണത്തെക്കുറിച്ച് അദ്ദേഹം പറയു മ്പോൾ മനുഷ്യൻെറ 'ആത്മീയജ്ഞാനത്തിൽ 'ബുദ്ധിസ'ത്തിനുള്ള സ്ഥാനവും അതിൻെറ പുതിയ അർഥവ്യാപ്തിയും ശ്രീബുദ്ധനോ ടുള്ള ആദരസഹിതം അദ്ദേഹം വ്യക്തമാക്കും. ശ്രീരാമകൃഷ്ണനെ പ്പോലെ അദ്ദേഹത്തിനെല്ലാമതത്തിലും ഒരുപോലെ പടുത്വമുണ്ടെന്നാ ണ് രത്നസൂര്യയിൽ നിന്ന് ഞാൻ കേട്ടിട്ടുള്ളത്.

ഇതുമാത്രമല്ല, ദൈവത്തേയോ ആത്മാവിനേയോ ഉദ്ധരിക്കാതെ, സത്യത്തിൻെറ ഭാഷയിൽ ജീവിതോദ്ദേശവും അത് നിറവേറ്റേണ്ടരീതി യും വ്യക്തമായും വിശ്വാസപ്രദമായും സംസാരിക്കാനും അദ്ദേഹത്തിന് കഴിവുണ്ട്. യാതൊരു തരത്തിലുള്ള മതവിശ്വാസമോ പൂജാവിധികളോ ആധാരമാക്കാതെ അദ്ദേഹത്തിന് ജ്ഞാനാന്വേഷണത്തെക്കുറിച്ച് വിവരിക്കാൻ കഴിയും. അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഈശ്വരവിശ്വാസി യെങ്കിൽ, ദൈവത്തെ അന്വേഷിക്കണം. നിങ്ങൾ ഒന്നിലും വിശ്വസിക്കുന്നി ല്ലെങ്കിലും ഈ കാണപ്പെടുന്ന ലോകത്തിനു പിന്നിൽ ഒരർഥമുണ്ടെന്ന ബോധമെങ്കിലും നിങ്ങൾക്കു തോന്നണം. ആ അർഥത്തെ അന്വേഷി ക്കാനും മനസ്സിലാക്കാനും നിങ്ങൾ തീരുമാനിക്കണം."

ശിവപുരിബാബയെപറ്റിയുള്ള തങ്ങളുടെ അനുഭവങ്ങൾ എന്നോടു പറഞ്ഞിട്ടുള്ള ഇരുപതോ മുപ്പതോ പേരിൽ ഓരോരുത്തർക്കും മറ്റുള്ളവ രിൽ നിന്നെല്ലാം ഭിന്നമായി പലതും പറയാനുണ്ട്. താൻ പഠിച്ചതോ

കണ്ടതോ മാത്രം ആശ്രയിക്കാതെ ഓരോ പരിതസ്ഥിതിക്കുമനുരൂപമായി സംസാരിക്കാനും പ്രവർത്തിക്കാനും കഴിയുകയെന്നത് എൻെറ അഭിപ്രായത്തിൽ, യഥാർഥ സിദ്ധയോഗിയുടെ ലക്ഷണമാണ്. ഇതിനു മുമ്പ് എൻെറ അനുഭവത്തിൽ നിന്നും മറ്റു ഗുരുക്കന്മാരിൽ നിന്നും എന്തുപഠിച്ചു എന്നന്വേഷിക്കാൻ സമയം കളയാതെ അദ്ദേഹം എൻെറ പ്രശ്നങ്ങളിലേയ്ക്ക് നേരെ കടന്ന് സംസാരിച്ചു. ആരേയും അവരുടെ തന്നെ കളരിയിൽ ബന്ധപ്പെടാനുള്ള അദ്ദേഹത്തിൻെറ അനിതരസാധാരണമായ കഴിവിൻെറ ഒരേകദേശരൂപം നല്കാൻ, അദ്ദേഹത്തിൻെറ നിരവധി ദർശകരുടേയും ഭക്തജനങ്ങളുടേയും അനുഭവങ്ങളുടെ വിവരണം അത്യാവശ്യമാണ്. സ്ഥലപരിമിതി നോക്കുമ്പോഠം മൂന്നോ നാലോ മാത്രമേ എടുത്തു കാണിക്കാൻ കഴിയുകയുള്ളു.

എൻെറ സഹലേഖകനും ശിവപുരിബാബയുടെ ജീവിതവും ശിക്ഷണവുമായി അത്യധികം ബന്ധപ്പെട്ടവനുമായ ഠാക്കൂർ ലാൽ മനന്ധർ തന്ന വിവരങ്ങളോടെ തുടങ്ങുകയാണ്:

"1935 നവമ്പറിൽ വീട്ടിലെ സ്ഥിതി എൻെറ ഇഷ്ടത്തിനനുരൂപമല്ലെന്നതിനാൽ ഒരു പ്രഭാതത്തിൽ മനംമടുത്ത് ഞാൻ വീടുവിട്ടു. എന്നാൽ വിധി മറ്റൊന്നായിരുന്നു. രണ്ടാഴ്ചയോളം മലകളിൽ അലഞ്ഞതിനുശേഷം എനിക്ക് വീട്ടിൽ മടങ്ങി എത്തേണ്ടിവന്നു. ജീവിതം ജയിലിലെ നശിച്ച മുറിപോലെ തോന്നി. മരിക്കാൻ കിടന്നിരുന്ന ഒരു ബന്ധുവിൻെറ കഠിന വേദന കണ്ടപ്പോഠം, ജീവിതത്തോടുള്ള എൻെറ വെറുപ്പു കൂടി. തികച്ചും നിസ്സഹായനായ ഞാൻ കുറച്ചുകാലമായി കേട്ടിരുന്ന ശിവപുരിബാബയിലേയ്ക്ക് തിരിഞ്ഞു. സഹായത്തിന് അദ്ദേഹത്തെ സമീപിക്കണമെന്ന് തോന്നി. എന്നാൽ അദ്ദേഹത്തെ സിംഹത്തെപോലെ പേടിക്കണമെന്നായിരുന്നു കണ്ടിട്ടുള്ള ചിലരിൽ നിന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നിട്ടും ഞാനദ്ദേഹത്തെ സമീപിക്കാൻ ധൈര്യപ്പെട്ടു.

1936 ഏപ്രിലിലെ ഒരു സുപ്രഭാതത്തിൽ അക്കാലത്ത് അദ്ദേഹം താമസിച്ചിരുന്ന കിരാതേശ്വരിൽ (പശുപതിനാഥ് മന്ദിരത്തിന് സമീപം) കാണാൻ പോയി. ഞാൻ പിന്നിലൂടെ മെല്ലെ നടന്നു. അദ്ദേഹത്തിൻെറ കുടീരത്തിലെ ഒരു ചെറിയ ജനൽ തുറന്നിട്ടിരുന്നു. അതിലൂടെ എനിക്ക് ആ മഹാതപസ്വിയുടെ ആദ്യദർശനം ലഭിച്ചു. അദ്ദേഹം തനിച്ചായിരുന്നു. ജനലിലേയ്ക്കു തിരിഞ്ഞപ്പോഠം അദ്ദേഹത്തിൻെറ ദൃഷ്ടി എന്നിൽ പതിച്ചു. എനിക്ക് നേരെ നോക്കാൻ കഴിയാത്തത്ര കുത്തിക്കയറുന്ന തേജസ്സുള്ളതായിരുന്നു ആ കണ്ണുകഠം. എന്നെ കുറിച്ചെല്ലാമദ്ദേഹമറിഞ്ഞെന്നും ചോദ്യങ്ങഠം ചോദിക്കുന്നത് അല്പത്തമാകുമെന്നും എനിക്ക് തോന്നി. കണ്ണിൽനിന്ന് കണ്ണീരുതിർന്ന ഞാൻ കൈകൂപ്പിനിന്നു. ദയാദൃഷ്ടിയോടെ അദ്ദേഹം ചോദിച്ചു: 'നിങ്ങളുടെ

പോക്കറ്റിൽ ഗീതയില്ലേ?' 'ഉവ്വ് സർ.' 'പതിനാറാം അദ്ധ്യായത്തിലെ ആദ്യത്തെ മൂന്നു ശ്ലോകം വായിക്കൂ.' ഞാൻ അത് വായിച്ചു തീരുമ്പോ ഴേയ്ക്കും അദ്ദേഹം വീണ്ടും പറഞ്ഞു: 'അതിൽ പറഞ്ഞ ഇരുപത്താറ് ഗുണങ്ങൾ അഭ്യസിക്കൂ!' അതു മാത്രമാണ് അദ്ദേഹം പറഞ്ഞത്. ഞാൻ വീട്ടിലേയ്ക്കു മടങ്ങി.

ഞാൻ ശ്ലോകവും അതിൻെറ വിവർത്തനവും വീണ്ടും വീണ്ടും വായിച്ചു. എന്നാൽ യഥാർഥത്തിൽ അവ എന്തെല്ലാം ഗുണങ്ങളാണെന്നും അവ എങ്ങനെ പ്രായോഗികമാക്കാമെന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഞാൻ ഇതികർത്തവ്യതാമൂഢനായി കുറച്ചു ദിവസത്തിനകം രണ്ടാമതും അദ്ദേഹത്തെ സമീപിച്ചു.

എന്നെ കണ്ട ഉടനെ അദ്ദേഹം പറഞ്ഞു: 'നിത്യവൃത്തി നിശ്ചിത കർത്തവ്യങ്ങളാൽ ക്രമീകരിച്ച് മുന്നോട്ടു പോകുക. വിജയപരാജയ ങ്ങൾ സന്ധ്യയ്ക്കു വിലയിരുത്തുക.' ഞാൻ വീട്ടിൽ മടങ്ങിയെത്തി കഴിയാവുന്നത്ര ശ്രമിച്ചിട്ടും ഉദ്ദേശം നേടാൻ കഴിഞ്ഞില്ല. ഒരാഴ്ചക്കകം മൂന്നാമതും അദ്ദേഹത്തെ കാണാൻ പോയി. ഇത്തവണ കുടീരത്തി ലേയ്ക്ക് ക്ഷണിക്കുകയും മുമ്പിൽ ഇരിക്കാൻ പറയുകയും ചെയ്തു. എൻെറ പ്രശ്നങ്ങൾ അദ്ദേഹം അറിഞ്ഞെന്നും സഹായിക്കാൻ നോ ക്കുകയാണെന്നും തോന്നി. അദ്ദേഹം പറഞ്ഞു: 'നിങ്ങൾക്ക് ഇവിടെ വന്ന് വിഷമങ്ങൾ പറയാം. നിങ്ങളുടെ കഴിവുകൾ വർധിപ്പിച്ച് ആദ്ധ്യാത്മികത വളർത്തണം.' സ്വയം സിദ്ധി ലഭിച്ച ഒരു ഗുരു ആവശ്യ മാണെന്നും അദ്ദേഹം പറഞ്ഞു. അത്തരം ആൾക്കാരെ അപൂർവമായേ കാണുകയുള്ളു എന്ന് ഞാൻ പറഞ്ഞപ്പോൾ ദൃഢനിശ്ചയമുള്ള ഒരാ ൾക്ക് കാണാൻ കഴിയുമെന്നും ആ ഗുരു വിഷമങ്ങളിൽ നിന്ന് കാല ക്രമേണ മുക്തി തരുമെന്നും അദ്ദേഹം പറഞ്ഞു. 'യമവും, നിയമവും, സ്വധർമവും' ചെറുപ്പത്തിലുള്ള ബ്രഹ്മചര്യത്തിൽ തന്നെ ഹിന്ദുനിയമ പ്രകാരം അഭ്യസിക്കേണ്ടതാണെന്നും പറഞ്ഞു. നിശ്ചിത കർത്തവ്യ ങ്ങൾ നിത്യവൃത്തിയായി നടത്തുക എന്നാണിതിന്നർഥം. ജീവിതത്തിൽ ചില നിയമങ്ങൾ വേണമെന്നും സ്വന്തം ജീവിതം പണയംവച്ചും അവ പാലിക്കണമെന്നുമാണ് ഇതിനർഥം. ഇത് മുപ്പത്താറ് കൊല്ലംകൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതിയാണ്. ആദ്യത്തെ പന്ത്രണ്ട് കൊല്ലം ജീവിത ത്തെകുറിച്ചുള്ള തത്വജ്ഞാനപഠനത്തിനും അടുത്ത പന്ത്രണ്ട് കൊല്ലം അവയെ അടിയുറപ്പിക്കുന്നതിനും, അവസാനത്തെ പന്ത്രണ്ട് കൊല്ലം ദൈവജ്ഞാനത്തിനും സമർപ്പിക്കണം. ആദ്യഘട്ടത്തെ ലോകജ്ഞാന മെന്നും രണ്ടാം ഘട്ടത്തെ ആത്മജ്ഞാനമെന്നും മൂന്നാംഘട്ടത്തെ ദൈവജ്ഞാനമെന്നും അദ്ദേഹം വിളിക്കുന്നു. ആർഷഭാരതത്തിൽ നിലനിന്നിരുന്ന ആത്മനിയന്ത്രണങ്ങളുടെ ഒരേകദേശരൂപം ഗുരുവിൻെറ മുമ്പിലിരിക്കുന്ന ശിഷ്യനെ പഠിപ്പിക്കുന്നതും പരിശീലിപ്പിക്കുന്നതും

പോലെ അദ്ദേഹം എനിക്ക് വിവരിച്ചുതന്നു. സാന്ദീപനി മുനിയുടെ കീഴിൽ പഠിച്ച ശ്രീകൃഷ്ണന്റെയും ഭാരതത്തിലെയും രാമായണത്തിലെയും മറ്റുപല മഹാപുരുഷന്മാരുടെയും കഥകൾ പറഞ്ഞു. ഈ പരിശീലനം അവരുടെ ബുദ്ധിയും മനസ്സും എങ്ങനെ വളർത്തിയെന്നും അദ്ദേഹം പറഞ്ഞുതന്നു. ഞാൻ തികച്ചും സംതൃപ്തനായി മടങ്ങി.

എം.എ.ക്കാരനു കുട്ടികളെ അക്ഷരമാല പഠിപ്പിക്കേണ്ടിവരുമ്പോൾ സ്വയം അവരുടെ നിലവാരത്തിലേക്ക് താഴ്ന്നുവരേണ്ട ആവശ്യം മടക്കയാത്രയിൽ ഞാനോർത്തു. താഴെ കൊടുക്കുന്ന വിവരണത്തെ കുറിച്ചോർത്തപ്പോഴാണ് അത് തോന്നിയത്.

ദൈവം നിങ്ങൾക്ക് ബുദ്ധി തന്നിട്ടുണ്ട്. അത് നിങ്ങളുടെ സ്നേഹിതനാണ്. പക്ഷേ ബുദ്ധി ആഗ്രഹവുമായി കൂട്ടുചേർന്നുണ്ടായ അനാശാസ്യബന്ധത്താൽ മനസ്സിനു ജന്മം നൽകുന്നു. ഈ മനസ്സ് ചപലതയെന്നോ പൊറുതിയില്ലായ്മ എന്നോ പേരായ ഒരു കുട്ടിയെ വിവാഹം ചെയ്യുന്നതുവഴി അഞ്ച് ഇന്ദ്രിയം ജനിക്കുന്നു. ഈ മനസ്സ് മോഹമെന്ന മറ്റൊരു ഭാര്യയെ സ്വീകരിക്കുന്നതുവഴി കോപം എന്നും ആർത്തി എന്നും രണ്ടു കുട്ടികളെ ലഭിക്കുന്നു. അങ്ങനെ ഒരു കുടുംബം സൃഷ്ടിച്ച് ഈ ശരീരം വീടാക്കി താമസിക്കുന്നു. ബുദ്ധിയുടേയും ആഗ്രഹത്തിന്റെയും അനുചിത വ്യാപാരത്തെയാണ് 'അവിദ്യ' അല്ലെങ്കിൽ 'അജ്ഞാനം' എന്നു പറയുന്നത്. കാലക്രമേണ മനസ്സ് പഞ്ചേന്ദ്രിയം വഴി പേടിയും ആശങ്കയും അനുഭവിക്കുന്നു. പരിഭ്രാന്തയായ അവൾ അമ്മയെ സഹായത്തിനു വിളിച്ചു കരയുന്നു. ബുദ്ധി അപ്പോൾ 'നിങ്ങളുമായി'-ദേഹി-ചർച്ച നടത്തുന്നു. ദേഹി അപ്പോൾ കുടുംബബന്ധം വിടർത്താനും താനുമായി ചേരാനും ഉപദേശിക്കുന്നു. ദേഹിയുമായുള്ള ഈ ചേർച്ചയ്ക്കാണ് 'ബോധോദയം' എന്നു പറയുന്നത്.

അദ്ദേഹം പറഞ്ഞവിധം ജീവിതചര്യ സ്വീകരിക്കാനുള്ള കഴിവിൽ എനിക്ക് സംശയമുണ്ടായിരുന്നു. ഇത് കുറെക്കാലം നിലനിന്നു. ഉറച്ച തീരുമാനമെടുക്കണമെന്നും അങ്ങനെയായാൽ എത്ര വിഷമമുള്ളകാര്യവും സാധിക്കാമെന്നും പിന്നീട് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിനു ഒരാളുടെ മനോവികാരം അറിയാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം എല്ലായ്പ്പോഴും എന്റെ ചിന്താഗതി പറയുന്നതിനു മുമ്പുതന്നെ അദ്ദേഹമത് പറയാൻ തുടങ്ങും. ഇത്തവണ ഉത്സാഹഭരിതമായ ഒരു ഭാഷണം തന്നെ അദ്ദേഹം നടത്തി. ഭഗവൽദർശനത്തിനു പുല്ലിലകൊണ്ട് സമുദ്രം വറ്റിക്കുന്ന സമയമെടുക്കുമെന്നു പറഞ്ഞിട്ടും ഒരു വൃദ്ധ സന്യാസി ദൃഢനിശ്ചയത്തോടെ എങ്ങനെ മുന്നോട്ടു പോയി എന്ന കഥ ബാബ പറഞ്ഞു. കടൽക്കരയിൽ ജീവിക്കുന്ന അടയ്ക്കയോളം ചെറിയ ഒരു പക്ഷിയുടെ കഥ ഉദാഹരണമായി അദ്ദേഹം പറഞ്ഞു.

കടൽതീരത്തു ജീവിക്കുന്ന അടയ്ക്കയോളം ചെറിയ ഒരു പക്ഷി ഉണ്ടായിരുന്നു. അത് തീരത്തിടുന്ന മുട്ടയെല്ലാം വേലിയേറ്റത്തിൽ കടലി ലേയ്ക്ക് വലിച്ചെടുക്കുന്നതായി കണ്ടു. ഹൃദയത്തിൽ കോപം ജ്വലിച്ച പക്ഷി മുട്ടകൾ വീണ്ടെടുക്കാൻ സമുദ്രം വറ്റിക്കാനുള്ള ഉപായം ചിന്തിച്ചു. ഉറച്ച മനസ്സോടെ അത് നടപ്പാക്കാനും തുടങ്ങി. പക്ഷി സമുദ്രത്തിൽ കുളിച്ച് തീരത്തുള്ള മണലിൽ തോർത്തി. വീണ്ടും വീണ്ടും അതേ പ്രവർത്തി തുടർന്നു. അതങ്ങനെ തുടരുന്നതുകണ്ട പ്പോൾ അതേവർഗത്തിലുള്ള മറ്റൊരു പക്ഷി ചോദിച്ചു: 'നീ എന്തിന് ഇത് ചെയ്യുന്നു? 'സമുദ്രത്തിൽ പോയ എൻെറ മുട്ടകൾ വീണ്ടെടുക്കാൻ വറ്റിക്കുകയാണ്.' 'ആണോ? എനിക്ക് എൻേറയും വീണ്ടുക്കണം. ഞാനും നിൻെറ യത്നത്തിൽ ചേരാം.' അങ്ങനെ പറഞ്ഞു രണ്ടാമത്തെ പക്ഷിയും കടൽ വറ്റിക്കാൻ തുടങ്ങി. ക്രമേണ മറ്റു പക്ഷികളും അവ രുടെ കൂടെ ചേർന്നു. പക്ഷികളുടെ എണ്ണം പെരുകി കോടിക്കണക്കിനാ കാൻ തുടങ്ങി. ആ കഠിന തപസ്യ കുറെ ദിവസം തുടർന്നപ്പോൾ സമുദ്രം നിറയെ മലയാവാൻ തുടങ്ങി. സമുദ്രത്തിൻെറ മനസ്സിൽ ഭീതി യായി. അവസാനം സമുദ്രം വരുതിയിലായി. മനുഷ്യൻ എത്ര നിസ്സാര നായാലും ഉറച്ച തീരുമാനം എത്രയെത്ര മഹൽ ശക്തികളെ സൃഷ്ടിക്കില്ല!

പ്രായോഗിക സൂചനകൾ എനിക്കു നല്കുന്നതിന് അദ്ദേഹം ദിവസേന പൂക്കൾ കൊണ്ടുവരുവാൻ പറഞ്ഞു: 'ഞാൻ ചെറിയൊരു ജോലി നിങ്ങൾക്കു തരുന്നു. കാരണം വീട്ടിൽ നിങ്ങൾക്ക് വളരെ ജോ ലിയുണ്ട്. അടുത്ത ദിവസം രാവിലെ പൂക്കടയിൽ പോയി ഒരു രൂപയ്ക്ക് പൂ വാങ്ങി തുവാലയിൽ പൊതിഞ്ഞ് അദ്ദേഹത്തിൻെറ സ്ഥലത്തു പോയി. അദ്ദേഹത്തിൻെറ മുമ്പിലെത്തിയ ഉടനെ ഞാൻ പായ്ക്കറ്റു തുറന്നു. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "നോക്കൂ, നിങ്ങളി പ്പോൾ എത്ര വക്രബുദ്ധിയാണ്. തൂവാലയിൽ പൊതിഞ്ഞ് ഈ പൂക്കൾ എന്തിനു കേടുവരുത്തി? മാത്രമല്ല, നിങ്ങൾ കൊണ്ടുവന്നത് വളരെ കൂടുതലാണ്. നോക്കൂ, ഇതാണ് നമ്മുടെ പൂത്തട്ട്. ഇത് ഇന്നലെ മുതൽ നിങ്ങളുടെ മുമ്പിലുണ്ട്. അതിൽ ഇതിൻെറ നാലിലൊന്നു പോലും കൊള്ളുകയില്ല. ഇത് പണത്തിൻെറയും ദുർവിനിയോഗമാ ണ്. ഞാൻ പറഞ്ഞു: 'ഇതേ പൂത്തട്ടിനുവേണ്ടിയാണ് പൂക്കളെന്നു ഞാൻ ധരിച്ചില്ല' 'ഈ പൂക്കൾ എന്താവശ്യത്തിനാണെന്ന് ചോദിക്കാ തിരുന്നത് നിങ്ങളുടെ വിചാരശൂന്യതയല്ലേ? ഒരു ജോലി തുടങ്ങുന്നതിനു മുമ്പ് അതിനെപ്പറ്റി അറിയണം. നിങ്ങൾക്ക് ബുദ്ധി വളരെ കുറവാണ് തുവാലയിൽ പൊതിഞ്ഞതിനാൽ പൂക്കളുടെ ആകൃ തിയും പ്രകൃതിയും നശിച്ചെന്നു മാത്രമല്ല അതിൻെറ കൊമ്പുകൾ ഒടി യുകയും പൂത്തട്ടിൽ വയ്ക്കാൻ പറ്റാതാവുകയും ചെയ്തിരിക്കുന്നു.

അദ്ദേഹം ആ പുഷ്പങ്ങൾ അടുത്തുള്ള ക്ഷേത്രത്തിൽ വേദന് ചാർത്താൻ ഭൃത്യൻ മാധവൻ വശം കൊടുക്കുകയും ചെയ്തു. ഒരു പൂപോലും പൂത്തട്ടിൽ വയ്ക്കാൻ യോഗ്യമായിരുന്നില്ല. ആത്മീയ വികസനത്തിൻെറ നല്ലൊരു ഭാഗം കേട്ടതിനുശേഷം ഞാൻ പതിവു പോലെ മടങ്ങി. പിറ്റേദിവസം കാലത്ത് പൂക്കടയിൽനിന്ന് 50 പൈസക്ക് പൂറി വാങ്ങി. ഉടയാതിരിക്കതക്കവണ്ണം കൈയിൽ പിടിച്ച് സൈക്കിളിൽ പോയി.

അദ്ദേഹത്തെ കണ്ട ഉടനെ ഞാനാപൂക്കൾ കൊടുത്തു. അദ്ദേഹം പറഞ്ഞു: "നോക്കൂ, ഇപ്പോൾ നിങ്ങൾ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. ഇതെങ്ങനെ സംഭവിച്ചു? ഇപ്രകാരമാണ് ഒരാൾ ഗുരുവിൻെറ കീഴിൽ പഠിക്കുന്നത്. അദ്ദേഹം അവയെ വേർപെടുത്തി പൂത്തട്ടിൽ വച്ചു. എന്നിട്ടും പകുതിയിൽ താഴെമാത്രമേ പൂത്തട്ടിൽ കൊണ്ടുള്ളു. അദ്ദേഹം പറഞ്ഞു: 'നോക്കൂ, ഇന്നലെയും നിങ്ങൾ എന്തുകൊണ്ട് ഈ തട്ടിൻെറ അളവെടുത്തില്ല? എത്ര പൂ വേണ്ടിവരുമെന്നു നിർണയിക്കാൻ ഏകദേശ അളവെങ്കിലും എടുക്കാമായിരുന്നില്ലേ? ഇന്നലത്തെപ്പോലെ പണം വ്യർഥമാക്കിയില്ലെങ്കിലും പകുതി വ്യർഥമായില്ലേ? നാളെ കൂടുതൽ പുരോഗമിക്കണം; പൂക്കളുടെ തണ്ട് വളരെ ചെറിയതാണെന്ന കാര്യം അദ്ദേഹം ചൂണ്ടിക്കാട്ടി. പിറ്റേദിവസം കൊണ്ടുവരുന്ന പൂക്കളുടെ തണ്ടിനെത്ര നീളം വേണമെന്നദ്ദേഹം പറഞ്ഞു. പിറ്റേദിവസം ഇരുപത്തഞ്ചു പൈസക്കുള്ള പൂ കൊടുത്ത ഉടനെ അദ്ദേഹം പറഞ്ഞു: 'ശ്രദ്ധിക്കു, നിങ്ങൾ ബുദ്ധി കൂടുതൽ വളർത്തിയിട്ടുണ്ട്. തുകയും തണ്ടിൻെറ നീളവും വേണ്ടവിധമായി. ഇപ്പോൾ തുകയുടെ കാര്യവും ശരിയായി. അടുത്ത തവണ മേന്മയുടെ കാര്യത്തിൽ ശ്രദ്ധിക്കണം. ഇപ്പോൾ കൊണ്ടുവന്ന പൂക്കൾ ഗുണമുള്ളതല്ല. നിങ്ങൾക്കിതിലും നല്ലതരം പൂ കിട്ടും.'

അദ്ദേഹം അപ്പോൾ പൂക്കളുടെ ഗുണത്തെപറ്റി വ്യക്തമായ ചിത്രം തന്നു. നല്ല നിലയ്ക്കു വളർത്തിയതും വളരുന്നതുമായ മനുഷ്യശരീരത്തിൻെറയും വികൃതമായ ശരീരത്തിൻെറയും ഉദാഹരണത്തോടെ ഓരോ കാലത്തുവളരുന്ന വിവിധ പുഷ്പങ്ങളെപറ്റി പറഞ്ഞു. അന്നത്തെ അദ്ധ്യയനത്തിൽ നിന്ന് പൂക്കളേയും അതിൻെറ സൗന്ദര്യത്തേയും കുറിച്ച് ഒരേകദേശജ്ഞാനം ലഭിച്ചു. എങ്ങനെ എവിടെനിന്ന് അവ ലഭിക്കുമെന്നും മനസ്സിലാക്കി. പിന്നീട് ഞാൻ നല്ല ഉദ്യാനപാലകരുമായി ബന്ധം പുലർത്തിയതിനാൽ നല്ല പൂക്കൾ ലഭിക്കാൻ തുടങ്ങി. ദിവസേന എൻെറ ബുദ്ധിയെ കുറിച്ചുള്ള വിമർശനവും തെറ്റുകൾ ചൂണ്ടിക്കാട്ടലും വളരാനുള്ള നിർദ്ദേശങ്ങളും കാരണം കുറച്ചു മാസത്തിനകം ആ കാര്യത്തിൽ ഞാൻ വിദഗ്ദ്ധനായി."

ശിവപുരിബാബയും അദ്ദേഹത്തിൻെറ തന്നെ അനുയായിയായ ഒരു സത്യാന്വേഷകനും തമ്മിലുള്ള ബന്ധത്തിൻെറ പ്രാഥമിക പാഠം

ഭഗവദ്ഗീത വിവിധ
വലോകനം ലഭിച്ചതിൽ നാം ഭാഗ്യവാന്മാരാണ്. മാർഗമാണിത്.
ആദ്ധ്യാത്മിക പഥങ്ങളിൽനിന്ന് തിരഞ്ഞെടുത്ത ഠാക്കൂർലാലിനു നല്കിയ

ആദ്യം മുതൽ അവസാനം വരെ അടിസ്ഥാനത്തിലാണ്.
ശിക്ഷണവും മാർഗനിർദ്ദേശവും ഗീതയുടെ വ്യാഖ്യാനിച്ച്
എന്നാൽ പുതിയ ലോകത്തിൻെറ ആവശ്യാനുസാരം അനുയോജ്യമായി
-എല്ലാ വിശ്വാസികൾക്കും ജീവിതചര്യയ്ക്കും ഗീതയുടെ ഏകദേശം
രൂപാന്തരപ്പെടുത്തിയ-ഗീതയാണെന്നു മാത്രം. ശ്രീശങ്കരാചാര്യരുടെ
എല്ലാ വ്യാഖ്യാനങ്ങളും പരിവർത്തനങ്ങളും ജീവിതത്തി
അദ്വൈതസിദ്ധാന്ത പ്രകാരമാകയാൽ നാമറിയുന്ന നഷ്ടപ്പെടുന്നതായി
ലേയ്ക്കു പകർത്താനുള്ള അതിൻെറ കഴിവ് രാധാകൃഷ്ണൻ
എനിക്കെപ്പോഴും തോന്നിയിട്ടുണ്ട്. ഡോ. എസ്. മനുഷ്യവർഗത്തെ
പറയുന്ന ഒരു ആധുനിക വ്യാഖ്യാനപ്രകാരം ഗീത പറ്റിയതാണ്.
കൂട്ടിയിണക്കുന്ന പ്രശ്നങ്ങൾക്കുത്തരം നല്കാൻ ഏറ്റവും വായിച്ചാൽ
ശിവപുരിബാബയുടെ ശിക്ഷണങ്ങൾ പഠിച്ചശേഷം അതി
ഗീതയ്ക്കു കൂടുതൽ ആഴവും സാർവലൗകികത്വവും കിട്ടും.
ൻേറതായ കാവ്യസ്വരത്തിൽ എല്ലാ മതങ്ങളുടേയും സത്യം വിവരി
ക്കുന്നതായി കാണാം.

ബൈബിൾ ചരിത്രത്തിൻെറ സത്യാന്വേഷകനായ ചാറൽ മാർ
സ്റ്റൻെറ പുത്രിമാരായ മെലിസയെന്നും മാർജോരി എന്നും പേരായ
രണ്ടു ഇംഗ്ലിഷ് വനിതകളും ശിവപുരിബാബയും തമ്മിൽ നടന്ന സംഭാ
ഷണം ഞാൻ പദാനുപദം വിവരിക്കാം. 1961ൽ ഈ വനിതകൾ
എന്നോടൊപ്പം കാഠ്മണ്ഡു സന്ദർശിച്ചു. ഏതുതരത്തിലുള്ള
ചോദ്യങ്ങൾ ചോദിക്കുന്നതിനും ബാബ അവരെ ക്ഷണിച്ചു. അവർ
തങ്ങളുടെ ജീവിതവും അന്വേഷണങ്ങളും വിവരിച്ചു. വിവാഹാനന്തരം
കുറച്ചു കൊല്ലത്തിനകം ഭർത്താവ് മരിച്ചതിനാൽ ഇരുപത് കൊല്ലമായി
അതിലൊരുവൾ വിധവയായിരുന്നു. മറ്റവൾ വിവാഹം കഴിച്ചിട്ടേ ഇല്ല.
വളരെ കാലമായി അവർ ഗുർദുജീഫിൻെറ ശിക്ഷണത്തിൽ
തല്പരകളായി ജീവിക്കുന്നു. അടുത്തകാലത്ത് സുബുദിനെ കാണു
കയും ലാറ്റിഹാൻ പരിശീലിക്കുകയും ചെയ്യുന്നു. മനുഷ്യസംസ്കാര
ത്തിൻെറയും മതത്തിൻെറയും ഉത്ഭവമറിയാനും നമ്മളെയെല്ലാം വിഷമി
പ്പിക്കുന്ന ആ പ്രശ്നത്തെ - നമ്മുടെ നിലനില്പിൻെറ കാരണവും
ശരിയായ ജീവിതമാർഗവും - അറിയാനുള്ള അന്വേഷണത്തിൽ അവർ
വളരെയധികം സഞ്ചരിച്ചിട്ടുണ്ട്.

മെലിസ ഇതു പറഞ്ഞവസാനിപ്പിച്ചു: "ഇവിടെ നമ്മൾ എന്തിന്
പിറന്നു എന്നതിൻെറ അർത്ഥം ശരിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലെ
ന്നൊരു തോന്നൽ കിഴക്കൻ രാജ്യങ്ങളേക്കാൾ കൂടുതൽ പശ്ചിമരാ
ജ്യങ്ങളിലെപ്പോഴുമുണ്ട്. നമ്മുടെ ജീവിതം ഇങ്ങിനെ കടന്നുപോകുന്നു.

നമ്മൾ യഥാർഥത്തിൽ അതിനെ ഉപയോഗിക്കേണ്ടവിധം ഉപയോഗിക്കുന്നില്ല."

കൈയിൽ പിച്ചകപൂവും പിടിച്ചു വാതിലിനു പുറത്ത് ഒരു ചാരുകസാലയിൽ കിടന്ന് ശിവപുരിബാബ അവർ പറയുന്നതെല്ലാം ശ്രദ്ധിച്ചു കേൾക്കുകയായിരുന്നു. ഞങ്ങൾ അദ്ദേഹത്തിനു മുമ്പിൽ സ്റ്റൂളിൽ ഇരിക്കുകയായിരുന്നു. പുഞ്ചിരിച്ച് അദ്ദേഹം പറഞ്ഞു:

ശി.ബാ: ഈ പുഷ്പത്തിനൊരു വാസനയുണ്ട്. നിങ്ങൾക്കതു വാസനിക്കത്തക്കവിധം എനിക്കതു വിവരിക്കാൻ കഴിയുമോ?

മ.മ: ഇല്ല. കഴിയില്ല.

ശി.ബാ: ഞാൻ എങ്ങനെ വിവരിച്ചാലും നിങ്ങൾക്ക് ആ മണം അറിയാൻ കഴിയുകയില്ല. ഞാനിത് നിങ്ങളുടെ കൈയിൽതന്നിട്ട് മണക്കുകയാണെങ്കിൽ എന്തുവാസനയാണെന്ന് നിങ്ങൾക്കറിയാം. അങ്ങനെയല്ലേ? അതേ വിധം എനിക്കു നിങ്ങളുടെ ചോദ്യത്തിനുത്തരം തരാൻ കഴിയുകയില്ല. ദൈവത്തിനു മാത്രമേ നിങ്ങളടെ ചോദ്യത്തിന്നുത്തരം നല്കാനാകൂ. ആദ്യം അദ്ദേഹത്തെ കാണുക. എല്ലാ അജ്ഞതയും തീരും. അതിനുമുമ്പ് ഞാനെന്തുത്തരം തന്നാലും നിങ്ങളുടെ പ്രശ്നം തീരുകയില്ല. ആദ്യമായി ദൈവത്തിലേക്കെത്തുക. ദൈവദർശനത്താൽ സർവവും അറിയപ്പെടും.

മ.മ: നമുക്കതെങ്ങനെ ചെയ്യാം?

ശി.ബാ: ദൈവത്തെ മാത്രം ധ്യാനിക്കുക. മനസ്സിൽ നിന്നും എല്ലാ വിചാരങ്ങളും ത്യജിക്കുക. നിങ്ങൾ ദൈവത്തെ കാണും.

എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരം അവിടെയുണ്ടെന്നും അത് കൈയെത്താവുന്ന ദൂരത്തിലാണെന്നുമുള്ള തികഞ്ഞ ആത്മവിശ്വാസത്തിലാണ് അദ്ദേഹം ഈ വാക്കുകൾ പറഞ്ഞത്. ഒരു കൊല്ലം മുമ്പ് ഇതേ കാര്യം എന്നോടു പറഞ്ഞപ്പോൾ അതെന്നെ എത്ര ആഴത്തിൽ സ്പർശിച്ചു എന്ന് ഞാനിപ്പോഴും ഓർക്കുന്നു. ആ വനിതകൾക്കും കാര്യം മനസിലായിത്തുടങ്ങി. എന്നാൽ സ്ത്രീസഹജമായ സ്വാഭാവികതയോടെ അവർ വീണ്ടും പറഞ്ഞു:

മ.മ: അത് വളരെ വിഷമമാണ്.

ശി.ബാ: പ്രയാസമാണ്. പക്ഷേ അസാദ്ധ്യമല്ല. എന്നാൽ ആ ബുദ്ധിമുട്ട് നീക്കുന്നതിന് നിങ്ങൾ കുറച്ച് കഷ്ടം സഹിക്കുമെങ്കിൽ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളും നീങ്ങും. ദൈവത്തെ കണ്ടില്ലെങ്കിൽ നമുക്കിതൊന്നും അറിയാൻ കഴിയില്ല. സൂര്യൻ ഉദിക്കുന്നതുവരെ മുറ്റത്തൊന്നും കാണാൻ കഴിയില്ല. സൂര്യനുദിച്ചാൽ എല്ലാം കാണാം. അതിനുമുമ്പ് ഒരു പൊതുവിവരണം വിവരണമേ അല്ല. ഇതൊരു മധുരമായ വാസനയാണ്. പക്ഷേ മധുരമായ മണമുള്ള എത്ര പൂക്കളുണ്ട്?

ഈ മണത്തിൻെറ സ്വഭാവമെന്താണ്? മണക്കാതെ നിങ്ങഠംക്കറിയുകയില്ല. അതനുഭവിക്കാം. എന്നാൽ വിവരിക്കാനാവുകയില്ല.

ദൈവചിന്തമാത്രം നിങ്ങഠം മനസ്സിൽവയ്ക്കൂ. മറ്റെല്ലാ ചിന്തകളും നശിപ്പിക്കൂ. മുന്നിൽ നിങ്ങഠം ദൈവത്തെ കാണും. നിങ്ങളുടെ എല്ലാ പ്രശ്നവും തീരും.

ഇതാണ് പ്രാഥമിക കർത്തവ്യം. എന്നാൽ ചിട്ടയായ ജീവിതം നിങ്ങഠംക്കില്ലെങ്കിൽ ഈ ധ്യാനം സാദ്ധ്യമല്ല.

നിങ്ങഠംക്കൊരു ശരീരമുണ്ട്. അതിൻെറ ആവശ്യങ്ങഠം നിങ്ങഠംക്കറിയണം. നിങ്ങഠംക്ക് കേഠംക്കണം. കാണണം ഉറങ്ങണം. രുചിക്കണം തുപ്പണം ശ്വസിക്കണം. ആയിരക്കണക്കിന് പ്രവർത്തനങ്ങഠം ഈ ശരീരത്തിലുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം നിയന്ത്രിക്കുകയും നയിക്കുകയും വേണം. എത്ര ഉണ്ണണം? എത്ര ഉറങ്ങണം? എത്ര കാണണം? എത്ര കേഠംക്കണം? ഇവയെ നയിക്കുന്നതും നിയന്ത്രിക്കുന്നതും ഒരു കർത്തവ്യമായി.

മറ്റൊരു കർത്തവ്യം വീടിനോടും സമൂഹത്തോടും രാഷ്ട്രത്തോടും മറ്റുമുള്ളതാണ്. നാം എന്തുചെയ്യണമെന്ന് തീരുമാനിക്കുക.

മറ്റൊരു കർത്തവ്യം ഭൗതികാവശ്യത്തോടാണ്. ഭൗതികധനമില്ലാതെ നമുക്കീ കാര്യങ്ങഠം സാദ്ധ്യമല്ല. അതിനാൽ നമ്മുടെ ധനാഗമമാർഗത്തോടും ഒരു കർത്തവ്യമുണ്ട്.

ഇതെല്ലാം ഒരുവൻ നിർവഹിക്കേണ്ട കടമകളാണ്. അവയെല്ലാം തെറ്റോ കുറവോ വീഴ്ചയോ കൂടാതെ കണ്ടെത്തുകയും ശീലിക്കുകയും വേണ്ടതാണ്. എന്നാൽ ജീവിതം ശാന്തമാകും. ശാന്തജീവിതത്തിൽ ധ്യാനം വളരെ എളുപ്പമാണ്.

ഈ ഘട്ടത്തിൽ ആത്മാവിൻെറ എല്ലാ പ്രശ്നങ്ങളും പരിധികളും ഗീതയിൽ പറഞ്ഞ മിക്കതിൻെറയും ഒരു ബോധവും ശിവപുരിബാബ ഞങ്ങളിലുണർത്തി. അദ്ദേഹം കർത്തവ്യങ്ങളെക്കുറിച്ചുള്ള ലഘു വിവരണം, എന്തോ കാരണവശാൽ നിർത്തി മറ്റൊരു വിഷയത്തിലേയ്ക്കുകടന്നു:

ശി.ബാ: ഇപ്പോഠം നിങ്ങളുടെ ശരീരം ഈ വസ്ത്രാച്ഛാദിതമാണ്. വസ്ത്രം നീക്കിയാൽ എനിക്കു നിങ്ങളുടെ ശരീരം കാണാം. അതുപോലെ ബോധം നമ്മളെ ആവരണം ചെയ്തിട്ടുണ്ട്. ഈ ബോധം ഒരു നിമിഷം മറക്കൂ. നിങ്ങഠംക്ക് ദൈവത്തെ ഒരു മിന്നൽപോലെ കാണാം. ദൈവത്തെ കാണുമ്പോഠം എല്ലാ പ്രശ്നവും തീരും.

പിന്നീടദ്ദേഹം ജീവിതത്തിൽ അച്ചടക്കം വളർത്തുന്നതിൻെറയും കർത്തവ്യത്തിൻെറയും ദീർഘ വിവരണത്തിലേയ്ക്കു കടന്നു. വരുന്ന അദ്ധ്യായങ്ങളിൽ ഞാനത് വിസ്തരിച്ചെഴുതാം. ഇവിടെ എൻെറ ഉദ്ദേശം

മനസ്ഥറിനോടും ഈ രണ്ടു വനിതകളോടുമുള്ള അവതരണത്തിലെ വ്യത്യാസം ചൂണ്ടികാണിക്കുകയാണ്.

ആ വനിതകളുടെ ചോദ്യങ്ങൾ ഉജ്ജ്വലവും യാഥാർഥ്യവുമാണെങ്കിലും അവർ അല്പദിവസത്തെ പര്യടനത്തിനെത്തിയവരായതിനാൽ പരിശുദ്ധജീവിതത്തെക്കുറിച്ച് വിശദമായ ഉപദേശം നല്കാൻ കഴിയുകയില്ലല്ലോ. അവർ പിന്തുടരുന്ന ആത്മനിയന്ത്രണവും ആത്മസമർപ്പണവുംമൂലം തൻെറ ഉത്തരത്തിൽ എന്തുകുട്ടിച്ചേർക്കണമെന്ന് സ്വയം നിശ്ചയിക്കാൻ കഴിവുള്ളവരാണെന്ന ധാരണയോടെ അദ്ദേഹം അവരുടെ ചോദ്യങ്ങൾക്ക് നേരിട്ടുള്ള ഉത്തരം കൊടുത്തു.

ഏഷ്യയിലെ മികച്ച പത്രപ്രവർത്തകരിൽ ഒരാളായ താർസി വിറ്റാച്ചിയുടേതാണ് മൂന്നാമത്തെ ഉദാഹരണം. അദ്ദേഹം സിലോണിലെ ഒരു യാഥാസ്ഥിതിക കുടുംബത്തിലാണ് ജനിച്ചത്. വളർന്നപ്പോൾ മതവിരോധിയായ അദ്ദേഹം തൻെറ മാതാപിതാക്കളെക്കൂടി നിരീശ്വരവാദികളാക്കി. എന്നാൽ ഗുർദ്ജീഫിൻെറ സിലോണിൽ താമസമാക്കിയ ശിഷ്യൻ ഓസ്പൻസ്കിയുടെ സ്വാധീനത്താൽ അദ്ദേഹം ഗുർദ്ജീഫിൻെറ ഇന്ദ്രിയഹനന ശിക്ഷണത്തിലേയ്ക്ക് അത്യധികം ആകർഷിക്കപ്പെട്ടു. അങ്ങനെ സംഭവവശാൽ പത്തുകൊല്ലംമുമ്പ് കൂമ്പേ സ്പ്രിങ്ങിൽ (Coombe Spring) അദ്ദേഹം എന്നെ കാണാൻ വന്നു. യാദൃച്ഛികമെന്നു തോന്നുന്ന അപരിചിത ബന്ധങ്ങളാൽ അദ്ദേഹം സുബൂദുമായി ബന്ധപ്പെട്ടു. ഇത് 1957ൽ സുബുദ് ആദ്യമായി വന്നപ്പോഴായിരിന്നു. അപ്പോഴേയ്ക്കും ലാറ്റിഹാൻെറ പരിശീലനത്തിൽ വിറ്റാച്ചി ആകെ മാറുകയും ആദ്ധ്യാത്മികമായി വളരുകയും ചെയ്തുവെന്ന് സ്നേഹിതന്മാർ പറയാറുണ്ട്.

1961 മാർച്ചിൽ ശിവപുരിബാബ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടോ എന്നും അദ്ദേഹത്തെ ദർശിക്കാൻ എന്നെ അനുവദിക്കുമോ എന്നും അന്വേഷിക്കാൻ ഞാൻ കൽക്കത്തയിലെ ആ സ്നേഹിതന് കത്തെഴുതി. കുറച്ചാഴ്ചകൾക്കുശേഷം താർസിയിൽ നിന്നും താഴെ പറയുന്ന എഴുത്തു കിട്ടി:

"ഇയാനും മറിയാനിയും നിങ്ങളുടെ എഴുത്ത് എന്നെ കാണിച്ചപ്പോൾ ഞങ്ങൾക്കു തോന്നിയത് ഞാൻ അപ്പോൾ അവിടെ എത്തിയതും, രണ്ടരദിവസം ഒഴിവുള്ളതും, ബാവക്കൊരിക്കൽ ഞാൻ ഒരു 'കൊറിയ'റാണെന്നു പറഞ്ഞിരുന്നതും, എനിക്ക് മറ്റൊരു യാത്രയ്ക്കുള്ള സൂചനയാണെന്നാണ്. സിലോണിൽ നിന്നു കാഠ്മണ്ഡുവിലേയ്ക്ക് പോകുന്ന എൻെറ ചില സ്നേഹിതരും കൂടി വന്നപ്പോൾ യാത്ര അനിവാര്യമാണെന്നു തോന്നി. എന്നാൽ കറൻസി മാറ്റിയിട്ടില്ല. വിസയില്ല. പാസ്പോർട്ട് നേപ്പാളിലേയ്ക്കാക്കിയിട്ടില്ല. കൽക്കട്ടയിൽ അതിന് കോൺസുലേറ്റില്ല. ഇടയിൽ ഞായറാഴ്ച - എല്ലാ വിഷമങ്ങളും ഉണ്ടാ

യിരുന്നു. എന്നാൽ അവസാനം എല്ലാം ഞാനുദ്ദേശിച്ചത് പോലെ ശരിയായി.

കാഠ്മണ്ഡുവിലെത്തിയ രാത്രിയിൽ 'ലണ്ടൻ ഒബ്സർവറി'ൻെറ റോലെ നോക്സിനെ കണ്ടു. നാല്പത് ദിവസംകൊണ്ട് ലോകം ചുറ്റുന്നതിനിടയിൽ കാഠ്മണ്ഡുവിലെത്തിയ ഒരമേരിക്കക്കാരനെകുറിച്ച് അദ്ദേഹം ആയിടയ്ക്ക് എഴുതിയതേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ഈ യാത്രയെ നാല്പതുകൊല്ലംകൊണ്ട് ചെയ്തു തീർത്ത നേപ്പാളിലുള്ള മറ്റൊരാളുടെ യാത്രയോടുപമിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ പേരാണ് ശിവപുരിബാബ. ടാക്സി ഡ്രൈവറും ഹോട്ടൽ ബോയു മെല്ലാം ശിവപുരിബാബയെ അറിയും. എൻെറ ഹോട്ടലിൽ താമസിച്ചിരുന്ന മഹാരാജാവിൻെറ മുഖ്യപൈലറ്റ് ജയസിങ് ശിവപുരിബാബയുടെ ഭക്തനാണെന്ന് പറഞ്ഞു.

അങ്ങനെ പിറ്റേ ദിവസം ഉച്ചതിരിഞ്ഞ് വന കുടീരത്തിൽ ഞാൻ അദ്ദേഹത്തെ കാണാൻ പോയി. കാട്ടിനുള്ളിൽ ഒരു മനുഷ്യനെ വേട്ടയാടുന്നതിൽ ഞാനൊരല്പം ഭയചകിതനായിരുന്നു. എന്നാൽ അനുഭവം നേരെ വിപരീതമായിരുന്നു സിലോൺ കാടുകളിൽ കാണുന്ന ഭീകരതയല്ല, സുന്ദരമായി വളർത്തിയ മരങ്ങളാണ് ഞാനവിടെ കണ്ടത്. അത്യത്ഭുതകരമായ ശാന്തിയുടെ ബോധവും.

അദ്ദേഹം തോട്ടത്തിൽ വെയിലേറ്റിരിക്കുകയായിരുന്നു. എന്നെ പ്രതീക്ഷിച്ചിരുന്നതിനാൽ മുമ്പിൽ ഒരു സ്റ്റൂളും സിഗററ്റും എനിക്കുവേണ്ടി വച്ചിരുന്നു.

ഒതുക്കാത്ത മുടിയുള്ള അദ്ദേഹത്തിൻെറ മുഖത്ത് ഞാനിതുവരെ കാണാത്ത പുഞ്ചിരിയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വൃദ്ധനയനങ്ങൾ സ്വാഗതാർഹമായി പ്രകാശിച്ചു. അദ്ദേഹം അർത്ഥവത്തായി ഇംഗ്ലീഷ് സംസാരിക്കുമെന്നറിയാതെ ഞാൻ ഇംഗ്ലീഷിൽ സംസാരിക്കട്ടെ എന്നു ചോദിച്ചു.

നിങ്ങൾക്കെപ്പോഴും സ്വാഗതമെന്ന് അദ്ദേഹം മറുപടി പറഞ്ഞു. നിങ്ങൾ അദ്ദേഹത്തിന് എഴുതണ്ട. നേരെ വരു. അദ്ദേഹം സുബുദിനെപറ്റി ഇൻഡൊനേഷ്യയിൽ കേട്ടിട്ടുണ്ട്. ഒരു പുസ്തകം (ഒരു പക്ഷേ നിങ്ങളുടേത്) വായിച്ചിട്ടുമുണ്ട്. നിങ്ങൾ അറിയാനാഗ്രഹിക്കുന്നു എന്നുദ്ദേശിച്ച സുബുദിനെപറ്റി അഭിപ്രായമെന്തെന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'അദ്ദേഹത്തേയും കൂട്ടി ബെന്നറ്റ് വരുമ്പോൾ ഞാൻ അതു പറയാം.'

ബാവക്കിനെപറ്റി എന്തെങ്കിലും പറയാമോ എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: മറ്റുള്ളവരെപറ്റി സംസാരിക്കുന്നത് ശരിയല്ല. എന്നാൽ ഇതു ഞാൻ പറയാം. അദ്ദേഹം നിങ്ങളെ പരിശുദ്ധാത്മാവിലേയ്ക്ക് നയിക്കും. അവിടെനിന്ന് സത്യത്തിലേയ്ക്കും ദൈവത്തി

ലേയ്ക്കുമുള്ള വഴി മറ്റാരുടേയും സഹായം കൂടാതെ വ്യക്തമായി നിങ്ങൾക്ക് കാണാൻ കഴിയും.

നമ്മുടെ ആത്മീയജീവിതം എങ്ങനെ പുഷ്ടിപ്പെടുത്താമെന്നും രാഷ്ട്രീയത്തിലേയ്ക്കും ഉത്തേജനത്തിലേയ്ക്കും ഭക്തിജീവിതത്തോട് ബന്ധപ്പെടാത്ത എല്ലാറ്റിലേയ്ക്കും തുടർച്ചയായി വീഴുന്നതിൽനിന്ന് എങ്ങനെ രക്ഷപ്പെടാമെന്നും ഞാൻ ചോദിച്ചു.

അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു: 'മനുഷ്യന് മൂന്ന് കർത്തവ്യമുണ്ട്'.

ഭൗതികം- ജന്മനാലുള്ള കർത്തവ്യം, ജീവിക്കാനായി സമ്പാദിക്കുക, തൻെറ കഴിവ് തനിക്കും ലോകത്തിനും നല്കുക, ബന്ധു ശുശ്രൂഷ നടത്തുക, തുടങ്ങിയവ.

സാത്വികം- ദിവസത്തിൽ ഇരുപത്തിനാല് മണിക്കൂറും സത്യാന്വേഷണത്തിൽ തനിക്കുള്ള കടമ സ്വയം ബോദ്ധ്യപ്പെടുക.

ആത്മീയം- ദൈവപൂജ: എന്നാൽ ഇതിനർത്ഥം പിന്നീടേ മനസ്സിലാക്കാൻ കഴിയൂ. ആദ്യത്തെ രണ്ടു കർത്തവ്യങ്ങളാൽ തന്നെ നാം വളരെ ദൂരത്തിലെത്തും.

ആദ്യത്തെ രണ്ടു കർത്തവ്യവും നിർവഹിക്കുന്ന ഒരാൾക്ക് ഒരു ദശകത്തിനകം മനസ്സ് ശുദ്ധീകരിക്കാൻ കഴിയും. പിന്നീടദ്ദേഹം സത്യത്തിലേയ്ക്കും ദൈവത്തിലേയ്ക്കുമുള്ള വഴി മാത്രമേ ചോദിക്കൂ.

ഈ കർത്തവ്യപാലനങ്ങളിൽ ഒരു മിനിട്ടിൻെറ പോലും വിഘ്നം വരുത്തരുത്. ആ വിഘ്നം ഉത്തേജനവും മോഹവും കാമവും നിങ്ങളുടെ മനസ്സിനെ ആക്രമിക്കാൻ ഇടവരുത്തും.

അവയെ എങ്ങനെ അകറ്റാമെന്ന് ഞാൻ ചോദിച്ചു.

'വളരെ ലളിതമായി ചിന്തിക്കൂ' അദ്ദേഹം മറുപടി പറഞ്ഞു: 'നിങ്ങളെ കാണാൻ വീട്ടിലേയ്ക്കാൾക്കാർ വരുന്നു. നിങ്ങളവർക്ക് ചായയോ വിസ്കിയോ കൊടുക്കുന്നു. അവർ വീണ്ടും വരും. കാരണം സ്വാഗതം ചെയ്യുമെന്നവർക്കറിയാം. നിങ്ങളവരെ സൽക്കരിച്ചില്ലെങ്കിൽ അവർ മറ്റു ദിക്കിലേയ്ക്ക് പോകും. ഇവിടെ എൻെറ വീടിന് നാലു പുറവും ഒരു മുള്ളുകമ്പി ഉള്ളതുപോലെ. ഞാൻ അനുവദിച്ചവരേ ഉള്ളിൽ വരൂ. ഉള്ളിൽ കടക്കുന്നതിനുള്ള ഏകയോഗ്യത ശ്രദ്ധ മാത്രമാണ്. അന്യരെ കടത്തില്ല. സ്വീകരിക്കില്ല. അതുപോലെ ഒരു മുള്ളുവേലി മനസ്സിൽ സ്ഥാപിക്കൂ.'

പിന്നീട് അദ്ദേഹം ഒരു സുപ്രധാനകാര്യം പറഞ്ഞു: 'നിങ്ങൾക്കീ രണ്ടു കർത്തവ്യവും കഴിയുകയില്ലെങ്കിലും, നിങ്ങൾക്ക് ഒരു മതം സ്വീകരിക്കാം.'

നേപ്പാളിലെ ചിലർ അദ്ദേഹത്തിന് അഞ്ഞൂറ് വയസ്സായെന്നു പറയുന്നു. സിദ്ധാന്തവാദികാം ഇരുന്നൂറ് മാത്രമെന്നു പറയുന്നു. 1826ലാണ് ജനിച്ചതെന്ന് അദ്ദേഹം തന്നെ പറയുന്നു.

അദ്ദേഹം പറഞ്ഞു: 'ബ്രഹ്മചര്യം ശീലിക്കുന്നതുകൊണ്ട് കൂടുതൽ വയസ്സുവരെ ജീവിക്കാൻ കഴിയും.'

അദ്ദേഹം എനിക്കു ചില വ്യക്തിഗത ഉപദേശങ്ങാം തന്നു: 'എത്ര നിങ്ങാംക്കാവശ്യമുണ്ടെന്ന് നിങ്ങാം തീരുമാനിക്കുക. എത്ര സ്നേഹിതന്മാർ, എത്രപേരെ ദിവസേന കാണണം, എത്ര പണം നിങ്ങാംക്കും കുടുംബത്തിനും വേണ്ടി സമ്പാദിക്കണം. എത്ര സമയം നിങ്ങാംക്ക് ചിന്തിക്കുക, പറയുക, പത്രപ്രവർത്തനം, രാഷ്ട്രീയം തുടങ്ങിയവയ്ക്കായി വേണ്ടിവരും, എത്ര ഭക്ഷണവും, പാനീയവും അലങ്കാര വസ്തുക്കളും നിങ്ങാംക്കാവശ്യമുണ്ട് എന്നെല്ലാം തീരുമാനിക്കുക. കഴിയുന്നത്ര പിന്നീടതിൽ ഉറച്ചു നില്ക്കുക. ഇവയുടെ അതിർത്തിക്കപ്പുറം നിങ്ങാം നയിക്കപ്പെടാതിരിക്കട്ടെ.'

ഈ ഘട്ടത്തിൽ അദ്ദേഹത്തിനു വിശ്രമം വേണമെന്നു എനിക്കു തോന്നി. ഞാൻ ചോദിച്ചു: 'എനിക്ക് പോകാനുള്ള സമയമായോ?'

അദ്ദേഹം പറഞ്ഞു: 'ഉവ്വ്', 'നിങ്ങാം ആഗ്രഹിക്കുന്ന ഏതു സ്നേഹിതനേയും കൊണ്ടുവരു. അവർ ശ്രദ്ധാലുക്കളായിരിക്കണമെന്നു മാത്രം!' അത് താർസിയുടെ എഴുത്തിൻെറ അവസാനമായിരുന്നു.

കുറച്ചു ദിവസത്തിനകം ഞാനദ്ദേഹത്തെ കണ്ടപ്പോാം സുബുദിനെപറ്റി ചോദിച്ചില്ല. അത്തരം മർമപ്രധാനമായ ചോദ്യങ്ങാംക്ക് സമ്മതമോ തിരസ്കരണമോ വേണം. ഇവ രണ്ടും ഒരു പൂർണ്ണ മനുഷ്യന് ചേരാത്തതാണ്. ചില പേരുകേട്ട ഭാരത യോഗികാം അദ്ദേഹത്തിന് ദൈവദർശനം കിട്ടിയിട്ടുണ്ടോ എന്ന് ഞാനിരിക്കുമ്പോാം ചോദിച്ചിരുന്നു. അദ്ദേഹം സമ്മതമോ നിഷേധമോ പ്രകടിപ്പിക്കാതെ ആ വഴിക്കാണ് എന്നു മാത്രം പറഞ്ഞു. എനിക്കുള്ള എല്ലാ ആശയും അദ്ദേഹം പാക്ക് സബൂദിനെപറ്റി താർസി വിറ്റാച്ചിക്കു നല്കിയ ഉത്തരമാണ്.

എന്നാലും സുബൂദിനെ പറ്റി രണ്ടു സഹോദരിമാരോടു പറഞ്ഞ്, നേരിട്ടല്ലെങ്കിലും, അർഥവത്തായ അഭിപ്രായം എനിക്ക് ലഭിച്ചിട്ടുണ്ട്. ആദ്യത്തെ സന്ദർഭം 1961 ൽ അദ്ദേഹത്തോടു ചോദിച്ചപ്പോഴായിരുന്നു.

എച്ച്.സി: ധ്യാനത്തിന് ഒരുക്കങ്ങാം ആവശ്യമാണോ? സുബുദിൽ നിന്നും മഹർഷിയിൽ നിന്നും ഞങ്ങാം മനസ്സിലാക്കുന്നത് ഗഹനമായ ധ്യാനത്താൽ, ധ്യാനപരിശീലനം കൊണ്ടും ലാറ്റിഹാൻെറ പരിശീലനം കൊണ്ടും, മറ്റൊന്നും കൂടാതെ, ഒരുക്കങ്ങളില്ലാതെ, ദൈവദർശനത്തിലെത്താൻ സാദ്ധ്യമാണെന്നാണ്. ബാബാജി നിങ്ങളിതിൽ എന്തു പറയുന്നു?

ശി.ബാ: ഒരുക്കങ്ങളില്ലാതെ ദൈവസന്നിധിയിലെത്താൻ കഴിയുമെന്നാലോചിക്കുന്നത് ആനയെ രണ്ടു പൈസയ്ക്ക് വാങ്ങാമെന്നാലോചിക്കുന്നതുപോലെയാണ്.

എച്ച്.സി: എന്നാൽ ഒരുക്കങ്ങളില്ലാതെ ഇവയിൽ പുരോഗതി നേടുന്നവരെ ഞങ്ങൾ കണ്ടിട്ടുണ്ട്.

ശി.ബാ: എന്നാൽ ആ പരിശീലനം തന്നെ ഒരു ഒരുക്കമാകാം. ഒരുക്കമില്ലാതെ അതായത് ഒരു ഊർജ്ജസ്വലമനസ്സില്ലാതെ ധ്യാനം അസാദ്ധ്യമാണ്.

ബെന്നറ്റ്: അപൂർവം ചിലർ ആദ്ധ്യാത്മികവൃത്തിയുടെ സുകൃതവുമായി പിറന്നിരിക്കാം. മറ്റുള്ളവരെപോലെ കൊല്ലങ്ങളോളമുള്ള ഒരുക്കങ്ങൾ കൂടാതെ അവർക്ക് നേരെ മുന്നോട്ടു പോകാം.

ശി.ബാ: ചിലർ ആദ്ധ്യാത്മിക ഒരുക്കങ്ങളോടെ പിറന്നിട്ടുണ്ടെങ്കിൽ അത് മുജ്ജന്മസുകൃതവും പരിശീലനവും കൊണ്ടാകാം, അതുമല്ല, ഈ ജീവിതത്തിലും പല ദുശീലങ്ങളും രൂപംകൊള്ളുമെന്ന് ധരിക്കണം. ഈ ദുശീലങ്ങൾ മാറ്റുന്നതുവരെ ഉപാസന സാദ്ധ്യമല്ല. ഈ ദുശീലങ്ങൾ കളയാതെ അത്ര ദൂരം എത്തുകയില്ല.

എച്ച്.സി: അച്ചടക്കം ആവശ്യമല്ലെന്നും ഞങ്ങളോടു പറഞ്ഞിട്ടുണ്ട്. ആദ്ധ്യാത്മികയോഗത്തിൻെറ പരിശീലനത്തിൽ അതെല്ലാം തനിയെ വരും.

ശി.ബാ: ഇവിടെ എന്തോ തെറ്റിദ്ധാരണയുണ്ട്. അച്ചടക്കമില്ലാതെ ആദ്ധ്യാത്മികജീവിതം സാദ്ധ്യമല്ലെന്ന് ആർക്കുമറിയാം.

അടുത്തവർഷം ആ വനിതകൾ മനുഷ്യബന്ധങ്ങളുടെ അടിസ്ഥാനത്തിൽ അച്ചടക്കത്തേയും ആദ്ധ്യാത്മികചിന്തനങ്ങളേയും കുറിച്ച് ചോദിച്ചു.

മ.മ: ഞാൻ സുബൂദിനെപറ്റി നിങ്ങളോട് ചോദിക്കാൻ പോവുകയായിരുന്നു. കാരണം കൂടുതൽ അനൈക്യം സൃഷ്ടിച്ച് സുബൂദിൻെറ ആൾക്കാർ ഞങ്ങളിൽ പരിഭ്രാന്തി വളർത്തി. ഞങ്ങളുടെ പുതിയ സ്നേഹിതന്മാർ ബലമായി അനൈക്യം സൃഷ്ടിക്കുന്നു എന്നുകൂടി ഞാൻ പറയും. ഞങ്ങൾക്കൊന്നിച്ചു ജോലിചെയ്യാൻ വിഷമമാണ്. അതെന്തുകൊണ്ട്? ഇത് നമ്മൾ കടന്നു പോകുന്ന ഒരു ഘട്ടം മാത്രമാണോ?

ശി.ബാ: ഇത് സാത്വികനിയമമോ അച്ചടക്കമോ ഇല്ലാത്തതുകൊണ്ടാണ്. അപ്പോൾ അവയൊക്കെ സംഭവിക്കും.

ബെന്നറ്റ്: ഞങ്ങൾ ലാറ്റിഹാൻ പരിശീലിക്കുമ്പോൾ സാത്വിക അച്ചടക്കം ശീലിക്കുന്നില്ലെന്നാണോ അങ്ങ് പറയുന്നത്?

ശി.ബാ: അതെ. സാത്വിക അച്ചടക്കം ശീലിക്കുക. എന്നാൽ ഈ ധർമ്മം തുടങ്ങിയവ സരളമാണ്. കെമിസ്ട്രി പഠിക്കാതെ വൈദ്യം പഠിക്കാനാവില്ല. കണക്കു പഠിക്കാതെ എഞ്ചിനീയറിങ്ങ് പഠിക്കാൻ കഴിയില്ല. അതുപോലെ സാത്വിക അച്ചടക്കം പഠിക്കാതെ യഥാർത്ഥ ധ്യാനം സാദ്ധ്യമല്ല.

ഞാൻ ഇപ്പോൾ ഇവിടെ ഇരിക്കുന്നു. എന്നാൽ ഈ സീറ്റ് ഇളകാൻ തുടങ്ങിയാൽ എനിക്ക് ശരിക്കിരിക്കാൻ കഴിയില്ല. അത് നിശ്ചലമാകണം. ധ്യാനം മനസ്സിൽകൂടിയാണ്. മനസ് വിറച്ചാൽ ശരിയായ ധ്യാനം സാദ്ധ്യമല്ല. നിശ്ചലമായ ജലത്തിൽ നിങ്ങളുടെ മുഖം വ്യക്തമായിക്കാണാം. വെള്ളത്തിൽ ഒരു കല്ലിടുക. അലകളുണ്ടാവുമ്പോൾ നിങ്ങളുടെ ഛായ വ്യക്തമായി കാണുന്നില്ല. അതുപോലെ ഇഷ്ടം, അനിഷ്ടം, കോപം തുടങ്ങിയവ ഉണ്ടാകുമ്പോൾ ധ്യാനം അസാദ്ധ്യമാണ്.

ബെന്നറ്റ്: ഞങ്ങളോട് പറഞ്ഞത് ലാറ്റിഹാൻെറ അഭ്യാസംകൊണ്ടു മാത്രം. മനസ് തന്നത്താൻ നിശ്ചലമാകുമെന്നാണ്. മനസ്സിനെ ദൈവശക്തിക്കു അർപ്പിക്കുകയല്ലാതെ അതിനൊന്നും ചെയ്യാനില്ല എന്നാണ് പാക്ക് സുബുദ് പറയുന്നത്. അപ്പോൾ ദൈവശക്തി മനസ്സിനെ സ്ഥിരമാക്കും.

ശി.ബാ: അതൊരു തോന്നൽ മാത്രമാണ്. ഒരുപരിധിവരെ മനസ് സ്ഥിരമായേക്കും. എന്നാൽ യഥാർത്ഥത്തിൽ ആകില്ല. അച്ചടക്കം അത്യാവശ്യമാണ്. നിങ്ങൾക്ക് സ്വസ്ഥതയുണ്ടായിരിക്കും. എന്നാൽ എന്തെങ്കിലും കാരണമുണ്ടാകുമ്പോൾ സ്വസ്ഥത തകരുകയും നിങ്ങൾ പഴയ സ്ഥിതിയിലേക്ക് പോകുകയും ചെയ്യും. കാറ്റില്ലെങ്കിൽ ഇല അനങ്ങില്ല. ചെറിയൊരു കാറ്റുവന്നാൽ അവ ചലിക്കാൻ തുടങ്ങും. അതുപോലെ നിങ്ങൾക്കനുകൂലമോ എതിരോ ആയി എന്തെങ്കിലുമുണ്ടായാൽ ഈ സ്വസ്ഥത തകരും.

ബെന്നറ്റ്: നിങ്ങൾക്ക് അച്ചടക്കമില്ലെങ്കിൽ?

ശി.ബാ: അതെ. മൂല്യങ്ങൾ നല്ലവണ്ണം ശീലിച്ചില്ലെങ്കിൽ ഈ ലാറ്റിഹാൻ കൊണ്ട് ഫലമില്ല.

ഈ അദ്ധ്യായം എൻെറ അനുഭവവിവരണത്തോടെ അവസാനിപ്പിക്കാം. 1961 ലും 1962 ലും ഈസ്റ്റർ കാലത്ത് തനിച്ചും മറ്റുള്ളവരൊത്തും അദ്ദേഹവുമായി സംഭാഷണം ഞാൻ നടത്തിയിട്ടുണ്ട്.

ഒറ്റയ്ക്കുള്ള സംഭാഷണങ്ങളിൽ അദ്ദേഹം നേരെ വിഷയത്തിലേയ്ക്ക് കടന്നിരുന്നു. വേണ്ടതിലധികം സമയവും പ്രയത്നവും ഞാൻ കർത്തവ്യപാലനത്തിന് ചിലവഴിച്ചു. എൻെറ ജീവിതം നല്ലപോലെ തിട്ടപ്പെടുത്തുകയും ധ്യാനത്തിന് കൂടുതൽ സമയം കാണുകയും ചെയ്തിരുന്നുവെങ്കിൽ വേഗത്തിൽ ദൈവജ്ഞാനം ലഭിക്കുമെന്ന് പ്രതീ

ക്ഷിക്കാൻ കഴിയും. ഏറ്റ കർത്തവ്യങ്ങൾ പാലിക്കുകതന്നെ വേണം. എന്നാൽ ഞാനന്നു മുതല്ക്കുതന്നെ ഏറ്റെടുക്കുന്ന ഉത്തരവാദിത്തം കുറച്ചിരുന്നെങ്കിൽ ധ്യാനത്തിന് കൂടുതൽ സമയം കിട്ടുമായിരുന്നു. ഞാൻ തികച്ചും മറ്റൊരു സ്ഥിതിയിലാകുമായിരുന്നു.

വിവിധ അനുഭവങ്ങൾ ഞാൻ പറയുമ്പോൾ അദ്ദേഹം ഉൾക്കൊള്ളുകയും അവ സംശയമന്യേ വിലയിരുത്തുകയും ചെയ്യുന്നത് ഞാൻ കണ്ടു. ഉദാഹരണത്തിന്, ചിന്തകളും വികാരങ്ങളും ശാന്തമായി ഉൾക്കണ്ണു തുറക്കുന്ന സുഖാവസ്ഥ ഞാൻ സൂചിപ്പിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു: 'ആ സന്തോഷാവസ്ഥ ഒരു ബാധയാണ്. ധ്യാനത്തിൽ സുഖദുഃഖങ്ങൾ അരുത്. ദൈവദർശനത്തിനുള്ള ഉൽക്കട ആഗ്രഹം മാത്രമേ ആകാവൂ.'

ദൈവദർശനം പരമസിദ്ധിയായി അദ്ദേഹം ഊന്നിപറയുമ്പോൾ ലൗകികജീവിതത്തിലെ ആതുരശുശ്രൂഷയെ താഴ്ത്തികാട്ടുകയാണെന്ന് എനിക്കു തോന്നുന്നു. ഇന്ത്യയിലെ ജീവിതദർശനത്തിൻെറ കുറവായി ഞാൻ ഇതിനെ എപ്പോഴും കരുതിയിരുന്നു. മൂലവൈദികഗ്രന്ഥങ്ങളിൽ കാണുന്ന വ്യക്തിഗതമായ ദൈവദർശനം മാത്രമാണ് മനുഷ്യജീവിതത്തിൻെറ ഒരേ ഒരു ഉദ്ദേശസിദ്ധിയെന്ന വിശ്വാസത്തിൽ എനിക്ക് സംശയമുണ്ട്. ഇന്ത്യൻ തത്വശാസ്ത്രമോ യോഗവിധികളോ ആയി (വ്യായാമഭാഗം) എനിക്കു യോജിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം അവ ലോകത്തെ നമ്മുടെ താല്പര്യത്തിന് ഉപയോഗശൂന്യമായും മായയായും, അധിക്ഷേപിക്കുന്നു. ഈ കാര്യം ഞാൻ ശിവപുരിബാബയോട് ചോദിച്ചു.

ബെന്നറ്റ്: ബാബാജി, അങ്ങ് മുന്നുപടിയായി അച്ചടക്കത്തിൻെറ ആവശ്യം പഠിപ്പിക്കുന്നു. എന്നാൽ നിങ്ങൾ സർവോപരിയായി ദൈവജ്ഞാനലബ്ധിയെ കരുതുന്നു. ഇത് പൂർണമായും ശരിയാണോ? മറ്റൊരു കർത്തവ്യം ബാക്കിയില്ലേ? ദൈവജ്ഞാനമെന്നാൽ ധർമമാകുന്ന ദൈവേച്ഛയുടെ ജ്ഞാനമെന്നാണ് അർത്ഥം. അങ്ങനെയെങ്കിൽ പരമപ്രാപ്തിക്കുശേഷവും ധർമം നിലനില്ക്കുന്നില്ലേ? പൂർണജ്ഞാനവും പൂർണസിദ്ധിയും ലഭിച്ച ഒരുവന് ആ ദൈവികോദ്ദേശം നിർവഹിക്കേണ്ട കടമയില്ലേ?

ശി.ബാ: ധർമമെന്നാൽ കർത്തവ്യമാണ്. ഈ കർത്തവ്യങ്ങൾ ചെയ്യുക തന്നെ വേണം. അവ നമ്മുടെ ദൈവസംസ്കാരമാണ്. വേറെ ഒന്നുമല്ല.

ബെന്നറ്റ്- എനിക്ക് പല ചുമതലകളുണ്ട്. ഞാൻ ഒരു വിദ്യാർഥിയാണ്; എഴുത്തുകാരനാണ്. ലണ്ടനിൽ കോംബെ സ്പ്രിങ്ങിൽ എനിക്കുള്ള സ്ഥലത്ത് സത്യാന്വേഷികൾ വരുന്നു. അവർ എന്നിൽ നിന്ന് കഴിയുന്നത്ര സഹായം പ്രതീക്ഷിക്കുന്നു. ഈ പ്രവർത്തികളെല്ലാം

എനിക്കു ചെയ്യേണ്ട കർത്തവ്യമായി കണക്കാക്കണ്ടെ? അതോ ഞാൻ അവയിൽ നിന്നെല്ലാം മുക്തനാകണോ?

ശി.ബാ: വേണം. പക്ഷേ നിങ്ങൾ ആ ചുമതലകൾ ഏറ്റു. അതു കൊൺച് അവ തെറ്റോ കുറവോ കൂടാതെ നിർവഹിക്കണം. വിവാഹത്തിൻെറ കാര്യത്തിലും ഇങ്ങനെ തന്നെയാണ്. നിങ്ങൾ വിവാഹം കഴിച്ച് കുട്ടികളുള്ളവനാണ്. നിങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിക്കണം. എന്നാൽ ഇത് നിങ്ങളുടെ ദൈവികാന്വേഷണത്തിന് തടസ്സമാകാത്ത നിലയിൽ നിർവഹിക്കണം. ക്രമേണ നിങ്ങൾക്കതു കുറയ്ക്കാൻ കഴിയണം. ആദ്യം ബാഹ്യകർത്തവ്യങ്ങളും പിന്നീടു ഗൃഹകർത്തവ്യങ്ങളും ചുരുക്കണം. അവസാനം ശരീരം നിലനിർത്താനുള്ളതു മാത്രമാക്കണം.

എന്തായാലും ദൈവധ്യാനവും ജീവിതോദ്ദേശവും നിങ്ങൾക്കിപ്പോഴും നിർവഹിക്കാൻ കഴിയും. എന്നും കഴിയുന്നത്ര സമയം അതിന് നീക്കിവയ്ക്കണം. നിങ്ങൾക്കതു കഴിയും.

ബെന്നറ്റ്: ഇത് ഞാനും മനസ്സിലാക്കുന്നു. എന്നാലും മനുഷ്യശുശ്രൂഷയ്ക്ക് ദേവസേവയിലും വളരെ കുറഞ്ഞ പ്രാധാന്യം കല്പിക്കുന്നതിൽ എനിക്കു ഉൽക്കണ്ഠയുണ്ട്. ദിവസത്തിൽ ഏതുസമയവും മറ്റൊരു ഉദ്ദേശവുമില്ലാതെ ഉൾക്കാഴ്ചയെ സത്യാന്വേഷണത്തിൽനിന്നു പിന്തിരിപ്പിക്കുന്ന മനുഷ്യശുശ്രൂഷ മാനസിക ദുർബലതയാണോ? അത്യധികം ഉജ്ജ്വലമായ കാര്യനിർവഹണത്തിനൊഴിച്ച് മനുഷ്യനു അത്ര വിവിധവും സാമാന്യാതീതവുമായ പ്രവർത്തന ശക്തിനല്കിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ശി.ബാ: കർത്തവ്യനിർവഹണം വഴി പരമോദ്ദേശവും നേടാം. അതാണ് ധർമം. ഇത് എളുപ്പമല്ല. ഉജ്ജ്വലബുദ്ധിയില്ലെങ്കിൽ കർത്തവ്യം തിരിച്ചറിയാനോ വേണ്ടവിധം നിർവഹിക്കാനോ കഴിയുകയില്ല. ഇളക്കം തട്ടാത്ത ദൈവധ്യാനത്തിന് ഉജ്ജ്വലമനസ്സും ആവശ്യമാണ്. ഉജ്ജ്വലമനസ്സിന് സാത്വിക അനുഷ്ഠാനങ്ങളും വേണം. അതിനാൽ മൂന്നും ആവശ്യമാണ് - കർത്തവ്യം, അച്ചടക്കം, ഭക്തി.

ബെന്നറ്റ്: ബാബാജി, മാപ്പ്. ഞാൻ ചോദ്യത്തിന് ഒന്നുകൂടി ഊന്നൽ കൊടുക്കട്ടേ?

ശി.ബാ: തീർച്ചയായും. സംശയം തീർക്കാനാണ് നിങ്ങളിവിടെ വന്നത്.

ബെന്നറ്റ്: ഞാൻ ശ്രീശങ്കരാചാര്യരുടെ കാര്യമെടുക്കട്ടെ. അദ്വൈതവേദത്തിൻെറ മഹാപ്രവാചകനായിരുന്ന അദ്ദേഹം പറയുന്നു: 'ബ്രഹ്മ സത്യം, ജഗൻമിഥ്യ, ജീവോ ബ്രഹ്മൈവനാപരം;' ബ്രഹ്മം സത്യം. ലോകംമായ; ജീവൻ ബ്രഹ്മനല്ലാതെ മറ്റൊന്നുമല്ല. മുപ്പത്തിരണ്ടാം

വയസ്സിൽ സമാധിയായ ശ്രീശങ്കരൻ അദ്ദേഹത്തിൻെറ കാലത്തെ ഉജ്ജ്വലതേജസ്സിയും ഏതു യുഗത്തിൻെറയും അസാധാരണ പരിഷ്കർത്താവുമാണ്. അദ്ദേഹം നാല്പതോ അമ്പതോ ഗ്രന്ഥങ്ങൾ എഴുതി. അദ്ദേഹം പത്ത് മഠങ്ങൾ സ്ഥാപിച്ചതിൽ നാലെണ്ണം ഇപ്പോഴുമുണ്ട്. താങ്കളുടെ സന്യാസവും അതിലൊന്നിലാണല്ലൊ. ഒരുവശത്ത് ബുദ്ധമതത്തിൻെറയും മറ്റുവിഭാഗങ്ങളുടേയും തെറ്റുകൾ അദ്ദേഹം നേരിട്ടു. മറുവശത്ത് ബ്രാഹ്മണാധിപത്യത്തിൻെറ പുതുക്കിയ കർക്കശപ്രവണത തടുത്തു. അത്തരം ഒരാൾക്ക് ഈ ലോകത്തെ മിഥ്യയെന്നു വിളിക്കുകയും ബുദ്ധിമാന്മാർ സത്യാന്വേഷണത്തിൽ അതിനെ അവഗണിക്കണമെന്നുപദേശിക്കുകയും ചെയ്യാനെങ്ങനെ കഴിഞ്ഞു?

ശി.ബാ: നിങ്ങൾ പരമവും ആനുപാതികവും തമ്മിലുള്ള ഭേദം മനസ്സിലാക്കിയിട്ടില്ല. ഞാൻ നാല്പത് കൊല്ലം ലോകം ചുറ്റി സഞ്ചരിച്ചിട്ടുണ്ട്. വെറുതെയല്ല ഒരു കർത്തവ്യമായിട്ടാണ് ഞാനതു ചെയ്തത്. ദൈവത്തേയും ജീവിതോദ്ദേശത്തേയുംകുറിച്ച് ചോദിച്ച ആയിരക്കണക്കിനാൾക്കാരെ കണ്ടു. നിങ്ങളോടെന്നപോലെ അവരോടും ഉത്തരം പറഞ്ഞു. കാരണം അതെൻെറ കർത്തവ്യമാണ്. നിങ്ങൾക്കും വ്യവഹാരകർത്തവ്യമുണ്ട്. അതു നിറവേറ്റണം. ഇവയെ ശരിക്കെടുത്താൽ അവ നിങ്ങളുടെ ധർമമാണ്.

അതേസമയം ഇവയൊന്നും ദൈവത്തിലേയ്ക്ക് നയിക്കുകയില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇത് ദൈവാന്വേഷണത്തിനുപകരിക്കുന്ന സ്ഥിതിവിശേഷമാണ്. എന്നാൽ ആ അന്വേഷണം മറ്റൊരു കാര്യമാണ്. ബ്രഹ്മം മാത്രം സത്യമെന്നു പറഞ്ഞ ശ്രീശങ്കരാചാര്യർ ഈ ലോകത്തിൽ മനുഷ്യന് കർത്തവ്യമില്ലെന്നു പറഞ്ഞിട്ടില്ല. നേരെ മറിച്ച് അക്കാലത്തെ ജനങ്ങളുടെ കർത്തവ്യമെന്തെന്നു വ്യക്തമാക്കാൻ അദ്ദേഹം ജീവിതം അർപ്പിച്ചു. അദ്ദേഹം ആയിരം കൊല്ലം മുമ്പാണ് ജീവിച്ചത്. ഇപ്പോൾ സ്ഥിതിഗതികൾ പഠിച്ച് അതിനനുസരണമായ കർത്തവ്യങ്ങൾ തിരഞ്ഞെടുക്കണം. നിങ്ങൾക്ക് നല്ല ബുദ്ധിയുള്ളതിനാൽ ഇംഗ്ലണ്ടിലെ ജീവിതസ്ഥിതി പഠിച്ച് നിങ്ങളുടെ ശിഷ്യന്മാരുടെ ഇപ്പോഴത്തെ കർത്തവ്യമെന്തായിരിക്കണമെന്നു കാണിക്കാൻ നിങ്ങൾക്കു കഴിയും.

എന്നാൽ ഇത് ധ്യാനത്തിനുവേണ്ട സമയം കണ്ടെത്തുന്നതിൽ നിന്ന് നിങ്ങളെ തടയരുത്. നിങ്ങളിലെ 'പരമ'ത്തെ മറികടക്കാൻ ബന്ധുക്കളെ അനുവദിക്കരുത്. അനുവദിച്ചാൽ ജീവിതം മിഥ്യയും മായയുമാകും.

ഓർമയിൽ നിന്നെടുത്ത ഈ സംഭാഷണം താൻ കൈവച്ച എല്ലാ വിഷയത്തിലും ആ ജ്ഞാനവൃദ്ധൻ ചൊരിഞ്ഞ തേജസ്സ് പ്രതിഫലിപ്പിക്കുന്നില്ല. അദ്വൈതവും ദ്വൈതവും തമ്മിലുള്ള ഭേദം ഉള്ളടക്കത്തി

ലല്ല. ഊന്നലിൽ മാത്രമാണെന്ന് അദ്ദേഹം കാണിച്ചു തന്നു. അനന്തതയുടെ മുമ്പിൽ ഗണ്യങ്ങൾ ഗണിക്കപ്പെടുകയില്ല. സ്കൂളിൽ പഠിപ്പിച്ചപോലെ, എത്ര ചേർത്താലും അനന്തത കൂടില്ല. എത്ര കുറച്ചാലും കുറയുകയുമില്ല. അപ്പോൾ ദൈവാനുഭൂതിയോ ദൈവദർശനമോ ആകുന്ന അനന്തതയോടുള്ള ബന്ധം ലോകത്തിലെ ഒന്നുകൊണ്ടും കൂടുകയോ കുറയുകയോ ചെയ്യുന്നില്ല. ഈ ധാരണയിൽ ശങ്കരാചാര്യർ പറയുന്നതു ശരിയാണ്-ബ്രഹ്മം സത്യം, ലോകം മിഥ്യ. എന്നാൽ, ഗണിക്കാവുന്നവ, കാണാതെ അനന്തതയെ അറിയാനാവുകയില്ലെന്ന് പറയുന്നതും ശരിയാണ്.

ശിവപുരിബാബയുടെ വർണ്ണനയുടെ പ്രത്യേകമേന്മ തത്വശാസ്ത്രത്തേയും പ്രായോഗികപ്രശ്നങ്ങളേയും അത് ഒന്നിച്ചു കാണുന്നു എന്നതാണ്. ഉദ്ദേശം ദൈവജ്ഞാനമാണ്-അതായത് അനന്തത. എന്നാൽ അറിയാൻ അറിയാനുള്ള കഴിവുവേണം. കഴിവ് എന്നതിനർഥം ശക്തി. അച്ചടക്കമില്ലാതെ ശക്തിയാർജിക്കാനാവില്ല. എന്നാൽ ദൈവത്തിന്നു മനുഷ്യശക്തിയോ ദാനമോ വേണ്ട. എന്നാലും അദ്ദേഹത്തിന് നമ്മളെയെല്ലാം വേണം. നമ്മൾ കേൾക്കുന്നവർ മാത്രമാകരുത്. പ്രവർത്തകരുമാകണം.

അനന്തതയുടേയും ഗണനീയത്തിൻേറയും അക്ലിഷ്ടത നമ്മളിൽ എപ്പോഴുമുണ്ട്. വേദാന്തം അതു തീർക്കുന്നില്ല. ശ്രീശങ്കരാചാര്യരേക്കാൾ കൂടുതൽ സർവസ്പർശിയായി അദ്വൈതം ആരും ഉപദേശിച്ചിട്ടില്ല. ശിവപുരിബാബ ആ സുത്രക്കുടുക്ക് രണ്ടും ശരിയാണെന്നു പറഞ്ഞ് മുറിച്ചു: 'മറ്റേതു കൂടാതെ രണ്ടും ശരിയല്ല.'

അനുഭവങ്ങളുടെ സാമാന്യരീതിയിലുള്ള സ്വീകൃതിയും അനന്തതയോടും ദൈവത്തോടുമുള്ള നീക്കുപോക്കില്ലാത്ത ഭക്തിയും കൂട്ടിച്ചേർത്ത ഈ വിവരണം അതിമഹത്തായിരുന്നുവെങ്കിലും ദൈവികോദ്ദേശത്തെകുറിച്ചുള്ള ചോദ്യം എന്നിൽ പിന്നെയും തുടർന്നു. ഒരു ഭാരതീയന് ഇതൊരർഥശൂന്യമായ ചോദ്യമാണന്നെനിക്കറിയാം. സർവസ്പർശിയായ അദ്വൈതത്തിൽ ലക്ഷ്യമെന്ന ആശയം നിലനില്ക്കില്ല. ഭാരതീയദർശകരിൽ ചരിത്രബോധം വിരളമായി കാണുന്നതിന്, ഇത് ഒരു കാരണമാകാം.

ഭാരതീയ ദർശനങ്ങളിൽ ശ്രീബുദ്ധനുണ്ടായിരുന്ന അതിയായ സ്വാധീനം മറ്റൊരു കാരണമാകാം. ബുദ്ധമതം ഇന്ത്യയിൽ ക്ഷയിച്ചെങ്കിലും അതിൻെറ സ്ഥാപകനെ ഭാരതീയർ ചിന്തകരിലും പരിഷ്കർത്താക്കളിലും അതിമഹാനായി ഇപ്പോഴും കണക്കാക്കുന്നു. 'നിദാനം' - കാരണം - എന്ന സിദ്ധാന്തം അടിസ്ഥാനമാക്കിയാണ് ശ്രീബുദ്ധൻ പ്രമാണങ്ങൾ നിർമ്മിച്ചത് 'ഇത് ഉദിക്കുന്നതുകൊണ്ട് അതുണ്ടായിവരുന്നു. ഇത് നശിക്കുന്നതുകൊണ്ട് അതില്ലാതാകുന്നു.'

ലോകം ഒരു തണുപ്പൻ പ്രദേശമാണെന്നും അവിടെ നിന്ന് കഴിയുന്നതുംവേഗം നാം രക്ഷപ്പെടണമെന്നുള്ളബോധം മനുഷ്യമനസ്സിൽ ഇതുമൂലം ശക്തിപ്പെടുന്നതിനാൽ ഉല്പാദനം ലക്ഷ്യംവച്ച പ്രയത്നം ഒഴിവാക്കുന്നു. ലോകത്തിനർഥം ഇപ്പോൾ നിലനില്പുള്ളതല്ലെന്നു നമ്മൾ വിശ്വസിച്ചാൽ തന്നെ, ഞങ്ങൾക്കറിയാവുന്ന ബുദ്ധമത സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ, സ്വർഗത്തിലുള്ള പുണ്യാത്മാക്കളും നമ്മളേക്കാൾ മികച്ച സ്ഥിതിയിലൊന്നുമല്ല ശ്രീബുദ്ധൻ വീണ്ടും വീണ്ടും പറയുന്നു. കാരണം അവരും കാരണങ്ങളുടെ ചങ്ങലയിൽ കുടുങ്ങിയവരാണ്.

ഒരു പരിപൂർണ്ണ മനുഷ്യന് ദൈവികദർശനത്തിനുശേഷവും എന്തെങ്കിലും ലക്ഷ്യമോ ചെയ്തുതീർക്കേണ്ട കടമയോ ഉണ്ടോ, എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു- 'അതു അന്ത്യമാണ്. അതു പരമോദ്ദേശമാണ്.'

1961-ഏപ്രിലിൽ ഞാനദ്ദേഹത്തെ പിരിഞ്ഞപ്പോൾ ഈ ഘട്ടത്തിലാണ് നിർത്തിയത്. ഒരു കൊല്ലത്തേയ്ക്കു ഞാനദ്ദേഹത്തെ കണ്ടില്ല. ഇക്കാലത്ത് ഈ സംശയം എന്നെ വേട്ടയാടുകയായിരുന്നു. പിന്നീട് ഞാനദ്ദേഹത്തെ കണ്ടത് 1962ഏപ്രിലിലാണ്. അപ്പോഴേയ്ക്കും വളരെ ക്ഷീണിച്ചിരുന്നു. പ്രായമേറിയ ഒരു വൃദ്ധനായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ ബുദ്ധികൂർമത എന്നത്തേയും പോലെ തീവ്രമായിരുന്നു. അദ്ദേഹം എൻെറ ചോദ്യങ്ങൾക്കുത്തരം നല്കാൻ തയാറായിരുന്നു.

ഒരു സംപൂർണ്ണ മനുഷ്യന് തൻെറ ശരീരം സൂക്ഷിക്കുക എന്നതിൽ കൂടുതൽ ഒരു കർത്തവ്യവുമില്ലെന്ന സിദ്ധാന്തത്തോട് എനിക്കു യോജിക്കാൻ കഴിയുകയില്ലെന്ന് ഞാൻ വീണ്ടും പറഞ്ഞു. ഈ സമയം അവിചാരിതവും വ്യത്യസ്തവുമായി അദ്ദേഹം എന്നെപ്പറ്റി പറഞ്ഞു.

ശി.ബാ: നിങ്ങൾ ദൈവത്തെ കാണുന്ന സമയം അടുത്തതായി ഞാൻ അറിയുന്നു. നിങ്ങൾ മരിക്കുന്നതിനുമുമ്പ് ആ ദൃശ്യം കാണുമെന്ന് ഇപ്പോൾ ഞാനുറപ്പുതരാം. ഇത്രയധികം ബാധ്യതകളിൽനിന്ന് സ്വയം മോചിതനായി ധ്യാനത്തിന് കുറച്ചുകൂടി സമയം കൊടുത്താൽ നിങ്ങൾക്കതു വേഗത്തിൽ ലഭ്യമാകും. ഒരുപക്ഷേ, രണ്ടുകൊല്ലത്തിനുള്ളിൽ. അവിടെ എത്തുമ്പോൾ നിങ്ങൾക്കുതന്നെ ഉത്തരം കിട്ടും.

ബെന്നറ്റ്: ഈ കൊല്ലാവസാനം ഞാൻ റോമൻ കത്തോലിക്കാ സഭയിൽ ചേരാൻ തീരുമാനിച്ചിട്ടുണ്ട്. താങ്കൾ പറഞ്ഞ ബോധോദയത്തിന് ക്രിസ്ത്യൻ വിശ്വാസത്തിലുള്ള ആരാധന ഒരു ബാധയായി തീരുമെന്ന് താങ്കൾ പറയുമോ?

ശി.ബാ: ഇല്ല. നിങ്ങൾക്കതാണ് ശരി. നിങ്ങൾക്കുള്ള എല്ലാ കഴിവും നിങ്ങളുപയോഗിക്കണം. 'റോസറി' ഉപയോഗിക്കുക. രൂപമില്ലാത്ത ധ്യാനത്തിൻെറ ഭാരം മനസ്സിനു താങ്ങാനാവില്ലെങ്കിൽ അതു

നിങ്ങളെ സഹായിക്കും. നിർത്താതെ തുടർന്നാൽ ദൈവത്തെ കാണും. ക്രിസ്തു നിങ്ങളിലെത്തി കാണിക്കേണ്ട വഴിക്കാണ് നിങ്ങൾ ധ്യാനിക്കേണ്ടത്. റോസറിയുടെയോ, ഒരു പ്രതിച്ഛായയുടെയോ ഒരു ചിത്രത്തിൻെറയോ സഹായത്തോടെ ധ്യാനിക്കുക. അല്ലെങ്കിൽ ക്രിസ്തുവിൻെറ രൂപത്തിൽ ധ്യാനിക്കുക. വേണ്ടത്ര ബലമാർജ്ജിക്കുമ്പോൾ എല്ലാ രൂപങ്ങളും പ്രതിച്ഛായകളും മാറ്റി പേരോ രൂപമോ ഇല്ലാത്ത ദൈവത്തെ ധ്യാനിക്കുക.

ബെന്നറ്റ്: ബോധോദയത്തിന് വളരെ അടുത്താണെന്ന് ചിലപ്പോൾ എനിക്കും തോന്നിയിട്ടുണ്ട്. എന്നാൽ മറ്റു ചിന്തകളെല്ലാം മാറ്റാൻ കഴിയാത്തവിധം എൻെറ മനസ്സ് ദുർബലമാണ്.

ശി.ബാ: നിങ്ങൾ അതിലെത്തുമെന്നതിൽ നിങ്ങൾക്കു സംശയമുണ്ടാകരുത്. വേണ്ടത്ര വിളിച്ചാൽ ദൈവം വരുമെന്നുറപ്പിക്കുക.

ബെന്നറ്റ്: അത്തരം ബോധോദയം യാത്രയുടെ അവസാനമാണെന്ന് ഞാനിനിയും വിശ്വസിക്കുന്നില്ല. അതിനുശേഷവും കർത്തവ്യങ്ങൾ നിർവഹിക്കാനുണ്ടാകും.

ശി.ബാ: ഒരു നിലയ്ക്ക് അത് യാത്രയുടെ അവസാനമാണ്. മറ്റൊരു നിലയ്ക്ക് അല്ല. എൻെറ കടമകൾ നിർവഹിക്കാൻ ഞാനിവിടെ ഉള്ളത് നിങ്ങൾ കാണുന്നു. നിങ്ങളോടു സംസാരിക്കുന്നത് എൻെറ കടമയാണ്. അതു ഞാൻ ചെയ്യണം.

ബെന്നറ്റ്: അതു മാത്രമാണോ? ദൈവത്തെ കണ്ട് അദ്ദേഹത്തിൻെറ കൃപ ലഭിച്ചവരിൽനിന്ന് ഈ ലോകത്തിന് സഹായം വേണ്ടേ?

ഈ ചോദ്യത്തിന് അദ്ദേഹത്തിൻെറ ഉത്തരം തികച്ചും അപ്രതീക്ഷിതമായിരുന്നു. അത് അദ്ദേഹം ഇതേവരെ പറഞ്ഞ എല്ലാത്തിൻേറയും പരിണാമമാണെന്നും.

ശി.ബാ: നിങ്ങൾ ആ ബോധതലത്തിലെത്തുമ്പോൾ നിങ്ങൾ ദൈവത്തെ അറിയും. ദൈവത്തിലേയ്ക്ക് പ്രവേശിക്കും. ദൈവത്തോടു ചേരും. അപ്പോൾ ക്രിസ്തു ആദ്യംമുതൽ എന്തായിരുന്നുവോ അതായിത്തീരും. ദൈവത്തിലേയ്ക്കു പ്രവേശിച്ചാലും നിങ്ങൾക്കീലോകത്തിലേയ്ക്കു മടങ്ങാം. എന്നാലപ്പോൾ നിങ്ങൾ ലോകത്തിൻെറ സഹായത്തിനും ആവശ്യത്തിനും ക്രിസ്തുവെന്നപോലെയാകും. ഇതൊക്കെ നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാൻ കഴിയുകയില്ല. ആ ബോധോദയത്തിനു മുമ്പെ അതിലെത്തും - ഞാൻ ഉറപ്പുപറയുന്നു. എന്നാൽ എത്ര വേഗം എത്തുമെന്ന് എനിക്കു പറയാനാവില്ല. ഞാൻ തന്ന ഉപദേശങ്ങൾ നിങ്ങൾ എങ്ങനെ പാലിക്കും എന്നതിനെ ആശ്രയിച്ചിരിക്കുമത്.

ഇത്തരം സംഭാഷണം മഹത്തായ പ്രഭാവം എന്നിലുളവാക്കാതെ വരില്ലല്ലൊ. അദ്ദേഹത്തോട് ഗൗരവമായി സംസാരിച്ചവരാരും പുതിയ

ജ്ഞാനത്തോടുകൂടിയല്ലാതെ മടങ്ങിയിട്ടില്ലെന്ന് തീർച്ചയാണ്. സത്യാന്വേഷണം കുറേക്കൂടി ദൃഢമായി പിന്തുടരാനുള്ള ചേതനയും ലഭിച്ചിരിക്കും. ഞാനദ്ദേഹത്തോടു വിടപറഞ്ഞപ്പോഠം വീണ്ടും കാണുകയില്ലെന്നറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിൽ നിന്ന് ലഭിച്ചതത്രയും എന്നെ പിരിയുകയില്ലെന്നും നിശ്ചയമായിരുന്നു. വ്യക്തിഗത ബന്ധം അദ്ദേഹത്തിന് ഇല്ല. എല്ലാ മാനുഷിക ബന്ധങ്ങഠംക്കും അതീതനായിരുന്നു അദ്ദേഹം.

അദ്ദേഹവുമായുള്ള സംഭാഷണത്തിലൂടെ വെറും ദർശനാനുഭൂതി-എൻെറ വിജ്ഞാനത്തിൽ വന്ന ഒരുപാട് മാറ്റങ്ങളിൽ പുതിയൊരു ഊഷ്മളത ഞാനനുഭവിക്കുന്നു.

ആത്മീയജ്ഞാനത്തിൽ ഭാരതം ലോകത്തിലെ മറ്റെല്ലാ രാജ്യങ്ങളേക്കാളും മുന്നിലാണെന്ന മഹാന്മാരായ ഭാരതീയ സന്യാസിമാരുടേയും ആചാര്യന്മാരുടേയും ആരാധകരുടെ അവകാശം എനിക്കൊരിക്കലും സമ്മതിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിന്, ഈ അവകാശം മഹാനും ദിവ്യാത്മാവുമായ അരവിന്ദൻ അദ്ദേഹത്തിൻെറ 'യോഗയും അതിൻെറ ഉദ്ദേശവും' എന്ന പുസ്തകത്തിൽ (1931) ഉയർത്തിയിട്ടുണ്ട്- അനിഷ്ടങ്ങളിലും കോളിളക്കത്തിലും സാധാരണക്കാരാലോ ബുദ്ധിജീവികളാലോ വിജ്ഞാനം തകരാതെ സൂക്ഷിക്കാൻ ദൈവം എല്ലായ്പ്പോഴും ഒരു രാജ്യത്തെ തിരഞ്ഞെടുക്കാറുണ്ട്. നമ്മുടെ യുഗത്തിൽ അല്ലെങ്കിൽ നിലവിലുള്ള ചതുർയുഗത്തിൽ ആ രാജ്യം ഇന്ത്യയാണ്.

ഞാൻ ഭാരത ആദ്ധ്യാത്മിക ജീവിതത്തേയും അനുഭവങ്ങളേയും സംശയിച്ചു എന്ന് ഇതിനർത്ഥമില്ല. ആദ്ധ്യാത്മിക ആദർശത്തിൽ ഭാരതീയരുടെ ഭക്തി എത്ര ആത്മാർത്ഥമാണെന്നറിയാൻ എനിക്ക് ധാരാളം കഴിഞ്ഞിട്ടുണ്ട്. എന്നാൽ എപ്പോഴും അതിൽ ചില അപ്രായോഗികതകഠം തോന്നിയിട്ടുമുണ്ട്. പ്രായോഗിക ജീവിതവുമായി ഇണങ്ങിച്ചേരുന്നതിനേക്കാഠം പരമാർത്ഥത്തിൻെറ മാധുര്യം തേടാനുള്ള പ്രവണതയാണ് കണ്ടിട്ടുള്ളത്. ഇന്ത്യയിലെ മഹാന്മാരായ ആത്മീയ നേതാക്കളെല്ലാം അപ്രായോഗികരായിരുന്നുവെന്ന് ഇതുകൊണ്ട് ഞാനർത്ഥമാക്കുന്നില്ല. ശ്രീശങ്കരൻ അദ്ദേഹത്തിൻെറ കാലത്തെ പ്രായോഗിക യാഥാർത്ഥ്യത്തിൻെറ ഉത്തമോദാഹരണമാണ്. ഗാന്ധിയും രാധാകൃഷ്ണനും നമ്മുടെ കാലത്തേയുമാണ്. ഭാരത ആത്മീയതയ്ക്ക് മറ്റു രാജ്യങ്ങളെപ്പോലെ ആതുരശുശ്രൂഷയിൽ ശ്രദ്ധയില്ലെന്നുമല്ല. വിവേകാനന്ദസ്വാമികളും ശ്രീരാമകൃഷ്ണമിഷനും മറ്റു ധർമസ്ഥാപനങ്ങളും ഭാരതീയ ആദ്ധ്യാത്മികവൃത്തിയുടെ അടിസ്ഥാന കടമകളിൽ ഒന്നായ ദാനത്തിൻേറയും ധർമത്തിൻേറയും ആധുനിക സ്ഥാപനങ്ങളാണ്.

എൻെറ വിഷമം മറ്റൊരുവിധത്തിലുള്ളതായിരുന്നു. ഭാരതീയ വിചാരങ്ങളിൽ ഉറച്ച അടിസ്ഥാനം കണ്ടെത്താൻ സാധിക്കാത്തതും, മനുഷ്യാനുഭവങ്ങളെ അപഗ്രഥിക്കുന്നതിൽ ചരിത്രബോധമില്ലാത്തതും, പ്രായോഗികയാഥാർഥ്യങ്ങളെക്കുറിച്ച് പൊള്ളയായ ഊമപ്രവചനം നടത്താനുള്ള പ്രവണതയും മറ്റുമാണ് ഈ അവസ്ഥയുണ്ടാക്കിയത്. ശിവപുരിബാബയുമായുള്ള എൻെറ ബന്ധം ഇവയിൽ പലതും നീക്കി. വ്യക്തവും ദൃഢവുമായ വിചാരമുള്ള ജ്ഞാനയോഗി, ഊമപ്രവചനത്തിൻെറ ശത്രു, പ്രവർത്തിയിലും മറ്റുള്ളവർക്കു നല്കുന്ന ഉപദേശത്തിലും മഹാപ്രായോഗികപുരുഷൻ എന്നീ തരത്തിലാണ് ഞാനദ്ദേഹത്തെ കണ്ടത്. എന്നാൽ ഇതിലുമെല്ലാം എത്രയോ ഉപരിയായി വിദ്വേഷങ്ങളും ഉൽക്കണ്ഠകളും പരിപൂർണ മനുഷ്യസ്വരൂപത്തെ ഞാനദ്ദേഹത്തിൽ കണ്ടു. ആവശ്യങ്ങളിൽനിന്നും പൂർണമുക്തനായി സകലവിധ കർത്തവ്യങ്ങൾക്കുമുപരിയായിരുന്നെങ്കിലും സഹായത്തിനെത്തുന്നവരെ അന്തമറ്റ ക്ഷമയോടും സഹനശക്തിയോടെയും സഹായിച്ചിരുന്നു.

ഒരറ്റത്തുള്ള അദ്ദേഹത്തിൻെറ തപോവനത്തിൽ നിന്നും മറ്റൊരറ്റത്തുകിടക്കുന്ന അദ്ദേഹത്തിൻെറ ജന്മസ്ഥലമായ കേരളത്തിൽ നിന്നും ഏകദേശം ആയിരം മൈൽ ദൂരത്തിൽ ഈ ഉപദ്വീപിൻെറ മദ്ധ്യത്തിൽനിന്ന് ഇന്ത്യയെ നോക്കുമ്പോൾ ഞാൻ വിവിധ ദൃഷ്ടികളോടെയാണ് കാണുന്നത്. ഭാരതം പഴയ ആത്മീയതയുടേയും പുതിയ ഭൗതികവാദത്തിൻേറയും ഇടയിലുള്ള മത്സരത്തിൻെറ പ്രസവവേദനയിലാണ്. ഠാക്കുർ ലാലിനോട് ശിവപുരിബാബ പറഞ്ഞതുപോലെ, ബുദ്ധി ആഗ്രഹവുമായി കളിക്കുകയാണ്. അതിൽ നിന്നൊരു പുതുമനസ്സ് ജനിക്കണം. ആ ഇന്ത്യയുടെ മനസ്സ് ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യസമുഹത്തിൻെറ ആത്മീയതയ്ക്കു മറക്കാനാകാത്തത്ര ദാനം നല്കിയേക്കും. ആ മനസ്സിൽ നിന്ന് ലോകത്തിന് മുഴുവൻ നന്മ ലഭിച്ചേക്കും. എന്നാൽ അതിൽ നിന്ന് ഭിന്നമായ ആത്മീയദർശനത്തിൻെറ യാഥാർഥ്യം സ്വീകരിച്ച് പഠിക്കാൻ കൂടി ഇന്ത്യ തയ്യാറാകണം.

ഇക്കാര്യത്തിൽ ശിവപുരിബാബ ഒരു പുതുയുഗത്തിൻെറ മുൻഗാമിയാണ്. കാരണം അദ്ദേഹത്തിന് ക്രിസ്ത്യൻ-മുസ്ലിം ആത്മീയതയും കാലത്തിൻെറ കൊടിയും മനസ്സിലാക്കാൻ കഴിയും. ലോകത്താകെ മഹത്തായ ഒരു മാറ്റം വരുന്നതിൻെറ മുന്നറിയിപ്പ് അദ്ദേഹം തന്നിട്ടുണ്ട്. മാത്രമല്ല, അതിനെ എങ്ങനെ നേരിടാമെന്നും അദ്ദേഹം കാണിച്ചിട്ടുണ്ട്.

അടുത്ത അദ്ധ്യായങ്ങളിൽ മനന്ധരുടെ കുറിപ്പുകളും അദ്ദേഹവുമായുള്ള എൻെറ സംഭാഷണത്തിൻെറ രേഖകളും ആധാരമാക്കി ഞാനദ്ദേഹത്തിൻെറ ശിക്ഷണ ശകലങ്ങളെ കൂട്ടികെട്ടാൻ ശ്രമിക്കാം.

3

പരിശുദ്ധ ജീവിതം

ശിവപുരിബാബയുടെ സിദ്ധാന്തങ്ങളെല്ലാം പരിശുദ്ധ ജീവിതം എന്ന ഒരേ ഒരുവാക്കിൽ സമാഹരിക്കാവുന്നതാണ്. സംസ്കൃതപദമായ `സ്വധർമ്മ`മാണതിനോടേറ്റവും ചേരുന്നത്. എന്നാൽ ഈ സാമാന്യ അർത്ഥത്തേക്കാൾ വിപുലവും ശക്തവുമായ അർത്ഥമാണ് അദ്ദേഹം തന്റെ സ്വഭാവാനുസരണം അതിനു നല്കുന്നത്. സാമാന്യമായി ധർമമെന്നാൽ ഒരാളുടെ ഒരുമ ജാതിയുടേയും മതത്തിന്റേയും അനുഷ്ഠാനമാണ്. തത്വശാസ്ത്രത്തിൽ അത് പ്രപഞ്ചനീതിക്കോ പരമയാഥാർത്ഥ്യത്തിനോ നിലകൊള്ളുന്നു. ശിവപുരിബാബയുടെ സിദ്ധാന്തത്തിൽ പരിശുദ്ധ ജീവിതത്തെ ഇവ രണ്ടിലുമെത്രയോ മഹത്തായി കല്പിക്കുന്നു.

ഇവയ്ക്കു പുറമെ എല്ലാ നിലയിലും എല്ലാ സ്ഥിതിയിലും വളർന്ന മനസ്സിന്റെ പൂർണ്ണതയാണ് അത്. ഡോ. എസ്. രാധാകൃഷ്ണനുമായുണ്ടായ സംഭാഷണത്തിൽ എടുത്തുകാട്ടിയ ലൌകികം, സാത്വികം, ആദ്ധ്യാത്മികം എന്നീ മൂന്നു വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണ്. എന്നാൽ അത് ശരീരരൂപത്തിന്റെ പരിധികളിൽ ഒതുങ്ങുന്നില്ല. മോക്ഷത്തിലേയ്ക്കോ ദേഹിയുടെ പരമമുക്തിയിലേയ്ക്കോ വഴികാട്ടുന്നു.

ദേഹിക്ക് കടക്കാനുള്ള പടിപടിയായ ഘട്ടങ്ങളാണ് മൂന്നു വിഷയങ്ങളെന്നും, ആദ്ധ്യാത്മികജീവിതത്തിനുള്ള പരിശീലനത്തേക്കാൾ കൂടുതലൊന്നുമല്ല ശരീരശുദ്ധിയും സാത്വികഗുണങ്ങളുമെന്നും കണക്കാക്കുന്ന ഒരു മനസ്ഥിതിയുണ്ട്. ശിവപുരിബാബ ഈ മൂന്നിനേയും ദേഹിക്കു പ്രവേശിക്കാനും വീട്ടിലെത്താനുമുള്ള സമയാതീത യാഥാർത്ഥ്യമായി കരുതുന്നു. ഉദ്ദേശ്യവും ലക്ഷ്യവും ദൈവബോധമാണ്. എന്നാൽ ഒരു നിലയ്ക്ക് ദേഹി ദൈവത്തെ കാണുന്നു. ആ പുരപ്രഭ അവസാനമല്ല. ഗീതയിൽ ഒൻപതാമത്തേയും പത്താമത്തേയും അദ്ധ്യായത്തിൽ പഠിപ്പിക്കുന്നതുപോലെ ദൈവം തന്റെ എല്ലാ സൃഷ്ടിയിലുമുണ്ട്. നമുക്ക് അദ്ദേഹത്തെ സർവത്ര കാണാം. മാറ്റം നേർബന്ധത്തിന്റെ അനുപാതത്തിൽ മാത്രമാണ്. ലോകത്തിൽ നമ്മൾ മായയിൽ മറഞ്ഞ ദൈവത്തെ കാണുന്നു. എന്നാൽ ,അത് ഇന്ദ്രി

യങ്ങൾക്കുപോലും സുഖത്തിൻെറ ഉറവായ ദൈവം തന്നെയാണ്. അപ്രകാരം ആത്മബോധം, വേദാന്തികൾ പറഞ്ഞതിൽ നിന്നു വ്യത്യസ്തമായ അർഥത്തിൽ ദൈവബോധമാണ്. സുഖം ദൈവത്തെ കണ്ടെത്തലാണ്. മറഞ്ഞിട്ടാണെങ്കിലും, അദ്ദേഹം തന്നെ സ്നേഹിക്കുന്നവനെ ഉത്തേജിപ്പിക്കുന്ന സ്നേഹമാണ്. ശാന്തി ദൈവദർശനത്തിനുള്ള പൂർവാവശ്യമാണ്. അത് ദേഹിയെ അച്ചടക്കത്തിൻെറ കിരീടമണിയിക്കുന്ന സ്വർഗസുഖമാണ്.

മനുഷ്യൻെറ തെറ്റ്, അറിയാത്തതിൽ നിന്ന് അറിയുന്നതിനെ, ഭ്രമമുണ്ടാക്കുന്ന മന്ദപ്രകാശത്തിൽ നിന്ന് യാഥാർഥ്യത്തിൻെറ പ്രകാശം തിരഞ്ഞെടുക്കുന്നതിലാണ്. എല്ലാ അറിവിനും ഉചിതസ്ഥാനം നല്കുമ്പോൾ എല്ലാം വേണ്ടതും വിധിച്ചതുമാണ്. കൂടുതൽ വിസ്തരിക്കണ്ട, പരിശുദ്ധജീവിതത്തിൻെറ പൂർണതയ്ക്ക് എല്ലാം ആവശ്യമാണ്.

പരമ്പരാഗതമായി സ്വധർമമെന്നാൽ ജാതി, ലിംഗം, ആധ്യാത്മിക പ്രവണത, വയസ്, ബാഹ്യലോകസ്ഥിതി എന്നിവയ്ക്കനുസരിച്ചു നിർണയിച്ച ജീവിതമൂല്യങ്ങളാണ്. ഈ അവലോകനം ശിവപുരിബാബ എതിർക്കുന്നില്ല. എന്നാൽ അതിനെ ഇന്നത്തെ നിലയിലേയ്ക്കുയർത്തി നമ്മുടെ ജീവിതത്തിൽ പകർത്തത്തക്കതാക്കിയിട്ടുണ്ട്. ഇന്ത്യൻ പാരമ്പര്യത്തിൽ നിന്ന്, ബാഹ്യസ്ഥിതിയിൽ തികച്ചും വിസ്തൃതവും ജാതിവിഭജനമില്ലാത്തതും പാശ്ചാത്യർക്കുകൂടി അനുകരിക്കത്തക്കതുമാക്കിയിട്ടുണ്ട്.

ഒരു ഹിന്ദു ദാർശനികനും ശിവപുരിബാബയും തമ്മിലുള്ള സംഭാഷണം ഉദ്ധരിച്ച് പരിശുദ്ധജീവിതത്തിൻെറ ആശയം ഞാനവതരിപ്പിക്കാം.

ചോദ്യം: സർ, നാം ഇത്ര ദുഃഖിതരാവുന്നതെന്തുകൊണ്ട്?

ശി.ബാ: നിങ്ങൾ പരിശുദ്ധ ജീവിതം നയിക്കുന്നില്ല.

ചോദ്യം: പരിശുദ്ധജീവിതം എന്നാലെന്ത്?

ശി.ബാ: ഉദ്ദേശമുള്ള ജീവിതമാണത്. ഏറ്റവും ചുരുങ്ങിയ സമയം കൊണ്ട് ഉദ്ദേശലബ്ധിക്കു സഹായിക്കുന്നതും ആവശ്യമായ കർത്തവ്യങ്ങൾ തിരിച്ചറിയുന്നതും ചിട്ടയോടുകൂടിയതുമായ ഒന്നാണത്.

ചോദ്യം: ജീവിതത്തിലെ ഏറ്റവും മഹത്തായ ഉദ്ദേശമെന്ത്?

ശി.ബാ: സത്യദർശനം.

ചോദ്യം: സത്യദർശനം നമുക്കാവശ്യമാവുന്നതെന്തുകൊണ്ട്?

ശി.ബാ: അതിനുമുമ്പ് സർവജ്ഞാനിയും സർവജ്ഞനും സർവശക്തനുമാകാൻ നമുക്കു കഴിയുകയില്ല.

ചോദ്യം: പരിശുദ്ധജീവിതത്തിൻെറ പ്രധാനവശങ്ങൾ എന്തെല്ലാം?

ശി.ബാ: ദേജ്ഞാനവും-വിവേകം-ഭക്തിയും.

ചോദ്യം: അവയെ വിവരിക്കാമോ?

ശി.ബാ: ശരീരരക്ഷയ്ക്ക് ചില കർത്തവ്യങ്ങൾ, പ്രകൃതിയോടും കുടുംബത്തോടും സമൂഹത്തോടും രണകൂടത്തോടും സമ്പ്രദായപദ്ധതിയോടും നിങ്ങൾക്കു ചെയ്തുതീർക്കേണ്ടതുണ്ട്. ഇവയെല്ലാം ചിട്ടയായി ചെയ്യുകയും വേണം. മനസ്സിനെ ശക്തമാക്കാൻ ധർമം, ആത്മനിയന്ത്രണം, നിർഭയത, ക്ഷമ തുടങ്ങി ഗീതയിലെ പതിനാറാം അദ്ധ്യായത്തിൽ പറഞ്ഞ സ്വഭാവവിശേഷങ്ങൾ വളർത്തിയെടുക്കണം. ഇതാണ് വിവേകം. മറ്റു സമയത്ത് സത്യചിന്തയിൽ മുഴുകണം. ഇതു ഭക്തിയാണ്. പ്രധാനപ്പെട്ടകാര്യം, മറ്റ് ജോലികളിൽ നിങ്ങളുടെ സമയം നഷ്ടപ്പെടാതെ നോക്കുകയെന്നതാണ്.

ചോദ്യം : നമുക്ക് ഏറ്റവും ഉത്തമമായി ലോകത്തെ എങ്ങനെ സഹായിക്കാൻ കഴിയും?

ശി.ബാ: പരിശുദ്ധ ജീവിതം നയിച്ചും മാനസികമായും ശാരീരികമായും സംഭാഷണം കൊണ്ടു ദാന ധർമം ചെയ്തും നമ്മൾ മനസ്സാൽ, ശത്രുക്കളെന്നു പറയുന്നവർക്കുപോലും നന്മനേരണം. മറ്റുള്ളവരെ പീഡിപ്പിക്കുന്നതൊന്നും പറയരുത്. വരവിൻെറ ചുരുങ്ങിയത് പത്ത് ശതമാനമെങ്കലും ധർമത്തിനായി നീക്കിവയ്ക്കണം. ഇതിനെ മൂന്നായി തിരിച്ച് അതിൽ ഒരു ഭാഗം സന്യാസിമാർക്കും ആശ്രമങ്ങൾക്കും നൽകണം. മറ്റൊരു ഭാഗം സാംസ്ക്കാരിക പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും നൽകണം. മൂന്നാംഭാഗം ദരിദ്രർക്കും അവരെ സഹായിക്കുന്ന സ്ഥാപനങ്ങൾക്കുമുള്ളതാകണം. ജനങ്ങൾ ധർമം വേണ്ട വിധം പാലിക്കുന്നുവെങ്കിൽ ലോകത്തിൽ അനീതി ഉണ്ടാകുമോ?

ചോദ്യം: സത്യം നമുക്കെപ്പോൾ ബോദ്ധ്യമാകും?

ശി.ബാ: തുടർച്ചയായും ഏകാഗ്രചിത്തനായും ഒരു മുഹൂർത്തമെങ്കിലും അതായത് നാല്പത്തെട്ട് മിനിട്ട് 'എന്താണ്സത്യമെന്ന്' നിങ്ങൾക്കു ചോദിക്കാൻ കഴിയുമ്പോൾ.

ചോദ്യം: സത്യബോധമുണ്ടാകാൻ ജീവിതം നമ്മൾ ത്യജിക്കണമെന്ന് ചിലർ പറയുന്നു.

ശി.ബാ: വേണം. എന്നാൽ ജീവിതം ത്യജിക്കുകയെന്നതിന് കാട്ടിലേയ്ക്കോ ഗുഹയിലേയ്ക്കോ പോകുക എന്നർഥമില്ല. സത്യബോധമുദിച്ചശേഷം ബുദ്ധൻപോലും പറഞ്ഞത് അങ്ങനെ ചെയ്യേണ്ടതില്ലെന്നാണ്. പരിശുദ്ധജീവിതം നയിക്കുന്ന ഒരാൾക്ക് വീട്ടിൽ കഴിഞ്ഞാൽപോലും സത്യബോധമുണ്ടാകും. ജീവിതം ത്യജിക്കുക എന്നതിനർഥം പേരിനും പെരുമയ്ക്കും ആനന്ദത്തിനുമുള്ള ഓട്ടം ത്യജിക്കുകയെന്നാണ്.

യൂറോപ്യന്മാരോട് അദ്ദേഹം എങ്ങനെ സംസാരിക്കുന്നു എന്നു നോക്കുക. വന്നു കാണാൻ കഴിയാത്ത ഇംഗ്ലണ്ടുകാർക്കുവേണ്ടി അദ്ദേഹത്തിൻെറ ശിക്ഷണത്തിൻെറ ടേപ്പ് റെക്കോഡ് ചെയ്ത് പ്രഭാഷണം അയയ്ക്കാമെന്നു സമ്മതിച്ചു. ഞാൻ ചോദ്യങ്ങൾ തയാറാക്കി സ്നേഹിതന്മാർവഴി അയയ്ക്കുകയും അദ്ദേഹം മറുപടി അയയ്ക്കുകയും ചെയ്തു.

ബെന്നറ്റ്: ജീവിതത്തിൽ മനുഷ്യൻ തുടരേണ്ട പ്രാഥമിക സിദ്ധാന്തമെന്താണ്? ലോകത്തിൽ മനുഷ്യന് യഥാർഥ ജീവിതമെന്താണ്?

ശി.ബാ: ഈ ശരീരമുണ്ട്. അതിനുപലേ ആവശ്യങ്ങളുമുണ്ട്. ശരീരത്തിൻെറ ഓരോ ഭാഗത്തിൻെറയും ശരിയായ പ്രവർത്തനത്തിൻെറ വിവരം നിങ്ങൾക്കുണ്ടാവണം. അവ കാണുകയും തെറ്റോ കുറവോ കൂടാതെ പ്രാവർത്തികമാക്കുകയും വേണം. മറ്റൊന്ന് മനസ്സാണ്. മനസ്സിനെ വികാരങ്ങൾ ഭരിക്കുന്നു. കാരണങ്ങളാണ് ഭരിക്കേണ്ടത്. മനസ്സിൽ സ്വസ്ഥത ഉണ്ടാകണം. ബാക്കി സമയം ജീവിതാർഥം അറിയാനും ദൈവത്തെ തനിക്ക് കാണാനുമായി ദൈവോപാസനയിൽ ഉപയോഗിക്കണമെന്ന മൂന്നാമത്തെ കാര്യം. ഇതാണ് പരിശുദ്ധ ജീവിതം.

ബെന്നറ്റ്: ഈ കർത്തവ്യത്തിൽ നിന്ന് ബാഹ്യവും ആന്തരികവുമായി വ്യത്യസ്ത രൂപമുണ്ടോ? അതോ ഇതു ശരീരത്തെ മാത്രം കുറിച്ചാണോ?

ശി.ബാ: ഇതു ദേഹസംബന്ധമായതുമാത്രമാണ്.

ബെന്നറ്റ്: നമ്മുടെ കർത്തവ്യം സ്വശരീരത്തെക്കുറിച്ചുമാത്രമാണോ? അതോ അന്യരെക്കുറിച്ചുകൂടി കർത്തവ്യങ്ങളുണ്ടോ?

ശി.ബാ: സ്വന്തം വീടിനെക്കുറിച്ച്, തൊട്ടസമൂഹത്തെക്കുറിച്ച് പരിപൂർണരാജ്യത്തെക്കുറിച്ചുകൂടി.

ബെന്നറ്റ്: അത്രമാത്രമോ?

ശി.ബാ: ഒരു കർത്തവ്യം ശരീരത്തോടും, മറ്റൊന്ന്വീടിനോടും സമൂഹത്തോടും, ഇനിയൊന്ന് സ്വന്തം തൊഴിലിനോടുമാണ്. മറ്റു കർത്തവ്യങ്ങൾ ചെയ്യാൻ ഒരുവന് പണമുണ്ടാകണം.

ബെന്നറ്റ്: മൂന്നാമത്തെ കർത്തവ്യം സ്വന്തം ബലത്തേയും കഴിവിനേയും ആശ്രയിക്കുന്നതാണോ? ഒരു കുട്ടി ഈ കർത്തവ്യം പഠിക്കുന്നതെങ്ങനെ? മാതാപിതാക്കളിൽ നിന്നോ ഗുരുവിൽ നിന്നോ? തന്നത്താനോ?

ശി.ബാ: സമ്മിശ്രമായി. മാതാപിതാക്കളും ഗുരുക്കന്മാരും വഴി തയാറാക്കണം. അവർ നമ്മുടെ മാർഗദർശികളാണ്.

ബെന്നറ്റ്- ജീവിതത്തിനുള്ള ശിക്ഷണമവസാനിക്കുന്ന പതിനെ

ട്ടോ ഇരുപത്തൊന്നോ വയസ്സിലാണ് സ്വന്തം തൊഴിലിനോടുള്ള കടമ ആരംഭിക്കുക.

ശി.ബാ: അവന് അഞ്ചുവയസ്സാകുമ്പോഠം.

ബെന്നറ്റ്: അഞ്ചോ? ആ വയസ്സിൽ ആലോചനയുണ്ടാകുമോ?

ശി.ബാ: അതിന് മുമ്പുതന്നെ ആലോചിക്കാൻ കഴിയും.

ബെന്നറ്റ്: ശരീരത്തോടുള്ള ഒന്നാമത്തെ കർത്തവ്യത്തിലേയ്ക്ക് നമുക്കു മടങ്ങാം. ഇതിൽ ഉണ്ണുന്നതും ഉറങ്ങുന്നതും മറ്റുസ്വാഭാവിക ചുമതലകളും ഉണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. അവയുടെ ആവശ്യം എങ്ങനെ പഠിക്കാം?

ശി.ബാ: ശരീരത്തിൻെറ ആവശ്യങ്ങഠം പഠിച്ചിട്ട് ഇവയെല്ലാം ശരീരത്തിൻെറ നിലനില്പിനു മാത്രമാകണം. ഭക്ഷണം ശരീരം നിലനിർത്താനാണ്. അതുപോലെ ഉറക്കം, കാണൽ, കേഠക്കൽ, തൊടൽ, ബോധം, വിസർജ്ജനം തുടങ്ങി നിരവധി കർത്തവ്യങ്ങഠക്കെല്ലാം സമയം തിട്ടപ്പെടുത്തി, ഒരു തെറ്റും കൂടാതെ ചെയ്യണം.

ബെന്നറ്റ്: ഈ കർത്തവ്യങ്ങളെല്ലാം കുട്ടികളെ പഠിപ്പിക്കണോ?

ശി.ബാ: വേണം.

ബെന്നറ്റ്: എൻെറ കുട്ടികളോട് ഞാനെങ്ങനെ പെരുമാറണം? അവരുടെ ഇഷ്ടത്തിനു വിടണോ അതോ വിസ്തരിച്ചു കാണിച്ചുകൊടുത്ത് സ്വയം ചെയ്യാൻ പഠിപ്പിക്കണോ?

ശി.ബാ: നിങ്ങഠം അവരോട് വ്യക്തമായി വിവരിച്ചു പറയണം. അവർ തെറ്റിച്ചെയ്യുമ്പോഠം, തെറ്റുചൂണ്ടിക്കാണിച്ചുകൊടുക്കണം.

ബെന്നറ്റ്: അതായത് കുട്ടിക്കാലം മുതൽ കർത്തവ്യങ്ങഠം വ്യക്തമായി മനസ്സിലാകാൻ എല്ലാ സമയവും തയ്യാറെടുക്കണം.

ശി.ബാ: അതെ.

ബെന്നറ്റ്: ആ വഴിക്ക് തയ്യാറാകാൻ കഴിയാത്ത നിർഭാഗ്യവാന്മാർ പിന്നീടുള്ള ജീവിതത്തിൽ പഠിക്കണമെന്നാണോ?

ശി.ബാ: അതെ.

ബെന്നറ്റ്: സമൂഹത്തോടുള്ള കർത്തവ്യത്തെക്കുറിച്ച്. അത് അടുത്ത ഒരുത്തൻ ചെയ്യുന്നത് അവൻെറ ബോധത്താലോ ഹൃദയത്താലോ ആണെന്ന വിചാരമുണ്ട്. ഒരുവൻ അവൻെറ ഭാര്യയേയും കുട്ടികളേയും സ്നേഹിക്കുന്നത് സ്വഭാവികമായും ബോധമുള്ളതുകൊണ്ടാണ്. എന്നാൽ ഇതു യുക്തികൊണ്ടാകണമെന്ന് അങ്ങ് പറയുന്നു.

ശി.ബാ: അതെ.

ബെന്നറ്റ്: യുക്തി എവിടെ നിന്നുവരുന്നു?

ശി.ബാ: അനുഭവത്തിൽ നിന്ന്.

ബെന്നറ്റ്: ഒരനുഭവത്തെ മറ്റൊന്നിനെതിരായി പ്രയോഗിക്കണമെന്നാണോ അങ്ങുദ്ദേശിക്കുന്നത്? ഭൂതകാലത്തേയും വർത്തമാനകാലത്തേയും അനുഭവങ്ങൾ താരതമ്യപ്പെടുത്തിയിട്ടോ?

ശി.ബാ: അല്ല.

ബെന്നറ്റ്: എന്നാൽ യുക്തി വെറും അനുഭവത്തിൽ നിന്നു ലഭ്യമല്ല.

ശി.ബാ: ഞാൻ നിങ്ങളോടു ചായയുണ്ടാക്കാൻ പറഞ്ഞെന്ന് വിചാരിക്കുക. നിങ്ങളുണ്ടാക്കുന്നു. ചില തെറ്റുകൾ പറ്റിയേക്കാം - യഥാർഥ സ്വാദ് വന്നില്ല. കൂടുതൽ പഞ്ചസാരയോ ചായപ്പൊടിയോ ഉണ്ടാകാം. അല്ലെങ്കിൽ തിളപ്പിക്കുന്ന രീതി തെറ്റാകാം. ഇന്നു നിങ്ങൾ ഉണ്ടാക്കൂ. സ്വാദുനോക്കൂ. ഇന്നുതന്നെ തെറ്റുകൾ കാണുക. നാളെ അത് തിരുത്തുക. വേറെ തെറ്റ് ഉണ്ടായിക്കൊണ്ടേ ഇരിക്കും. ഒരു ദിവസം നിങ്ങൾക്ക് ശരിയായ സ്വാദ് കിട്ടും. ആ സ്വാദ് നിലനിർത്തുക. ഇതാണ് യുക്തി.

ബെന്നറ്റ്: ഇത് വളരെ വ്യക്തമാണ്. അനുഭവത്തിന് പരിശീലനവും തെറ്റുതിരുത്തലുമെന്നാണ് അങ്ങർഥമാക്കുന്നത്.

ശി.ബാ: അതെ. ആ വിധത്തിൽ എല്ലാ കർത്തവ്യവും പഠിക്കണം. ശരിയായ ഉത്തരം ലഭിക്കുന്നതുവരെ ആവർത്തിച്ചുകൊണ്ടിരിക്കുക. 'ഇന്നലെ'യെ നിരീക്ഷിച്ചാൽ 'ഇന്നി'നെ നിങ്ങൾക്ക് മാറ്റാൻ കഴിയു' 'ഇന്നി'നെ മാറ്റിയാൽ നാളെ വേറൊന്നായിരിക്കും.

ബെന്നറ്റ്- അത് എന്നെ ഗുർദ് ജീഫിന്റെ വചനം ഓർമ്മിപ്പിക്കുന്നു. 'ഭൂതത്താൽ വർത്തമാനത്തെ ഭൂതത്തെ ശരിപ്പെടുത്തുകയും ഭാവി നിർമ്മിക്കുകയുമാവാം.'

ശി.ബാ.: അതു തന്നെ. അത് ബോദ്ധ്യമാകുന്നില്ലേ?

ബെന്നറ്റ്: ആ വഴിക്കു ജീവിക്കാൻ ശ്രമിച്ച ഞങ്ങൾക്കിതു വളരെ ബോദ്ധ്യമാണ്. മൂന്നു കർമ്മങ്ങൾക്കും ഇതു ബാധകമാണോ? - ഒരുവന്റെ ശരീരത്തോടും, കുടുംബത്തോടും, കർമത്തോടും.

ശി.ബാ.: നമുക്കു ബാദ്ധ്യതയുള്ളത് കുടുംബത്തിന് നമ്മൾ ചെയ്യണം. അതിൽ വീഴ്ചവരുത്തിയാൽ അവരുടെ സ്നേഹം കുറയും. അവർക്കാവശ്യമുള്ളത് ചെയ്താൽ അവർ തൃപ്തരാകുകയും നമ്മെ കൂടുതൽ സ്നേഹിക്കുകയും ചെയ്യും. അതേ വിധം അയൽപക്കത്തുള്ളവരോടും പെരുമാറണം. അവർ എപ്പോഴും നിങ്ങളുടെ സ്നേഹിതനായിരിക്കും. - നാം എല്ലായ്പ്പോഴും അവർക്ക് സഹായകമാകണം. ഉപദ്രവമാകരുത്. നമ്മൾ വിഷമത്തിലാകുമ്പോൾ അവർ വന്നു നമ്മെ സഹായിക്കും. സമൂഹത്തോടും രാജ്യത്തോടും എല്ലാ മനുഷ്യരോടും ഇങ്ങനെതന്നെ വേണം. അതാണ് പരിശുദ്ധജീവിതം.

ബെന്നററ്: ഇതുവരെ അങ്ങ് പറഞ്ഞതിന്റെ ആകത്തുക ഇതാണ്. മനുഷ്യൻ ഈ ലോകത്ത് എല്ലാ സാമാന്യനിയമങ്ങൾക്കുമിണങ്ങുന്ന സന്തുലിതവും സാമാന്യവുമായ ജീവിതം നയിക്കണം. ഞാൻ ഇതിനെ വെറുമൊരടിത്തറയായി കരുതുന്നു. ഈ അടിത്തറയിൽ എന്താണ് കെട്ടിപൊക്കേണ്ടത്?

ശി.ബാ.: അത് അവിടെ അവസാനിക്കുന്നില്ല. ഈ പരിശുദ്ധ ജീവിതം നയിക്കുന്നത് അതിനുവേണ്ടിതന്നെയാവണം. ഇതെല്ലാം ചെയ്യുന്ന ഒരാൾക്ക് നല്ല ആരോഗ്യവും സഹായത്തിനുവേണ്ടത്ര ധനവും വസ്തുക്കളുമുണ്ടാകും. ജീവിതം വളരെ സുഖകരമാകും.

ബെന്നററ്: പക്ഷേ, മനുഷ്യൻ ജീവിക്കുന്നത് ആനന്ദത്തിനുവേണ്ടി മാത്രമല്ലല്ലൊ.

ശി.ബാ.: ഒരുവൻ ആനന്ദത്തിനുവേണ്ടി മാത്രമായി ജീവിക്കരുത്. എന്നാൽ അതു ലഭിച്ചാൽ തിരസ്കരിക്കുകയുമരുത്. അന്വേഷിക്കാതെ ലഭിക്കുന്ന സന്തോഷം സംതൃപ്തി നൽകും.

ബെന്നററ്: ഈ കർത്തവ്യങ്ങൾക്കുശേഷം ആത്മീയജീവിതത്തിലെത്താൻ ആവശ്യമായ യോഗ്യതകൾ മനുഷ്യനിൽ എങ്ങനെ ഉളവാകും?

ശി.ബാ.: അത് വേറെതന്നെ പഠിക്കണം.

ബെന്നററ്: ഈ യോഗ്യതകൾ മനുഷ്യൻ എങ്ങനെ സമ്പാദിക്കുന്നു?

ശി.ബാ.: ദൈവത്തെ കണ്ടെത്തിയിരിക്കണം. എന്നാൽ മാത്രമേ ജീവിതം തികച്ചും ശരിയാവൂ. ജീവിതോദ്ദേശം അറിഞ്ഞിരിക്കണം. എങ്കിലേ സന്തോഷിക്കാൻ കഴിയൂ. ആ ഉദ്ദേശമറിയാൻ, ദൈവത്തെക്കാണാൻ, അവന്റെ ചിന്തകൾ ആ ഒരു വിഷയത്തിനു ചുറ്റും കേന്ദ്രീകരിക്കണം. മറ്റെല്ലാ വിഷയവും മനസ്സിൽ നിന്നു മറയണം.

ബെന്നററ്: സമ്പൂർണ സ്വഭാവവികസനം ഒരു ഘട്ടംവരെയെങ്കിലുമില്ലാതെ അതു സാദ്ധ്യമാണോ?

ശി.ബാ: സ്വഭാവവികസനം പൂർണമായും വേണം. അത് അത്യാവശ്യമാണ്.

ബെന്നററ്: പക്ഷേ, അതു വെറും ദൈവേച്ഛകൊണ്ടോ അച്ചടക്കവും സ്വയംനിയന്ത്രണവും കൊണ്ടോ, ഉണ്ടാവുമോ?

ശി.ബാ.: ഇഷ്ടാനിഷ്ടങ്ങൾക്ക് ഒരുവൻ വഴങ്ങരുത്. ജീവിതം ജീവിച്ചു മനസ്സിലാക്കുക. ദൈവത്തെ കണ്ടെത്തുക. ഇതല്ലാതെ ഒരാഗ്രഹവും മനസ്സിലുണ്ടാകരുത്. അപ്പോൾ അധമവിചാരങ്ങൾ മനസ്സിൽ കളിയാടുകയില്ല - കോപം തുടങ്ങിയവ.

ബെന്നററ്: അതു നമ്മുടെ അധമവിചാരങ്ങളാണ്.

ശി.ബാ.: അതെ. ഉത്തമവിചാരം പൂർണമായും സ്ഥാപിതമാക്കണം. നിർഭയത്വം വളച്ചുകെട്ടാത്ത സംസാരം തുടങ്ങിയവപോലെയുള്ള ഉത്തമവിചാരങ്ങൾ മനസ്സിൽ വളർത്തണം. മറ്റു ചിന്തകൾ മനസ്സിൽ നിന്ന് തിരസ്കരിക്കണം.

ബെന്നറ്റ്: പരിശീലനം കൊണ്ടോ ആത്മനിയന്ത്രണംകൊണ്ടോ? എങ്ങിനെയാണ് അതു സാധിക്കുക?

ശി.ബാ: നമ്മുടെ പെരുമാറ്റം ശ്രദ്ധിച്ചിട്ട് പെരുമാറ്റം തെറ്റാണെങ്കിൽ മേലിലതു സംഭവിക്കാതിരിക്കാൻ, മനസ്സിരുത്തണം. ഇന്ന് കോപം വന്നു. നാളെ അത് വരരുത്.

ബെന്നറ്റ്: മനസാ, വാചാ, കർമണാ - മുന്നുതരത്തിലും?

ശി.ബാ: അതെ. സ്വഭാവനിയന്ത്രണം ചിന്തയിൽ മാത്രമാണ്. ശാരീരികനിയന്ത്രണം പ്രവർത്തിയിലാണ്. ബോധനിയന്ത്രണം ഒരുവൻെറ കർമം വഴിയാണ്.

ബന്നറ്റ്: കോപം വിചാരംകൊണ്ടുതന്നെ വിജയിക്കേണ്ടതുണ്ടെന്നാണോ താങ്കൾ അർഥമാക്കുന്നത് കർമംകൊണ്ടു ജയിക്കാൻ ശ്രമിക്കുന്നത് വ്യർഥമാണ്?

ശി.ബാ: അതെ.

ബെന്നറ്റ്: ക്രുദ്ധവാക്കുകൾ കൊണ്ട് കോപമനസ്സിനെ തടയാനാവില്ല. വിചാരം പിന്നെയും നിൽക്കും. പ്രവർത്തിക്കുമുമ്പ് വിചാരം ഉദിക്കുന്നു.

ശി.ബാ.: അതെ.

ബെന്നറ്റ്: ഇത് ക്രിസ്ത്യൻ സിദ്ധാന്തംപോലെയാണ്.

ശി.ബാ.: അതെ. എല്ലാ ജീവജാലങ്ങളേയും ദൈവത്തിൻെറ പ്രതിബിംബമായോ ദൈവത്തിൻെറ രുപാന്തരമായോ കരുതണം. അതിനു മുമ്പിൽ നമ്രശിരസ്ക്കരും വിനീതരുമാകണം. ഇത്തരം ധാരണ വളർത്തിയാൽ കോപം വരില്ല.

ഈ ഘട്ടത്തിൽ എൻെറ കൂടെയുണ്ടായിരുന്ന വനിതകൾ കേട്ടു കേട്ടു മടുത്തിട്ടോ ശിവപുരിബാബയുടെ അവസാനത്തെ വാചകം കേട്ടതിനാലോ ഒരേ തരത്തിൽ പ്രതികരിച്ചു.

എം. എച്ച്: എവിടെ നിന്നാണ് വിഷമിപ്പിക്കുന്ന ഈ അധമ വിചാരങ്ങൾ വരുന്നത്? ഇതു മനുഷ്യനിൽ വളരുന്ന ഒരു ഭാഗമാണോ?

ശി.ബാ: ഇതു മനസ്സിനകത്താണ്. മനസ്സിൻെറ ഭാഗമാണ്.

എം.ച്ച്: ദൈവം മനുഷ്യനെ അങ്ങനെ സൃഷ്ടിക്കുന്നുവോ?

ശി.ബാ: ധാന്യം മുളയ്ക്കുമ്പോൾ കളകളും വരും. നമ്മൾ കളകൾ

നീക്കി ധാന്യം മാത്രം വളർത്തുന്നു. അവ പ്രകൃത്യാ വരുന്നു. നമുക്കു വികാരങ്ങളെ അമർത്തണം. അവ അധമവിചാരങ്ങളിൽ നിന്നുവരുന്നു.

എം. എച്ച്: ദൈവദർശനം എങ്ങനെ സാധിക്കുമെന്നതിനെപ്പറ്റി കുറച്ചുകൂടി പറയാമോ?

ശി.ബാ: ശരീരത്തിന്റെ കർത്തവ്യങ്ങൾ നിങ്ങൾക്കു മനസ്സിലായോ?

എം. എച്ച്: ഉവ്വ്. മനസ്സിലായി എന്നു വിശ്വസിക്കുന്നു.

ശി.ബാ: ഈ കർത്തവ്യങ്ങൾ ക്രമീകരിക്കുന്നതിന്ന് ബുദ്ധി അത്യാവശ്യമാണ്. ഇത് നിങ്ങൾക്ക് സ്വയം ചെയ്യാൻ കഴിയില്ലെങ്കിൽ സഹായത്തിന് ഒരു ഗുരുവിനെ കാണണം. രണ്ടാമത്തെ വിഷയം മനസ്സാണ്. മനസ്സ് ആപൽക്കാരിയാണ്. പല ചിന്തകളും മനസ്സിൽ നിന്ന് മാറ്റണം. സുഖദുഃഖങ്ങൾക്ക് കീഴ്വഴങ്ങരുത്. ആ വഴിക്ക് മനസ്സ് ശക്തി പ്രാപിക്കും. അധമവിചാരങ്ങൾ അകറ്റി ഉത്തമവിചാരങ്ങൾ കുടിയിരുത്തണം. ഇതാണ് സാത്വികനിഷ്ഠ.

അപ്പോൾ മനസ്സ് ബലവത്തായി തീരുന്നു. ആ സുശക്തമനസ്സിൽ ഈ കർത്തവ്യങ്ങൾ നിങ്ങളൊരിക്കൽ നിർവഹിച്ചു കഴിഞ്ഞാൽ നിങ്ങൾക്ക് ദൈവത്തെ ധ്യാനിക്കാം. മനസ്സ് ഈ കർത്തവ്യങ്ങളിലോ ദൈവധ്യാനത്തിലോ നില്ക്കണം. അതിന് അന്യവിചാരം ഉണ്ടാവരുത്. ഇതാണ് ജീവിതത്തിന്റെ പാവനമാർഗം.

എം. എച്ച്: രണ്ടുതരം സ്വഭാവത്തേയും നമുക്കു തിരിച്ചറിയാൻ കഴിയാവുന്ന വിശേഷതകളെന്തൊക്കെയാണ്?

ശി.ബാ.: അതു നിങ്ങൾക്ക് ഗീതയിൽ കാണാം. ബെന്നറ്റ് അതെല്ലാം നിങ്ങൾക്ക് വിവരിച്ചു തരും. ഉദാഹരണത്തിന് നിർഭയത്വം സത്വഗുണമാണ്. പേടി തമോഗുണവും. ഒളിച്ചുകളി തമോഗുണവും തുറന്ന മനസ്സ് സത്വഗുണവുമാണ്. ഇത്തരം മുപ്പതോ മുപ്പത്തിരണ്ടോ സ്വഭാവങ്ങളുണ്ട്. സാത്വികനിഷ്ഠയെന്നാൽ ഉത്തമസ്വഭാവങ്ങൾ പ്രതിഷ്ഠിക്കുക എന്നതാണ്.

ബെന്നറ്റ്: ഒരുവന്റെ മനസ്സിൽ?

ശി.ബാ.: അതെ. അപ്പോൾ മനസ്സ് ശക്തമാകുന്നു. ഒരുത്തന് ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടാകരുത്. യുക്തി നിലനില്ക്കണം. നിങ്ങൾ എന്നെ ഇഷ്ടപ്പെടുന്നു എന്നു വിചാരിക്കുക. നിങ്ങൾ എല്ലാം എനിക്കു തരും. എന്നെ വെറുക്കുന്നു എങ്കിലോ? ഒന്നും എനിക്കു തരില്ല. ഇത് ഇഷ്ടാനിഷ്ടങ്ങളുടെ സ്വാധീനത്തിലാണ്. യുക്തിയുടെ സ്വാധീനത്തിൽ നിങ്ങളെന്തു ചെയ്യും? ഞാൻ അതർഹിക്കുന്നുവോ എന്നു നോക്കും. ഞാൻ ശത്രുവാണെന്നു വിചാരിക്കുക. എന്നാലും അർഹനാണെങ്കിൽ നിങ്ങൾ എനിക്കു തരും. ഞാൻ സ്നേഹിതനാണെങ്കിലും

അർഹനല്ലെങ്കിൽ നിങ്ങൾ എനിക്കു തരില്ല. യുക്തിയുടെ ദിശ ഇതാണ്. ഈ യുക്തി സർവദാ നിലനിൽക്കണം. ഇഷ്ടാനിഷ്ടങ്ങൾ നശിക്കണം.

എം. എച്ച്: അതു വളരെ വിഷമമമാണ്.

ശി.ബാ.: അതെ, വിഷമം തന്നെ. എന്നാൽ അഭ്യാസം നിങ്ങളെ അങ്ങോട്ടു നയിക്കും. നിങ്ങൾക്കതു സാധിക്കും. പത്തോപന്ത്രണ്ടോ കൊല്ലം വേണ്ടിവന്നേക്കാം.

എം. എച്ച്: നമുക്ക് തമോഗുണങ്ങളോട് പൊരുതണമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇത് എപ്പോഴും ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ചു ഭീതിയോട്.

ശി.ബാ.: (ബെന്നറ്റിനോട്) അവരെ പരിശുദ്ധജീവിതത്തിലെത്തിക്കാൻ നിങ്ങൾ അവർക്ക് വ്യക്തമായി വിവരിച്ചുകൊടുക്കണം.

ഇവിടെ എം. എം. ഇടപെട്ടു.

എം. എം.: ഒരുവന് തന്നിൽ ശക്തിയായ ദൈവബോധം എങ്ങനെ ഉണ്ടാക്കാമെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു.

ശി.ബാ.: അത് ആഗ്രഹത്തിനനുസരിച്ചാണ്. ഒരുവനാഗ്രഹിക്കുന്നത് അവന് കിട്ടും.

ഈ ഘട്ടത്തിൽ ബാബാജി എൻെറ ജീവിതത്തെക്കുറിച്ച് ചിലതു ചോദിച്ചു. എൻെറ യൗവനം മുതൽ തന്നെ യാതൊരു തരത്തിലുള്ള ലൗകിക വിജയവും എന്നെ തൃപ്തിപ്പെടുത്തിയിരുന്നില്ലെന്ന് ഞാൻ പറഞ്ഞു. കാരണം എന്നിൽ നിന്ന് മഹത്തായ പലതും പ്രതീക്ഷിച്ചെങ്കിലും ഞാൻ നേടിയത് വളരെ കുറവായിരുന്നു. സ്വസ്വഭാവത്താൽ തന്നെ നശിക്കുന്ന സിദ്ധി അന്വേഷിക്കുന്നതുകൊണ്ട് എന്തുഫലമാണുള്ളത്?

ശി.ബാ.: ഇത്തരം ബോധം നിലനിർത്തണം. അത് ദൈവഭക്തി ശക്തിമത്താക്കും. ലൗകികവസ്തുക്കളിലുള്ള ആകർഷണം നശിപ്പിക്കും. യാജ്ഞവൽക്യനെന്ന ഋഷിയുടെ കഥ അറിയാമോ?

ബെന്നറ്റ്: ഉവ്വ്. ഞാൻ ഉപനിഷത്തിൽ ആ കഥ വായിച്ചിട്ടുണ്ട്.

ശി. ബാ.: അദ്ദേഹത്തിന് രണ്ട് പത്നിമാരുണ്ടായിരുന്നു. അദ്ദേഹം വനത്തിൽ പോകാനാഗ്രഹിച്ചു. സ്വത്ത് വിഭജിച്ച് രണ്ട് ഭാര്യയ്ക്കും കൊടുത്തു. അപ്പോൾ ഇളയ പത്നി ചോദിച്ചു: 'ഈ സ്വത്ത് ദൈവത്തെ എന്നിലേയ്ക്ക് കൊണ്ടുവരുമോ.' ഇല്ല. ഇതു ലൗകിക സുഖം തരുമെന്ന് അദ്ദേഹം പറഞ്ഞു. അവൾ തുടർന്നു 'എന്നാൽ എനിക്കിതു വേണ്ട. ഞാൻ താങ്കളുടെ കൂടെ വരികയാണ്. എനിക്ക് ദൈവത്തെ വേണം.'

സന്തോഷത്തിനുള്ള മോഹം ജീവിതത്തിൽ ദോഷപ്രദമാണ്. ജീവിതത്തിൻെറ നന്മ ഭഗവാൻ മാത്രമാണ്. അതിനാൽ ജീവിതമോഹം കുറയ്ക്കുക. ദൈവഭക്തി തന്നത്താൻ വളരും.

ബെന്നറ്റ്: സർവലാഭത്തിനാഗ്രഹിക്കാതെ കിട്ടുന്നതിൽ തൃപ്തിപ്പെടണമെന്ന് എന്റെ ജീവിതാനുഭവങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. അതു സന്തോഷപ്രദമാണെങ്കിൽ ആസ്വദിക്കുക. അതു ദുഃഖപ്രദമാണെങ്കിൽ ദുഃഖമില്ലാതെ സന്തോഷമില്ലെന്നോർക്കുക. സുഖദുഃഖങ്ങൾ സമാസമമെന്നു മനസ്സിലാക്കുമ്പോൾ ജീവിതം വളരെ സരളമാകും.

ശി.ബാ.: അതുതന്നെ. ദുഃഖം വരും. സുഖവും. സാധാരണ ജനങ്ങൾ ദുഃഖമകറ്റി സുഖം നിലനിർത്താൻ ശ്രമിക്കും. അവരുടെ പരിശ്രമം വിഫലമാകും. കാരണം ദുഃഖം വരും. ആർക്കും അതു മാറ്റാൻ കഴിയില്ല. അതിനാൽ സുഖമോ ദുഃഖമോ വന്നോട്ടെ. നമ്മൾ രണ്ടിലും വിമുഖരാകണം. നമ്മുടെ കർത്തവ്യം നിർവ്വഹിച്ചോ എന്നുമാത്രം നോക്കണം. സുഖദുഃഖങ്ങളെ നാം ശ്രദ്ധിക്കണ്ട.

എം.എച്ച്: പീഡസഹനത്തിന്റെ ഒരു ചോദ്യം ഞാനിവിടെ ചോദിക്കട്ടെ? ഇംഗ്ലണ്ടിൽ എനിക്ക് വളരെ പീഡിതയായ ഒരു വൃദ്ധസ്നേഹിതയുണ്ട്. അവൾക്ക് അവൾ മാത്രം. കഷ്ടപ്പാടും രോഗപീഡയുമുണ്ട്. ലോകത്തിൽ ഈ കഷ്ടപ്പാടുകളെന്തിനെന്ന ചോദ്യത്തിന് ഉത്തരം കിട്ടാൻ കഴിയില്ലെന്നാണ് അവൾ വിശ്വസിക്കുന്നത്.

ശി.ബാ: നോക്കു, നാം ഈ രാജ്യത്ത് ജീവിക്കുന്നു. നമ്മൾ എല്ലാ സർക്കാർ നിയമവും പാലിക്കണം. പാലിച്ചില്ലെങ്കിൽ ജയിലിൽ പോകേണ്ടിവരും. അതുപോലെ നാം ഈ ശരീരത്തിൽ ജീവിക്കുമ്പോൾ ചില നിയമങ്ങളും വ്യവസ്ഥകളും സ്വീകരിക്കണം. ഈ നിയമങ്ങളും വ്യവസ്ഥകളും ലംഘിച്ചാൽ കഷ്ടപ്പാടുണ്ടാകും. കൂടുതൽ ഊണുകഴിച്ചെന്ന് വരാം. ഊണു കുറഞ്ഞേക്കാം. വേണ്ടാത്തതു ഭക്ഷിച്ചെന്നും വരാം. അപ്പോൾ ശരീരത്തിൽ രോഗം വരും. അതാണ് കഷ്ടപ്പാട്.

ബെന്നറ്റ്: എന്നാൽ ശ്രീരാമകൃഷ്ണനെപ്പോലുള്ള മഹാസന്യാസിമാർപോലും അർബുദം കൊണ്ടല്ലേ മരിച്ചത്?

ശി.ബാ: അതെ. ഈ ദൈഹികരോഗങ്ങൾ വരികതന്നെ ചെയ്യും. കഷ്ടപ്പാടുകൾ പാപത്തിൽ നിന്നുണ്ടാകുന്നു. ക്രിസ്ത്യൻ വിശ്വാസപ്രകാരം മനുഷ്യൻ പാപിയായാണ് ജനിക്കുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. ജന്മനാ ഉള്ള പാപം.

ബെന്നറ്റ്: അതെ. ഇതു നമ്മുടെ സ്വന്തം പാപംകൊണ്ടുമാത്രമല്ല. അതിനുമുപരിയായി മനുഷ്യസമുദായമാകെ ദൈവത്തിൽനിന്ന് അകലുന്നതിനാലും അദ്ദേഹത്തിന്റെ നിയമങ്ങൾ ലംഘിക്കുന്നതുകൊണ്ടും കൂടിയാണ്. നമ്മൾ പാപത്തിന്റേയും അതുവഴി കഷ്ടപ്പാടുകളുടേയും നിയമത്തിൽ പതിച്ചിരിക്കുകയാണ്.

ശി.ബാ: അതെ. എന്നാൽ നമ്മൾ പരിശുദ്ധ ജീവിതം ചിട്ടയോടെ ജീവിതം നയിക്കുകയാണെങ്കിൽ കഷ്ടപ്പാടുകൾ വളരെവളരെ കുറയും.

പലേ കഷ്ടപ്പാടും വിട്ടുപോകും. എന്നാലും ചിലത് നിലനിൽക്കുക തന്നെ ചെയ്യും. അവയെ ഗണിക്കരുത്. മുന്നോട്ടു പോകാൻ എല്ലാവർക്കും ഒരു മാനസികനീതിവേണം.

ബെന്നറ്റ്: ബാബാജി, യഥാർഥ പ്രശ്നം, രോഗകാരണമല്ല, പാപത്തിന്റെ ഉത്ഭവം എന്തുകൊണ്ടെന്നതാണ്? ഈ പ്രശ്നത്തിന്റെ ഉത്തരം കൂടുതൽ ജടിലമാണ്.

ശി.ബാ: അതെ. പക്ഷേ കാര്യം ഇതാണ് - ദൈവത്തെ അറിയുന്നതുവരെ നമുക്ക് അന്തിമകാരണം കിട്ടുകയില്ല. ഒരു പൊതു ഉത്തരം ഇതാവാം - നമ്മൾ സാമൂഹ്യനീതി കൈവിട്ടു- കാടൻ നീതിയിൽ ജീവിക്കുന്നതുകൊണ്ട്.

ബെന്നറ്റ്: എന്നാൽ ഇത് എവിടെനിന്നു തുടങ്ങുന്നു? ദൈവം മനുഷ്യനെ സൃഷ്ടിച്ചത് പാപം ചെയ്യാനല്ലല്ലോ. ആണോ?

ശി.ബാ: ജീവിതം ആസ്വദിക്കാനുള്ള മോഹത്താൽ അതുണ്ടാകുന്നു.

ബെന്നറ്റ്: എങ്ങനെ ആയാലും അതൊരു ജടിലപ്രശ്നമാണ്.

ശി.ബാ: അതുകൊണ്ടാണ് ദൈവജ്ഞാനമില്ലെങ്കിൽ ഈ പ്രശ്നം പൂർണമായും അറിയുവാൻ നമുക്ക് കഴിയുകയില്ലെന്നു പറഞ്ഞത്. ഇന്ന് നമുക്കിത്ര മാത്രമേ പറയാനാവു. ജീവിതം ആസ്വദിക്കാനുള്ള മോഹം.

ബെന്നറ്റ്: ബാബാജി, നിങ്ങൾക്കു കാണാൻ കഴിയുന്നതും, എന്നാൽ പറഞ്ഞുതരാൻ കഴിയാത്തതുമായ ചിലതൊക്കെയുണ്ട്. നിങ്ങൾക്കിച്ഛയുണ്ടെങ്കിൽപോലും ഞങ്ങളോട് പറയാൻ കഴിയില്ല.

ശി.ബാ: അനുഭവത്തിനുമാത്രമേ പഠിപ്പിക്കാനാവു. അനുഭവം വിവരണത്തിനതീതമാണ്.

ബെന്നറ്റ്: എട്ടുദിവസമായി ഞങ്ങളിവിടെയുണ്ടെങ്കിലും ഹിമാലയം കണ്ടില്ല. മഞ്ഞുമൂടിയ ആ പർവതം കാണാതെപോകേണ്ടിവരുമെന്നോർത്തു. ഇന്ന് മഞ്ഞൊഴിഞ്ഞു. ഞങ്ങൾ പർവതം കണ്ടു. പർവതം എന്നും ഇവിടെ ഉണ്ടായിരുന്നെങ്കിലും ഇന്നുമാത്രമേ കാണാൻ കഴിഞ്ഞുള്ളു എന്ന് ഇങ്ങോട്ട് വരുമ്പോൾ ഞങ്ങൾ പറയുകയായിരുന്നു. ദൈവത്തേയും അതുപോലെ തന്നെ.

ശി.ബാ: ശരിയാണ്.

ബെന്നറ്റ്: സത്യം എപ്പോഴും അവിടെ ഉണ്ട്. ഒരു ദിവസം മഞ്ഞുമാറും.

ശി.ബാ- ബോധമനസ്സ് നമ്മൾക്കൊരു മറയാകുന്നു. നിങ്ങൾ വെള്ളത്തിൽ മുങ്ങി എന്നു വിചാരിക്കൂ. മുകളിലും താഴെയും ചുറ്റും വെള്ളമല്ലാതെ ഒന്നും നിങ്ങൾ കാണുകയില്ല. വെള്ളത്തിൽ നിന്ന്

തലപൊക്കിയാൽ നിങ്ങ്ങൾ പുറം ലോകം കാണും. അതുപോലെ ബോധമനസ്സിൽ നാം മുങ്ങിയിരിക്കുകയാണ്. നമ്മുടെ ജ്ഞാനവും വിചാരവും ബോധമനസ്സിനു മുകളിലേയ്ക്കുയർത്തിയാൽ ഉടനെ നാം ദൈവത്തെ ദർശിക്കുന്നു. ഒരു നിമിഷത്തേയ്ക്ക് ബോധമനസ്സിനെ കുറിച്ചുള്ള മറവി നിങ്ങളെ ദൈവത്തിലെത്തിക്കും.

ബെന്നറ്റ്: ഗീതയിൽ പറയുന്ന ക്ഷേത്രവും പുറംലോകം കാണാൻ കഴിവുള്ള ക്ഷേത്രജ്ഞനെന്നതും ഈ ബോധമനസ്സുതന്നെയാണോ? താങ്കൾ അതാണോ ഉദ്ദേശിക്കുന്നത്?

ശി.ബാ: അത് ക്ഷേത്രജ്ഞനാണ്. ഒരുവൻ കാണുന്നത് ക്ഷേത്രമാണ്. യഥാർഥത്തിൽ ക്ഷേത്രമെന്നാൽ ശരീരവും ക്ഷേത്രജ്ഞനെന്നാൽ അതിനുള്ളിലെ 'പുരുഷ'നുമാണ്.

ബെന്നറ്റ്: അവൻ ബോധമനസ്സാൽ വലയം ചെയ്യപ്പെട്ടവനുമാണ്.

ശി.ബാ: അതെ. അവനീബോധമനസ്സിനെ മറക്കണം. ദൈവത്തെക്കുറിച്ച് ചിന്തിക്കണം. അതിന്നർഥം ബോധാത്മാവിനുമപ്പുറം പോകുക എന്നാണ്.

ബെന്നറ്റ്: എന്നാൽ കർമം ചെയ്യാൻ ഈ ബോധമനസ്സ് ആവശ്യമല്ലേ?

ശി.ബാ: അതെ. ആവശ്യമാണ്. ധ്യാനത്തിനു ബോധാത്മാവ് ആവശ്യമില്ല.

ബെന്നറ്റ്: അതിനാൽ രഹസ്യം ഇതാണ് - ഓരോ ശക്തിയേയും ശരിയായ മാർഗത്തിൽ ഉപയോഗിക്കുക. ജീവിതത്തിൽ കർമാനുഷ്ഠാനത്തിന് ബോധാത്മാവ് വേണം. ദൈവാന്വേഷണത്തിന് ഭക്തിയും.

ശി.ബാ: ബോധമനസ്സിന് യുക്തിയും ആവശ്യമാണ്.

ബെന്നറ്റ്: എന്നാൽ ഒരു നിലയ്ക്ക് യുക്തി എന്തിനും നമ്മെ സഹായിക്കും. ദൈവാന്വേഷണത്തിൽപ്പോലും. കാരണം യുക്തി കൊണ്ട് നാമെന്തുചെയ്യണമെന്നറിയുന്നു.

ശി.ബാ: ഇല്ല. അവിടെ വെറും ദൈവഭക്തി മാത്രമാണാവശ്യം. യുക്തിയല്ല. ദൈവമുണ്ട്. ഞാനദ്ദേഹത്തെ ദിവസേന ധ്യാനിച്ചാൽ എനിക്കദ്ദേഹത്തെക്കാണാം. നമുക്കാവശ്യം ഈ വെറും ഭക്തിയാണ്.

ബെന്നറ്റ്: എന്നാൽ, എന്റെ യുക്തിയല്ലേ ദൈവമുണ്ടാകണമെന്ന് എന്നോടു പറയുന്നത്?

ശി.ബാ: എന്തോ പിന്നിലുണ്ടെന്ന് യുക്തി പറയുന്നു. എന്നാൽ അതിനപ്പുറം അതിനൊന്നും പറയാൻ കഴിയില്ല.

ബെന്നറ്റ്: ഞാൻ മനസ്സിലാക്കുന്നു. അതിനപ്പുറം കടക്കുക. ആ എന്തിനോടാണോ എനിക്ക് നേരിട്ട് ബന്ധപ്പെടാൻ കഴിയുമെന്ന വിശ്വാസമുണ്ടാവുക - ഭക്തികൊണ്ടാണ്.

ശി.ബാ: അതെ.

ബെന്നറ്റ്: കാരണം യുക്തി അതുപറയുന്നില്ല. അപ്പോൾ ബാബാജി, ഭക്തി മനുഷ്യനിൽ എങ്ങനെ സംജാതമാകുന്നു? ഭക്തി-വിശ്വാസം-ഉത്ഭവിക്കുന്നത് അനുഭവങ്ങളെക്കൊണ്ടാണോ?

ശി.ബാ: കാരണം ഈ വസ്തുക്കളെല്ലാം നില നിൽക്കുന്നതുകാണുമ്പോൾ പ്രശ്നമുദിക്കുന്നു-ഇതെന്താണ്?

ബെന്നറ്റ്: അതു യുക്തിയാണ്.

ശി.ബാ: അല്ല. 'ഇതെന്തെന്നതിനർഥം യുക്തിക്കുമപ്പുറമാണ്. നമ്മൾ നമ്മുടെ സംശയം പ്രകടിപ്പിക്കുക മാത്രമാണ്. 'ഇത് ഇതാണ്.' എന്നാൽ യുക്തിയാണ്. 'അത് എന്താണ്' എന്നാൽ യുക്തിയല്ല. നമ്മൾ 'ഞാൻ മനുഷ്യനാണ്' എന്നു പറയുമ്പോൾ യുക്തിയാണ്. നമ്മൾ 'ഞാൻ ആരാണ്' എന്നു പറയുമ്പോൾ അത് യുക്തിക്കുമതീതമാണ്. നമ്മൾ ഇതിനെ യുക്തിക്കുമപ്പുറത്തേയ്ക്ക് പിന്തുടർന്നാൽ നാം ദൈവത്തിലെത്തുന്നു. ഈ യുക്തിയെ പിന്തുടർന്നാൽ നമ്മൾ ആനന്ദത്തിലെത്തുന്നു.

ബെന്നറ്റ്: ഇപ്രകാരമാണ് നചികേതസ്സിന്റെ ചോദ്യങ്ങൾക്ക് കാലനുത്തരംമുട്ടിത്തുടങ്ങിയത്. അദ്ദേഹം പറഞ്ഞു: 'ഒന്ന് ആനന്ദത്തെ തേടുന്ന വഴി. മറ്റേത് സത്യാന്വേഷണത്തിനുള്ളത്. ഒന്നു ഇതുവഴി. മറ്റൊന്ന് അതുവഴി. 'അതുപ്രകാരമല്ലേ അദ്ദേഹം ഉത്തരം പറഞ്ഞത്?' അല്ലേ?

ശി.ബാ: ഈ ആനന്ദം ഏതൊരുവനേയും തീർച്ചയായും കഷ്ടത്തിലേയ്ക്ക് നയിക്കും.

ബെന്നറ്റ്: തീർച്ചയായും. എനിക്കിതുവേണ്ട, എനിക്കതുവേണ്ട എന്നു പറഞ്ഞ് നചികേതസ് എല്ലാം തിരസ്കരിച്ചപ്പോൾ യമൻ കുഴപ്പത്തിലായി എന്നെനിക്കു തോന്നി.

ശി.ബാ: എല്ലാ വശ്യവസ്തുവും ത്യജിച്ചപ്പോൾ യമൻ വിഷമിച്ചു. ഭയവും മോഹവുമാണ് മനുഷ്യദുഃഖങ്ങളുടെ രണ്ട് ഉറവിടങ്ങൾ.

ബെന്നറ്റ്: ഭയം അഗോചരങ്ങളിൽനിന്നും മോഹം ഗോചരങ്ങളിൽ നിന്നും വരുന്നു. ഈ രണ്ടിനുമിടയിൽ നാം ബന്ധനസ്ഥരാണ്.

ശി.ബാ: അതെ. നമ്മുടെ യഥാർഥ പ്രശ്നത്തിൽ നിന്ന് അവ നമ്മെ അകറ്റുന്നു. ഭയമോ മോഹമോ നമ്മെ അകറ്റുന്നു.

എം.എം: ഞങ്ങൾ വൈരാഗ്യത്തെ നിർവികാരാവസ്ഥയെപറ്റി ധാരാളം കേട്ടിട്ടുണ്ട്. അതിനുള്ള വഴി ഭയത്തിനും മോഹത്തിനും അപ്പുറത്താണോ?

ശി.ബാ: വൈരാഗ്യം ജീവിതത്തോട് മാത്രമാകണം. ദൈവത്തോടും അടുപ്പം ഉണ്ടാകണം.

ബെന്നറ്റ്: അതെ. കഴിഞ്ഞ തവണ ദൈവത്തോടുള്ള ആഗ്രഹം പോലും ത്യജിക്കണമോ എന്ന് ഞാൻ ചോദിച്ചതായോർക്കുന്നു. അപ്പോഠം അങ്ങു പറഞ്ഞു. വേണ്ട. ദൈവത്തോടുള്ള ആഗ്രഹമൊഴികെ മറ്റെല്ലാ ആഗ്രഹങ്ങളും ത്യജിക്കണം എന്ന്.

ശി.ബാ: അതൊഴികെ മറ്റെല്ലാം ശത്രുവാണ്.

ബെന്നറ്റ്: അതെ. ദൈവഭക്തി. അതില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയാത്ത ഒരവസ്ഥവരെ വളർന്ന് ശക്തമാകണം. അത് കാമത്തേക്കാളും മറ്റേതുതരം സംതൃപ്തിയേക്കാളും ശക്തമാകണം. ഏതു സ്വാഭാവിക മോഹങ്ങളേക്കാളും ശക്തമാകണം. ആ ശക്തി എങ്ങനെ ആർജ്ജിക്കാമെന്നതാണ് പ്രശ്നം.

ശി.ബാ: ഞാൻ പറയുന്നപോലെ ജീവിതം നയിക്കാൻ തുടങ്ങുക. പ്രകൃത്യാ അത് സിദ്ധിക്കും.

ബെന്നറ്റ്: അതു ശരിയാണെന്ന് എനിക്കുറപ്പുണ്ട്.

ശി.ബാ: അതു താനേവരും. വിത്തുണ്ട്. മരം മുഴുവൻ ആ വിത്തിലുണ്ട്. വിത്തുവികസിക്കുമ്പോഠം ആ മരം പുറത്തുവരും. അതുപോലെ ജീവിതം കൂടുതൽ കൂടുതൽ സ്ഥിരമാകുമ്പോഠം അതു താനേ പുറത്തുവരും. നോക്കൂ. മനുഷ്യർക്കു ക്ഷമയില്ല. ഒരടിക്ക് എല്ലാം കിട്ടണം.

എം.എം: അതെ. അതാണ് വിഷമം.

ശി.ബാ: അതെ. ക്ഷമ, ക്ഷമകൊണ്ട് കടൽ വറ്റിക്കാം.

ധ്രുവനെന്ന കുട്ടിയുടെ കഥയുണ്ടല്ലോ. ഇളയമ്മ അവനെ പുറത്താക്കി. കുട്ടി വളരെ ബോധവാനായിരുന്നു. കാട്ടിൽപോയി ഒരു മരത്തിനു ചുവട്ടിൽ ദൈവത്തെ ധ്യാനിച്ചിരുന്നു. അപ്പോഠം അതിലേപോയ ഒരു മുനി പറഞ്ഞു: 'നീ വളരെ കുഞ്ഞാണ്. ദൈവത്തെ കാണാൻ കഴിയില്ല.' അപ്പോഠം കുട്ടി പറഞ്ഞു 'അയ്യോ, അങ്ങനെ പറയരുത്. ദൈവത്തെ എനിക്കെവിടെ കാണാമെന്നു പറയൂ.' മുനി പറഞ്ഞു: 'ഞാൻ ദൈവത്തോടു പോയി ചോദിച്ച് അദ്ദേഹത്തിൻെറ ഉത്തരം നിന്നോടു പറയാം.'

അങ്ങനെ മുനി ദൈവത്തെ കണ്ടു. കുട്ടി എന്താണ് ചോദിക്കുന്നതെന്നു പറഞ്ഞു.

അപ്പോഠം ദൈവം പറഞ്ഞു: 'ഇല്ല. ഞാനവൻെറ അടുത്തെത്താൻ വളരെ കാലം വേണ്ടിവരും. അവൻ മരച്ചുവട്ടിൽ ഇരിക്കുകയല്ലേ. ആ മരത്തിലെ ഇലകഠം എണ്ണാൻ പറയൂ. അത്ര ജീവിതം പിന്നിട്ടാലേ ഞാൻ അവൻെറ അടുത്തുപോകുകയുള്ളൂ.' മുനി മടങ്ങിവന്ന് അവനോടു പറഞ്ഞു: 'നീ ഇവിടെ ഇരിക്കുന്നതിന്നർത്ഥമില്ല. ദൈവത്തെ കാണാൻ നിനക്കു വളരെ ജീവിതങ്ങഠം പിന്നിടണം.' കുട്ടി പറഞ്ഞു: 'ശരി. വളരെ ജീവിതങ്ങഠം പിന്നിട്ടാൽ ദർശിക്കാമെന്ന ആശ്വാസം

കിട്ടിയല്ലോ. ഞാൻ തൃപ്തനാണ്.' കുട്ടി അവിടെതന്നെ ഇരുന്നു. അപ്പോൾ ദൈവം അവനെ പരീക്ഷിക്കാൻ ആഗ്രഹിച്ചു. അദ്ദേഹം സിംഹത്തിന്റെ രൂപമെടുത്ത് ഭയങ്കരമായി അലറി അവന്റെ അടുത്തു ചെന്നു. കുട്ടി സിംഹത്തെ കണ്ടപ്പോൾ പറഞ്ഞു: 'സിംഹമേ, വേഗം വന്നെന്നെ തിന്നേക്കൂ. അങ്ങനെ ഒരു ജീവിതം കഴിയുമ്പോൾ ഞാൻ ദൈവത്തോടു കൂടുതലടുക്കും.' അവനിൽ ഭയമോ മറ്റൊന്നുമോ ഇല്ല. അവൻ ദൈവത്തെ മാത്രം ആഗ്രഹിക്കുന്നു. ദൈവം ഉടനെ അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഇതാണു ദൃഢനിശ്ചയം. ഭയത്തെ ആട്ടിയകറ്റണം.

സത്യാന്വേഷണത്തിനുള്ള അചഞ്ചല നിശ്ചയത്തിന്റെ ആവശ്യതെപ്പറ്റി ശിവപുരിബാബ ഊന്നിഊന്നി പറയാറുണ്ടെങ്കിലും അതിന്റെ വാക്യാർത്ഥത്തിലുള്ള അപകടം അദ്ദേഹം നല്ലപോലെ ധരിച്ചിരുന്നു. ഇന്ത്യയിലെ എഴുത്തുകാരും ചിന്തകന്മാരും എപ്പോഴും പറയാറുള്ള ധ്രുവന്റെയോ നചികേതസ്സിന്റെയോ കഥപോലെ അറിയപ്പെടാത്ത കഥയാണ് അദ്ദേഹം ഞങ്ങളോട് പറഞ്ഞത്. ഇത് ആദ്ധ്യാത്മികാന്വേഷണത്തിന് ആദ്യമായെത്തുന്നവർ അവരുടെ സാമാന്യബുദ്ധി മറക്കുന്നതിനുദാഹരണമായാണ് പറഞ്ഞത്.

ശി.ബാ: എല്ലാ വിഘ്നങ്ങൾക്കും മറുപടിയുണ്ട്. ഒരിക്കൽ ഒരു പാമ്പ് വഴിയിൽ കിടക്കുകയായിരുന്നു. അതു വഴിപോകുന്ന എല്ലാവരെയും അത് കടിക്കും. ഒരിക്കൽ ഒരു യോഗി കടന്നുപോവുകയായിരുന്നു. അദ്ദേഹത്തെ കടിക്കാനും പാമ്പെത്തി. യോഗി പറഞ്ഞു: 'അരുത്. എന്നെ കടിക്കരുത്. പാപമുണ്ടാകും.' പാമ്പ് ചോദിച്ചു: 'പാപം എന്താണ്' യോഗി വിവരിച്ചു. പാമ്പിനുഭയമായി. അതു ചോദിച്ചു: 'ഞാൻ എന്തുചെയ്യണം?' യോഗി പറഞ്ഞു: 'ഇനി ആരേയും കടിക്കരുത്. സ്വസ്ഥമായിരിക്കൂ. ദൈവത്തെ ധ്യാനിക്കൂ.' ഇതു പറഞ്ഞ് അദ്ദേഹം പോയി. പാമ്പ് അവിടെ തന്നെ കിടന്നു നാമം ജപിക്കാൻ തുടങ്ങി. ചില കുട്ടികൾ അതുവഴി പോകുകയായിരുന്നു. അവർ പാമ്പിനെ കണ്ടപ്പോൾ കല്ലെറിഞ്ഞു. ചില വികൃതികുഞ്ഞുങ്ങൾ വാലുപിടിച്ചു വലിച്ചു. പാമ്പ് മരിക്കുമെന്ന നിലയിലായി. ഒരുദിവസം യോഗി മടങ്ങുന്നതു കണ്ട് പാമ്പ് വിളിച്ചു ചോദിച്ചു: 'താനെന്താളാ? എന്താ എന്നെ പഠിപ്പിച്ചത്? ഞാനിപ്പോൾ മരിക്കാറായി. ഈ വങ്കത്തം എന്തിനു പഠിപ്പിച്ചു?' യോഗി പറഞ്ഞു: 'അല്ലല്ല. ഇതു നിന്റെ തെറ്റാണ്. അതേ സ്ഥലത്ത് നീ എന്തിനു കിടന്നു? അവിടെ നിന്റെ പൊത്തിൽ പോകാഞ്ഞതെന്തേ? ആരും നിന്നെ കാണുമായിരുന്നില്ല. മനുഷ്യരെ കടിക്കരുതെന്നാണ് ഞാൻ പറഞ്ഞത്. മനുഷ്യർ നിന്നെ ദ്രോഹിക്കാൻ വന്നപ്പോൾ നീ ഫണമുയർത്തി അവരെ എന്തുകൊണ്ടു ഭയപ്പെടുത്തിയില്ല? ഞാൻ അവരെ കടിക്കരുതെന്നു മാത്രമല്ലേ പറഞ്ഞുള്ളു? ചീറ്റി

നോക്കാമായിരുന്നില്ലേ? അവർ ഓടും. നിനക്ക് നിൻെറ ബുദ്ധി ഉപയോഗിക്കാൻ കഴിഞ്ഞില്ല. അതിനാൽ വിനയായി.

അതുപോലെ ഞാനൊരു വിഷയം പരിശീലിക്കാൻ തരുമ്പോൾ ചില തെറ്റുകൾ പറ്റാം. ആ സർപ്പത്തിന് ഉത്തരമെങ്ങനെ കിട്ടി? അതുപോലെ നിങ്ങൾ എന്നെ ഉടനെ സമീപിച്ചാൽ ഉത്തരം കിട്ടും. തെറ്റ് ഒഴിവാക്കാം. അതിനാൽ തുടക്കത്തിൽ ഗുരു അത്യാവശ്യമാണ്. അതു നന്നായിരിക്കും. വികസിച്ച ബുദ്ധിക്ക് അതത്ര വേണ്ട. മറ്റുള്ളവർക്ക് അത്യാവശ്യമാണ്.

പരിശുദ്ധജീവിതത്തിനു അദ്ദേഹം നൽകുന്ന അർഥം വ്യക്തമാക്കാൻ, 1962 ഓഗസ്റ്റ് 25-ാം നു ഠാക്കുർലാൽ മനന്ധർ തന്ന കുറിപ്പിലേയ്ക്കു ഞാൻ മടങ്ങാം.

"കഴിഞ്ഞ ദിവസം ഞാൻ പരിശുദ്ധ ജീവിതത്തെക്കുറിച്ചു സംസാരിക്കുന്നതുകേട്ട് രണ്ടു ജർമൻകാർ എന്നോടു ചോദിച്ചു: 'ക്രിസ്റ്റ്യാനിറ്റിയേക്കാൾ മഹത്തരമായ എന്താണ് നിങ്ങളുടെ പരിശുദ്ധജീവിതത്തിലുള്ളത്? ഞാൻ പറഞ്ഞു: 'പരിശുദ്ധജീവിതം സാർവത്രികവും സ്വാഭാവികവുമാണ്. ഉദാഹരണത്തിന് ശ്വാസം എടുക്കുക. ഞാൻ ശ്വസിക്കില്ലെന്ന് നിങ്ങൾക്കു പറയാമോ? അതുപോലെ ഭക്ഷണം, ഉറക്കം, ചിന്ത, സ്പർശം തുടങ്ങിയവ. നിങ്ങളുടെ മനസ്സ് വ്യതിചലിക്കാതിരിക്കാനും ശരീരം ശരിക്കു സൂക്ഷിക്കാനും ഇവയെ നിയന്ത്രിക്കുക. അപ്പോൾ എല്ലാവരിലും സ്വാഭാവികമായി പ്രശ്നങ്ങൾ ഉദിക്കുന്നു- ഇതെല്ലാം എന്താണ്? ഈ പ്രപഞ്ചം, ഈ ജീവിതം, ജനനം, മരണം എല്ലാം എന്താണ്? ഈ പ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യമെന്താണ്? ഈ ചോദ്യങ്ങളിൽ കുടുതൽ കുടുതൽ മുഴുകുക. നിങ്ങൾ സത്യമറിയും. ജ്ഞാനവും ലബ്ധ്യവും അറിഞ്ഞതിനും കിട്ടിയതിനു ശേഷം അറിയേണ്ടതും ലഭിക്കേണ്ടതുമല്ലാതായിത്തീരുമ്പോൾ കാറൊഴിഞ്ഞ നിമിഷങ്ങൾ കൈക്കലാക്കാനാണ് എല്ലാവരും സ്വാഭാവികമായും ഇച്ഛിച്ചുപോവുക. ഇത് നിലനിർത്താനും വളർത്താനും പരിശുദ്ധജീവിതം ആവശ്യപ്പെടുന്നു. ഗുരുപ്രേരിതമായ ഏതെങ്കിലും മതത്തിൻെറ വളർച്ചക്കുമുമ്പുതന്നെ ഇത് ചെയ്തിട്ടുമുണ്ട്. എല്ലാ മതങ്ങളുടെ വളർച്ചുശേഷവും ഇതു ചെയ്തിട്ടുണ്ട്. എല്ലാ മതങ്ങളും നശിച്ചു മണ്ണായിപോയാലും ഇത് സാദ്ധ്യമായിത്തന്നെ നിലനിൽക്കും. ക്രിസ്റ്റ്യാനിറ്റിയേക്കാളും വേദിക്മതം തുടങ്ങിയവയേക്കാളും ഇതാണ് അതിനെ മഹത്താക്കുന്നത്. ഈ മതങ്ങൾ മനുഷ്യസമൂഹം അത്യധികം അധഃപതിക്കുമ്പോൾ താൽക്കാലിക ചികിത്സയ്ക്കായി വളർന്നു വന്നവയായിരുന്നു. എന്നാൽ എല്ലാ രോഗങ്ങൾക്കും അന്തിമവും ഏകവുമായ ചികിത്സ പരിശുദ്ധജീവിതം മാത്രമാണ്. വേദിക്മതം സ്വാഭാവികജീവിതത്തിലെ നിദ്രയാർന്ന ബോധമുണർത്തുവാനുദ്ദേശിച്ചു

ള്ളതാണ്. മറ്റു മതങ്ങളും വിവിധ മാർഗത്തിലൂടെ ഈ ഉദ്ദേശം നിർവഹിക്കുന്നു."

അവസാനത്തെ ഉദ്ധരണി ഭഗവദ്ഗീതയുടെ ഭാഷയിലാണ്. ജാതി, ലിംഗം, പ്രായം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ കർത്തവ്യങ്ങൾ നിശ്ചയിക്കുന്നതായിരുന്നു പണ്ടത്തെ സ്വധർമം. ഇക്കാലത്ത് സ്വധർമം ഓരോരുത്തർക്കും സ്വയം പഠിക്കാൻ കഴിയുമെന്നതിനാൽ അനിശ്ചിതമാണ്.

ശി.ബാ: സാമാന്യദൃഷ്ട്യാ ലോകം സ്വധർമം മാത്രം ചെയ്യുന്നു. കാരണം സ്വധർമത്തിന്നർഥം 'ഞാൻ' എന്നതിൻെറയും 'എൻെറ'യുടെയും പരിപാലനമാണ്. ഇത് ലോകത്തിൽ എല്ലാവരും പിന്തുടരുന്നു. എന്നാൽ സ്വധർമം തങ്ങളുടെ ഇച്ഛക്കനുസരിച്ചു വളച്ചൊടിക്കുന്നു എന്ന ഒരു കുറവു മാത്രം അതിലുണ്ട്. വിധിക്കനുസരിച്ചു ജീവിക്കുന്നതാണ് യഥാർത്ഥ സ്വധർമം. ഒരുവൻെറ ഇച്ഛാനുസാരം ജീവിക്കുന്നത് സ്വാർഥധർമമാണ്. ഇന്നത്തെ ലോകത്തിൽ രണ്ടാമത്തേതാണ് നടക്കുന്നത്. അവർക്ക് അറിവിൻെറയും സാത്വികതയുടെയും പ്രകാശം നഷ്ടപ്പെടുന്നു.

നമ്മുടെ ഏറ്റവും പ്രധാന ലക്ഷ്യം ഏതു സിദ്ധിയാണ്? നാം രക്ഷിക്കുന്നതും ഒതുങ്ങുന്നതുമായ ജീവിതം അല്പായുസ്സാണ്. അതിനാൽ അനശ്വരമല്ല. പ്രാപിക്കാനുള്ള ഏറ്റവും പ്രധാന ലക്ഷ്യം ദൈവമാണ്. അദ്വൈതം ജീവിതത്തിന് പ്രാധാന്യം കൽപിക്കാതെ ദൈവത്തിലേയ്ക്ക് സർവവും കേന്ദ്രീകരിക്കുന്നു. ദ്വൈതശാസ്ത്രം ഈ സ്വധർമത്തിനു കൂടുതൽ പ്രാധാന്യം നല്കി ദൈവത്തെ അപ്രധാനമാക്കുന്നു. എന്നാൽ ഓരോന്നായി എടുക്കുമ്പോൾ ഈ രണ്ടു രീതിയും തെറ്റാണ്. രണ്ടും ചേർന്നതാണ് സത്യം. ഒന്നിനെ പറയുമ്പോൾ മറ്റേതുകൂടി ഭവിക്കുന്നു. സ്വധർമം കൂടാതെ ദൈവപ്രാപ്തി അസാദ്ധ്യമാണ്. ദൈവസ്മരണയില്ലാത്ത സ്വധർമത്തിന്നർഥമില്ലതാകുന്നു. അതിൻെറ മഹത്വം നഷ്ടപ്പെടുന്നു.

നാം ഈ ശരീരത്തിലായതിനാൽ ദൈവസ്മരണയ്ക്കു കഴിവേകാൻ, നാം അതിനെ രക്ഷിക്കണം. സ്വധർമമെന്നാൽ ഈ ശരീരത്തെയും അതിനോടു ബന്ധപ്പെട്ടതിനേയും പാലിക്കുകയാണ്. 'ക്ഷേത്ര' എന്നതിന് ഗീതയിലെ അർഥമിതാണ്. ശരീരമെന്ന ക്ഷേത്രത്തിൽ നാം വസിക്കുന്നതിനാൽ സ്വധർമത്തിൻെറ ആവശ്യം ഉദിക്കുന്നു. അതുകൊണ്ട് സ്വധർമം നമ്മുടെമേൽ കയറ്റിവച്ച എന്തോ ആണെന്ന് നമുക്കു നിശ്ചയിക്കാം. ഭഗവദ്ഗീത പ്രകാരം സ്വധർമം പാലിക്കുന്ന നമ്മിലുള്ള ആത്മാവ് ക്ഷേത്രജ്ഞനാണ്. എന്നാൽ നമ്മിലുള്ള യഥാർഥ അഹം -പുരുഷൻ-ഈ പരിധിക്കെല്ലാം പുറത്താണ്. യഥാർഥ അഹമായ 'പുരുഷനു'മായി ബന്ധം പുലർത്തേണ്ടത് ക്ഷേത്രജ്ഞനാണ്. നല്ല

പോലെ ക്ഷേത്രംപാലിക്കാതിരിക്കുവോളം ക്ഷേത്രജ്ഞനെ ഇതിനനുവദിക്കുകയില്ല എന്നതാണ് വിഷമകരം. അതുകൊണ്ടാണ് സ്വധർമം വിധിപോലെ നിർവഹിക്കേണ്ട ആവശ്യം വരുന്നത്.

സ്വധർമം വേണ്ടപോലെ നയിക്കേണ്ട കർമം ചെയ്താൽ-നല്ല ജ്ഞാനവും സാത്വികതയും പുലർത്തിയാൽ-ലൌകിക വിഷയങ്ങളുമായി ബന്ധിക്കുന്ന ഒരു പ്രതികരണവും അവനിൽ വളരില്ല. അതുകൊണ്ട് 'പുരുഷനു'മായി ബന്ധപ്പെടാനുള്ള മറ്റു ഉച്ചകർമങ്ങൾക്ക് അവന് നിശബ്ദമായി അനുമതികിട്ടും. ക്ഷേത്രജ്ഞൻ 'പുരുഷ'ൻെറ മേൽ ഉറപ്പിച്ച അഹം മാത്രമാണ്. നമ്മുടെ പാപംകൊണ്ടോ അജ്ഞാനംകൊണ്ടോ ഈ യഥാർഥ പുരുഷൻ നമ്മുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞുനിൽക്കുന്നു. സ്വധർമം പൂർണമായി പാലിച്ച് ക്ഷേത്രജ്ഞൻ 'പുരുഷ'നിൽ ശ്രദ്ധകേന്ദ്രീകരിച്ചാൽ അവന് തൻെറ വ്യക്തിത്വം അറിയാൻ കഴിയും. സമാനതത്വത്തിൻെറ ഈ സ്വഭാവത്തെയാണ് നാം സാക്ഷാൽകാരം അല്ലെങ്കിൽ ബോധോദയം എന്നു പറയുന്നത്. നമ്മുടെ മനസ്സ് ദൈവത്തിലോ അതിനുവേണ്ടി മറ്റേതെങ്കിലും ലക്ഷ്യത്തിലോ കേന്ദ്രീകരിക്കാനുള്ള നമ്മുടെ ശ്രമം തിരിച്ചടിക്കുകയും അവ സ്വായത്തമാക്കുന്നതിൽ നാം പരാജയപ്പെടുകയും ചെയ്യും. എന്നാൽ ഒരിക്കൽ ഈ സമാനത്വം ലഭ്യമായാൽ അവസ്ഥയാകെ മാറും. ലഭ്യമാകേണ്ടതെന്തും എന്നേയ്ക്കും നമ്മുടേതാകും. ദൈവത്തെയോ പുരുഷനെയോ ധ്യാനിക്കുന്നതിൽ അഭിപ്രായഭേദങ്ങളുണ്ട്. ദൈവത്തെ സഗുണമായും (രൂപത്തിൽ) നിർഗുണമായും (പരമമായി) നമുക്ക് ചിന്തിക്കുകയും ധ്യാനിക്കുകയുമാവാം. ചിലർ ഒരു തരത്തിലും മറ്റു ചിലർ വേറൊരു വിധത്തിലും ഉപദേശിക്കുന്നു. രണ്ടും തെറ്റാണ്. രണ്ടും കൂടിയതാണ് സത്യം.

നാം എന്തിനെപറ്റിയെങ്കിലും ചിന്തിക്കുമ്പോൾ നമ്മുടെ കല്പനാശക്തിയിൽ സ്വഭാവികമായി ഒരു രൂപം നൽകുന്നു. അതിനാൽ നമ്മൾ 'സഗുണ'ത്തിലൂടെ തുടങ്ങുന്നു. അതേ സമയം നമുക്കുനേടാനുള്ള ലക്ഷ്യത്തിന് രൂപമോ പേരോ ഇല്ലെന്ന വസ്തുത നാം വിസ്മരിക്കരുത്. ഒരു നാണയത്തിൻെറ രണ്ടു വശമെന്നപോലെ ഒന്നുമറ്റതിനെ ഓർമിപ്പിക്കുന്നു.

ഞങ്ങൾ ദിവസേന വായിച്ചിരുന്ന ദക്ഷിണേന്ത്യയിലെ ഇംഗ്ലിഷിലുള്ള 'ഹിന്ദു'പത്രത്തിലെ ഞങ്ങളുടെ ലേഖനം ആധാരമാക്കി അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്.

ശി.ബാ: മുമ്പ് വർത്തമാനപത്രങ്ങൾ വായിക്കാറില്ല. യാദൃച്ഛികമായി ചിലതു വായിക്കാനിടവന്നു. കാലക്രമേണ ഞങ്ങളതിഷ്ടപ്പെട്ടു. പിന്നീട് വരിക്കാരായി നല്ല വായനക്കാരുമായി. ഇപ്പോൾ അതിനോടിഷ്ടമില്ലാതാവുകയും തിരസ്കരിക്കേണ്ട ഘട്ടംവരെ എത്തുകയും

ചെയ്തിരിക്കുന്നു. അതുപോലെ ലോകത്തിലെ മറ്റു കാര്യങ്ങളിലും സംഭവിക്കുന്നു.

എവിടെനിന്നോ ചിലതുവരികയും നാം അതിനെ ഇഷ്ടപ്പെടുകയും പിന്നീട് അനാവശ്യമെന്നു കരുതി ത്യജിക്കുകയും അത് അപ്രത്യക്ഷമാവുകയും ചെയ്യുന്നു. നാം സ്വധർമം പാലിക്കാൻ തുടങ്ങുമ്പോൾ അത്തരം അതിരിക്ത വസ്തുക്കളിൽ ആസക്തിയുണ്ടാവരുത്. നമുക്ക് വളർത്തേണ്ടതുമാത്രം വളർത്തുക-അത്യാവശ്യം മാത്രം. സ്വധർമപാലകന് രാജാവിനെപ്പോലെ ജീവിക്കാമെന്നോർക്കുക. സിദ്ധനെപ്പോലെ ആന്തരിക ശക്തി നേടാം. അതേ സമയം ദൈവാനുഭൂതിയിൽ കഴിയാം. എല്ലാം വളരെ വിസ്തരിച്ചാകാം. ഇത് മനുഷ്യന്റെ നിലവാരത്തേയും കഴിവിനേയും ആശ്രയിച്ചാണ്. സ്വധർമം പാലിച്ചാൽ അവന് സൂക്ഷ്മത നഷ്ടപ്പെടുകയില്ല.

ശിവപുരിബാബ സ്വധർമവും സ്വാർഥധർമവും തമ്മിലുള്ള ഭേദം വിസ്തരിച്ചുകൊണ്ടിരുന്നു.

ശി.ബാ: സ്വാർഥധർമം തികച്ചും അനാവശ്യവും ധൂർത്തുമെന്ന നിലയിൽ ചിലപ്പോൾ നമ്മെ കൈവിടുമ്പോൾ സ്വധർമം നാം ഇവിടെ ഉള്ളിടത്തോളം നിലനിൽക്കുമെന്നതാണ് ഇവ തമ്മിലുള്ള വ്യത്യാസം. സ്വധർമം നാം പോകുന്നിടത്തെല്ലാം-വരാനിരിക്കുന്ന ജന്മത്തിലും-നമ്മെ പിന്തുടരും. അത് നമ്മോടൊപ്പം ജനിച്ചു. ജീവിച്ചു. ഭാവിയിലും നമ്മോടൊന്നിച്ചു നിൽക്കും.

നാം ഈ ലോകത്തിൽ ജനിച്ചതിനാൽ ചുറ്റുപാടുമുള്ള വസ്തുക്കൾ കാണുന്നു. സ്വാഭാവികമായി നമുക്ക് ജിജ്ഞാസ വളരുന്നു. 'ഇതു എന്തെല്ലാമാണെന്ന്' ചുഴിഞ്ഞാലോചിക്കാൻ കഴിയുന്നവന് ഇതിനെല്ലാം പിന്നിൽ ഒരു മഹാസത്യമുണ്ടെന്നുകാണാം. നമുക്കതറിയണമെന്ന് അവർ പറയുന്നു അത്രയും കഴിവില്ലാത്തവർക്കുവേണ്ടി വേദം മുന്നോട്ടുവരുന്നു. സർവേശ്വരനുണ്ടെന്ന് പ്രഖ്യാപിക്കുകയും, അദ്ദേഹം വന്ന് ഇതിന്റെയൊക്കെ അർഥം നമ്മോടു പറയുവാൻ അദ്ദേഹത്തെ ധ്യാനിക്കാനും പറയുന്നു. ഈ സത്യത്തെപ്പറ്റി ഇത്രമാത്രമാണ് പറഞ്ഞിട്ടുള്ളത്. വേദത്തിനോ മറ്റേതെങ്കിലും സിദ്ധാന്തങ്ങൾക്കോ ഇക്കാര്യത്തിൽ ഇതിനപ്പുറം കടക്കാൻ കഴിയില്ല. കാരണം വാക്കുകൾ പ്രതിബിംബിച്ചു മടങ്ങി എത്തുന്നു. മനസ്സ് ചുഴ്ന്ന് കടക്കാൻ ശക്തമല്ല. ഉപനിഷത്തിൽ പറയുന്നു: 'യതോ വാച നിവർത്തന്തേ· അപ്രാപ്യമാനസാ സഹ. അർഥം? വചനങ്ങൾ മടങ്ങുകയും മനസ്സിന് അപ്രാപ്യവുമാകുന്നു. കാണുന്നത്, ഈ നിലനിൽപും -സൃഷ്ടി- അത് പരിചയപ്പെടുത്തുന്ന നമുക്കു ചുറ്റുമുള്ള വസ്തുക്കളുമാണ്. അതുകൊണ്ടതിനെ ശ്രുതി എന്നു പറയുന്നു. ശ്രുതി സൃഷ്ടിയിലുള്ള വസ്തുസമൂഹത്തെ നമുക്കു പരിചയപ്പെടുത്തുന്നു.

സ്മൃതി ഈ വസ്തുക്കളെ എങ്ങനെ അറിയാമെന്നും അവയുമായി എങ്ങനെ വ്യവഹരിക്കാമെന്നും പറയുന്നു. പുരാണങ്ങൾ ഈ വ്യവഹാരത്തെ ശരിയാംവിധം ഉദാഹരണസഹിതം വിവരിക്കുന്നു. അദ്ധ്യയന ഗ്രന്ഥങ്ങൾ അപഗ്രഥിച്ചാൽ ഈ മുന്ന് മുഖ്യതലക്കെട്ടിനുള്ളിൽ വരും. ശ്രുതി, സ്മൃതി, പുരാണം.

സൃഷ്ടിയിലുള്ള ഈ സ്ഥിതികളുടെയോ സൃഷ്ടിയുടെ തന്നെയോ പിന്നിലെന്താണെന്ന് തുടർന്നന്വേഷിക്കുമ്പോൾ നമ്മൾ ആറ് ബോധങ്ങളുടെ വിളിയാൽ പുറംതള്ളപ്പെടുന്നു. വിശപ്പ്, ദാഹം തുടങ്ങിയവ ഈ ജീവിതത്തിലേക്ക് ആപേക്ഷികവശത്തേയ്ക്ക്, നമ്മുടെ ശ്രദ്ധ തിരിക്കും. ഈ ആറുബോധങ്ങളുടെയും ആവശ്യം നിർവഹിച്ചില്ലെങ്കിൽ പിന്നിലുള്ള അചഞ്ചലസത്യത്തെക്കുറിച്ചോർക്കാൻ നമുക്ക് കഴിയില്ല. അങ്ങനെ രണ്ടു വ്യത്യസ്ത ജീവിതം ഉൽഭവിക്കുന്നു. ഒന്ന് ഉന്നതജീവിതം-സത്യത്തെയോ ദൈവത്തെയോ കുറിച്ചുള്ള അനുഭൂതി. മറ്റേത് നിമ്ന -ജീവിതം-നമ്മുടെ ശരീരം ജീവിതത്തിലുണ്ടാക്കുന്ന എല്ലാ ആവശ്യങ്ങൾക്കും ഉത്തരം കാണുക. സ്വധർമമാകുന്ന ഈ നിമ്നജീവിതം ഉന്നതജീവിതം സാദ്ധ്യമാക്കാൻ വേണ്ടിമാത്രം നമ്മൾ സ്വീകരിക്കുന്നു. ഉന്നതജീവിതത്തിൽ ദൈവവും ലോകവും പുരുഷനും മാത്രമേ ഉള്ളു. നിമ്നജീവിതത്തിൽ പുരുഷനും ജ്ഞാനവും (സാത്വികം) ബുദ്ധിയും (ഭൌതികം). പുരുഷൻ ഉന്നതജീവിതത്തിൽ നിന്നിറങ്ങിവന്ന് ബുദ്ധിയോടും മനസ്സിനോടുമൊപ്പം പ്രവർത്തിക്കുന്നു. അതിനാൽ നിമ്നജീവിതത്തിൽ പുരുഷനും (ബോധാത്മാവ്) വിജ്ഞാനവും (മനസ്സ്) ബുദ്ധിയും (മർമം) ചേർന്നിരിക്കുന്നു.

ഉന്നതജീവിതം ഒരു ബിന്ദുവിനെപ്പോലെയും നിമ്നജീവിതം അതിൻെറ വളർച്ചപോലെയും സങ്കല്പിക്കാം. ഉദാഹരണത്തിന് 'ഭക്ഷണം കഴിക്കൂ' എന്ന് ഞാൻ പറയുമ്പോൾ നിങ്ങൾ സ്വാഭാവികമായും സാധനങ്ങൾ ശേഖരിക്കാനും പാചകംചെയ്യാനും തുടങ്ങും. എന്നാൽ ആജ്ഞ ഭക്ഷണം കഴിക്കാൻ മാത്രമാണ്. 'ഈ മരത്തിൻെറ മുകളിൽ കയറു' എന്നു പറഞ്ഞാൽ നിങ്ങൾ നിങ്ങൾക്കു സുരക്ഷിതമായി നില്ക്കാവുന്നതുവരെ മാത്രമേ കയറേണ്ടതുള്ളു. ഏറ്റവും ഉയർന്ന ശിഖരം വരെ വേണ്ട. കൊമ്പ് ഭാരത്താൽ ഒടിയും. ഉന്നതജീവിതം ഒരു സിദ്ധാന്തം മാത്രവും നിമ്നജീവിതം അതിൻെറ പ്രവർത്തിപഥത്തിലേയ്ക്കുള്ള മാർഗവുമാണ്.

ഈ സംഭാഷണത്തിലെല്ലാം സ്വധർമ-പരിശുദ്ധജീവിത-ത്തിൻെറ മാഹാത്മ്യത്തിന് രുപവും ശക്തിയും നല്കുന്നു. സ്വന്തം ശരീരത്തിൻെറയും അതിൻെറ ശക്തിയുടെയും വ്യാപാരത്തിൻെറയും പരിപുർണ രക്ഷ പ്രഥമവും അത്യാവശ്യവുമാണ്. ഈ സ്വധർമം ജനനം മുതൽ മരണം വരെയുള്ളതും ലൌകികബന്ധത്തിൽനിന്നു മുക്തിക്കുള്ള

സാഹചര്യവുമാണ്. ശിവപുരിബാബയുടെ വചനങ്ങളിൽ ശരീരത്തോ ടുകൂടെക്കൊള്ളുന്ന ആദരവ് ഉയിർത്തെഴുന്നേല്പിൻെറ ക്രിസ്ത്യൻ സിദ്ധാന്തത്തിൻെറ പ്രതിഫലനം പോലെയാണ്. മനുഷ്യൻ പരി പൂർണസൃഷ്ടിയാണ്. അതിൻെറ സമ്പൂർണതയ്ക്ക് ഭൌതികശരീരം ആവശ്യവും കൂടിചേർന്നതുമാണ്. സ്വധർമത്തിൻെറ രണ്ടാംവശം സ്വന്തം കുടുംബത്തേയും ആശ്രിതരേയും ചേർത്ത് വിപുലമാക്കുന്നു. വ്യക്തിജീവിതത്തിൽ മാത്രം ഒതുങ്ങാതെ കുടുംബത്തേയും സമൂഹ ത്തേയും പങ്കാളിയാക്കിക്കൊണ്ടുള്ള പരിശുദ്ധജീവിതമുണ്ട്. ഇതിനെ സർവലൌകികധർമത്തിൻെറ പ്രതിച്ഛായപോലെ മനസ്സിലാക്കാൻ കഴിയും. ഇതിൽ പങ്കാളിയായി കുലധർമം പാലിക്കാനും സൂക്ഷിക്കാ നുമുള്ള ചുമതല നിർവഹിക്കുന്നു. ചുമതലയിൽ അതു നിറവേറ്റാ നുള്ള കഴിവങ്കുരിക്കുന്നു. നമുക്ക് അർത്ഥ (ക്ഷമത)മില്ലെങ്കിൽ സ്വന്തം ധർമ്മം പാലിക്കാൻ കഴിയില്ല. അർഥമെന്നതിന് ഭൌതികവ്യാഖ്യാനം നൽകുമ്പോഠം അതു സമ്പത്തായിരിക്കും. അതിൻെറ ശരിയായ ഗൌ രവം പ്രവർത്തനക്ഷമതയ്ക്കുള്ള ആവശ്യത്തിൽ പരിലസിക്കുന്നു. തീർ ച്ചയായും എല്ലാ ലൌകികപ്രവർത്തനങ്ങളും ത്യജിച്ച ഒരു സന്യാ സിക്ക് ഇത് ബാധകമാകുന്നില്ല. എന്നാൽ അദ്ദേഹത്തിന്നും ശരീരം കാക്കുക എന്ന പ്രാഥമിക കർത്തവ്യം നിറവേറ്റാൻ അർഥംവേണം. ശിവപുരിബാബ പറയുന്നത്, അദ്ദേഹത്തിന് ശ്വാസമുള്ളിടത്തോളം ഉപദേശങ്ങഠം തുടരുമെന്നാണ്. ഉപദേശം മറ്റുള്ളവരുടെ നന്മയ്ക്കുമാ ത്രമാണെന്ന് ആദ്യമെല്ലാം ധരിച്ചേക്കും. എന്നാൽ അത് ധർമത്തിൻെറ സർവവ്യാപിയായ സ്വഭാവത്തോടുള്ള അനാദരവായിത്തീരും. സ്വന്തം ധർമം നിർവഹിക്കണം. മറ്റുള്ളവരുടെ ധർമത്തിന് നാം എന്തുചെയ്യു ന്നുവോ അത് സർവധർമ്മത്തിൻെറ ഭാഗമാണ്. അത് നമ്മുടേതിൽ നിന്ന് വേർപെടുത്താൻ കഴിയുകയില്ല. അപ്രകാരം പരിശുദ്ധജീവി തത്തിനും മൂന്നു വശമുണ്ട്-സാർവലൌകികം, സാമൂഹ്യം, വ്യക്തി ഗതം. ഇത് പ്രപഞ്ചനിയമമാണ്. ദൈവേച്ഛയാണ്. ഇത് മനുഷ്യസമൂ ഹത്തിൻെറ നന്മയുടെ സിദ്ധാന്തമാണ്. പുറമെ ഇത് ഓരോ മനുഷ്യഹൃദയത്തിൻെറയും വ്യക്തിഗത പരമലക്ഷ്യമാണ്. എന്നാൽ ഈ മൂന്നുവശവും അഭേദ്യമാണ്. ധർമം ഒന്നാണ്. വേർതിരിക്കാൻ പറ്റാത്തതാണ്.

അദ്ദേഹം എനിക്കയച്ച ഉത്തരങ്ങഠം ചേർത്ത് ഞാൻ ഈ അധ്യായം അവസാനിപ്പിക്കാം.

ബെന്നറ്റ്: സാത്വിക ചിന്ത എന്നാൽ എന്താണ്?

ശി.ബാ: സാത്വികത്വത്തെപ്പറ്റി അറിയണമെങ്കിൽ നമുക്ക് ഒട്ടേറെ പുറം തന്നെ എഴുതേണ്ടിവരും. അതിപ്പോഠം സാദ്ധ്യവുമല്ല. നിങ്ങഠം വളരെ ബുദ്ധിമാനായതിനാൽ കുറഞ്ഞവാക്കുകളിൽ നിങ്ങളിൽ സാത്വി

കബോധം വളർത്താൻ കഴിയും. മനസ്സിൻെറ സ്വഭാവം ബോധേന്ദ്രിയത്തോടു ചേരാനാകും. അത് ബോധേന്ദ്രിയത്തോട് ചേർന്നാൽ ഇഷ്ടാനിഷ്ടങ്ങളായി പ്രതികരിക്കുന്നു. ഈ ഇഷ്ടാനിഷ്ടങ്ങൾ മനുഷ്യരെ വഴിതെറ്റിപ്പോകാനും ദുഷ്കർമങ്ങൾ ചെയ്യാനും പ്രോത്സാഹിപ്പിക്കുന്നു. മനസ്സ് യുക്തിയോടു ചേരണം. എങ്കിൽ പിന്നെ ഇഷ്ടാനിഷ്ടങ്ങളായി പ്രതികരിക്കുകയില്ല. ജനങ്ങൾ വഴിതെറ്റിപ്പോവുകയോ യുക്തിഹീനമായ കാര്യങ്ങൾ പ്രവർത്തിക്കുകയോ ചെയ്യുകയില്ല. ഇത് ഒരു വിവരണമാണ്. മറ്റൊരു വ്യാഖ്യാനം, ലാഭനഷ്ടമോ ഉയർച്ചതാഴ്ച്ചയോ നന്മതിന്മയോ സംഭവിക്കുമ്പോൾ മനസ്സ് പ്രതികരിച്ച് യുക്തിഹീനമായ കാര്യങ്ങൾ ചെയ്യുമെന്നതാണ്. മനസ്സ് ഇവയ്ക്കെല്ലാം ഉപരിയായി വ്യക്തിഗതമായ അനുഭൂതികൾ വകവയ്ക്കാതെ, ചഞ്ചലമാകാതെ, ശരിയായ കർമം ചെയ്യണം. മൂന്നാമത്തെ വ്യാഖ്യാനമിതാണ്-മനസ്സ് നിമ്നവിചാരങ്ങളുമായ് ചേർന്ന ദുഷ്കൃത്യങ്ങൾ ചെയ്യാതെ ഉന്നതവിചാരങ്ങളുമായി യോജിച്ച് മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ടപോലെ പെരുമാറണം. അതായത് ഉന്നതവിചാരങ്ങൾ വർധിപ്പിക്കണം. നിമ്നവിചാരങ്ങൾ നശിപ്പിച്ചുകളയണം.

ബെന്നറ്റ്: ആദ്ധ്യാത്മികവിചാരമെന്നാലെന്താണ്?

ശി.ബാ: മനസ്സിൽ വിവിധ വികാരങ്ങളും വിചാരങ്ങളും ചിന്തകളും നിറഞ്ഞിരിക്കും. ഇവയെല്ലാം മനസ്സിൽ നിന്നകറ്റണം. മനസ്സിൽ ദൈവദർശനത്തിനോ ദൈവാനുഗ്രഹത്തിനോ ഉള്ള ഇച്ഛയോടുകൂടിയ വിചാരം മാത്രം അലയടിക്കണം. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ജീവിതത്തിനു പിന്നിൽ ഒരു സത്യമുള്ളത് അറിയണം. സത്യവിചാരം മാത്രം മനസ്സിൽ ഉണ്ടാകണം. മറ്റൊരു ചിന്തയുമരുത്.

മൂന്നു കർത്തവ്യങ്ങളും നിർവഹിച്ചാൽ ജീവിതം വികസിക്കുമെങ്കിലും സാത്വികഗുണങ്ങളും അദ്ധ്യാത്മികചിന്തയും പൂർണമായി സംജാതമാകുകയില്ല. സാത്വികചിന്ത മനസ്സിൽ ശാന്തി ഉളവാക്കാനാണ്. ശാന്തിയില്ലാത്ത അഭ്യുദയം അർഥശൂന്യമാണ്. മനസ്സിൽ ശാന്തിയില്ലെങ്കിൽ ദൈവധ്യാനം അസാദ്ധ്യമായിത്തീരുന്നു. മോഹം ബാക്കി നിന്നാൽ ധ്യാനം സാദ്ധ്യമല്ല. ജീവിതത്തിൻെറ മുഖ്യ ഉദ്ദേശം ദൈവസാക്ഷാൽക്കാരമാകണം. ജീവിതം രണ്ടാമതായി മാത്രം ചിന്തിക്കണം.

എൻെറ സിദ്ധാന്തം, ജീവിതം എന്താണെന്നും എന്തിനാണെന്നും എങ്ങനെയാണെന്നും എല്ലാവരും അറിയണമെന്നാണ്. ഈ വിവരങ്ങളറിയാതെ ജീവിതം വേണ്ടപോലെ നയിക്കാൻ കഴിയുകയില്ല. അതിന് നമ്മൾ ആദ്യമായി ദൈവത്തെ അറിയേണ്ടിവരും. ഏതൊരാളുടേയും ലക്ഷ്യം ദൈവദർശനമാകണം. മറ്റെല്ലാ ഉപായങ്ങളുംകൈവെടിഞ്ഞ് ദൈവദർശനത്തിന് ദൈവികമായ ആ ഒരുപായം തന്നെ സ്വായത്തമാക്കണം. അതുകൊണ്ട് വേണം ദൈവത്തെ ധ്യാനിക്കാൻ.

എന്നാൽ അശുദ്ധമായ മനസ്സിൽ ധ്യാനം അസാദ്ധ്യമാണ്. അല്ലെങ്കിൽ വഴിതെറ്റിപ്പോകുന്നു. അതിന് സാത്വികവിചാരം അത്യാവശ്യമാണ്. എന്നാൽ പരിശുദ്ധദേഹമില്ലാതെ ആത്മശുദ്ധീകരണവും അസാദ്ധ്യമാകും. പരിശുദ്ധശരീരമുണ്ടാകാൻ ചില അത്യാവശ്യ കർമം ചെയ്യേണ്ടതുണ്ട്. കർമങ്ങളെല്ലാം നിയന്ത്രിക്കുകയും അങ്ങനെ നിയന്ത്രിച്ച കർമങ്ങൾ പൂർണ നിഷ്ഠയോടെ അനുഷ്ഠിക്കുകയും വേണം.

ചോദ്യം: എന്നാൽ യഥാർഥ ആരാധന, പേരിനും രൂപത്തിനും അതീതമായ ദൈവത്തിന് മറ്റെല്ലാം മറന്ന് എന്നെത്തന്നെ സമർപ്പിക്കുന്നതല്ലേ?

ശി.ബാ: നമ്മുടെ 'അഹ'ത്തെ ദൈവത്തിലർപ്പിക്കുക; അല്ലെങ്കിൽ തന്നത്താൻ വിസ്മൃതിയിലാഴുക-അപ്രകാരം പറയാമെങ്കിലും അത് സത്യമല്ല. നാം ദൈവത്തെക്കുറിച്ച് ചിന്തിക്കുകയോ ധ്യാനിക്കുകയോ ചെയ്യുമ്പോൾ അതിലൊരു അന്തസ്സത്തയുണ്ട്. ആ അന്തസ്സത്ത മാത്രമാകട്ടെ നിങ്ങളുടെ മനസ്സിന്റെ ലക്ഷ്യം. ആ അന്തസ്സത്ത പരമാർഥം തെളിയിക്കും. നിങ്ങൾ സർവാർപ്പണം ചെയ്യുന്നുവോ ഇല്ലയോ എന്നോ, നിങ്ങൾ നിങ്ങളെതന്നെ വിസ്മരിക്കുന്നുവോ ഇല്ലയോ എന്നതൊന്നും അത്രകാര്യമല്ല. പ്രശ്നം ഈ അന്തസ്സത്തയെ അറിയുന്നുവോ എന്നതാണ്. മുസ്ലിമിലോ ക്രിസ്റ്റ്യാനിറ്റിയിലോ മറ്റ് ഏതുമതത്തിലോ ഈ അന്തസ്സത്ത ഒന്നുതന്നെയാണ്. അത് വിവിധ ചിന്താഗതിയനുസരിച്ച് വിവിധ രീതിയിൽ പറഞ്ഞിട്ടുണ്ടെന്നുമാത്രം

ചോദ്യം: ഈ നിർഗുണാരാധനയിൽ എനിക്കു ദൈവബോധം ലഭിച്ചപോലെ ഒരു നിമിഷത്തേയ്ക്ക് സ്വർഗാനുഭൂതി അനുഭവപ്പെട്ടു. ഇതു താങ്കൾ പറയുന്ന 'ദൈവദർശന'ത്തിന്റെ തുടക്കമാണോ? താങ്കൾ ഏതെങ്കിലും പ്രത്യേക തരത്തിലുള്ള ധ്യാനം ഉപദേശിക്കാമോ?

ശി.ബാ: നിങ്ങളുടെ ദൈവാരാധനക്കിടയിൽ അനുഭവപ്പെട്ട സ്വർഗാനുഭൂതി കാര്യമാക്കരുത്. നിങ്ങൾക്കി അനുഭൂതി അറിയാമെങ്കിൽ ദൈവത്തിനുപകരം ഇതിനെ ധ്യാനിച്ചേക്കും. അതിനാൽ ഈ സിദ്ധി തിരക്സരികരിച്ച് ദൈവത്തെ മാത്രം ധ്യാനിക്കുക. ഈ ലോകത്തിൽ ജീവിക്കാനുള്ള അത്യാവശ്യകർമങ്ങൾ ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. ദുഷ്കർമങ്ങളുപേക്ഷിച്ച് വേണ്ടപോലെ സൽക്കർമങ്ങൾ ചെയ്യാൻ നിങ്ങൾക്കു ബുദ്ധിയുണ്ടാകണം. സാത്വികത ശീലിക്കാൻ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നു. നിങ്ങളുടെ മനശ്ശക്തി വർധിപ്പിക്കാൻ നിങ്ങളതു ചെയ്യണം. ഈശ്വരനെ ധ്യാനിക്കാൻ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നു. ഈ ധ്യാനത്തിൽ നിങ്ങൾ നിങ്ങളുടെ സ്വന്തം സങ്കല്പങ്ങൾ ഉപയോഗിക്കണം. ആരുടേയും സിദ്ധാന്തം പിന്തുടരേണ്ട. എല്ലാ ദിവസവും നിങ്ങൾ കഴിയുന്നത്ര സമയം ധ്യാനത്തിനുപയോഗിക്കുക. യാതൊരു പ്രത്യേകതരം ധ്യാനവും ഉപദേശിക്കാനില്ല.

4

മൂന്ന് അദ്ധ്യയനവിഷയങ്ങൾ

ശിവപുരിബാബയുടെ മൂന്ന് അദ്ധ്യയന സിദ്ധാന്തം ഭാരത രാഷ്ട്രപതിയിൽ ഉണ്ടാക്കിയ സ്വാധീനം ഓർമിക്കുന്ന വായനക്കാർ ഒരദ്ധ്യായം മുഴുവൻ അതിനായി നീക്കിവച്ചതിൽ അത്ഭുതപ്പെടാനിടയില്ല. അതിനെപറ്റി അദ്ദേഹം ആദ്യമെന്നോടു പറഞ്ഞപ്പോൾ ആ വാക്കുകൾ എന്നിൽ ഗാഢമായി പതിഞ്ഞു. ഇത് ആ തത്വസംഹിതയുടെ മേന്മയാലോ, അദ്ദേഹത്തിൻെറ വാക്ചാതുര്യത്താലോ, പൂർണതയിലെത്തിയ അദ്ദേഹത്തെ കണ്ടതിലുള്ള ആശ്ചര്യംകൊണ്ടോ എന്നെനിക്കിപ്പോൾ പറയാൻ വയ്യ. അദ്ദേഹത്തിൻെറ വാക്കിനത്ര ശക്തിയുള്ളതിനാലുമാവാം ഞാനോർത്തു. പിന്നീടാലോചിച്ചപ്പോൾ ആ പ്രഭാവം തീരെ വ്യക്തിഗതമല്ലെന്നും, ഇപ്പോൾ ലോകം അതിന് അനുയോജ്യമായതുകൊണ്ടാണെന്നും ഞാൻ മനസ്സിലാക്കി. അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരുന്നു: 'ഞാനാകുന്ന മനുഷ്യനല്ല കാര്യം. എൻെറ സിദ്ധാന്തമാണ്. എഴുതുന്നതിൽ എന്നെ അനുമോദിച്ചു പറഞ്ഞു: 'നിങ്ങളുടെ പുസ്തകം ജനങ്ങൾക്കുപയോഗപ്രദമാകണമെങ്കിൽ എൻെറ വ്യക്തിത്വത്തെ വിട്ട് എൻെറ മൂന്നദ്ധ്യയനതത്വങ്ങൾ വിശദമായി പ്രതിപാദിക്കുക വായനക്കാർക്കറിയാവുന്നതുപോലെ ഇതു വളരെ വിഷമമാണ്. എന്നാൽ പരിശുദ്ധജീവിതത്തെ മൂന്ന് അധ്യയന വിഷയങ്ങളായുള്ള ചിത്രീകരണം എല്ലാ മതത്തിനും സമൂഹത്തിനും സംസ്കൃതിക്കും ഉൾക്കൊള്ളാവുന്ന ഒരാശയമാക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഇത് അദ്ദേഹത്തിൻെറ മഹത്വത്തിൻെറ ലക്ഷണമാണെന്നാണ് എനിക്കു തോന്നുന്നത്. ലൗകികജീവിതത്തെ ഇത്രയും കുറവ് മാറ്റങ്ങളോടെ പാശ്ചാത്യ സംസ്കൃതിയിലേയ്ക്കു പകർത്താവുന്ന ഉപദേശം തന്ന മറ്റൊരു ഏഷ്യൻ തത്വജ്ഞനേയും ഞാനറിയുകയില്ല. ഈ കാരണത്താലാണ് അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെക്കുറിച്ചെഴുതാനുള്ള അപ്രതീക്ഷിത ബഹുമതി ഞാൻ സ്വീകരിച്ചത്.

ഹിന്ദു ഗ്രന്ഥങ്ങളിൽ പ്രത്യേകിച്ച് ഭഗവദ്ഗീതയിൽ കാണാത്ത ഒരു പുതിയ സിദ്ധാന്തവും രീതിയും അദ്ദേഹം പ്രവചിച്ചതായി ഞാൻ പറയുന്നില്ല. ആ നിലയ്ക്ക് അദ്ദേഹത്തിൻെറ സിദ്ധാന്തത്തെ ആധു

നിക ഗീത എന്നുപറയാം. താഴെ കൊടുക്കുന്ന വിവരണം പാശ്ചാത്യ സത്യാന്വേഷകർക്കറിയുന്ന ഭാഷയിൽ അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം എഴുതാനുള്ള എൻെറ പരിശ്രമമാണ്.

വിവിധ ശക്തിയും പ്രവർത്തനങ്ങളുമുള്ള ശരീരവും ആഗ്രഹങ്ങളും ഗുണങ്ങളും അനുഭൂതികളുമുള്ള മനസ്സും അഥവാ 'അഹ'വും ചേർന്ന മൂന്ന് തട്ടുള്ള ഒന്നാണ്. ഇതിലെ ഓരോ ഭാഗത്തിനും മനുഷ്യജീവിതം മുഴുവനും അതിൻെറ സ്വന്തം ഭാഗം കളിക്കേണ്ടതുണ്ട്. ശരീരം ബുദ്ധിയുടെ പീഠവും അതിൻെറ പ്രവർത്തനരംഗവുമാണ്. ശരീരത്തെ അതിൻെറ വിവിധ പ്രവർത്തനവുമായി ബന്ധപ്പെട്ട ചിന്ത, അനുഭവം, അനുഭൂതി തുടങ്ങിയവയുമായി ബന്ധിപ്പിക്കണം.

ഞാൻ മനസ്സ് എന്ന വാക്ക് മാനസം എന്ന സംസ്കൃതപദത്തിന് തത്തുല്യമായിട്ടാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഞാൻ മനസ്സിലാക്കിയ അദ്ദേഹത്തിൻെറ ഉദ്ദേശം ഇത് പൂർണമായി പകർത്തുന്നില്ല. പലപ്പോഴും അദ്ദേഹം അനുശാസനം കൊണ്ടുമാത്രം നേടാവുന്ന 'പ്രബലമനസ്സി'നെക്കുറിച്ച് പറയാറുണ്ട്. അദ്ദേഹം മനസ്സിനെ ഒരു പാത്രത്തോടുപമിച്ചു. അത് ബലമുള്ളതും പരിശുദ്ധവുമാക്കേണ്ടതിനെപറ്റിയും പറയാറുണ്ടായിരുന്നു. മറിച്ച് പൊതുവെ നാം കാണാറുള്ളതുപോലെ മനസ്സിനെ ചിന്തകളുമായി അദ്ദേഹം ബന്ധപ്പെടുത്തുകയേ ഇല്ല. ഇത്തരം സ്വഭാവത്തിന് ഞാൻ ഉപയോഗിക്കുന്ന വാക്ക് 'ജീവസ്സ്' (being) എന്നാണ്. അങ്ങനെ പറഞ്ഞാൽ മനുഷ്യന് ശക്തമോ ദുർബലമോ, ശുദ്ധമോ അശുദ്ധമോ, ഏകമോ അനേകമോ ആയ ജീവസ്സ് ലഭിക്കാം. മനസ്സ് എന്ന പദംകൊണ്ട് ശിവപുരി ബാബ ഉദ്ദേശിച്ചത് അതാണ് എന്നാണെനിക്കു തോന്നുന്നത്. ആ നിലയ്ക്ക് അദ്ദേഹം അതു ബുദ്ധിയുമായി ഒരിക്കലും കൂട്ടിക്കുഴച്ചിട്ടില്ല.

മനുഷ്യൻെറ മൂന്നാമത്തെ വശത്തിന് സംസ്കൃതത്തിൽ പുരുഷനെന്നു പറയും. സ്വന്തം സ്വഭാവത്തിൽ നിന്നും പുറമെനിന്നും ഒരാളിൽ പ്രവർത്തിക്കുന്ന വിവിധ സ്വാധീനങ്ങളെ തിരിച്ചെടുക്കാനുള്ള കഴിവിൻെറ ഇരിപ്പിടമായ അഹവുമായിട്ടാണ് ഞാൻ അതിനെ ബന്ധപ്പെടുത്തുന്നത്. ക്രിസ്ത്യൻ വിശ്വാസത്തിൽ ദൈവം നേരിട്ടു സൃഷ്ടിച്ചതും ഉത്ഭവസ്ഥാനത്തേയ്ക്കുതന്നെ മടങ്ങേണ്ടതുമായ മനുഷ്യൻെറ 'സ്പിരിറ്റും' പുരുഷനും ഒന്നാണെന്ന് ശിവപുരിബാബ സമ്മതിക്കുമെന്നെനിക്കുറപ്പുണ്ട്. നമ്മുടെ ശാരീരികാനുഭവങ്ങളുടെ മറയ്ക്കു പിന്നിൽ ഒളിച്ചിരിക്കുന്ന പുരുഷനെ-അഥവാ അഹത്തെ-ആത്മാവെന്ന് തെറ്റായി വിളിക്കുന്നു. എന്നാൽ യഥാർഥത്തിൽ ഇന്ദ്രിയാനുഭൂതിയിൽ കൂടുതൽ ഒന്നുമല്ല. അതിനാൽ പുരുഷൻ, വേണ്ടത്ര വളർന്ന് ശക്തിയും ബുദ്ധിയുമാർജ്ജിച്ച മനസ്സ് ആത്മാവിൻെറ മറ കീറുന്നതുവരെ, നിസ്സഹായനാണ്.

ഈ മൂന്നു അദ്ധ്യയന വിഷയങ്ങൾ മനുഷ്യ ജീവസ്സിൻെറ മൂന്നു വശത്തിൻെറ പരമലക്ഷ്യത്തോട് സമാനമാണ്. ആ മൂന്നു പരമലക്ഷ്യത്തെ ലോകജ്ഞാനമെന്നും, ആത്മജ്ഞാനമെന്നും, ദൈവജ്ഞാനമെന്നും ശിവപുരിബാബ പറയുന്നു. മനസ്ഡറുടെ കുറിപ്പുകൾ നോക്കിയപ്പോൾ ശിവപുരിബാബ 1940ൽ അടിസ്ഥാനമൂല്യങ്ങളെന്നു വിളിച്ച ജ്ഞാനം, അഹം, ഊർജ്ജം എന്നിവയോട് മൂന്നദ്ധ്യായ വിഷയങ്ങളെ ബന്ധപ്പെടുത്തുന്നു എന്ന് ആശ്ചര്യത്തോടെ കാണാൻ കഴിഞ്ഞു. ഊർജ്ജം ഭക്ഷണത്തിൽനിന്നും ഉറക്കത്തിൽനിന്നും ഒരുവൻെറ കർമ്മാനുഷ്ഠാനത്താലും കിട്ടുന്നുവെന്നദ്ദേഹം പറഞ്ഞു.

രണ്ടമത്തെ വിഷയം മനസ്സാണ്. ഇത് വിശിഷ്ടമോ അശുദ്ധമോ ആയ സ്വഭാവത്തിൻെറ ഇരിപ്പിടമാണ്. മനസ്സ് ബലവത്തും പാവനവുമായിരിക്കണം. ഇവ രണ്ട് ഭിന്നാവശ്യങ്ങളാണ്. അവയ്ക്ക് സ്വരചേർച്ച വേണം. വളരെ പേർക്കു ബലവത്തും അതേസമയം അശുദ്ധവുമായ മനസ്സാകും. അവർക്കവരുടെ ശരീരത്തേയും ഊർജ്ജത്തേയും അടക്കാൻ കഴിയുമെങ്കിലും അത് കുട്ടികലർത്തിയ രീതിയിലായിരിക്കും. അത്തരം ആൾക്കാർക്ക് ധ്യാനത്തിന് വേണ്ടത്ര ശുദ്ധം കിട്ടില്ല. മറിച്ച് ചിലരുടെ മനസ്സ് പാവനമാകാമെങ്കിലും അത് എതിർപ്പുകളെ നേരിട്ടതിജീവിച്ചിരിക്കില്ലെന്നതിനാൽ ദുർബലമായിരിക്കാം. എത്ര തന്നെ ശുദ്ധമായാലും ഒരു ദുർബലമനസ്സിന് വേണ്ടപോലെ ധ്യാനിക്കാൻ കഴികയില്ല. കാരണം വേണ്ടത്ര ധൈര്യവും, സഹനശക്തിയും ഇല്ലെന്നതുതന്നെ.

മുല്യങ്ങളിൽ ഇളകാത്ത വിശ്വാസമാണ് ശക്തവും ശുദ്ധവുമായ മനസ്സ് നേടാനുള്ള നേർവഴി. ഒരുവൻെറ സ്വസ്വഭാവത്തിൻെറ ദുഷ്ട വശങ്ങൾ ത്യജിക്കാനും നല്ല വശങ്ങൾ പുണരാനുമുള്ള പരിശ്രമത്താൽ മനസ്സ് ശക്തമായി വികസിക്കാൻ ഉൾപ്രയത്നം വേണം. ഇതിനെ ഞാൻ യഥാർഥബോധത്തിൻെറ 'ആത്മസംയമനം' എന്നു പറയും.

അവസാനമായി അഹത്തിൻെറ ഒരു വിഷയമുണ്ട്. ഇത് ധ്യാനം കൊണ്ടു മാത്രം കരസ്ഥമാക്കാം. ബലത്താൽ അഹത്തെ മാറ്റാൻ പറ്റുകയില്ല. അതിനാൽ ബലം നിഷ്പ്രയോജനമാണ്. ഭഗവൽ ജ്ഞാനത്തിൻെറ അഥവാ പരമശ്രേഷ്ഠതയുടെ നിർഗുണസ്വഭാവത്തെപറ്റി ശിവപുരിബാബ അദ്ദേഹത്തിൻെറ ഉപദേശങ്ങളിൽ, വീണ്ടും വീണ്ടും ഊന്നിപറഞ്ഞിട്ടുണ്ട്. ധ്രുവകുമാരൻെറ കഥയിൽപോലെ, ദൈവം ആത്മാവിന് പ്രത്യക്ഷമാകുന്നത് അദ്ദേഹത്തിൻെറ ശുഭമുഹൂർത്തത്തിലും സ്വരീതിയിലുമാണ്. ഇവിടെ ആത്മാവ് നിർബലമാണ്. എങ്കിലും അതിന് ഏകാഗ്രചിത്തനായി ദൈവധ്യാനം ചെയ്യുകയെന്ന അവശ്യകാര്യം ചെയ്യേണ്ടതുണ്ട്. ഏകാഗ്രചിത്തനായി ഭക്തിപൂർവം ക്ഷമയോടെ ദൈവത്തെ ഓർക്കുന്നതാണ് ധ്യാനം. ഇതു

പൂർണ്ണ ആരാധനയാണ്. ഒരുതരം ആരാധന മാത്രമായ ഭക്തിയിൽ നിന്ന് ഇതിനെ തിരിച്ചറിയണം.

പരിശുദ്ധജീവിതത്തിന് അപ്രകാരം മൂന്നു വശങ്ങളുണ്ട്- കർത്തവ്യം, സാത്വികത, ആരാധന. കർത്തവ്യത്തിന്റെ നിയന്ത്രണതത്വം ബുദ്ധിയും സാത്വികതയുടെ നന്മതിന്മാഭേദവും ആരാധനയുടെ ആദ്ധ്യാത്മികചിന്തയുമാണ്. ഈ മൂന്നിനേയും കുറിച്ച് അദ്ദേഹം ഒരിക്കൽ പറഞ്ഞു: "ജീവിതത്തിന്റെ ദൈവദർശനമാണ്. ഇതിന് നാം ജീവിതത്തിൽ ചില നിയമങ്ങൾ സ്വീകരിക്കണം. അതിനർത്ഥം നാം നമ്മുടെ ജീവിതം നേർവഴിക്കാക്കണമെന്നാണ്. മൂന്ന് വ്യത്യസ്ഥ സ്ഥിതികൾ നമുക്കു നോക്കേണ്ടതുണ്ട്. അവ ആത്മീയാവസ്ഥ സാത്വികാവസ്ഥ ബുദ്ധി എന്നിവയാണ്. ഇപ്പോൾ നാം ഉലഞ്ഞ ജീവിതത്തിൽ അലയുകയാണ്. മുകളിൽ പറഞ്ഞ മൂന്നു സ്ഥിതിക്കനുസരിച്ച് നാം ഒരു ജീവിതരീതി തിട്ടപ്പെടുത്താത്തിടത്തോളംകാലം നമുക്കീ സംസാരസാഗരത്തിന് പുറത്തു കടക്കാനുള്ള ആശയ്ക്ക് വഴിയില്ല.

കർത്തവ്യമാണ് ആദ്യത്തെ വിഷയം. ലോകത്തിൽ സുഖ -ജീവിതത്തിന്- ദൈവാന്വേഷണത്തിന്- മുന്നോട്ടു നീങ്ങാൻ മിക്ക ജനങ്ങൾക്കും ഇത് ഒഴിച്ചുകൂടാനാവാത്ത നിബന്ധനയായതിനാൽ ഇത് തിരസ്കരിക്കരുത്. പ്രഥമദൃഷ്ട്യാ ഇതു കർമ്മയോഗമെന്നു തോന്നും. എന്നാൽ കർമ്മയോഗം ചൂണ്ടുന്നത് നിഷ്കാമസിദ്ധിയിലേയ്ക്കാണ്-കർമ്മ ഫലത്തിന് ഇച്ഛിക്കാത്ത കർമ്മം. ശിവപുരിബാബ വിവരിക്കുന്ന കർമസിദ്ധാന്തം പ്രധാനമായും ബുദ്ധിയുടെ സദുപയോഗമാണ്. ബുദ്ധികൂർമ്മതയുണ്ടാകണം. ഇതിന് ആദ്യത്തെ കർത്തവ്യം ശരീരവുമായി അത്യധികം ബന്ധപ്പെട്ടതാണെന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളതിനാൽ പലരും അതിനെ ഹഠയോഗമായി കരുതിയേക്കാം. എന്നാൽ അത് ആരോഗ്യത്തിനോടോ മാനസികശക്തിയേയും ഭൗതികവസ്തുക്കളേയും നിയന്ത്രിക്കുന്നതിൽ നിന്നും ലഭിക്കുന്ന 'സിദ്ധി'കളോടോ ആണ് ബന്ധപ്പെട്ടിരിക്കുന്നത് എന്നാണ് അദ്ദേഹം പറയുന്നത്. അപ്പോൾ ആദ്യത്തെ വിഷയം ഒരു വിധത്തിലുമുള്ളയോഗത്തിലും അധിഷ്ഠിതമല്ലെന്ന് കാണാം. എന്നാൽ അതിനെ ശിവപുരിബാബയുടെ ധ്യാനത്തിന്റേയും ലോകമാകെയുള്ള ജീവിതാനുഭവങ്ങളുടേയും ഫലമായി ഗണിക്കാം.

ആദ്യവിഷയത്തെ മൂന്നുഭാഗമായി കാണാം-ഒന്ന് ഭൗതികശരീരത്തോടുള്ള സത്വരശ്രദ്ധയാണ്. മറ്റൊന്ന് സാമൂഹ്യ കടമകൾ നിർവഹിക്കുകയാണ് വേറൊന്ന് നമ്മുടെ കഴിവും ശക്തിയുമുപയോഗിച്ച് നമ്മുക്കും നമ്മുടെ ആശ്രിതർക്കും വേണ്ടത് നൽകുകയാണ്. ഞാൻ ഈ കർത്തവ്യങ്ങളുടെ ഒന്നോ രണ്ടോ വിവരണം ഇതിനകം നൽകിയിട്ടുണ്ട്. എന്നാൽ ഇരുപത് കൊല്ലം മുമ്പ് മനസ്ഥരോട് അദ്ദേഹം പറഞ്ഞ മറ്റൊന്നു കൂടി ചേർക്കാം:

"നമുക്ക് നമ്മുടെ ശരീരം നിലനിർത്താൻ ചില കർമങ്ങൾ ചെയ്യേണ്ടതുണ്ട്.

(1) വ്യക്തിഗതം-ശരീരം സൂക്ഷിക്കാൻ നമ്മുടെ ബാഹ്യാവയവങ്ങൾ ബുദ്ധിപൂർവം ഉപയോഗിക്കണം. അതായത് ആവശ്യമായത്ര ഉപയോഗിക്കണം. കാണുക, കേൾക്കുക, പറയുക, സ്പർശിക്കുക, ഉണ്ണുക തുടങ്ങിയവ ശരീരത്തിനും മനസ്സിനും വേണ്ട അനുപാതത്തിൽ മാത്രം ചെയ്യണം. വേണ്ടതിൽ കൂടുതൽ ചെയ്യരുത്.

(2) കടമ- നമുക്ക് തനിച്ചു ജീവിക്കാൻ കഴിയാത്തതിനാലും പരസഹായം ആവശ്യമായതിനാലും സമൂഹം വേണം. നമുക്ക് സമൂഹത്തോടും മാതാപിതാക്കളോടും മറ്റുള്ളവരോടും കർത്തവ്യമുണ്ട്.

(3)വ്യാവസായികം-നമുക്ക് നമ്മെതന്നെ കാക്കാൻ ചിലത് സമ്പാദിക്കണം. അതിന് തൻെറ കഴിവും രുചിയുമനുസരിച്ച് എന്തെങ്കിലും വ്യാപാരം ചെയ്യണം. എന്നാൽ നമുക്കുവേണ്ടി അത്യാവശ്യം ചിലവഴിച്ചു ബാക്കി മററു വഴിക്കുപയോഗിക്കണം. അത്യാവശ്യം മാത്രം ചിലവഴിക്കുക. തീരെ കൂടരുത്. തീരെ കുറയരുത്.

മൂന്നു തട്ടായ ഈ കർത്തവ്യങ്ങൾ എല്ലാവർക്കും നിർദ്ദിഷ്ടമാണ്. അത് ദൈവവിധിയാണ്.

നമ്മൾ ഈ കർത്തവ്യാനുഷ്ഠാനം ജീവിതത്തിൽ ആദ്യമേ സ്ഥാപിക്കണം. സത്യാന്വേഷികൾ ആദ്ധ്യാത്മിക വിഷയത്തിൽ അതായത് ധ്യാനത്തിൽ-ഭൗതിക വിഷയവും സാത്വിക വിഷയവും രണ്ടാമതായി കരുതി-മുന്തിയ ശ്രദ്ധ പതിപ്പിക്കണം. ജീവിതത്തിൽ മുന്തിയ സുഖമാഗ്രഹിക്കുന്നവർ ആദ്യത്തെ വിഷയം പ്രഥമവും ധ്യാനം രണ്ടാമതുമായി എടുക്കണം. എന്നാൽ ഒരു വിധത്തിലും ഇവയിലൊന്നും വിട്ടുകളയരുത്. ആദ്യത്തെ മൂന്നു കർത്തവ്യങ്ങളും നിർവഹിക്കുന്നതുവഴി ജീവിതത്തെ അച്ചടക്കത്തോടെ നിയമിതരീതിയിലാക്കണം. ഓരോ കർമവും കൃത്യമായി ആവശ്യാനുസരണം ചെയ്യണം. ആദ്യത്തെ കർമനിർവഹണാനന്തരം സമയമുണ്ടെങ്കിൽ, ധ്യാനത്തിൽ ഏകാഗ്രചിത്തനാകണം.

ഈ കർമങ്ങൾ ബാല്യകാലം-അതായത് ബ്രഹ്മചര്യം-മുതൽക്കേ ചെയ്തുതുടങ്ങണം. മുമ്പ് ഈ കർമങ്ങൾ അനുഷ്ഠിക്കാത്ത പ്രായമായ ഒരാൾക്കു പോലും ഇത് പരിചയിക്കാം. തുടക്കത്തിൽ തെറ്റുകളുണ്ടാകാം. എന്നാൽ പക്വതയെത്തിയവന് ഈ കുറവുകൾ നികത്തി പരിശുദ്ധജീവിതത്തിലേയ്ക്ക് ക്രമമായി വരാൻ കഴിഞ്ഞേക്കും.

ലൗകികജീവിതത്തിലോ സത്യാന്വേഷണത്തിലോ സ്വധർമം കൊണ്ടു മാത്രമേ വിജയം സാദ്ധ്യമാകു. മനുഷ്യൻ ഈ ജീവിതം മറക്കാൻ തുടങ്ങിയപ്പോൾ വേദങ്ങളും പിന്നീട് ശാസ്ത്രങ്ങളും വന്നു.

ശാസ്ത്രങ്ങളും, വേദപാഠങ്ങളും ശാസ്ത്രവ്യാഖ്യാനങ്ങളും, സാംഖ്യം, പതഞ്ജലി, അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം തുടങ്ങിയവയും എല്ലാ മതസിദ്ധാന്തങ്ങളും തത്വങ്ങളും, സത്യം ഭാഗികമായേ പറയുന്നുള്ളൂ. ഈ പരിശുദ്ധ ജീവിതവും ധ്യാനവും മാത്രമാണ് പരമബോധത്തിലേയ്ക്കു നയിക്കുന്നത്. മറ്റു യോഗ-കർമ്മ, ജ്ഞാന, ഭക്തി-ങ്ങളും തപോനുഷ്ഠാനവും ദൈവബോധത്തിലേക്കെത്തിക്കുന്നില്ല. അവ ജീവിതവ്യഥകൾ മറക്കാനും മാനസികസുഖം നല്കാനും മാത്രമേ സഹായിക്കൂ. യോഗാനുഷ്ഠാനത്തിൽ ലഭിക്കുന്നതെല്ലാം ആസ്വാദ്യങ്ങളാണ്, ബോധമല്ല. ക്ലോറോഫോം കൊടുത്ത രോഗി ശസ്ത്രക്രിയയുടെ വേദന മറക്കുന്നപോലെ യോഗങ്ങൾ സങ്കടങ്ങൾ മറവിയിലാക്കുന്നു. അവ യഥാർഥ ജീവിതപ്രശ്നത്തിൽ നിന്നൊഴിയുന്നു. പരിഹരിക്കുന്നില്ല. മരണം വരെ ഇവരെ, ഇവരുണ്ടായിരുന്ന അതേ സ്ഥലത്തേക്കെത്തിക്കുകയും വീണ്ടും ഈ ഭൂമിയിൽ ജനിക്കുകയും ചെയ്യും. അവർ മരണത്തെ അതിജീവിക്കുന്നില്ല, അവർ സത്യബോധമെന്ന ജീവിത പ്രശ്നം പരിഹരിക്കുന്നില്ല. മറിച്ച് ഈ യോഗങ്ങൾ മനസ്സിനേയും ബുദ്ധിയേയും തരംതാഴ്ത്തുകയും ജനങ്ങളെ കൂടുതൽ ഭ്രമത്തിലേയ്ക്കും ത്രിശങ്കുവിലേയ്ക്കും നയിക്കുകയും ചെയ്യുന്നു".

മനുഷ്യ ജീവിതത്തിന് നവോന്മേഷം നൽകാൻ കഴിയുന്ന തനതായ ക്രിയാത്മകബുദ്ധിയുടെ പ്രത്യേകസ്വഭാവം ഈ വരികളിലുണ്ട്. എന്റെ അനുഭവത്തിൽ അത്തരം മഹാന്മാർ സാമാന്യേന മറ്റെല്ലാ സ്വാധീനത്തേയും നിരുപയോഗമെന്നോ ഹാനികരമെന്നോ കരുതി തള്ളി സ്വന്തം സിദ്ധാന്തങ്ങൾ പൂർണവിശ്വാസത്തോടെ ഉപദേശിക്കുന്നു. ഇതിനർഥം അവർ സങ്കുചിതരെന്നോ അസഹിഷ്ണുക്കളെന്നോ അല്ല. ഞാനറിയുന്ന ആദ്ധ്യാത്മിക നേതാക്കളും വ്യക്തിത്വമുള്ള പ്രവാചകരും തന്നെ ഇത്തരക്കാരല്ല-ശിവപുരിബാബ തികച്ചും അല്ല. എന്നാൽ അവർക്ക് സ്വന്തമായും വെള്ളം ചേർക്കാതെയും മറ്റാശയങ്ങൾ ചോർത്തി അശുദ്ധമാക്കാതെയും ചിലത് പറയാനുണ്ട്. മനശ്ശക്തി നിയന്ത്രിക്കുന്നതിൽക്കൂടി പടുത്തുയർത്തിയ യോഗം ഒരു സമ്പൂർണ സിദ്ധാന്തവും പരിശീലനവുമാണ്. ഇത് ശ്വാസോച്ഛ്വാസം തുടങ്ങിയ ശരീരശക്തികളേയും ഭക്തിപ്രദർശനം തുടങ്ങിയവയിലെ ഉദ്വേഗശക്തികളേയും വിവിധ തരത്തിലുള്ള ഏകാഗ്രചിത്തവും അതിന്റെ പ്രായോഗികരൂപത്തിലുള്ള ധ്യാനമോ സമാധിയോ മറ്റുമാകുന്ന മനശക്തിയും ഉൾപ്പെട്ട ഒരു പ്രയോഗമാണ്. അതിനാൽ ഒറ്റ നോട്ടത്തിൽ, ഭഗവൽ സാന്നിദ്ധ്യമാകുന്ന സ്വർഗീയാനുഭൂതിയിലെത്താനുള്ള പൂർണമാർഗം യോഗം നല്കുന്നു. എല്ലാ യോഗത്തിന്റെയും ഹൃദയത്തിനടിയിലുള്ള ഈ അവകാശത്തെയും അതുവഴി ഗീതയെക്കൂടിയും ശിവപുരിബാബ തിരസ്കരിക്കുന്നതായി തോന്നുന്നു. എന്നാൽ മാറ്റുരച്ചാൽ, അദ്ദേഹം പറയുന്നത് മറ്റ് സഹായമില്ലാതെ ആത്മശക്തി

കൊണ്ട് യോഗികൾക്ക് ദൈവബോധം കിട്ടുമെന്ന ചിന്ത മാത്രമാണെന്ന് കാണാം.

ശിവപുരിബാബ ശഠിക്കുന്നത് ഈ കർമങ്ങളോ അവയുടെ ഏകീകൃതരൂപമോ ദേവജ്ഞാനത്തിലേയ്ക്കു നയിക്കുകയില്ല എന്നാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അവ പല സ്വർഗീയാനുഭുതികളിലേയ്ക്കും സ്ഥിരം നിർവികാരതയിലേയ്ക്കും ആഹ്ലാദത്തിലേയ്ക്കും നയിക്കാമെങ്കിലും ദൈവബോധത്തിലെത്തിക്കില്ല. കൃത്യനിഷ്ഠമായ ജീവിതത്തോട് അവയെ ഇണക്കാതെ-കീഴ്പ്പെടുത്താതെ- അവയെ-യോഗ-അന്തിമപടിയിലേക്ക് ആത്മാവിനെ എത്തിക്കാനുള്ള ഉറച്ച ആധാരമായി കണക്കാക്കാനും കഴിയുകയില്ല. ദൈവം തന്നത്താൻ ആത്മാവിന് വെളിപ്പെടുത്തുന്നതു വരെ എല്ലാം ഉപയോഗ ശൂന്യവും സമയനഷ്ടവുമാണ്.

മനസ്ഡർ റെക്കോഡുചെയ്ത മറ്റൊരു പ്രസ്താവനയിൽ ശിവപുരിബാബ ഇക്കാര്യം വളരെ വ്യക്തമാക്കുന്നു. അദ്ദേഹം പറയുന്നു:

'നിർവികല്പസമാധി' എന്നു പറയപ്പെടുന്ന അബോധാവസ്ഥയും ആത്മാവിനുമപ്പുറം കടക്കുന്ന അവസ്ഥയും തമ്മിൽ രൂക്ഷവും വ്യക്തവുമായ അന്തരമുണ്ട്. 'നിർവികല്പസമാധി' സന്തോഷത്തിൻെറ ഒരവസ്ഥയാണ്-ഒരുതരം ആസ്വാദനം. ലൗകിക ക്ലേശങ്ങൾ മറക്കാൻ കഴിയുന്ന ഒരു ശൂന്യത അത് മനസ്സിൽ സൃഷ്ടിക്കുന്നു. അത് ഒരു സ്വർഗാനുഭൂതി തരുന്നു. എന്നാൽ അറിവോ ബുദ്ധിയോ നൽകുന്നില്ല. അത് ലോകത്തെ നിഷേധിക്കുന്നതിനൊപ്പം സത്യബോധമുണ്ടാകണ്ട 'ഞാൻ'-അറിയേണ്ടവൻ-കൂടി നിഷേധിക്കുന്നു. നിർവികല്പസമാധി യോഗസാധനയുടെ വളരെ ഉയർന്ന പടിയാണെന്നതിൽ സംശയമില്ല. പക്ഷേ, അതിൻെറ വ്യാപ്തി പരമജ്ഞാനത്തിനു താഴെയാണ്. നേരിട്ടുള്ള ധ്യാനത്തിലാകട്ടെ ആത്മാവിനുമപ്പുറം അന്വേഷകൻ പോകുമ്പോൾ ബാഹ്യലോകത്തെ മറക്കുന്നുവെങ്കിലും അന്തസത്തയോ പരമത്തിലേയ്ക്കുള്ള നിർദ്ദിഷ്ട തുടർയാത്രയോ മറക്കുന്നില്ല. ബാഹ്യേന്ദ്രിയങ്ങൾ അബോധാവസ്ഥയിലാണെങ്കിലും അദ്ദേഹം തന്നേയും ആത്മാവിനേയും അതിൻെറ ദൈവികബന്ധത്തേയുംകുറിച്ചു പൂർണബോധവാനായിരിക്കണം. ഈ വിധം അദ്ദേഹം നേരെ ഇന്ദ്രിയത്തിൻേറയും മനസ്സിൻേറയും മായയ്ക്കപ്പുറമുള്ള ദൈവത്തിലേയ്ക്കു പോകുന്നു. അപ്പുറത്തേക്കില്ല. ബോധത്തെ നിഷേധിച്ചതുകൊണ്ടു മാത്രം മായയ്ക്കപ്പുറം കടക്കാനോ സത്യമറിയാനോ കഴിയില്ല. മറിച്ച് പരിശുദ്ധജീവിതവും ധ്യാനവും മായയ്ക്കപ്പുറവും സത്യത്തിലും എത്തിക്കുന്നു.

എല്ലാ ആത്മാവിനും ജീവിതകർമങ്ങൾ നിർബന്ധമാണെന്ന് ശിവപുരിബാബ ശഠിക്കുന്നില്ല. മനസ്സിൽ അസാമാന്യ ശുദ്ധിയും

ദൃഢതയുമുള്ളവർക്ക് ദൈവാന്വേഷണത്തിൽ നേരെ മുന്നോട്ടുപോകാൻ കഴിയും. എന്നാൽ സാധാരണക്കാർക്കു പിന്തുടരാൻ കഴിയുന്ന വഴി ഇതല്ല. അപ്രകാരം ശ്രമിച്ചു വളരെ പേർ ദുഃഖത്തിലാണ്ടിട്ടുണ്ട്. 1937ൽ മനസ്ഥറോട് ഒരിക്കലദ്ദേഹം പറഞ്ഞു: "ചിലർ ബാഹ്യലോകത്തെ, അതായത് ജീവിതത്തിലെ, അനിഷ്ടസംഭവങ്ങളിൽ വേഗത്തിൽ പരിഭ്രാന്തരാകും. അത്തരം ദുർബലർക്ക്, ബാഹ്യലോകവുമായി ഇണങ്ങേണ്ടത് വളരെ പ്രധാനമാണ്. അതിനാൽ നിർബന്ധവും. എന്നാൽ അപവാദങ്ങളും എവിടേയുമുണ്ട്. ഈ ബുദ്ധിമുട്ടുകൾ തിരസ്കരിക്കാനും അതേ സമയം ദൈവത്തിൽ പൂർണശ്രദ്ധ നിലനിർത്താനും കഴിവുള്ള ശ്രീബുദ്ധനേയും, ശ്രീരാമകൃഷ്ണനേയും രമണമഹർഷിയേയുംപോലുള്ള പ്രബലാത്മക്കളുമുണ്ട്. അവർ ബാഹ്യലോകത്തെ ആകർഷണമോ വേദനയോ അന്തർലോകത്തെ പീഡനമോ തടുക്കാൻ തക്കവിധം ദൃഢചിത്തരാണ്. അത്തരക്കാർക്ക് ബുദ്ധിയും അറിവും പൂർണമാക്കുന്ന കർമം അത്ര പ്രധാനമല്ലാത്തതിനാൽ അവ നിർബന്ധമാക്കാതെ ഐച്ഛികമാക്കാം. എന്നാൽ ഈ പ്രത്യേകത എല്ലാവർക്കും ബാധകമല്ല. ഈ നിർബന്ധസ്വഭാവം എതിർക്കാനും തിരസ്കരിക്കാനുമുള്ള ഓരോരുത്തരുടേയും കഴിവനുസരിച്ചു മാറിക്കൊണ്ടിരിക്കും. ആ പരിധി എല്ലാവരും ശ്രദ്ധിക്കണം.

ശാരീരികം

ആദ്യവിഷയത്തിന്റെ അടിസ്ഥാനം 'ഭേദം' ആണ്. ഞാനുമായി സംസാരിച്ചപ്പോൾ ബുദ്ധികൂർമതയുടെ സദുപയോഗഫലമായി അദ്ദേഹം അതിനെ വ്യാഖ്യാനിച്ചു. അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്ന ഒരാൾക്ക് ഒരു സിഗററ്റു കൊടുത്തു. അയാൾ പുകവലിച്ചിരുന്നില്ല. അതിനാൽ ആതിഥ്യമര്യാദയനുസരിച്ച് വാങ്ങി വലിച്ചു. കുറച്ച് വലിച്ചശേഷം അത് കളയാൻ സ്ഥലം നോക്കി. നിലത്ത് അല്പം പോലും പൊടിയുണ്ടായിരുന്നില്ല. അത് പൂച്ചട്ടികളിൽ ഇടുന്നത് ശരിയാകുമായിരുന്നില്ല. പുറത്തു പോയി കളയാമെന്നുവെച്ചാൽ ബാബ പറയുന്നത് നഷ്ടമാവുകയും ചെയ്യും. സിഗററ്റു കുറ്റി എന്തുചെയ്യണമെന്ന് ചോദിച്ചു. ഉദ്ദേശലബ്ധിയിലെന്നപോലെ പുഞ്ചിരിച്ചു ബാബ പറഞ്ഞു: "ഇതാണ് 'ഭേദം'. മറ്റുള്ളവർ ഇവിടെവന്ന് നിലം എത്ര വൃത്തിയാണെന്ന് പോലും നോക്കാതെ സിഗററ്റ് എറിയും. എന്നാൽ നിങ്ങൾ കണ്ണും ബുദ്ധിയും ഉപയോഗിച്ചു. നിങ്ങൾക്ക് ഭേദഭാവമുണ്ടെന്ന് അത് കാണിക്കുന്നു. സുക്ഷ്മപരിശോധനയുടെ പ്രാധാന്യം അദ്ദേഹം ഊന്നി പറയാറുണ്ട്. ഉദാഹരണമായി ഞാൻ മനസ്ഥറിന്റെ ചായ ഉണ്ടാക്കുന്ന കഥയും പൂവിന്റെ കഥയും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ശരീരവിജ്ഞാനവും പറയാറുണ്ട്. സ്വന്തം ശരീരരക്ഷയ്ക്ക് അതിന്റെ പ്രത്യേകസ്വഭാവം അറിയേണ്ടത് ഏതൊരു മനുഷ്യന്റെയുംആവശ്യ

മാണ്. ഇത് സാമാന്യവിദ്യാഭ്യാസ-ബ്രഹ്മചര്യ-ത്തിൻെറ ഭാഗമാണ്. കുട്ടിക്കാലത്ത് അത് അവഗണിച്ചാലും തിരുത്താം. എന്നാൽ അയാാം ശരീരത്തിൽ ഉത്സുകനാകരുതെന്നുമാത്രം. നിത്യോപയോഗവസ്തു എന്നപോലെ അതിനെ അറിയണം. ബാഹ്യവീക്ഷണംപോലെ ഏതു പകരണത്തിൻെറയും ഉാംഭാഗവും അത്രതന്നെ പ്രധാനമാണ്. ശരീരം എല്ലാ പ്രവർത്തികാംക്കുമുള്ള ഊർജ്ജസ്രോതസ്സാണ്. ആ നിലയ്ക്ക് അതിനെ കാണണം. "ഇതിനെല്ലാം കൃത്യമായ ഒരു നിത്യവൃത്തി ഉണ്ടാകണം. കുളിയും ഊണും ഉറക്കവും കൃത്യമായും വേണ്ടത്രയും വേണം." നിദ്രാശാസ്ത്രത്തെപ്പറ്റി അദ്ദേഹം പറഞ്ഞു: "ജീവിതത്തിൻെറ ഏതവസ്ഥയിലും എപ്പോാം ഉറങ്ങണം എങ്ങനെ ഉറങ്ങണം എന്നെല്ലാം കൃത്യമായി അറിയണം. അല്ലെങ്കിൽ ശരീരം സൂക്ഷിക്കാനാവുകയില്ല." അദ്ദേഹം തുടർന്നു: "ജീവിതത്തിന് വളരെ വ്യത്യസ്ത പ്രവർത്തനങ്ങളുണ്ട്. ഓരോ പ്രവർത്തനത്തിനും ഒരു സ്ഥിര സമയക്രമം തയ്യാറാക്കുക. സമയബദ്ധതയും നിയമബദ്ധതയുമാണ് നമ്മുടെ നിത്യവൃത്തിയിൽ അത്യാവശ്യം. ഓരോ പ്രവർത്തനവും ചില നിയമങ്ങാംക്കനുസൃതമാണ്. ഓരോ പ്രവർത്തനത്തിലുമുള്ള ഇരുപത്താറ് സ്വഭാവങ്ങളുടെ പ്രായോജിക പ്രയോഗ ജീവിതത്തിൻെറ നിയമബോധം വളർത്തും. തിട്ടപ്പെടുത്തിയ കർമമോ പ്രവർത്തനമോ ഏതൊരാളേയും സമയക്രമവുമായി ബന്ധിക്കണം. ഇവയൊഴികെയുള്ള അതിരിക്ത കർമങ്ങാം അയാളുടെ ഊർജ്ജത്തേയും അന്തഃസത്തയേയും തളർത്തും. എല്ലാ വിഭിന്ന പ്രവർത്തനങ്ങളുടേയും ആകത്തുക പരമലക്ഷ്യപ്രാപ്തി ലക്ഷ്യമാക്കണം. നിത്യനിരീക്ഷണംകൊണ്ട് പ്രവർത്തനങ്ങാംക്കെവിടെ തെറ്റു പറ്റുന്നു എന്നും ജീവിതത്തിൽ ഉദ്ദിഷ്ടനിലവാരം എത്തുന്നതുവരെ നമ്മുടെ പ്രവർത്തനക്ഷമത ഉയർത്തണമെന്നും അറിയാൻ കഴിയും. അപ്പോാം നമുക്കൊന്നിലും നിമ്നസ്ഥിതി ഉണ്ടാവില്ല.

ശുദ്ധിപാലിക്കുക. കിടക്ക വൃത്തിയിലും വെടുപ്പിലും വയ്ക്കുക. കിടക്കുമ്പോാം ഇളക്കമോ മറ്റേതെങ്കിലും ശല്യമോ അരുത്. ഓം എന്നതിൽ ഏകാഗ്രതയും ശാന്തതയും ഉണ്ടാകട്ടെ. സുഗന്ധത്തിനായി ചന്ദനത്തിരി കത്തിക്കുക.

ഒരിക്കൽ ശരീരത്തിൻെറ നിത്യവൃത്തിക്കു വേണ്ടതെല്ലാം ചെയ്താൽ മറ്റുകാര്യങ്ങളിൽ നമുക്കു ശ്രദ്ധ പതിപ്പിക്കാം.

പാശ്ചാത്യസന്ദർശകർക്ക് ഇവയൊക്കെയാണ് വിവരിച്ചത് കുടുംബത്തിൻെറയും സമൂഹത്തിൻെറയും കർത്തവ്യം. വ്യാവസായിക കർത്തവ്യം, നാലുതരം ധർമം ഇതിൽ അവസാനത്തേത്-

മറ്റുള്ളവരുടെ നല്ല വിചാരം മാത്രം ചിന്തിക്കുക.

മറ്റുള്ളവരുടെ നല്ല വാക്കുകാം മാത്രം പറയുക.

മറ്റുള്ളവർക്കു നല്ല കാര്യങ്ങാം മാത്രം ചെയ്യുക.

മറ്റുള്ളവരെ സഹായിക്കാൻ നമ്മുടെ കഴിവുകൾ നൽകുക

ഗീതയുമായി ബന്ധപ്പെട്ട ഹിന്ദുഭക്തർക്കു അവ യജ്ഞം, ദാനം, തപസ്സ് അഥവാ ത്യാഗം, ധർമം, ആത്മനിയന്ത്രണം തുടങ്ങിയവയാണ്.

യജ്ഞം അഞ്ചുതരത്തിലുണ്ട്-ബ്രഹ്മയജ്ഞവും, ഋഷിയജ്ഞവും, പിതൃയജ്ഞവും ഭൂതയജ്ഞവും മനുഷ്യയജ്ഞവും.

ബ്രഹ്മയജ്ഞം-ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേല്ക്കുക, സ്നാനം, ധ്യാനം, ഗ്രന്ഥപാരായണം, തീർഥാടനം, ഉപവാസം ആദി. വിധിയാംവണ്ണം കുളിക്കണം. ഏകോദ്ദേശത്തോടെ ധ്യാനം, ബിംബാരാധന, ഗ്രന്ഥപാരായണം. സാത്വിക സിദ്ധാന്തംപോലെ തീർത്ഥയാത്ര. ചിലപ്പോഴൊക്കെ ഉപവാസം ഇത്തരം കർമങ്ങളെല്ലാം ഈ യജ്ഞത്തിൽപ്പെടും. ദേവന്മാരിൽ നിന്ന് അവരുടെ നിശ്ചിതഗുണങ്ങളും ശക്തികളും പഠിക്കണം. കടമയുടേയും സുരക്ഷയുടേയും ബോധം വളർത്താനാണ്. ആദരവും സ്നേഹവും-അല്ലെങ്കിൽ സാത്വികമനസ്ഥിതിയും-കൊണ്ട് സുരക്ഷയുടേയും കടമയുടേയും കൂർമബോധമുണ്ടെങ്കിൽ പരാജയം ഒഴിവാക്കാൻ കഴിയും.

ഋഷിയജ്ഞം-സത്സംഗവും ഗുരുസേവയും. ഗുരുകൃപമൂലം ഇത്തരം കർമത്താൽ ഉദ്ദിഷ്ട ഫലമേന്മ താനേ കൈവരും കാരണം തെറ്റുകൾ ചൂണ്ടിക്കാട്ടി സാത്വികമനസ്ഥിതി വളർത്താൻ ഗുരു പ്രോത്സാഹിപ്പിക്കും.

പിതൃയ്ജ്ഞം-നമ്മുടെ പൂർവികർക്ക്, അവർ നമുക്ക് ചെയ്തന്നിട്ടുള്ളതിനെ കൃതജ്ഞതാപൂർവം ഓർമിച്ച് ചില ത്യാഗങ്ങൾ ചെയ്യുക. ഈ കർമ്മഭാഗം, കൃതജ്ഞ്തയുടെയും ആദരവിൻെറയും ബോധം വളർത്താനാണ്.

ഭൂതയജ്ഞം-പശുവിനോ നായയ്ക്കോ മറ്റെന്തെങ്കിലും മൃഗത്തിനോ പക്ഷിക്കോ തിന്നാൻ കൊടുക്കു.

മനുഷ്യയജ്ഞം-നമ്മുടെ സഹസൃഷ്ടികൾക്കുള്ള ത്യാഗം-സ്നേഹിതന്മാർക്ക് സഹായം, അതിഥി സൽക്കാരം, സ്നേഹിതനോ ബന്ധുവിനോ സാധുക്കൾക്കോ അന്നദാനം തുടങ്ങിയവ. ഇത്തരം പ്രവർത്തനങ്ങൾ നമുക്കും ഉടനടി സഹായമാണ്. അവിചാരിതമായി നമുക്ക് വന്നുചേരുന്ന വിഷമങ്ങൾ മറുസഹായത്താൽ വളരെ കുറയ്ക്കാൻ കഴിയും.

തപസ്സ് ഒരു നിയമാനുസൃത പ്രവർത്തനമാണ്-നമ്മുടെ പ്രവൃത്തിപഥത്തിൽ ഭീതിയന്യേ ഉറച്ചു നിൽക്കാനുള്ള കഠിന മനശുദ്ധി. അന്യരോടുള്ള നമ്മുടെ പെരുമാറ്റത്തിൽ സഹനശക്തിയും ക്ഷമയും വിനയവും വളർത്തിയെടുക്കേണ്ട ഗുണങ്ങളാണ്. തപസ്സ് രണ്ടു വിധമുണ്ട്. ഒന്നു മാനസികം. മറ്റേതു ബുദ്ധിപരം.

(1) മാനസികം-മനസ്സിനെ നിശ്ചിത കർത്തവ്യപഥത്തിൽനിന്ന് മാറിപ്പോകുമ്പോൾ തടഞ്ഞ് പൂർവസ്ഥിതിയിലാക്കി അജ്ഞാനം, ഡംഭ്, ആർത്തി, മോഹം തുടങ്ങിയവയാൽ ഉണ്ടാകുന്ന വികാരം, വിഭ്രാന്തി തുടങ്ങിയവക്കധീനമാകാതെ നോക്കുക.

(2) ബുദ്ധിപരം-പരാജയത്തിലേയ്ക്ക് നയിക്കുന്ന നിമ്ന സ്വാധീനങ്ങൾ ശ്രദ്ധിച്ചകറ്റുകയും ബുദ്ധിപ്രയോഗത്തിൽ ഇരുപത്താറ് ഗുണങ്ങളിൽ ഏതിൻെറ കുറവാണുള്ളതെന്ന് കാണുകയും ചെയ്യുക.

അഞ്ചു യജ്ഞങ്ങളും ശാന്തിക്കുവേണ്ടിയാണ്. ഇത് മനസ്സിൻെറ വ്യാപാരമാണ്.

(1) ബ്രഹ്മയജ്ഞം: ശാന്തിയുടെയും സുരക്ഷയുടെയും ബോധം നൽകുന്നു.

(2) ഋഷിയജ്ഞം: ഇരുപത്താറ് ഗുണങ്ങളും വളർത്താൻ പ്രോത്സാഹനം നൽകുന്നു.

(3) പിതൃയജ്ഞം: കൃതജ്ഞതയും ആദരവും തരുന്നു.

(4) ഭൂതയജ്ഞം: സഹതാപവും സ്നേഹവും നൽകുന്നു.

(5) മനുഷ്യയ്ജ്ഞം: സ്നേഹവും സഹവർത്തിത്വവും നൽകുന്നു.

ദാനം നാലു വിധത്തിലാണ്- മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമംകൊണ്ടും ധനംകൊണ്ടും നല്ല വിചാരം-മനസ്സാൽ. സത്യലളിത സുന്ദര ഭാഷ്യം- വാക്കാൽ. കർമ്മത്തിലും അതുതന്നെ. തപസ്സ് ജീവിതത്തിൽ സാത്വികമായ ഒരു നിശ്ചിത പരിപാടി തുടരാൻ ബുദ്ധി നൽകുന്നു.

സാത്വികം

ബാബയുടെ ആദ്യകാലത്തെ ചില വിവരണങ്ങളിൽ ശാരീരികവും സാത്വികവുമായ വിഷയങ്ങൾ ഏകീകരിച്ചിരുന്നു. എന്നാൽ ജീവിതത്തിൻെറ അവസാനവർഷങ്ങളിൽ ഞങ്ങളോടു സംസാരിച്ചപ്പോൾ അവ തമ്മിലുള്ള ഭേദം ഊന്നിപറയുമായിരുന്നു. ശരീരശാസ്ത്രത്തിന് മനസ്സിൻെറ കാര്യത്തിൽ ഒന്നും ചെയ്യാനില്ലെന്നുവരെ സമർഥിച്ചിരുന്നു. മനോവിഷയം ദേഹത്തേയും ശ്രദ്ധിക്കുന്നില്ല. നാല്പതുകൊല്ലത്തോളം മനഃശാസ്ത്രം ഗുർദ്ജീഫിൻെറ രീതിയിലും ആശയത്തിലും പഠിച്ചശേഷം ഞാനെത്തിച്ചേർന്ന നിഗമനവുമായി ഇത് യോജിക്കുന്നതിനാൽ അതെന്നെ സ്വാധീനിച്ചു. ലൗകികജീവിതത്തിനാവശ്യമായ പ്രവർത്തനങ്ങളുടെയും ശക്തിയുടെയും നിയന്ത്രണമാണ് കർത്തവ്യം. ഹമ്മുറാബിയും (Hammurabi) പെൻറാറ്റ്യൂക്കും(Pentateuch)വേദവും, ബ്രാഹ്മണങ്ങളും നൽകുന്ന ചട്ടങ്ങളെപ്പോലെ വളരെ വിസ്തരിച്ചു പഴയഗ്രന്ഥങ്ങളിൽ കാണുന്നതരം പ്രവചന(Commandments)ങ്ങളുടെ

രൂപത്തിൽ അതിനെ പൊതുവെകാണാൻ കഴിയും. കർത്തവ്യത്തിൽ ഒരാൾ എവിടെയാണെന്ന് മറ്റൊരാൾ മനസ്സിലാക്കുന്നു. എന്നാലും ശിവപുരിബാബ സ്വധർമത്തിന് പൊതുസ്വഭാവനിയമങ്ങളേക്കാൾ കൂടുതൽ ആവശ്യമായ പ്രധാനദ്ധ്യായം കൂട്ടിച്ചേർത്തു. ഒരുവൻെറ ബലവും ബുദ്ധിപരമായി അവലോകനം ചെയ്യേണ്ടതിൻെറ ആവശ്യ കതയും അതിൽ ചേർത്തു. കർത്തവ്യം അദ്ദേഹത്തിന് നിരീക്ഷണവും പ്രയോഗവും പ്രവചനവും പരിശോധനയുംകൊണ്ടു ഗ്രഹിക്കേണ്ട ഒരു പൂർണ്ണ ശാസ്ത്രമാണ്.

മനസ് എന്നു വിളിക്കുന്ന ഭാഗത്തെ ആവശ്യങ്ങൾ തികച്ചും ഭിന്നമാണ്. മനസ്സ് ശക്തിയുടെ ആസ്ഥാനമാണ്. ഒരു പക്ഷേ മനസ്സെന്നതിനേക്കാൾ ഹൃദയമെന്നു പറയുന്നതാവും ഉചിതം. ബുദ്ധി പരമായ പ്രവർത്തനങ്ങളേക്കാൾ മനസ്സിൻെറ വികാരസ്വഭാവങ്ങളോ ടുള്ള മനസ്സിൻെറ ബന്ധം ഇതാണ് വ്യക്തമാക്കുന്നത്. മനസ്സ് എന്ന വാക്ക് ഞാൻ പ്രധാനമായും ഉപയോഗിക്കുന്നത് 'നിങ്ങൾക്ക് ശക്തമായ മനസ്സു വേണം' എന്ന അദ്ദേഹത്തിൻെറ ശബ്ദത്തിൻെറ അലയടി ഇപ്പോഴും എനിക്കു കേൾക്കാൻ കഴിയുന്നതുകൊണ്ടാണ്. ഒരു ഇംഗ്ലി ഷുകാരനും കഴിയാത്തത്ര ദീർഘവും അഗാധവുമായ സ്വരം-ഓം-ഉച്ചരി ച്ചുകൊണ്ടാണിതു പറഞ്ഞത്. ഒരുപക്ഷേ ഒരു 'ശക്തഹൃദയം' അർഥം നന്നായി ഗ്രഹിച്ചേക്കാമെങ്കിലും അതിവിടെ സാദ്ധ്യമല്ല.

മനുഷ്യനു ജീവിക്കേണ്ട രണ്ടു ലോകത്തിനിടയ്ക്കുള്ള കണ്ണി യാണ് ശക്തമായ മനസ്. ഇത് അവൻെറ കർത്തവ്യങ്ങൾ ശാന്തമായി ചെയ്യാൻ സഹായിക്കുന്നതോടൊപ്പം അവൻെറ ദൈവാന്വേഷണം ശാന്തിയിലും ഭക്തിയിലും നടത്താനും സഹായിക്കുന്നു.

മനുഷ്യപ്രകൃതിയുടെ ആത്മീയതയും ഭൗതികതയും തമ്മിലും നമുക്കു ജീവിക്കേണ്ട ബാഹ്യലോകവും അന്തർലോകവും തമ്മിലുമുള്ള കണ്ണിയാണ് മനസ്. അതിൻെറ കർത്തവ്യനിർവഹണത്തിന് ഭൗതിക ലോകത്തിൻെറ സമ്മർദ്ദവും അക്രമങ്ങളും ചെറുത്തുനിൽക്കത്തക്കവി ധം ഊർജ്ജസ്വലവും ആത്മാവിൻെറ സൂക്ഷ്മതയും ജടിലതയുമറി യത്തക്കവിധം പരിപാവനവുമാകണം.

നമ്മളെപ്പോലെയുള്ളവർക്ക് മാനസിക പരിവർത്തനമാണ് മുഖ്യ പ്രശ്നം. ശിക്ഷയോ ഒരുക്കമോ കൂടാതെ ആദ്ധ്യാത്മിക ജീവിതത്തി ലേയ്ക്കു കടക്കാൻ കഴിവുള്ളത്ര ശക്തവും പാവനവുമായ മനസ്സോടെ ജനിച്ച രമണമഹർഷിയെപ്പോലെയല്ലാത്തവർക്കെല്ലാം ഇത് (മാനസി കപരിവർത്തനം) പൂർണ്ണമായും വേണം.

'ശക്തമായ മനസ് എങ്ങനെ നേടാം' എന്ന ചോദ്യത്തിന് അദ്ദേഹം ലളിതമായ ഉത്തരം നൽകി: 'മൂല്യങ്ങളുടെ ദീക്ഷകൊണ്ട്' ഇതുസം

ബന്ധിച്ച് കൂടതൽ വിവരണം ഭഗവദ്ഗീതയിലെ 'ദൈവികസ്വഭാവവും അസുരസിദ്ധികളും തമ്മിലുള്ള ഭേദം.' എന്ന പതിനാറാമദ്ധ്യായത്തി ലുണ്ട്. ഈ അദ്ധ്യായത്തിലെ ആദ്യ ശ്ലോകങ്ങൾ ഇരുപത്താറ് ദൈവി കസിദ്ധികൾ (സംവാദം ദൈവം) വിവരിക്കുന്നു. നിർഭയം, മനഃശുദ്ധി, സ്വഭാവസ്ഥിരത, ധർമബോധം, ഇന്ദ്രിയദമനം, ത്യാഗസന്നദ്ധത, സ്വാദ്ധ്യായം, ആർജ്ജവം, ഉദ്യമം, സത്യം, ക്രോധമില്ലായ്മ, അഹിംസ, ദയ, ത്യാഗം, ശാന്തി, മനഃസ്ഥിരത, പരദൂഷണത്തിൽ വെറുപ്പ്, ജീവജാലങ്ങളോട് ദയ, അന്യരുടെ വസ്തുക്കളിൽ അനിച്ഛ, ഒതുക്കം, ദുഷ്പ്രവർത്തിയിൽ ലജ്ജ, മനഃശക്തി, തേജസ്സ്, സഹനശക്തി, ലൈംഗികദമനം, സ്വപ്രശംസയിൽ വിമുഖത എന്നിവയാണവ. അസുരസ്വഭാവങ്ങൾ-തമോഗുണങ്ങൾ-ഇവയ്ക്കു വിപരീതമാണ്. അവയിൽ ആറെണ്ണം മാത്രമേ വ്യക്തമായി പറയുന്നുള്ളു-ഡംഭ്, ദർപ്പം, ദുരഭിമാനം, ക്രോധം, കഠോരത, അജ്ഞാനം.

ഈ എല്ലാ ഗുണങ്ങളും വളരെ ലളിതമായി തോന്നാം- ഇവയെല്ലാം ഉത്തമമോ അധമമോ ആയ സ്വഭാവ വിവരണമാണ്. ഇതു തെറ്റായ മനഃശാസ്ത്രമാണ്. ഭഗവദ്ഗീതയിലെ വാക്കുകൾ വ്യക്തമാക്കുന്നതല്ല. സമ്പാദങ്ങൾ ദൈവികമോ ആസുരമോ ആകാം. എന്നുവച്ചാൽ അതി ൻെറ ഉത്ഭവം ദൈവികമോ ആസുരമോ ആണെന്നർത്ഥം. അവ മനുഷ്യ ൻെറ സ്വന്തമല്ല. എന്നാൽ അയാളിൽ പ്രവർത്തിക്കുന്നതും തിരഞ്ഞെടു ക്കേണ്ടതുമായ സ്വാധീനങ്ങളാണ്.

മനസിലുള്ള ഗുണസഞ്ചയമായിട്ടാണ് ശിവപുരിബാബ ഈ സ്വാ ധീനങ്ങളെ കാണുന്നത്. അവ മനസിനകത്തും പുറത്തും ഉള്ള 'പുരുഷ' ൻെറ (മനുഷ്യൻെറ) സംവാദമായിട്ടല്ല. 'ഞാൻ സത്യവാനാണ്' എന്നോ 'ഞാൻ കോപിഷ്ഠനോ ദുഷ്ടനോ അജ്ഞാനിയോ ആണ്' എന്നോ പറഞ്ഞാൽ 'ആണ്' എന്ന വാക്കിൻെറ ഉദ്ദേശാർത്ഥം, അദ്ദേഹത്തിൻെറ സൃഷ്ടിയോടല്ലെന്നും ഉദ്ദിഷ്ടസ്വഭാവഗുണത്തോടുള്ള ചായ്‌വിനോടാ ണെന്നും മനസ്സിലാക്കാൻ ശ്രദ്ധിക്കണം. 'ഞാൻ കോപത്തിനധീനനാ കുന്നു' എന്നു പറഞ്ഞാൽ അതു മനഃശാസ്ത്രത്തിന് കൂടുതൽ ഇണങ്ങുന്നതും, ഗീതോപദേശപ്രകാരമുള്ളതുമാകും. നാം നമ്മെതന്നെ സൽഗുണസമ്പന്നന്മാരായി കാണുമ്പോൾ ഭഗവദ്ഗീതയിലെ വിവരിച്ച പാപത്തിലേയ്ക്കു നാം പതിക്കുന്നു. 'ഞാൻ സുജാതനും നല്ലവനുമാ ണ്. എന്നെപ്പോലെ ആരുണ്ട്? ഞാൻ ത്യാഗം ചെയ്യും. ധർമം പാലി ക്കും. എനിക്കു സ്വർഗീയസുഖമുണ്ട്. അജ്ഞതയാൽ അവർ അങ്ങനെ പറയുന്നു. സ്വർഗത്തിലേയ്ക്ക് കണ്ണുയർത്തി തന്നെ മറ്റുള്ളവരെപ്പോ ലെ അല്ലാതാക്കിയതിൽ ദൈവത്തെ അഭിനന്ദിച്ച ഫരീസി ചെയ്ത പാപത്തെപ്പോലെതന്നെയാണ് ഇതും. (ലൂക്ക18.11)

അപ്പോൾ ശിവപുരിബാബ പറയാനുദ്ദേശിക്കുന്നത് ഉച്ച-നീചഗു ണങ്ങൾ 'മനസ്സിൻെറ ഉള്ളടക്ക'മാണ് എന്നാണെന്ന് നമുക്ക് കാണാം.

മനസ്സ് അപ്പോൾ എന്താണ്? അതു ഉള്ളടക്കത്തിൻെറ പാത്രമായ നല്ലതോ അല്ലാത്തതോ ആയ മദ്യം ഒഴിക്കാവുന്ന യുക്തിക്കനുസരിച്ച് പാത്രം പോലെയോ, ഗോതമ്പും കളയും ഉള്ള പാടം പോലേയോ ആണ്. മനസിൻെറ ബാഹ്യത ഊന്നിപറയാൻ ഈ ഉദാഹരണങ്ങൾ സഹായിക്കുന്നു. അത് ആളോ പുരുഷനോ അന്തരാത്മാവോ മോക്ഷം തേടുന്ന ജീവാത്മാവോ അല്ല.

ബോധമുണർത്തുന്ന ബോധേന്ദ്രിയങ്ങൾ പോലുള്ളതാണ് മനസ് എന്ന ആതിരിക്താശയം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അങ്ങനെ അത് പരിവർത്തനത്തിന് കഴിവുള്ളതാണ്. ഈ പരിവർത്തനം മൂന്ന് നിശ്ചിത പ്രവർത്തനങ്ങൾ ഉൾക്കൊണ്ടതാണ്.

(1) മനസ്സ് പരിശുദ്ധമാക്കണം. അങ്ങനെ അതിൻെറ അന്തഃസത്ത തികച്ചും ദൈവികമൂല്യം മാത്രമാകണം. ഇതാണ് സാത്വികമനസ്സ്.

(2) അത് ശക്തമാക്കുകയും വികസിപ്പിക്കുകയും വേണം. അങ്ങനെ ബാഹ്യലോകത്തിൻെറ സ്വാധീനം തടുക്കാനും പുരുഷന് ശാന്തമായ ധ്യാനത്തിനും കഴിയണം. ഇതാണ് ശാന്തിയും സമാധാനവും.

(3) അത് പൂർണമായും അവിച്ഛേദ്യമായും ദൈവാന്വേഷണത്തിന് അതിനെത്തന്നെ അർപ്പിക്കണം. ഇതിന് അതു തന്നത്താൽ നഷ്ടപ്പെടണം. ഈ ആത്മത്യാഗത്തെയാണ് ആത്മാവിൻെറ മായയെ തകർക്കലായി ശിവപുരിബാബ വിവരിക്കുന്നത്. ശക്തവും സാത്വികവും ബുദ്ധികൂർമവുമായ മനസ്സിനെ മാത്രമേ ഈ ആത്മത്യാഗം ചെയ്യാൻ അനുവദിക്കുകയുള്ളു. എന്നിട്ടും ഇത് മനസ്സിനു മാത്രമായി ചെയ്യാവുന്ന ഒരു പ്രവർത്തിയല്ല. ഇത് അഹത്തിൽനിന്നു-അന്തഃസത്തായ പുരുഷൻ-വരണം.

ഈ മാനസിക പരിവർത്തനം കർത്തവ്യനിർവഹണത്തേക്കാൾ വിശാലമായ പ്രയോഗമാണ്. രണ്ടാമത്തേത് ആദ്ധ്യാത്മികവികസനത്തിനുള്ള വ്യവസ്ഥകളാണെങ്കിൽ ആദ്യത്തേത് അതിൻെറ സാദ്ധ്യതയ്ക്കുള്ള നേർവഴിയാണ്. ഈ രണ്ടാമത്തെ വിഷയത്തെയാണ് ശിവപുരിബാബ 'സാത്വിക'മെന്നു വിശേഷിപ്പിച്ചത്.

മനഃശുദ്ധി 'സാത്വിക' ഗുണമാണ്. അതു സൽകർമത്താൽ നേടാം. രജോഗുണവും തമോഗുണവും മനസ്സിലെ അസുരസ്വഭാവത്തോട് ബന്ധപ്പെട്ടതാകയാൽ അവ നിരുപയോഗമായ അകർമ-വികർമ പ്രവർത്തികളാണ്.

കർത്തവ്യവും സാത്വികത്വവും തമ്മിലുള്ള ഭേദം, ആദ്യത്തേത് അന്തഃസത്തയോടും രണ്ടാമത്തേത് ബാഹ്യലോകത്തോടും ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. സാത്വികം ഉൾസത്തയോടുമാത്രം ബന്ധപ്പെട്ടതാണ്. ഒരു പ്രവർത്തി-കർമ്മം-യെ സാത്വികമെന്നോ ആസുരമെന്നോ

അതുത്ഭവിക്കുന്ന അന്തഃസത്തയുടെ സ്ഥിതി അറിയാതെ പറയാൻ കഴിയുകയില്ല. കർത്തവ്യങ്ങളുടെ വൈരുദ്ധ്യം ആദർശങ്ങളുടെ വൈരുദ്ധ്യമാകണമെന്നില്ലെന്ന് ശിവപുരിബാബ കഴിഞ്ഞ യുദ്ധകാലത്ത് ഠാക്കുർലാലിനോട് പറഞ്ഞിരുന്നു. സാത്വികഗുണത്തിലും കർമങ്ങളിലും ജീവിക്കുന്നതു മാത്രമാണ് മനഃശുദ്ധി. എന്നാൽ ഈ നിയമം പ്രായോഗികമല്ലാത്ത സന്ദർഭങ്ങൾ ഉണ്ടാകാം. അദ്ദേഹം പറഞ്ഞു:

"എപ്പോഴും സത്വഗുണത്തിലും കർമത്തിലും മാത്രം ജീവിക്കാൻ ശ്രമിക്കുക. എന്നാൽ സമയം, സ്ഥലം, സ്ഥിതി എന്നിവയ്ക്കനുസരിച്ച് നമ്മുടെ സന്തോഷവും സമാധാനവും നശിപ്പിക്കാതെ നമുക്ക് രജോഗുണത്തിലേയ്ക്കോ, തമോഗുണത്തിലേക്കോ ഇറങ്ങേണ്ടി വന്നേക്കാം.

ബുദ്ധിയുടെ കാര്യത്തിലും ദേശത്തിനും സ്ഥിതിക്കുമനുസരിച്ച് സുഖത്തിനു കോട്ടം തട്ടാതെ അകർമങ്ങളും വികർമങ്ങളും നമുക്കു ചെയ്യേണ്ടിവരും. സാത്വികത്തിന്റെ കാര്യത്തിലും ഇതേ അവസ്ഥ നിലനിർത്തണം. ഉദാഹരണത്തിന് നിങ്ങളുടെ മുത്തച്ഛന്റെ നിർദ്ദേശാനുസാരണം ഗോകർണത്ത് പോകാതെ ഇങ്ങോട്ടു വന്ന നിങ്ങളുടെ പ്രവർത്തിയെടുക്കുക. അദ്ദേഹത്തെ അനുസരിക്കാത്തത് അറിയുമെന്ന ഭീതിയാൽ, സാത്വികത പാലിച്ചില്ല. അത് വ്യഥകൾക്ക് ഇടയാക്കും. ഉൾശാന്തി ഇല്ലാതാകും. എന്നാലും ഇതേ സാത്വികലംഘനം തന്നെ നിങ്ങളുടെ സൽഗുണത്തിനും ഇടയാക്കും. അങ്ങനെ ശാന്തി നഷ്ടപ്പെട്ട് സത്സംഗം നേടാം.

നാം ഗുണങ്ങളെ മറികടക്കാൻ ശ്രമിക്കുമ്പോൾ പ്രായോഗിക ബുദ്ധിയോടെ അവയിലൊന്നിനെ മുറുകെ പിടിക്കണം. അതിന് എല്ലായ്പ്പോഴും സത്വഗുണത്തെ എടുക്കുക. ഇവിടേയും രജസ്സിലേയ്ക്കോ തമസ്സിലേയ്ക്കോ സമയ-കാല-സ്ഥിതികൾക്കനുസരിച്ച് നമുക്കിറങ്ങേണ്ടിവരും. തല്ക്കാലത്തെ സ്വന്തം നന്മയ്ക്കാണ് നാമതു ചെയ്യുന്നത്. ഇതു 'ഞാൻ' അഥവാ 'എന്റെ' സുരക്ഷയ്ക്കും നിലനില്പിനുംവേണ്ടി ചെയ്യാം.

അപക്രാരം 'ഞാനും' 'എന്റെ'യും താല്പര്യം അപായത്തിലാകുമ്പോൾ ഉറച്ച 'അഹ'ത്താൽ അക്രമവും വികർമവും ചെയ്തേക്കാം. ഉദാഹരണം എന്റെ പിറന്നാളാഘോഷം. ഇത്, അർഥസമയാദി നഷ്ടത്താൽ അകർമവും ഹാനികരവുമാണ്. എന്നാൽ നാമതു ചെയ്തില്ലെങ്കിൽ സൗഹൃദസൗഹാർദ്ദങ്ങൾ നഷ്ടപ്പെടുന്ന മറ്റൊരു മഹാനഷ്ടമുണ്ട്. ഇതാണ് മനസ്സിൽ നിങ്ങൾക്കുണ്ടായിരുന്നത്. അതിനാൽ ഒരു ചെറുനഷ്ടം മഹാനഷ്ടത്തിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ സ്വീകരിക്കാം.

കളവ് കർമവും വികർമവുമാണെങ്കിലും ഒരു പിശുക്കന്റെ കൂമ്പാരത്തിൽനിന്ന് അയാൾക്കു ജീവിക്കാനുള്ളത് കഴിച്ച് മോഷ്ടിച്ച് അനാ

ർക്ക് വിതരണം ചെയ്താൽ, ഒരുവനെ കൊള്ളയടിച്ച് വളരെപേരെ രക്ഷിക്കുകയെന്ന 'ഭേദബുദ്ധി'യാണ് ഉപയോഗിച്ചത്. അതുപോലെ ശരിയായ ഭേദബുദ്ധിയാണ് ഈ വളവുകളുടെയെല്ലാം വേര്. ഭേദബുദ്ധിയുള്ള ഒരാൾക്കേ ഈ പെരുമാറ്റ ഭേദം വിധിച്ചിട്ടുള്ളു.

വകതിരിവുള്ള ബുദ്ധിക്ക് പാപമോ അല്ലയോ എന്ന പ്രശ്നമില്ല. വിധിപാലകൻ കൊലയാളിയുടെ കൊലയ്ക്കുത്തരവാദിയല്ല. അവന്റെ ആത്മാവും മനസ്സും ബുദ്ധിയും പഴയപോലെ പരിശുദ്ധമായിരിക്കും. എന്നാൽ അവന്റെ കർമരീതി താമസികമാണ്. എങ്കിലും അവൻ അതിന് തയാറാണ്. അവന്റെ സുഖ-സന്തോഷ-ശാന്തി-നന്മ-കൾക്ക് തീരെ ഭംഗം ഭവിക്കുന്നില്ല. നിമ്നഗുണങ്ങളിലേയ്ക്കും, നീച പ്രവർത്തനത്തിലേയ്ക്കും സാത്വികക്ഷയത്തിലേയ്ക്കും പിന്മടങ്ങാൻ നമ്മൾ നിർബന്ധിക്കപ്പെടുമ്പോൾ അങ്ങനെയാവാം. ഒരജ്ഞാനി സുഖ സന്തോഷശാന്തികളിൽ ഭീതനാകുന്നു. എന്നാൽ വിവേകമുള്ളവൻ തികച്ചും ഒരജ്ഞാനിയെപ്പോലെ കാണപ്പെട്ടേയ്ക്കാമെങ്കിലും തീരെ ഭയഭീതനാവുകയില്ല".

സത്യത്തിലേയ്ക്കുള്ള തീർഥയാത്രയിൽ കണ്ടെത്താനുള്ള അനന്തകോടി സ്ഥിതിവിശേഷങ്ങളെ നേരിടാത്തതും പാറപോലെ ഉറച്ചതുമായ മനസ്സിനെ വളർത്തുന്നുവെങ്കിൽ സാത്വികത്വം ഉപയോഗശൂന്യമാണ്. താഴെ പറയുന്ന വചനം ഭേദത്തിന്റെ ആവശ്യം വ്യക്തമാക്കുന്നു:

"സാധാരണയായി നിത്യവൃത്തിയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തി നമ്മുടെ ജീവിതം സാമാന്യം സുഖമായി കഴിയുന്നു. നമ്മുടെ നിശ്ചിത സിദ്ധാന്തത്തിലും ആശയത്തിലും മനസ്സിന്റെ സമനില നിലനിർത്തുന്നു. യാതൊന്നുകൊണ്ടും നാം ചഞ്ചലിതരാകുകയില്ലെന്നും ശാന്തിയും സുഖവും മനസ്സിനെപ്പോഴും ലബ്ധമാകാൻ നമ്മൾ വഴിയിലൂടെ സഞ്ചരിക്കുന്നു. സാമാന്യ ജീവിതമാർഗം തുടരുന്നിടത്തോളം കാലം നമ്മുടെ മാനസിക സമനിലക്കിളക്കംതട്ടുന്ന യാതൊരു മാറ്റവും ഒരിക്കലും പ്രതീക്ഷിക്കുന്നില്ല.

"എന്നാൽ തെറ്റി. ഇതു ലോകത്തിന്റെ സ്ഥിതിയെക്കുറിച്ചുള്ള നമ്മുടെ വെറും അന്ധതയാണ്. അവിചാരിതമായി എപ്പോഴും എന്തും സംഭവിക്കാം. അസാധാരണ സ്ഥിതികൾ ഏതുസമയത്തും വരാം. നമ്മെ ആസനത്തിൽ നിന്ന് പുറത്തെറിയുകയും ചെയ്യാം. അത്തരം ബാഹ്യശക്തികൾക്കപ്പെട്ടു നാം നിസ്സഹായരാകുന്നു. ഫലമോ നമ്മുടെ മനഃശ്ശാന്തി ഉലയുകയും പഴയനില നഷ്ടപ്പെടുകയും ചെയ്യുന്നു. നമ്മുടെ നിത്യവൃത്തിയുടെയും സിദ്ധാന്തങ്ങളുടെയും മാളികയെല്ലാം തകരുകയും നമുക്കു തികച്ചും പുതിയതും അപരിചിതവും ആയ ഒരു സ്ഥിതി വിശേഷത്തിലേക്കു നാം എറിയപ്പെടുകയും

ചെയ്യുന്നു. കരയിലേയ്ക്കിട്ട മത്സ്യം പോലെ നാം സംസാരചുഴിയിൽ നഷ്ടപ്പെടുന്നു. നമ്മളെന്തു ചെയ്യും? നാം പഴയനില കൈവരിക്കാൻ പണ്ടാറസ്വദിച്ച മനഃശാന്തി വീണ്ടെടുക്കാൻ മറ്റു വഴികളില്ലെന്നോർത്ത് പരിശ്രമിക്കുന്നു. ഇവിടെ നമുക്ക് തെറ്റുപറ്റി. പഴയ സ്ഥിതി വീണ്ടെടുക്കാനുള്ള പ്രയത്നം തീരെ വ്യർത്ഥമാണെന്ന വസ്തുത നാം മറക്കുന്നു. കാരണം സർവ്വദാ മാറിമറിയുന്ന ലോകത്തിൽ സംഭവി ച്ചത് മടങ്ങിവരില്ല. പകരം പുതിയ സ്ഥിതിവിശേഷത്തോട് ഇണങ്ങുവാ നാണ് ബുദ്ധിയുണ്ടെങ്കിൽ ശ്രമിക്കേണ്ടത്. വർത്തമാനസ്ഥിതിക്കനു യോജ്യമായ പുതിയ പരിപാടിയും പ്രവർത്തന രീതിയും നാം ആവി ഷ്കരിച്ചു നടപ്പിലാക്കണം. പിന്നിൽ നോക്കി നഷ്ടപ്പെട്ടതോർത്ത് കരയുന്നത് നമ്മുടെ അന്ത്യമാണ്. ഈ സ്ഥിതിവിശേഷം ചില ബാഹ്യ സംഭവശക്തി കൊണ്ടാണെന്ന് നാം കരുതണം. അല്ലെങ്കിൽ സ്വസൃഷ്ടി യോ ദുഷ്കർമ്മമോ കൊണ്ടാകാം.

ഇന്നത്തെ സ്ഥിതി പുതിയതൊന്ന് തുടങ്ങണമെന്നാവശ്യ പ്പെടുന്നു. നമ്മൾ മാറാൻ പഠിച്ചിട്ടില്ല. സൂക്ഷ്മമായി നോക്കിയാൽ നമ്മുടെ മനസ്സിന്റെ മാറാനുള്ള കഴിവുകേടാണ് കാരണമെന്ന് മനസ്സി ലാകും. നിയമമോ ചിട്ടയോ ഉണ്ടാക്കുമ്പോൾ നമ്മുടെ മനസ്സതിനെ പിന്തുടരും. എന്നാൽ പിന്തുടരുന്നത് കണ്ണടച്ചായാൽ മനസ്സിന് മാറ്റക്ഷമത ഇല്ലാതാകുന്നു. മാറ്റം അനുവദിക്കാത്ത നിയമങ്ങളില്ല. ഹിന്ദു നിയമങ്ങൾ മാറ്റം അനുവദിക്കുന്നു. കാരണം ഇത് മാറുന്ന പ്രപഞ്ചസത്യമാണ്. ഹിന്ദുനിയമത്തിന്റെ ഈ പ്രത്യേകത പാശ്ചാ ത്യരുടെ വിമർശനത്തിന് വിധേയമാകുന്നു. നമ്മൾ ഒരു കർമ്മം ഒരു നിശ്ചിതരീതിയിൽ ചെയ്യുന്നു. എന്നാൽ അത് പരിതസ്ഥിതി മാറു ന്നതനുസരിച്ച് മാറുന്നു. നമ്മുടെ കർത്തവ്യനിർവഹണഫലമായി ലഭി ക്കുന്ന ശാന്തിയും സന്തോഷവുമാണ് സത്യം. കർമ്മി നിയമത്തോടു ബന്ധപ്പെടുന്നിടത്ത് പ്രകാശമുണ്ടെങ്കിൽ മാത്രമേ നിയമം മാററത്തെ എങ്ങനെ അനുവദിക്കുന്നുവെന്നും മാറിയ സ്ഥിതിയിൽ മാറാൻ മനസ്സ് തയാറാണെങ്കിൽ മാത്രമേ സത്യം പൂർണ്ണമായും ബോദ്ധ്യപ്പെടുകയു ള്ളുവെന്നും അവന് മനസിലാക്കാൻ കഴിയുകയുള്ളു. ഇതിനെയാണ് നമ്മൾ 'കർമ്മകൗശലം' എന്നുപറയുന്നത്.

ഈ ഘട്ടത്തിൽ സന്യാസിയോടു ചില പ്രശ്നങ്ങളുന്നയിച്ചു. ആദ്യത്തേത് 'മനസ്' എന്ന് സാമാന്യമായി പരിവർത്തനം ചെയ്യുന്ന മൂന്നു സംസ്കൃതപദങ്ങളെകുറിച്ചായിരുന്നു.

ശി.ബാ: -മാനസം, ബുദ്ധി, അഹങ്കാരം- എല്ലാം മനസ്സാണ്. മനസ്സു ചെയ്യുന്നു, ബുദ്ധി അറിയുന്നു, അഹങ്കാരം സിദ്ധാന്തിക്കുന്നു.

മൂല്യാദ്ധ്യാസംകൊണ്ട് മനസ് ശക്തമാക്കാൻ കഴിയും.

ചോദ്യം: മനസ്സ് നേർവഴിക്കെങ്ങനെ പോകും?

ശി.ബാ: മനസ്സ് അശുദ്ധമാണെങ്കിൽ പ്രവർത്തനങ്ങൾക്ക് സുഖദുഃഖവും സ്നേഹവും വെറുപ്പും ഉണ്ടാവും. എന്നാൽ കർമം അതിനുവേണ്ടി തന്നെ ചെയ്താൽ മനസ്സ് യുക്തിയോടെ പ്രവർത്തിക്കുന്നു എന്നു പറയാം.

ചോദ്യം-ഗ്രന്ഥപാരായണം മനസ്സിനെ ഫലപൂരിതമാക്കാൻ സഹായിക്കുമോ?

ശി.ബാ-ഗീതാപാരായണം ദൈവഭക്തി വളർത്താനാണ്. രാമായണാദ്ധ്യയനം സാത്വികത വികസിപ്പിക്കുവാനാണ്. ഭാരതപഠനം ശുദ്ധമനസ്ഥിതി വളർത്താനാണ്.

അവ്യക്തമായ ഒരു സ്ഥലത്താണ് മനസ്സിരിക്കുന്നതെന്ന് ഒരിക്കലും മറക്കരുത്. അതിനെ ലോകത്തിന് പുറത്തും അഹത്തിനകത്തുമാക്കണം. അതു പ്രവർത്തിക്കണം, എന്നാൽ പ്രവർത്തിമഗ്നനാവരുത്. അതു സാത്വികത വളർത്തണം, എന്നാൽ സാത്വികത മാത്രമാണ് ദൈവികമാർഗം തുറക്കുകയെന്നു ചിന്തിക്കരുത്. ഭാരതീയചിന്തയുടെ കാതൽ സ്വഭാവം ഈ അവ്യക്തതയാണ്. എന്നാൽ അത് ശിവപുരിബാബയിൽ മാത്രം ഒതുങ്ങുന്നില്ല. ഭാരതീയദർശനത്തെക്കുറിച്ചുള്ള തന്റെ പുസ്തകത്തിൽ ജീൻ ഹെർബർട്ട് ഈ അവ്യക്തത ഭാരതീയ ചിന്തയിൽ പല തരത്തിലും പരന്നതായി പറഞ്ഞിട്ടുണ്ട്. അനന്തത്തേയും (ബ്രഹ്മം നിശ്ചിതത്തേയും (മായ) ഗ്രഹിക്കാൻ കഴിയാത്ത അഗാധബോധത്തിൽ നിന്നും ലഭിക്കേണ്ടതാണത്. പ്രശ്നത്തിലേയ്ക്കുള്ള വിമുഖത പരിഹാരമല്ല. എത്ര നാം പറഞ്ഞാലും യാഥാർഥ്യം ബ്രഹ്മം മാത്രമാണ്. മായ നമ്മുടെ ബോധത്തിലും മനസ്സിൽകൂടിയും ധിക്കാരപൂർവം നിലനില്ക്കുന്നു. 'പുരുഷൻ' അനന്തതയോടു മാത്രം ബന്ധപ്പെട്ടതാകാം: എന്നാൽ മനസ്സ് അന്തരാത്മാവിന്റെ ശാന്തിക്കിളക്കം വരുത്തുന്ന മായാശക്തിയെക്കൂടി കണക്കാക്കണം. ശിവപുരി ബാബ 1948-ൽ മനന്ധറുമായി സംസാരിച്ചത് ഞാനിവിടെ വിവരിക്കാം.

'മായ'യുമായി പെരുമാറേണ്ട വിധം അറിയുകയും ശീലിക്കുകയും വേണം. ഈ സൃഷ്ടി (നാം കാണുന്നതോ പ്രപഞ്ചമോ) മായയാണ്. നാം കാണുന്ന എല്ലാറ്റിന്റെയും ഓരോന്നിന്റെയും ഉള്ളിൽതന്നെ ദൈവമുണ്ടെന്ന ഏകീകൃതബോധം നമുക്കുണ്ടാകണം. അതിനാൽ എല്ലാം ദൈവമാണ്. ഈ ഭാവനയാൽ നമ്മൾ ശരിയായ സാത്വികത പാലിക്കുന്നു. ഉദാഹരണമായി, നമുക്കിത്തരം ഭാവനയുണ്ടെങ്കിൽ ഒരു പെൺകുട്ടിയെ മലിനപ്പെടുത്തുകയോ മറ്റോ ചെയ്യുകയില്ല. സൽവൃത്തിക്ക് നമുക്കു വേണ്ടത് ഈ പാവനചിന്തയാണ്. ഇനി നമ്മൾ കാണുന്നതിന്റെ സ്വഭാവം അറിയണം. ഉദാഹരണത്തിന് അഗ്നിയുടെ സ്വഭാവമറിയുമ്പോൾ നാം കൈകൊണ്ടു തൊടാതെ കൊടിലുപയോഗിക്കും. ശരിയായ സാത്വികത (ഇഷ്ടാനിഷ്ടവിരക്തി)

ഈ പ്രപഞ്ചത്തോടു പെരുമാറാനുള്ള കുടിലാണ്. കല്പിച്ചതു മാത്രമേ നാം ചെയ്യാവൂ. അകർമമോ വികർമമോ ചെയ്തില്ലെങ്കിൽ നമ്മളിൽ പ്രതികരണം ഉണ്ടാവുകയില്ല. നാമപ്പോൾ ദൈവധ്യാനത്തിനു സ്വതന്ത്രരാണ്. അങ്ങനെ ഉയർന്ന ജീവിതം സാദ്ധ്യമായി തീരുന്നു.

കുട്ടികൾ കളിക്കോപ്പുകൊണ്ടെന്നപോലെ നാം ജീവിതംകൊണ്ട് കളിക്കുകയാണ്. പ്രായപൂർത്തിയായ ഒരു മനുഷ്യൻെറ കടമ നിങ്ങളിനിയും എടുത്തിട്ടില്ല. നിങ്ങൾ ലൗകിക സുഖവിഭവങ്ങൾക്കു പിന്നാലെ ഓടുകയാണ്. അതിലെ ഏത് നിസ്സാര സുഖദുഃഖത്തിലും നിങ്ങൾ തൃപ്തനാണ്. നിങ്ങൾ ജീവിതാനന്ദത്തിൽ മുഴുകി യഥാർത്ഥത്തിലതെന്തെന്ന ബോധം നഷ്ടപ്പെട്ടവനാണ്. ആനന്ദത്തോടുള്ള അടുപ്പം മാറ്റി വച്ച് ചിന്തിക്കുക. ജീവിതം ഒരു രഹസ്യമാണെന്ന് നിങ്ങൾ കാണും. അതു എങ്ങനെ വന്നെന്നോ എന്തിനു വന്നെത്തോ അറിയാൻ കഴിയില്ല. അത് നിങ്ങളുടെ സ്വന്തക്കാരേക്കാളും സ്വന്തം മോഹങ്ങളെക്കാളും ഇഷ്ടകർമങ്ങളേക്കാളും അത്യധികം പ്രധാനമാണ്. അത് നിങ്ങളുടെ ഭാര്യയേയും മക്കളേക്കാളും പ്രിയപ്പെട്ട കൈമുതലാണ്. അതിന് വിലകല്പിക്കാനാവില്ല. ലോകധനമാകെ സ്വരൂപിച്ചാലും അതിൻെറ നഷ്ടം നികത്താനാവില്ല. നാമതിനെ സ്നേഹിക്കുകയും കിട്ടിയാൽ ഹൃദയംഗമമായ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യുന്നു.

അതേസമയം അതിൻെറ മറുവശം നോക്കിയാൽ ജീവിതം ശാപവും ഭയാനകവും ഭീകര അടിമത്തവുമാണ്. അതിനോടുള്ള കടമയായി എത്ര ദുഃഖവും വേദനയും സഹിക്കണമെന്നു നോക്കു. ഒരു പെൺകഴുതയെ സന്തോഷത്തോടും സ്നേഹത്തോടും പിന്തുടരുന്ന ആൺകഴുതയ്ക്ക് ചവിട്ടോടു ചവിട്ടാണു പ്രതിഫലമെങ്കിലും അത് പിന്തുടരുന്നതാലോചിക്കുക. അങ്ങനെ നിങ്ങൾ ജീവിതത്തിൻെറ പിന്നാലെ ഓടുന്നു. വിശപ്പും ദാഹവും ചേർന്ന സ്ഥിതിയും അതിനെല്ലാം ഉപരി ജീവിതം തന്നെയായ സമ്പാദ്യം നിലനിർത്താനുള്ള അത്യാസക്തിയും നമ്മളിൽ വളരെ വേരുറച്ചിട്ടുണ്ട്. നിങ്ങളൊരു സ്വാഭിമാനിയാണെങ്കിൽ, നിങ്ങൾക്കതിൽ നിന്ന് ചവിട്ടോടുചവിട്ടേ കിട്ടുകയുള്ളു എന്നറിയുമ്പോൾ, നിങ്ങളതിനെ പിന്തുടരുകയില്ല. നിങ്ങൾ സ്വയം ചോദിക്കും-ഞാനതിനെ എന്തിന് മാനിക്കണം? ജീവിതത്തിൽ അസ്ഥിരതയേ ഉള്ളു എന്ന് ഇത് കാണിക്കുന്നു.

മനോവ്യാപാരം ഈ അസ്ഥിരതയെ നേരിടാനും സീസറുടെ സീസറിനും ദൈവത്തിൻെറ ദൈവത്തിനുമെന്നവിധം ഓരോന്നിനും അതിൻെറ അർഹതപോലെ കൊടുക്കുകയുമാണ്. യഥാർഥ സംസ്കാരത്തിൻെറ അടിസ്ഥാനം നിർമിതമോ അനുകരണമോ ആയതിൽനിന്ന് വ്യത്യസ്തമായ ഭേദഭാവമാണ്. ഇതാണ് മനുഷ്യനുണ്ടാക്കാവുന്ന ഏറ്റവും വിലപിടിച്ച രണ്ടാമത്തെ സമ്പാദ്യം. ആദ്യത്തേത് ദൈവത്തോടുള്ള, ഒടുങ്ങാത്ത ദാഹവും. ഭേദം ജ്ഞാനത്തിനുമപ്പുറം പോകുന്ന

പ്രവർത്തനക്ഷമതയാണ്. ശരിയാംവണ്ണം അറിഞ്ഞാൽ തെറ്റായി പ്രവർത്തിക്കാൻ കഴിയുകയില്ല. എന്തുചെയ്യണമെന്നറിഞ്ഞ് അതു ചെയ്തില്ലെങ്കിൽ നാം തിരിച്ചറിഞ്ഞിട്ടില്ലെന്ന് സാരം.

ഭേദം മനസ്സിൻെറ-പാശ്ചാത്യർ പറയുന്നതുപോലെ ബോധമനസ്സിൻെറ ഗുണമാണ്. ഇത് നമ്മുടെ പ്രവർത്തനം നിശ്ചയിക്കുന്നു. യഥാർത്ഥ ഭേദം യഥാർത്ഥ സാത്വികതയാണ്. ഭേദമില്ലാത്ത സംസ്കാരം എപ്പോഴും തെറ്റുകളിലേയ്ക്ക് പതിക്കാം.

മനസ്സിനേയും ഭേദത്തേയുംപറ്റി ശിവപുരിബാബയുടെ സിദ്ധാന്തത്തിൻെറ താഴെകൊടുക്കുന്ന വ്യാഖ്യാനം 1961ൽ എൻെറ പതി എലിസബത്തും അദ്ദേഹവുമായുള്ള സംഭാഷണത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്.

എ: ഭക്തി കുറഞ്ഞ യുഗത്തിൽ നാം ജീവിക്കുന്നു. വിശ്വാസമില്ലാത്ത ലോകത്ത് എൻെറ കുട്ടികളിൽ ഭക്തി വളർത്താൻ ഞാനെന്തു ചെയ്യണം?

ശി.ബാ: ഭക്തി പഠിപ്പിക്കാൻ കഴിയില്ല. ഭക്തി ദൈവദത്തമാണ്. നിങ്ങളവരെ ഭേദം പഠിപ്പിക്കണം. ഭേദത്താൽ ഭക്തി തനിയേ വരും.

എ: ഭേദം എങ്ങനെ നേടാൻ കഴിയും?

ശി.ബാ: ആത്മനിയന്ത്രണത്താൽ. മനസ്സിലാവുന്ന പ്രായമായാൽ ഉടനെ അവരോട് കാര്യങ്ങൾ പറയുക, അവർക്ക് വീട്ടിൽ നൽകുക. അവർ ഈ കർത്തവ്യങ്ങൾ ഏൽക്കുകയും, കുറ്റങ്ങൾ കൂടാതെ നിർവഹിക്കുകയും വേണം. അതുമൂലം അവർ ശ്രദ്ധിക്കാനും തിരസ്കരിക്കാനും പഠിക്കും. ഭേദം-വകതിരിവ്-നേടാനുള്ള വഴി ഇതാണ്.

കൂടാതെ, എപ്പോൾ ശരിയായി ചെയ്തു, എപ്പോൾ തെറ്റായി ചെയ്തു എന്ന് അവർക്കു കാണിച്ചു കൊടുത്ത് നിങ്ങളവരെ സഹായിക്കണം. ഇവ ഭേദഭാവം വളർത്താത്ത പ്രശംസയും നിന്ദയും കൊണ്ടാവരുത്. നശിപ്പിക്കുന്ന പ്രതിഫലവും ശിക്ഷയും കൊണ്ടുമാകരുത്. ഉദാഹരണത്തിന്, "അക്കാര്യം നന്നായി ചെയ്താൽ നിനക്കൊരു സമ്മാനം തരാം" എന്ന് നിങ്ങളൊരിക്കലും പറയരുത്. അവർ അവർക്കുവേണ്ടിതന്നെ ജോലിചെയ്യാൻ പഠിക്കണം. പ്രതിഫലത്തിനാവരുത്. നിങ്ങൾ എന്തെങ്കിലും നല്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പ്രതിഫലേച്ഛ വളർത്താതെ പിന്നീടു നൽകണം. അതവരെ സഹായിക്കും.

ഈ പരിശീലനം തുടരുകയും മൂല്യങ്ങൾ എങ്ങനെ വളർത്താമെന്നു നിങ്ങൾ കാണിക്കുകയും ചെയ്താൽ അവർ സ്വയം ഭേദഭാവം നേടും. സ്വീകരിക്കാൻ തയ്യാറായാലുടനെ ദൈവം അവർക്ക് ഭക്തിയും നല്കും.

മനസ്സിൻേറയും ഭേദത്തിൻേറയും വളർച്ച കുട്ടികളിൽ ഉണ്ടാകേണ്ടതിനെ കുറിച്ചുള്ള മറ്റൊരു സംഭാഷണം മനന്ധർ കുറിച്ചുവച്ചിട്ടുണ്ട്:

ശി.ബാ: നിങ്ങളുടെ ബുദ്ധിയും മനസ്സും നോക്കിയാൽ നിങ്ങൾ പിഗ്മികളെപ്പോലെയാണ് ജീവിക്കുന്നതെന്ന് മനസ്സിലാകും. അവ വേണ്ടത്ര വളർന്നിട്ടില്ല. ഈ ആശയം വ്യക്തമാക്കാൻ നിങ്ങൾ ഒരു കുട്ടിയുടെ മനസ്സിൻെറ വളർച്ച നിരീക്ഷിക്കണം. അത് ഒന്നിനെ ഇഷ്ട പ്പെട്ട് മറ്റതിനെ വെറുക്കുന്നു. അതും ആദ്യത്തേതുപോലെതന്നെ രുചി കരമാകാം. കുട്ടിയുടെ മനസ് യാതൊരു കാരണവുമില്ലാതെ ഇഷ്ടാ നിഷ്ടങ്ങൾ വളർത്തിയിട്ടുണ്ട്. ഈ പിഞ്ചുമനസ് കൂടുതൽ വളരാൻ കുട്ടി കുടുംബാംഗങ്ങളോടൊപ്പം താമസിക്കണം കാലക്രമത്തിൽ മുമ്പി ഷ്ടപ്പെടാത്ത വസ്തു സ്നേഹിക്കേണ്ടതാണെന്ന് അതിന് മനസ്സി ലാകും. അപ്രകാരം പക്ഷപാതത്തിൻെറ ഭൂതത്തിൽ നിന്ന് ആ കുട്ടി വളരും. അയൽവാസികളുമായി ഒത്തുജീവിച്ചും അവരുടെ സ്വഭാവവും പ്രവർത്തികളും കണ്ടും ക്രമേണ കൂടുതൽ ആശയങ്ങൾ അവന് ലഭി ക്കുന്നു. മാനസിക കാഴ്ച കൂടുതൽ കൂടുതൽ വിസ്തൃതമാകുന്നു. ആദ്യം വെറുത്തതിനെ ഇപ്പോൾ സ്നേഹിക്കാൻ തുടങ്ങിയെന്നതാണ് ഫലമെന്ന് നാം കണ്ടു. മറ്റൊരുദാഹരണം കൂടി പറയാം: ആരെങ്കിലും വിളിച്ചാൽ അയാളെ സമീപിക്കാൻ കുട്ടി ഭയപ്പെടുന്നു. കാരണം അയാ ൾ അപരിചിതനാണ്. നേരത്തെ പരിചയമുള്ളവരെ സമീപിക്കാൻ അവന് മടിയില്ല. ബുദ്ധി പക്വമാകാത്തതുകൊണ്ടാണത്. വിളി ക്കുന്നവനെ അറിയാനും മനസ്സിലാക്കാനും അവനു കഴിയുന്നില്ല. ആരോടാണ് സ്നേഹബന്ധം വളർത്തേണ്ടതെന്നറിയത്തക്കവിധം ബുദ്ധി വികസിച്ചിട്ടില്ല. അപ്രകാരം നാം നമ്മുടെ ബുദ്ധിയുടെയും മനസ്സിൻെറയും കുറവുകൾ കാണുന്നു. ഈ കുറവു നീക്കാൻ വേണ്ടത്ര മാനസികവും ആത്മീയവുമായ വളർച്ച നേടണം.

എങ്ങനെ വളരാമെന്ന പ്രശ്നമാണ് നമ്മെ എപ്പോഴും ചുഴറ്റുന്നത്. കുട്ടികളുടെ കാര്യത്തിലെന്നപോലെ യോഗികളുടേയും മഹാത്മാക്കളു ടേയും കൂടെ നമ്മൾ താമസിക്കുകയും, അവരുടെ ആജ്ഞകളും പെരു മാറ്റങ്ങളും പ്രഭാഷണങ്ങളും കണ്ടും കേട്ടും നമുക്കു നമ്മുടെ നിമ്നമാ നസികസ്ഥിതി വളർത്താൻ കഴിയും. ശ്രവണത്താലും മനനത്താലും നമുക്കു നമ്മുടെ ബുദ്ധിശക്തി കാലക്രമേണ വളർത്താൻ കഴിയും. അങ്ങനെ ഒരു പൂർണ സൃഷ്ടിവിശേഷമാകാൻ നാം ബുദ്ധിയും മനസ്സും വളർത്തേണ്ടതുണ്ട്. ഒന്നില്ലാത്ത മറ്റൊന്ന് സത്യമല്ല. രണ്ടും ഒന്നിച്ചു വളരണം. ഉദാഹരണത്തിന് ഇന്നത്തെ ലോകത്തിൽ ഒരതിർത്തിവരെ ബുദ്ധി മാത്രമേ വളരുന്നുള്ളു. മനുഷ്യൻെറ മാർഗദർശനത്തിന് ഉയർന്ന സാത്വിക സിദ്ധാന്തങ്ങളൊന്നുമുണ്ടാകുന്നില്ല. മാനസിക വളർച്ച ദയനീയമായി തിരസ്കരിക്കുന്നു. കൂടുതൽ വ്യക്തമായി പറഞ്ഞാൽ ബുദ്ധിയുടെ വ്യാപാരം വെളിച്ചം കാട്ടലാണ്. ഉദ്യോഗസ്ഥർ എന്ന ബുദ്ധി. ഉദ്യോഗസ്ഥന് ഓഫീസിലെ ചുമതല വ്യക്തമാക്കി

കൊടുക്കുന്നത് അയാളുടെ ബുദ്ധിയാണ്. ഉദ്യോഗസ്ഥൻ എന്ന നിലക്ക് അദ്ദേഹത്തിൻെറ കടമയും അനുസരിക്കേണ്ട നിയമവും, അനുവർത്തിക്കേണ്ട നയവും, നടപടിയും ബുദ്ധി മനസ്സിലാക്കിക്കൊടുക്കുന്നു. പക്ഷേ മനസ്സിനു പൂർണ വളർച്ചയില്ലാത്തതിനാൽ ഒരു സാത്വികസിദ്ധാന്തവും പാലിക്കുന്നില്ല. കൈക്കൂലി വാങ്ങാൻ മടിക്കുന്നില്ല. അദ്ദേഹത്തിൻെറ മനസ്സിന് മോഹത്തെ ചെറുക്കാനാവില്ല. അതിനാൽ സ്വന്തം ജോലി വേണ്ടവിധം നിർവഹിക്കാനാവില്ല. അക്ഷരാർഥത്തിൽ മാത്രം നിർവഹിക്കുന്നു- അർഥാർഥത്തിലല്ല. അതിനാൽ തക്കതായ മാനസികവികാസം കൂടാതെ ശോഭിക്കാനാവില്ല. നിമ്ന മനസ്ഥിതിയുടെ -മൂന്നു ഗുണത്തിൻെറ-ദുഷ്പ്രഭാവത്തെ തടയാൻ കഴിയാത്ത മനസ്സ് ദുർബലമാണ്. അവയുടെ പേര് സാത്വികം, രജസ്സ്, തമസ്സ് എന്നാണ്. അവയുടെ സ്വഭാവം ഇച്ഛയും രാഗവും ദ്വേഷവുമാണ്. ബുദ്ധി ചിലത് ചെയ്യാനാഗ്രഹിക്കുന്നു. എന്നാൽ മനസ്സ് രാഗദ്വേഷത്തിൻെറ സ്വാധീനത്താൽ മറിച്ചുചെയ്യുന്നു. ഇവിടെയാണ് മാനുഷികദൗർബല്യം കിടക്കുന്നത്. അപ്പുറത്തേക്കെങ്ങനെ കടക്കാം?

ഇതിന് നമുക്ക് ഗ്രന്ഥപാരായണവും സന്യാസിമാരും പ്രവാചകരുമായി അടുപ്പവും വേണം. അവരുടെ സാമീപ്യത്താലും ധർമകർമത്താലും, മൂല്യത്താലും നാം ലാഭാന്വിതമായി വളരുന്നു. അതുപോലെ ബുദ്ധിവികാസം കൂടാതെ മാനസിക വളർച്ചയും സാദ്ധ്യമല്ല. ഒന്നിനെ കൂടാതെ മറ്റത് ശോഭിക്കാനാവാത്തവിധം അവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. രണ്ടിൻെറയും വികസനം സാധിച്ചാൽ മാത്രമേ മനുഷ്യൻ വേണ്ടത്ര ദൂരം പിന്നിട്ടു എന്നുപറയാൻ കഴിയുകയുള്ളു. സ്വന്തം കർത്തവ്യങ്ങൾ സ്വയം നിർവഹിക്കാവുന്ന ഘട്ടത്തിലേയ്ക്ക് കുട്ടികൾ വളരുമ്പോൾ ഒരമ്മ അവരുടെ നിത്യവൃത്തിയിൽ മുഴുകാൻ സ്വതന്ത്രയാകുന്നതുപോലെ അവൻെറ ആത്മാവ് സ്വന്തം നന്മ നോക്കാൻ സ്വതന്ത്രനാകുന്നു. ആത്മാവിൻെറ ഭാരം ഇറക്കി അത് സ്വസ്ഥമാകുന്നു. ആത്മീയവികസനത്തിനു വഴിതെളിയിക്കാൻ അപ്പോൾ ബോധാത്മാവിന്നു കഴിവുണ്ടാകുന്നു. അങ്ങനെ മനസ്സിൻെറയും ബുദ്ധിയുടെയും വളർച്ചക്കിടചേർന്ന് നമ്മൾ പാവന സൗധങ്ങളിലേയ്ക്കു കയറുന്നു. ബുദ്ധിയും മനസ്സും എത്രദൂരം കടന്നുവോ അത്ര തന്നെ ഉയർച്ച ജീവിതത്തിനും ലഭ്യമാകും.

ബുദ്ധിയുടെയും മനസ്സിൻെറയും കർത്തവ്യത്തിൻെറയും സ്വഭാവശുദ്ധിയുടെയും അന്തരം ജീവിതമാർഗം കാണിച്ചുകൊടുക്കാൻ ശിവപുരിബാബയെ സമീപിക്കുന്ന ജനങ്ങൾക്കുവേണ്ടി ഇരുപത്കൊല്ലം നീണ്ടുനില്ക്കുന്ന ഒരു പാഠ്യക്രമം ഉണ്ടാക്കിയിരുന്നുവെന്ന് മനന്ധറുടെ കുറിപ്പുകളിൽ നിന്ന് വ്യക്തമാണ്. ഇതിനർഥം ശരീരവും മനസ്സുമായി എപ്പോഴും ഭിന്നതയുണ്ടായിരുന്നില്ല എന്നല്ല മറിച്ച് അദ്ദേഹത്തിൻെറ വ്യാഖ്യാനത്തിൽ മൂല്യങ്ങളുടെ പരിശീലനം കർത്തവ്യങ്ങളു

മായി ചേർന്നതാണെന്നതാണ് താഴെകൊടുക്കുന്ന അദ്ദേഹത്തിന്റെ 1937ലെ ഭാഷ്യം അക്കാലത്തെങ്ങനെ അദ്ദേഹം ചിന്തിച്ചിരുന്നു എന്നു കാണിക്കുന്നു:

"നിത്യകർമ്മം ചെയ്യുന്നതിൽ നിശ്ചിത വേഗം ലഭിച്ചാൽ പരിശീലനത്തിന് മൂല്യങ്ങളെ ഓരോന്നായി എടുക്കണം. ഇവിടെ മത്സരത്തിന്റെ ആദ്യഭാഗം കഴിയുന്നു. മൂല്യങ്ങളെ വീണ്ടും സിദ്ധിക്കായി എടുക്കുക. വിഘ്നങ്ങളും വിഷമങ്ങളും വരാം. എന്നാൽ ഒരിക്കലും, നമ്മുടെ തന്നെ ജീവിതമൂല്യത്തിൽപോലും, തലകുനിക്കരുത്.

നമ്മുടെ മനസ്സിനോട് സദാ വടംവലി നടത്തുക. അത് അടങ്ങുന്നില്ലെങ്കിൽ കൂടുതൽ ശക്തിയോടെ മനസ്സിനെ വലിക്കുക. പക്ഷേ മനസ്സ് അത്രവേഗം പിന്മാറുകയില്ല. അതിനെ കാലക്രമേണ മാത്രമേ തോല്പിക്കാനാവൂ. നമ്മൾ സ്വന്തം കർത്തവ്യങ്ങളുമായി പോകണം. സമയം മാത്രമേ ബാക്കിയുള്ളൂ. ദിവസം എത്തുമെന്നത് തീർച്ച. ആദ്യഘട്ടങ്ങളിൽ നിത്യവൃത്തിയിൽ ഒതുങ്ങി ഏതു നിലയ്ക്കും പിടിച്ചു നില്ക്കുക. കാലക്രമേണ അനാവശ്യപ്രവർത്തികളെല്ലാം ത്യജിക്കാൻ കഴിയുന്നതും സ്വയം പരിശുദ്ധരാകുന്നതുമായ ഘട്ടമെത്തും. നാം ബുദ്ധി ശുദ്ധീകരിച്ചാൽ കൂടുതൽ മെച്ചമുണ്ടാകും. അതുകൊണ്ട് മനസ്സിനെ ശാസ്ത്രീയമായി ശുദ്ധീകരിച്ചുകൊണ്ടായിരിക്കണം നമ്മുടെ തുടക്കം ആദർശത്തിൽ പിടിച്ചുനില്ക്കുക. ജീവിതത്തിലൊരിക്കലും അതിൽ നിന്ന് പിന്മാറരുത്.

"നമുക്ക് ബുദ്ധി നേരിട്ട് കിട്ടില്ല. മൂല്യങ്ങളാണ് അതിന്റെ ഉരകല്ല്. മൂല്യമെന്താണ്? നിത്യകർമങ്ങളുടെ ഉചിതപ്രയോഗം-നിത്യവും നൈമിത്യവും. ശരിയായ അർഥത്തിൽ മൂല്യമെന്നാൽ ഇവ രണ്ടും അടിസ്ഥാനമാക്കി വിധിക്കനുസരിച്ച് ഉറച്ചു ജീവിക്കുകയാണ് കർത്തവ്യങ്ങളെ ഗൗരവത്തോടും ദൃഢമായും ചേർത്തു പിടിക്കുക. നിത്യകർമത്തിൽ വീഴ്ചയോ, വിധിക്കെതിരെ പോവുകയോ കർത്തവ്യത്തെ നിസ്സാരമായി കരുതുകയോ അരുത്.

"നമ്മുടെ കർമങ്ങൾ യഥാർത്ഥമാകണം. നന്മതിന്മകളുടെ ഭാഷയിൽ കരുതരുത്. എന്താണ് വാസ്തവമെന്നു മാത്രം ചിന്തിക്കുക. രണ്ടു ശക്തികളാണ് ഒരു പ്രവർത്തനത്തിനാധാരം. ആജ്ഞാശക്തിയാണൊന്ന്. മറ്റേത് നിയന്ത്രണശക്തിയാണ്. മഹാന്മാർക്ക് നല്ല ആജ്ഞാശക്തിയുണ്ട്. എന്നാൽ അവരുടെ കർമങ്ങൾ അപഗ്രഥിച്ചാൽ അവർക്ക് നിയന്ത്രണശക്തിയില്ലെന്ന് നിങ്ങൾക്കു കാണാം. അവരുടെ പ്രവർത്തി നന്മയോ തിന്മയോ ആകാം. അവരുടെ ആത്മനിയന്ത്രണത്താൽ സാമാന്യാതീതമായ ആജ്ഞാശക്തി കൈവരിച്ചിട്ടുണ്ട്. എന്നാൽ ആ ശക്തിയെ നിയന്ത്രിക്കുന്നതിൽ അവർ പരാജയപ്പെട്ടിട്ടുമുണ്ട്. അവർക്ക് ജീവിതത്തിൽ യഥാർത്ഥ വിജയം നേടാനാവില്ല. ആജ്ഞാശക്തിമൂലം,

വേണ്ടതിലധികം വസ്തുക്കളെ അവരുടെ അധീനത്തിലുണ്ട്. എന്നാൽ
എങ്ങനെ അവ ആവശ്യാനുസരണം ഒരുക്കണമെന്ന് അവർക്കറിയില്ല.
ആജ്ഞാശക്തിയിൽ ഒരു നിശ്ചിത പരിധിവരെ ശ്രദ്ധിക്കാനും അതു
പയോഗിക്കാനും ഉള്ള ശക്തിയുള്ളവർ വളരെ വളരെ അപൂർവമാണ്.
ജീവിതത്തിൽ പരിതസ്ഥിതിക്കനുകൂലമായ ആജ്ഞാശക്തിയും നിയ
ന്ത്രണശക്തിയും ഒരുവന് ലഭിക്കണം.

ന്ത്രണശക്തിയും ഒരുവന് ലഭിക്കണം.
സ്വന്തം കാര്യത്തിൽ, നാം ഒരു പ്രത്യേകകാര്യം ചെയ്യുമ്പോൾ,
നമുക്ക് ആന്തരികശക്തികളോട് ആജ്ഞാപിക്കാനും അവയെ നിയ
ന്ത്രിക്കാനും കഴിയണം. കൃത്യമായ കർമവും സമയവും നിശ്ചിത
ആദർശവും ചേർന്ന നിത്യവൃത്തിയിൽ ഉറച്ചു നില്ക്കുമ്പോൾ
അതിനർഥം നമുക്കാജ്ഞാശക്തിയുണ്ടെന്നാണ്. എന്നാൽ ഇതു
കൊണ്ടുമാത്രം യഥാർഥ വിജയം നേടാനാവില്ല. നമ്മുടെ ആദർശ
ത്തിനും അതിൻെറ ഉപയോഗത്തിനും വേണ്ട പരിധിവരെ മാത്രമേ ആ
ശക്തി നമുക്കാവശ്യമുള്ളു. നിശ്ചിത ആദർശത്തിനും കർമത്തിനും
സമയത്തും ആജ്ഞാപിക്കുമ്പോൾ നമ്മുടെ ശക്തിയെ നിയന്ത്രിക്കാൻ
കഴിയണം. ഉയർന്ന സ്വഭാവമുള്ള ഇരുപത്താറ് സിദ്ധികളുടെ പ്രായോ
ഗികാനുഷ്ഠാനം ഈ നിയന്ത്രണശക്തിയിലേയ്ക്കു ചൂണ്ടുന്നു.

മനസ്സ് അഹത്തിൻെറ 'ദാസനേ ആകാവൂ, ഗുരുവാകരുത്' എന്നത്
ഒരിക്കലും മറക്കരുത്. അതിന് സ്വതന്ത്രപ്രവർത്തനത്തിൻെറ ശക്തി
ലഭിക്കുന്നത് കുറെക്കൊല്ലം നമ്മുടെ സ്വഭാവത്തിൻെറയും അജ്ഞാന
ത്തിൻെറയും ദുർജനസംസർഗത്തിൻെറയും ഫലമാണ്. മനസ്സ് ഈ
സ്ഥിതിയിലാകുമ്പോൾ, സ്വയം തിരയുന്ന അഹങ്കാരം, തൃപ്തിമാത്രം
നോക്കുന്നു. ഈ അവസ്ഥയാണ് വ്യാമോഹം. ഇതിൽനിന്ന് എന്തുവി
ലകൊടുത്തും മനസ്സിനെ ശുദ്ധീകരിക്കണം. അതുകൊണ്ട് ശിവപുരി
ബാബ മനസ്സിനെ കീഴ്പ്പെടുത്തേണ്ടവിധം പറയുന്നു:

"മനസ്സിൻെറ സ്വാധീനത്തിലുള്ള മനുഷ്യന് വളരെ ദുർബ്ബലമായ
ആത്മാവായിരിക്കും. ഈ മനസ്സിനെ കീഴ്പ്പെടുത്തിയാൽ ദൈവം അടു
ത്തെത്തും. ഒരു ബാഹ്യപ്രഭാവവും നിങ്ങളുടെ കർമത്തെ മുടക്കാനനു
വദിക്കരുത്.

ദീനമുള്ളപ്പോൾ ശരീരത്തിൻെറ സുഖം നഷ്ടപ്പെടുന്നു. അതു
പോലെ അജ്ഞാനമുണ്ടെങ്കിൽ പുരുഷനും സുഖമില്ല. വെയിലുള്ള
പ്പോൾ വയ്ക്കോലുണക്കുക. രാത്രിക്കു മുമ്പ് ലക്ഷ്യത്തിലെത്തുക.
വേഗം വരൂ, കുതിക്കൂ. അമാന്തവും മടിയും ദൂരത്തെറിയൂ. നിങ്ങൾ
നിശ്ചയിച്ചുവോ? ഉവ്വ്. എന്നാൽ മനസ്സ് തയാറല്ല. ഈ അനിശ്ചിതാ
വസ്ഥ സാവധാനത്തിൽ ഇഞ്ചിഞ്ചായി വേരോടെ കളയണം. ഈ
തരത്തിലുള്ള മാനസികാവസ്ഥയെ പെട്ടെന്ന് ഇല്ലാതാക്കാൻ വിഷമമാ
ണ്. നമ്മൾ മൂല്യങ്ങളെ സ്വീകരിക്കുമ്പോൾ മാത്രമേ ഇത് പതുക്കെ

മറയുകയുള്ളൂ. ഇവിടെ ഇപ്പോൾ നിങ്ങൾ ഇരിക്കുന്നതിനാൽ നിങ്ങളതിൽ നിന്നു മാറാതെ മറ്റാർക്കും ഇരിക്കാൻ കഴിയുകയില്ല. അതേവിധം ഇത്-നിങ്ങളുടെ പഴയമാനസികത-നിങ്ങളെ കുടുക്കുന്നു. സാവധാനത്തിൽ മൂല്യങ്ങളും ധർമവും അനുഷ്ഠിച്ചാൽ ഈ മാനസികത കാഴ്ചക്കപ്പുറം മറയും. നിങ്ങളുടെ കുട്ടിയെ പോലെ ഈ മാനസികത വളർച്ചാവസ്ഥയിലായതിനാൽ ചിലപ്പോൾ ആ വാശി നിങ്ങൾ വകവച്ചു കൊടുക്കേണ്ടിവരും. അതിനു പ്രായമാകുമ്പോൾ നിങ്ങൾക്ക് അതുമായി കഠിനവ്യവഹാരം ചെയ്യേണ്ടിവന്നേക്കാം. അതായതു നിങ്ങൾ നിങ്ങളുടെ സഹായം നിഷേധിക്കേണ്ടിവരും.

മൂന്നാമത്തെ വിഷയം ആദ്ധ്യാത്മികജീവിതമാണ്. ഇപ്പോൾ നാം ആ പരമോദ്ദേശത്തിൽ-യാതൊന്നിന്നു വേണ്ടി മറ്റെല്ലാ പ്രവർത്തിയും കേവലം ഒരുക്കം മാത്രമാകുന്നുവോ യാതൊന്നിൻെറ നേട്ടം മനുഷ്യജീവിതത്തിൻെറ പരമലക്ഷ്യമാകുന്നുവോ-അതിൽ നാം പ്രവേശിക്കുകയാണ്. ഇതിനെ ദൈവബോധം, സത്യബോധം, സത്യജ്ഞാനം, ദൈവജ്ഞാനം, ജീവിതാർഥം, ദൈവപ്രാപ്തി തുടങ്ങി വിവിധ രുപത്തിൽ ശിവപുരിബാബ വിവരിച്ചിട്ടുണ്ട്. ഇവിടെ ബുദ്ധിയോമനസ്സോ നമുക്കു സഹായമാവില്ല. ഭക്തിക്കു മാത്രമേ കഴിയൂ. മനുഷ്യന് ഒരിക്കലും ദൈവത്തെ കാണാൻ കഴിയില്ല. എന്നാൽ ധ്രുവകുമാരനെപോലെ, ആവശ്യമായ മാനസിക ഗുണമുണ്ടെങ്കിൽ, ദൈവത്തെ തന്നിലേയ്ക്കു കൊണ്ടുവരാൻ കഴിയും. അങ്ങനെ ബുദ്ധിക്കും മനസ്സിനും ദൈവദർശനം സാദ്ധ്യമല്ലെങ്കിലും, ദൈവത്തെ അറിയണമെങ്കിൽ അവ നല്ല സ്ഥിതിയിലാകണം.

മേൽപ്പറഞ്ഞ മൂന്നു വിഷയത്തിൻേറയും സ്വതന്ത്രസ്വഭാവത്തിലുള്ള ഊന്നൽ ശിവപുരിബാബയുമായുള്ള സംസാരത്തിൽനിന്ന് എനിക്ക് ബോദ്ധ്യമായി. ഓരോന്നിനും വ്യത്യസ്ത രംഗവും വ്യത്യസ്ത ലക്ഷണവുമുണ്ട്. ബുദ്ധികൊണ്ട് നാം ഈ ലോകം ജയിക്കുന്നു. ലൗകിക സുഖം നേടുന്നു. മനസ്സാൽ നമ്മെ തന്നെ ജയിച്ച് സന്തോഷവും സംതൃപ്തിയും സ്വർഗസുഖത്തിൻെറ അനുഗ്രഹവും നേടുന്നു. ഭക്തിയാൽ നാം നമ്മെ ദൈവത്തിലർപ്പിക്കുകയും അങ്ങനെ ശാന്തിയാകുന്ന എല്ലാം കാണാൻ മറ്റെല്ലാം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മുന്ന് ഭിന്നവ്യാപാരത്തിൻെറ മൂന്നു വ്യത്യസ്ത അന്തിമബിന്ദുക്കൾ ലോകജ്ഞാനവും ആത്മജ്ഞാനവും ദൈവജ്ഞാനവുമാണ്. ഒരു മനുഷ്യന് ഇവയിൽ ഓരോന്നുമായും അല്ലെങ്കിൽ എല്ലാമായും ബന്ധപ്പെടുത്താൻ കഴിയും. എന്നാൽ അയാളൊരു ദുർബലമാനസനും ബുദ്ധിശുന്യനുമാണെങ്കിൽ ദൈവബോധത്തിനായി പോകുന്നത് ഉപയോഗശുന്യമാണ്. ലോകബോധത്തിനു മാത്രമായി ബന്ധപ്പെടുത്തിയാൽ അയാൾക്ക് സുഖകരവും വിജയകരവുമായ ജീവിതം കിട്ടും.

പക്ഷേ മരണത്തിൽ ഇവയെല്ലാം അവസാനിക്കും. ആത്മജ്ഞാനത്തിലേയ്ക്കു ബന്ധപ്പെടുത്തിയാൽ ശാശ്വതസുഖം ലഭിക്കും. എന്നാൽ അത് ലോകാവസാനംവരെ മാത്രം. ലോകാവസാനത്തോടെ എല്ലാം നശിക്കും. അയാൾ എവിടേയുമല്ലാതാകും. അതിനാൽ ദൈവജ്ഞാനം മാത്രമാണ് സൃഷ്ടിയുടെ ലക്ഷ്യവും പരമപ്രധാനവുമായത്.

മനുഷ്യസാദ്ധ്യമായത്ര ബുദ്ധി ആർക്കും വികസിപ്പിക്കാം. ഇതിനർത്ഥം ചിന്താശക്തി എന്നത് മാത്രമല്ല. ലൗകികജീവിതത്തോടു ചേർന്ന എല്ലാ ശക്തിയും പ്രവർത്തനരീതിയും ചേർന്നതാണ്. മനുഷ്യന് എല്ലാ സൃഷ്ടിവിശേഷങ്ങളേയും നയിക്കാൻ കഴിയും. സുഖജീവിതം ഉറപ്പാക്കുന്നു. എന്നാൽ ഇതുകൊണ്ടുമാത്രം ശക്തവും ശുദ്ധവുമായ മാനസം ലഭിക്കില്ല. എല്ലാ ശക്തിയും അവനുണ്ടെങ്കിലും സാത്വികത നഷ്ടമാകും. അതിനാൽ മരണാനന്തരം ഒരു ശോചനിയസ്ഥിതിയിലേയ്ക്ക് തള്ളപ്പെടുന്നു. അദ്ദേഹത്തിന് മാനസികാധപ്പതനമില്ലെങ്കിലും മരണാനന്തരം നിലനിർത്താവുന്ന ആ ശക്തമായ പാത്രവും അതിൽ നിറഞ്ഞിരുന്നതും ഉണ്ടാവില്ല.

ഈ സ്ഥിതി ശോചനീയമല്ലെങ്കിൽപോലും ഒരു ഭൂതത്തെപ്പോലെ അർഥശൂന്യമാകും. അദ്ദേഹത്തിൻെറ ജീവാത്മാവ്, അതിൻെറ മാർഗം തുടരാൻ മറ്റൊരു പാത്രത്തിന് നിർബന്ധിതമാകും. മൂല്യപരിശീലനത്താലും അച്ചടക്കത്താലും കിട്ടിയ ശക്തവും ശുദ്ധവുമായ മനസ്സുള്ളവൻെറ സ്ഥിതി ഇതിനേക്കാൾ എത്രയോ അനുകൂലമാണ്. എന്നാൽ അവനു ബുദ്ധിയില്ലെങ്കിൽ ജീവിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയില്ല. അതിനാൽ അവൻ ദൈവദർശനമെന്ന യഥാർഥ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കും. അവന് നിർവികല്പസമാധിയും-വെറും സുഖാനുഭൂതി-ദൈവബോധവും തമ്മിലുള്ള വ്യത്യാസം പോലും ഗ്രഹിക്കാൻ കഴിയില്ല. അങ്ങനെ അവന് തെണ്ടിത്തിരിയേണ്ടി വരും.

കൂർമബുദ്ധിയും ശക്തദൃഢമനസ്സും ചേർന്നാൽപോലും ദൈവസാമീപ്യത്തിന് മതിയാവുകയില്ല. അതിന് മൂന്നാമത്തേതും തികച്ചും വ്യത്യസ്തവുമായ പരിപാടി ആവിഷ്കരിക്കണം. ഈ പരിപാടിക്കുള്ള സാമാന്യനാമം ധ്യാനം എന്നാണ്.

ദൈവബോധം എങ്ങനെ നേടാമെന്ന് 'കന്യക'മാർക്ക് നല്കിയ ഉത്തരം സിദ്ധാന്തങ്ങളെല്ലാം സമാഹരിക്കുന്നു. ഇതിനകം ഉദ്ധരിച്ചതുമാണ്:

ശി.ബാ: ദൈവത്തെ മാത്രം ഓർക്കുക. മറ്റെല്ലാ ചിന്തകളും മനസ്സിൽ നിന്ന് മാറ്റുക. മറ്റെല്ലാം മറയുമ്പോൾ നിങ്ങൾ ദൈവത്തെ കാണും- ഒരു മിന്നൽപോലെ.

അപൂർവംപേർക്കേ ആരംഭം മുതൽ ഈ മാർഗം പിന്തുടരാനുള്ള ഊർജ്ജസ്സാർന്ന മനസ്സുണ്ടാകുകയുള്ളു എന്നതിനാൽ നാം അടി

വച്ചുവച്ചു പോകണം. ധാരണ, ധ്യാനം, സമാധി എന്നീ മൂന്നു ഘട്ടങ്ങൾ സംസ്കൃതത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ചോദ്യം: ധ്യാനത്തെപറ്റി ചില സൂചനകൾ തരുമോ?

ശി.ബാ: ധ്യാനത്തിന് മൂന്നു ഘട്ടമുണ്ട്-സമാധി, ധ്യാനം, ധാരണ. സമാധി സത്യത്തിലുള്ള ഏകാഗ്രതയാണ്. ധ്യാനം ഏതെങ്കിലും പ്രത്യേക ലക്ഷ്യം ദീർഘനേരം ചിന്തിക്കലാണ്. ധാരണ സത്യം പരിമിതമായി ചിന്തിക്കലും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ധ്യാനം മഹത്തായ ചിന്തയാണ്. ഇത് ആരോഗ്യം നന്നാക്കുന്നു. അത്യധികം സഹായപ്രദമായ ആശയങ്ങൾ തരുന്നു. പുറമെ നമ്മുടെ ആത്മീയപുരോഗതിക്ക് അത്യാവശ്യവുമാണ്. ധ്യാനം ഒരു ഭ്രാന്തസ്വരൂപമാണ്. അതിനാൽ അതിനൊരു പ്രത്യേക മുറി ഉണ്ടാകുന്നത് നന്നായിരിക്കും. പ്രോത്സാഹനത്തിന് ശ്രീരാമൻെറയും ശ്രീകൃഷ്ണൻെറയും, ഋഷിമാരുടേയും ചിത്രം വയ്ക്കാം. ചന്ദനത്തിരിയും (പരിമളം) യജ്ഞാഗ്നിയും വയ്ക്കാം. കാരണം അവ മനസ്സും പരിസരവും ശുദ്ധീകരിക്കുന്നു.

ചോദ്യം: ധ്യാനത്തിനു പറ്റിയ സമയം ഏതാണ്?

ശി.ബാ: അതികാലത്ത്. ശൗച്യത്തിനും കുളിക്കും ശേഷം പ്രാണായാമം രണ്ടോ മൂന്നോ തവണ ചെയ്യണം. ദിവസം പത്തിൽ കൂടുതൽ അരുത്. സുസ്ഥിതിയിൽ നേരെ ഇരുന്നു ധ്യാനം തുടങ്ങുക.

ചോദ്യം: ഏകാഗ്രതയും ധ്യാനവും ഒന്നുതന്നെയാണോ?

ശി.ബാ: അതെ. കാരണം രണ്ടും ഏകാഗ്രമായ ചിത്തത്തെ കുറിക്കുന്നു. കാരണം ധ്യാനത്തിൽ ബോധം ബാഹ്യലോകത്തും അന്തർലോകത്തും ഉള്ളപ്പോൾ. ഏകാഗ്രതയിൽ അന്തർലോകത്തിൻെറ മാത്രം ബോധമേ ഉള്ളൂ.

ചോദ്യം: സാത്വികതയെപറ്റി അങ്ങയുടെ ആശയമെന്താണ്?

ശി.ബ: സാത്വികതയുടെ ധാരണ ദേശവും കാലവും അനുസരിച്ചു മാറും. പരിശുദ്ധജീവിതത്തിന് ഏതു സാത്വികവിധിയും ലംഘിക്കാം. സാർവ്വലൗകിക സംസ്കാരം തെറ്റോ കുറ്റമോ ചെയ്യാതിരിക്കുകയെന്നതാണ്. മറ്റു സാംസ്കാരിക രീതിയിൽ നാം സിദ്ധാന്തവാദിയാകരുത്. സാമൂഹ്യസ്ഥിരത സാത്വികവിധിക്കെതിരായിപ്പോലും നിലനിർത്തണം.

ചോദ്യം: പരിശുദ്ധ ജിവിതത്തിൻെറ ഉത്തമഗ്രന്ഥം നമുക്കെവിടെ കാണാൻ കഴിയും?

ശി.ബാ: നാലു വേദങ്ങളിൽ. പിന്നെ രാമായണം, ഭാഗവതം, ഭാരതം. എന്നാൽ ഗ്രന്ഥോപദേശങ്ങൾ പൊതുരൂപത്തിൽ മാത്രമാണെന്നോർക്കണം. പ്രത്യേക വിശ്വാസികൾക്ക് ആത്മബോധമുള്ള ഗുരുവിൻെറ മേൽനോട്ടം ആവശ്യമാണ്.

പരിശുദ്ധജീവിതവും ധ്യാനവും ജീവിതനിഷേധത്തിൻെറ മാർഗമല്ല. എന്നാൽ അതുണ്ടാക്കുന്നതാണ്. ജീവിതം സ്വീകരിച്ച്, നേർവഴിക്കു നയിച്ച്, അതു സ്ഥാപിക്കാനും ധ്യാനത്താൽ സത്യബോധം ലഭിക്കാനുമുള്ള കഴിവും നമുക്കു കിട്ടുന്നു. ഒരാൾക്കും ജീവിതം നിഷേധിക്കാനാവില്ല. ദൈവനിർദ്ദിഷ്ടമായ മൂന്നുമടങ്ങുള്ള കർത്തവ്യം ഒരാൾക്ക് പാലിക്കാനുള്ളതുകൊണ്ട് അയാൾ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനാഗ്രഹിക്കുന്നു. ത്യാഗമെന്നാൽ ജീവിതത്തിൽനിന്ന് ഓടിപ്പോകുകയാണെന്നതിനാൽ അതിൻെറ പ്രശ്നത്തിൽനിന്നും ഓടുകയാണ്. അത്തരം ത്യാഗത്താൽ ജീവിതത്തിൻെറ ആന്തരാർഥം നഷ്ടപ്പെടുകയാണ്. എങ്കിലും ദൈവദർശനമോ മരണമോ എന്നു ശപഥം ചെയ്തവർ, ഈ ലൗകികജീവിതം ത്യജിക്കുകയും ധ്യാനത്തിന് കാട്ടിൽ പോകുകയുമാകാമെന്ന് പറയേണ്ടതുണ്ട്. ഈ ജീവിതം നിലനിർത്തിയും ധ്യാനം സാദ്ധ്യമാണ്. ഒരാൾക്ക് അദ്ദേഹത്തിൻെറ കർത്തവ്യങ്ങൾ ചെയ്യുമ്പോഴോ കാട്ടിലോ ധ്യാനിക്കാം. എന്നാൽ വനത്തിൽ ജീവിതം നയിക്കുമ്പോഴും ഒരാൾക്കു മൂന്നുമടങ്ങുള്ള കർമങ്ങൾ നിർവഹിക്കേണ്ടതുണ്ട്. വനവാസമെന്നാൽ, "യോഗവ്യാസ"ത്തിൻെറയോ തപസ്സിൻെറയോ ജീവിതമല്ല. വനത്തിൽ ഒരു സത്യാന്വേഷകന് പരിശുദ്ധജീവിതത്തിൻെറ പരിശീലനവും നേരിട്ടുള്ള ദൈവധ്യാനവും വേണം.

പരിശുദ്ധജീവിതപഥം ദുർഘടവും പറയുംപോലെ അനുഷ്ഠിക്കാൻ പറ്റാത്തതുമാണ്. ബാഹ്യേന്ദ്രിയങ്ങളുടെ ഓരോ പ്രവർത്തനവും അളക്കുകയും അറ്റകുറ്റമില്ലാതെ നിർവഹിക്കുകയും വേണം. നമ്മുടെ കുപ്പായം അളന്നു തുന്നുന്നതുപോലെ നമ്മൾ ജീവിതം അളക്കുകയും നിർമിക്കുകയും വേണം. അളവ് ആവശ്യത്തിൽ കൂടുകയോ കുറയുകയോ അരുത്. നമ്മുടെ ജീവിതം കൃത്യമായി നിയന്ത്രിച്ചാലേ ധ്യാനത്തിനു വേണ്ട സമയവും ഊർജ്ജവും കിട്ടുകയുള്ളു. യഥാർഥധ്യാനം കുത്തഴിഞ്ഞ ജീവിതത്തിൽ സാദ്ധ്യമല്ല.

ധാരണ - ഒന്നാംഘട്ടം

ഇതിനർഥം മനസ്സിനെ പിടിച്ചുനിർത്തുകയും കഴിഞ്ഞ കാര്യങ്ങൾ ഓർമിക്കുകയും ഓർമകൾ ഒന്നിച്ചു മനസ്സിൽ സൂക്ഷിക്കുകയുമാണ്. ധാരണം എന്ന വാക്ക് വളരെ പുരാതനമാണ്. ആയിരക്കണക്കിനു കൊല്ലങ്ങൾക്കു മുമ്പ് ഋക്‌വേദം തീർത്ത മുനിമാർ ഉപയോഗിച്ച അതേ അർഥത്തിലാണ് ശിവപുരിബാബയും ഉപയോഗിച്ചത്. അത് യഥാർഥത്തിൽ ലോകമാകെ സ്വീകരിച്ച ഭക്തിമാർഗത്തിൻെറ പ്രവർത്തനരീതിയാണ്. കത്തോലിക്കനെന്ന നിലക്ക് വ്യക്തിഗതമായി എന്നോട് ഇടക്കിടയ്ക്ക് പുഷ്പാരാധന ചെയ്യാനും നാമകീർത്തനത്തിനും ബൈബിൾ പഠിക്കാനും മുനിമാരുടെ ജീവിതകഥകളും

പഠിക്കാനും പ്രത്യേകം ഉപദേശിച്ചിരുന്നു. ധാരണ ഏതുകാലത്തും എല്ലാ മതത്തിലും ആത്മീയജീവിതത്തിൻെറ ഭാഗമായതിനാൽ കൂടുതൽ ഉദാഹരണം അനാവശ്യമാണ്. ഇതിൻെറ ഉദ്ദേശം അടുത്ത ഘട്ടത്തിന്നുപയോഗപ്രദമായ മാനസിക സന്നദ്ധത ഉണ്ടാക്കുകയാണ്.

ധ്യാനം - രണ്ടാംഘട്ടം

ഇതു കല്പിത ചിത്രനിർമാണമോ പ്രതിബിംബമോ വഴി ധ്യാനത്തിൻെറ രൂപമാണ്. സൂഫിയിൽ അതേ അർഥവും അതേ ലക്ഷ്യവുമുള്ള തത്തുല്യ പദം 'തസവ്വുർ' എന്നാണ്. മനസ്സിനെ നിർദ്ദിഷ്ട ലക്ഷ്യത്തിൽ, അതിനു പിന്നിലുള്ള വാസ്തവം രൂപധാരണ ചെയ്യുന്നതുവരെ, ഏകാഗ്രമാക്കുന്നു. ആത്മാവിനുമപ്പുറം നമ്മെ നയിക്കുന്ന പരമാത്മാവിൻെറ ആദ്യ കവാടമാണത്. ശിവപുരിബാബയുടെ ഭാഷണങ്ങളുടെ സുന്ദരമായ ഒരു ഭാഗം ഉദ്ധരിക്കുകയെന്നതിൽ കൂടുതൽ എനിക്കൊന്നും കഴിയില്ല.

ശി.ബാ: ഈ മനുഷ്യജീവിതത്തിൻെറ ഏകേദ്ദേശം ദൈവബോധമല്ലാതൊന്നുമല്ല. കഴിയുന്നത്ര ഭക്തിയോടും സ്നേഹത്തോടും കൂടി തുടക്കത്തിൽ അവതാരരൂപത്തിൽ അദ്ദേഹത്തെ ധ്യാനിക്കുക. നിങ്ങളുടെ മുമ്പിൽ തന്നെ നില്ക്കുന്നപോലെ അദ്ദേഹത്തെ സങ്കല്പിക്കുക. അദ്ദേഹത്തിൻെറ കിരീടം സൂര്യനേക്കാൾ പ്രഭാപൂരിതമാണ്. അദ്ദേഹത്തിൻെറ ചുവന്ന കണ്ണുകൾ താമരപോലെ വിലസുന്നു. അദ്ദേഹത്തിൻെറ കണ്ഠം മുഴുവൻ അമൂല്യമുത്തുമാലയും കൗസ്തുഭമാലയും വനമാലയും അലങ്കരിക്കുന്നു. അദ്ദേഹത്തിൻെറ നാലുകൈകളിൽ ശംഖചക്രഗദാപത്മങ്ങൾ പിടിച്ചിരിക്കുന്നു പീതാംബരം ധരിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ ശരീരം നീലവർണമാണ്. അദ്ദേഹത്തിൻെറ മുഖത്ത് പുഞ്ചിരി- ദയാകടാക്ഷപുഞ്ചിരി. അദ്ദേഹത്തിൻെറ പ്രായം ഭക്തരിൽ അനുഗ്രഹം നൽകാൻ തയാറായ ഒരു മോഹനകിടാവിനൊപ്പം. വാസുദേവമെന്നു പറയുന്ന അദ്ദേഹത്തിൻെറ രൂപം ഇപ്രകാരമാണ്. അദ്ദേഹത്തിൻെറ രൂപത്തിൽ തുടർച്ചയായാരാധിക്കുക. അദ്ദേഹമൊഴികെ എല്ലാം മറക്കുക. പ്രാർഥിക്കുക: "ഈശ്വരാ, അനുഗ്രഹിക്കുക." പറയൂ. കൂകിവിളിക്കൂ. പൊട്ടിചിരിക്കൂ. നൃത്തംചെയ്യൂ. നിങ്ങളുടെ ഉന്മത്തമായ കണ്ണീരു വീഴട്ടെ! അദ്ദേഹമുള്ളതുകൊണ്ട് ഇതെല്ലാം. അദ്ദേഹമില്ലെങ്കിൽ ഒന്നുമില്ല. നിങ്ങളുടെ മനസ്സ് ഈ രൂപത്തിൽ നിശ്ചലമാകാൻ ഒരാസനത്തിൽ ഇരിക്കൂ. നിങ്ങൾക്കൊറ്റ നിമിഷം കൊണ്ട് എല്ലാരൂപവും ഒന്നിച്ചു ചിന്തിക്കാൻ സാദ്ധ്യമല്ലെങ്കിൽ കേശം മുതൽ പാദം വരെ ഓരോന്നായോർക്കൂ. ഇത് തുടർച്ചയായി പരിശീലിക്കൂ. കഴിയുന്നത്ര സമയം സമർപ്പിക്കൂ. പൂവും പരിമളവും കൊണ്ട് പൂജിക്കൂ. പാദാരവിന്ദങ്ങളിൽ നമസ്കരിക്കൂ. ഈ രൂപത്തിൽ നിങ്ങളുടെ ഏകാഗ്രത നഷ്ടപ്പെടുമ്പോൾ ധാരണയിലേയ്ക്കു മടങ്ങൂ. നിങ്ങളുടെ

സങ്കല്പം അദ്ദേഹത്തിൻെറ സാമൂഹ്യലീലകളാകട്ടെ. അദ്ദേഹത്തെ കുറിച്ചു മാത്രമുള്ള അത്തരം പഠനങ്ങളാകട്ടെ! വീണ്ടും അദ്ദേഹത്തിൽ ഏകാഗ്രചിത്തനാകാൻ ശ്രമിക്കുക. ധാരണയിലേയ്ക്കു മടങ്ങുക. വീണ്ടും വീണ്ടും ശ്രമിക്കുക. ഇതുപോലെ വർഷാവർഷങ്ങാം പിന്നിടുക. വിചാരത്തിലെല്ലാം നിങ്ങളുടെ നിഴലുപോലെ അദ്ദേഹം അടുത്തുള്ളതായി സങ്കല്പിക്കുക. അപ്പോാം ഒരു ദിവസം നിങ്ങളദ്ദേഹത്തെ യഥാർഥത്തിൽ മുമ്പിൽ കാണും. നിങ്ങളുടെ സന്തോഷത്തിനതിരുണ്ടാവുകയില്ല. നിങ്ങളുടെ അജ്ഞാനവും സുഖദുഃഖവുമെല്ലാം മറയും. നിങ്ങളുടെ വീക്ഷണഗതിയാകെ മാറും.

ഇത്തരം നിരവധി വിവരണങ്ങാം, ശ്രീരാമകൃഷ്ണൻെറയും മറ്റു ഭാരതീയ സന്യാസിമാരുടേയും ജീവിതത്തിൽ കാണാം. കൂടുതൽ ഉദാഹരണങ്ങാം നല്കുന്നതിനാവശ്യമാണ്.

സമാധി - മൂന്നാംഘട്ടം

ഇതു മോക്ഷത്തിൻെറ അതായത് കർത്താവും കർമവും തമ്മിലുള്ള ലയനം വ്യക്തിയായ പുരുഷനും പരമസത്യവും തമ്മിലുള്ള ലയനം, നിർമാണത്തിനുള്ളതാണ്.

സമാധി ധ്യാനമായെടുക്കുന്ന തെറ്റ് പറ്റാതെ നാം ശ്രദ്ധിക്കണം. ഇപ്പോാം ഉദ്ധരിച്ച സംഭാഷണത്തിൽ രൂപത്തിലുള്ള ദൈവസാന്നിദ്ധ്യം നേർബോധത്തിൻെറ അത്ഭുതത്താൽ ആശ്ചര്യപ്പെടുത്തിയശേഷം ശിവപുരിബാബ തുടർന്നു പറഞ്ഞു.

ശി.ബാ: ഇവിടെ വീണ്ടും ശ്രദ്ധിക്കുക. ഇവിടെ നിർത്തരുത്. അത് എല്ലാമല്ല. വീണ്ടും സമാധിയുണ്ട്-ഈ സൃഷ്ടി എവിടെ നിന്നുണ്ടായി എന്ന പ്രശ്നം. ഇവിടെനിന്ന് അപ്പുറത്തേക്ക് നോക്കു-ജ്ഞാതസ്രോതം. ഈ സൃഷ്ടി ആ അജ്ഞാതസ്രോതസ്സാൽ കല്പിതരൂപം മാത്രമാണ്. പോയി അതിനെ അറിയു. അവിടെ ശൂന്യതയിലേയ്ക്ക് ഒരു യഥാർഥ എത്തിനോട്ടം നടത്തു. അപ്പോാം എല്ലാമായി. പരമലക്ഷ്യം പ്രാപിച്ചു.

മറ്റൊരു സംഭാഷണത്തിൽ, മൂന്നാമത്തേയും അവസാനത്തേതുമായ ഘട്ടമെത്തുമ്പോാം, മനുഷ്യൻെറ പ്രാധാന്യം അദ്ദേഹം ഊന്നി പറഞ്ഞു. അതുവരെ ജീവിതം തിട്ടപ്പെടുത്താൻ അവൻെറ ബുദ്ധിയേയും ഭേദഭാവത്തേയും ആശ്രയിക്കേണ്ടിവന്നു. അവൻെറ ഭക്തിയും ദൈവതൃഷ്ണയും ധ്യാനം നിലനിർത്താനും വേണ്ടിവന്നു. ഇവ മൂന്നും എത്ര തന്നെ ബലവത്തായാലും അവനെ ലക്ഷ്യത്തിലെത്തിക്കയില്ല.

ശി.ബാ: ഈ ബോധം ദൈവകൃപയാൽ മാത്രമേ സാദ്ധ്യമാകൂ. സ്വധർമത്തിൻെറ മാർഗ്ഗത്തിൽ കർമം അനുഷ്ഠിക്കുന്ന അത്തരമൊരുത്തനുമാത്രം. അതായത് ഈ മൂന്നു സിദ്ധാന്തങ്ങളിൽ കൂടിയും.

എന്നാലും അതിൽ നിന്നുള്ള ഫലേച്ഛ കൂടാതെയും എല്ലാം ദൈവത്തിൽ സമർപ്പിച്ചും എല്ലായ്പ്പോഴും ദൈവാന്വേഷണത്തിൽ അവൻെറ മിക്ക സമയവും അഗാധമായി ഉലഞ്ഞും ഉള്ളവനാണ് ദൈവകൃപയ്ക്കു പാത്രമാകുന്നത്.

ഈ ആത്മബോധം ലഭിക്കുമ്പോൾ മനുഷ്യനു സിദ്ധിക്കാൻ കഴിയാത്തതൊന്നുമില്ല. അവൻ സർവജ്ഞനാകുന്നു. അദ്ദേഹത്തിൻെറ വെറും ചിന്താശക്തിയാൽ പോലും വസ്തുക്കളുടെ ആകത്തുക പെട്ടെന്നറിയാൻ കഴിയും. അതിനും തടസങ്ങളില്ല. അദ്ദേഹത്തിൻെറ വിചാരത്തിനും അതിൻെറ ഫലത്തിനുമിടയ്ക്ക് ഗണിക്കപ്പെട്ട വസ്തു കാണപ്പെടുന്നു. നീണ്ടുനീണ്ടു വിസ്തൃതമായ ആകാശമോ സമയമോ ഇല്ല. അദ്ദേഹത്തിൻെറ വിചാരനിർവഹണത്തിനു ബാഹ്യലോകവുമായി യാതൊന്നും ചെയ്യുകപോലും വേണ്ട.

സമാധിയിൽത്തന്നെ പല ഭിന്നസ്ഥിതികളുമുണ്ട്. അവയിൽ ചിലത് അതിയായ സ്വർഗാനുഭൂതിയാലും ലോകബന്ധങ്ങളിൽ നിന്നും മുക്തമായി തോന്നുന്നതിനാലും അവിടെതന്നെ നില്ക്കാനുള്ള മോഹം പരമസത്യാന്വേഷി ശ്രദ്ധിക്കണം. ധാരണയും ധ്യാനവും സമാധിയുമാകുന്ന മൂന്നു ഘട്ടങ്ങളേയും ശ്രദ്ധയോടെ പരിശീലിച്ച ഒരുവന് ബാഹ്യലോകത്തിൽ നിന്നു പൂർണമായും തന്നെ വേർപെടുത്തുന്നതിൽ വിജയിക്കാൻ കഴിഞ്ഞേക്കാം. ഇക്കാര്യത്തിൽ ശിവപുരിബാബയുടെ ഉപദേശം അന്ത്യംവരെ നേരെ എത്താൻ കഴിയുന്നത്ര മനഃശക്തിയുള്ള ഒരുത്തനെന്തു സംഭവിക്കുമെന്ന വിവരണത്തിൻെറ രൂപത്തിലായിരുന്നു.

ശി.ബാ: ഈവിധം ബാഹ്യസൃഷ്ടികളിൽ നിന്ന് മുഖം തിരിച്ച ആ മനുഷ്യൻ സമാധിയുടെ ഉച്ചകോടിയായ നിർവികൽപസമാധിയിലെത്തി കുറച്ചുനേരം അവിടെ നിലയുറപ്പിക്കും. അവിടെ സൃഷ്ടിയും സൃഷ്ടിക്കപ്പെടലും ഇല്ലാത്തതിനാൽ ആ മനുഷ്യൻ പരമസുഖം ആസ്വദിക്കും. ഇതിന്മേൽ അദ്ദേഹം അദ്ദേഹമുൾപ്പെട്ടതല്ല. ഇവിടെ അയാൾ നില്ക്കുന്നു. ഇത്രമാത്രമെന്നു അയാൾ ചിന്തിക്കുന്നു. പരമസുഖാനുഭൂതിയിൽ കഴിയുന്നു. 'സാംഖ്യ'ക്കനുസരിച്ച് ഇത് അവസാനലക്ഷ്യമാണ്. അവർ പറയുന്നത് സൂര്യചന്ദ്രാദിയും ഈ പ്രപഞ്ചവും ഒരു പ്രപഞ്ചപിതാവിൻെറ ഭാഗങ്ങളല്ലാതെ മറ്റൊന്നുമല്ലെന്നാണ്. ഇതിനപ്പുറം ഒന്നുമില്ല. ഇതാണ് എല്ലാം എന്നവർ പറയുന്നു. മറ്റ് എല്ലാ സിദ്ധാന്തങ്ങളും ഇതുവരെ മാത്രം എത്തുന്നു. അവർ ഇതിനെ പരമമെന്നു കരുതുന്നു. ഇവിടെ മനുഷ്യനു തെറ്റുപറ്റി. ഈ പരമസുഖത്തിൻെറ ഘട്ടത്തോടെ അവൻ തൃപ്തനാകുന്നു. എന്നാൽ ഒരു ദിവസം ലോകനാശത്തോടെ അതും നശിക്കുന്നു. അതിനാൽ അവിടേയും ശാശ്വത സുഖമില്ല. പിന്നീടേ അവനതു ബോദ്ധ്യപ്പെടൂ. അയാൾ താൻ

സർവനാശത്തിലാണെന്നറിയുന്നു. അയാരം ബാഹ്യലോകം വിട്ടു 'അജ്ഞാതസാഗര'ത്തിലേയ്ക്കു പതിക്കുന്നു. അയാരം ബോധപൂർവം തിരസ്കരിച്ച അതേ ദുർഘടസ്ഥലത്തേയ്ക്കാണ് വീണ്ടും ഈ ജീവിതത്തിലേയ്ക്കുള്ള മടക്കമെന്നയാരം മനസ്സിലാക്കുന്നു. അതേ സമയം അതിനപ്പുറം ഉറച്ചു നില്ക്കാൻ കഴിയുന്നില്ല. അയാളപ്പോരം വളരെ അധികം നിരാശനാകുന്നു. സഹായത്തിനു മുറവിളികൂട്ടുന്നു. അയാളെ സഹായിക്കാൻ ചില അജ്ഞാതഹസ്തങ്ങരം ഉണ്ടെന്നിപ്പോരം അയാരം വിശ്വസിക്കുന്നതായി ഇതു കാണിക്കുന്നു- ഭഗവത്ക്കരങ്ങരം. അവിടെ ആ ഉഗ്രനിസ്സഹായതയിൽ അയാരം ആകെ ഉലയുന്നു. അല്ലെങ്കിൽ നിർവികല്പസമാധിയിലാണെങ്കിൽ അയാരം പൂർണ ശാന്തതയിലും പരമസുഖത്തിലും കഴിയുന്നു. ഈ ഉലച്ചിലും മടങ്ങാനുള്ള വിസമ്മതവും ആ ഉഗ്രനിസ്സഹായതയിൽ അവനുള്ളതിനുമപ്പുറം അയാളെ എത്തിക്കും. തൽഫലമായി ഏകാഗ്രചിത്തത അവനെ അഗ്രകോടിയിലും ആ പ്രകാശത്തിലും എത്തിക്കുന്നു. അവന് ബോധം കിട്ടുന്നു. അവൻ തന്നത്താൻ കാണുന്നു. അപ്പോഴാണ് മനുഷ്യൻെറ യഥാർത്ഥ ജീവിതം തുടങ്ങുന്നത്. എല്ലാ പ്രശ്നങ്ങരംക്കും പ്രായോഗികവും യാഥാർഥ്യവുമായ ഉത്തരം അദ്ദേഹം തന്നിരുന്നു. മനസ്സിനെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിലും അന്തിമദർശനത്തെ പറ്റി സംസാരിക്കുമ്പോഴും മനന്ധർ വഴി എനിക്കയച്ച സന്ദേശം കാണുന്നത്.

ശി.ബാ: ഇത് എല്ലാവരുടെ കാര്യത്തിലും പ്രാരംഭഘട്ടങ്ങളിൽ ഉണ്ടാകാറുള്ളതാണ്. മനംമുട്ടേണ്ട കാര്യമില്ല. ധാരണയിലും ധ്യാനത്തിലും സമാധിയിലും ഇരിക്കൂ. ധാരണ എന്താണ്? ക്രിസ്തുവിനെ ഓർക്കൂ. അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങരം, അദ്ദേഹത്തിൻെറ രൂപം, അദ്ദേഹത്തിൻെറ ജീവിത പ്രവർത്തനങ്ങരം. തുടങ്ങി നിങ്ങരംക്കദ്ദേഹത്തെ കുറിച്ചറിയാവുന്നതെല്ലാം ഓർക്കുക. പുറമെ തടാകം തുടങ്ങിയവയെക്കുടി ഓർക്കുക. അനുശാസനങ്ങളും അതുപോലുള്ളവയും പഠിക്കുക. സ്തുതികരം പാരായണം ചെയ്യുക. നാമം ജപിക്കുക. അങ്ങനെ ദൈവത്തിലല്ലാതെ മറ്റൊന്നിലും നിങ്ങളുടെ സമയം വ്യർഥമാക്കാതെ ദൈവത്തെ മാത്രം ധ്യാനിച്ചും ചിന്തിച്ചും കഴിയുക. ഒരു വലിയ വട്ടത്തിനുള്ളിലെന്നപോലെ എവിടെ നിങ്ങരം നില്ക്കുന്നുവോ അതു ധാരണയാണ്. ഇതും ധ്യാനത്തിൻെറ ഒരു രീതിയാണ്. തുടർന്ന് ജീവിതത്തിൻെറ അർഥമെന്തെന്നു ചിന്തിക്കുക. അപ്രകാരം ചെയ്യുമ്പോരം ദൈവത്തിൻെറ ഗൂഢസ്ഥിതിയിലേയ്ക്കു നിങ്ങരം തുളച്ചു കയറുകയാണ്. ഇത് നിങ്ങരംക്ക് കൂടുതൽ ഏകാഗ്രത കിട്ടുന്ന ധ്യാനമാണ്. എന്നാൽ വീണ്ടും 'ഞാനാരാണ്' എന്നപോലെ കൂടുതൽ കൂടുതൽ അന്വേഷണങ്ങരം നടത്തുമ്പോരം ധാരണയും ധ്യാനവുമാകുന്ന ആ വലിയ വട്ടത്തിൽനിന്ന് ആ ബിന്ദുവിലേയ്ക്കു കൂടുതൽ ഏകാഗ്രതയി

ലെത്തുന്നു. ധാരണയും ധ്യാനവും സമാധിയുമാകുന്ന ഈ പ്രവർത്തനം എണ്ണിയാലൊടുങ്ങാത്തത്ര ആവർത്തിക്കണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ മനസ്സ് ദൈവത്തിൽ നില്ക്കാൻ നിർബന്ധിതമാവുകയും ചെയ്യും. നിങ്ങളുടെ മനസ്സ് ഒരു നിമിഷാംശംപോലും ഇപ്പോൾ സമാധിയിലായിരിക്കുകയില്ല. കാലക്രമേണ മാത്രമേ നിങ്ങൾ വിജയിക്കുകയുള്ളൂ. ജീവിതവൈരാഗ്യവും തുടർച്ചയായ ദൈവധ്യാനപരിശീലനവും മാത്രമേ ഇതിനാവശ്യമുള്ളൂ. മാനസികതൃഷ്ണ കളയണം. ബാഹ്യകർത്തവ്യങ്ങൾ നിശ്ചിത ചിട്ടയിൽ കൃത്യമായി അനുഷ്ഠിക്കണം. ഇതിനു പുറമെയുള്ള കർമങ്ങളെല്ലാം ഒഴിവാക്കണം. തിട്ടപ്പെടുത്തിയതു വേണ്ടപോലെ നിർവഹിക്കണം. ദൈവബോധമില്ലാതെ ഒന്നും സാദ്ധ്യമല്ല. ഒരേ ഒരു ലക്ഷ്യം അതാവണം.

5

പഴയ സിദ്ധാന്തങ്ങളിൽ പുതുവെളിച്ചം

ഈ അദ്ധ്യായത്തിൽ ഭാരതീയ തത്വശാസ്ത്രത്തേയും കർമപഥത്തേയുംകുറിച്ച് ശിവപുരിബാബയുടെ പ്രഭാഷണങ്ങൾ ഏകീകരിക്കാനുദ്ദേശിക്കുന്നു. ഇവയിൽ മിക്കവാറുമെല്ലാം ഠാക്കൂർലാൽ മനന്ധർ തന്ന കുറിപ്പുകളിൽ നിന്നെടുത്താണ്.

ഈ സംഭാഷണം വേദവും ബ്രാഹ്മണവും അനുസരിച്ച് പഠിപ്പിച്ചിരുന്നതും പഠിക്കുന്നതുമായ രണ്ടു ജീവിതരീതിയെക്കുറിച്ചുള്ള വിചാരങ്ങളാണ്. ക്രിസ്തുവിന് ആയിരത്തി അറുനൂറ് വർഷം മുമ്പ് കപിലൻ കണ്ടെത്തിയ സാംഖ്യവും, പിന്നീടു ജീവിച്ച പതഞ്ജലിയോടു ബന്ധപ്പെട്ട യോഗയുമാണ് ഇവ. മൂന്ന് പ്രധാന തത്വസംഹിതയിൽ നിന്നുള്ള പല ഉദ്ധരണികളുമുണ്ട്. ആദ്യത്തെ ദ്വൈതം, ദൈവവും ലോകവും - ബ്രഹ്മനും ഭൌതികപ്രപഞ്ചവും - പരമവും മനുഷ്യാത്മാവും രണ്ടും യഥാർഥവും പരസ്പരം ഭിന്നവുമാണെന്നു പറയുന്നു. എട്ടാം നൂറ്റാണ്ടിൽ ജീവിച്ച മഹാതപസ്വിയും സന്യാസിയുമായ ശ്രീ ശങ്കരനോടു ബന്ധപ്പെട്ട അദ്വൈതമാണ് രണ്ടാമത്തേത്. "ബ്രഹ്മം മാത്രമാണ് യാഥാർഥ്യം. ലോകം മിഥ്യയാണ്. ആത്മാവ് ബ്രഹ്മനു സമമാണ്" എന്ന് ഈ സിദ്ധാന്തം സമർത്ഥിക്കുന്നു. മൂന്നാമത്തെ സിദ്ധാന്തം പത്താംനൂറ്റാണ്ടിൽ ജീവിച്ച രാമാനുജൻേറതാണ്. വിശിഷ്ടാദ്വൈതം അഥവാ പരിഷ്കരിച്ച അദ്വൈതംഎന്നറിയപ്പെടുന്ന ഇത് ബ്രഹ്മവും പ്രകൃതിയും യഥാർഥവും സമവുമാണെന്ന് സിദ്ധാന്തിക്കുന്നു. ഇതിനെ 'പരമ പാൻഥീയിസം' എന്നു പറയാൻ കഴിയും.

ശിവപുരിബാബയുടെ സിദ്ധാന്തങ്ങൾ ഭഗവദ്ഗീതയനുസരിച്ചാണ്. ആധുനിക ജീവിതരീതിക്കനുസരിച്ചു നവീകരിച്ച ഗീതയാണദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളെന്ന് അവകാശപ്പെടുന്നു. അദ്ദേഹത്തിൻെറ നിരൂപണങ്ങൾ പലപ്പോഴും ഭഗവദ്ഗീതയുടെ ആധാരമാക്കിയാണെന്നു സൂചിപ്പിക്കാറുണ്ട്. മനന്ധറുമായി മുൻപുനടന്ന സംഭാഷണത്തിൽ നിന്നെടുത്തതാണ് താഴെ കൊടുക്കുന്നു.

ശി.ബാ: അദ്വൈതം-നിശ്ചയിക്കുന്ന ലക്ഷ്യം നിശ്ചിത ഗുണത്തിലോ മേന്മയിലോ ശരിയായി വരുന്നുവെങ്കിൽ തന്നത്താൻ മതമോ

ജീവിതമോ വരണം. അതിനാൽ ലക്ഷ്യം മാത്രം അതായതു മനശ്ശാന്തി നിലനിർത്തുക. അത്രയധികം മഹത്വം ലക്ഷ്യത്തിനുമാത്രമായി ഈ ചിന്താഗതി നല്കുന്നു.

ദ്വൈതം- മതമോ ജീവിതമോ ആണ് ഏറ്റവും പ്രധാനം. കാരണം അതില്ലാതെ നിശ്ചയിക്കുന്ന ലക്ഷ്യം അതായതു മനശ്ശാന്തി നേടാൻ കഴിയുകയില്ല.

വിശിഷ്ടാദ്വൈതം- രണ്ടിനും തുല്യപ്രാധാന്യം. ഒന്നുമാത്രമായാൽ മറ്റേത് ശരിയായി എന്നുവരില്ല.

എന്നാൽ ഈ മൂന്നു ചിന്താഗതിയും ഒരു ബുദ്ധിമാന് ശരിയായി തോന്നണമെന്നില്ല. ദൃഷ്ടിയിൽ ലക്ഷ്യം മാത്രമേയുള്ളുവെങ്കിൽ നമ്മുടെ പരിപാടി പിൻതള്ളപ്പെടുകയും അതുവഴി നമ്മുടെ ലക്ഷ്യം വേണ്ടത്ര ഗുണമേന്മയിൽ നിർത്താൻ കഴിയാതെ വരികയും ചെയ്യുന്നു. രണ്ടും നിലനിർത്തിയാൽ പോലും നമുക്ക് സംതൃപ്തിയിലെത്താൻ സാധിക്കുകയില്ല. അഞ്ചുകാരണങ്ങൾ അതിനിടയ്ക്കു വരുന്നു - വിധി (ദൈവം), സമയം, സ്ഥലം, സ്ഥിതി, രാശി.

മനസ്സമാധാനം- നമ്മുടെ സൃഷ്ടിയുടെ സമനില നിലനിർത്താൻ നാം മതം എന്ന് പറയുന്ന ചില ജീവിത നിയമങ്ങൾ പാലിക്കേണ്ടതുണ്ട്. പുഷ്പങ്ങൾ സൂക്ഷിക്കുന്ന ഉദാഹരണത്തിലൂടെ അദ്ദേഹം പറഞ്ഞു: “നമ്മുടെ ദൃഷ്ടിക്കുള്ള ലക്ഷ്യം പുഷ്പങ്ങൾ സൂക്ഷിക്കുന്നതാണ്. നാം ചെയ്യുന്ന ഒരുക്കങ്ങളാണ് മതം. കൃത്യതുക ചിലവഴിച്ച നിശ്ചിതയത്നം നിശ്ചിതസമയത്ത് തീർക്കുന്ന പരിപാടി. ജയിക്കുന്നതോ തോല്ക്കുന്നതോ ആയ ജീവിതം ഈ പ്രയത്നത്തിൻെറ ആകത്തുകയാണ്.

ശി.ബാ: വിധിയും ദൈവവും അനുകൂലമല്ലെങ്കിലും ദൈവാരാധന നടത്തണം. പുഷ്പം കിട്ടാത്ത കാലമാണെങ്കിലും നമുക്കു വേണ്ടത്ര പുഷ്പം ലഭിക്കാതിരുന്നാലും, പുഷ്പം സൂക്ഷിക്കുക എന്ന ലക്ഷ്യത്തിൽ നാം പരാജയപ്പെട്ടേക്കാം. വർഷക്കാലത്ത് ചില പ്രത്യേക തരം പുഷ്പം കിട്ടുകയില്ല. അത്തരം സമയങ്ങളിൽ പുഷ്പം കിട്ടുകയില്ല. അതുപോലെ, വിപരീത സ്ഥിതികളിലും, പുഷ്പം സൂക്ഷിക്കുന്നതിൽ നാം പരാജയപ്പെട്ടേക്കാം.

എല്ലാ സൃഷ്ടിയും അതിൻെറ മൂലസ്ഥാനത്തേയ്ക്ക് തന്നെ മടങ്ങുമെന്ന, മൂലസ്വഭാവം നിലനിർത്തുമ്പോൾ കൂടി പാപികളേയും യോഗികളേയും ഒരുപോലെ നേരിടുന്ന സന്ദർഭങ്ങളിൽ അദ്ദേഹം തികച്ചും പ്രായോഗികരീതിയിലാണ്. ലോകം യഥാർത്ഥമാണെങ്കിലും അല്ലെങ്കിലും നമുക്ക് അവിടെ പെരുമാറേണ്ടതുണ്ട്. ലക്ഷ്യത്തിൻെറ ദൈവികസ്വഭാവത്തെ മാനിക്കുന്നതും വാസ്തവത്തെ അല്ലെങ്കിലും

വിചിത്ര കല്പനയുമായി കൂട്ടിയിണക്കുന്നതുമായ ഭാഷ്യമാണ് താഴെ കൊടുക്കുന്നത്.

ശി.ബാ: ഒന്നിനെപ്പററി അറിയുന്നതിലും അതുണ്ടാകുന്നതിലും വളരെ വ്യത്യാസമുണ്ട്. ഒന്നിനെക്കുറിച്ചുള്ള അറിവ് അതിൻെറ ബോധമായിരിക്കണമെന്നില്ല. ഉദാഹരണത്തിന് ഇംഗ്ലണ്ടുണ്ടെന്ന് നമുക്കറിയാം. എന്നാൽ ഈ ജ്ഞാനം അതിൻെറ ബോധമല്ല. എന്നാൽ യഥാർഥ സത്യാന്വേഷിക്ക് വെറും അറിവ് ഒരു ഗുണവും ചെയ്യില്ല. അത്തരം അറിവ് നമുക്ക് മഹാന്മാരുടെ എഴുത്തുകളിൽ നിന്നും വേദോപനിഷത്തുകളിൽ നിന്നും ലഭിക്കും. നാം അവയിൽക്കൂടിയെല്ലാം പോകുകയും സത്യത്തിൻെറ ജ്ഞാനം നേടുകയും ചെയ്തു. എന്നതിന്നർഥം നമുക്കതിൻെറ ബോധം ഉണ്ടായി എന്നാണോ? അതെ അറിവു സമ്പാദിക്കാൻ നമുക്ക് ചെയ്യാവുന്നത്ര ചെയ്തു. എന്നാൽ ഇതു കൊണ്ടു മാത്രം നമുക്ക് തൃപ്തിയാവുന്നില്ല. അതിനപ്പുറവും ചിലതുണ്ടെന്ന തോന്നലും അത് നേടാനുള്ള മോഹവും പിന്നെയുമുണ്ടാവും. അതെങ്ങനെ ഒഴിവാക്കാം? സ്വന്തം പ്രവർത്തനരീതി പ്രവചിക്കുന്ന ഒരുപാട് ചിന്തകന്മാരുണ്ട് ആരെ വിശ്വസിക്കണം? അടുത്തപടി എന്താണ്? അദ്വൈതം പറയുന്നു: "ജീവിതവ്യാമോഹം ത്യജിച്ചു മറുവശം നോക്കുക." അപ്രകാരം ബാഹ്യലോകത്തിൻെറ പൂർണതിരസ്കരണത്തിൻെറ ആവശ്യം ഊന്നിപ്പറയുന്നു. അല്ലെങ്കിൽ ഇതെല്ലാം എന്താണ്? നമ്മുടെ ജീവിതം ഓരോ ക്ഷണത്തിലും ഒന്നല്ലെങ്കിൽ മറ്റൊന്ന് പുറമെനിന്നാവശ്യപ്പെടുന്നു. വിശപ്പ്, ദാഹം, മറ്റുചിലത് എല്ലാം, നമ്മളെ ബാഹ്യലോകത്തുനിന്ന് എപ്പോഴും കുത്തുന്നു. ഈ ജീവിതരീതിയിൽ അവാഞ്ഛനീയമായ പലതുമുണ്ട്. പ്രയോജനം നോക്കുമ്പോൾ എന്തായാലും, ഈ സിദ്ധാന്തം തീരെ ബുദ്ധിപൂർവമല്ല.

ശി.ബാ: ദ്വൈതം തികച്ചും മറ്റൊന്ന് നമ്മെ ഉപദേശിക്കുന്നു. ഇതു എല്ലാമാണെന്ന് അവർ പറയുന്നു. ഈ ജീവിതവും ഭൌതിക ലോകത്തിലെ ആസ്വാദനവും. ജീവിക്കുക, ആസ്വദിക്കുക എന്നതാണവരുടെ കാഴ്ച. ശരി നമ്മൾ ജീവിക്കുന്നു എന്നും ജീവിതമാസ്വദിക്കുന്നു എന്നും സങ്കല്പിക്കുക. എന്നാൽ ഇത് നമ്മെ തൃപ്തിപ്പെടുത്തുമോ? നാം ആസ്വദിക്കുന്ന കർമം എപ്പോഴും നമ്മോടൊപ്പമില്ല. അവ വരികയും പോവുകയും ചെയ്യുന്നു.

നമ്മൾ ചിലപ്പോഴാസ്വദിക്കുന്നു. മറ്റു ചിലപ്പോൾ വേദനയോടെ പിടയുന്നു. ഇതിലും മാനസിക സ്ഥിരത ലഭിക്കുന്നില്ല. ഈ രീതിയിലുള്ള ജീവിതം നമുക്കെങ്ങനെ കൈവരിക്കാൻ കഴിയും? ഇത്തരം ജീവിതം യുക്തിപൂർവമല്ലെന്ന് നാം കണ്ടെത്തുന്നു.

ശി.ബാ: ചുരുക്കത്തിൽ അദ്വൈതം ജ്ഞാനവും വിരക്തിയും (ആദ്ധ്യാത്മികവിഷയം) വിശിഷ്ടഭക്തിയും സൽസ്വഭാവവുമാണ് (സാ

തികവിഷയം) ദ്വൈതം കർമവുമാണ്-ഭൗതികവിഷയം - പ്രവചിക്കുന്നു. അങ്ങനെ പല ചിന്താഗതികളോ യുക്തികളോ ഉണ്ട്. ഓരോന്നും അതിൻെറ സ്വഭാവമനുസരിച്ച് സത്യത്തെ വാർത്തെടുത്തിട്ടുണ്ട്.

ശി.ബാ: നമുക്ക്വേദങ്ങളിൽ കാണുന്ന അതേ ജ്ഞാനമോ സത്യമോ മാത്രമാണ് യുക്തിസഹജമായത്. കാരണം അത് നമുക്ക് ലോകത്തിൽ കാണുന്നതിൻെറയോ കേൾക്കുന്നതിൻെറയോ ആയതിൻെറ ജ്ഞാനം കഴിയുന്നത്ര ഭംഗിയായി നൽകാൻ ശ്രമിക്കുന്നു. ഏറ്റവും കൂടുതൽ പ്രകീർത്തിക്കേണ്ടത് അത് ഒരു സിദ്ധാന്തത്തേയോ വർഗ സ്വഭാവത്തേയോ അടിച്ചേല്പിക്കുകയോ സ്വീകരിക്കാനുപദേശിക്കുകയോ ചെയ്യുന്നില്ല എന്നതാണ്. അവ അറിവു പകർത്തുക മാത്രം ചെയ്തു, നമ്മെ സ്വന്തം ഇഷ്ടത്തിനു വിടുന്നു. വൈദിക സംസ്കൃതിയിൽ നമ്മുടെ വ്യക്തിഗത സ്ഥിതിക്കുതകുന്ന ഏതു രീതിയും തിരഞ്ഞെടുക്കാവുന്നത്ര യുക്തികളാണ് കാണുന്നത്. എന്നാൽ നമുക്കതിൽ നിന്ന് വിദ്യാരംഭത്തിലാവശ്യമായ ജ്ഞാനം മാത്രമേ ലഭിക്കു. അതിനാൽ നമ്മൾ ഇതികർത്തവ്യതാമുഢരായി തുടരും. നമ്മുടെ ആത്മീയ ഗുരുവിനുമാത്രമേ ആ സിദ്ധാന്തങ്ങളുടെയെല്ലാം യഥാർഥ പ്രാധാന്യം ഉണർത്താനാവുകയുള്ളു.

അതിനാൽ സ്വധർമമോ പരിശുദ്ധജീവിതമോ ആകുന്ന യജ്ഞവും ദാനവും തപസ്സും ചേർന്ന ജീവിതമാണ് അത്യുത്തമവും യുക്തിപൂർവവുമായത്. നമ്മുടെ ബാഹ്യജീവിതം നല്ലപോലെ സൂക്ഷിക്കുന്നതിനാൽ ജീവിതത്തിൽ ഉലച്ചിലുകൾ ഉണ്ടാവുകയില്ല. നമ്മളപ്പോൾ അതിനുമപ്പുറമുള്ള പരമലക്ഷ്യം ചിന്തിക്കാൻ സ്വതന്ത്രനാകുന്നു.

ഇരുമ്പുകഷ്ണം കാന്തത്തിലേക്കാകർഷിക്കപ്പെടുന്നു. കാന്തം പോലെ ആകർഷിക്കുന്ന ബാഹ്യശക്തികൾക്കു വഴങ്ങിയാൽ നമ്മൾ നശിച്ചുപോകും. എന്നാൽ കുറച്ചു നാരങ്ങാനീരോ മറ്റോ കാന്തത്തിലൊഴിച്ചാൽ അതു നിഷ്പ്രഭമാകും. അതുപോലെ യജ്ഞവും ദാനവും തപസ്സും ഈ ലൗകികമോഹം തുടച്ചുമാറ്റാൻ സഹായിക്കുന്നതാണ്.

ജീവിതരീതി പരിശീലിക്കാനാവശ്യമായ ഒരുക്കങ്ങളെപ്പറ്റിയും പറയാറുണ്ട്. ആദ്യത്തേത് കർമസ്വാതന്ത്ര്യമാണ്. അജ്ഞാനമോചനമാണ് അടുത്തത്. ദൈവബോധയജ്ഞത്തിനുള്ള സ്വാതന്ത്ര്യമാണ് മൂന്നാമത്തേത്. കർമസ്വാതന്ത്ര്യം കഠിനശക്തികൊണ്ടു മാത്രം നേടാവുന്നതാണ്. മറ്റ് രണ്ടും മൂല്യാനുഷ്ഠാനവും ദാനവും വഴി നേടാം.

അദ്ദേഹം 'മായ'യേയും 'പുരുഷ'ൻെറ സ്വാതന്ത്ര്യരീതിയേയും സാംഖ്യാസിദ്ധാന്തത്തെയും നിശിതമായി വിമർശിച്ചിട്ടുണ്ട്.

ശി.ബാ: തൻെറ ശക്തിയും ബുദ്ധിയു'മായ'യുമായി 'പുരുഷൻ' കളിക്കുന്നു. ഇത് അദൃഷ്ടവും അവ്യക്തവുമായ ബോധം സൃഷ്ടി ക്കുന്നു. ഇതു ക്രമേണ വ്യക്തത അതായത് പേരും രൂപവുമുള്ള സൂക്ഷ്മമായ ആശയം വളർത്തുന്നു. അപ്പോാ ജ്ഞാനവും ബുദ്ധി തു ടങ്ങിയവയും ഉണ്ടാകുന്നു. 'പുരുഷൻ' 'മായ'യുമായി കളിക്കാഞ്ഞാൽ ബോധമോ അവ്യക്തതയോ ഉണ്ടാവില്ല. തൽഫലമായി അയാാക്കു ഇരുപത്തിനാലു സൂത്രങ്ങളുടെ പ്രവർത്തനവുമായി ഇടപഴകലുണ്ടാ വുകയില്ല.

ശി.ബാ: സൃഷ്ടിയുടെ പുരുഷനുമായുള്ള ഈ സ്ഥിതി, അതുണ്ടാ വാമെന്നതിൽ സംശയമില്ലെങ്കിലും, തികച്ചും അസ്വാഭാവികമാണ്. കാരണം അത് സർവസുഖമാഗ്രഹിക്കുന്ന ലോകത്തിൻെറ രീതിയൊ പ്പിച്ചുള്ളതാണ്. അങ്ങനെപറഞ്ഞാൽ ലോകസൃഷ്ടിയിൽ അവൻ അലി ഞ്ഞിട്ടുണ്ട്. ഒരിക്കൽ സൃഷ്ടിയുടെ അന്ത്യമുണ്ടാകുമെന്നതിനാൽ അതോടുകൂടി അവനും നശിക്കും. തൽഫലമായി ദൈവമായോ അഹമാ യോ ലഭിക്കാൻ കഴിയില്ല. അതിനാലാണ് ഈ സിദ്ധാന്തം ഭഗവദ്ഗീത യിലും ബ്രഹ്മസൂത്രത്തിലും തെറ്റായി കരുതുന്നത്.

നിഷേധം

ശി.ബാ: ഈ സമാധി അഥവാ മുകളിൽ പറഞ്ഞ സിദ്ധാന്ത ത്തിൻെറ പരമാനന്ദം ഒരിക്കൽ നശിക്കും. മനുഷ്യനപ്പോാ എവിടേയു മല്ല. ആത്മബോധമോ ദൈവബോധമോ ലഭിച്ചിട്ടില്ല. അതുകൊണ്ട് നാം 'മായ'യെന്നു പറയുന്ന കളി ത്യജിക്കേണ്ടതില്ല. അതായത് സ്വധർ മത്തിൽ നിന്നു ലഭിക്കുന്ന ശരീരരക്ഷയ്ക്കുതകുന്ന ശക്തിയുടേയും ബുദ്ധിയുടേയും ഉപയോഗം ത്യജിക്കേണ്ടതില്ല. നമുക്കു പിന്നിലുള്ള ദൈവത്തിൻെറ തുടർച്ചയായ ചിന്ത പരിപാലിക്കണം. നമ്മുടെ ശക്തി യും ബുദ്ധിയും ഉപയോഗിക്കുന്നതിൽ ഒരു ചെറുത്തുനില്പിൻെറ സ്വഭാവം മാത്രമേ കൈക്കൊള്ളാവൂ. എന്നാൽ മാത്രമേ ഇരുപത്തിനാ ലു സൂത്രങ്ങളുടെ പ്രവർത്തനങ്ങളിൽ നാം ലയിച്ചിട്ടില്ലെന്ന് തീർച്ച പ്പെടുത്താനാവുകയുള്ളു.

ഉപസംഹരിക്കാം. സാംഖ്യാസിദ്ധാന്തത്തിലെ സമാധിയിൽ പൂർണസുഖമാകുന്ന'മായ' ലോകപരിത്യാഗത്തിൽ തന്നെയും പരിത്യ ജിക്കുന്നു. ഭഗവദ്ഗീത അത് നിഷേധിക്കുന്നു. സ്വധർമത്തിൽ 'മായ'യു മായി കളിക്കാം. എന്നാൽ ശ്രദ്ധിക്കണം. ദൈവത്തിലേയ്ക്കുമാത്രം നോക്കൂ, സുഖത്തിലേയ്ക്കല്ല എന്നാണ് ഭഗവദ് ഗീതയിലെ അനാ സക്തിയോഗം പറയുന്നത്.

വേദം, ഉപനിഷത്ത്, ബ്രഹ്മസൂത്രം മുതലായവയിൽ നിന്നെടുത്ത നിരവധി പ്രപഞ്ച ശാസ്ത്രങ്ങളുടെ ചുരുക്കം ഭഗവദ് ഗീതയുടെ പതി

നെട്ടാമദ്ധ്യായത്തിലുണ്ട്. അനുഭവങ്ങളുടെ ലക്ഷ്യവസ്തുവും (ക്ഷേത്രം), കർതൃവസ്തുവും (പുരുഷൻ) തമ്മിലുള്ള ഭേദം അറിയുകയാണ് അതിൻെറ ഉദ്ദേശം. ക്ഷേത്രം അതിൻെറ പ്രാകൃതരൂപത്തിൽ ശക്തിയും പ്രവർത്തനരീതിയുമുള്ള മനുഷ്യശരീരമാണ്. അത് പ്രപഞ്ചരൂപമായ പ്രകൃതികൂടിയാണ്. ഭഗവദ്ഗീതയുടെ പതിമൂന്നാമദ്ധ്യായത്തിൽ ലക്ഷ്യത്തിൻെറ സ്വഭാവത്തേയും കർത്താവിനേയും അതിൻെറ വിജ്ഞാനത്തേയും കുറിച്ച് സുന്ദരമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ദൈവികബോധോദ്ദേശവുമായി ഒരു പ്രത്യക്ഷബന്ധവും അതു കാണിക്കുന്നില്ല. എന്തുകൊണ്ട്, എങ്ങനെ? എന്ന മൂന്നു ശാശ്വതപ്രശ്നത്തിനുത്തരമായി ശിവപുരിബാബ വസ്തുക്കളെ പുതിയരൂപത്തിൽ അവതരിപ്പിക്കുന്നു.

എന്തുകൊണ്ട്? - (ആനന്ദം ലഭിക്കുവാൻ)

ഇതിന് മൂന്ന് രൂപമുണ്ട്. സുഖമാണ് ഒന്നാമത്തേത്. ഇത് ശരീരമാകുന്ന ക്ഷേത്രത്തോട് ബന്ധപ്പെട്ടതാണ്. രണ്ടാമത്തേത് മനസ്സിൻെറ പരിശുദ്ധിയായ ആനന്ദമാണ്. മൂന്നാമത്തേത്, അന്തരാത്മാവിൻെറ അതായത് പുരുഷൻെറ ശാന്തിയാണ്.

എങ്ങനെ? (പരിശുദ്ധബോധത്താൽ - ചിത്തം)

ഇതിന് മൂന്നു രൂപമുണ്ട്. സുഖം നല്കുന്ന ഭൌതികം. സന്തോഷം നല്കുന്ന സാത്വികഗുണം. ശാന്തി നല്കുന്ന ആദ്ധ്യാത്മക വിഷയം.

എന്ത്? (അതു ഏതാണ്? - സത്ത)

ഇതിനുംമൂന്ന് വിഭാഗമുണ്ട്.

ദൈവികം-ദൈവവും പുരുഷനും മായയും. സ്വരൂപം-അവ്യക്തവും വ്യക്തവും മനസ്സും. ബുദ്ധിയും മറ്റ് ഇരുപത്തിനാലു സൂത്രങ്ങളും. ഇവ ബുദ്ധി, അനുഭൂതി, അഞ്ച് ആന്തരികബോധം, അഞ്ച് ബാഹ്യബോധം, അഞ്ച് ലക്ഷ്യബോധം, അഞ്ച് പഞ്ചഭൂതങ്ങൾ എന്നിവയാണ്.

ആദ്യത്തെ മൂന്നെണ്ണത്തിനെ സുധാതത്വങ്ങൾ എന്നു പറയുന്നു. ഇത് ദൈവജ്ഞാനത്തിലേയ്ക്കും സമാധിയിലേയ്ക്കും നയിക്കുന്നു.

രണ്ടാമത്തെ മൂന്നെണ്ണത്തെ മദ്ധ്യതത്വങ്ങൾ എന്നു പറയാം. ഇതു ശക്തിയും സിദ്ധിയും നല്കുന്നു.

ബാക്കി അധമതത്വങ്ങളാണ്. അവ രാജത്വം അഥവാ സ്ഥാനം നല്കുന്നു. ഇതിൽ ശ്രദ്ധിക്കേണ്ടത് മൂന്ന് വിഭാഗവും മൂന്നു വിഷയത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതും ഓരോന്നിലും ശ്രദ്ധ ഏതു ലക്ഷ്യത്തിലേയ്ക്കാണ് നയിക്കുന്നതെന്നുമാണ്. എന്തെന്ന പ്രശ്നത്തെ നാം അപഗ്രഥിക്കുമ്പോൾ ബുദ്ധിയുടെ പ്രവർത്തനപഥത്തിൽ മനസ്സിൻെറയും അഹത്തിൻെറയുമെന്നപോലെ നാം അതിനെ ഗ്രഹിക്കാൻ ശക്തിഹീനരാണ്.

അന്വേഷണത്തിൽ ദൃഢചിത്തരാണെങ്കിൽ നമ്മാം നേർവഴികാണിക്കാൻ എങ്ങനെ ഈ പരിപാടിക്ക്, ഒരു മാർഗദർശിയാകാൻ കഴിയുമെന്ന് ശിവപുരിബാബ വിവരിച്ചുതരുന്നു.

ശി.ബാ: നാം ഈ പ്രപഞ്ചത്തിൽ കാണുന്ന മനുഷ്യനും വസ്തുക്കളും പ്രകൃതിയും പ്രകൃതിനിയമങ്ങളും എല്ലാംതന്നെ അത്യധികം ആശ്ചര്യകരങ്ങളാണ്. അവയെന്താണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയില്ല. അവയുടെ പിന്നിലെ യാഥാർഥ്യവും നമ്മുടെ ദൃഷ്ടിക്കഗോചരമായ രഹസ്യങ്ങളുടെ രഹസ്യങ്ങളും അരക്കിട്ടുറപ്പിച്ചടച്ചുവച്ചപോലെയാണ്. ഒരു ആത്മാർഥ അന്വേഷകനെ അദ്ദേഹത്തിൻെറ കർമത്തിൽ നിന്നും എണ്ണിയെണ്ണി പുറംതള്ളുകയും ഈ അത്ഭുതാവഹമായ വൈവിധ്യത്തിൻെറ ഉത്തരം കാണാൻ കഴിയാത്തതിലുള്ള നിരാശയിലേയ്ക്കും ചിന്തയിലേയ്ക്കും വലിച്ചിഴക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷമയോടെ അന്വേഷണം തുടരുക. നമ്മുടെ ഉത്സുകത സ്വാഭാവികമായും നേർവഴികാണിക്കും. സ്വബോധമുള്ള ഗുരുവിനെ ലഭിക്കും. വേണ്ടപോലെ സമീപിച്ചാൽ അദ്ദേഹം നമ്മുടെ അന്വേഷണങ്ങാംക്കെല്ലാം തൃപ്തികരമായ ഉത്തരം നല്കും. സൃഷ്ടിയേയും നമ്മളേയും കുറിച്ചുള്ള അദ്ദേഹത്തിൻെറ അപഗ്രഥനം ദൈവവും പുരുഷനും മായയുമാകുന്ന ഇരുപത്തിനാല് തത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. അപ്പോാം അവ്യക്തവും (വിധി) അതോടൊന്നിച്ച് വ്യക്തവും കാണപ്പെടാത്ത ശക്തികാംക്ക് ആകൃതിയും വ്യക്തതയും നല്കുന്ന ജ്ഞാനവും ലഭിക്കും. അവസാനം ബുദ്ധിയും അഞ്ചുതന്ത്രങ്ങളു, അവസാനം അഞ്ചുവീതം ബാഹ്യവും ആന്തരികവുമായ ഇന്ദ്രിയങ്ങളും ലഭിക്കും.

ദൈവം അനന്ത ജലസാഗരവും പുരുഷൻ അതിലെതന്നെ ചെറിയ ഒരളവുമാണ്. ഒരു നുള്ള് പഞ്ചസാര അനന്തലക്ഷം പഞ്ചസാരയുടെ ഭാഗമാണ്. ജീവാത്മാവെന്നു വിളിക്കുന്ന ഈ പുരുഷൻ പരമാത്മാവിൽ നിന്നോ ദൈവത്തിൽ നിന്നോ ഇറങ്ങിവന്നതാണ്. അദ്ദേഹത്തിൻെറ ഒരംശം എന്നാൽ തികച്ചും അദ്ദേഹത്തെപ്പോലെ തന്നെ. എന്നാൽ ഈ പുരുഷൻ നിർജീവവസ്തുക്കാക്കു വിപരീതമായി 'മായ'യെന്നു പറയുന്ന ശക്തിയും ബുദ്ധിയുമായി വ്യവഹരിക്കുന്നു. ഈ കളി അല്ലെങ്കിൽ അതിൻെറ ശക്തിയുടേയും ബുദ്ധിയുടേയും പ്രയോഗമാണ് കാര്യങ്ങളുണ്ടാകാനുള്ള കാരണമാകുന്നത്. ഈ കാര്യങ്ങാം മധ്യമ - അധമ തത്വങ്ങളാകുന്നു. എങ്ങനെ? 'മായ'യുമായ ഈ ബന്ധം ഒരു തരം വിധിയുണ്ടാക്കുന്നു. ഇത് ആദ്യം അദൃശ്യവും പിന്നെ ദൃശ്യവും പേരുള്ളതും ആകുകയും അവസാനം ഈ മനസ്സോ അറിവോ അതിന് തികച്ചും വ്യക്തതയും വ്യക്തിത്വവും നല്കുന്നു. ചുരുക്കത്തിൽ പേരും രൂപവും ആ അവ്യക്തത്തിനു നല്കുന്നു. അപ്പോാം ബുദ്ധി അത്തരത്തിലുള്ള ജ്ഞാനം ലബ്ധമാക്കാൻ ശ്രമിക്കുന്നു. അത് പരിപാടികളാവി

ഷ്കരിച്ച് പഞ്ചതന്ത്രങ്ങളോടും പഞ്ചേന്ദ്രിയങ്ങളോടും നടപ്പാക്കാൻ ആജ്ഞാപിക്കുന്നു. ഇങ്ങനെയാണ് സൃഷ്ടിസംജാതമായത്. ഇതാണ് - ഈ 'മായ'യും 'പുരുഷനു'മായ കളിയും തിരശീലയിലെഴുതിയ വിവിധ കാര്യങ്ങളും - നാം ചുറ്റും കാണുന്നത്.

സ്വാഭാവികമായി ഇതെല്ലാമെന്തിനെന്ന ചോദ്യത്തിലേയ്ക്ക് നാമെത്തുന്നു. ഈ പ്രവർത്തനങ്ങളുടെയെല്ലാം പിന്നിൽ ഉദ്ദേശമുണ്ടായിരിക്കണം. നമുക്കു കിട്ടുന്ന ഉത്തരം ഇതെല്ലാം 'പുരുഷ'ൻെറ ആസ്വാദനത്തിനെന്നാണ്. അങ്ങനെ പറഞ്ഞാൽ സ്വസുഖത്തിന്, ഈ പൂർണാനന്ദം സുഖം, സന്തോഷം, ശാന്തി എന്നിവ ചേർന്നാണ്. ഇവയിൽ ഏതെങ്കിലുമൊന്നില്ലെങ്കിൽ നമ്മുടെ ആനന്ദം പൂർണമെന്നുപറയാൻ കഴിയില്ല. എങ്ങനെ നമുക്കത് ലഭിക്കാനും സ്വഭാവമാകുന്ന പരമാനന്ദം ആസ്വദിക്കാനും കഴിയും? ഇതാണ് നമ്മുടെ മുമ്പിലുണ്ടാകേണ്ട പ്രശ്നം.

മറ്റൊരവസരത്തിൽ, നമ്മുടെ പൂർണാനുഭവങ്ങളിലേക്കിറങ്ങുന്ന തത്വങ്ങളെക്കുറിച്ച് ബാബ സംസാരിച്ചു. ആ മഹൽദർശനത്തിൻെറ നിമിഷങ്ങൾ ഉറപ്പാവുന്നതുവരെ ദൈവികമൂല്യങ്ങളുടെ നേർബോധം നമുക്ക് ലഭിക്കില്ല. ദൈവദർശനം ലഭിക്കുമ്പോൾ നമ്മൾ ദൈവത്തെ ദൈവമായും, പുരുഷനെ നമ്മളായും, സമ്പൂർണ പ്രപഞ്ചത്തെ പ്രകൃതിയായും കാണുന്നു. ഈ ത്രിദൃഷ്ടി ഏകദൃഷ്ടിയാണ്. കാരണം നാം കാണുന്ന സത്യത്തെ മൂന്നുവാക്കുകളിൽ അതിൻെറ മൂന്നുവക ഭേദങ്ങളായി ചിത്രീകരിക്കുകയാണ്.

അതിനിടയിൽ നമ്മുടെ മാറ്റത്തിൻെറ കേന്ദ്രബിന്ദു ഇന്നത്തെ സ്ഥിതിയിൽ നമുക്ക് ലഭിച്ചിട്ടുള്ള അനുഭവങ്ങളാകണം.

ഇന്ദ്രിയങ്ങളും - ബാഹ്യവും ആന്തരികവും-അവയുടെ ലക്ഷ്യങ്ങളുമാണ് അധമ തത്വങ്ങൾ. അവ മനസിനു ജോലി ചെയ്യാൻ വേണ്ട ഉപകരണങ്ങൾ സൃഷ്ടിക്കുന്നു. അവയെ ഇരുപത്തിനാല് മൂല്യഗുണങ്ങളും അതിൽ ചേർന്ന ഉപദേശവുമാകുന്ന മനസ്സിൻെറ ഉൾസത്തയിൽ നിന്നും തിരിച്ചറിയണം. ബോധോപകരണങ്ങൾ പത്ത് ഇന്ദ്രിയങ്ങളാണ്. ലക്ഷ്യം ഭൂതങ്ങളാണ്. മാനസികവ്യാപാരത്തിൽ അവയുടെ പ്രാധാന്യത്തെപ്പറ്റിയും ബാബ വിവരിച്ചിട്ടുണ്ട്.

ശി.ബാ: പത്ത് ഇന്ദ്രിയങ്ങളുടേയും അധിപൻ മനസ്സും പത്ത് ഭൂതങ്ങളുടെ അധിപൻ ബുദ്ധിയും ആകുന്നു. ഇന്ദ്രിയങ്ങൾ ഭൂതങ്ങളുമായി ബന്ധപ്പെടുകയും മനസ്സ് അവയെ മെരുക്കാത്തപക്ഷം അവന് സ്വന്തം ഇഷ്ടത്തിന് പ്രവർത്തിക്കുകയും ചെയ്യുന്നു. രാഗദ്വേഷാനുഭൂതികളെ തടയത്തക്കവണ്ണം മനസ്സ് ശക്തമല്ലെങ്കിൽ ഇന്ദ്രിയങ്ങൾ ഭൂതങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊപ്പം കളിച്ചുകൊണ്ടേയിരിക്കും. ഇത് സമ്മതിക്കരുത്. മനസ്സ് ഇന്ദ്രിയപ്രവർത്തനങ്ങളെ ഒതുക്കണം. ഇന്ദ്രിയങ്ങളുടെ ഈ പെരുമാറ്റം 'ബുദ്ധി'യാൽ ചെയ്യപ്പെടുന്നു. മനസ്സ്

പെരുമാറ്റം വിധിക്കുകയും വിധിക്കപ്പെട്ട പെരുമാറ്റം ബുദ്ധി നിർവഹി ക്കുകയും വേണം. എന്തുപറയണം, എന്തുപറയരുത്, എന്തു ചെയ്യണം, എന്ത് ചെയ്യരുത്, എന്ത് ഓർക്കണം, എന്ത് ഓർക്കരുത് - ഇതെല്ലാം നിശ്ചയിക്കണം. ഇത്രയും പാലിച്ചാൽ നമ്മുടെ മനസ്സും ബുദ്ധിയും തികഞ്ഞ വ്യവസ്ഥയോടെ പ്രവർത്തിക്കും. ഉദാഹരണമായി ചെവി അത്തരം ശബ്ദങ്ങൾ കേൾക്കണം, ഇത്രമാത്രം സ്ഥലമേ ഉപയോഗി ക്കാവൂ തുടങ്ങിയവ. ഇതുപോലെ ഇന്ദ്രിയത്തിനുപയോഗിക്കേണ്ട പൂർണഭൂതങ്ങളേയും വർജ്ജിക്കേണ്ട ഭൂതങ്ങളേയും വിധിക്കണം. ബുദ്ധി നിയന്ത്രണമെന്നു പറയുന്നതിനെയാണ്. മനസ്സ് രാഗദ്വേഷങ്ങളെ ഇടപെടാനനുവദിക്കുന്നുവെങ്കിൽ ഈ ബുദ്ധി നിയന്ത്രണം സാദ്ധ്യമല്ല. ഭൂതങ്ങളും മൂന്നുപ്രകാരമുണ്ട്. അവയിൽ സാത്വിക ഗുണങ്ങൾ മാത്രം ഉപാധിയായി എടുക്കണം. മൂന്നു വിധങ്ങളും നന്നായി മനസ്സിലാക്കു കയും തിരിച്ചറിയുകയും വേണം. ഇതിൽ സ്വാർത്ഥോദ്ദേശങ്ങൾ ഇടപെടാ തെ അകന്നുനില്ക്കണം.

മനസ്സും ബുദ്ധിയും തമ്മിലുള്ള ഭേദം പിന്നെയും വരുന്നു. ബുദ്ധി ബാഹ്യലോകത്തിനും മനസ്സ് ഊർജ്ജസ്വലതയും ശുദ്ധിക്കുമാണ്. തത്വ ജ്ഞാനം ലോകജ്ഞാനമാണ്.

ബുദ്ധി പത്തുഭൂതങ്ങളെയും മനസ്സ് പത്ത് ഇന്ദ്രിയങ്ങളേയും ഭരി ക്കുന്നു. പത്ത് ഇന്ദ്രിയങ്ങൾ പത്തുഭൂതങ്ങളുമായുള്ള കൂട്ടിനാണ് കർമ മെന്നുപറയുന്നത്. പരിശുദ്ധജീവിതത്തിൽ കർമങ്ങളിൽ അകർമവും വികർമവും പ്രവേശിക്കുന്നത് തടയും. നമ്മുടെ ശരീരത്തിനും അതി ന്റെ കയ്യിരുപ്പിനും മുറിവേല്പിക്കാത്ത കർമങ്ങൾ മാത്രമേ കർമമാകൂ അതുമാത്രമേ ചെയ്യാവൂ. ഭൂതങ്ങളുമായുള്ള ഇന്ദ്രിയങ്ങളുടെ കളി ഒതു ക്കണം. എന്ത് സംസാരിക്കണം, എന്ത് സംസാരിക്കരുത്, എന്ത്ചെയ്യണം, എന്തരുത്, എന്ത് ചിന്തിക്കണം, എന്തരുത് - അത്തരത്തിലൊരു ജീവി തത്തിനുപിന്നിലുള്ളത് 'ബോധ'മാണ്.

നമ്മൾ പാകം ചെയ്യുന്ന ഭക്ഷണത്തിന്റെ വിശദാംശമെന്നപോ ലെ ഭൂതങ്ങളിലെ എല്ലാ സൂക്ഷ്മസ്വഭാവത്തെയും നാമറിയണം. നിഷി ദ്ധഭൂതങ്ങളെപ്പറ്റി നമ്മൾ സംസാരിക്കുന്നു. സ്പർശിക്കുന്നു. ചിന്തി ക്കുന്നു. മനസ്സിലാക്കുന്നു. താല്പര്യം കാണിക്കുന്നു. തീരുമാനിക്കുന്നു. അതുപോലെ പൂർണഭൂതങ്ങളോടും പെരുമാറുന്നു. ബുദ്ധി ഭൂതങ്ങ ളേയും, മനസ്സ് ഇന്ദ്രിയങ്ങളേയും മെരുക്കുന്നു. ഒരർത്ഥത്തിൽ മനസ്സ് രാഗദ്വേഷങ്ങളുണ്ടാകാനും ബുദ്ധിയെ സ്വാധീനിക്കാനും അനുവദി ക്കരുത്.

ഈ മനസ്സും ബുദ്ധിയും പഞ്ചേന്ദ്രിയവും കൂടി നാമെന്തു ചെയ്യുന്നുവോ അതാണ് വാസ്തവം. പുറമെയുള്ള സർവവും പഞ്ചഭൂത നിർമിതങ്ങളാകയാൽ ഈ ഇന്ദ്രിയങ്ങളുടെ രൂപത്തിൽ അതേ

ഭൂതവസ്തുക്കൾ നമ്മുടെ ശരീരത്തിലുമുണ്ട്. നമ്മുടെ വിചാരങ്ങൾക്കു നമ്മുടെ തന്നെ ഉള്ളിൽ നിന്ന്, അത്തരം വസ്തുക്കൾ സൃഷ്ടിക്കാൻ കഴിയും. അതുകൊണ്ടാണ് ശാസ്ത്രജ്ഞന്മാർ ഈ ലോകം ഒരു നിരന്തരവിചാരത്തിന്റെ ഫലമാണെന്നു പറയുന്നത്. നമ്മൾ ആവശ്യമുള്ളത് ചിന്തിക്കുന്നു. അതിന് നാദം നല്കുന്നു. സ്വാഭാവികമായി ശബ്ദമുണ്ടാകുന്നു. ആ ശബ്ദത്തിന് ചലനമോ വായുവോ കൂടാതെ നില്ക്കാനാവില്ല. വായു വെള്ളത്തിന്റെ അവസ്ഥയിൽ ഒരു നിർദ്ദിഷ്ട ദിശയും അതിനുശേഷം അഗ്നിയും (ഉത്സാഹം) അവസാനം ഭൂമിയും (തികഞ്ഞ രൂപം) നിർമിക്കുന്നു.

മാനസികവൃത്തിയുടെ ക്രിയാത്മക പ്രവർത്തനസോപാനം ഇങ്ങനെയാണ്.

വിചാരം ഉദിക്കുന്നു - "എനിക്ക് ധ്രുവസ്ഥലിയിൽ പോകണം."

ആശയം അവ്യക്തമായി കേൾക്കുന്നു - ഇത് നാദമോ ഈതറോ ആണ്.

അതിന്റെ പ്രശ്നങ്ങൾ വ്യക്തമാവുകയും രൂപരേഖയുണ്ടാവുകയും ചെയ്യുന്നു."ഞാൻ അതുമായി ബന്ധത്തിലാണ്." ഇതു വായുവോ സ്പർശനമോ ആണ്.

"ഞാൻ പ്രവർത്തനനിരതനായി. ഞാൻ തീരുമാനിക്കുന്നു." ഇതു രൂപംഅല്ലെങ്കിൽ അഗ്നിയാണ്.

"ഇപ്പോൾ എന്റെ ശ്രദ്ധയും രുചിയും പ്രയത്നത്തിലാണ്. ഞാൻ അതിൽ നിർവൃതനാണ്." സ്വാദോ വെള്ളമോ?

"ഞാൻ ലക്ഷ്യത്തിലെത്തുകയാണ്. ഞാൻ വഴിയിലാണ്." മണമോ ഭൂമിയോ?

ഞാൻ ധ്രുവസ്ഥലിയിലെത്തുന്നു" കർത്താവും ലക്ഷ്യവും ഒന്നാകുന്നു. പ്രായോജിക പ്രവർത്തനം സാധിതമായി.

ഇന്ദ്രിയങ്ങൾക്കും ഭൂതങ്ങൾക്കും ത്രിഗുണങ്ങളിൽ അഥവാ പ്രകൃതിനിയമങ്ങളിൽ അവയുടെ തൊട്ടടുത്ത സ്രോതവും അന്തിമസ്രോതവുമുണ്ട്.

സത്വഗുണം = ഇന്ദ്രിയത്തിന്റെ ജീവസ്രോതസ്സ് സൂര്യചന്ദ്രാദികളാകുമ്പോൾ. രജോഗുണം = ചിത്തം, മനസ്സ്, ബുദ്ധി, അഹങ്കാരം, പത്ത് ഇന്ദ്രിയങ്ങൾ. തമോഗുണം = പഞ്ചഭൂതങ്ങളും പഞ്ചേന്ദ്രിയങ്ങളും. നാദം അഥവാ ആകാശം. സ്പർശം അഥവാ വായു. രൂപം അഥവാ അഗ്നി. രുചി അഥവാ ജലം. മണം അഥവാ ഭൂമി.

തത്വങ്ങളെപ്പറ്റി കൂടുതൽ ചോദിച്ചപ്പോൾ ബാബ വിശദീകരണം നൽകി.

ശി.ബാ: തത്വങ്ങളെത്രയുണ്ടെന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളു

ണ്ട്. എന്നാൽ നമ്മുടെ ഉദ്ദേശത്തിന്ന് ദൈവം അഥവാ ഈ സൃഷ്ടി മാത്രമാണ് തത്വമായിട്ടുള്ളത്. നാം അകത്തുനിന്നും പുറത്തുനിന്നും കാണുന്ന 'ഈ സൃഷ്ടി' ദൈവമല്ലാതെ മറ്റൊന്നുമല്ല. "ഇതെന്താണ്" എന്നന്വേഷിക്കുമ്പോൾ ഈ 'ഞാൻ' പോകണം. ഇത് ധ്യാനമാണ്. അല്ലെങ്കിൽ ദൈവത്തിലെ ഏകാഗ്രതയാണ്. ഇത് ആത്മതത്വമാണ്. നമുക്ക് തന്നെ ബോധമുണ്ടെന്നതാണ്. ഈ ബോധം ത്രിഗുണസ്വാധീനത്താലാണ്. പിന്നെ നമ്മുടെ സൃഷ്ടിയെക്കുറിച്ചുള്ള അനുഭവവുമുണ്ട്. ഈ അനുഭവം ബുദ്ധിവഴിക്കാണ് നേടിയിട്ടുള്ളത്. അപ്പോൾ എന്താണ് വ്യക്തമാകുന്നതെന്നാൽ ഈ മനസ്സും അതിന്റെ അനുഭവങ്ങളും നിയന്ത്രിച്ചു ക്ലിപ്തപ്പെടുത്തി ഒരു പ്രത്യേക വഴിക്ക് നയിക്കണം. ക്ലിപ്തപ്പെടുത്താഞ്ഞാൽ, അനുഭവങ്ങൾ എണ്ണമറ്റതായതിനാൽ, ഉൾക്കൊള്ളാൻ സാദ്ധ്യമല്ല. ഒരു ദൈവേച്ഛാരുവിന് അത് ക്ലിപ്തപ്പെടുത്തണം. അകർമവികർമങ്ങളെ തൂത്തെറിഞ്ഞ് സൽകർമങ്ങൾമാത്രം നിലനിർത്തിയാലേ സുഖാനുഭൂതി ഉണ്ടാവുകയുള്ളൂ. ബുദ്ധിനിയന്ത്രണം വഴി സുഖവും നിയന്ത്രിക്കുന്നതിനാൽ സുഖത്തിന്റെ അപാരസാഗരത്തിൽ നശിക്കുന്നതിൽ നിന്നും നാം രക്ഷ പ്രാപിക്കുന്നു.

മറ്റൊരു എഴുത്തിൽ അദ്ദേഹം അഞ്ചു സൂക്ഷ്മഭൂതങ്ങളെപ്പറ്റി പറഞ്ഞു:

നാം ദൈവത്തെ കാണുന്നില്ല. നമ്മൾ ഈ സൃഷ്ടിമാത്രം കാണുന്നു. 'ഈ സൃഷ്ടി' എന്നതിന്നർഥമെന്താണ്? ഇത് നമുക്കപ്പുറത്തെ ദൈവത്തിന്റെ ദർശനത്തിന് ശ്രമിക്കാനും നില്ക്കാനുമുള്ള തിണ്ണയാണ്. ഇതാണു ആദ്യത്തെ പ്രശ്നം. അത് ഈ സൃഷ്ടിയിൽ നിന്ന് ജനിച്ചതാണ്. ശൂന്യവും. ആദ്യത്തെ പ്രശ്നത്തിന്റെ ഉത്തരത്തിലെത്താൻ സഹായകമായ പരിശുദ്ധജീവിത - സ്വധർമം - മാണ് രണ്ടാമത്തെ പ്രശ്നം. മൂന്നാമത്തെ പ്രശ്നം സ്വധർമാനുഷ്ഠാനത്തിനുതകുന്ന മാർഗം കണ്ടെത്തുകയാണ്. സ്വധർമം തെറ്റിയാൽ നാം ഈ ബാഹ്യലോകവുമായി സ്പർദ്ധയിൽപ്പെടും.

ഇപ്രകാരം നാം അഞ്ച് സിദ്ധാന്തത്തിലെത്തുന്നു.

1.	ദൈവം	∞ അഗണ്യം
2.	സൃഷ്ടി	0 ശൂന്യം
3.	സൃഷ്ടിയുടെ പ്രശ്നങ്ങൾ	1 ഒന്ന്
4.	സ്വധർമം	2 രണ്ട്
5.	ആദ്ധ്യാത്മികം, സാത്വികം, ഭൌതികം എന്ന ശരിയായ മാർഗം	3 മൂന്ന്

സൂക്ഷ്മദൃഷ്ടിയിൽ പഞ്ചതത്വങ്ങളോ ഭൂതങ്ങളോ ഇവയാണ്. ആറാമതൊരു ഭൂതം കൂടിയുണ്ട് - പഠനം. മൂല്യങ്ങളുടെ പരിശീ

ധനം, ധർമം, സത്സംഗം, ഗുരുസേവ തുടങ്ങിയവയാണത്. പൊതുവെ പറഞ്ഞാൽ, ഈ വിവിധമാർഗങ്ങൾ, പഞ്ചതത്വങ്ങളിൽ പ്രവേശിക്കാൻ യോഗ്യത നേടാനുള്ള ചില ശ്രമങ്ങളാണ്. ആറാമത്തെ ഭൂതം അഞ്ചിന്റെ പുറത്താണെങ്കിലും അതിന് ഒരു സ്ഥാനം കൊടുക്കുക തന്നെ വേണം.

നിങ്ങൾ അശ്വിനിയുടെ കഥ ഓർമിക്കുക. വേദത്തിൽ അവർ ആരോഗ്യത്തിന്റെ ദേവതകളാണ്. നമുക്കു അശ്വിനിയെ എന്തിനു വേണം? നമുക്ക് അശ്വിനിയെയല്ല ആരോഗ്യമാണ് വേണ്ടത്. എന്നാൽ അശ്വിനി ആരോഗ്യപാലകയാണ്. നമുക്കിപ്പോൾ ആരോഗ്യമില്ലെങ്കിൽ ആരോഗ്യവാന്മാരുടെ കൂടെ താമസിക്കാനുള്ള ആരോഗ്യവർദ്ധന വേണം. അതുപോലെ നാം ഇപ്പോഴും സ്വധർമമനുഷ്ഠിക്കുന്നില്ലെങ്കിൽ പരിശുദ്ധജീവിതത്തിനു പാത്രമാകാൻ ആറാമത്തേതനുഷ്ഠിക്കണം.

നമുക്ക് ദൈവത്തെയാണ് ലഭിക്കേണ്ടത്. ഇത് നമുക്കുമുമ്പിലുള്ള ഈ സൃഷ്ടിയിൽക്കൂടി മാത്രമേ സാധിക്കൂ. അതുകൊണ്ട് അഗണ്യനായ ദൈവത്തേയും ആ ഉദ്ദേശത്തിനു ഈ സൃഷ്ടി (ശൂന്യം) യേയും വേണം. ഒന്നിന്റേയും രണ്ടിന്റേയും മൂന്നിന്റേയും വഴി നമ്മളെടുക്കണം?

ശി.ബാ: 'ഉണ്ണ്' എന്ന ആജ്ഞ നമുക്കു തരുമ്പോൾ ചെയ്യാനുള്ള ജോലി ഊണുകഴിക്കുക മാത്രമാണ്. നമ്മളെന്തിന് സാധനങ്ങൾ സംഭരിക്കുകയും പാകം ചെയ്യുകയും വേണം. ഭക്ഷണം തയാറാകുന്നതുവരെ നമുക്കുണ്ണാൻ സാദ്ധ്യമല്ല. അതുകൊണ്ട് സൃഷ്ടിയുടെ പ്രശ്നങ്ങളും, സ്വധർമവും, മൂന്ന് അദ്ധ്യയനവിഷയവുമാകുന്ന ഈ മൂന്ന് ഏകം, ദ്വയം, ത്രയം ദൈവത്തിന്റേയും ശൂന്യത്തിന്റെയും ഉപാധികളാണ്.

അവ രണ്ടിൽ മാത്രം നില്ക്കാൻ ശ്രമിക്കുന്നത് സൂചിമുനയിൽ നില്ക്കാൻ ശ്രമിക്കുന്നതുപോലെയാകും. എല്ലാറ്റിനും വേണ്ട ത്രിശക്തിയില്ലാത്തതിനാൽ നമുക്കൊരു സഹായം വേണം. ഇതേ യുക്തിവാദാടിസ്ഥാനത്തിൽ ഭൗതികവും, സാത്വികവും, ആത്മീയവുമായ വിഷയങ്ങളെടുത്താൽ നാം നമ്മുടെ സ്വധർമം പാലിക്കുന്നു. സ്വധർമാനുഷ്ഠാനത്തിൽ വീണ്ടും സൃഷ്ടിയുടെ പ്രശ്നങ്ങൾ നേരിടേണ്ടി വരും. പരിശുദ്ധജീവിതത്തിന്റെ പ്രശ്നങ്ങളോട് നമ്മുടെ സൃഷ്ടി മുഖാമുഖമാണെന്നതിനർഥം നാം ഈ ശൂന്യത്തേയും അതായത് സൃഷ്ടി - അഗണ്യത്തേയും അതായത് ദൈവം നല്ലപോലെ ശ്രദ്ധിക്കുന്നു എന്നാണ്.

ദൈവത്തെ മാത്രം കുറിക്കുന്ന ഭാരതീയ ആത്മീയതക്കും ഈ ലോകത്തിന്റെ ആവശ്യം മാത്രം നോക്കുന്ന പാശ്ചാത്യ പ്രായോജികതയ്ക്കും ഇടയ്ക്ക് ശ്രദ്ധേയമായ ഈ സംഭാഷണത്തിലൂടെ ഒരു

സന്യാസി പാലം കെട്ടുകയാണ്. സ്വധർമവും പരിശുദ്ധജീവിതവും മനുഷ്യദുർബലത്തോടുള്ള സഹവർത്തിത്വത്തിൻെറ മാർഗത്തേക്കാൾ കൂടുതലാണ്. അത് വസ്തുത കെട്ടിപ്പടുക്കാനുള്ള അഞ്ച് സൂക്ഷ്മഭൂതങ്ങളിൽ ഒന്നു കൂടുകയാണ്. ആറാമത്തെ ഭൂതം, മൂലപഞ്ചത്തിനു പുറത്തുള്ള എല്ലാ സൽകർമങ്ങളെയും ആദ്ധ്യാത്മികവൃത്തിയും ഉൾക്കൊള്ളുന്നു. എന്നാൽ ഇതിന്, ഭക്ഷണം പാചകംചെയ്ത പാചകക്കാരനുള്ളതുപോലെ അതിരിക്തസ്ഥാനം നൽകണം. പരിശുദ്ധജീവിതം ശൂന്യവും (സൃഷ്ടി) അനന്തവും (ദൈവം) തമ്മിൽ ബന്ധപ്പെടുത്തുന്ന സിദ്ധാന്തം, എല്ലാ വിഭാഗം വിശ്വാസികൾക്കും, സത്യാന്വേഷണത്തിൽ ഒരു സിദ്ധാന്തം മാത്രം പിന്തുടരുന്നവർക്കും ഒരുപോലെ യോഗ്യമാണ്.

ജീവിതപ്രശ്നത്തേയും പരിശുദ്ധജീവിതത്തേയും മുന്ന് പാഠ്യവിഷയങ്ങളേയും ഏകം, ദ്വയം, ത്രയം എന്നീ നാമത്തിലാക്കിയത് ഈ ലേഖകനാണ്. വ്യവസ്ഥിതിയുടെ വിദ്യാർത്ഥികൾ ശിവപുരിബാബയുടെ വിവരണത്തിൻെറ ശ്രദ്ധേയമായസ്വീകാര്യത കുറിച്ചെടുക്കണം. വ്യവസ്ഥിതി പഠനവുമായി ബന്ധപ്പെടാത്തവർക്കും തുടർന്നു ചിന്തിക്കുന്നവർക്കും, എൻെറ 'നാടകീയ പ്രപഞ്ച'മെന്ന പുസ്തകത്തിൻെറ രണ്ടാം ഭാഗത്തിലെ അവതാരിക നോക്കാം. ശിവപുരിബാബ വെറും എണ്ണങ്ങൾ ഏകം, ദ്വയം, ത്രയം എന്നു പറയുമ്പോൾ അത് ഒന്ന്, രണ്ട്, മൂന്ന് എന്ന വ്യവസ്ഥയെയാണ് തീർച്ചയായും സൂചിപ്പിക്കുന്നത്.

സാംഖ്യവും യോഗയും

മനന്ധർ സൂക്ഷിച്ചുവച്ച താഴെകൊടുക്കുന്ന പ്രഭാഷണ ശകലം അവ്യക്തമായ രണ്ട് പ്രായോജിക ചിന്താഗതി വിവരിക്കുന്നു. ഇത് തിരസ്കാരത്തിൻെറയും സ്പർദ്ധയുടേയും മാർഗമാണ്. ഇത്'ഘോര' ഭാഗ്യത്തിൻെറ അമ്പും കല്ലും മനസ്സിൽ സഹിക്കുകയോ അതോ ആയുധമെടുത്ത് ആപൽസാഗരത്തെ ചെറുത്തുനശിപ്പിക്കുകയോ വേണ്ടതെന്ന ഹാംലറ്റിൻെറ സ്ഥിര അനിശ്ചിതത്വമാണ്. ഇവിടെ 'ആപൽസാഗര'മെന്നാൽ സംസാരവും 'അമ്പും കല്ലു'മെന്നാൽ അധമതത്വങ്ങളും - പരുക്കൻ ഭൂതങ്ങളും മനസ്സിലെ ചഞ്ചലതയും -ആണ്.

മനന്ധർ റെക്കോഡുചെയ്ത സംഭാഷണം അതേപടി പകർത്തുന്നു.

ശി.ബാ: ആധുനിക ശാസ്ത്രം അതിൻെറ എല്ലാ നേട്ടങ്ങളോടെയും പ്രകൃതിയിലെ അതിലും വലിയ പ്രശ്നത്താൽ തുളയ്ക്കപ്പെടുകയാണ്. ഉദാഹരണത്തിന്, പ്രപഞ്ചരശ്മികളെ വിവരിക്കാൻ ശ്രമിക്കുമ്പോൾ അതെങ്ങനെയാണെന്നുമാത്രം പറയാനേ കഴിയുന്നുള്ളു. വാസ്തവത്തിൽ അതെന്താണെന്നു വിവരിക്കാൻ കഴിയുന്നില്ല. അങ്ങ

നെ പറഞ്ഞാൽ വാസ്തവം തിരയുന്ന ശാസ്ത്രം ഇപ്പോഠം ഭേദഭാവ മുള്ള ബോധത്തിൽ നിന്നും ഭേദഭാവമില്ലാത്ത ബോധത്തിൻെറ വളവി ലാണ്. സൂര്യൻെറയും, നക്ഷത്രത്തിൻെറയും ഗ്രഹങ്ങളുടേയും എല്ലാ രശ്മികളേയും ബോധപൂർവം തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ പ്രപഞ്ച രശ്മികളെ തിരിച്ചറിഞ്ഞിട്ടില്ല. അതിനാൽ ദൈവികമാർഗം മായയിൽ നിന്നും മഹാമായയിൽ എത്തി. ശാസ്ത്രജ്ഞർ പ്രപഞ്ചരശ്മികളെ ന്തെന്നുവിവരിക്കുമ്പോഠം അവ അവരുടെ പരിധിക്കപ്പുറമാണെന്നും അതിനാൽ ശാസ്ത്രജ്ഞരുടെ ബുദ്ധിക്കൊതുങ്ങാത്തതാണെന്നും പറയുന്നു. അവർ അവയെന്തെന്നു വിവരിക്കുന്നതിൽ പരാജയ പ്പെടുന്നു.

ശി.ബാ: ആർഷഭാരതത്തിൽ രണ്ടു തത്വചിന്താപ്രസ്ഥാനങ്ങ ളുണ്ടായിരുന്നു. ഒന്ന് കപിലൻെറ സാംഖ്യാസിദ്ധാന്തവും മറ്റേത് പതഞ്ജലിയുടെ യോഗസിദ്ധാന്തവുമാണ്. ആദ്യത്തേത് അതിൻെറ സിദ്ധാന്തങ്ങളിൽ നമുക്കാനന്ദിക്കാൻ മായയെ - ഭേദഭാവബോധം - കണക്കാക്കാതെ മഹാമായയിൽ - തിരിച്ചറിയാത്ത ബോധം - വിഹരി ക്കാനനുശാസിക്കുന്നു. ഈ സംഖ്യാസിദ്ധാന്തം പിന്തുടരുന്നവൻ അതി നാൽ ഒരു ഘട്ടത്തിൽ മായയുമായി സ്ഥിരസമ്പർക്കത്തിലാവുകയും സുഖവും ചേർച്ചയും ലഭിക്കുകയും ചെയ്യുന്നു.

മറുവശത്ത് യോഗ അതിൻെറ സിദ്ധാന്തം വേറൊരു വഴിക്ക് നല്കുന്നു. അത് പ്രകൃതിയിലെ മഹാമായയെ വിവിധ യോഗസാ ധനകളിൽ ശക്തിയും സിദ്ധിയുമാർജ്ജിച്ചു നേരിടാനും അതുവഴി ശാന്തിയും സുഖവും നേടാനും ഉപദേശിക്കുന്നു. അങ്ങനെ ലോകത്തി ലെ തിന്മകളും ദുഃഖങ്ങളും മാറ്റാനുള്ള ശ്രമത്തിൽ ഈ രണ്ടു പദ്ധതി യും മഹാമായയിൽ ഒരു സുഖത്തിൻെറയും ശാന്തിയുടെയും അവസ്ഥ സൃഷ്ടിക്കുന്നു. അതുകൊണ്ട് ഭഗവദ്ഗീതയും ബ്രഹ്മസൂത്രവും ഈ തത്വസംഹിതകളെ, അവ മനുഷ്യരെ ഒരു ബിന്ദുവരെ മാത്രമേ എത്തിക്കു എന്ന കാരണത്താൽ നിഷേധിക്കാൻ മുന്നോട്ടുവരുന്നു. സാംഖ്യവഴിനേടിയ ശാന്തിയും സന്തോഷവും, മരണവും മനുഷ്യരാശി യുടെ വിലയനവും വരുമ്പോഠം തകർന്നുവീഴുന്നു. അതുപോലെ യോഗയാൽ നേടിയ സുഖസന്തോഷങ്ങളും അതേ വിധിയിൽതന്നെ എത്തുന്നു.

ഭഗവദ് ഗീതയും ബ്രഹ്മസൂത്രവും ലക്ഷ്യമാക്കുന്നത് അജ്ഞാന ത്തിൽ നിന്നുള്ള മുക്തിയിലൂടെ ലഭിക്കുന്ന ദൈവജ്ഞാനമാണ്. സൃഷ്ടിയാകുന്ന മായയ്ക്കും മഹാമായയ്ക്കുമപ്പുറത്തുള്ളദൈവത്തിനു മാത്രമേ നാം നേരിടുന്ന സർവപ്രശ്നങ്ങഠംക്കും അന്തിമഫലം നല്കാൻ കഴിയുകയുള്ളു. ഈ സിദ്ധാന്തപ്രകാരം നമുക്ക് ദൈവവുമായി ആദ്യം മുതൽ അവസാനംവരെ ബന്ധംപുലർത്താൻ കഴിയും. ഇത് പ്രശ്നങ്ങളു

ടെ പ്രശ്നം പരിഹരിക്കുന്ന പരിശുദ്ധജീവിതമാണ്. ദൈവവുമായി ഈ ബന്ധം പുലർത്തുമ്പോഴ് ആദ്യഘട്ടങ്ങളിൽ സൃഷ്ടിയുടെ മായയും മഹാമായയുമായി ഒരു പരസ്പരധാരണ ഉണ്ടാകേണ്ടതാവശ്യമാണ്. യോഗങ്ങളുടെ ആശയം പ്രകൃതിയോടുള്ള എതിർപ്പാണ്. എന്നാൽ കാലക്രമേണ അതിലുമെത്രയോ പ്രബലമായ ശക്തിക്കു മുമ്പിൽ അത് മലർന്നടിച്ചുവീഴുന്നു. അങ്ങനെ ദൈവസിദ്ധിക്കോ അന്തിമബോധത്തിനോ ശ്രമിക്കുന്നതിൽ ഈ രണ്ടു സിദ്ധാന്തങ്ങൾ പ്രകൃതിയിൽ നമ്മുടെ സൃഷ്ടിയുടെ ശക്തിക്കെതിരെ വഴികളും വ്യവസ്ഥയും മാത്രമേ ഒരുക്കുന്നുള്ളൂ. അവ സ്വന്തം വഴിക്ക് അതു ചെയ്യുകയും അങ്ങനെ അന്തിമ ലക്ഷ്യപ്രാപ്തിക്കുമുമ്പ് നശിക്കുകയും ചെയ്യുന്നു- ഒരു നദി മരുഭൂമിയിൽ നിന്നുത്ഭവിച്ച് മരുഭൂമിയിൽ തന്നെ മരിക്കുന്നതു പോലെ.

പരിശുദ്ധ ജീവിത സിദ്ധാന്തം ഗീതി ഉദ്ഘോഷിക്കുന്നപോലെ നദി ദൈവജ്ഞാനമഹാസാഗരത്തിലേക്കൊഴുകലാണ്. എന്നാൽ ഈ രണ്ടു സിദ്ധാന്തങ്ങളും കുറ്റമറ്റതല്ലെങ്കിലും പരിശുദ്ധ ജീവിതത്തിൽ മനസ്സിനേയും ബുദ്ധിയേയുമിണക്കാൻ മനുഷ്യനെ സഹായിക്കാനും ചിലപ്പോൾ അവയെ എതിർത്തും ചിലപ്പോഴവയെ മാറ്റിയും എതിർത്തും അവ പരിശീലനത്തിൻെറ ഭാഗമാകയാലും, സ്വധർമ - പരിശുദ്ധ ജീവിതം - ത്തിൻെറ പാഠ്യക്രമത്തിൽ അവയ്ക്കൊരു സ്ഥാനമുണ്ട്.

ശിവപുരിബാബയുടെ യോഗത്തെക്കുറിച്ച്, അത് സംസാരത്തെ പിന്നിലേയ്ക്ക് തിരിച്ചുവിടുന്നതാണെന്നോ പ്രകൃതിയെ മറികടക്കുന്നതാണെന്നോ ഉള്ള വിമർശനം എന്നെ വല്ലാതെ സ്വാധീനിച്ചു. ആദ്യം ഞാൻ പതഞ്ജലിയുടെ യോഗശാസ്ത്രം പഠിക്കുകയും മൂന്നാമത്തെ പ്രസിദ്ധ ശ്ലോകം 'യോഗശ്ചിത്ത വൃത്തിനിരോധഃ' (യോഗം മാനസിക ചാഞ്ചാട്ടം അടക്കലാണ്) വായിക്കുകയും ചെയ്തപ്പോൾ എനിക്കാദ്യം അത് ശരിയായ വഴിയാണെന്ന് ബോദ്ധ്യമായി. ഇതു ഗുർദ്ജീഫിൻെറ സിദ്ധാന്തത്തോടുയോജിച്ചിരുന്നു - നിങ്ങളുടെ ദുഷ്പ്രവണതയോടുള്ള നിരന്തര സമരം നിങ്ങളെ രക്ഷിക്കും.

പിന്നീട് സകല കർമങ്ങളും തന്നത്താൻ ചെയ്യാൻ ശ്രമിക്കുന്നതും നമ്മുടെ സ്വന്തം 'ദുഷ്പ്രവണത'യിൽ നിന്നും വരുന്ന അലകളെ മാറ്റുന്ന 'സമര'ത്തിലൊതുങ്ങുന്നതും തമ്മിൽ വളരെ അന്തരമുണ്ടെന്നെനിക്കു ബോദ്ധ്യപ്പെട്ടു. ഞാനാദ്യം ശിവപുരിബാബയെ കാണുകയും അദ്ദേഹം മനസ്സിനൂർജ്ജം ലഭിക്കാനുള്ള ഏക മാർഗം നമ്മുടെ ഉയർന്ന വിചാരങ്ങൾ പിന്തുടരുകയും നീചവിചാരങ്ങൾ ത്യജിക്കുകയുമാകുന്ന ആത്മനിയന്ത്രണമാണെന്ന് പറയുകയും ചെയ്തപ്പോൾ ഗുർദ്ദുജീഫിൻെറ ഉപദേശം തന്നെയാണ് അദ്ദേഹം പറയുന്നതെന്നെനിക്കുതോന്നി -അന്തർജീവിതമന്വേഷിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് ആദ്ധ്യാത്മിക

പുണ്യവാളൻ നൽകുന്ന ശാസനം തന്നെ. ഈ അന്തിമലക്ഷ്യത്തിന് ഭക്തിയും അദ്ദേഹത്തിലുള്ള അർപ്പണബോധവും ദൈവകൃപയ്ക്കുള്ള കാത്തിരിപ്പും ക്ഷമയും മാത്രമല്ലാതെ സാത്വികഗുണങ്ങൾ മാത്രം ദൈവത്തിലേയ്ക്കത്തിക്കുകയില്ലെന്ന് താക്കീത് ക്രിസ്ത്യൻ ആത്മീയതയിലുപദേശിക്കപ്പെട്ടിട്ടുള്ളവയുമായി അദ്ദേഹത്തിൻെറ ഉപദേശങ്ങൾക്കുള്ള സമാനത വ്യക്തമാക്കുന്നു.

ഞാൻ ശിവപുരിബാബയോട് അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ യോഗമോ യോഗമാർഗമോ ആയി കരുതാൻ കഴിയുമോ എന്നു ചോദിച്ചപ്പോൾ അത് യോഗയ്ക്കപ്പുറമാണെന്ന് പറഞ്ഞു. അദ്ദേഹത്തിൻെറ ഉദ്ദേശം. മനസ്ഥറിൽ നിന്ന് കിട്ടിയ വരികളിലൂടെ വ്യക്തമാക്കാം.

ശി.ബാ: സകല മതങ്ങളും സിദ്ധാന്തങ്ങളും ഏകകണ്ഠമായി ഒരു പരമസത്യത്തിലേയ്ക്കോ ദൈവത്തിലേയ്ക്കോ ചൂണ്ടുന്നു. ഈ ജീവിതം നിറയെ അപൂർണതയും അബദ്ധങ്ങളുമാണ്. എന്നാൽ അതിനപ്പുറത്തേയ്ക്കുപോയാൽ നമുക്കൊരു പൂർണജീവിതം ലഭിക്കും ഈ സിദ്ധിയുടെ കാര്യത്തിൽ ക്രിസ്ത്യൻ ബുദ്ധിമതങ്ങളും പാശുപതം, വൈഷ്ണവം തുടങ്ങിയ ജാതിയും സമ്പ്രദായങ്ങളുമെല്ലാം യോജിക്കുന്നു. ആ പൂർണ്ണത (ദൈവം) ലബ്ധമാകാൻ നമ്മളോട് ചിലതു ചെയ്യാനും നിശ്ചിതരീതിയിൽ പെരുമാറാനും ചിലതറിയാനും അനുശാസിക്കുന്നു. മഹൽസിദ്ധിയുടെ അതിരിക്തവശങ്ങളായ ഈ ചെറുകാര്യങ്ങൾ അവർ വിവിധ രീതിയിൽ പറയുന്നു. ഈ ഭിന്നാഭിപ്രായങ്ങളെയെല്ലാം ഏകീകരിക്കുകയും വകതിരിക്കുകയും കർമ്മം, ജ്ഞാനം, ഭക്തി എന്നീ പേരിൽ മൂന്നു വിധികളാക്കുകയും ചെയ്യുന്നു.

നിർഭാഗ്യവശാൽ നമുക്ക് മൂലബ്രഹ്മസൂത്രം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നുള്ള ബ്രഹ്മസൂത്രം ഈ വ്യത്യസ്ത ഭാഷണങ്ങളിരോന്നിനേയും നിഷേധിക്കുന്നു. അത് വ്യത്യസ്ത പാഠങ്ങളേയും അവയുടെ പ്രവചനങ്ങളേയും വിലയിരുത്തി അപഗ്രഥിക്കുന്നതുവഴി കർമ-ജ്ഞാന-ഭക്തി എന്നിങ്ങനെ മൂന്നായി തിരിക്കുകയും മറ്റു തരത്തിൽ അവയെയെല്ലാം നിഷേധിക്കുകയും ചെയ്യുന്നു.

1. ചിലതു ചെയ്താൽ (അതായത് കർമത്താൽ) നമുക്കു ലഭിക്കുന്നത് ശരീരസുഖം മാത്രമാണ്. അത് മഹൽസിദ്ധികളിലേക്കെത്തിക്കുമെന്നു പ്രവചിക്കുമ്പോൾ കർമം യഥാർഥത്തിൽ ബാഹ്യസുഖം മാത്രമേ നൽകു.
2. പ്രത്യേക വഴിക്കുള്ള പെരുമാറ്റത്താൽ (ഭക്തിയാൽ) സന്തോഷം മാത്രമേ നേടാൻ കഴിയൂ.
3. ചിലതറിഞ്ഞാൽ (ജ്ഞാനമാർഗം) നമ്മൾ നേടുന്നത് പരിത്യാഗവും തൽഫലമായി ശാന്തിയും മാത്രമാണ്. ദൈവബോധം ഇനിയും എത്രയോ ദൂരെയാണ്.

അപ്രകാരം ഓരോന്നും പൂർണവും ദൈവത്തെ വിട്ട് മറ്റെന്തിലേയ്ക്കോ ചൂണ്ടുന്നതും അതിനാൽ ഒന്നൊന്നായി നിഷേധിക്കേണ്ടതുമാണ്. അപ്പോൾ ദൈവത്തിലേയ്ക്ക് നയിക്കാനുള്ള മറുമാർഗം എന്താകണം? ഇവിടെ ഭഗവദ് ഗീത മുന്നോട്ടുവന്ന് ഈ മൂന്നിനേയും മാന്യന്മാരെപ്പോലെ കരുതുകയും ചെയ്യുന്നു. എല്ലാറ്റിനേയും പൂർണമായി പഠിച്ച് ഉപയോഗ്യമാക്കാൻ ഉപദേശിക്കുന്നു. മൂന്നും ചേർന്നാൽ മുമ്പെല്ലാവരും സമ്മതിച്ച ലക്ഷ്യത്തിലേയ്ക്കു ചൂണ്ടുന്നതിൻെറ ഒരു ഘടകമാകും. ഈ മൂന്നുപ്രവർത്തനങ്ങൾക്കുമിടയിൽദൈവത്തെ ലക്ഷ്യമാക്കിയാൽ ഓരോന്നിൻെറയും തനതായ വ്യത്യസ്തഫലങ്ങൾക്കുള്ള പ്രാധാന്യം നശിക്കുന്നു. അവയെല്ലാം ഒന്നായി ഉപയോഗിച്ച് ദൈവലബ്ധിയുടെ ഫലം നേടുന്നു - സർവകർമഫലത്യാഗം. അതായത് ലക്ഷ്യത്തിലോ ബോധത്തിലോ എത്തുന്നതുവരെ വിവിധ ഫലങ്ങളുടെ ആസ്വാദനകുടുക്കിൽപ്പെടാതെ നാം നോക്കണം.

നിർവികല്പസമാധി

നമ്മളെത്തുന്ന ഓരോ സുരക്ഷാസ്ഥാനവും നാമതാസ്വദിക്കാൻ തുടങ്ങിയാൽ തൽക്ഷണം കാരാഗൃഹമായിമാറുന്നു. അപ്രാപ്യലക്ഷ്യത്തിലാണ് നാമെന്നും അവിടെ എല്ലാ ആശകളും നിറവേറപ്പെടുമെന്നും ഇത് നാമാശിച്ചപോലെ പൂർണസുഖമാണെന്നും അഥവാ അതു നാം തേടിയ വിജ്ഞാനവും ഓജസ്സും തരുമെന്നും വ്യാമോഹിപ്പിച്ചു അവിടെ നിർത്തിയേക്കും. അതിനപ്പുറം പോകാൻ നേടിയ വിജ്ഞാനവും സുഖവും ഊർജ്ജംപോലും ത്യജിക്കണം. നാം ഇപ്പോൾ ജീവിതത്തിലെത്തിയെന്നും ഇത്ര വിഷമിച്ചെടുത്ത ജീവിതം നശിപ്പിക്കുകയാണെന്നും നമുക്കു തോന്നിയേക്കാം. എന്നാൽ മരണമില്ലാതെ ഉയിർത്തെഴുന്നേൽപ്പുണ്ടാകാൻ സാദ്ധ്യമല്ല. പരമസത്യാന്വേഷികൾക്കും ഏതെങ്കിലും ഒരു നാഴികക്കല്ലിൽ എത്തുമ്പോൾ ലക്ഷ്യത്തിലേയ്ക്കുള്ള വഴി നഷ്ടപ്പെട്ടിട്ടുണ്ട്.

അതേ പാതയിൽ നാം മുന്നോട്ടുപോകുമ്പോൾ വിഷമം കുറയുകയല്ല കൂടുകയാണ്. ലബ്ധിയുടെ ആദ്യഘട്ടങ്ങളിൽ എത്ര തന്നെ ആനന്ദപ്രദവും സ്ഥിരവുമായി അവ തോന്നാമെങ്കിലും വേഗത്തിൽ മങ്ങാൻ തുടങ്ങും. അവയ്ക്കു ബാഹ്യലോകത്തിൻെറയും നമ്മുടെ തന്നെയും സ്വാധീനങ്ങളെ ചെറുത്തുനില്ക്കാനാവില്ല. നമുക്ക് നമ്മെ തന്നെ വഞ്ചിക്കാനാവില്ല. പിന്നീട് നാം ശക്തിയാർജ്ജിക്കുന്നതായി തോന്നുകയും അത് മുക്തിയായി തെറ്റിദ്ധരിക്കുകയും ചെയ്യും. അതിനുമപ്പുറം വീണ്ടും സാമാന്യാത്മാക്കൾക്കെത്താൻ കഴിയാത്ത മഹൽസിദ്ധികൾ തുറന്നുകിട്ടും. നാം ഈ സ്ഥിതിയിലെത്തുമ്പോൾ ബാഹ്യലോകസ്വാധീനങ്ങളുടെ പ്രവണതകൾ നമ്മളിലുണ്ടാവുകയില്ല. കാരണം നമ്മൾ തികച്ചും മുക്തനും ഇക്കാര്യത്തിൽ ചതിക്ക

പ്പെടാത്തവനുമായിരിക്കുന്നു. ആപത്ത് നാം 'പ്രാപിച്ചു'കഴിഞ്ഞു എന്ന തോന്നലാണ്. നമുക്കു ലഭിക്കുന്ന പരമാനന്ദം. തികഞ്ഞ ദൈവബോധമാണെന്നും നമുക്കിനി ആഗ്രഹങ്ങളില്ലെന്നും കൂടുതൽ പോകേണ്ട ആവശ്യമില്ലെന്നും വ്യാമോഹിപ്പിക്കും. ഈ വ്യാമോഹം ഞാൻ സ്വയം അനുഭവിച്ചിട്ടുള്ളതിനാൽ എനിക്കിതുറപ്പായി പറയാൻ കഴിയും. എന്നാൽ അതെങ്ങനെ തിരിച്ചറിയാമെന്നും അപ്പുറം കടക്കാമെന്നും ശിവപുരിബാബ അതിനെപ്പറ്റി പറഞ്ഞതിനുമുമ്പ് ഞാനത്ര വ്യക്തമായി അറിഞ്ഞിരുന്നില്ല. ദൗർഭാഗ്യത്തിനു ഈ വിഷയം അദ്ദേഹവുമായി സംസാരിച്ചതിൻെറ റെക്കോഡ് എൻെറ പക്കലില്ല. എന്നാൽ മനസ്സറു ടെ കുറിപ്പ് നമുക്കെല്ലാം യോജിച്ചതാണ്.

ശി.ബാ: കർമവും അകർമവും വികർമവുമാണ് നമ്മുടെ പ്രവർത്തനങ്ങളുടെ മൂന്നു സ്ഥിതികൾ. അനാവശ്യമായ അകർമവും ആപൽക്കാരിയായ വികർമവും ത്യജിക്കണം. ഉപയോഗപ്രദമായ കർമം മാത്രം വേണ്ടപോലെ നിർവഹിക്കണം. ഇത് അത്യധികം വിഷമമാണെങ്കിൽ നമ്മുടെ ത്യാഗശക്തിക്കനുസരിച്ച് ക്രമേണ മാത്രം അവയെ ത്യജിക്കുന്ന ജോലി പൂർത്തിയാക്കണം. ദിവസേന ഏകദേശം എല്ലാ വിധികളും തുടർന്നുചെയ്യുന്ന കർമത്താൽ കാലക്രമേണ നമ്മുടെ കഴിവ് സ്വാഭാവികമായും വളരുന്നു. ഭൗതികവും ആത്മീയവുമായ ബാഹ്യലോകത്തോടുള്ള നമ്മുടെ ബന്ധം നല്ലപോലെ ഉറയ്ക്കും. ജീവിതാവശ്യങ്ങളെ സംബന്ധിച്ചിടത്തോളം അപ്പോഴേയ്ക്കും ശാന്തമാകുമെന്നതിനാൽ ബാഹ്യലോകത്തിനെതിരെ നമുക്കൊരു ആക്ഷേപവുമുണ്ടാകുകയില്ല. അപ്പോൾ അതിനപ്പുറമുള്ള പരമസത്യത്തെ സ്വതന്ത്രമായി ചിന്തിക്കാൻ നാം അനുവദിക്കും.

നമ്മുടെ ചോദ്യം 'ഞാനാരാണ്?' എന്നതാണ്. 'ദൈവമേ, ആ രഹസ്യം വെളിപ്പെടത്തു.' ആർത്തമനസ്സോടെ പ്രാർഥിച്ച് ശേഷജീവിതം ചിലവഴിക്കുക. അദ്ദേഹത്തെ നമസ്ക്കരിക്കുകയും കൃപ യാചിക്കുകയും അത് ലഭിക്കുന്നതുവരെ ആർത്തരോദനം തുടരുകയും ചെയ്യുക. ഇത് വളരെ വിഷമം തന്നെയെങ്കിലും ഇതരമാർഗങ്ങൾ ഇതിന് പകരമല്ലാത്തതിനാൽ നാം തുടരണം. അതിൻെറ പരുക്കൻ സ്വഭാവം മറക്കാനും അറിയാനും നാം ധർമ്മത്തിലോ ധ്യാനത്തിലോ കഴിയണം.

പരമചിന്തയിൽ ദീർഘനേരമിരിക്കാനുള്ള കഴിവു വർദ്ധിപ്പിക്കുമ്പോൾ ദീർഘപരിശീലനത്തിനുശേഷം നമ്മൾ ഒരുതരം പാവനസുഖമനുഭവിക്കാൻ തുടങ്ങിയേക്കും. അതാണ് നാം പറയുന്ന നിർവികല്പസമാധി. അവിടെ നാം കുടുക്കിലായേക്കാം. അതിനെ ലക്ഷ്യമായി അങ്ങനെ നമ്മൾ തെറ്റിദ്ധരിച്ചേക്കാം. സംഭവിക്കുന്നത് നമ്മുടെ അശ്രദ്ധകൊണ്ടുമാത്രമാണ്. 'ഞാൻ ആരാണ്?' എന്ന മൂലപ്രശ്നവുമായി നമ്മൾ മുന്നോട്ട് പോകുകയാണ് വേണ്ടത്. ഈ സത്യത്തിൻെറ

സത്യം മറനീങ്ങാത്തിടത്തോളം കാലം നമ്മുടെ ആർത്തരോദനം തുടരുക തന്നെവേണം. അല്ലെങ്കിൽ നാം നാശഗർത്തത്തിലാഴും. കാരണം ഈ സുഖാനുഭൂതിയുടെ ലോകത്തിന് ഒരവസാനമുണ്ട്. ഇതിനെയാണ് ആത്മീയത എന്നു പറയുന്നത്. ഒരു നദി അതിൻെറ ലക്ഷ്യത്തിലേയ്ക്കു നിശ്ചിത മാർഗത്തിലൂടെ ഇഞ്ചിഞ്ചായി നീങ്ങുന്നതുപോലെ നമ്മൾ ഈ ദൈവദർശനരോദനത്തോടെ ഒഴുകി പോകണം.

ഈ രണ്ടു വിധികൾക്കുമിടയിൽ നമ്മുടെ മനസ്സെന്നു പറയുന്ന ഒരു പ്രവർത്തന സിദ്ധാന്തമുണ്ട്. ഈ മനസ്സിപ്പോൾ സാത്വികം, രജസ്സ്, തമസ്സ് എന്നുപേരായ മൂന്നു ഗുണങ്ങളുടെ കൂടെയാണ്. മനസ്സിന് ഇപ്പോൾ അവയുമായുള്ള ബന്ധം (അതിൻെറ നിലവാരത്താൽ വിലയിരുത്തുമ്പോൾ) നിയമവിരുദ്ധമാണ്. പൊതുവെ ഇച്ഛക്ക് സാത്വികത്തോടും, രാഗത്തിന് രജസ്സിനോടും ദ്വേഷത്തിന് തമസ്സിനോടും സമാനതയുണ്ട്, ഈ മൂന്നു സ്ഥിതികൾക്കുമപ്പുറമുള്ള മനസ്സിനും ചിലതരം ആഗ്രഹമുണ്ടാകാം. എന്നാൽ മറനീക്കികിട്ടാനുള്ള രോദനമൊഴികെ നമ്മുടെ പ്രവർത്തനങ്ങളിൽ മറ്റ് ഉദ്ദേശമൊന്നുമില്ലാത്തതിനാലും, നമ്മുടെ ജീവിതപാലനത്തിനാവശ്യമായതിൽ കൂടുതൽ നീചവിചാരങ്ങളുടെ (ബാഹ്യലോകവുമായ ബന്ധം മൂലം) ആശയങ്ങളിൽ പെട്ടുപോകരുതെന്നതിനാലും, ഇത്തരം ആഗ്രഹം മനസ്സിനെ ദുഷിതമാക്കുന്ന അശുദ്ധിയിൽ നിന്നും മുക്തമായിരിക്കും. നമ്മുടെ പ്രവർത്തനങ്ങളുടെ അടിത്തട്ടിൽ രാഗവും ദ്വേഷവുമുണ്ടാകുമ്പോൾ നാം ആവശ്യത്തിലധികമോ കുറവോ അവയുമായി ഇടപഴകും. കൂടുതലായാൽ നമുക്ക് നമ്മുടെ ഊർജ്ജം വെറുതെ നഷ്ടപ്പെടും, കുറവായാൽ ജീവിതാവശ്യങ്ങൾ നമ്മെ വിഷമിപ്പിക്കും. ഏതിലും, ഉയർന്നാലും താണാലും നമുക്ക് വിഷമം തന്നെ നേരിടേണ്ടിവരുകയും നമ്മുടെ മാനസികസമനില തെറ്റുകയും ചെയ്യും. അതുകൊണ്ടാണ് ഈ മൂന്നാമത്തെ തത്വം - സാത്വികനില-തള്ളിക്കളയാനാകാത്ത ഒരു സുപ്രധാനഘടകമാകുന്നത്.

മേൽപറഞ്ഞ മൂന്നു തത്വങ്ങൾ ഇടചേർന്നു പോകണം. എത്രതന്നെ ശോഭനമാണെങ്കിലും മറ്റൊരു സിദ്ധാന്തവും തിട്ടപ്പെടുത്തിയ ഈ ജീവിതനിയമങ്ങളിൽ നിന്ന് നമ്മെ വലിച്ചുമാറ്റാൻ അനുവദിക്കരുത്. നമ്മുടെ വിധിമാർഗ്ഗം നടപ്പാക്കാൻ ഉപയോഗിക്കണം.

സാത്വികതത്വം ഒരളവുകോലായി നമ്മെ സഹായിക്കുകയും മറ്റു രണ്ടു പ്രവർത്തനങ്ങളും, പരിശോധിക്കുകയും ചെയ്യുന്നു,

ബുദ്ധിയുടെ എല്ലാ പ്രവർത്തനരീതികളും മറ്റൊരുവിധത്തിൽ വീക്ഷിച്ചാൽ അത് 'പുരുഷ'ൻെറ ദൈവാന്വേഷണത്തിനും ജീവിതത്തിനുംവേണ്ടി അവനുകൊടുത്ത ശാസ്ത്രവിധിയിൽ നിന്നുള്ള മോചനം കൂടി ഉൾപ്പെട്ടതാണെന്നുകാണാം. ശാസ്ത്രവിധികളെ

ആശ്രയിക്കുന്നു എങ്കിലും നാം അവയ്ക്ക് അടിമകളാവേണ്ടതില്ല. അവ ഓരോന്നും എന്തിനാണെന്നും അല്ലെന്നും എന്തു ചെയ്യാൻ കഴിയില്ലെന്നും മനസ്സിലാക്കണം. ഞങ്ങളുമായുള്ള സംസാരത്തിൽ ശിവപുരിബാബ ബുദ്ധിയുടേയും (സ്വാഭാവികജ്ഞാനം) ബോധത്തിൻേറയും (ആത്മീയജ്ഞാനം) പ്രധാന വ്യത്യാസം പറയുകയുണ്ടായി. ബോധം ആത്മീയമാണ്.

ഈ ആശയം തിരുത്തലോടെ ചില കുറിപ്പുകളിൽ ഞാൻ കണ്ടിട്ടുണ്ട്. പൂണുനൂലിട്ട നാൾമുതൽ മരണംവരെ എല്ലാ ബ്രാഹ്മണരും കാലത്തും രാത്രിയും ആവർത്തിച്ചു ഉച്ചരിക്കുന്ന ഗായത്രിയുടെ അനുശാസനയെക്കുറിച്ചും അതിലുണ്ട്. ഋഗ്വേദത്തിൽ നിന്നുമെടുത്ത 3.62.10) ആ പാദം പറയുന്നു: "നമുക്ക് സവൃത്രിയുടെ പ്രസിദ്ധമായ പ്രഭാഗോളം ധ്യാനിക്കുക. അതു നമ്മുടെ ബുദ്ധി തേജോമയമാക്കട്ടെ!"

ശി.ബാ: നാം ഈ ലോകത്തിൽ ചെയ്യുന്നതെല്ലാം നമ്മുടെ ബുദ്ധി വഴിയാണ്. അതൊരു അനുശാസനമാണ്. നാം അവയെമാത്രം അനുകരിക്കുന്നു. നാം കണ്ണടച്ചതിനെ പിന്തുടർന്നാൽ അവ തെറ്റാണെങ്കിൽ, അത് നമ്മളെ ആപത്തുകളിലേയ്ക്കു നയിക്കും. അതുകൊണ്ടാണ് നമ്മെ വഴിതെറ്റിക്കരുതെന്നു ബുദ്ധിയോടു പ്രാർഥിക്കുന്ന ഗായത്രി ദിവസേന ജപിക്കാനാവശ്യപ്പെടുന്നത്. അത് നമ്മളിലുള്ള മനസ്സിനെപ്പോലെയോ വിവിധ ഇന്ദ്രിയങ്ങളെപ്പോലെയോ പ്രത്യേക സമുച്ചയമാണ്. അതിനാൽ അതിനെ ഈശ്വരനെപ്പോലെ പൂജിക്കണം. ക്ഷൗരക്കാരൻ തൻെറ കത്തികൾ ദിവസേന മൂർച്ചകൂട്ടുന്നതുപോലെ ബുദ്ധിക്കു കൂർമതനൽകാനും കൂടുതൽ യുക്തമാക്കാനും എല്ലാ വിഷമങ്ങളുമകറ്റാനും, ഇത് ദിവസവും ആവശ്യമാണ്.

ഈ സ്വാഭാവികജ്ഞാനത്തിന് നാം പറയുന്ന പേര് ബുദ്ധി എന്നാണ്. പൂർണമല്ല. അതിൻെറ മാർഗം തുടർന്നാൽ നാമെപ്പോഴും വിഷമങ്ങളിൽ പതിക്കും. ബോധം എന്നു വിളിക്കുന്ന ഒരു പരമജ്ഞാനമേയുള്ളു. അത് നമുക്ക് വിഷമത്തിൽ നിന്ന് മുക്തിതരുന്നു. ഈ ബോധം നമുക്ക് മാർഗദർശനമാകണം. അതിൻെറ സിദ്ധി നാം എത്രവരെ ആ മൂന്നു സിദ്ധാന്തങ്ങൾ വഴി മനസ്സ് ശുദ്ധീകരിച്ചിട്ടുണ്ടോ എന്നതിനെ ആശ്രയിച്ചിരിക്കും.

നമ്മുടെ ബുദ്ധി സാത്വികതയുടെ വഴിയിലായിരിക്കണം. അറിവു കൊണ്ടോ ത്രിഗുണങ്ങളുടെ സ്വാധീനം അകറ്റിയോ അകർമവികർമങ്ങളെ നീക്കംചെയ്തോ അതു സാധിക്കാം. ഉദാഹരണത്തിന് ഒരാളിൽ നിന്ന് നിങ്ങളൊരു വാച്ചു വാങ്ങി അതൊരു കളവുമുതലാണെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. നഷ്ടപ്പെട്ടയാൾ അതു തൻേറതാണെന്ന് അവകാശപ്പെടുന്നു. ഇനി നമുക്ക് സംഭവത്തിലേയ്ക്കു ചൂഴ്ന്നു നോക്കാം. ഈ വാച്ചുവാങ്ങുന്ന കർമം നാം ചെയ്തു. ആരാണ് ഈ

വിഷമങ്ങളെല്ലാം നമ്മളിലേൽപിച്ചത്? വ്യക്തമായും ബുദ്ധിയിൽ കൂടിയാണ് നാം ജോലിചെയ്തത്. മൂന്നുസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ഇതെത്ര തെറ്റാണെന്നു നമുക്കുനോക്കാം. പ്രവർത്തനഭാഗത്ത് (അനാവശ്യമോ ആപൽക്കരമോ അല്ലാത്ത) ഇതൊരു കർമ്മമായതിനാൽ ഇതു ശരിയാണ്. അറിവിൻെറ ഭാഗത്തും നാം ഉദ്ദേശിച്ചത്ര നല്ലതായതിനാൽ ഇതു ശരിയാണ്. എന്നാൽ സാത്വികവശത്തിൽ നാം തെറ്റുകാണുന്നു. ശരിയായ സാത്വികത വാച്ചുവാങ്ങുന്നതിൽ നാം കാണിച്ചില്ല. അറിയപ്പെടുന്ന വ്യാപാരിയിൽ നിന്നോ വിശ്വസ്ത ഏജൻറിൽ നിന്നോ നാം അതുവാങ്ങേണ്ടിയിരുന്നു. ഈ ആശയം നമ്മുടെ മനസ്സിൽ മുമ്പൊരിക്കലും ഉദിച്ചില്ല. മൂന്നു സിദ്ധാന്തങ്ങളിലൊന്നു തെറ്റാണെങ്കിൽ മറ്റുരണ്ടെണ്ണം ശരിയാണെന്നതൊരു നീതീകരണമല്ല. വിഷമം സംഭവിച്ചുകഴിഞ്ഞു. അതിനർത്ഥം മറ്റു രണ്ടിനേയും ബാധിച്ചുവെന്നും തെറ്റായികാണപ്പെടുന്നുവെന്നുമാണ്.

ഒന്നാമദ്ധ്യായത്തിൽ ഞാൻ 'ഹഫ്റിപ്പ്മാൻെറ' യാത്രാവിവരണത്തിൽ നിന്നുദ്ധരിച്ചിരുന്നു. താഴെകൊടുക്കുന്നത് അതിൻെറ തുടർച്ചയാണ്.

"ഭഗവദ് ഗീതയിലെ ആദ്യ അദ്ധ്യായങ്ങളിൽ പറഞ്ഞ 'ഒരുവൻ എങ്ങനെ ജീവിക്കണമെന്ന സിദ്ധാന്തത്തിൽ ജീവിക്കാൻ, മനുഷ്യനെങ്ങനെ പഠിക്കാൻ കഴിയുമെന്ന് ഞാനദ്ദേഹത്തോടുചോദിച്ചു. ദിവസത്തെ രണ്ടായി വിഭജിക്കുന്നതിനെപ്പറ്റി അദ്ദേഹം പറഞ്ഞു: ഒരു ഭാഗം അത്യാവശ്യങ്ങളനുഷ്ഠിക്കാൻ; ഒരു ഭാഗം ദൈവാരാധനക്ക്. അത്യാവശ്യ കർമങ്ങളെപ്പറ്റി സംസാരിച്ചു, അനാവശ്യ കാര്യങ്ങൾ ഒരാൾ ചെയ്യാൻ ശ്രമിക്കരുതെന്നും അത്യാവശ്യമായത് ചെയ്യണമെന്നും മോഹങ്ങൾ തൃപ്തിപ്പെടുത്താൻ വേണ്ടിയാകരുതെന്നും അദ്ദേഹം വിവരിച്ചു. ഉദാഹരണമായി ഭക്ഷണം കഴിക്കണം; അധികമാകരുത്; ഭക്ഷണത്തിൻെറ രുചിക്കു വശംവദനായി കൂടുതൽ കഴിക്കരുത്. ഭക്ഷണം, സഞ്ചാരം, ഇരിക്കൽ, സംസാരം, എഴുത്ത്, വായന, ചിന്ത തുടങ്ങി എന്തായാലും ഈവിധം ചെയ്യണം. ബോധപൂർവം ചെയ്യണം. ഇതാദ്യം കുറച്ചു വിഷമമാണെന്നും അതിന് വളരെ പരിശീലനം വേണമെന്നും എന്നാൽ പരിശീലനത്താൽ അത് കൂടുതൽ എളുപ്പമാകുമെന്നും അദ്ദേഹം ഒരു പുഞ്ചിരിയോടെ പറഞ്ഞു.

ത്രിഗുണങ്ങളെപ്പറ്റി പറയാൻ ഞാനദ്ദേഹത്തോടുപറഞ്ഞു.

ശി.ബാ: ഇപ്പോൾ നമ്മൾ ത്രിഗുണത്തിൻെറ പിടിയിലാണ്. അവർ നമ്മളിൽ കൂടി പ്രവർത്തിക്കുന്നു, നാം അവരുടെ നിസ്സഹായ കളിക്കോപ്പുകളാണ്. നമുക്ക് അവയെ നമ്മുടെ ദാസന്മാരാക്കണം.

ഉദാഹരണത്തിന്, അദ്ദേഹം തികച്ചും ഗുർദ് ജീഫിനെപ്പോലെ സംസാരിച്ചു "ആന്തരികമായി അറിയപ്പെടാതിരിക്കുക, പുറമേയ്ക്കു

തന്റെ ഭാഗം ബോധപൂർവം അഭിനയിക്കുക." അദ്ദേഹം ഈ വാക്കുകൾ ഉപയോഗിച്ചില്ല. അദ്ദേഹം ഉള്ളിൽ കോപവികാരമില്ലാതെ കോപിഷ്ഠനായി പെരുമാറുന്നതിനെപ്പറ്റി സംസാരിച്ചു. മനസ്സ് നിയന്ത്രണത്തിലും വികാരരഹിതവും.

ഞാൻ ഊർജ്ജത്തെപ്പറ്റിചോദിച്ചപ്പോൾ, ചിലതിന്റെ പ്രവർത്തനാധാരം എന്നദ്ദേഹം മറുപടി പറഞ്ഞു. വീണ്ടും അദ്ദേഹം ഗുർദ് ജീഫിന്റെ സിദ്ധാന്തത്തോടു തികച്ചും അനുയോജ്യമായി പറഞ്ഞു.

ശി.ബാ: എല്ലാ പ്രവർത്തനങ്ങൾക്കും അതിന്റേതായ ഊർജ്ജം ആവശ്യമാണ്. ഒരു പ്രവർത്തനത്തിനു ആവശ്യമില്ലാത്തത് ഉയർന്ന പ്രവർത്തനങ്ങൾക്കു, ഉയർന്നഗുണത്തിലേയ്ക്കു പരിവർത്തനം ചെയ്തുപയോഗിക്കാവുന്നതാണ്.

ശ്വാസംവഴി ഊർജ്ജം സ്വരൂപിക്കുന്നതിനെപ്പറ്റി പറയുമ്പോൾ മനുഷ്യനു എന്തു സ്വരൂപിക്കാമെന്നത്, അവരെങ്ങിനെ ശ്വസിക്കുന്നുവെന്നും അതുള്ളിലെങ്ങനെ നിർത്തുന്നുവെന്നുമുള്ളതിനെ ആശ്രയിച്ചിരിക്കുമെന്നദ്ദേഹം പറഞ്ഞു. ശ്വാസത്തിന്റെ സമയത്തെ (3 മുതൽ 6 വരെ നിമിഷം) പറ്റിയും ശ്വാസത്തിനും ഉച്ഛ്വാസത്തിനും ഓരോന്നിനും ഇടയ്ക്ക് വിരാമം വേണമെന്നും ഉപദേശിക്കുകയും, ഇതു ഭൌതികാരോഗ്യത്തിന് ഉപകാരമാകുമെന്നും അങ്ങനെ ശീലിക്കുന്നവൻ സാമാന്യേന നൂറുവയസ്സുവരെയെങ്കിലും ജീവിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഞാൻ ഇരുന്നൂറ് കൊല്ലവും അധികവും ജീവിച്ച സന്യാസിമാരെ പറ്റി കേട്ടിട്ടുണ്ടെന്നു പറഞ്ഞു. ഇത് തികച്ചും സംഭാവ്യമാണെന്നും, ശ്വാസം ദീർഘനേരം ഉള്ളിലടക്കുന്ന പ്രത്യേക ശ്വാസപരിശീലനം വഴി ഒരു മനുഷ്യന് ഒരായിരം വർഷം ജീവിക്കാമെന്നും അദ്ദേഹം പറഞ്ഞു. ജീവിതദൈർഘ്യവും ശ്വസനരീതിയും തമ്മിൽ അടുത്ത ബന്ധമുണ്ടെന്നദ്ദേഹം പറഞ്ഞു.

അദ്ദേഹം സംസാരിക്കുന്ന സമയത്തെല്ലാം അദ്ദേഹം സ്നേഹത്തിന്റെയും ഭവ്യതയുടേയും വിനയത്തിന്റെയും കിരണവലയമായിരുന്നു. അതേ സമയം അതേ ദൃഢസ്വഭാവം വഹിക്കുന്ന അദ്ദേഹത്തിന്റെ സംഭാഷണവും സിദ്ധാന്തങ്ങളെപ്പറ്റി പറയാതെ തെളിഞ്ഞ യാഥാർത്ഥ്യത്തെപ്പറ്റി പറയുന്നതും ഞാനാദ്യം ഔസ്പൻസ്കിയുടെ പ്രഭാഷണം കേട്ടപ്പോഴെന്നപോലെ എന്നിൽ പതിഞ്ഞു.

ഒരു ഗുരുവൊന്നിച്ചു താമസിച്ച് ഒരാൾക്കെങ്ങനെ പഠിക്കാൻ കഴിയുമെന്ന് അദ്ദേഹം വളരെ രസകരമായി പറഞ്ഞു. സിദ്ധാന്തങ്ങൾ പഠിപ്പിക്കേണ്ടപ്രശ്നമേയില്ലെന്നദ്ദേഹം പറഞ്ഞു. അതു തികച്ചും പ്രായോജികമാക്കണം. ഒരുവൻ എന്തെങ്കിലും തെറ്റായ രീതിയിൽ ചെയ്തുവെങ്കിൽ 'ഇതു ചെയ്യുന്നതു തെറ്റായ മാർഗ്ഗത്തിലാണ്' എന്നു ഗുരു

പറയും. കുറച്ചു കൊല്ലത്തിനകം ഒരുവൻ ശരിയായ രീതിയിൽ
പ്രവർത്തിക്കാൻ പഠിക്കും.

ശി.ബാ: നമ്മുടെ ബോധങ്ങൾ സാത്വികം, രജസ്സ്, തമസ്സ് എന്നി
ങ്ങനെ മൂന്നാണ് - അദ്വൈതം, വിശിഷ്ടാദ്വൈതം, ദ്വൈതം; ആത്മാ
വും മനസ്സും ബുദ്ധിയും നാം ഒരു മരം കാണുമ്പോൾ അതിന്റെ
ബോധമുണ്ടാകുന്നു. അതിന്റെ സ്ഥിതിമാത്രം ഒരു ബോധമാണ്.
അതു വളരുന്നു, തണൽ തരുന്നു, ഫലം തരുന്നു തുടങ്ങിയ
ആശയങ്ങൾപോലെയുള്ള അതിന്റെ സ്വഭാവം ഒരുബോധമാകാൻ
കഴിയും. വിറകിനും, മേശ, കസേര തുടങ്ങിയ ഉപകരണങ്ങൾക്കുള്ള
ഇതിന്റെ ഉപയോഗവും ബോധമാണ്. അപ്രകാരം നമുക്കൊരു വസ്തു
വിന്റെ ബോധം മൂന്നു തരത്തിൽ ഉണ്ടാവും. അദ്വൈതം ഒന്നാമത്തെ
തരത്തിലുള്ള ബോധത്തിൽ നിലകൊള്ളുന്നു. വിശിഷ്ടാദ്വൈതം രണ്ടാ
മത്തെ തരത്തിലും ദ്വൈതം മൂന്നാമത്തേതിലും നിലകൊള്ളുന്നു. നാം
ഈ വിവിധബോധങ്ങളെ മായയായി കണക്കാക്കുകയും ഇവയിൽ
ഒരു സ്തംഭത്തിൽ കയറി മുന്നോട്ടുനോക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.
ശ്രീശങ്കരനും രാമാനുജനും മാധവാചാര്യനും അപ്പുറത്തെപ്പറ്റി സംസാ
രിക്കാൻ നിന്ന പ്ലാറ്റുഫോം ഈ മൂന്നുമാണ്.

ചോദ്യം: നമുക്ക് എന്തിന് അച്ചടക്കമുണ്ടാവണം?

ശി.ബാ: ഈ പ്ലാറ്റുഫോറങ്ങളിൽ കയറാൻ ശ്രമിക്കുമ്പോൾ നമ്മൾ
തെറ്റിദ്ധാരണ ഉണ്ടാകാതെ സൂക്ഷിക്കണം. 'ഇപ്പോൾ എനിക്കു
കാണാൻ കഴിയും' എന്നു ചിന്തിക്കുന്നത് നമ്മുടെ അഹങ്കാരമാണ്.
ഇതു പൂപ്പ് പോലെയാണ്. ചളിച്ചാലിൽ വെള്ളം ഒഴുകുമ്പോഴുള്ള
പൂപ്പൽപോലെ. അതു ജീവിതത്തിൽ സ്വാഭാവികമായും വരുന്നു. ചളി
ച്ചാലിന്റെ താഴെയുള്ള ഭാഗം കാണാൻ ചളി ദിവസേന മാറ്റേണ്ടി
വരും. അന്തർസത്തയുടെ യഥാർത്ഥസ്വഭാവത്തിന്മേലുള്ള അഹങ്കാരം
നിഷ്ഫലമാക്കാനാണിത്. അതിന് യജ്ഞവും ദാനവും തപസ്സും
ചെയ്യണം. പൂപ്പൽപോലെയായ അഹംകാരം കൊണ്ട് നമ്മുടെ അന്തഃ
സത്തയുടെ യഥാർത്ഥ സ്വഭാവം മറഞ്ഞിരിക്കും. ഈ അഹങ്കാരം
നീക്കാൻ നമ്മുടെ ഭാഗത്തുനിന്നുള്ള പരിശ്രമം അതായത് നമ്മുടെ
ജീവിതവുമായി അതിന്റെ ബന്ധത്തിന്റെ എതിർശക്തി യജ്ഞവും,
ദാനവും തപസ്സുമാണ്. ഒരിരുമ്പുകഷ്ണം പുറത്തേയ്ക്ക് എറിഞ്ഞാൽ
അത് തുരുമ്പുപിടിക്കും. അത് മാറ്റാൻ നാം അല്പം ബുദ്ധി ഉപയോ
ഗിക്കണം.

ശി.ബാ: നമ്മുടെ അഹങ്കാരം ഇടപെടാതെ നമുക്ക് പരിതസ്ഥി
തി നോക്കാൻ കഴിയുമ്പോൾ നമുക്ക് ഉറച്ച തീരുമാനത്തിലെത്താൻ
കഴിയും. അഹങ്കാരത്തിനു മറ്റുള്ളവരിൽ നിന്നു കണ്ടതിനേയും കേട്ടതി
നേയും ആശ്രയിക്കുകയല്ലാതെ സ്വന്തം തീരുമാനങ്ങളില്ല. അതിനാ

ലാണ് തന്റെ അഹങ്കാരത്തിനടിമപ്പെട്ടവർ ഒരു ചിന്താഗതിയിൽ നിന്ന് മറ്റൊന്നിലേയ്ക്കോടുന്നതും കേട്ടതെല്ലാം വിശ്വസിക്കുകയും ചെയ്യുന്നത്. മൂഢമനുഷ്യൻ തന്റെ വിവേചനബുദ്ധികൂടാതെ സ്വീകരിക്കുകയും ആശയക്കുഴപ്പത്തിൽപെടുകയും ചെയ്യുന്നു.

അദ്വൈതം-ആരംഭത്തിൽ മനുഷ്യൻ പൂർണ്ണനാണ്. അയാൾ ആഡംബരജീവിതത്തിൽ അധഃപതിച്ച് എത്തുന്നു. അയാൾക്ക് പ്രകൃതിദത്തമായ അഹങ്കാരമുണ്ട്. യഥാർഥസ്വഭാവംപോലെ ഇത് അയാളെ അന്ധകാരത്തിലാഴ്ത്തുന്നു. അയാൾ യജ്ഞവും, ദാനവും, തപസ്സും വഴി ശ്രമിക്കുകയും അവസാനം പൂർണ്ണതയിലെത്തുകയും ചെയ്യുന്നു.

വിശിഷ്ടാദ്വൈതം-തുടക്കത്തിൽ മനുഷ്യൻ ഇപ്പോഴെന്നപോലെ അപൂർണ്ണനായിരുന്നു. യജ്ഞം കൊണ്ടും, ദാനംകൊണ്ടും തപസ്സുകൊണ്ടും അയാൾ പൂർണ്ണതയിലെത്തുന്നു.

ദ്വൈതം- പരമാവസ്ഥയിൽ മനുഷ്യൻ പൂർണ്ണനാണ്. എന്നാൽ അനുപാതസ്ഥിതിയിലേയ്ക്ക് അധഃപതിക്കുമ്പോൾ അയാൾ അപൂർണ്ണനായിത്തീരുന്നു. യജ്ഞവും ദാനവും തപസ്സും വഴി അവസാനം അയാൾ വീണ്ടും പരമപൂർണ്ണനായി തിരിച്ചുപോകുന്നു.

ശി.ബാ: എന്നാൽ ഒരു ബുദ്ധിമാൻ അത്തരം തർക്കവിഷയങ്ങളിൽ തന്നത്താൻ കുടുങ്ങിപ്പോകാറില്ല. അയാൾ ഈ പൂർണ്ണതയുടേയും അപൂർണ്ണതയുടേയും ആശയങ്ങൾക്കപ്പുറത്തുള്ള പൂർണ്ണമുക്തിയുടേയും സന്തോഷത്തിൻേറയും അവസ്ഥയുമായി മാത്രമേ ബന്ധപ്പെടാറുള്ളു. യജ്ഞത്തിൻേറയും ദാനത്തിൻേറയും തപസ്സിൻേറയും ഈ പരിശീലനമാകുന്ന സാമാന്യഘടകത്തെ ഇത്തരം അടിസ്ഥാനരഹിതവൃത്തികൾ അകറ്റാനുള്ളതായി മാത്രമേ ഗണിക്കാറുള്ളു. ഈ പൂർണ്ണതയുടേയും അപൂർണ്ണതയുടേയും സിദ്ധാന്തങ്ങൾ അടിസ്ഥാനരഹിതമായതിനാൽ അയാൾ ശരിയാണ്. കാരണം അനുപാതസ്ഥിതിയിലെ പൂർണ്ണത പരമബോധത്തിൽ അപൂർണ്ണമാകാൻ ഇടയുണ്ട്. ഉദാഹരണം നമ്മുടെ കണ്ണുകൾ അവ അതേവിധം നിലനില്ക്കുന്നിടത്തോളം പൂർണ്ണമാണെങ്കിലും ദൃശ്യത്തെ ഒത്തുനോക്കുമ്പോൾ അതായത് അവയുടെ പരമബോധത്തിൽ - അവ അപൂർണ്ണമാണ്. അങ്ങനെ ഒന്നുതന്നെ ഒരേ സമയത്തുതന്നെ പൂർണ്ണവും അപൂർണ്ണവുമാകുന്നു.

ഇതെല്ലാം നിരീക്ഷിച്ചു ശിവപുരിബാബ പറയുന്നത് അപൂർണ്ണതയിൽ പൂർണ്ണതയും പൂർണ്ണതയിൽ അപൂർണ്ണതയും ഉണ്ടാകാമെന്നാണ്. ഇവയൊന്നും ഒറ്റയ്ക്ക് സത്യമെന്നു പറയാൻ കഴിയില്ല. സത്യം രണ്ടും കൂടിയതാണ്. പൂർണ്ണതയാൽ അപൂർണ്ണതയും മറിച്ചും അറിയപ്പെടുന്നു.

നാം അഹങ്കാരത്തോടെ നോക്കുമ്പോൾ എല്ലാം ആശയക്കുഴപ്പമാണ്. നാം പരസ്പരവിരുദ്ധങ്ങൾ മാത്രം കാണുന്നു. ശാന്തിയുടെ, സുഖത്തിന്റെ പോലും, ആശ നശിക്കുന്നു.

നാം ഇരുളിൽ നിന്ന് (ആവരണം) സങ്കല്പത്താൽ ചമക്കപ്പെട്ട രൂപ(വിക്ഷേപം)ത്തിലേക്കു പോകുന്നു. ഈ രൂപങ്ങൾക്കും ഇരുളിനു മപ്പുറം നാമന്വേഷിക്കുന്ന സത്യം സ്ഥിതിചെയ്യുന്നു. നാം ഇവയുമായി കളിച്ചു സമയം കളയാതെ നമ്മുടെ ക്ഷമ നശിപ്പിക്കുന്ന ഇരുട്ടിലേ ക്കെത്തിനോക്കണം. മനസ്സും ബുദ്ധിയും ഈ വിക്ഷേപത്തിലേയ്ക്ക് വലിക്കുകയും നാം വഴങ്ങുകയും ചെയ്യുന്നു. അതിനാൽ നാം ചെയ്യേണ്ടത് ആത്മാവിൻെറ വശത്തേയ്ക്ക് എപ്പോഴും എന്തെങ്കിലും സംഭാവന ചെയ്യുകയാണ്. ഉദാഹരണത്തിന്, ധർമത്തിൽ നാം നമുക്കു തന്നെ ചിലവിട്ടതിലും കൂടുതൽ ചിലവിടുന്നു. ഇതു നാമെത്ര പ്രാധാന്യം നമ്മുടെ ജീവിതത്തേക്കാൾ ആത്മാവിനു കൊടുക്കുന്നുണ്ടെന്നു കാണിക്കുന്നു. കൃത്യസമയത്തു ഉറങ്ങുന്നതും ഉണരുന്നതും, ആത്മാവിനോടുള്ള ബന്ധം കാണിക്കുന്നു. മുതലായവയിലൂടെ നാം നമ്മുടെ നിശ്ചിതസിദ്ധാന്തം പാലിക്കുമ്പോഴും ആത്മാവിൻെറ ഭാഗത്തേയ്ക്ക് സംഭാവന നൽകുകതന്നെയാണ്. അതുപോലെ ജീവിതത്തിലെ എല്ലാ കർത്തവ്യാനുഷ്ഠാനത്തിലും നമുക്കെല്ലായ്പ്പോഴും ഒരു ഭാഗം ആത്മാവിൻെറ നന്മക്കായി നല്കാൻ കഴിയും. ഈ മനസ്സും ബുദ്ധിയും ഉറങ്ങുമ്പോൾ അണയ്ക്കുന്ന സ്വിച്ചുപോലെയാണ്. ആവശ്യമുള്ളപ്പോൾ അതു വീണ്ടും ഇടാം. അതുപോലെയായിരിക്കണം നമ്മുടെ ജീവിതത്തിലേയ്ക്കുള്ള ശ്രദ്ധ. നമ്മുടെ ജീവിതാവശ്യങ്ങളെ നിർവഹിക്കുന്ന വ്യാപാരം നടത്തുന്നത് മനസ്സും ബുദ്ധിയും ചേർന്നാണ്. നാം ചെയ്യേണ്ടത് കർത്തവ്യങ്ങളില്ലാത്തപ്പോൾ ഈ സ്വിച്ചണയ്ക്കുകയും ഇരുട്ടിലേക്കുനോക്കാൻ ശ്രമിക്കുകയുമാണ്. അവിടെ നമുക്കു മനസ്സോ ബുദ്ധിയോ ഇല്ല. ജീവിതം ഒരു വൃത്തികെട്ട വ്യാപാരമാണ്. അതു നമുക്കറിയാം. മനസ്സും ബുദ്ധിയും ജീവിതത്തിലേയ്ക്ക് നമ്മെ തള്ളാൻ ശ്രമിക്കുന്നു. ഈ വിക്ഷേപത്തെ അഥവാ ജീവിതത്തിലെ ഉറച്ച അനുഭവങ്ങളെ വിട്ട് നമ്മൾ ആവരണത്തിലേയ്ക്കുനോക്കാൻ ശ്രമിക്കുന്നു. ഇതത്യധികം വേദനാജനകമായ വ്യാപാരമാണ്. നാം ഈ പുകപിടിച്ച ഇരുളിലേയ്ക്ക് തിരിച്ചുകടക്കണം. ദൈവം അതിലോ അതിനപ്പുറമോ ആകാം. പരിശുദ്ധജീവിതത്തിൽ മനസ്സിനോ ബുദ്ധിക്കോ കോളിളക്കം സൃഷ്ടിക്കാൻ കഴിയില്ല. ആവശ്യമുള്ളപ്പോൾ മാത്രം അവയെ ഉപയോഗപ്പെടുത്തുന്നു. മറ്റവസരങ്ങളിൽ അവ നിശ്ശബ്ദമാണ്. കൂട്ടിലിട്ട സിംഹത്തെപ്പോലെ നമുക്കവയെ പേടിക്കേണ്ടതില്ല. ആരംഭത്തിൽ പരിശുദ്ധജീവിതത്തിനു വാഗ്ദാനങ്ങളോ ബാഹ്യശക്തികളോ നമ്മെ സഹായിക്കുന്നു.

നാം നമ്മുടെ ബോധത്തിൽ ജീവിക്കുന്നു. പശ്ചാത്തലം ദൈവമാണ്. ഈ ഭൂമിയിൽ കാൽ കുത്തിയപ്പോൾ നമ്മൾ നമ്മുടെ കാൽവച്ച സ്ഥലത്തായിരുന്നു. നമ്മുടെ വേഗതമാറ്റിയപ്പോൾ വിശ്രമസ്ഥലം മാറി. അതുപോലെ ഈ പ്രപഞ്ചത്തിൽ നാം കണ്ട വിവിധ വസ്തുക്കളുടെ

ബോധം നമുക്കുണ്ട്. നാം എവിടെയാണ്? യഥാർഥത്തിൽ നമ്മൾ ബോധത്തിനുള്ളിൽ, ബോധമെവിടെയോ അവിടെ, നാം വസിക്കുന്നു. നമ്മൾ ഒരു ബോധത്തിൽ നിന്നും മറ്റൊന്നിലേയ്ക്കുമാറുമ്പോൾ നമ്മുടെ ജീവിതസ്ഥലവും മാറുന്നു. നമ്മൾ 'സൂര്യനിതാണ്, അതിനെപ്പറ്റി ചിന്തിക്കുക, നാം ഇതിലാണ്' എന്നു പറയുമ്പോൾ നമ്മുടെ ബോധം സൂര്യനെക്കുറിച്ചുള്ള ബോധമാണ്. നാം ഒറ്റയ്ക്കു ഒരിക്കലും കഴിയുന്നില്ല. നമ്മൾ അത്തരം ബോധത്തിൻെറ ഒന്നിൽ നിന്നു മറ്റൊന്നിലേയ്ക്കു പോകുന്നു. ഇതിനർഥം നാം ദൈവധ്യാനത്തിലല്ല വസിക്കുന്നതെന്നാണ്. ദൈവം പരമമാണ് എല്ലാ ബോധങ്ങളുടേയും രംഗമണ്ഡപം. അപ്പോൾ പ്രശ്നം അത്തരം ബോധങ്ങളിൽ നിന്ന് നമ്മളെ വിമുക്തമാക്കുന്നതെങ്ങനെയെന്നാണ്.

ആ പരമരംഗമണ്ഡപത്തിനുപിന്നിൽ ദൈവത്തിൽ വിശ്രമിക്കുന്ന അറിവുകളുടെ കണികകൾ പോലെയാണ് ഈ ബോധമെന്നു നാം മനസ്സിലാക്കണം. ഇവ ആ പരമത്തിൻെറ വശങ്ങൾ മാത്രമാണ്. നമ്മളിവിടെ നമ്മുടെ അത്തരത്തിലുള്ള എല്ലാ ബോധങ്ങൾക്കും മാർഗമുണ്ടാക്കുന്ന പരമത്തെ അഥവാ ദൈവത്തെ കാണണം. നമ്മളത്തരം ബോധങ്ങളിലേയ്ക്കു തുളച്ചുകയറുകയും ഈ ബോധശകലങ്ങളുടെയെല്ലാം സത്തൊന്നാണെന്നും രണ്ടല്ലെന്നും കാണുകയും ചെയ്യുന്നു. നമ്മൾ നാനാത്വത്തിൽ ഏകത്വം കാണുന്നു. അങ്ങനെ ചെയ്യുമ്പോൾ 'മായ'യുടെ വിക്ഷേപശക്തിയിൽ നിന്നും ആവരണശക്തിയിലേക്കു പോകുന്നു. അവിടെനിന്നും മൂലബ്രഹ്മത്തെ അറിയാൻ ശ്രമിക്കുന്നു. അത്തരം ധ്യാനത്തിൽ - ഈ അന്വേഷണത്തിൻെറ മാർഗത്തിൽ - നമ്മൾ നമ്മുടെ വിവിധബോധങ്ങൾ ത്യജിക്കുകയും ഉത്തേജിത പ്രതീക്ഷയിൽ കുറച്ചുനേരം മുഴുകുകയും ചെയ്യുന്നു. അതായത് നമ്മുടെ മനസ്സിൽ ഒരു ദൃശ്യവുമുദിക്കാതെ നാം ശൂന്യതയിൽ കഴിയുന്നു. ഈ സ്ഥിതി, ഒരു മരത്തിൽ നിന്നും ചാടി താഴെ ഭൂമിയിലെത്താത്തതിനോടുപമിക്കാം - വായുമദ്ധ്യത്തിൽ മാത്രമായ നില്പ്. അത്തരത്തിലൊരു നിമിഷത്തിലാണ് നമുക്കു ദൈവദർശനം സിദ്ധമാകുന്നത്.

6

സംശയനിവാരണം

ദൈവദർശനം ലഭിച്ച മനുഷ്യനു എല്ലാമറിയാം. എല്ലാം ചെയ്യുവാൻ കഴിയും. പരമപ്രാപ്തി ലഭിച്ചതിനാൽ അദ്ദേഹത്തിന് അപ്പുറമില്ല. അദ്ദേഹത്തിന് എന്തെങ്കിലും കൂടുതൽ കർത്തവ്യമുണ്ടോ എന്നതാണ് അപ്പോഴത്തെ ചോദ്യം. ഇതിനുത്തരമായി ശിവപുരിബാബ പറഞ്ഞു:

"ദൈവാധീനത്തിനുശേഷം ആത്മാവ് ഉടനെ ശരീരം വിടുന്നില്ല. തൻെറ 'പ്രാരാബ്ധം' ശരീരത്തിൽ നില്ക്കാൻ നിർദ്ദേശിക്കുന്നതുവരെ ആത്മാവ് ശരീരത്തിൽ വസിക്കണം. അപ്പോഴും ആത്മാവ് പരമവുമായി ബന്ധത്തിലാണെങ്കിൽ പ്രാരാബ്ധമവസാനിക്കുമ്പോൾ അതു തന്നത്താൻ പരമത്തിലേയ്ക്കു മടങ്ങും. ഇത് കുറയ്ക്കാനുള്ള എന്തു പ്രയത്നവും-മുൻകൂട്ടി ജീവനൊടുക്കാനുള്ള ശ്രമം പുനർജന്മത്തിന്നിടയാക്കും. നിർദ്ധാരിത സമയം ആത്മാവിനു സഹിക്കുകതന്നെ വേണം.

ഈ ശരീരം നിലനിർത്തണമെന്നതിനാൽ ബോധോദയം ലഭിച്ച പുരുഷനു ചില കർമങ്ങൾ നിർവഹിക്കേണ്ടതുണ്ട്. അദ്ദേഹം തൻെറ മൂന്നുമടങ്ങായ കർത്തവ്യങ്ങൾ ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്തു കഴിഞ്ഞതുവഴി കൈവരിച്ച ബുദ്ധിയും ജ്ഞാനവും ലോകത്തിനു നല്കണം. ഭക്തരും ശിഷ്യരും നല്കുന്നത് സ്വീകരിച്ച് തൻെറ ജീവിതം നയിക്കുന്നു.

അങ്ങനെ ഒരുവൻ സത്യം കാണണം-പുരുഷനും പരമവുമായ ഐക്യം കാണണം. തപസ്സ്, യോഗവ്യങ്ങൾ തുടങ്ങിയവ ജീവിതത്തെ തിരസ്കരിക്കുകയും അതുവഴി ഈ ഏകത്വദർശനത്തിൻെറ സിദ്ധിയിൽ വഞ്ചിതനാവുകയും ചെയ്യുന്നു. പരിശുദ്ധ ജീവിതവും ധ്യാനവും വഴി ഈ ഏകത്വം കാണപ്പെടുകയും ജീവിതത്തിൻെറ ആന്തരാർഥം ബോധ്യപ്പെടുകയും ചെയ്യുന്നു.

അദ്ദേഹത്തിൻെറ ഞങ്ങളോടുള്ള ഈ സംഭാഷണം അവശ്യകർത്തവ്യമാണോ എന്നു ചോദിച്ചപ്പോൾ മരണംവരെ മൂന്നു കർത്തവ്യങ്ങളും തുടരണമെന്നദ്ദേഹം പറഞ്ഞു. ജനങ്ങളോടു സംസാരിക്കുന്നതും അവരുടെ സംശയനിവാരണവും അദ്ദേഹത്തിൻെറ വ്യാപാരകർത്തവ്യമാണ്. അതു നിർവ്വഹിച്ചാൽ ലഭിക്കുന്ന സമ്മാനങ്ങൾ കൊണ്ട് തൻെറ

യും തൻെറ ആവശ്യങ്ങൾ നിർവഹിക്കുന്ന കുടുംബത്തിൻെറയും രക്ഷയ്ക്കാവുമെന്നും അദ്ദേഹം പറഞ്ഞു. അതുവഴി മൂന്നു കർത്തവ്യങ്ങളും നിർവഹിക്കപ്പെടുന്നു. പുറമെ കൃത്യനിയന്ത്രണത്തിൽ തുടരണം. അതിനാൽ രാവിലെ പത്തുമണിമുതൽ ഉച്ചതിരിഞ്ഞ് നാലുമണിവരെ കൃത്യപ്പെടുത്തിയ സമയത്തു മാത്രമേ അദ്ദേഹം ജനങ്ങളെ കാണുകയും സംശയനിവാരണം നടത്തുകയുമുള്ളൂ. ബാക്കി പതിനാറുമണിക്കൂർ ധ്യാനത്തിനും ദേഹരക്ഷയ്ക്കും മാറ്റിവച്ചിരിക്കുകയാണ്.

അദ്ദേഹം ഉപദേശിക്കുന്ന നിത്യവൃത്തിയുടെ ഘോരനിയന്ത്രണം ലോകത്തിൽ ജീവിക്കുന്ന നമ്മൾക്കും-പ്രത്യേകിച്ച് പാശ്ചാത്യർക്ക്-കഠിന പ്രശ്നമാണ്. ആധുനിക ജീവിതചര്യയിൽ അവശ്യമാനസിക സ്ഥിരത നമുക്കെങ്ങനെ ലഭിക്കും? ഇക്കാര്യത്തിൽ ശിവപുരിബാബ വളരെ പ്രായോഗിക ബുദ്ധിയാണ് കാണിക്കുന്നത്. അസ്വാഭാവികസ്ഥിതികളുമായി ബന്ധപ്പെടാതെയുള്ള പരിശുദ്ധജീവിതം വഴി ഇതെല്ലാം സംഭാവ്യമാണെന്നദ്ദേഹം പറയുന്നു. 'ലൗകികം അതിജീവിക്കാൻ' അതിൻെറ സാത്വികസ്വഭാവത്തോടുകൂടിയ ഭാരതത്തിലെ താന്ത്രിക വിദ്യാലയങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

ശി.ബാ: ബാഹ്യലോകം നമുക്ക് തീരെ എതിരാണെന്നും അതിനാൽ നാമവയെ എതിർക്കണമെന്നും ദൈവമാകുന്ന ലക്ഷ്യത്തിലെത്തണമെന്നും തന്ത്രം പറയുന്നു. തന്ത്രത്തിൻെറ ആത്മാവിതാണ്. മറുവശത്ത് സമയത്തിനും സ്ഥലത്തിനും സ്ഥിതിക്കുമനുസരിച്ച് അവയെ നേരിടാൻ ഭഗവദ് ഗീത ഉപദേശിക്കുന്നു. നാം കഴിവുള്ളവരാകയാൽ തീരുമാനം നമുക്കു തന്നെ വിട്ടുതരുന്നു.

ദൈവാന്വേഷണവും ഭൗതികജീവിതവും പൊരുത്തപ്പെടുത്തേണ്ട കാര്യം നേരിടാൻ നമുക്കു മുന്നിൽ മൂന്നു പ്രസ്താവനകളുണ്ട്. 'ദൈവം അനുപാതത്തിൽ വളരെ വലിയതും ജീവിതം വളരെ ചെറുതും' എന്നു പറയുന്ന സ്വധർമ്മമാണൊന്ന്. സ്വധർമത്തിൽ ചാതുര്യം ആവശ്യമില്ല. ഉണ്ടെങ്കിൽ തന്നെ വളരെ കുറച്ചു മാത്രം. അതിനാൽ തിരസ്കരിക്കുന്നു.

രണ്ടാമത്തേത് നാലു ജാതിയേയും നാലു ജീവിതഘട്ടത്തേയും ആധാരമാക്കി ഭാരതത്തിലെ മതനിയമങ്ങളിൽ കൊടുത്തിട്ടുള്ള വർണാശ്രമധർമമാണ്. ഇവിടുത്തെ നിയമം 'ദൈവവും ജീവിതവും സമാസമമാണ്' എന്നതാണ്. വർണാശ്രമധർമത്തിൽ-ജാതിയിലും, വിഭാഗത്തിലും, വയസ്സിലും ആധാരമായ നിയമത്തിൽ ചതുരതയ്ക്ക് തുല്യപ്രാധാന്യമുണ്ട്.

കുറുക്കുവഴിയുടെ വാഗ്ദാനം ജനങ്ങൾക്കു നല്കുന്ന വിവിധ യോഗകളുമുണ്ട്. കർമയോഗവും, ജ്ഞാനയോഗവും, ഭക്തിയോഗവും.

ഇവയെല്ലാം 'ദൈവത്തെ ചുരുക്കിയും ജീവിതത്തെ ഉയർത്തിയും' പറയുന്നു എന്നാണ് ശിവപുരിപബാബയുടെ അഭിപ്രായം. കർമത്തിലും

ജ്ഞാനത്തിലും ഭക്തിയിലും ജീവിതത്തിൽ ചാതുര്യം ആദ്യത്തെ ആവശ്യമാണ്.

ബാഹ്യജീവിതത്തിൽ നാം അശ്രദ്ധാലുക്കളും അസമർഥരുമാകാമെന്ന് ഇതിനർഥമില്ല. ലക്ഷ്യം മാനസികബലവും ശാന്തിയുമാണ് വിജയമല്ല എന്നുമാത്രമാണിതിനർഥം. ഇതിന്റെ രഹസ്യം വേണ്ടതിനെ കൊള്ളാനും വേണ്ടാത്തതിനെ തള്ളാനും കഴിയുന്ന കൂർമ നിരീക്ഷണ ശക്തി വളർത്തുകയാണ്.

നമുക്കു ബാഹ്യജീവിതാവശ്യങ്ങൾ ശ്രദ്ധിക്കാതെ കഴികയില്ല. എല്ലാവർക്കും സ്വന്തം ആവശ്യങ്ങളുണ്ട്. ഉദാഹരണത്തിന് എനിക്കെന്റെ പരുത്തി കിടക്ക തയ്യാറാക്കണം. എല്ലാ സ്ഥിതിയിലും നാം അവശ്യകാര്യങ്ങൾ ശ്രദ്ധിക്കണം. കുടുംബത്തിലെ എല്ലാവരും കൂടി ഫോട്ടോ എടുക്കാനുദ്ദേശിക്കുമ്പോൾ നിങ്ങൾ എല്ലാവരേയും ഒറ്റ നോട്ടത്തിൽ കണ്ടെന്നു വരില്ല. ചിലർ ഇല്ലാതിരിക്കാം. അതിനാൽ എല്ലാ സ്ഥിതിയിലും പ്രവർത്തിക്കാൻ ആത്മാവിനേയും മനസ്സിനേയും, ബുദ്ധിയേയും അതിന്റെ എല്ലാ സൂക്ഷ്മതയോടുംകൂടി നമ്മൾ ഇണക്കണം. ചിലതില്ലെന്നുവരാം.

ഉദാഹരണം, ശിവനടരാജന്റെ ചിത്രം ചില്ലിടുന്നതിൽ നിങ്ങൾ അപാകത കാണിച്ചു. മൂന്നു സിദ്ധാന്തങ്ങളുടേയും അവയുടെ സൂക്ഷ്മരൂപത്തിന്റെയും വെളിച്ചത്തിൽ അതിനുമുമ്പ് പരിപാടിയുണ്ടാക്കിയില്ല. പാവനബോധം നഷ്ടപ്പെട്ടു.

'ബുദ്ധി' എന്നു പറയുമ്പോൾ അതിന്റെ വിവിധ വശങ്ങളെ-ഇന്ദ്രിയങ്ങളേയും അതിന്റെ എൺപത്തിനാല് ലക്ഷം തരങ്ങളടങ്ങിയ ഓരോന്നിനേയും-ഒരുമിച്ചോർക്കണം. അത്തരം അജ്ഞാതകാര്യങ്ങൾ പഠിക്കാൻ ശ്രമിക്കണം. അത്തവണ അത് പൂർണ പരാജയമായിരുന്നു. ബുദ്ധിയും ശ്രദ്ധയും സാത്വികതയുമില്ല. ഇത്ര പഠിച്ചതിനു ശേഷം നിങ്ങളുടെ ജ്ഞാനം വേണ്ടത്രയുണ്ട്. എന്നാൽ ശ്രദ്ധിക്കണമെന്നു മാത്രം. അറിവുള്ളത് പ്രാവർത്തികമാക്കാതെ യഥാർഥത്തിൽ നിങ്ങൾ തരംതാഴുന്നു.

മനന്ധർക്കു തുടക്കത്തിൽ നല്കിയ ചില പരിശീലനോപദേശങ്ങൾ സ്ഥിതി പഠനവും പ്രവർത്തന പരിപാടിയും എങ്ങനെ നടത്താമെന്നു കാണിക്കുന്നു. വിവിധ ജയപരാജയങ്ങളുടെ റിപ്പോർട്ടിലുള്ള നിരീക്ഷണമിതാ കൊടുക്കുന്നു.

ശി.ബാ: നിശ്ചിത സമയത്ത് എഴുന്നേല്ക്കാൻ കഴിയാത്തത് ഗുണങ്ങളുടെ സ്വാധീനം കൊണ്ടല്ല. ആ സമയത്ത് എഴുന്നേല്ക്കാനുള്ള സ്വഭാവം വികസിക്കാത്തതു മാത്രമാണ് അതിനു കാരണം. കുറച്ചു ദിവസത്തെ പരിശീലനം കൊണ്ട് അതു ശരിയാകും.

ആരെങ്കിലും നിങ്ങളെ വിളിക്കുന്നുവെങ്കിൽ അയാളെ കാണാൻ സമയം നിശ്ചയിക്കുക. അത്തരം ജനങ്ങളെ കാണാനുള്ള സമയം ധ്യാനത്തിനുശേഷമാക്കുക. അത്യാവശ്യകാര്യത്തിൽ മാത്രമേ സമയനിഷ്ഠ തെറ്റിച്ച് അതു ചെയ്യാവൂ. അല്ലെങ്കിൽ അത് നിശ്ചിത സമയത്താകട്ടെ.

സമയസൂചിക ഉണ്ടാക്കുമ്പോൾ എന്തസാധാരണ സ്ഥിതി വരുമെന്നറിയാൻ കഴിയണം. അതനുസരിച്ചു സൂചിക നിർമിക്കണം. നിങ്ങളയാളെ വിളിച്ചിട്ടുള്ളതിനാൽ അദ്ദേഹത്തെ പ്രതീക്ഷിക്കണമെന്നു മുൻകൂട്ടി അറിയാം. നിങ്ങളുടെ പത്നിയുടെ പൂജയ്ക്കായുള്ള പോക്കും മുൻകൂട്ടി കാണുകയും സൂചികയിൽ അതനുസരിച്ചു മാറ്റങ്ങൾ വരുത്തുകയും വേണം.

ഞാൻ തന്നാൽപോലും ദിവസത്തിൽ എത്ര പുകവലിക്കണമെന്ന് നിങ്ങൾ തീരുമാനിക്കുക. തെറ്റും കുറവും മനസ്സിൻെറ തെറ്റാണ്. അതു ഇഷ്ടാനിഷ്ടത്താലാണ്.

ദൃഢത ഗുണാതീതമാണ്. അതൊരു ഗുണമാണെങ്കിൽ തന്നെ സാത്വികഗുണമാണ്.

നിങ്ങളുടെ ദേഹത്തിനു നല്ലതെന്തെന്നു നോക്കുക. ചുരുങ്ങിയ തുകയിലുള്ള അരിയും പരിപ്പും പച്ചക്കറികളും ഉത്തമമാകും. നിങ്ങളുടെ ഇഷ്ടപ്രകാരം ഭേദപ്പെടുത്താം. തെറ്റില്ല. ശരിക്കും ജീവിക്കാൻ ഉചിത ഭക്ഷണം ആർക്കും വേണം.

ശരീരരക്ഷയ്ക്കു ഇതിലും വിസ്തരിച്ച ഉപദേശങ്ങൾ ശൗച്യം എന്ന പേരിൽ നല്കിയിട്ടുണ്ട്.

മുറി വൃത്തിയും ശുദ്ധവുമായിരിക്കണം ആറുമാസം കൂടുമ്പോൾ അതു വെള്ളയടിക്കണം. കിടക്ക ഒന്നോ രണ്ടോ ആഴ്ചയിൽ വെയിലത്തുണക്കണം. വിരി ചുരുങ്ങിയത് ആഴ്ചയിൽ രണ്ടുതവണ അലക്കണം. പുറം വസ്ത്രങ്ങൾ ആഴ്ചയിൽ രണ്ടുതവണയെങ്കിലും മാറ്റണം. ഉദാഹരണത്തിന്, ഒരു കോട്ട് രണ്ടോ മൂന്നോ ദിവസം ധരിച്ച് ഉണക്കാൻ രണ്ടോ മൂന്നോ ദിവസം വയ്ക്കണം. പിന്നെ വീണ്ടും ധരിക്കാം. അതാവശ്യമാകുമ്പോഴേയ്ക്കും ദേഹം തണുക്കും. അടിയുടുപ്പ് എല്ലാ ദിവസവും കഴുകി ശരീരത്തിലെ വിയർപ്പ് മാറ്റണം. ഒരു വസ്ത്രം ഇരുപത്തിനാല് മണിക്കൂറിൽ കൂടുതൽ ധരിക്കരുത്. അല്ലെങ്കിൽ അലക്കുന്നതിനു പകരം ഇന്നത്തെ വസ്ത്രം വായുവിൽ ഉണക്കി ഇരുപത്തിനാല് മണിക്കൂർ തണുപ്പിച്ചതിനുശേഷമേ ഉപയോഗിക്കാവൂ. ശൗചാലയത്തിൽ പോയാൽ നമ്മുടെ സോപ്പുകൊണ്ടോ മണ്ണുകൊണ്ടോ കഴുകണം. മൂത്രവിസർജ്ജനത്തിനുശേഷവും കൈകാൾ കഴുകണം. ദിവസേന കാലത്തു കുളിക്കുക. ആഴ്ചതോറും സൂര്യപ്രകാ

ശത്തിൽ സോപ്പുതേച്ചു കുളിക്കണം. മറ്റു സമയത്തു കൈകാല ശരീരം സ്പർശിക്കരുത്.

ഇപ്രകാരം നമ്മുടെ ശ്രദ്ധ വിവിധ പ്രവർത്തനങ്ങളിൽ ഇരുപത്തി നാലു മണിക്കൂറും നിർത്തണം. നിസ്സാര കാര്യമാണെങ്കിലും അവയും ചെയ്യാൻ സമയവും സ്ഥലവും കാണണം. ഈ നിസ്സാര കാര്യങ്ങ ളേകീകരിച്ചാൽ അവ വളരെ ഉപയോഗപ്രദമാകും. ഇടവേളയില്ലാതെ ഇരുപത്തിനാല് മണിക്കൂറും നമ്മളെ കർത്തവ്യനിരതരാക്കും. ഇടവേളകൾ ഊർജ്ജനാശത്തിനു മാത്രമുതകുന്ന-ഊഷ്മവ്യാപാ രങ്ങൾക്കിടവരുത്തുന്ന-സുഷിരങ്ങൾ മാത്രമാണ്.

വടക്കൻ കാലാവസ്ഥയിലെ ജീവിതവുമായി ഈ കൃത്യനിഷ്ഠ ഇണക്കുന്നത് വിഷമമുള്ളതൊന്നുമല്ലെന്നു കാണാം.

മറ്റൊരുദാഹരണം ഒരു കാർയാത്രയിൽ നിന്നാണ്. ഞാൻ അതേപടി പകർത്താം.

ശി.ബാ: നാം യാത്ര ചെയ്തു. ആസ്വദിച്ചു. എന്നാൽ ഇല്ല. പകരം അനുഭവിച്ചു. ഇതു ജീവിതസ്വഭാവമാണ്. നാം ആനന്ദം ആഗ്രഹിക്കു ന്നു. എന്നാൽ വേദനയിലേയ്ക്കുപോകുന്നു. യാത്രയ്ക്കുശേഷം എന്തു പൊടിയും ചളിയുമാണെന്ന് നമുക്കറിയാം. സന്തോഷാസ്വദനത്തിനു പോയിട്ട് അത്രതന്നെ വേദനയും വിഷമവും നമുക്കെപ്പോഴും സഹി ക്കേണ്ടിവരുന്നു. നാം ആസ്വദിച്ച സന്തോഷത്തിന്റെ അനുഭവം മാനസികം മാത്രമാണ്. നാമത് എന്തു വിലയ്ക്കും നിലനിർത്താൻ ശ്രമിക്കുന്നു. ഇത്ലോകവും ലോകപ്രകൃതിയുമാണ്. നാം ആ അനു ഭവം എടുക്കുകയും അതിൽ ആ യാത്ര അവസാനിക്കുന്നതുവരെ മുഴു കുകയും ചെയ്യുന്നു. പുറപ്പെട്ട സ്ഥലത്ത് തിരിച്ചെത്തിയപ്പോൾ മാത്രം നാം യഥാർത്ഥത്തിൽ സന്തോഷിക്കുകയായിരുന്നു. പുറപ്പെട്ട സ്ഥലത്തി ന്റെ ബോധത്തോടെ മാത്രമേ തല്ക്കാലം നമുക്കിതു കാണാൻ കഴി യൂ. കാരണം നാം അവിടേയ്ക്കു തിരിച്ചുവരുന്നുണ്ട്. അല്ലെങ്കിൽ എല്ലാവേദനയും വിഷമവും സഹിച്ച്, അതിനെ സുഖമാണെന്ന് തെറ്റി ദ്ധരിച്ച്, എപ്പോഴും നാമതിനു പിന്നാലെ പോകുമായിരുന്നു. ഈ ലോ കവും അതിന്റെ ഇതുപോലുള്ള അനുഭവവും മാനസിക വ്യാപാരം മാത്രമാണ്. നാം മനസ്സിനെ സൃഷ്ടിക്കുകയും അപ്പോൾ ഈ ലോകം ഉണ്ടാവുകയും ചെയ്യുന്നു. അല്ലെങ്കിൽ ലോകമില്ല. ശാസ്ത്രം ഇതു തെളിയിച്ചിട്ടുണ്ട്. മൂലഭാവത്തിൽ അവന്റെ 'ഞാൻ ഭാവം' ഇല്ലെങ്കിൽ മനുഷ്യജീവിതം പൂർണമാണ്. നിരവധി വേദനകളും അപാകതയും അനുഭവിച്ചശേഷം നാം ബോധവാന്മാരാകുന്നു. അപ്പോൾ മനസ്സിനെ നിശബ്ദമാക്കാൻ കഴിയും. ഉദാഹരണത്തിനു കയ്യിലേയും കാലി ലേയും മുറിവുകൾ മനുഷ്യനെ അത്തരം സംഭവങ്ങളിൽ നിന്നകറ്റി നിർത്തുന്നു. അല്ലെങ്കിൽ ദിവസം മുഴുവൻ നിർത്താതെ വണ്ടിയോടി

ച്ചാൽ മനുഷ്യൻ തളരുകയും അതുപേക്ഷിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

ഒരാാം തകർന്ന് അഗാധഗർത്തത്തിൽ പതിക്കുന്നു. മറ്റൊരാാം അത്യധികം ഉച്ചസ്ഥിതിയിലെത്തുന്നു. ഒരാാംക്കു ജീവിതം അത്യന്തം കഷ്ടമാകുന്നു.മറ്റൊരാാം അത്യധികം ആസ്വദിക്കുന്നു. രണ്ടുതരക്കാരും ഈ ലോകത്തിൻെറ രൂപത്തിലുള്ള നരകത്തിലേയ്ക്കു തിരിച്ചു വരികയില്ല. ബുദ്ധിയുടെ ശരിയായ പ്രവർത്തനം മൂന്നുവിധമാണ്. ഒരു സ്ഥിതിയെ അതു കാണിക്കുന്ന ഉള്ളടക്കംകൊണ്ട് പരിശോധിക്കുക. ഒരു പ്രധാന ഘട്ടവും വിട്ടുപോകാത്തവിധം നമ്മാം ശ്രദ്ധിച്ച് ആവശ്യമുള്ളത്ര പൂർണ്ണതയോടെ അതിനെ കാണണം. ബന്ധപ്പെട്ടതെന്തെന്നും അനാവശ്യമെന്തെന്നും എന്തുചെയ്യണമെന്നും എന്ത് അവഗണിക്കണെമെന്നും അറിയത്തക്കവിധം നമ്മാം അതിനെ തിരിച്ചറിയണം. മുന്നാമത്തെ ഘട്ടം എല്ലാ അനാവശ്യപ്രവർത്തനങ്ങളേയുമൊഴിവാക്കിയുള്ള നമ്മുടെ പ്രവർത്തന പരിപാടിയാണ്.

താഴെ കൊടുക്കുന്ന വിവരണത്തിൽ ഭഗവദ് ഗീതയിലേയ്ക്കുള്ള പല എത്തിനോട്ടങ്ങളുമുണ്ട്. ശ്രീകൃഷ്ണൻ ഭഗവദ് ഗീതയിൽ രണ്ടു വിഭിന്ന ഭാഗമാണ് അഭിനയിക്കുന്നത്. ഒരു ഭാഗത്ത് അദ്ദേഹം ഒരു മഹർഷിക്കും, മഹാനായൊരു ഗുരുവിനുമുപരി, എല്ലാ ദേവതകളും എല്ലാ ഗുരുക്കന്മാരും അറിയാത്ത മൂലരൂപമാണ്. (ഗീത 10-2) മറുഭാഗത്ത് അർജ്ജുനൻെറ ഉള്ളിൽ തന്നെയുള്ള താനാകുന്ന ദിവ്യശക്തി അദ്ദേഹത്തിൻെറ പുരുഷാർത്ഥം (ഗീത 8-4)

ബോധാത്മാവ് എന്നുപറയുന്ന നമ്മുടെ ശ്രദ്ധാശക്തിയുടെ ഭാഗത്തേയ്ക്കു പ്രശ്നം മാറുന്നു. അതിൻെറ യഥാർഥ ഉദ്ദേശം ദൈവം മാത്രമാണെങ്കിൽ നാമെന്തിനതിനെ ലോകത്തേയ്ക്കു തിരിക്കുന്നു?

ശി.ബാ: പരിശുദ്ധജീവിതത്തിനു മൂന്നു ഘട്ടങ്ങളുണ്ട് (1) നിരീക്ഷണം (2) നിഗമനം (3) തിരസ്കാരം.

നിരീക്ഷണം വ്യാപാരത്തിൻെറ 'കഖഗ'- ഏറ്റവും വിഷമം പിടിച്ച ഭാഗം-ആണ്. നാം ഇതതിജീവിച്ചാൽ മറ്റു രണ്ടുഭാഗവും വളരെ സരളമാകും. നിത്യേന കർമമോ, അകർമമോ, വികർമമോ എന്താണ് നാം ചെയ്യുന്നതെന്നു നോക്കുക. അതുമതി. ഇതുവഴി ബോധമനസ്സിനെ എല്ലായ്പ്പോഴും നമ്മുടെ കൂടെ നിർത്തുകയെന്ന ഏറ്റവും അനിവാര്യമായ കർമം, ചെയ്യുന്നു. ഇപ്പോാം ബോധമനസ്സ് തീയിൽ ചാടി മരിക്കുന്ന പാറ്റയെ പോലെയാണ്. അതിനെ സൂര്യപ്രകാശംപോലെ ശാശ്വതമായി നിലനിർത്തണം. അല്ലെങ്കിൽ നമ്മുടെ ആശയത്തിനു (പരിശുദ്ധജീവിതം) എങ്ങനെ പ്രവർത്തിക്കാൻ കഴിയും? വെള്ളത്തിലെ മത്സ്യം പോലെ ഇപ്പോാം അതുവളരെ വഴുപ്പുള്ളതാണ്. നിരന്തര നിരീ

ക്ഷണത്തിൻെറ തുടർച്ചയായ പരിശീലനത്താൽ ഈ ബോധമനസ്സ് പിടിച്ചു നിർത്താൻ കഴിയണം.

നാം എപ്പോഴും ഈ ബോധമനസ്സിനെ രണ്ടു തട്ടായ പരിശുദ്ധ ജീവിതത്തിൽ അഥവാ ആദർശത്തിൽ നിർത്തണം.

(1) ജീവിതരക്ഷയാകുന്ന പ്രാഥമിക ജീവിതം.

(2) ദൈവവിചാരമാകുന്ന ഉയർന്ന ജീവിതം

ചിലർ പറയുന്നത്, അവർ തങ്ങളുടെ ബോധാത്മാവിനെ എപ്പോഴും ദൈവത്തിൽ നിർത്തുന്നില്ലെങ്കിലും, പ്രാഥമിക ജീവിതത്തിൽ നിർത്തുന്നു എന്നാണ്. അല്ല. തികച്ചും അങ്ങനെ അല്ല. അവരുടെ കാര്യത്തിൽ അവരുടെ ബോധാത്മാവ് രണ്ടിനും പുറത്താണ്. ബോധാത്മാവിനെ നമ്മുടെ മാർഗദർശിയാക്കുകയും അതേസമയം എല്ലാ പ്രവർത്തനങ്ങളിലും നമ്മോടൊപ്പം നിർത്തുകയും വേണം. ജ്ഞാനവും ഊർജ്ജവും കൈകോർത്തു പോകണം.

ബോധാത്മാവ് ഏകാകിയായി വസിക്കുന്നു. എന്നാൽ പുരുഷാർഥ-മൂല്യലാഭം-ത്തിൻെറ മാർഗദർശിയും അതേസമയം പുരുഷാർഥലബ്ധിക്ക് നമ്മുടെകൂടെയും ആകുന്നു. ശ്രീകൃഷ്ണനെ മാർഗദർശിയായ ബോധമനസ്സായും അർജുനനെ പുരുഷാർഥമായും അതേസമയം അവനിൽ നിന്നും അകന്ന മാർഗദർശനതത്വമായും താരതമ്യപ്പെടുത്താം. 'കർമഫലത്യാഗം', ബോധമനസ്സ് കുറച്ചേകാകിയായും കുറച്ചു ജോലിക്കു നമ്മളൊത്തുനിന്ന് നമുക്കു മാർഗ്ഗ ദർശനം നല്കുമ്പോഴും ലഭിക്കുന്നു. വിപരീതസ്ഥിതിയിൽ അത് കുറച്ചു ജോലി ചെയ്തും കുറച്ചതിൻെറ ഫലത്തിലും നില്ക്കുന്നു. ഉദാഹരണത്തിനു പ്രകാശത്തിൻെറ സഹായത്താൽ നാം ചിലതെഴുതുന്നു. അത് മാറ്റിയാൽ നമുക്കു കഴിവില്ല. ജോലി ചെയ്യാൻ സഹായിക്കുന്ന പ്രകാശത്തോട് ബോധമനസ്സിനെ ഉപമിക്കാം. അതിൻെറ സ്ഥാനത്തുനിന്ന് വെളിച്ചം വീശുകയും അതിൻെറ സഹായത്താൽ നാം ജോലിചെയ്യുകയും ചെയ്യുന്നു. ഒരു കുരുടനെ നയിക്കുന്നവനെപ്പോലെ അത് നമ്മളൊന്നിച്ചു ജോലിചെയ്യുന്നു. ബോധമനസ്സോടുകൂടി മുകളിൽ പറഞ്ഞ രണ്ടു സ്ഥിതിയിലും നാം തേടുന്നത് അമൂല്യമാണ്. അനശ്വരമാണ്. നമ്മുടെ പ്രവർത്തനങ്ങളിൽ ആവശ്യമുള്ളത്ര സഹായിക്കുകയും ചെയ്യും.

മഹാഭാരതത്തിലെ ഖാണ്ഡവദഹനത്തിൻെറ കഥയിലൂടെ അദ്ദേഹം ഉദ്ദേശം തുടർന്നു വിവരിച്ചു.

ശി.ബാ: രണ്ടു ജീവിതം രക്ഷപ്പെട്ടു. ഒന്നു കുയിൽ. മറ്റേതു മയൻ. ഉഗ്രബാഹുവിൻെറ തപസ്സ് ഒരു കുയിലിൻെറ ജന്മത്തിനിടയാക്കി. ഉപകാരം ചെയ്യുന്നത് യഥാർഥ-ഫലപ്രദം-മാകുന്നു. അതിനു അന്ത്യമില്ല. മയൻ സാത്വികജീവിതം നയിക്കാത്ത രാക്ഷസന്മാരുടെ എഞ്ചി

നീയറാണ്. മയൻ എന്നാൽ എന്തും ഉണ്ടാക്കുന്ന കാല്പനിക ശക്തി എന്നർഥം. അത് (മായ) ഒരു സാത്വികനും ആവശ്യമാണ്. അത് അവനെ ധർമ്മമനുസരിച്ചുള്ള ജീവിതത്തിന് സഹായിക്കുകയും അതു വഴി അവൻെറ ജീവിതം സുരക്ഷിതമാവുകയും ചെയ്യുന്നു. ശ്രീകൃഷ്ണനും അർജ്ജുനനും വന്നപ്പോൾ കാടുകത്തി. അതിനാൽ ബോധാത്മാവും പുരുഷാർഥവും നേർവഴിക്കു പ്രവർത്തിച്ചാൽ എല്ലാ അകർമവും വികർമവും നശിക്കപ്പെടുന്നു. കർമത്തിനു സദുദ്ദേശത്താലും സദ്ഭാവനയാലും മാത്രമേ നില്ക്കാൻ സാദ്ധ്യമാകൂ നമുക്ക് കർമം രക്ഷിക്കാൻ ഇതു രണ്ടും ആവശ്യമാണ്.

നമ്മുടെ എല്ലാ ചിന്തയും പ്രവർത്തനങ്ങളും നമ്മുടെ വീടിനെ കേന്ദ്രീകരിക്കുന്നു. നമ്മുടെ മുഖ്യശ്രദ്ധ വീട്ടിലെ ശാന്തിയും സന്തോഷവുമാണ്. ഇപ്പോൾ നമ്മുടെ ശ്രദ്ധ ഈ ശരീരത്തിൻെറയും അതിൻെറ സർവനേട്ടത്തേയും രക്ഷിക്കുന്നതിലാണ്. നാം നമ്മുടെ ശരീരസ്ഥിതിയുടെ നന്മയ്ക്ക് പുർണരുപത്തിൽ സംഭാവന ചെയ്യാൻ നിർദ്ദേശിക്കുന്ന ചിന്തകളുടേയും വികാരങ്ങളുടേയും നീക്കത്തിൻെറ സൂക്ഷ്മരുപം കാണണം. അപ്രകാരം നമ്മുടെ ചിന്തകളും പ്രവർത്തികളും വലയം ചെയ്യുന്ന വീട് നമ്മുടെ ശരീരമാണെന്ന് നാം കാണുന്നു.

എന്നാൽ ലൗകികസ്ഥിതിയുടെ ഉള്ളിലേക്കുള്ള അന്വേഷണഫലമായി നമ്മുടെ ശരീരം നാമല്ലെന്നു കാണുന്നു. നാം ആത്മാവെന്നു വിളിക്കുന്ന ഈ ശരീരബോധത്തിനും അപ്പുറത്തുള്ള സുക്ഷ്മതത്വമാണ് നമ്മുടെ 'അഹം'. ഈ ആത്മാവ് അറിയപ്പെടുകയും നല്ലവണ്ണം ഭേദബുദ്ധ്യാ ബോദ്ധ്യപ്പെടുകയും വേണം.

ഞാൻ ആരാണ്? എന്ന ഈ അന്വേഷണം നമ്മുടെ മുഖ്യതാല്പര്യമാകണം. അത് വിവിധ ഘട്ടങ്ങളിൽക്കുടി നമ്മളെ സുഖവും ശാന്തിയും നല്കുന്ന ശാശ്വതസത്യത്തിലേയ്ക്ക്-അഥവാ വീട്ടിലേയ്ക്ക്-എത്തിക്കും. ഫലം അജ്ഞാനമോചനവും പരമസൗഖ്യവും ആയിരിക്കും.

അങ്ങനെ ഈ ആത്മാവിനെ അന്വേഷിക്കുന്നതു സാദ്ധ്യമാക്കാനും അതുവഴി ഉദ്ദിഷ്ടഫലം സിദ്ധിക്കാനും നമ്മുടെ ശ്രദ്ധ വേണ്ട മാർഗത്തിൽ തിരിച്ചുവിടാനും നമുക്കു കഴിയണം. ബുദ്ധിയേയും സാത്വികതയേയും രക്ഷിക്കേണ്ടതുണ്ട്. ജീവിതപ്രവർത്തനങ്ങൾ ശരീരസുരക്ഷിതത്വനിർവഹണത്തിനെന്നപോലെ ബുദ്ധിയും സാത്വികതയും നമ്മുടെ ആത്മാവിൻെറ അന്വേഷണം സാദ്ധ്യമാക്കും. നമ്മുടെ ആത്മീയാവശ്യങ്ങളെ ജീവിതപ്രവർത്തനങ്ങളാൽ ശാരീരികാവശ്യങ്ങളെ വേണ്ടവിധം, നിർവഹിക്കുന്നതുപോലെ തന്നെ, സാത്വികതയെ വേണ്ടത്ര ശ്രദ്ധിക്കുകയും ബുദ്ധിയെ വേണ്ടവിധം പ്രവർത്തിപ്പിക്കുകയും വഴി കാത്തു സൂക്ഷിക്കണം. നമ്മുടെ ദേഹരക്ഷ ഇപ്പോഴത്തെ എല്ലാ പ്രവർത്തന

ങ്ങളുടേയും കേന്ദ്രമാണ് എന്നതുപോലെ തന്നെ നമ്മുടെ ആത്മീയ പ്രശ്നങ്ങളാണ് നമ്മുടെ സാത്വികതയും ബുദ്ധിയും തിരിയുന്ന വട്ടത്തിന്റെ കേന്ദ്രബിന്ദുവാകുന്നത്.

മുൻ അദ്ധ്യായങ്ങളിൽ സ്വധർമത്തെപറ്റി വളരെ പ്രായോഗിക ഉപദേശങ്ങൾ വിവരിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹത്തോടുന്നയിച്ച വിവിധ ചോദ്യങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്തെന്നു ഞാൻ കുറിക്കാം.

മനന്ധർ: ജീവിതപ്രവർത്തനങ്ങളിൽ ചിട്ട എന്തുകൊണ്ടുവേണമെന്ന് ജനങ്ങൾ എന്നോടു ചോദിക്കുന്നു. ഞാൻ എന്തുത്തരം നല്കും?

ശി.ബാ: ഇത് കഠിനവും ഒത്തുതീർപ്പില്ലാത്തതുമായ നിയമമാണ്. നിങ്ങൾ വേദാന്തങ്ങളും സിദ്ധാന്തങ്ങളുമുണ്ടെന്ന് ചൂണ്ടികാട്ടണം. വേണ്ടപോലെ എല്ലാ ചിട്ടകളോടുംകൂടിയ കർത്തവ്യപാലനവും, അകർമങ്ങൾ വെടിയേണ്ടതും (അഥവാ തെറ്റും കുറവും) സിദ്ധാന്തവും തത്വവുമാണ്. തത്വങ്ങളിൽ വെളിച്ചം വീശി സിദ്ധാന്തങ്ങളാൽ സ്ഥാപിച്ച അവയിൽ നിന്നെപ്പോൾ വ്യതിചലിക്കാമെന്ന് വേദാന്തം പറയുന്നു. അതായത് വേദാന്തം ചില പരിതസ്ഥിതിയിൽ ചില ആനുകൂല്യങ്ങൾ നൽകുന്നു. സമയത്തിനും സ്ഥലത്തിനും സ്ഥിതിക്കും അനുസരിച്ച് വ്യതിയാനമില്ലാത്ത നിയമമില്ല. സ്ഥാപിക്കപ്പെട്ട തത്വത്തിനോ നിയമത്തിനോ വ്യവഹാരത്തിൽ ചില ഭേദങ്ങൾ അത് പ്രസ്താവിക്കുന്നു. വ്യതിയാനം മോഹമോ, ഭ്രമമോ കൊണ്ടാണെങ്കിൽ അതുപോലെ ഭയം കൊണ്ടാണെങ്കിലും വേദാന്തംകൊണ്ട് ന്യായീകരിക്കാവുന്നതല്ല. ഭ്രമവും ഭയവും തെറ്റായ രണ്ടു വ്യതിയാനകാരണങ്ങളാണ്. ദൈവഭക്തി (എല്ലാ സുഖാനുഭൂതികളേക്കാൾ മഹത്തായ സ്വർഗാനുഭൂതി നമുക്കു ലഭിക്കാമെന്ന ആശയം) ഭ്രമത്തിൽനിന്ന് രക്ഷിക്കുന്നു. ജീവിതവിരക്തി (മരണം അനിവാര്യമാണെന്നും പരിശ്രമത്തിൽ മരണം വരട്ടെയെന്നുമുള്ള ആശയം) നിർഭയത ഉളവാക്കുന്നു. വൈരാഗ്യം ത്യാഗശക്തിയും ദൈവഭക്തിയും കൂടിയതാണ്. ഉദാഹരണത്തിന്, കുനുകൾ എടുക്കുക, (അത് നിങ്ങളിന്നലെ കണ്ടു) അത് മോഹസംജാതമെങ്കിൽ തെറ്റാണ് കാരണം നിങ്ങൾ മോഹത്തിനു വഴങ്ങി. പക്ഷേ സംഭവവശാൽ എടുത്തതെങ്കിൽ (അതുപോലും അരഭാഗം രജസ്സനുസരിച്ച്, കാൽഭാഗം സാത്വികാനുസാരം, മുഴുവൻ തമസ്സനുസരിച്ച്) ആനുകൂല്യമുണ്ട് കാരണം ഇവിടെ മോഹം നമ്മുടെ മാർഗദർശിയായില്ല. ഇവിടെ വേദാന്തം വരുന്നു. പക്ഷേ സിദ്ധാന്തപ്രകാരം ഒരുവൻ എല്ലാ ഭ്രമങ്ങളും ത്യജിക്കണമെന്നതിനാൽ ചിട്ട പാലിക്കുകതന്നെ വേണം. സിദ്ധാന്തം വേദാമാണ് വേദനന്തരം വേദാന്തം വരുന്നു.

നാം നമ്മുടെ ജീവിതകർത്തവ്യനിരതരല്ലാത്തപ്പോൾ നമ്മുടെ അന്വേഷണത്തിന്റെ സത്ത് എപ്പോൾ മുതൽ ഈ സൃഷ്ടി നമ്മളെ

കേന്ദ്രമാക്കിയുള്ള കറക്കം തുടങ്ങിയെന്നതാകണം. ഇതാണ് നിർഗുണ ഉപാസന. സഗുണ ഉപാസന, മനസ്സ് നിരാശപ്പെട്ടു തളരുമ്പോഠം, വിശ്രമത്തിനുള്ള വഴിക്കല്ലായി എടുക്കണം. തത്വപരമായി അത് ചവണ എറിയുന്ന ഒരു ചെറിയ കല്ലിൻ കഷണത്തിൻെറ അപാരശക്തി സിദ്ധിപോലെയാണ്. സഗുണ ഉപാസന, കുറച്ചു വിഷമിച്ചു യാത്രതുടരേണ്ട ഒരു വഴിപോക്കൻെറ വിശ്രമസ്ഥലത്തെ കുറിച്ചുള്ള കല്പനാശക്തി. ഒരു നിലയ്ക്കല്ലെങ്കിൽ മറ്റൊരുവിധം, നമ്മുടെ ധാരണപ്രകാരം ദൈവാന്വേഷണമാർഗം തെറ്റായിപ്പോയിയെന്നു ചിന്തിക്കൂ. എന്നാലും, കുറച്ചു വിശ്രമിച്ചശേഷം അതന്വേഷിക്കുകയും, ദൈവാന്വേഷണത്തിൽ കൂടുതൽ ശക്തമായി പ്രവേശിക്കുകയും ചെയ്യണം. കൂടുതൽ, മൈനിട്ട കടലിൽ അത് മൈൻ മാറ്റുന്ന ഉപകരണം പോലെയാണ്. അതു നമ്മുടെ തുടർ യാത്രയ്ക്കുള്ള വഴിയിലെ നിലവിലുള്ള മാനസികബോധങ്ങളെ തൂത്തു വാരുകയും അതുവഴി യാത്ര തുടർന്ന് ലക്ഷ്യത്തിലെത്താൻ നമുക്കു കഴിയുകയും ചെയ്യുന്നു.

സഗുണ ഉപാസന-ധ്യാനവും ധാരണയും- ദൈവിക-രൂപത്തിലല്ലാത്ത നദി, മല, കടൽ തുടങ്ങി ഏതു പ്രകൃതി തത്വത്തേയും നമുക്കു ധ്യാനിക്കാം. എന്നാൽ മനുഷ്യനിർമിത വസ്തുക്കളെ വിടണം.

കുറ്റവും കുറവും ഇവ വരാതെ ശ്രദ്ധിക്കുകയും കർത്തവ്യങ്ങളുടെ ശ്രേഷ്ഠനിർവഹണവും ജീവിതത്തെ സമൃദ്ധവും സരളവുമാക്കുന്നു. ഇതിന് നമ്മുടെ ആത്മാവിനെ കണ്ടെത്തലുമായി യാതൊരു ബന്ധവുമില്ലെങ്കിലും ജീവിതം നിർബാധം നീങ്ങുമ്പോഠം നാം ദുഃഖങ്ങളഭിമുഖീകരിക്കുന്നില്ല അതിനാൽ നമുക്ക് സ്വസ്ഥമായി ധ്യാനിക്കാം.

ഇനി ലൗകികയാഥാർഥ്യം, പുനർജന്മം, ദൈവികസ്വഭാവം, ദൈവത്തിൻെറ സാർവത്രികത തുടങ്ങിയ വിഷയങ്ങളെപറ്റി എഴുതി സമർപ്പിച്ച പ്രശ്നങ്ങഠംക്ക് ബാബ നൽകിയ വിവരണമാണ്.

ശി.ബാ: നിങ്ങളുന്നയിച്ച എല്ലാ പ്രശ്നങ്ങളും ശ്രദ്ധാർഹമാണ്. ലോകാരംഭം മുതൽ നിങ്ങളെപോലെ അന്വേഷണാർഥികഠം ചർച്ച നടത്തുകയും ആ ചർച്ച ഇന്നേവരെ തുടരുകയും ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടുപേർ ഒരേ ഉത്തരം നല്കിയിട്ടില്ല. എല്ലാ അന്വേഷണങ്ങളും വെറും സംഭാഷണത്തിൽ അവസാനിക്കുകയാണ്. നമ്മളും പറയാൻ തുടങ്ങിയാൽ തീരുമാനത്തിലെത്തുകയില്ല.

ഈ ലോകമുണ്ട്. ജീവിതം ഇവിടെ സാദ്ധ്യമാകണം. ഈ ജീവിതസാദ്ധ്യതയെപറ്റി ഞാൻ നിങ്ങളോടു പറഞ്ഞ അതേ ഉത്തരം അവരും തന്നിട്ടുണ്ട്. എന്നാൽ നിങ്ങഠം ഉന്നയിച്ച പ്രശ്നങ്ങളുടെ ഉത്തരം ദൈവത്തെ കാണുമ്പോഠം നിങ്ങളറിയും. ഞാൻ പറഞ്ഞിരുന്ന മുന്നുവിഷയങ്ങഠം പരിശീലിച്ചാൽ അവിടെ എത്തും. സംസാരിച്ച വിഷയങ്ങഠം, യോഗ വസിഷ്ഠയും മഹാഭാരതത്തിലെ ഭീഷ്മപർവവും

നോക്കിയാൽ ഒരു പരിധിവരെ അറിയാൻ കഴിയും. അപ്പോഠ അതു രണ്ടും നോക്കി വീണ്ടും പ്രശ്നമുന്നയിക്കുക.

ജ്ഞാനം രണ്ടുവിധമാണ്. ഒന്ന് 'എന്ത്' എന്നതിനെ പ്രതിപാദിക്കുന്നതും മറ്റേത് 'എങ്ങിനെ' എന്നതിനെ പ്രതിപാദിക്കുന്നതും. നിങ്ങഠ ചോദിച്ച എല്ലാ പ്രശ്നങ്ങളും 'എന്ത്' എന്നതിൽ വരും. ദൈവദർശനം വരെ നമുക്കതിനു കാത്തിരിക്കാം. എന്നാൽ ഇന്നു തന്നെ 'എങ്ങനെ' എന്ന പ്രശ്നം പരിഹരിക്കണം. നമുക്ക് ദൈവം വരുന്നതുവരെ കാത്തിരിക്കാൻ കഴിയില്ല. അതിനാൽ ഈ 'എങ്ങനെ'യിൽ വളരെ ശ്രദ്ധിച്ചും ചിട്ടയോടുംകൂടി ഇരിക്കണം. ഇതിനു മാത്രം അടുത്തതിനേയും വെളിപ്പെടുത്താൻ കഴിയും. ഇനി നിങ്ങളുടെ ചോദ്യങ്ങഠക്ക് എൻെറ അഭിപ്രായമറിയണമെങ്കിൽ ഞാൻ ഒരു ചെറുവിവരണം നൽകാം.

ജീവിതം യഥാർത്ഥമാണോ?

ശി.ബാ: നിങ്ങളുന്നയിച്ച പ്രശ്നം ഇതാണ്. ഇത് യഥാർത്ഥമാണോ അല്ലയോ എന്ന് നമുക്കറിയാൻ കഴിയില്ല. തുലനാത്മകബോധത്തിൽ ഇതു യഥാർത്ഥമാണ്. കാരണം പ്രായോഗികവശങ്ങളായ വിശപ്പ്, ദാഹം തടങ്ങി പലതിനും നാം വശംവദരാണ്. ഇവിടെ നമ്മഠ സ്വയം മുക്തരാകാൻ ചിലതു ചെയ്യണം.

പുനർജന്മമുണ്ടോ?

ശി.ബാ: ഇത് മറ്റൊരു ചോദ്യമാണ്. ഒരാഠ ഉറക്കത്തിൽ മരിക്കുന്നുവെങ്കിലും പിറ്റേദിവസം എഴുന്നേല്ക്കുമ്പോഠ ജീവിതം പഴയപടിവരുന്നു. അതിനാൽ മറ്റൊരു പ്രകാരം മരണത്തിനു ശേഷവും നാം ജീവിതത്തിലേയ്ക്കു വരുന്നു. അതിനാൽ ജീവിതം മാത്രമല്ലാതെ മരണമില്ല. മരണം പഴയതിൽ നിന്നും പുതിയ വസ്ത്രത്തിലേയ്ക്ക്-ഒരു ശരീരത്തിൽ നിന്ന് മറ്റൊന്നിലേയ്ക്ക്-മാറുന്നതൊഴികെ മറ്റൊന്നുമല്ല. മരണം ഉറക്കമല്ലാതെ മറ്റൊന്നുമല്ല. നമ്മഠ ഇന്നുരാത്രി ഉറങ്ങി നാളെ കാലത്തു എഴുന്നേല്ക്കുന്നതുപോലെ. ഇന്നലെ എന്തായിരുന്നുവോ നാം അതാണ്. അങ്ങനെ ഇന്ന് നാമെന്താണോ നാളെ അതാകും. അതിനാൽ ഇന്നും നാളെയും ജീവിതം കെട്ടിപ്പടുത്താൽ നിങ്ങഠക്ക് നല്ല ജീവിതമുണ്ടാകും. ഇപ്പോഴത്തെ ജീവിതം നീചസ്ഥിതിയിലും ദാരിദ്ര്യാവസ്ഥയിലുമാണെങ്കിൽ അതിനു കാരണം കഴിഞ്ഞകാലത്ത്, ബുദ്ധിയും ജ്ഞാനവും സാത്വികതയും വേണ്ടപോലെ ഉപയോഗിച്ച് നാം ജീവിച്ചില്ല എന്നതാണ്. ഈ മൂന്നു തത്വങ്ങളുടേയും വെളിച്ചത്തിൽ ഇതുവരെ ഈ ജീവിതത്തിൽ എത്രദൂരം മുമ്പിലേക്ക് നാം നീങ്ങിയിട്ടുണ്ട്? ഇതിനെപറ്റി ഗാഢമായി ആലോചിക്കുന്ന ഒരു മനുഷ്യനു ഈ വഴിക്കു കർമ്മം ചെയ്യാൻ യോഗം വരും.

സാത്വികത സന്മനസ്സിനും സൽബുദ്ധിക്കും അതായത് ആത്മസമർപ്പണബോധത്തിന് ഉറച്ചു നില്ക്കാനുള്ള കഴിവ് പ്രദാനം

ചെയ്യുന്ന ശക്തിയാണ്. സ്വധർമബോധം ദൈവബോധത്തിനു തുല്യ മാണ്. ഒരു മനുഷ്യൻ സ്വധർമതത്വപ്രകാരം ജീവിക്കാൻ ദൃഢനി ശ്ചയം ചെയ്ത്, അപ്രകാരം ജീവിക്കാൻ കുറച്ചു സമയമെടുക്കുന്നതാ യി പുറത്തേയ്ക്ക് തോന്നുമെങ്കിലും, ആന്തരികമായി അയാൾ അതിൽ ജീവിക്കുന്നു എന്നു പറയപ്പെടുന്നു.

ദൈവം സർവതിലും സർവവും. ദൈവം എവിടെയുമില്ല. ഇതെങ്ങ നെ?

ശി.ബാ: ഇപ്പോൾ നിങ്ങൾക്കു കീഴിൽ വളരെ പേർ ജോലി ചെയ്യുന്നു. നിങ്ങൾ അവരുടെയെല്ലാം ആരാധ്യനാണ്. നിങ്ങളവർക്കു ഭക്ഷണം, വസ്ത്രം തുടങ്ങിയവ കൊടുക്കുന്നു. അതായത് നിങ്ങൾ അവർക്ക് സർവത്തിലും സർവവും ആണ്. എന്നാൽ മറ്റൊരു തരത്തിൽ നിങ്ങൾ എവിടേയുമില്ല. ആ ആൾക്കാർ ജോലിചെയ്യുകയും കൂലി സമ്പാദിക്കുകയും ചെയ്യുന്നു. ഇതേവിധത്തിൽ ദൈവം ഈ പ്രപഞ്ച ത്തേയും നമ്മേയും സൃഷ്ടിച്ചിട്ടുണ്ട്. അതിനാൽ അദ്ദേഹം നമുക്കു സർവതിലും സർവവും ആണ്. അതിനാൽ നമ്മുടെ ജീവിതപ്രവർത്ത നങ്ങൾ സ്വയം ചെയ്യണം. അങ്ങനെ ജീവിതം നയിക്കണം. ഇവിടെ ദൈവം എവിടേയുമില്ല. അങ്ങനെ അങ്ങനെ. ഇവിടെ ഞാൻ ഒന്നോ രണ്ടോ ചോദ്യത്തിനേ ഉത്തരം നല്കിയുള്ളു. ബാക്കിയുള്ളവയ്ക്ക് ആ രണ്ടു പുസ്തകങ്ങളും വായിക്കുക-യോഗവസിഷ്ഠവും ഭീഷ്മപർവവും. നിങ്ങളന്വേഷിച്ച വിഷയങ്ങളിലൊക്കെ ഒരവ്യക്ത ഉത്തരം ലഭിക്കും. ഞാൻ ഈ വിഷയങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നു കാരണം ഇതു ഉട നെ ആവശ്യമുള്ളതാണ്.

പുരാണങ്ങളിൽ ഇതുപോലെ ഒരു കഥയുണ്ട്. ഒരു മനുഷ്യന് ഒരമ്പുകൊണ്ട ഉടൻ ആ അമ്പ് ശരീരത്തിൽനിന്നും എടുക്കാൻ അയാൾ മുറവിളി കൂട്ടി. അങ്ങ് എവിടെ നിന്നുവന്നെന്നോ ഇരുമ്പോ മരമോ എന്നൊന്നും അയാൾ അന്വേഷിച്ചില്ല. അയാളുടെ ഒററ ഉദ്ദേശം അതു പുറത്തെടുത്ത് വേദന മാറ്റണമെന്നു മാത്രമായിരുന്നു. അതു കഴിഞ്ഞ പ്പോൾ അയാൾ അമ്പ് പരിശോധിച്ചു. എയ്തവനെ കുറിച്ചന്വേഷിച്ചു. ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ടത്, തല്ക്കാലവൃത്തി ഒരുവന് വിഷമത്തിൽ നിന്നു മുക്തി നൽകുകയും പിന്നീട് അന്വേഷിക്കുകയു മാണെന്നാണ്. ആദ്യം അന്വേഷിച്ചാൽ വേദന തുടരും. അതു വെറും വിഡ്ഢിത്തമാണ്.

അതിനാൽ ഞാൻ നിങ്ങളോട് മൂന്നു വിഷയങ്ങൾ പരിശീലിക്കാ നും താല്ക്കാലിക വിഷമത്തിൽ നിന്ന് മുക്തനാകാനും പറഞ്ഞി ട്ടുണ്ട്. നിങ്ങളീ വിഷയങ്ങൾ പരിശീലിക്കുമ്പോൾ എന്തെല്ലാം വിഷമവും തെറ്റിദ്ധാരണയും വരുന്നുവോ അവ എന്നോടു ചോദിച്ചു പരിഹരിച്ച്, മുന്നോട്ടു പോകുക.

ഞാൻ ഇനി പല സമയത്തും പലരുമായും ചോദ്യോത്തരങ്ങാം കൈമാറിയത് വിവരിക്കാം. ഇവയിൽ അദ്ദേഹത്തിൻെറ ഉപദേശങ്ങളുടെ പടിപടിയായ രൂപത്തേക്കാറ 'സംശയനിവാരണ'ങ്ങളാണുള്ളത്.

ചോദ്യം: ഇന്ന് ലോകത്തിൽ ഇത്ര അധികം അസുഖം എന്തു കൊണ്ടാണ്?

ശി.ബാ: ഇത് ഇന്നു മാത്രമല്ല. ത്രിവിധതാപം അഥവാ മൂന്നു മടങ്ങായ അരിഷ്ടങ്ങാം മാനവവംശത്തിനെന്നുമുണ്ട്. അവ വേദനയും ദുഷ്ചിന്തയും ഭയവുമാണ്. ഒരു രാജ്യത്തു വസിക്കുമ്പോറ നമ്മറ കരം കൊടുക്കുകയും രാജ്യനന്മക്കുവേണ്ടി പരസ്യപ്പെടുത്തിയ നിയമങ്ങാം പാലിക്കുകയും വേണം. നാം കരം കൊടുക്കാൻ വിസമ്മതിച്ചാൽ നമ്മുടെ വസ്തുവിനും ജീവനുമുള്ള രക്ഷ നമുക്ക് നിഷേധിക്കപ്പെടുകയും ദേശത്തിൻെറ നിയമത്തിനനുസരിച്ചു ജീവിച്ചി ല്ലെങ്കിൽ ശിക്ഷ ലഭിക്കുകയും ചെയ്യും.

അതേപോലെ നാം ദൈവത്തിൻെറ രാജ്യത്തിലാണെന്നു ചിന്തി ക്കണം. അദ്ദേഹത്തിൻെറ കരം കൊടുക്കണം. അതുമാത്രമല്ല, അദ്ദേഹം നമുക്കനുസരിക്കാൻ നിർദ്ദേശിക്കുന്ന നിയമങ്ങാം നാം പാലിക്കണം. അപ്പോറ കരം എന്താണ്? നോക്കൂ, അദ്ദേഹം തന്ന ഈ ഭൗതികശരീരം നാം സുക്ഷിക്കണം. ഈ ശരീരത്തിൻെറയും അതിൻെറ സമ്പാദ്യങ്ങ ളേയും നിലനിർത്താൻ എന്തെല്ലാം കർമങ്ങാം നാം അനുഷ്ഠിക്കണമോ, അത് അദ്ദേഹം നമ്മളിൽ ചുമത്തിയ കരമാണ്. ഇത് നമ്മുടെ ശരീര രക്ഷയും കുടുംബം ബന്ധുക്കാം എന്നിവരോടുള്ള കർത്തവ്യവും നമ്മു ടെ ഭൗതികശരീരത്തോടു ബന്ധപ്പെട്ട മറ്റെന്തു കർത്തവ്യവും ഉറപ്പെടുന്നതുമാണ്. അവയെല്ലാം കർമങ്ങളായി കരുതി മുടങ്ങാതെ നിർവഹിക്കണം. ഇതിനു പുറമെ നമ്മുടെ ഭൗതികശരീരവുമായി സുരക്ഷാബന്ധമില്ലാത്ത പ്രവർത്തനങ്ങളെ, നാം അകർമവും വികർ മവുമായി കാണണം. അങ്ങനെ ശരീരരക്ഷകാക്കുന്നതിന് ഈ പ്രപഞ്ചകർത്താവിനു ആവശ്യമായ കരം കൊടുക്കുന്നു. അപ്പോറ നമ്മളെ അദ്ദേഹത്തിൻെറ ശ്രദ്ധയും സുരക്ഷയും അർഹിക്കുന്ന നല്ല പ്രജയായി കണക്കാക്കും. ഈ പ്രവർത്തനരംഗം ബുദ്ധിയുടെ അധീ നമാണ് കാരണം ബുദ്ധിയാണ് അതിൽ മുഖ്യഭാഗം നിർവഹിക്കുന്നത്. നമ്മുടെ വിജയം കൂർമബുദ്ധിയേയും കരകൗശലത്തേയും ആശ്രയി ക്കുന്നു. അതിനുശേഷം സാത്വികത എന്നു പറയുന്ന ദൈവികനി യമപാലനം വരുന്നു. നിയമമെന്താണ്? നമ്മളെ എങ്ങനെ സാത്വികൻ എന്നു വിളിക്കാം. ഈ വ്യാപാരത്തിൽ നമ്മുടെ മനസ്സ് ഉറച്ചേരുന്നു. അത് എപ്പോഴും ഇച്ഛയും രാഗവും ദ്വേഷവുമായി നേരിടുന്നു. നാം അവയുടെ സ്വാധീനത്തിൽനിന്നും വിട്ടുനില്ക്കുന്നുവെങ്കിൽ നമ്മെ സാത്വികരെന്നു പറയുന്നു. നാം കർമം ചെയ്യുമ്പോഴെല്ലാം, മോഹത്തി

ൻെറയും സ്വാർത്ഥത്തിൻെറയും വെറുപ്പിൻെറയും സ്വാധീനശക്തിക്കധീനനാകാതെ നിർവ്വഹിക്കണം. പ്രതിഫലമായി എല്ലാവിധ ദൈവികശിക്ഷകളിൽ നിന്ന് മോചനം കിട്ടും.

ആദ്യത്തെ കരം നൽകൽ വഴി ദേഹസുഖവും സാത്വികതവഴി നമ്മുടെ മാനസികാരോഗ്യവും അതുവഴി ദുഃഖവിമോചനവും നാമുറപ്പാക്കുന്നു. ബാക്കി സമയവും നാം ദൈവഭക്തിയിൽ കഴിക്കുന്നുവെങ്കിൽ ഭയത്തിൻെറ അനുഭാവവും നമുക്കുണ്ടാവുകയില്ല. അങ്ങനെ നാം 'ത്രിവിധതപ'മെന്നു പറയുന്ന മൂന്നു വലച്ചിലിൽ നിന്നും രക്ഷിക്കപ്പെടുകയും പരമാനന്ദസ്ഥിതി നിലനിർത്തുകയും ചെയ്യുന്നു. നമ്മുടെ ശ്രദ്ധ ഈ മൂന്നുവഴിക്കും നിലനിർത്തുകയല്ലാതെ മറ്റൊന്നും ചെയ്യാനില്ല.

ചോദ്യം: സാത്വിക കർമങ്ങളിൽ മാത്രം ശ്രദ്ധിക്കണമെന്ന് താങ്കൾ ഞങ്ങളെ ഉപദേശിക്കുന്നു. എന്താണ് സാത്വികം?

ശി.ബാ: സൃഷ്ടികളിലെല്ലാം ഒരടിസ്ഥാന ഏകത ദർശിക്കാനുള്ള മനുഷ്യൻെറ ബുദ്ധി, അതായത്, വസ്തുക്കളുടെ സത്തയിലേക്കവനെത്തുന്ന ബുദ്ധിയാണ് സാത്വികത. ഇതിന് തുല്യമായ മനഃസ്ഥിതി ലഭിച്ച ഒരുവനെ സാത്വികനെന്നു പറയുന്നു. ഒരു സാത്വികൻ അവൻെറ തിട്ടപ്പെടുത്തിയ കർമങ്ങൾ തികച്ചും വിധിക്കനുസരിച്ച് മുടങ്ങാതെ വെറുപ്പോ സ്വാർത്ഥമോ, മോഹമോ ആശയോ കർമഫലമോഹമോ കൂടാതെ ചെയ്യുന്നവനാകുന്നു. അദ്ദേഹത്തിനു തെളിഞ്ഞ ഉൾകാഴ്ചയും നല്ല ഭേദഭാവവും ഉറച്ച ആത്മനിയന്ത്രണവും ഉണ്ടായിരിക്കും. അങ്ങനെ സാത്വികബോധത്തോടെ സാത്വിക ബുദ്ധിയും സാത്വികപ്രവർത്തനങ്ങളും ചേർത്ത് ഒരുവൻ അവൻെറ ജീവിതകർമങ്ങൾ അനുഷ്ഠിക്കണം. സ്വാഭാവികമായി അത്തരമൊരാൾ അത്യാവശ്യം ആജ്ഞാശക്തിയും നിയന്ത്രണശക്തിയും വളർത്തുകയും ആർജ്ജിക്കുകയും ചെയ്യും. ഈ ജീവിതവ്യാപാരം അതുമായി കൂടുതൽ കൂടുതൽ അടുക്കുമ്പോൾ അത്യധികം സരളമായി തീരും. അപ്പോൾ അവൻ ദൈവത്തെ മുഖാമുഖം കാണാനോ സത്യമോ ജീവിതമോ കാണാനോ വേണ്ടത്ര കഴിവുള്ള പൂർണവളർച്ചയെത്തിയ സൃഷ്ടിയാകും.

ചോദ്യം: ശ്രീരാമകൃഷ്ണനെപ്പോലെയുള്ള ഒരാൾ നിങ്ങളുടെ പരിശുദ്ധജീവിതത്തിലെ മൂന്നു സിദ്ധാന്തങ്ങൾ എന്തുകൊണ്ട് പിന്തുടർന്നില്ല അവ ഏവർക്കും അത്യാവശ്യമെന്നു പറയുന്നു. എന്നാൽ ശ്രീരാമകൃഷ്ണനേയും രമണമഹർഷിയേയും പോലുള്ള മഹായോഗികൾ എന്തുകൊണ്ടാവഴിക്കു ജീവിച്ചില്ല?

ശി.ബാ.: കാരണം അവർക്ക് ഒരു അത ഊർജ്ജസ്വലമനസ്സുണ്ടായിരുന്നു. അവർക്ക് ആദ്യത്തെ രണ്ടു സിദ്ധാന്തങ്ങളുംആവശ്യമായി

രുന്നില്ല. ഉദാഹരണത്തിന് ശ്രീരാമകൃഷ്ണന് ചുരുങ്ങിയ നിലയിൽ യജ്ഞവും ദാനവും തപസ്സും ജീവിതരക്ഷയ്ക്കു മാത്രം, ചെറുത്തുനി ല്ക്കാനും മൂന്നും വിസ്തൃതമാക്കാനും. ജീവിതക്ഷയത്തെ എതിർക്കാ നല്ല. സാമാന്യ ജനങ്ങൾ അതു ലഭ്യമാകാൻ ചെയ്യുന്നു. അതിനാൽ അതിനൊരു അക്രമസ്വഭാവമുണ്ട്. നമ്മുടെ ആവശ്യത്തിനു ചുരുങ്ങിയ വിധത്തിൽ തികച്ചും പര്യാപ്തമാണ്. ഇതിൽ മൂന്നു ശുദ്ധീകരണങ്ങളും ശ്രദ്ധിച്ചിട്ടുണ്ട്. അതാകട്ടെ, ജീവിതം ക്ഷയിക്കാതിരിക്കാനുള്ളതുവരെ മാത്രമാണ്. ശ്രീരാമകൃഷ്ണനിൽ ക്ഷേത്രകർമങ്ങൾക്കും കുടുംബകാര്യ ത്തിനും വേണ്ടത്ര ക്ഷമതയും അതിനാൽ ശരീരപാലനത്തിനുള്ള കഴിവും ഉണ്ടായിരുന്നു. ഒരു വസ്തു പരമമായി കരുതിയാൽ അതാ യത് എല്ലാറ്റിനുമുപരിയായി ദൈവത്തെ ധ്യാനിച്ചാൽ മൂന്നു ശുദ്ധികളും പരമസിദ്ധി സാദ്ധ്യമാകാൻ തനിയേ വരും. ദൈവത്തിലുള്ള ശക്തമായ പിടുത്തം നമ്മളറിയാതെ തന്നെ, ഒരു പരിധിവരെ, നമ്മുടെ ആവശ്യത്തിനു വേണ്ടത്ര ശുദ്ധി നല്കുന്നു.

ചോദ്യം: സമൂഹത്തോടുള്ള നിങ്ങളുടെ നിലപാടെന്താണ്? ഏതെല്ലാം സാമൂഹ്യബാദ്ധ്യതകൾ നിറവേറ്റണം?

ശി.ബാ.: സാമൂഹ്യകടമകൾ, നിലവിലുള്ള സാമൂഹ്യനീതിക്കനു സരിച്ച്, നിർവഹിക്കണം. ഏതെങ്കിലും നിയമം, അനുപയുക്തമെന്നു കണ്ടാൽ, ആ വ്യക്തിക്ക്, വന്ദ്യവൃദ്ധന്മാരെ അഭിപ്രായമറിയിച്ച ശേഷം മാറ്റാൻ ശ്രമിക്കാം. മനുസംഹിത കാലാകാലം പരിവർത്തനം ചെയ്ത് പന്ത്രണ്ടു സംഹിതകളുണ്ടായത് കാണിക്കുന്നത് സാമൂഹ്യനിയമങ്ങൾ സ്ഥിരമോ അഭേദ്യമോ അല്ലെന്നാണ്. എന്നാൽ വ്യക്തിപ്രഭാവത്താൽ സമൂഹത്തിൽ ഒരാളും അനൈക്യത്തിനു ശ്രമിക്കരുത്. സാമൂഹ്യനി യമങ്ങൾ മാറ്റണമെന്നാഗ്രഹിക്കുന്നവർ ആദ്യം തൻെറ ജീവിതം പരി ശുദ്ധമാക്കണം. പിന്നീടേ മറ്റുള്ളവരെ സാമൂഹ്യനിയമത്തിൻെറ തെറ്റ് കാണാൻ പ്രേരിപ്പിക്കാവൂ.

സത്യാന്വേഷണത്തിനു ജീവിതം സമർപ്പിച്ച ഒരാൾക്ക് സാമൂഹ്യ നിയമപ്രശ്നങ്ങളിൽ തൻെറ ഊർജ്ജം നഷ്ടപ്പെടുത്തണ്ട. കാരണം അദ്ദേഹത്തിൻെറ മുഖ്യകർമം പരമത്തിലേയ്ക്കുള്ള യാത്രയാണ്. സാമൂ ഹ്യവൃത്തിയുടെ പ്രവർത്തനങ്ങൾ നിഷ്പ്രയാസമാകും. ഏതെങ്കിലു മൊരു സിദ്ധാന്തമോ മതമോ പിന്തുടരാത്തതിനാൽ വ്യക്തിപരമായി അയാൾക്കു യാതൊരു സാമൂഹ്യപ്രശ്നവും നേരിടേണ്ടിവരുന്നില്ല.

ചോദ്യം: സ്ത്രീകളുടെ സ്ഥിതിയെന്താണ്? പുരുഷന്മാരെപോലെ അവർക്കും സ്വധർമം പിന്തുടരാമോ? അടിസ്ഥാനവ്യത്യാസമെന്തെങ്കി ലുമുണ്ടോ?

ശി.ബാ.: ആണും പെണ്ണും തമ്മിൽ ഭൗതികവും മനഃശാസ്ത്രപരവു മായ വ്യത്യാസമൊഴികെ മറ്റൊരു അടിസ്ഥാനഭേദവുമില്ല. സ്ത്രീക്കും

പുരുഷനെപ്പോലെ പരിശുദ്ധജീവിതവും ധ്യാനവും പിന്തുടർന്നാൽ സത്യബോധം ലഭിക്കും. എങ്കിലും സ്ത്രീക്ക് ചില പ്രത്യേക കർമങ്ങൾ നിർവഹിക്കേണ്ടതുണ്ട്.

ചോദ്യം: സ്വധർമത്തിന്നു കൂർമബുദ്ധിയും ശക്തമായമനസ്സും വേണമെന്ന് അങ്ങ് പറയുന്നു. ഇതിനർഥം, ഇത് ആത്മീയവളർച്ചയുടെ ഉച്ചസ്ഥിതിയിലുള്ളവർക്കു മാത്രമുള്ളതാണെന്നാണോ?

ശി.ബാ.: ഉച്ചമെന്നോ നീചമെന്നോ മഹത്തെന്നോ എളിയതെന്നോ ഒന്നുമില്ല. എല്ലാവർക്കും പരിശുദ്ധജീവിതവും ധ്യാനവും തുടരുന്നുവെങ്കിൽ ജീവിതത്തിലെ ഉയർന്ന ലക്ഷ്യത്തിലെത്താം.

ജീവിതത്തിൽ അച്ചടക്കം വേണം. മാനസികവും ബുദ്ധിപരവും സാത്വികവുമായ വിഷയങ്ങളിൽ ഭേദഭാവം ഉപയോഗിക്കണം. നന്മതിന്മകളെയും ആവശ്യാനാവശ്യങ്ങളേയും തിരിച്ചറിയാൻ പഠിക്കണം.

വ്യക്തി സ്വപ്രവർത്തനങ്ങൾ നിരീക്ഷിക്കണം. അനാവശ്യകാര്യങ്ങളൊന്നും ചെയ്യരുത്. ശരീരത്തിനാവശ്യമുള്ളതിനേക്കാൾ കൂടുതൽ ഭക്ഷിക്കരുത്. ആവശ്യമില്ലാത്തതു തൊടരുത്. ഇന്ദ്രിയങ്ങളെല്ലാം ദുരുപയോഗപ്പെടുത്താതെ കാത്തുസൂക്ഷിക്കണം. വ്യക്തിജീവിതത്തിൽ പ്രവർത്തിയും മനസ്സും ശുദ്ധമാക്കണം.

ചോദ്യം: ആധുനികശാസ്ത്രത്തെപറ്റി അങ്ങയുടെ കാഴ്ചപ്പാടെന്താണ്? ചിലർ പറയുന്നത് അത് മതത്തെ നശിപ്പിച്ചു എന്നാണ്. മതത്തെ ഉത്തേജിപ്പിക്കണമെന്ന് അങ്ങ് വിശ്വസിക്കുന്നുവോ?

ശി.ബാ: ശാസ്ത്രവും മതവും തമ്മിൽ സ്പർദ്ധയുണ്ടാകരുത്. അവ പരസ്പരപൂരകങ്ങളാണ്. ശാസ്ത്രം മതത്തെ ശത്രുവായി കരുതുന്നത് ശരിയല്ല. പരിശുദ്ധജീവിതത്തിൻെറ പരിശീലനം ഒരുതരം ശാസ്ത്രമാണ്. ശാസ്ത്രം സമൂഹത്തിനും വ്യക്തിക്കും എന്തെങ്കിലും സുഖം നല്കുന്നുവെങ്കിൽ അതിൽ വിരോധമില്ല. എന്നാൽ ദൈവികനിയമങ്ങളുടെ അതിരുകടക്കാൻ ശ്രമിക്കരുത്. സാമൂഹ്യ ഏകത വിറ്റുള്ള ഭൗതിക സമ്പാദ്യത്തിനതിനെ ഉപയോഗിക്കയുമരുത്.

എല്ലാ മതങ്ങളും സിദ്ധാന്തങ്ങളിലും വാദങ്ങളിലും അന്ധവിശ്വാസങ്ങളിലും അനാവശ്യപരിശീലനത്തിലും ഒതുങ്ങിനില്ക്കുന്നു. ചിലപ്പോൾ സുഖജീവിതത്തിൻെറ അന്തരീക്ഷം സൃഷ്ടിക്കാമെങ്കിലും മതത്തിന് ദൈവനിശ്ചയം പൂർത്തീകരിക്കാനോ ദൈവമാർഗത്തിലെത്തിക്കാനോ കഴിയില്ല.

പരിശുദ്ധജീവിതവും ധ്യാനവും ചേർന്നാൽ മാത്രമേ ബോധത്തിലെത്താൻ കഴിയുള്ളൂ. ഈ മാർഗം മതത്തേയോ ജാതിയേയോ പ്രമാണത്തേയോ സിദ്ധാന്തത്തേയോ അംഗീകരിക്കുന്നില്ല. ഇതിനെ സ്വധർമമെന്നു പറയുന്നു. ചില ഹിന്ദു ശാസ്ത്രകാരന്മാർ സ്വധർമത്തെ

വർണാശ്രമമായോ ജാതിസിദ്ധാന്തമായോ വ്യാഖാനിക്കുന്നു. സ്വധർമമെന്നാൽ സ്വന്തം കർത്തവ്യപാലനം എന്നുമാത്രമേ അർഥമുള്ളൂ. സ്വധർമത്തിൻെറ പ്രവർത്തനം മൂന്നുമടങ്ങായ കർത്തവ്യപാലനവും ധ്യാനവുമാണ്.

ചോദ്യം: പരിശുദ്ധജീവിതത്തിൽ യോഗവൃത്തിൻെറ സ്ഥാനമേത്?

ശി.ബാ.: സത്യാന്വേഷണത്തിന് യോഗവ്യങ്ങൾ ആവശ്യമില്ല. പരിശുദ്ധജീവിതവും ധ്യാനവും ബോധത്തിലേയ്ക്കു വഴിതെളിയിക്കും. എഞ്ചിനീയറിങ്ങിൻെറയും മരുന്നുകളുടേയും അറിവ് മനുഷ്യന് ശക്തി തരുന്നതുപോലെ യോഗവ്യങ്ങൾ ചില ശക്തി തരുന്നു. അതിൽനിന്ന് ലഭിക്കുന്ന ശക്തിയുടെ ഉപയോഗം പാപമാണ്. അത് കൂടുതൽ വ്യാമോഹം പരത്തുന്നു.

ഈ ഉത്തരത്തിലേയ്ക്ക് വായനക്കാരുടെ ശ്രദ്ധ തിരിക്കാൻ ഞാൻ ഇവിടെയൊന്നു നിർത്തുന്നു. ആത്മീയവളർച്ചയാൽ സിദ്ധിക്കുന്ന വിവിധ ശക്തികളുടെ ഗുണത്തെപറ്റി ഞാൻ സന്യാസിയോടു സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: “ശക്തികൾ, സിദ്ധികൾ വരും. അവ സ്വാഭാവികമാണ്. എന്നാൽ അവയെ തേടരുത്. അവ ലഭിച്ചാൽ പരിശുദ്ധജീവിതത്തിനൊഴികെ, ശക്തിയാർജ്ജിക്കാനോ മറ്റേതെങ്കിലും ഉദ്ദേശത്തിനോ ഉപയോഗിക്കരുത്.”

മറ്റൊരാളുടെ മനോവികാരം അറിയുന്നതിനെപറ്റി സംസാരിക്കുകയായിരുന്നു. ദൈവബോധം ലഭിച്ച ഒരാൾ വിചാരിച്ചാൽ മറ്റൊരാളുടെ മനസ്സും ആത്മാവിൻെറ സ്ഥിതിയും അറിയാമെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: “ഉവ്വ്. അവനു കഴിയും. എന്നാൽ ഈ ശക്തി ഉപയോഗിക്കുന്നത് പാപമാണ്. ഒരാൾക്കും മറ്റൊരാളുടെ മനസ്സിലേയ്ക്കുനോക്കാനുള്ള അധികാരമില്ല.” എല്ലാ ഋഷിവര്യന്മാരും പറഞ്ഞതിനോടു യോജിക്കുന്ന ഈ ഉപദേശം കുറച്ചു കാലമായി എല്ലാവരും മറന്നിരിക്കുകയാണ്.

ശിവപുരിബാബ ജീവിച്ചിരിപ്പുണ്ടോ എന്നും കാണാൻ കഴിയുമോ എന്നും അറിയാൻ എന്നേക്കാൾ മുമ്പു കാഠ്മണ്ഡുവിൽ പോയ എൻെറ ഉത്തമ സ്നേഹിതൻ താർസി വിറ്റാച്ചിയോടുള്ള കടപ്പാട് ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. ബോംബെയിലെ പേരുകേട്ട പത്രാധിപരായ ബോമൻ ബഹറാമിൻെറ കൂടെ സ്വന്തം നിലയിലും പോയിരുന്നു. മറ്റു സംഭാഷണങ്ങളിൽ ഉൾക്കൊള്ളാത്ത അദ്ദേഹത്തിൻെറ കുറിപ്പുകൾ ഞാനിവിടെ പകർത്താം.

ശി.ബാ: വകതിരിവുള്ള ജീവിതം മനുഷ്യൻെറ വളർച്ചയ്ക്കത്യാവശ്യമാണ്. നാം എത്ര പ്രവർത്തിക്കണം, എത്ര ഉണ്ണണം, കുടിക്കണം എന്നെല്ലാം പരിപാടിയിടുമ്പോൾ യഥാർഥ ജീവിതം ആരംഭിക്കുന്നു. നാം വ്യക്തമായി ചിന്തിക്കാൻ തുടങ്ങുന്നു. കാരണം നമ്മുടെ മനസ്സ്

ശാന്തവും ഏകാഗ്രവുമാണ്. നാം തെറ്റിനെ ശരിയിൽ നിന്നു വേർപെടുത്താൻ തുടങ്ങുന്നതിനാൽ പ്രശ്നങ്ങൾ കുറയുന്നു. ഒരു പ്രശ്നം ഉത്ഭവിക്കുന്നത് മനസ്സ് അനുഭൂതിയോടു ചേരുമ്പോഴാണ്. നാം മനസ്സിനെ അനുഭൂതിയോടല്ലാതെ യുക്തിയോടു ചേർക്കണം. മനസ്സ് എല്ലായ്പ്പോഴും സന്തോഷത്തെ, അത് യുക്തിയല്ലെങ്കിൽകൂടി, പിന്തുടരും. അസുഖത്തെ, അത് വ്യക്തവും കൂടുതൽ യുക്തവുമാണെങ്കിലും കൈവിടും. സുഖാസുഖങ്ങളും ഇഷ്ടാനിഷ്ടങ്ങളും മനോവ്യാപാരമാകരുത്.

നമുക്കൊരു രാജ്യത്ത് ജീവിക്കണം. അതിന് അവിടത്തെ നിയമം അനുസരിക്കണം. അല്ലെങ്കിൽ വിഷമമാകും. നമുക്ക് ഈ മനസ്സിലും ശരീരത്തിലും ജീവിക്കണം. അപ്പോൾ മനസ്സിൻെറയും ശരീരത്തിൻെറയും നിയമങ്ങൾ അനുസരിക്കണം. താർസി വിറ്റാച്ചി(ടി.വി.): കഴിവിൻെറ എന്തനുപാതത്തിൽ എത്ര ത്യജിക്കണം?

ശി.ബാ: ഉദാഹരണത്തിന് ഭക്ഷണത്തിൻെറ കാര്യമെടുക്കുക. ദേഹത്തിനാവശ്യമായതുമാത്രം കഴിക്കുമെന്നത് ത്യാഗമാണ്. കഴിയുന്നിടത്തോളം കഴിക്കുക എന്നത് കഴിവാണ്. സിദ്ധാന്തങ്ങൾ കഴിവല്ല, ത്യാഗമാണ്. അവ ശക്തി നല്കുന്നു. ഒരു പക്ഷിക്ക് ശക്തി വായുവിൽനിന്നു ലഭിക്കുന്നു. ഒരു രാജാവിന് പട്ടാളത്തിൽ നിന്ന്. മനുഷ്യന് അച്ചടക്കബോധത്തിൽ നിന്ന് സിദ്ധാന്തങ്ങൾ മനുഷ്യജീവിതത്തിന് ഒരാകൃതിയും പരിപാടിയും നല്കുന്നു. അയാൾ അതാരംഭിക്കുമ്പോൾ തന്നെ പല പ്രശ്നങ്ങളും കുറയും.

സർക്കാർ ഉദ്ദോഗസ്ഥന് കർമം ചെയ്യേണ്ടതുണ്ട്. അതിന് അയാൾക്ക് ശമ്പളം ലഭിക്കുന്നു. എന്നാൽ അയാൾ കൈക്കൂലി വാങ്ങുകയും സ്വയം നശിക്കുകയും ചെയ്യുന്നു. നിങ്ങൾ വിവേകം കൈവിടുമ്പോൾ, നിങ്ങൾ ആദരിക്കുന്നു എന്നു പറയുന്ന നിയമം ധിക്കരിക്കുമ്പോൾ, അത് കോഴ വാങ്ങുന്ന പോലെയാണ്. അതിരിക്ത ആഹ്ലാദത്തിനുവേണ്ടി ജീവിതസാദ്ധ്യതകൾ നിങ്ങൾ നഷ്ടപ്പെടുത്തുന്നു. സർക്കാർ ഉദ്യോഗസ്ഥൻ വേതനത്തിനുള്ളിൽ ജീവിക്കാൻ പഠിക്കണം. അവനു വേണ്ടതെല്ലാം ആ പരിധിക്കുള്ളിലാകണം. മനുഷ്യജീവിതം ഒരു സിദ്ധാന്തത്തിനുള്ളിൽ ആകണം. അവനു കിട്ടുന്ന സുഖമെല്ലാം ആ പരിധിക്കുള്ളിൽ നിന്നാകണം. സിദ്ധാന്തമില്ലാത്ത ഒരാൾ രാജാവായാലും യോഗിയായാലും അയാളൊരു മനുഷ്യമൃഗം മാത്രമാണ്.

ടി.വി: ശിശുവിനെ വളർത്തേണ്ടതെങ്ങനെ?

ശി,ബാ.: പ്രവർത്തനക്ഷമതയിൽ, ചുമതലാബോധത്തിൽ, ജീവിതോദ്ദേശം സത്യം, ദൈവം എന്ന മൂന്നിലും പരിശീലനം നല്കണം. കാര്യക്ഷമത വളരെ അത്യാവശ്യമാണ്. ഒരു കപ്പ് ചായയുണ്ടാക്കാൻ

പോലും പരിശീലനം വഴി പൂർണ്ണതനേടണം. കടമ പഠിക്കുകതന്നെ വേണം. കാരണം അതു കർമബുദ്ധിയിലേക്കു നയിക്കുന്നു.

ശി.ബാ: ആത്മീയബോധം, ദൈവത്തേയും സത്യത്തേയും ക ണ്ടെത്താനുള്ള ഒരാളുടെ കർത്തവ്യമായതിനാൽ, അങ്ങേയറ്റം ആവശ്യ മാണ്. കുട്ടികൾക്കെന്നും കർമങ്ങൾ നല്കണം. ദിനചര്യയിലൂടെ അവരുടെ ജീവിതം സരളമാകുന്നു.

ടി.വി: എങ്ങനെ?

ശി.ബാ: നിങ്ങളുടെ ജോലി സരളമാക്കിയിട്ട്. അവർ നിങ്ങളുടെ ജോലിയും ചെയ്യുമെന്നതിനാൽ നിങ്ങളുടേയും അവരുടേയും ജീവിത വൈവിദ്ധ്യങ്ങൾ കുറയുന്നു. അവർ നിങ്ങളുടെ ജീവിതം പകർത്തി യേക്കാം. അത് വെറും പകർത്തലിനേക്കാൾ കൂടുതലാണ്. എന്നാൽ ആരംഭത്തിൽ ഈ പകർത്തൽ മാത്രം മതി.

ടി.വി: നമ്മുടെ ദിനചര്യ എങ്ങിനെ ഒരുക്കാം?

ശി.ബാ: ദിവസേന കുറച്ചുനേരം നാമെന്തിനു ജീവിക്കുന്നു എന്നോർത്തിരിക്കുക. നാം എവിടെനിന്നു വന്നു? എങ്ങോട്ടു പോകും? ഈ ചിന്തയുണ്ടെങ്കിൽ ജീവിതം ഒരു പുസ്തകം വായിക്കുന്നപോലെ രസകരമാകും. അപ്പോൾ മറ്റു വിചാരങ്ങൾ ദുർബലമാകും. മറ്റൊരു പമ കേൾക്കൂ: തിളങ്ങുന്നതും മിന്നുന്നതുമായ ഛായകളുടെ പിന്നിലുള്ള സിനിമയുടെ വെള്ളശീലയിലേയ്ക്കു നോക്കുക. പ്രവർത്തനങ്ങൾ കഴിയുന്നതും കുറച്ച് കർത്തവ്യങ്ങൾ ചെയ്യുക.

ടി.വി: ഭക്ഷണത്തെപറ്റി അങ്ങേയ്ക്കുപദേശിക്കാനുണ്ടോ?

ശി.ബാ: അരവയറുണ്ട്. കാൽ വയർ വെള്ളം കുടിച്ച്, കാൽവയർ ഒഴിച്ചിടുക.

ടി.വി: സുഖദുഃഖങ്ങളോട് നമ്മുടെ പ്രതികരണം എന്താകണം?

ശി.ബാ: സന്തോഷത്തിൻെറ പിന്നാലെയലയാൻ നമ്മളെ പഠി പ്പിച്ചതുകൊണ്ട് ഈ വിഷമങ്ങളെല്ലാം ഉദിക്കുന്നു. ഇത് അബദ്ധമാണ്. മായയാണ്. ശീതകാലവും ചൂടുകാലവും വരും. നാം രണ്ടിലും ജീവി ക്കുന്നു. സുഖവും ദുഃഖവും അതുപോലെയാണ്. ജീവിതം ഒന്നന്വേ ഷിച്ചും മറ്റതിൽ നിന്നൊഴിഞ്ഞുമാറിയും കഴിക്കരുത്. ഒരുവൻെറ കർത്തവ്യങ്ങൾക്കനുസരിച്ചു ജീവിക്കണം.

ടി.വി: എന്നാൽ ദൈവം നമുക്ക് ധാരാളം സുഖഭോഗവസ്തുക്കൾ ഉപയോഗത്തിനു തന്നിട്ടില്ലേ?

ശി.ബാ: അവ നമ്മെ ഭൂമിയോടു ബന്ധപ്പെട്ടു നിർത്താൻ തന്നതാ ണ്. സാമാന്യജനങ്ങൾ ഭൂമിയുമായി ചേർന്നുനില്ക്കാനാഗ്രഹിക്കുന്നു. ചിലർ ഈ ഇരുൾ തുളച്ചു കടക്കാനാഗ്രഹിക്കുന്നു.

ടി.വി: ഈ ഭൂമി നമ്മുടെ യഥാർഥ വീടല്ലേ?

ശി.ബാ: നമ്മുടെ ഉത്ഭവസ്ഥാനം ആകാശത്തിൽ വളരെ ദൂരെയാണ്. നാം കർമങ്ങൾ തുടർന്നാൽ വന്ന സ്ഥലത്തേയ്ക്കു തന്നെ മടങ്ങാം.

ടി.വി: നമ്മൾ പറയുന്ന 'ജീവിതത്തിലെ നല്ല വസ്തുക്കൾ' തന്നത് നമ്മെ അടിമപ്പെടുത്താനാണെന്ന് ബാബാജി പറയുന്നു. ദൈവം നമ്മളെ എന്തിന് കുടുക്കണം?

ശി.ബാ: അതിന്റെ ഉത്തരത്തിനു സാദ്ധ്യതയില്ല. ഒരാൾ കർത്തവ്യം പാലിച്ചു ജീവിക്കുമ്പോൾ, ഉത്തരം വ്യക്തമാകും. ഇതിനെപറ്റി കർമത്തിന്റെ അടിസ്ഥാനത്തിൽ ചിലതു പറയുവാൻ കഴിയും. എന്നാൽ അത് സത്യമല്ല. അത് സത്യവശം മാത്രമാണ്.

ടി.വി: ബോധോദയത്തെപറ്റി ബാബാജി പറഞ്ഞത് അത് സാമാന്യവിധിയിൽ ലഭ്യമാകുന്നതിനേക്കാൾ സരളമാണെന്നല്ലേ?

ശി.ബാ: അതെ. അത് സാമാന്യവിധിയിൽ ലബ്ധമാകുന്നതിനേക്കാൾ സരളമാണ്. യേശുക്രിസ്തുവും ശ്രീബുദ്ധനും മുഹമ്മദും മറ്റുള്ളവരും അവർക്കു മാത്രം തുടരാൻ കഴിയുന്ന മതസിദ്ധാന്തങ്ങൾ നമ്മളോടു പിന്തുടരാൻ പറയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ചിലർക്കതിനെ അതിനേക്കാൾ വിഷമമാക്കുന്നതാണാദായകരമെന്ന് നിങ്ങൾ കാണുന്നില്ലേ? നിങ്ങളുടെ ശേഷജീവിതത്തിൽ ബോധോദയമുണ്ടായി എന്നുവരാം. ഇന്നലെ സാരമില്ല. ഇന്നലെയെ മറക്കുക. ഇന്നു തുടങ്ങുക. ഇപ്പോൾ. അതുമാത്രമാണു വഴി. ഈ ലോകം ദുഃഖപൂരിതമാണ്. ദുഃഖം പിന്തുടരുന്ന സുഖമെന്തിനാണ്? ഇത് ആപൽക്കരമായ ലോകമാണ്. നമുക്കു ശേഷിച്ച സമയത്ത് സത്യം കാണാം.

ടി.വി: സമയബന്ധിതമായി ലോകം വളരുകയും നശിക്കുകയും ചെയ്യുന്നുണ്ടോ? ജനങ്ങൾ സംസ്കൃതിയടക്കം എന്തിനു നശിപ്പിക്കുകയും വീണ്ടും പണിയുകയും ചെയ്യുന്നു?

ശി.ബാ: നാം ഉണ്ടാക്കുന്നതെല്ലാം നിഷ്ക്രിയമാകും. വീണ്ടും പണിയും. ഇത് സമയബന്ധിതനിയമമാണ്. ഓരോ നൂറ് കൊല്ലത്തിലും ഒരു മാറ്റം. സംഭവിക്കുന്നു. ഓരോ ആയിരം കൊല്ലത്തിലും ചില വലിയ മാറ്റം. ഓരോ രണ്ടായിരത്തിമുന്നൂറ് കൊല്ലത്തിൽ ഒരു യുഗാവസാനം. ഓരോ ആറായിരം കൊല്ലത്തിലും സംസ്കൃതിയുടെ ഒരു ഗംഭീര വിപത്ത്. ഓരോ പന്തീരായിരം കൊല്ലത്തിലും ഒരു പൂർണ മാറ്റം. നാമിപ്പോൾ ആറായിരം കൊല്ലത്തിന്റെ അവസാന ഘട്ടത്തിലാണ്.

ടി.വി: താങ്കൾ ദീർഘദൃഷ്ടിയിൽ കാണുന്ന നാശം പ്രാദേശികമാണോ?

ശി.ബാ: അല്ല. അതു സാർവത്രികമാകും. പട്ടണങ്ങളിലും ഗ്രാമങ്ങളിലും. ഈ ലോകത്തെ മുന്നോട്ടു നയിക്കാൻ ഭൗതികജീവി

ത്തിന്റെ ഫലം അറിഞ്ഞവരും കണ്ടവരുമായ ചിലരടക്കം ചിലതു അവശേഷിക്കും.

ടി.വി: അതിനെങ്ങനെ ഒരാൾ തയ്യാറാകണം? രക്ഷപ്പെടുകയല്ല തയ്യാറാവുക.

ശി.ബാ: ഒരു വഴി മാത്രമുണ്ട്. ഇപ്പോൾ നിങ്ങളുടെ കർമം ചെയ്യാൻ തുടങ്ങുക. ഒരുവന്റെ ജീവിതാർഥത്തെപറ്റി ധ്യാനിക്കുക.

ടി.വി: അപകടം "തെറ്റുപോലെ" പൊട്ടിത്തെറിക്കുമെന്ന് പാക്ക് സുബുഹ് (Pak Subuh) പറഞ്ഞിട്ടുണ്ട്.

ശി.ബാ: അതെ. അതു ഒരു തെറ്റുപോലെതോന്നും. പ്രത്യക്ഷപ്പെടും.

ടി.വി: പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനമെന്താണ്?

ശി.ബാ: ഈ സൗരമണ്ഡലത്തിൽ മനുഷ്യജീവിതം ഈ ഭൂമിയിൽ മാത്രമാണ്. എന്നാൽ മറ്റു സൗരമണ്ഡലഗ്രഹങ്ങളിലും ഇതുപോലെ ചിലതുണ്ട്. ചൊവ്വയിലെ സൃഷ്ടികൾ നമ്മുടേതിൽ നിന്ന് ഭിന്നരുപമാണ്. 'ബോധി'യോടുകൂടിയൊരു ജീവാത്മാവിന് ആകാശത്തിനുമപ്പുറമുള്ള മൂലസ്ഥാനത്തെത്താം. മറ്റുള്ളവർക്ക് മറ്റു ഗൃഹങ്ങളിലേയ്ക്കോ-സ്വർഗമോ നരകമോ-ഭൂമിയിലേയ്ക്കുതന്നെയോ മടങ്ങാം- 'പുണ്യഫലം.'

ടി.വി.യും ബിബിയും അപ്പോൾ സുബുദിനേയും മഹാജീവശക്തിയേയുംപറ്റി ചോദിച്ചു. ഹിന്ദുമതത്തിൽ അതിനെ 'ശക്തി' എന്ന് പറയുന്നുവെന്നദ്ദേഹം പറഞ്ഞു.

ബി.ബി: ശക്തിധ്യാനത്താലും ആത്മീയതയാലും ലഭിക്കുന്നതാണോ?

ശി.ബാ: ശക്തി നമ്മുടെ സ്വന്തം ബലമാണ്. നാം അതിന്റെ നിയന്ത്രകരാണ്.

ബി.ബി: ഞാനാണ്? ഞാനെന്താണ്?

ശി.ബാ.- 'ഞാൻ' ആ 'ഞാൻ'. ശക്തിയുടെ മേധാവിയാകണം.

ടി.വി: എന്നിലും ചുറ്റിലും ഉള്ളിലും സംഭവിക്കുന്ന വിവിധ വസ്തുതകളെ ബോധപ്പെടുത്തുന്നതും എന്നിൽ തന്നെ ഉള്ളതുമായ ഒരു ശക്തിയുടെ അനുഭവം സുബുദുലാത്തിഹാനിൽ ഞാൻ അനുഭവിച്ചിട്ടുണ്ട്. ഞാൻ നീങ്ങുന്നു, പറയുന്നു, പാടുന്നു, ചിരിക്കുന്നു, കരയുന്നു. എന്നാൽ ഞാൻ ഈ പ്രവർത്തനങ്ങളിൽ ബോധവാനും ഇഷ്ടമുള്ളപ്പോൾ അവയെല്ലാം നിർത്താൻ കഴിയുന്നവനുമാണ്.

ശി.ബാ: അതുകൊണ്ട് 'ഞാൻ' ആത്മാവാണ്. ഞാൻ ശക്തിയുടെ നിയന്ത്രകനാണ്. ലാത്തിഹാനിൽ നിങ്ങൾ ഈ ശക്തിയുടെ അനുഭവിച്ചു, അല്ലേ?

ടി.വി: അതെ.

ശി.ബാ: അതു തെറ്റാണ്. ലക്ഷ്യം അതല്ല. അതു നൽകുന്ന സുഖം, അതു നൽകുന്ന മോക്ഷാനുഭവം ഉദ്ദേശമല്ല. ഉദ്ദേശം സത്യം കണ്ടെത്തുകയാണ്. നിങ്ങൾക്കു കിട്ടിയ ഈ ശക്തി സത്യം കണ്ടെത്താൻ സഹായിക്കാനാണ്.

ഈ ശക്തി ദൈവമല്ല. അത് സൃഷ്ടിക്കപ്പെട്ടു. അതിനാൽ സൃഷ്ടികർത്താവല്ല. ഒരുദാഹരണം പറയാം. സേവനം ചെയ്യാൻ രാജാവ് നിങ്ങൾക്കു പണം തരുന്നു. അദ്ദേഹത്തിൻെറ പ്രതിച്ഛായ പണത്തിലും ബലത്തിലും ആണ്. എന്നാൽ അത് രാജാവല്ല. അത് അദ്ദേഹം സൃഷ്ടിച്ചതാണ്.

ഈ സുബുദിൻെറ ലാറ്റിഹാൻ നിങ്ങൾക്ക് നല്ലൊരു പരിശീലനമാണ്. അതു മനസ്സിനെ ശാന്തമാക്കുകയും സ്വന്തം കർത്തവ്യങ്ങളാകുന്ന പരമസിദ്ധാന്തം പിന്തുടരാനുള്ളത്ര ബലം തരികയും ചെയ്യുന്നു. ഒരു ബുദ്ധമത വിശ്വാസിക്ക്, സ്വഭാവവളർച്ചയ്ക്കായി അഞ്ചു ശിലകളും ദേഹനിയന്ത്രണത്തിനു എട്ടു പഥങ്ങളും പരമസത്യത്തിലേയ്ക്കു തുളച്ചു കയറാൻ ധ്യാനവും ഉണ്ട്. സുബുദ് നിങ്ങളെ പാവനാത്മാവിലേയ്ക്ക് വളരെ ദൂരം എത്തിക്കുകയും അതുകൊണ്ട് സത്യം കാണാൻ നിങ്ങളെ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ അദ്ധ്യാദേശങ്ങളും ധ്യാനവുമാകുന്ന മുഖ്യസിദ്ധാന്തം മറക്കരുത്. സുബുദിൻ ലാറ്റിഹാനോടൊപ്പം കൈകോർത്തു പോകണം.

സുബുദിൻ ലാറ്റിഹാൻ വഴി നിങ്ങൾ സൗഖ്യം അനുഭവിച്ചു. അതിൽ വസിക്കരുത്. അത് ഉദ്ദേശമല്ല. അതു നിങ്ങളുടെ വളർച്ചയേയും അറിയാനുള്ള കഴിവിനേയും തടയുന്നു. ലാറ്റിഹാനിൽ ഈ സുഖം നിങ്ങൾക്കു ലഭ്യമല്ലെന്നു വിചാരിക്കുക. ചില അനുഭൂതികൾ ഉണ്ടായില്ലെന്ന് നിങ്ങൾക്കു തോന്നുകയില്ലേ? ഈ തോന്നൽ ആ സുഖത്തേക്കാൾ കൂടുതൽ അർഥവത്താണ്. ഒരു കുട്ടി മരിക്കുമ്പോൾ അമ്മയെ മറ്റു സുഖങ്ങളിലേയ്ക്ക് വഴിതിരിച്ചുവിടാനോ സമാശ്വസിപ്പിക്കാനോ, കഴിയുകയില്ല. നമ്മൾ ഈ അമ്മയെപ്പോലെയാകും. കാരണം, നാം ഇതേവരെ 'ബോധി' കൈവരിച്ചിട്ടില്ല.

ബി.ബി: സത്യം കാണാൻ സന്യാസിമാരെപ്പോലെ സർവത്യാഗം വേണോ?

ശി.ബാ: വേണ്ട. സന്യാസിമാർ പൂർണവിപ്ലവത്തിലാണ്. ഗൃഹസ്ഥന്മാർ പൂർണ അടിമത്തത്തിലാണ്. രണ്ടും ദുഷ്വൃത്തിയാണ്. എന്തിന് എന്തിന് ജീവിതം ത്യജിക്കണം? ജീവിതം സ്വീകരിക്കുക. എന്തിന് ജീവിതം വെടിയണം? ജീവിക്കുക. എന്നാൽ കർത്തവ്യബോധത്തോടും ചുമതലാബോധത്തോടുംകൂടി ജീവിക്കേണ്ടതാവശ്യമാണ്.

ടി.വി: പരിശുദ്ധജീവിതം എങ്ങനെ ആരംഭിക്കാം?

ശി.ബാ: നിങ്ങളുടെ പുസ്തകത്തിലേയ്ക്കു മടങ്ങുക അതെന്താണെന്ന് ചിന്തിക്കണ്ട. നിങ്ങളൊരു ബുദ്ധിസ്റ്റാണ്. ഉപദേശം വായിക്കുക. അത് ബുദ്ധമതത്തിൻെറ സത്ത് ഉൾക്കൊള്ളുന്നു.

ഈ സംഭാഷണം ധൈര്യത്തോടെ പ്രശ്നമുന്നയിക്കുന്നതിലുള്ള ഗുണം വ്യക്തമാക്കുന്നു. ഇനി ഞാൻ പറയുന്നത് എന്തു ചോദിക്കണമെന്നറിയാത്ത ഒരു കൂട്ടം ഇംഗ്ലിഷ് മിത്രങ്ങളുടേതാണ്. ഈ ചോദ്യങ്ങളുമുത്തരങ്ങളും റെക്കോഡു ചെയ്യപ്പെട്ടതിനാൽ അദ്ദേഹത്തിൻെറ സ്വന്തം വാക്കും സംഭാഷണരീതിയും അറിയാമെന്ന മെച്ചമുണ്ട്.

ബെന്നറ്റ്: ഇംഗ്ലണ്ടിൽ നിന്ന് ഒരു സംഘം സ്നേഹിതന്മാർ അയച്ച ചോദ്യങ്ങൾ ഞാൻ താങ്കൾക്കു സമർപ്പിക്കട്ടെ. ആദ്യത്തേത് ഒരു വൃദ്ധമാന്യനിൽനിന്നാണ്. ധർമത്തെ അപേക്ഷിച്ച് കലയ്ക്കെന്തുമൂല്യമുണ്ട്? സുന്ദരചിത്രങ്ങളിലും പാട്ടുകളിലും നാം ദൈവത്തോടടുത്തു എന്നു തോന്നുന്നതിനു വിലയുണ്ടോ? അതിനു നമ്മുടെ ജീവിതത്തിൽ എന്തു സ്ഥാനമുണ്ട്?

ശി.ബാ: കലയും ഗാനവുംകൊണ്ട് ഒരുത്തൻ ദൈവത്തിലേക്കൊരിക്കലും ആകർഷിക്കപ്പെടുന്നില്ല. നമ്മൾ സൗന്ദര്യത്തിലേയ്ക്കു മാത്രം ആകർഷിക്കപ്പെടുന്നു. അതെ. ദൈവത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്നില്ല.

ബെന്നറ്റ്: കല ആത്മാവിനെ ഉയർത്തുന്നു. ഇതു ദൈവത്തിലേയ്ക്കല്ലേ?

ശി.ബാ: അല്ല. ദൈവത്തിലേയ്ക്കല്ല. അത് നിങ്ങൾക്കു ദൈവസൗന്ദര്യം മാത്രമേ നല്കുകയുള്ളു.

ബെന്നറ്റ്: എന്നാൽ സൗന്ദര്യം ദൈവദത്തമല്ലേ?

ശി.ബാ: (കൈയിലുണ്ടായിരുന്ന പിച്ചകപുവ് ഉയർത്തിപിടിച്ച്). ഇത് നിങ്ങൾ ദൂരെനിന്നു കാണുന്നു. ഇതു സുന്ദരം തന്നെ. എന്നാൽ വാസനിക്കാൻ കഴിയുമോ?

ബെന്നറ്റ്: ഇവിടെ നിന്നു കഴിയില്ല.

ശി.ബാ: കലയും ഗാനവും കൊണ്ട് ദൈവസൗന്ദര്യം നിങ്ങളറിയും. എന്നാൽ ദൈവത്തെ അറിയാൻ കഴിയില്ല.

ബെന്നറ്റ്: സൗന്ദര്യം ദൈവത്തിലേയ്ക്കു നമ്മെ എത്തിക്കില്ലേ?

ശി.ബാ: എന്നാൽ ദൈവം അതിലുമെത്രയോ ദൂരെയാണ്.

ബെന്നറ്റ്: ബാബാജി, ഒരു വീക്ഷണത്തിൽ ദൈവജ്ഞാനത്തിലെത്താൻ കല മനുഷ്യനുപയോഗപ്രദമല്ലെന്ന് നിങ്ങൾ പറയുന്നുവോ?

ശി.ബാ: വിലയില്ലെന്നു മാത്രമല്ല ഹാനികരം കൂടിയാണ്. മനസ്സ് അതിൻെറ എല്ലാ ഉപാധികളും കളയരുത്. അതെ! കൂടുതൽ സുന്ദരമെങ്കിൽ ദൈവത്തിൽനിന്നും കൂടുതൽ ദൂരെയാകും. വിരൂപവും സൗന്ദര്യവും രണ്ടും മനസ്സിൽ നിന്നു പോകണം.

എം.വി.എച്ച്: എന്നാൽ സ്ഫിൻക്സോ താജ്മഹലോ, എലഫൻറാ ഗുഹകളോ (മഹാത്രിമൂർത്തികളടക്കം) പോലെ മറ്റുള്ളവയേക്കാൾ അത്ര ഉയർന്ന ചില കലകളില്ലേ?

ശി.ബാ: എന്നാൽ നാമവയെ കാണുമ്പോൾ നിങ്ങൾ നിങ്ങളേയും ദൈവത്തേയും വിസ്മരിക്കുന്നു. അപ്പോൾ ആ സൗന്ദര്യം മാത്രം നിങ്ങളിൽ നിലനില്ക്കുന്നു. അത്യാവശ്യകാര്യങ്ങൾ മറക്കുന്നു. വ്യക്തിത്വം മറക്കുന്നു. ദൈവത്തെ മറക്കുന്നു. ആ സൗന്ദര്യം മാത്രം അപ്പോൾ നിങ്ങളിൽ നിലനില്ക്കുന്നു. ഇവിടുത്തെ ഗുണം എന്താണ്? ഞാൻ പറയാം. എല്ലാ ലൗകികദുഃഖങ്ങളും പോകുന്നു. ഇവിടെ വളരെ സുഖമാണ്. അതുമാത്രം. ലോകദുഃഖം അനുഭവപ്പെടുന്നില്ല.

ബെന്നറ്റ്: എന്നാൽ ചിലപ്പോഴതു മറിച്ചാണ്. ക്രിസ്ത്യൻ കലയിൽ വളരെ സാമാന്യമായ ചില കലകളും ലോകദുഃഖത്തിൻെറ വ്യക്തരൂപം നല്കുന്ന ഗ്രഗോറിയൻ സ്തുതികൾ എന്നപോലെ ചില ഗാനങ്ങളും ഉണ്ടല്ലോ. ഇവിടെ ദുഃഖം മറക്കുന്നില്ല.

ശി.ബാ: അല്ല. ഇതു സൗന്ദര്യം മാത്രമാണ്. യഥാർഥത്തിൽ ഒരു ബന്ധമുണ്ടാകാമെങ്കിലും അത് നമ്മുടെ മനസ്സിൽ നിലനില്ക്കുന്ന സൗന്ദര്യം മാത്രമാണ്.

ബെന്നറ്റ്: നിങ്ങൾ പറഞ്ഞത് ഞാൻ മനസ്സിലാക്കുന്നു. സൗന്ദര്യത്തെ, കാണപ്പെടുന്ന രൂപത്തിൽനിന്നും അതിനപ്പുറമുള്ള ദൈവത്തിൽ നിന്നും തിരിച്ചറിയേണ്ടത് അത്യാവശ്യമാണെന്ന് എനിക്കറിയാം. അതിനപ്പുറമുള്ളതിനെ ത്യജിക്കുന്ന രൂപത്തിൽ കുടുങ്ങരുത്.

ലൗകിക ദുഃഖങ്ങളും ആവശ്യങ്ങളും ഒരുവൻെറ സ്വന്തം മുക്തിയും തമ്മിലുള്ള ശരിയായ സമനില മനസ്സിലാക്കാനുള്ള വിഷമത്തെ പറ്റി മിസ്. ഡബ്ലിയു ഹേറിൻെറ മറ്റൊരു പ്രശ്നം എനിക്കുണ്ട്. അവർ ദൈവജ്ഞാനംപോലെ തന്നെ ലോകശുശ്രൂഷയും ആഗ്രഹിക്കുന്നു. നമ്മുടെ സമസൃഷ്ടിസ്നേഹമുണർത്തുന്ന പല കാര്യങ്ങളിലും ലോകം തപിക്കുകയാണ്. നാം എന്തു ചെയ്യണം?

ശി.ബാ: ആ കാര്യങ്ങൾ നില്ക്കട്ടെ. ആദ്യം ദൈവത്തെ സ്മരിക്കുക. ഒരുവൻ ദൈവത്തെ കാണുമ്പോൾ അവനീ കാര്യങ്ങൾ എടുക്കാം. ആദ്യം ദൈവലോകപ്രവേശത്തിനു ശ്രമിക്കുകയും അവിടേയ്ക്കു എല്ലാ കേന്ദ്രീകരിക്കാൻ കഴിയണമെന്നും ഓർക്കുക. ഇപ്പോൾ അവനെതന്നെ സഹായിക്കാൻ കഴിയില്ലെങ്കിൽ അന്യന് എന്തുസഹായം

ചെയ്യും? അതങ്ങനെയാണ്. എങ്കിലും നിങ്ങാം ചില സഹായങ്ങാം ചെയ്യാൻ ആഗ്രഹിക്കുന്നു എന്നു വിചാരിക്കുക. ഈ കർത്തവ്യങ്ങളിൽ ഒരു വഴിയുണ്ട്. ഒരുത്തൻെറ വീടിനോടും സമൂഹത്തോടുമുള്ള കർത്തവ്യത്തിൽ കഴിവനുസരിച്ചു ചെയ്യാം.

ബെന്നറ്റ്: ഒരുവൻ തൻെറ കർത്തവ്യകർമങ്ങാംക്കപ്പുറം പോകാൻ ശ്രമിക്കരുത്.

ശി.ബാ: മതി. നിങ്ങാം മനുഷ്യവർഗത്തിനാകെ നന്മ ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ വിജ്ഞാനവും ശക്തിയും ലഭ്യമാകുന്നതുവരെ ക്ഷമിക്കൂ.

ബെന്നറ്റ്: എൻെറ അടുത്ത ചോദ്യം അടുത്ത കാലത്ത് ഭർത്താവു നഷ്ടപ്പെട്ട വനിതയുടേതാണ്. അവർ പരസ്പരം വളരെ ഇണങ്ങിയവരായിരുന്നു. അയാളില്ലാതെ അവർ മരണാനുഭൂതിയിലാണ്. മരണാനന്തരം എന്തു സംഭവിക്കുമെന്നവാംക്കറിയുകയില്ല. അതറിയാതെ അവാംക്കു ശാന്തിയില്ല.

ശി.ബാ: മരണം ഉറക്കംപോലെയാണ്. നാം ഉണർന്നാൽ എന്തു സംഭവിക്കുമെന്ന് നമുക്കറിയുകയില്ല. ദൈവദർശനത്തിനുമുമ്പ് ഇതറിയാൻ സാദ്ധ്യമല്ല.

ബെന്നറ്റ്: എന്നാൽ ഒരുവന് മനഃശാന്തിയില്ലെങ്കിൽ ധ്യാനം സാദ്ധ്യമല്ലല്ലോ. ബാബാജി, താങ്കാം അത് ഞങ്ങളെ ബോധ്യപ്പെടുത്തിയിട്ടില്ലേ?

ശി.ബാ: മനഃശാന്തിയില്ല. കാരണം മൂല്യങ്ങാം ഇല്ല. മൂല്യലബ്ധിയുണ്ടായാൽ മനഃശാന്തി ലഭിക്കും.

ബെന്നറ്റ്: സാത്വികസിദ്ധാന്തത്തിൽനിന്ന് മനഃശുദ്ധിയും അതിൽനിന്ന് മൂല്യങ്ങളും അതിൽനിന്ന് മനഃശാന്തിയും മനഃശാന്തിയിൽനിന്ന് ധ്യാനശക്തിയും അതിൽ നിന്ന് ദൈവവിജ്ഞാനവും, ലഭിക്കുമെന്ന് നമുക്കപ്പോാം പറയാമോ? അപ്പോാം ഈ പ്രശ്നത്തിനെല്ലാം ഉത്തരമായി.

ശി.ബാ: അതങ്ങനെയാണ്.

ബെന്നറ്റ്: അടുത്തത് ഒരു ചെറുപ്പക്കാരൻെറതാണ്. അയാാം പറയുന്നു: "ഞാനീ മൂന്നു കർത്തവ്യങ്ങാം കേട്ടിട്ടുണ്ട്. അത് മനുഷ്യന് ഉത്തമമാണെന്ന് എനിക്കറിയാം. നിങ്ങാം സാത്വികസിദ്ധാന്തത്തിലേയ്ക്കു വരുമ്പോാം അത് ഇഷ്ടാനിഷ്ടങ്ങളിൽ നിന്നു മുക്തമാകണമെന്നു പറയുന്നു. എനിക്കു ചെയ്യാൻ കഴിയാത്തതിതുമാത്രമാണ്. ഞാൻ ചിലരുടെ അനിഷ്ടത്തിൽ നിന്നും മുക്തമാകാൻ ശ്രമിക്കുമ്പോാം ഒന്നും സംഭവിക്കുന്നില്ല. ഞാൻ ഇപ്പോഴും അവരെ വെറുക്കുന്നു. ഞാൻ മുക്തനല്ല. അതിൽ നിന്നും മുക്തനാകണമെന്നു എനിക്കറിയാം. എന്നാൽ എങ്ങനെ തുടങ്ങണമെന്നെനിക്കറിയില്ല. എനിക്കതെങ്ങനെ ശരിയാക്കാമെന്നു ശിവപുരിബാബ കാണിച്ചു തരുമോ?"

ശി.ബാ: ആദ്യമായി ഇഷ്ടാനിഷ്ടം മനുഷ്യന്റെ ഒരു കുറവാണെന്ന് നിങ്ങൾ കാണണം. അതു ഒരു കുറവാണെന്നും ന്യായീകരിക്കത്തക്കതല്ലെന്നും നിങ്ങൾക്കു ബോധം വരണം.

ബെന്നറ്റ്: അത് ഒരു വഴിമുടക്കിയാണെന്നും ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്ന നമ്മുടെ നീചസ്വഭാവത്തിൽ നിന്നും വരുന്നതാണെന്നും നാം മനസ്സിലാക്കണമെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? നമ്മൾ ഇഷ്ടാനിഷ്ടങ്ങൾക്ക് കീഴ്പ്പെട്ടിരിക്കുന്നിടത്തോളം കാലം നാം ലക്ഷ്യത്തിലൊരിക്കലുമെത്തുകയില്ല. നിങ്ങൾ പറയുന്നത് ഈ ബോധം കൊണ്ടുമാത്രമേ ഇഷ്ടാനിഷ്ടങ്ങൾ കുറയുകയുള്ളുവെന്നാണോ?

ശി.ബാ: അതെ. അയാൾക്കു ക്ഷമയും പരിശ്രമവും വേണം. അതു സാധിക്കും.

ബെന്നറ്റ്: അടുത്ത പ്രശ്നം ഭക്തിയെ പറ്റിയാണ്. ഭക്തി എങ്ങനെ നമുക്ക് സിദ്ധിക്കും? എവിടെനിന്നാണ് ഈ ഭക്തി വരുന്നത്?

ശി.ബാ: ഞാനുണ്ട്, നിങ്ങളുണ്ട്, ലോകമുണ്ട് എവിടെ നിന്നാണ് ഇവയെല്ലാം വരുന്നത്? ഈ സൃഷ്ടിയിൽ ഒരുത്തനു വിശ്വാസമുണ്ടാകണം. മറ്റുമാർഗമില്ല. ഈ സൃഷ്ടിയുണ്ട്. ഇതെന്താണ്? ഇതിനു പിന്നിൽ എന്തോ ഉണ്ടാകണം.

ബെന്നറ്റ്: അതു തന്നെ.

ബെന്നറ്റ്: 'നാമെന്തിനു സൃഷ്ടിക്കപ്പെട്ടു' എന്ന ചോദ്യം ചോദിക്കാമെങ്കിൽ അതിനൊരുത്തരമുണ്ടാകണം. അതിനാൽ ഞാൻ എന്തു കൊണ്ടു ജീവിക്കുന്നു എന്നതിനു എന്തോ കാരണമുണ്ടാകണം. ഞാൻ അതു വിശ്വസിച്ചാൽ-ഞാനതു വിശ്വസിച്ചില്ലെങ്കിൽ എനിക്ക് ആ ചോദ്യം തന്നെ ചോദിക്കാൻ കഴിയില്ല-അതിനൊരുത്തവസ്ഥാനമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു എനിക്കു ഭക്തി-വിശ്വാസം-യുണ്ട്. അതിനാൽ ഞാൻ അങ്ങയെ ശരിക്കും മനസ്സിലാക്കുന്നു.

ശി.ബാ: അതെ. (ഒരു പിച്ചകപൂവ് കൈയിൽ പിടിച്ച്) നാം കാണുന്ന ഈ വസ്തുവുണ്ട്. പിച്ചകപൂവ് ലോകത്തിലുണ്ടെന്ന് നമുക്ക് വിശ്വാസമുണ്ടാകണം. നമ്മൾ കാണുന്നു!. അപ്പോൾ നിങ്ങളുണ്ടെന്നു തെളിയിക്കാൻ എന്തു തെളിവ് തരാൻ കഴിയും? ഞാൻ നിങ്ങളെ കാണുന്നു എന്നതു തന്നെ തെളിവാണ്. മറ്റു തെളിവൊന്നും സാദ്ധ്യമല്ല. ഇതിനെല്ലാം ഒരു സൃഷ്ടികർത്താവുണ്ട്. അഥവാ നിങ്ങൾക്കിതു കാണാൻ കഴിയുന്നില്ലെങ്കിൽ 'ഇതിനപ്പുറം ഒരു സത്യമുണ്ട്' എന്ന് നിങ്ങൾ പറയണം. ഒരുത്തൻ അങ്ങനെ വിശ്വസിക്കണം.

ബെന്നറ്റ്: പ്രാർഥനയെപറ്റി ശ്രീമതി ഡി.എസ്. ചോദിക്കുന്നു. അവൾ ദിവസേന, ചിലപ്പോൾ അവൾക്കോ, ചിലപ്പോൾ മറ്റു ചില ദുഃഖിതർക്കുവേണ്ടിയോ പ്രാർഥിക്കുന്നു. ചിലപ്പോൾ അത്ഭുതകരമായ

സഹായം ലഭിക്കുകയും പ്രാർഥനകളെന്ന് അവരം വിശ്വസിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ഫലം ലഭിക്കില്ല.

അവർ പറയുന്നു: "നാം ആത്മാർഥമായ സഹായത്തിനു പ്രാർഥിക്കുമ്പോൾ ഒരു പക്ഷെ അഹങ്കാരമില്ലാത്ത മറ്റു ചിലർക്ക് ഫലം ലഭിക്കാതെ വേണ്ടത്ര ഭക്തിയില്ലാത്തതുകൊണ്ടാണോ? അതോ നമ്മുടെ പ്രാർഥന ദുഷ്പ്രദേശത്തായതിനാലാണോ? അതോ ലഭിച്ച സഹായം നാം കാണാത്തതിനാലാണോ?

ശി.ബാ: കാരണം ദുഷ്പ്രദേശത്തായതിനാലോ ദുഷ്ടനുവേണ്ടി ആയതിനാലോ ദുഷ്കൃത്യം കൊണ്ടോ ആകാം.

ബെന്നറ്റ്: ദുഷ്പരിതസ്ഥിതിയിൽ. അതെ. ഒന്നുകിൽ മനുഷ്യൻ തെറ്റാകാം. അല്ലെങ്കിൽ സംഭവം തെറ്റാകാം.

ബെന്നറ്റ്: ശ്രീമതി എ.ടി. ചോദിക്കുന്നത്, ഇന്നത്തെ ജനങ്ങൾ-പ്രത്യേകിച്ച് പാശ്ചാത്യർ-എങ്ങനെ തങ്ങളുടെ മനസ്സ് ദുർബ്ബലമായിട്ടുണ്ടെന്ന വിചാരങ്ങൾക്കധീനരാകുന്നു എന്നാണ്. താങ്കൾ പറയുന്ന ധ്യാനത്തിനാവശ്യമായ മനസ്സ് തീർച്ചയായും ഇല്ല മാനസിക പ്രവർത്തനങ്ങളിൽ അതു ക്ഷീണിച്ചിട്ടുണ്ട്. ഈ സ്ഥിതിയിലേയ്ക്കു നാം എങ്ങനെ വീണു?

ശി.ബാ: ഇതു മനുഷ്യൻെറ സ്വഭാവം കൊണ്ടാണ്. നിങ്ങൾക്ക് ധാരാളം ആഹാരം കഴിക്കുന്ന സ്വഭാവമുണ്ടെന്ന് വിചാരിക്കുക. ദിനം തനിയെ വരും. ആ സ്വഭാവം മാറ്റിയാൽ രോഗവും പോകും. കൂടുതൽ ആധ്യാനിച്ചാൽ അതൊരു സ്വഭാവമാകും. ജീവിതത്തെ കൂടുതൽ സ്നേഹിച്ചാൽ അതിന് മഹത്വം നല്കും. അതിനർഥം ബുദ്ധി മനസ്സിനെ വിട്ട് ജീവനെ സ്നേഹിക്കാൻ തുടങ്ങുമെന്നാണ്. ആ വഴിക്കാണ് ഇതു സംഭവിക്കുന്നത്.

ബെന്നറ്റ്: നമ്മൾ ബാഹ്യവൃത്തികൾക്കത്ര പ്രാധാന്യം നല്കാതിരിക്കുമ്പോൾ ചിന്തയിൽ അത്ര അതിശയോക്തി ഉണ്ടാവുകയില്ല.

ശി.ബാ: അതെ. കൂടുതൽ ആഗ്രഹങ്ങളുണ്ടെങ്കിൽ ജീവിതത്തിലേക്കുള്ള അനുപാതം കൂടുകയും സാത്വികതയിലേയ്ക്ക് കുറയുകയും ചെയ്യുന്നു. അപ്പോൾ മനസ്സിനു ദൈവത്തെ സ്മരിക്കാൻ കഴികയില്ല.

ബെന്നറ്റ്- ഇനി ശ്രീ. എച്.എസ്സിൻെറ അടുത്ത ചോദ്യത്തിലേയ്ക്കു കടക്കാം. അദ്ദേഹം എന്നിൽ നിന്നും നിങ്ങളുടെ മുന്നു സിദ്ധാന്തം കേൾക്കുകയും പരിശുദ്ധജീവിതപരിപാടിയുടെ സരളതയിലും ലക്ഷ്യത്തിലും വളരെ ആകർഷിക്കപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹം തുടരുന്നു: "ഇക്കാലത്തെ പാശ്ചാത്യജീവിതസ്ഥിതി നിങ്ങൾക്കറിയാം. വളരെ ജീവിതപ്രഭാവവും പ്രവർത്തനവുമുണ്ട്. എല്ലാവരും എപ്പോഴും തിരക്കിലാണ്. പാശ്ചാത്യർക്ക്, അവരുടെ ജീവി

തസ്ഥിതിയിൽ, നിങ്ങളുടെ സിദ്ധാന്തങ്ങൾ അനുസരിക്കാൻ കഴിയുന്ന ഏതെങ്കിലും മാർഗം ഉപദേശിക്കാനുണ്ടോ?

ശി.ബാ: ജീവിതസ്ഥിതികൾ എല്ലാവർക്കും ഏകദേശം ഒരുപോലെ തന്നെയാണ്. അദ്ദേഹം സിദ്ധാന്തങ്ങളിലേയ്ക്കു വരണം. അദ്ദേഹത്തിന് തന്റെ ബുദ്ധി കർമ്മങ്ങൾ ഒരുക്കാനും നിർവഹിക്കാനും കഴിയും. അദ്ദേഹം കൂടുതൽ സമയം ധ്യാനത്തിനു കണ്ടെത്തണം. അദ്ദേഹം മൂല്യങ്ങൾക്ക് സ്വയം അർപ്പിക്കണം. അത് മനസ്സിനെ വളർത്തും. ഈ സിദ്ധാന്തങ്ങൾ പാലിക്കുമ്പോൾ അദ്ദേഹത്തിന് കൂടുതൽ അവസരം കിട്ടും.

ബെന്നറ്റ്: എന്നാൽ മനഃശാന്തി ആവശ്യമാണ്. അവർക്കു കൂടുതൽ മനഃശാന്തി പട്ടണത്തേക്കാൾ ഗ്രാമങ്ങളിൽ ലഭിക്കും.

ശി.ബാ: എന്നാൽ സംഘർഷം കൂടിയുണ്ട്-ഗ്രാമത്തിൽപോലും.

ബെന്നറ്റ്: അപ്പോൾ വനത്തിലോ?

ശി.ബാ: ഓർക്കുക. മനസ്സ് എപ്പോഴും വിവിധ ചിന്തകൾ കൊണ്ട് നിറഞ്ഞതാണ്. തിരക്കാർന്ന ജീവിതത്തിൽ പോലും മനോവ്യാപാരം കുറയ്ക്കുക. അതോടെ സ്വതന്ത്രനാകും.

ബെന്നറ്റ്: ഇതിനർത്ഥം, മൂന്നു സിദ്ധാന്തങ്ങളുടെ നിർവഹണം, ജീവിതത്തിന്റെ എല്ലാ സ്ഥിതിയിലും എല്ലാ സ്വഭാവത്തിലുമുള്ളവർക്കൊക്കെ ഒരുപോലെയാണെന്നാണോ? ഉദാഹരണത്തിന് ഒരു കുടുംബത്തിൽ അച്ഛനമ്മമാരുടെ ഒരേ നിലയിൽ വളർത്തിയ, ഓരേ വിദ്യാഭ്യാസം കൊടുത്ത, രണ്ടു സഹോദരന്മാരുടെ ആത്മീയ ഗുണം വളരെ വ്യത്യസ്തമാകാം. രണ്ടു സഹോദരന്മാരും ഒരേ വഴി പിന്തുടരുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഒന്ന് ഒരുത്തനു ശരിയാകാം. മറ്റൊന്നു രണ്ടാമനും.

ശി.ബാ: അതെ. അതാണ് ലോകസ്വഭാവം.

ബെന്നറ്റ്: നമുക്ക് നമ്മുടെ തന്നെ സ്വഭാവം അറിയില്ലെങ്കിൽ എന്തുചെയ്യാൻ കഴിയും?

ശി.ബാ: അതെ. ഒരുവന്റെ സ്വഭാവം അവനറിയണം നിങ്ങൾ പഠിച്ചു മനസ്സിലാക്കി ആ സ്ഥിതി നന്നാക്കണം.

ബെന്നറ്റ്: സ്വഭാവത്തെപറ്റി ശ്രീമതി.എം.കെയിൽ നിന്ന് ഒരു ചോദ്യമുണ്ട്. അവർ പറയുന്നു: "നമ്മൾ ശിശുക്കളാകുമ്പോൾ സാത്വിക സിദ്ധാന്തങ്ങൾ വളർത്തിയില്ലെങ്കിൽ പിന്നീട് ധ്യാനത്തിനു വളരെ വിഷമമാകും.

ശി.ബാ: മാതാപിതാക്കൾക്ക് ആ ചുമതലയുണ്ട്. അവർ തങ്ങളുടെ കുട്ടികളെ ഭേദഭാവം പഠിപ്പിക്കണം. എന്നാൽ അവർ മൂന്നു സിദ്ധാന്തങ്ങളിലേയ്ക്ക് എളുപ്പത്തിൽ വരും.

ബെന്നറ്റ്: താങ്കൾ എൻെറ പത്നിയോട് ഇതു പറഞ്ഞിരുന്നു. എന്നാൽ ശൈശവത്തിൽ തന്നെ ഭേദം പഠിപ്പിച്ചില്ലെങ്കിൽ അതിനർഥം രക്ഷയില്ലെന്നാണോ?

ശി.ബാ: എന്നാലും സാദ്ധ്യമാണ്. ഇന്നു നിങ്ങളറിയുമ്പോൾ ഇന്നുമുതൽക്കേ പരിശീലിക്കുക. അതു സാദ്ധ്യമാണ്.

ബെന്നറ്റ്: ഒരിക്കലും ആശിച്ചപോലെ വൈകുകയില്ലേ? ഒരുത്തൻ ദൈവത്തെ ഓർക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരിക്കലും അത്ര അധികം വൈകുകയില്ലേ?

ശി.ബാ: അസാദ്ധ്യമായി വൈകുന്നില്ല.

ബെന്നറ്റ്: ഇപ്പോഴത്തെ ലോകസ്ഥിതിയിൽ എവിടേയും നിരാശയാണെന്നു പറയുന്ന രണ്ടു ചെറുപ്പക്കാരായ ശാസ്ത്രജ്ഞന്മാരിൽ നിന്നാണ് അടുത്തചോദ്യം. അവരുടെ ഭാവി എന്തായിരിക്കുമെന്ന് അവർക്കറിയില്ല. എന്തിനു വേണ്ടി അവർ തയ്യാറാകണം?

ശി.ബാ: ഇന്നേയ്ക്കു വേണ്ടി. അതു മാത്രം. ഇന്നേയ്ക്കുവേണ്ടി തയ്യാറാകുക.

ബെന്നറ്റ്: എന്നാൽ ഭാവി എന്താണ്? ചില ചെറുപ്പക്കാർ, ലോകം ജീവിക്കാൻ കഴിയാത്തത്ര താഴ്ന്ന നിലയിലേയ്ക്ക് പോകുന്നുവെങ്കിൽ എന്തെങ്കിലും തയ്യാറെടുപ്പു വേണോ എന്ന് ചോദിക്കുന്നു.

ശി.ബാ: ഭാവിയിൽ നമുക്കതുമായി ചേരാൻ കഴിയും. ഈ ലോകം ഇന്നും നാളെയും ഒരിക്കലും ഒരുപോലെയായിരിക്കുയില്ല. തികച്ചും വ്യത്യസ്തം. നിശ്ചല ലോകം ഇല്ല. ഓരോ മിനിറ്റിലും ഓരോ മാറ്റമുണ്ട്. ഇന്നു നിങ്ങളുടെ ദേഹം അതുപോലെയാണ്. ഒരു ഭാഗം അതിനു ഇതുപോലെ തയ്യാറാക്കുക. ദേഹത്തിനാവശ്യമായ അനുപാതം നാളെ മാറ്റേണ്ടതുണ്ട്. അപ്പോൾ നിങ്ങൾക്കു കാണാൻ കഴിയും.

ബെന്നറ്റ്: വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കാമെന്നു നിങ്ങൾ ഞങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ.

ശി.ബാ: അതങ്ങനെയാണ്. ഒരു വലിയ വിപ്ലവം ഉടനെ വരാനിരിക്കുന്നു. ഈ സംസ്കൃതിയുടെകാലം കഴിഞ്ഞുപോയി. അതിന് ഇനിയും ജനങ്ങൾക്കു സുഖം നല്കാനാവില്ല. ഇതു മാറ്റപ്പെടും.

എം.വി.എച്ച്: ഈ മാറ്റങ്ങൾക്ക് നമുക്കെങ്ങനെ ഒരുങ്ങാൻ കഴിയും? അഥവാ നമുക്കിന്നേയ്ക്കുമാത്രം ഒരുങ്ങിയാൽ മതിയോ?

ശി.ബാ: അത് നമ്മുടെ കഴിവിനതീതമാണ്. നമുക്കീമൂന്നു സിദ്ധാന്തം പാലിക്കാം. അതു സഹായിക്കും. കൂടുതൽ സഹായം നമുക്ക് ലഭ്യമല്ല.

ഇവിടെ സംഭാഷണം അവസാനിക്കുന്നു. ഉചിതമായ ഉത്തരം ലഭിച്ച ഒന്നോ രണ്ടോ വ്യക്തിഗതപ്രശ്നങ്ങളൊഴിച്ചാൽ ഇത് ആ സംഭാഷണം അങ്ങനെതന്നെ പകർത്തിയതാണ്.

ഞങ്ങാം അവസാനമായി അദ്ദേഹത്തെ കണ്ടപ്പോം ഞാൻ അദ്ദേഹത്തേയും അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങളേയുംകുറിച്ചു നടത്തിയ പ്രഭാഷണങ്ങാം വളരെ താല്പര്യം ഉണർത്തിവിട്ടിട്ടുണ്ടെന്നും പലരും മൂന്നു സിദ്ധാന്തങ്ങളേയും അവ ജീവിതത്തിൽ പകർത്തേണ്ടതിനേയുംപറ്റി അറിയാൻ ആഗ്രഹിച്ചുവെന്നും അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം സന്തുഷ്ടനായപോലെ തോന്നി. അവരിൽ ആർക്കെങ്കിലും സംശയമോ വിഷമമോ ഉണ്ടെങ്കിൽ ഞാനദ്ദേഹത്തിനെഴുതിയാൽ മറുപടി എഴുതാമെന്നും പറഞ്ഞു.

സംഘടിതപ്രവർത്തനത്തിന് അദ്ദേഹം അനുമതി നല്കുമോ എന്നന്വേഷിക്കാൻ ഈ അവസരം ഞാനുപയോഗിച്ചു. കുറച്ചാംക്കാർ വരികയും ആവശ്യപ്പെടുകയും ചെയ്താൽ അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങാം പ്രചരിപ്പിക്കാൻ ഞാനാവുംവിധം പ്രവർത്തിക്കാൻ തയ്യാറായിരുന്നു.

ശി.ബാ: ഉവ്വ്. ജനങ്ങാം ഒന്നിച്ചു വരുന്നത് നല്ലതാണ്. അവർക്കെൻെറ സിദ്ധാന്തം ഒരു ജടിലതയുമില്ലാത്തതിനാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. നിങ്ങാം കർത്തവ്യങ്ങാം വിവരിക്കണം. സാത്വികസിദ്ധാന്തങ്ങാംക്ക് ഭഗവദ്ഗീതയിലെ പതിനാറാമദ്ധ്യായം വായിക്കാം. അപ്പോം അവർക്കൊന്നിക്കാം. ഓരോരുത്തർക്കും അവരുടെ സംശയങ്ങളുണ്ടാകും. പലർക്കും ഉത്തരം കിട്ടും. പലരും അറിയാൻ വരും. അത്തരം ജനങ്ങളുടെ സംഘം നന്നായിരിക്കും. ഒരരമണിക്കൂറോ ഒരു മണിക്കൂറോ ഇവരോടു നമ്മുടെ ജീവിതത്തെ പറ്റി സംസാരിക്കുന്നത് സഹായകരമാകും.

ബെന്നറ്റ്: നിങ്ങളുടെ സിദ്ധാന്തങ്ങളെപറ്റി അവരോടു പറയാൻ വളരെ അധികംപേർ ആവശ്യപ്പെട്ടിരുന്നു. ചിലർ ആത്മാർഥമായിട്ടാണ്. പക്ഷേ അതൊരു ജിജ്ഞാസകൊണ്ടു മാത്രമാണെങ്കിൽ അതിനർഥമില്ലെന്നു ഞാൻ വിചാരിക്കുന്നു.

ശി.ബാ: ഇല്ല. അർഥമില്ല. ഒരുവൻ ഈ ജീവിതം ജീവിക്കാൻ തുടങ്ങണം. ഈ ജിജ്ഞാസു-ജീവിക്കാനാഗ്രഹിമില്ലാതെ അറിയാൻ മാത്രം ആഗ്രഹമുള്ളവൻ-വിന് അതു വിവരിക്കേണ്ട ആവശ്യമില്ല. ജീവിക്കാനും വാസ്തവം മനസ്സിലാക്കാനും ആഗ്രഹിക്കുന്നവർക്കു മാത്രമേ അതു ഗുണമാകുകയുള്ളു.

ബെന്നറ്റ്: ഇവിടെ വാസ്തവത്തിൽ ഉദിക്കുന്ന മറ്റൊരു പ്രശ്നത്തിന്-ധ്യാനത്തിൻേറയും അച്ചടക്കത്തിൻേറതുമായ ഈ ജീവിതത്തി

ലേയ്ക്കു കടക്കാനുള്ള വഴിക്കു-മുൻയോഗ്യത ആവശ്യമായതിനാൽ സാമാന്യവിദ്യാഭ്യാസത്തിൻെറ അവസാനത്തിലാണ് നിങ്ങാം ഞങ്ങളോടു പറഞ്ഞ സിദ്ധാന്തം വരുന്നതെന്നു തോന്നുന്നു. അതു ഒരുത്തനു ലഭിക്കേണ്ടതിൻെറ വ്യക്തരൂപം ഉണ്ടെന്നനുമാനിക്കുന്നു.

ശി.ബാ: അതങ്ങനെയാണ്. ഇതിനുള്ള യോഗ്യത ദൈവഭക്തി മാത്രമാണ്. യോഗ്യത അതുമാത്രമാണ്?

ബെന്നറ്റ്: ഭക്തിയുണ്ടെങ്കിൽ അച്ചടക്കം സ്വീകരിക്കാനുള്ള സമ്മതമുണ്ടാകുമെന്നാണോ നിങ്ങളുദ്ദേശിക്കുന്നത്?

ശി.ബാ: അതെ.

ബെന്നറ്റ്: ഒരുവന് ഈശ്വരഭക്തിയുണ്ടെന്നു വിശ്വസിക്കുക. എന്നാൽ മനസ്സിനെ ചഞ്ചലമാക്കുന്ന പല ദുഃസ്വഭാവങ്ങളും ബാധിച്ചിട്ടുണ്ടെങ്കിൽ ആ ആഗ്രഹങ്ങളിൽ നിന്ന് മുക്തനായി ഈ വഴി തുടരാൻ അവനുടനെ കഴിയുമോ? അതോ ആദ്യം അച്ചടക്ക പരിശീലനം വേണോ?

ശി.ബാ: ഒന്നിച്ച്. യോഗ്യത ഉള്ളവർക്ക് എളിയ ജീവിതം നയിക്കാൻ കഴിയും. എന്നാൽ അതുപോലുള്ളവർക്കും പിന്നീടു ക്രമേണ കുറയ്ക്കാവുന്ന ചില ആസ്വാദ്യവസ്തുക്കളും വേണ്ടിവരും. അത്തരം ആസ്വാദനത്തിൻെറ അതിരിക്ത വസ്തുക്കാം യോഗ്യതയില്ലാത്തവർക്ക് പല ദുഃസ്വഭാവങ്ങളും ഉണ്ടാക്കും. അവർക്ക് ആസ്വാദനത്തിൽ മോഹങ്ങളും കൂടിയുണ്ട്. അത്തരക്കാർക്ക് ഈ മൂന്നു കർത്തവ്യങ്ങാംക്കു പുറമെ അവരുടെ തന്നെ ഇഷ്ടകർമങ്ങളും നല്കണം. ക്രമേണ ഈ ഇഷ്ടകർമങ്ങാം നീക്കി ഈ മൂന്നു കർത്ത്യങ്ങാം നിലനിർത്തണം.

ബന്നറ്റ്: ഇഷ്ടകർമങ്ങാം എന്ന് താങ്കാം പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല.

ശി.ബാ: അതെ. ഇപ്പോാം അയാാം ഈ മൂന്നു കർത്തവ്യങ്ങളിൽ തൃപ്തനല്ല. അയാാം അതിരിക്ത ആസ്വാദനം ആഗ്രഹിക്കുന്നു. അതിനുള്ള ശക്തമായ മോഹം നിലനില്ക്കുന്നതുവരെ ആ പ്രത്യേക ആസ്വാദനത്തിന്, അവനു ചില ഇഷ്ടകർമങ്ങാം സ്വീകരിക്കാം.

ശിവപുരിബാബ എൻെറ ടേപ്പ്റെക്കോർഡർ ചൂണ്ടിക്കാട്ടി പറഞ്ഞു: “ഇത് ഇഷ്ടകർമമാണ്.”

മൂന്നു നിർബന്ധകർത്തവ്യങ്ങളും നാലുധർമങ്ങളും കൂടാതെ ഹാനികരമല്ലാത്തതും അതിനാൽ വികർമമായി കണക്കാക്കാനാവാത്തതുമായ പ്രവർത്തനങ്ങളുണ്ടെന്നും അദ്ദേഹം വിവരിച്ചിരിരുന്നു. ആഗ്രഹമുള്ള അത്തരം പ്രവർത്തനങ്ങാം സ്വീകരിക്കാം.

അയാൾ അങ്ങനെ ചെയ്യുമ്പോൾ നിർബന്ധകർത്തവ്യങ്ങളെപ്പോലെ
തന്നെ ശ്രദ്ധയോടെ ചെയ്യണം. തെറ്റോ കുറവോ കൂടാതെ ചെയ്യേണ്ട
അവന്റെ ബാഹ്യജീവിതത്തിന്റെ ഒരുവശമായി അതു മാറുന്നു.

എങ്കിലും ഇഷ്ടകർമങ്ങൾ നമ്മുടെ മനസ്സിന്റെ ദൗർബല്യത്തി
ന്റെ ഒരുവശമായി കണക്കാക്കണം. അവ നമുക്ക് ജീവിക്കാനാവശ്യ
മില്ലാത്തതിനാൽ നാം ദൈവത്തോട് കൂടുതലടുക്കുകയും ജീവിതത്തിൽ
നിന്നകലുകയും ചെയ്യുമ്പോൾ നാം ഈ ഇഷ്ടകർമങ്ങൾ ചുരുക്കു
കയും അവസാനം പൂർണമായും ഉപേക്ഷിക്കുകയും വേണം.

ബന്നറ്റ്: ഒരാൾക്ക് സംഗീതത്തിൽ അതിമോഹമുള്ളതിനാൽ അതിൽനിന്ന് മുക്തനാകാൻ കഴിയുന്നില്ലെങ്കിൽ കൈവിടാൻ തയ്യാറാകുന്നതുവരെ പാട്ടു പഠിക്കാൻ പ്രത്യേകാനുമതി നല്കാം.

ശി.ബാ: അതെ. കുറച്ചു ദിവസത്തെ പരിശീലനത്തിന്. ഈശ്വരഭക്തി വർദ്ധിക്കുമ്പോൾ അതു തനിയെ പൊയ്ക്കോളും.

മനസ്ഥറെഴുതിയെടുത്ത പിന്നീടുള്ള എഴുത്തുകളിൽ ഈ ഇഷ്ടകർമസിദ്ധാന്തം അദ്ദേഹം കൂടുതൽ വിവരിച്ചിട്ടുണ്ട്. ഈ തത്വം ജീവിതത്തിലെ മറ്റെല്ലാ ഇച്ഛകളേയും ഈശ്വരഭക്തി നിയന്ത്രിക്കാൻ തുടങ്ങുമ്പോൾ ജീവിതത്തിൽ നിലനില്ക്കുന്ന വ്യവഹാരസ്ഥിതിയിൽ നിന്ന് പടിപടിയായി മാറ്റം അനുവദിക്കുന്നതാണ്.

ശിവപുരിബാബയുടെ സിദ്ധാന്തങ്ങൾ മിക്കവർക്കും അനുസരിക്കാനാകാത്ത മാനസികവിപ്ലവംപോലെ തോന്നുമെങ്കിലും പ്രാധാന്യമുള്ളതാണ്. നാം എല്ലാ പ്രവർത്തനങ്ങളും അവ ആദായകരവും രസകരവും മനുഷ്യരാശിയുടെ നന്മക്കും ഉതകുമെന്നോർത്തു സ്വീകരിക്കുന്നു. നമ്മൾ ഈ ജോലിയിൽ അതു യഥാർത്ഥത്തിൽ മുഖ്യമാണെന്നും ദൈവദർശനസുഖമാണെന്നും വിശ്വസിച്ചു വ്യാപൃതരാകുന്നു. നമുക്കിത് തെറ്റോ ശരിയോ എന്നറിയാൻ നമ്മുടെ മതം പ്രഖ്യാപിക്കുന്നതുവരെ ഒരാധാരവുമില്ല. എന്നാൽ മതശാസനങ്ങൾ മൂന്നു സിദ്ധാന്തങ്ങളിലുൾക്കൊണ്ടതിനെ സൂക്ഷ്മനിരീക്ഷണത്തിൽ ശരിവയ്ക്കുന്നു. നമ്മുടെ കർമങ്ങൾ ചെയ്യാനും അതിനെല്ലാമുപരി പൂജയ്ക്കും ഭക്തിക്കും നാം ശാസിക്കപ്പെടുന്നു. എല്ലാ മതങ്ങളും ഈ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നു. അവർക്കു ശാസിക്കാൻ അഥവാ മനുഷ്യവംശത്തിന്നു നല്കാൻ മറ്റൊന്നുമില്ല.

നാം നമ്മളോടു തന്നെ നമ്മുടെ മിക്ക ഉദ്ദിഷ്ടപ്രവർത്തനങ്ങളും ഏതു വർഗത്തിൽ വരുമെന്ന് ചോദിച്ചാൽ നമുക്ക് നിർബന്ധ കർത്തവ്യങ്ങളുടെ വർഗത്തിൽ കൂടുതലൊന്നുമില്ലെന്നു സമ്മതിക്കേണ്ടിവരും. നമുക്കവയെ ഇഷ്ടകർമങ്ങളെന്നു വിളിക്കാമെങ്കിൽ അവ ഇപ്പോൾ തന്നെ പലതുമാകാം. പലപ്പോഴും നമ്മൾ ചുമതലയെന്നു വിളിക്കുന്ന പ്രവർത്തനങ്ങളിലേയ്ക്കു നീങ്ങിപ്പോകുന്നതിനു കാരണം നാം അതി

ലെന്തിനു ബദ്ധരായി എന്നു നമ്മൾക്കറിയില്ലെന്നു സമ്മതിക്കാൻ കഴി
യാത്തത്ര ഭീരുക്കളോ അഹങ്കാരികളോ ആയതിനാലാണ്. എപ്പോ
ഴെങ്കിലും നാം ചില പുതിയ പ്രവർത്തനങ്ങൾ തുടങ്ങാൻ ചിന്തി
ക്കുന്നുവെങ്കിൽ അത് മൂന്നു സിദ്ധാന്തങ്ങളിലൊന്നിലെ നിർബന്ധിത
കർമമോ നമ്മളാഗ്രഹിച്ച കാരണം എടുത്ത ഇഷ്ടകർമമോ കർമ
ത്തിൻെറ വർഗത്തിൽപെടുന്നതോ വികർമത്തിൽ വരുമോ എന്നെല്ലാം
നാം നമ്മോടുതന്നെ ചോദിക്കുന്നതു പ്രശംസാവഹമാകും. നാം ചിലതു
ചെയ്യുന്നതു ഇഷ്ടപ്പെട്ടു തിരഞ്ഞെടുത്തതിനാലാണെന്നു പറയാൻ
കഴിയുമ്പോൾ നമുക്കതിൽ ആത്മാർഥതയുണ്ടെന്നും അത് മനുഷ്യ
സമുദായത്തിനുവേണ്ടിയോ ദൈവഭക്തികൊണ്ടോ ആണെന്ന് നടി
ക്കുകയല്ലെന്നുമാകുന്നു. ഇത് ഇഷ്ടകർമങ്ങളെ അതിൻെറ നിലയ്ക്കു
നിർത്താനും അതിനുമുപരിയായി നമ്മുടെ പ്രവർത്തനങ്ങൾക്ക് അടി
മയാകാതിരിക്കാനും സഹായിക്കും. ഈ സിദ്ധാന്തങ്ങളിലേയ്ക്കു
നമ്മളെ അർപ്പിക്കാൻ കഴിഞ്ഞാൽ നാം ഫലേച്ഛ കൂടാത്ത കർമപാ
ലനമായ കർമയോഗത്തിൻെറ വക്കത്തെത്തും. (ഗീത 6.1)

ഭഗവദ് ഗീതയിലേയ്ക്കുള്ള എത്തിനോട്ടം മൂന്നാമദ്ധ്യായത്തിലെ കർമയോഗത്തിൻെറ വിവരണം ശ്രീകൃഷ്ണൻ അർജ്ജുനനു നല്കിയതും ശിവപുരിബാബയുടെ ഉപദേശവുംകൂടി താരതമ്യപ്പെടുത്താൻ എന്നെ ഓർമ്മിപ്പിക്കുന്നു. പ്രവർത്തിക്കാതെ ജീവിക്കാനാവില്ല (3.6) എന്ന വ്യക്തമായ സന്ദേശം ശ്രീകൃഷ്ണൻ നല്കുന്നു. നിഷ്കാമകർമം പൂർണതയിലേയ്ക്ക് നയിക്കുന്നില്ല (3.4). കാരണം സൃഷ്ടിചക്രത്തെ നിലനിർത്താൻ സഹായിക്കണം (3.16). അങ്ങനെ പ്രവർത്തനം നിർബന്ധവും ഒഴിവാക്കാൻ കഴിയാത്തതുമാണ്.

ഫലേച്ഛവിരക്തിയും കർമവിരക്തിയും തമ്മിലുള്ള വ്യത്യാസം പലപ്പോഴും തെറ്റുകൾ സൃഷ്ടിക്കുന്നു. ജീവിതത്തെതന്നെ ഭാരമായി ത്യജിക്കുന്ന നിഷ്കർമതയിലേയ്ക്കു നയിക്കുന്ന ഈ പാളിച്ചയുടെ ആപത്ത് ശിവപുരിബാബ കണ്ടിട്ടുണ്ട്. ഭഗവദ് ഗീതയിൽ ഈ വീക്ഷണത്തിനൊരു ന്യായവും കാണുന്നില്ല. പരിശുദ്ധ ജീവിതത്തിൻെറ എല്ലാ വശങ്ങളും ആവശ്യങ്ങളും സാധുകരിക്കപ്പെട്ടതാണെന്ന് ഊന്നിപറയാൻ ശിവ്പുരിബാബ ശ്രദ്ധിച്ചിരുന്നു. വെറും ശരീരസുഖാസ്വാദനം നഷ്ടപ്പെടുന്നതു ദൈവികബോധമാണ്. അഥവാ ആത്മീയ-സാത്വിക നിയന്ത്രണമില്ലാതെ നിലനിർത്താനാകാത്ത ദൈവബോധമാണ്. ഭഗവദ് ഗീതയിലെ പത്താമദ്ധ്യായത്തിൽ എല്ലാറ്റിലും നാം ദൈവത്തെ കാണേണ്ടതെങ്ങനെയെന്നു പറയുന്നു: "മുഖ്യശക്തികളിൽ ഞാൻ ജീവനാണ്. ഭൗതികലോകത്തിൽ ഞാൻ നിധിയാണ്. അഗ്നിയിലും ആകാശത്തും സ്വർഗത്തിലും സൂര്യനിലും ചന്ദ്രനിലും ഞാൻ തേജോസ്രോതമാണ്. പർവതങ്ങളിൽ മേരുവാണ്. ഭൂമിയുടെ ആധാരമാണ്."

ഇത് മറഞ്ഞു പോകുന്ന ഒരു താല്ക്കാലിക അവസ്ഥയായി ഗണിക്കാതെ ഗൗരവപൂർവം എടുക്കേണ്ടതാണ്. ഈ ബോധത്തിനു ള്ളിൽ നിശ്ചിത കർത്തവ്യപരിധിക്കപ്പുറംപോകുന്ന മനുഷ്യൻെറ എല്ലാ പ്രവർത്തനങ്ങളും ഉാക്കൊള്ളുന്നു. ജീവിതം അതിൻെറ എല്ലാ തുറകളി ലും പൂർണ്ണമായി നയിക്കാൻ കഴിയും. കഴിയണം. എന്നാൽ ഈ സമ്പൂർണ്ണ ജീവിതത്തിൽ ദൈവമാകുന്ന ലക്ഷ്യത്തിൽ നിന്നും നമ്മു ടെ ദൃഷ്ടി ഒരിക്കലും പോകരുത്. അതിനു ഓരോ പ്രവർത്തിയിലും ദൈവത്തെ കാണാൻ നാം പഠിക്കണം. ആത്മജ്ഞാനം നല്കുന്ന കർത്തവ്യങ്ങളുടെ സിദ്ധാന്തത്തിൽ ദൈവമുണ്ട്. ലോകബോധത്തി ലേയ്ക്കു നയിക്കുന്ന സാത്വികസിദ്ധാന്തങ്ങളിൽ ഈശ്വരനുണ്ട്. ദൈവത്തിലേയ്ക്ക് നേരെ നയിക്കുന്ന ആദ്ധ്യാത്മിക സിദ്ധാന്തങ്ങളിലും ഈശ്വരനുണ്ട്. ഇതിനെല്ലാമുപരിയായി മുക്തിയും മോക്ഷവും. ഇതി നർഥം മുക്തിയുടെ നിശ്ചിത നിമിഷം വരുന്നതുവരെ ജീവിതം വേണ്ട എന്നല്ല. ജീവിതത്തിലെ എല്ലാ കർത്തവ്യങ്ങളും പ്രവർത്തി കളും അവ നമ്മുടെ അന്തിമലക്ഷ്യമാണെന്നൊരിക്കലും കരുതാതെ ചെയ്യണം. നാം കർത്തവ്യങ്ങളോട് നമ്മളെ കൂട്ടിയിണക്കുകയാണെങ്കിൽ നമ്മുടെ സൃഷ്ടിയുടെ ഉദ്ദേശം നമുക്കു നഷ്ടപ്പെടുന്നു. നമുക്കു ദൈവജ്ഞാനത്തിലോ - അഥവാ നമ്മളറിയുന്ന സത്യലക്ഷ്യത്തിലോ എത്തുക എന്ന ഉദ്ദേശം നഷ്ടപ്പെടുന്നു. നമ്മാം കർമങ്ങളനുഷ്ഠിക്കു മ്പോാം പിന്നെയും കർമങ്ങാം പൂർവാധികം അർപണബോധത്തോടെ നിർവഹിക്കണം. എന്നാൽ അത് ലോകവ്യവസ്ഥയുടെ രക്ഷയ്ക്ക് അത്യാവശ്യമാണെന്ന കാരണത്താലും ബോധത്തോടുകൂടിയും ചെയ്യണം. നമ്മാം ഉദ്ദിഷ്ട സത്യത്തെ പ്രാപിച്ചതായി തോന്നത്തക്ക വിധം അല്പരല്ലെങ്കിൽ, നമ്മുടെ കർമങ്ങാം ലോകനന്മയ്ക്കുള്ള ഇഷ്ടകർമങ്ങളായി മാത്രം വിവരിച്ചു തൃപ്തിപ്പെടണം. അവ അജ്ഞാ നത്തിൽ നിന്ന് ബുദ്ധിയിലേയ്ക്കു കടക്കാൻ കഴിയുന്ന പാലങ്ങാം മാത്രമായി കരുതാം. സമ്പൂർണ്ണ ജീവിതത്തിൻെറ മൂന്നുമടങ്ങായ സിദ്ധാന്തങ്ങളനുസരിച്ചു ബുദ്ധിപൂർവം ജീവിക്കുക എന്നാണി തിന്നർഥം. അല്ലാതെ ജീവിതം ത്യജിക്കുക എന്നല്ല. "ഈ പരിപൂർണ്ണ ജീവിതം എല്ലാ മതങ്ങാക്കു മുമ്പുമുണ്ടായിരുന്നു എല്ലാ മതങ്ങളിലു മുണ്ട് ലോകത്തിൽ നമ്മുടെ സൃഷ്ടിക്കുള്ള ഏറ്റവും തൃപ്തികരമായ യുക്തിയുടെ അടിസ്ഥാനത്തിലുമാണ്" എന്നാണ് ശിവപുരിബാബ പറയുന്നത്.

എങ്കിലും നാം വളരെ എളുപ്പത്തിൽ അതിൻെറ മൂല്യനിർണയം തുടങ്ങുന്നതിനു മുമ്പുതന്നെ പൂർണതയിലേയ്ക്കുള്ള വഴി തിര ഞ്ഞെടുത്തു എന്നു ചിന്തിക്കാൻ തുടങ്ങുന്നു. അദ്ദേഹത്തിൻെറ ഭൗതിക ശരീരത്തോടന്തിമ യാത്ര പറയുന്നതിനുമുമ്പ് ഞങ്ങാം റെക്കോഡു ചെയ്ത അവസാന സംഭാഷണത്തോടെ ഞാനീപുസ്തകം സമാഹരിക്കാം.

തങ്ങളുടെ ഏകോദ്ദേശം ആത്മീയജീവിതം മാത്രമാണെന്നു തീരുമാനിച്ച ജനങ്ങളിൽ കാണപ്പെടുന്ന അപരിചിത സ്വഭാവം ഗണിക്കാൻ എന്റെ കൂടെയുണ്ടായിരുന്ന വനിതകളുടെ പരിഭ്രാന്തിയിൽ നിന്നാണ് ഈ സംഭാഷണമുണ്ടായത്.

എം.എച്: നാം ഉദ്ദേശിക്കുന്നതിലും എത്രയോ ദൂരെയാണ് ദൈവമെന്ന ബോധമില്ലാതെ യഥാർഥത്തിൽ പലരും ദൈവത്തെ ആഗ്രഹിക്കുന്നുവെന്നു പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. നാം സംസാരിക്കുന്നതു ഇതുതന്നെയല്ലേ? ഇതൊരുതരം 'ആത്മീയ അവിവേക'മല്ലേ?

ശി.ബാ: അവർക്കീ ദുർഘടത്തിന്റെ വിസ്തീർണമറിയുകയില്ല.

ബന്നറ്റ്: അതുതന്നെ.

എം.എച്: ഇതു വളരെ ആപത്താണ്. കാരണം ജനങ്ങൾ പറയും- 'ഞാനാഗ്രഹിക്കുന്നതെല്ലാം ദൈവമാണ്. എന്നാൽ അവർ ഒരുതരം സ്വപ്നത്തിലാണെന്നു ബോദ്ധ്യപ്പെടുന്നു.

ശി.ബാ: ഈ സിദ്ധാന്തങ്ങൾ അനുസരിക്കാൻ അവരോട് പറയുമ്പോൾ-

എം.എച്: അവർ അതു ചെയ്യില്ല.

ശി.ബാ: സിദ്ധാന്തങ്ങളിൽ വിശ്വസിക്കാതിരുന്നാൽ അവർ നിഷേധിക്കപ്പെടും. അവർ അതിനർഹരല്ല. ഒരാൾക്ക് യഥാർഥത്തിൽ ദൈവം വേണമെങ്കിൽ അവൻ ആത്മാർഥമായി സിദ്ധാന്തങ്ങൾ സ്വീകരിക്കണം. അവൻ സിദ്ധാന്തങ്ങൾ കൈക്കൊള്ളില്ലെങ്കിൽ അവന്റെ ഭക്തി സംശയാസ്പദമാണ്.

ബന്നറ്റ്: വിവിധ ആത്മീയപ്രവർത്തനങ്ങളാൽ ജനങ്ങൾക്ക് അനുഭൂതികൾ ലഭിക്കുന്നു. നീചശക്തികളുടെ സമ്മർദ്ദത്തിൽ നിന്നു രക്ഷപ്പെട്ടതായി അവർക്കു തോന്നുന്നു. ഉദാഹരണത്തിന്, അവർക്കു കോപം കുറഞ്ഞതായി തോന്നുന്നു; ധനത്തിന്റെയും സുഖത്തിന്റെയും ആകർഷണം കറഞ്ഞതായും തോന്നുന്നു അതിനാലവർദൈവത്തിന്റെ സമീപത്തെത്തി എന്നുപറയുന്നു. എന്നാൽ ഒരുപക്ഷേ ഇതവരുടെ സ്വഭാവത്തിൽ സംഭവിക്കുന്ന ചിലതു മാത്രമാണ്.

ശി.ബാ: എന്നാൽ ഇത്തരം മൂല്യങ്ങൾ അവർ നേടുന്നുവെങ്കിൽ ഒരുതരത്തിൽ അവർ ദൈവത്തോടു കൂടുതൽ അടുത്തിട്ടുണ്ട്.

ബന്നറ്റ്: യഥാർഥത്തിലുള്ളതിനേക്കാൾ അടുത്താണ് എന്ന വിചാരത്തിന്റെ തെറ്റ് പറ്റിയാൽ അതെല്ലായ്പ്പോഴും നമുക്കാപത്തുതന്നെയാണ്.

ശി.ബാ: അതങ്ങനെതന്നെ. അതങ്ങനെതന്നെ.

ബെന്നറ്റ്: കാരണം യഥാർഥത്തിൽ ദൈവത്തിനടുത്തെത്തിയ മനുഷ്യൻ കൂടുതലാശയ്ക്കു വഴിയില്ലാത്ത ഒരു ബിന്ദുവിലാണ് എത്തി

യിരിക്കുന്നതെന്നു വിശ്വസിക്കാനിടയുണ്ട്. അവൻ ഒരിക്കലും താൻ ദൈവത്തെ ദർശിക്കയില്ലെന്നും മരിച്ചാൽ ദൈവത്തെ നോക്കി നോക്കി പോകാമെന്നും വിചാരിക്കാനിടയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ കഥയിലെന്നപോലെ അപ്പോഠ അത് സാദ്ധ്യമാണ്. ആ കുട്ടി (ധ്രുവൻ) മൂന്നു ജീവിതത്തിൽ അതു സാദ്ധ്യമാകുമെന്നു വിശ്വസിച്ചാൽ ഒരുപക്ഷേ, അവൻ സിംഹത്തെ പേടിച്ചേക്കും. എന്നാൽ അവന് ആയിരകണക്കിനു ജന്മങ്ങഠ ജീവിക്കേണ്ടതിനാൽ അവൻ സിംഹത്തെ ഭയന്നില്ല.

ശി.ബാ: ദൈവദർശനം വേണമെന്ന് യുധിഷ്ഠിരൻ ശ്രീകൃഷ്ണനോടു പറഞ്ഞു. അപ്പോഠ ശ്രീകൃഷ്ണൻ പറയുകയായിരുന്നു: "എന്നെ ആഗ്രഹിക്കുന്നവർക്ക് ലോകത്തിൽ ഞാനെല്ലാതരം ദുർഘടങ്ങളും നല്കും. അവനീദുർഘടങ്ങഠ സാരമാക്കിയില്ലെങ്കിൽ എല്ലാ ആനന്ദവും അവനു കൊടുക്കും. അവനീസന്തോഷങ്ങഠ തിരസ്കരിച്ചാൽ മാത്രമേ അവനെന്നെ പ്രാപിക്കാൻ കഴിയു." യുധിഷ്ഠിരൻ എന്തെല്ലാം ദുർഘടങ്ങഠ സഹിച്ചു? അദ്ദേഹം രാജ്യത്തിൽനിന്ന് നിഷ്കാസിതനായി. അദ്ദേഹത്തിനു പതിയെപോലും നഷ്ടപ്പെട്ടു. വളരെ വളരെ വിഷമങ്ങഠ വന്നു. എന്നാൽ അദ്ദേഹം അതൊന്നും ശ്രദ്ധിച്ചില്ല. അപ്പോഠ അദ്ദേഹത്തെ വിശ്വചക്രവർത്തിയാക്കി. എല്ലാ ആനന്ദവും അദ്ദേഹത്തിനു നല്കി. എന്നാൽ അദ്ദേഹം ആ സുഖഭോഗത്തിൽപെട്ടില്ല. അപ്പോഴാണ് ദൈവത്തിലെത്തിയത്.

എം.എച്: ബൈബിളിൽ നമ്മുടെ പിതാവും എല്ലാതരം ബുദ്ധിമുട്ടുകളിലും വിനാശാവസ്ഥയിലുംകൂടി പോയിട്ടുണ്ട്. എന്നാലും അദ്ദേഹം തനിക്കെപ്പോഴും ദൈവഭക്തിയുണ്ടെന്നു പറഞ്ഞു.

ശി.ബാ: അതെ. അതാണ് ദൈവജ്ഞാനമുണ്ടാകുന്നതുവരെ എല്ലാ നമുക്കു വിപരീതമായി ഭവിക്കുന്നു.

ബെന്നറ്റ്: വളരെ കൊല്ലങ്ങളായി അഗാധ ധ്യാനമാർഗം ഗൗരവമായി ശീലിക്കുന്ന ചിലർ അന്ധകാരത്തിൽ മുങ്ങിയ ഒരു ബിന്ദുവിലേയ്ക്കു എത്തിയതായി പറയുന്നു. ആത്മബോധം വ്യക്തമാണെങ്കിലും രൂപങ്ങളൊന്നുമില്ല. ഈ അവസ്ഥയിൽ സ്വർഗസുഖവും ശാന്തിയും മാത്രമല്ല ദൈവം എവിടേയോ ഉണ്ടെന്ന വിശ്വാസംകൂടി അനുഭവപ്പെടുന്നു. ഇതു ശരിയായ മാർഗമാണോ എന്നവരറിയാനാഗ്രഹിക്കുന്നു.

ശി.ബാ: അന്ത്യം ദൈവാനുഭൂതിയാണ്. അത്തരം വസ്തുക്കഠ കാണുന്നതിനാൽ അതു നേർവഴിയാകാം. അതു വ്യാമോഹമാകാം. അഥവാ അവരുടെ ഗുരുവചനങ്ങളുടെ ചില സത്യങ്ങളാകാം. എന്നാൽ അതു പരമമല്ല.

ബെന്നറ്റ്: സ്വർഗസുഖത്തിൻെറയും ശാന്തിയുടെയും വിശ്വാസത്തിൻേറയും ഈ അനുഭവം പരമമല്ലേ?

ശി.ബാ: അല്ല.

ബെന്നറ്റ്: ഇനി എന്തെങ്കിലും പറയാനുണ്ടോ?

ശി.ബാ: എൻെറ ഉപദേശത്തിൻെറ സാരാംശവും ആകത്തുകയും ഇതാണ്: കഴിയുന്നത്ര ചുരുങ്ങിയ ജീവിതം നയിക്കുക. ദേഹത്തിനേയും മനസ്സിനേയും പൂർണനിയന്ത്രണത്തിൽ വയ്ക്കുക. അതി വിശപ്പുള്ള ഒരാൾ ഭക്ഷണം ആഗ്രഹിക്കുന്നതുപോലെ, അതിശീതത്തിൽ പിടയുന്ന ഒരാൾ ചൂടാഗ്രഹിക്കുന്നപോലെ, ദൈവത്തെ ആഗ്രഹിക്കുക. തുടർച്ചയായി അദ്ദേഹത്തെ ധ്യാനിക്കുക. ഇതാണ് എൻെറ ഉപദേശസാരവും സർവസ്വവും. അത് നിങ്ങൾക്കാണ്, അതു അവർക്കാണ്. അത് പൂർണലോകത്തിനാണ്. ഞാൻ സത്യം കണ്ടെത്തിയതതിനാലാണ്. എനിക്കു സുഖമാണ്.